# വൈദേശിക സാഹിത്യസിദ്ധാന്തങ്ങൾ

## Course Code: M21ML10DC

Discipline Core Course
Postgraduate Programme in
Malayalam Language and Literature



SELF LEARNING MATERIAL

SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# വൈദേശിക സാഹിത്യസിദ്ധാന്തങ്ങൾ

Course Code: M21ML10DC

Semester - III

## Discipline Core Course
## Postgraduate Programme
## Malayalam Language and Literature
## Self Learning Material
**(With Model Question Paper Sets)**

SREENARAYANAGURU
OPEN UNIVERSITY


**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

**വൈദേശിക സാഹിത്യസിദ്ധാന്തങ്ങൾ**
**Course Code: M21ML10DC**
**Discipline Core Course**
**MA Malayalam**
**Semester - III**

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-967271-6-1

# DOCUMENTATION

## Academic Committee

Prof. Dr. V. A Valsalan
Prof. Dr. R. B. Sreekala
Dr. T. Anithakumary
Dr. Santhosh Manichery
Dr. Rajani N.
Dr. Santhoshkumar T. K.
Dr. Ajith G. Krishna
Prof. Thomas Thamarassery

## Development of the Content

Dr. Selvamony K. B.

## Review

Content : Dr. Jaya R. S.
Format : Dr. I. G. Shibi
Linguistics : Dr. Jaya R. S.

## Edit

Dr. C. Ajayan

## Scrutiny

Deepam S., Dr. Thara S. S., Dr. Deepthi V. S., Dr. Lathika A. C., Aswani A. P.

## Co-ordination

Dr. I. G. Shibi and Team SLM

## Design Control

Azeem Babu T. A.

## Cover Design

Jobin J.

## Production

April 2024

## Copyright

© Sreenarayanaguru Open University 2024

YouTube

# MESSAGE FROM VICE CHANCELLOR

Dear,

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum 'access and quality define equity'. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India.

Sreenarayanaguru Open University rests on the practical framework of the popularly known "blended format". Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual Modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner's progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that seems relevant regarding the academic programme.

Wish you the best.

Regards,
Dr. P. M. Mubarak Pasha 01.03.2024

# CONTENTS


| | | |
|---|---|---|
| **Block 01** | **ഗ്രീക്കോ-റോമൻ കലാചിന്തകളും മറ്റു പ്രധാന ധാരകളും** | **01** |
| Unit 1 | യവന സാഹിത്യം പ്ലേറ്റോയുടെ അനുകരണവാദം | 02 |
| Unit 2 | അരിസ്റ്റോട്ടിലിന്റെ കാവ്യചിന്തകൾ | 14 |
| Unit 3 | ഹോറസിന്റെയും ലോംഗിനസിന്റെയും കാവ്യനിരീക്ഷണങ്ങൾ | 25 |
| Unit 4 | മധ്യകാല സൗന്ദര്യശാസ്ത്രത്തിലെ വിഭിന്നധാരകൾ | 35 |
| **Block 02** | **നവോത്ഥാനവും നിയോക്ലാസ്സിസിസവും** | **51** |
| Unit 1 | നവോത്ഥാന സാഹിത്യം | 52 |
| Unit 2 | ഇംഗ്ലീഷ് സാഹിത്യനിരൂപണം | 66 |
| Unit 3 | നിയോക്ലാസ്സിക്ക് വിമർശനം | 74 |
| Unit 4 | ഫ്രഞ്ച് വിപ്ലവവും പൊതുമണ്ഡല രൂപീകരണവും | 87 |
| **Block 03** | **കാല്പനിക വിമർശനം, വിക്ടോറിയൻ ഘട്ടം, പരിവർത്തനകാലം** | **99** |
| Unit 1 | കാല്പനിക വിമർശനം | 100 |
| Unit 2 | കാല്പനികതയുടെ അപചയം | 121 |
| Unit 3 | മാർക്സിയൻ വിമർശനപദ്ധതി | 139 |
| Unit 4 | ആധുനിക വിമർശനപദ്ധതികൾ | 158 |
| **Block 04** | **പഠനാപഗ്രഥന സമീപനങ്ങൾ** | **171** |
| Unit 1 | നവവിമർശനം | 172 |
| Unit 2 | ടി.എസ്. എലിയറ്റ്, ഫ്രോയിഡ്, സി.ജി. യുങ് എന്നിവരുടെ സാഹിത്യ സംഭാവനകൾ | 191 |
| Unit 3 | സർറിയലിസം, മോഡേണിസം, റഷ്യൻ ഫോർമലിസം | 208 |
| Unit 4 | മാനകഭാഷയും കാവ്യഭാഷയും ഘടനാവാദവും | 230 |
| | **Model Question Paper Sets** | **244** |

# ഗ്രീക്കോ-റോമൻ കലാചിന്തകളും മറ്റു പ്രധാന ധാരകളും

# BLOCK-01

Unit 1 - യവനസാഹിത്യം പ്ലേറ്റോയുടെ അനുകരണവാദം

Unit 2 - അരിസ്റ്റോട്ടിലിന്റെ കാവ്യ ചിന്തകൾ

Unit 3 - ഹോറസിന്റേയും ലോംഗിനസിന്റെയും കാവ്യ നിരീക്ഷണങ്ങൾ

Unit 4 - മദ്ധ്യകാല സൗന്ദര്യശാസ്ത്രത്തിലെ വിഭിന്ന ധാരകൾ



SGOU

# Unit 1

## യവന സാഹിത്യം

## പ്ലേറ്റോയുടെ അനുകരണവാദം

## Learning Outcomes

- യവന സാഹിത്യത്തെക്കുറിച്ച് അറിവ് നേടുന്നു
- ഗ്രീക്ക് നാടകത്തെക്കുറിച്ചും തത്വചിന്തയെക്കുറിച്ചും ധാരണ ലഭിക്കുന്നു
- പ്ലേറ്റോയുടെ സാഹിത്യചിന്തകളും കലാനിഷേധവും മനസിലാക്കുന്നു
- അനുകരണവാദത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച ലഭിക്കുന്നു

## Background

പാശ്ചാത്യസൗന്ദര്യദർശനത്തിലെ വിവിധ പരികല്പനകളുടെ ആദ്യാങ്കുരങ്ങൾ പ്രാചീന യവനദർശനങ്ങളിൽ പ്രകടമാണ്. അതുകൊണ്ടുതന്നെ പാശ്ചാത്യ ബൗദ്ധിക പാരമ്പര്യത്തിന്റെ അടിസ്ഥാന ശിലയായി ഗ്രീക്ക് സാഹിത്യം നിലകൊള്ളുന്നു എന്ന് പറയാം. ഐതിഹ്യവും തത്വചിന്തയും ഇഴചേർന്നു കിടക്കുന്ന ഗ്രീക്ക് സാഹിത്യം ജ്ഞാനാന്വേഷണത്തിന് കലാപരവും ദാർശനികവുമായ വഴിയൊരുക്കി. കലയെയും സാഹിത്യത്തെയും സാമൂഹ്യഘടന രൂപപ്പെടുത്തുന്ന ചാലക ശക്തിയായി കണ്ട ഗ്രീക്ക് സംസ്കാരത്തെ മനസ്സിലാക്കിയാൽ മാത്രമേ പ്രാചീന യവനസാഹിത്യപാരമ്പര്യത്തിന്റെ മഹത്വവും രാഷ്ട്രീയവും പൂർണമായും തിരിച്ചറിയാൻ സാധിക്കുകയുള്ളൂ.

ഗ്രീക്ക് സാഹിത്യത്തിന്റെ വേരുകൾ വായ്മൊഴി പാരമ്പര്യത്തിന്റെ അടിത്തറയിലാണ് നിലകൊള്ളുന്നത്. ഇലിയഡ്, ഒഡീസി തുടങ്ങിയ ഇതിഹാസ കവിതകൾ അക്കാലത്ത് ഗായകർ പാടിനടന്നിരുന്നു. വീരോചിതമായ ചരിത്രങ്ങളുടെയും ദൈവിക ഇടപെടലുകളുടെയും കഥകൾക്കൊണ്ട് പ്രേക്ഷകരെ അവ ആകർഷിക്കുകയും ചെയ്തു. ജീവിതവും ദർശനവും ഇഴചേർന്നുകിടക്കുന്ന വായ്മൊഴി ഗാനങ്ങളിൽ നിന്ന് ഗ്രീക്ക്സംസ്കാരത്തിന്റെ ആഴങ്ങൾകണ്ടെത്താനാകും. പാരമ്പര്യം വികസിച്ചപ്പോൾ, കവിതയും നാടകവും വെറും വിനോദങ്ങൾ എന്ന നിലയിൽ നിന്നുയർന്നു.അതോടെ സാഹിത്യം മാനുഷിക വികാരങ്ങളുടെ ആഴങ്ങൾ അറിയുന്നതിനും സാമൂഹിക മാനദണ്ഡങ്ങളെ ചോദ്യം ചെയ്യുന്നതിനും അസ്തിത്വത്തിന്റെ ശാശ്വതമായ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതിനുമുള്ള ശക്തമായ ഉപാധികൾ കൂടിയായി പരിണമിച്ചു. ഇതിഹാസകാരനായ ഹോമർ (Homer) ദുരന്ത നാടക കർത്താക്കളായ എസ്കിലസ് (Aeschylus), സോഫോക്ലിസ്(Sophocles), യൂറിപ്പിഡിസ് (Euripides), തത്വചിന്തകരായ പ്ലേറ്റോ (Plato) അരിസ്റ്റോട്ടിൽ (Aristotle) ചരിത്രകാരന്മാരായ ഹെറോഡോട്ടസ് (Herodotus) തുസ്സിഡിസിസ് (Thucydides) തുടങ്ങിയവർ കാലാതിവർത്തിയായ രചനകളാൽ ഗ്രീക്ക് സാഹിത്യത്തെ സമ്പന്നമാക്കി. പൗരാണിക ഗ്രീക്ക് ചിന്തകരായ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ സാഹിത്യപ്രപഞ്ചം, മനുഷ്യന്റെ ധാരണയുടെ അതിരുകളെ വെല്ലുവിളിച്ച ദാർശനിക അന്വേഷണത്തിന്റെ ഒരു ഉറവിടം കൂടിയായിരുന്നു. ഏഥൻസിലെ അഗോറയിലും അക്കാദമിയുടെ അങ്കണങ്ങളിലും വികാസം പ്രാപിച്ച ദാർശനിക വ്യവഹാരങ്ങൾ, പാശ്ചാത്യ ചിന്തയുടെ പാതയെ

മാത്രമല്ല, മനുഷ്യനാകുക എന്നതിലടങ്ങിയിരിക്കുന്ന അർഥത്തിന്റെ സത്തയെയും രൂപപ്പെടുത്തി. ആ നിലയിൽ പുരാതന ഗ്രീസിലെ സാഹിത്യചിന്തകളുടേയും ദർശനങ്ങളുടേയും പഠനം, ബൗദ്ധികവും ആത്മീയവുമായ ജ്ഞാനോദയത്തിന്റെ ആരംഭം കൂടിയാകുന്നു.

## Keywords

യവനസാഹിത്യം - തത്വചിന്ത സാഹിത്യചിന്ത, പ്ലേറ്റോ അനുകരണവാദം, ആദർശ രാഷ്ട്ര സങ്കല്പം, കലാനിഷേധം, റിപ്പബ്ലിക്ക്

## Discussion

### യവനസാഹിത്യം

▶ കല, സാഹിത്യം, ഭാഷ, തത്വചിന്ത, ശാസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയവയുടെ വളർച്ച

ലോകത്തിലെ ഏറ്റവും മഹത്തരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന യവനസംസ്കാരം കല, സാഹിത്യം, ഭാഷ, തത്വചിന്ത, ശാസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയവയുടെ വളർച്ചയ്ക്ക് നിരവധി സംഭാവനകൾ നൽകുകയുണ്ടായി. ഇന്ന് യൂറോപ്പിൽ പ്രബലമായി നിൽക്കുന്ന വിവിധ ചിത്ര, വാസ്തു കലാസങ്കേതങ്ങളും പ്രാചീന ഗ്രീക്ക് സംസ്കാരത്തിന്റെ ബാക്കിപത്രങ്ങളാണ്. ലോഹപാത്രങ്ങളിലെയും മൺപാത്രങ്ങളിലെയും കൊത്തുപണികളും മാർബിൾ ശില്പനിർമാണവും ചിത്രകലയും അവരുടെ പ്രത്യേകതകളായി വളർന്നു. സ്വർണവും വെള്ളിയും പ്രാചീന ഗ്രീസിലെ വിലപിടിച്ച ലോഹങ്ങളായിരുന്നു. വെങ്കലമാണ് ശില്പനിർമാണത്തിനുപയോഗിച്ചിരുന്നത്. മരണാനന്തരജീവിതത്തിൽ വിശ്വസിച്ചിരുന്ന ഗ്രീക്കുകാർ കല്ലറയിൽ സൂക്ഷിക്കാൻ സ്വർണ്ണത്തിലും വെള്ളിയിലും ഗൃഹോപകരണങ്ങളും ആയുധങ്ങളും പണികഴിപ്പിച്ചിരുന്നു. യവന ചിന്ത പ്രാധാന്യം നൽകിയ പ്രധാന മേഖലകളിലൊന്ന് വിദ്യാഭ്യാസ രംഗമായിരുന്നു. അറിവിന്റെ വെളിച്ചം നന്മയിലേക്ക് നയിക്കുമെന്ന് യവനർ വിശ്വസിച്ചിരുന്നു. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിലുള്ള വ്യത്യാസം തന്നെയാണ്, വിദ്യാഭ്യാസം ഉള്ളവരും അതില്ലാത്തവരും തമ്മിലുള്ളത്.

ഏറ്റവും പ്രാചീനമായ സാഹിത്യമാണ് ഗ്രീക്ക് സാഹിത്യം. തത്വചിന്താപരമായ ദർശനങ്ങളും ഉന്നതമായ ജീവിത വീക്ഷണവും ഗ്രീക്ക് സാഹിത്യചിന്തയുടെ സവിശേഷതയായിരുന്നു. യുക്തിപരമായി വിഷയങ്ങളെ വിശകലനം ചെയ്യുക ഗ്രീക്കുകാരുടെ പ്രത്യേകതയാണ്. വിശാലമായ ജീവിതവീക്ഷണവും പ്രകൃതിയോടുള്ള സവിശേഷമായ പ്രതിബദ്ധതയും ഗ്രീക്കുകാരെ ഇതര സമൂഹങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നുണ്ട്. ബി.സി. ആറാംനൂറ്റാണ്ടു മുതൽ ഏ.ഡി.മൂന്നാം നൂറ്റാണ്ടുവരെയുള്ള കാലയളവിനെ സൗന്ദര്യശാസ്ത്രത്തിന്റെ പ്രാചീനഘട്ടമായി പരിഗണിച്ചുവരുന്നു. ഈ കാലഘട്ടത്തിലെ ആദ്യ ശ്രദ്ധേയ

സംഭാവനകൾ ഗ്രീക്കുകാരുടേതു മാത്രമായിരുന്നു. ആദ്യകാല സാഹിത്യം പ്രധാനമായും പുരാണങ്ങളെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു. ഹോമറിന്റെ കൃതികൾ ഉദാഹരണം. ഇലിയഡും ഒഡിസിയും ഏറ്റവും മികച്ച രചനകളായി ലോകം അംഗീകരിച്ചവയാണ്. എല്ലാ രചനകളും പുരാണങ്ങളിലും ഐതിഹ്യങ്ങളിലുമാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. പിന്നീടാണ് ദുരന്തങ്ങളും ഹാസ്യരചനകളും സാഹിത്യത്തിന്റെ പ്രമേയത്തിലേക്കു വരുന്നത്. കാല്പനിക കാവ്യങ്ങളും മഹാകാവ്യങ്ങളും ദുരന്തനാടകങ്ങളും നാടകീയ അവതരണങ്ങളും സാഹിത്യത്തിൽ ശ്രദ്ധാകേന്ദ്രമായി. കൂടാതെ ധാരാളം ദാർശനിക കൃതികളും ഈ കാലത്താണ് രചിക്കപ്പെട്ടത്. സാഹിത്യവും തത്വചിന്തയും തമ്മിലുള്ള ബന്ധം ഗ്രീക്ക് സാഹിത്യത്തിന്റെ പ്രധാന സംഭാവനയാണ്. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവർ ഈ ബന്ധത്തെ കൂടുതൽ പരിപോഷിപ്പിച്ചു.

- തത്വചിന്താപരമായ ദർശനങ്ങൾ ഗ്രീക്ക് സാഹിത്യത്തിന്റെ പ്രത്യേകതയാണ്

ലിഖിത വിദ്യയുടെ പ്രചാരത്തിനു മുൻപുതന്നെ ഇലിയഡും(Iliad) ഒഡിസിയും(Odyssey) വായ്മൊഴി രൂപത്തിൽ പ്രചരിക്കപ്പെട്ടിരുന്നു. പിന്നീട് പെരിക്ലിയൻ യുഗത്തിൽ ഗീതകങ്ങൾ എന്ന സാഹിത്യശാഖ പുഷ്ടിപ്പെട്ടു. അഞ്ചാം നൂറ്റാണ്ടിൽ തന്നെ ഈസ്കിലസ് (Iskalis) ഗ്രീക്ക് ദുരന്തനാടക ശാഖയ്ക്ക് തുടക്കം കുറിച്ചു. സോഫോക്ലിസ്, യൂറിപ്പിഡസ് എന്നിവർ അക്കാലത്തെ പ്രമുഖ നാടകകൃത്തുക്കളായിരുന്നു. ചരിത്രത്തിന്റെ പിതാവെന്നു പ്രശസ്തനായ ഹെറഡോട്ടസും(Herodotus) തത്വചിന്തകരായിരുന്ന അരിസ്റ്റോട്ടിലും പ്രസംഗകലാ വിദഗ്ദ്ധനായിരുന്ന ഡെമോസ്തനീസും (Demosthenes) സാഹിത്യത്തിന് നിരവധി സംഭാവനകൾ നൽകുകയുണ്ടായി.

- ഇലിയഡും ഒഡിസിയും വായ്മൊഴി രൂപത്തിൽ പ്രചരിച്ചിരുന്നു

## നാടകം

ലോകസാഹിത്യത്തിലെ ഏറ്റവും പഴക്കമുള്ള കലകളിലൊന്നാണ് നാടകം. ആദ്യകാലത്ത് നാടകം ഒരുതരം അനുഷ്ഠാനമായിരുന്നു. ഇത് പല പരിണാമങ്ങളിലൂടെ കടന്നുപോയതിനു ശേഷമാണ് ഇന്നത്തെ രൂപത്തിലുള്ള നാടകങ്ങളുണ്ടായത്. സംഘട്ടനമാണ് നാടകകലയുടെ അടിസ്ഥാനഘടകമെന്ന് കരുതപ്പെടുന്നു. ഈ സംഘട്ടന സിദ്ധാന്തം പാശ്ചാത്യനാടകചിന്തയിലെ നിർണായക ഘടകമാണ്. വികസിതമായ നാടകകല ആദ്യമായി നിലവിൽ വന്ന രാജ്യം പ്രാചീന ഗ്രീസ് ആയിരുന്നു. പ്രാചീന ഗ്രീസിലെ ജനങ്ങൾ ദേവതകൾക്ക് ബലി അർപ്പിക്കാൻ ദേവതാപ്രതിഷ്ഠകൾക്കുചുറ്റും അണിനിരന്ന് ആരാധനാപരമായ പാട്ടുകൾ പാടുകയും താളാത്മകമായി ചുവട് വച്ച് നൃത്തം ചെയ്തു കൊണ്ട് പ്രതിഷ്ഠയെ വലംവയ്ക്കുകയും ചെയ്തു വന്നു. നൃത്തം ചെയ്യുന്നവർ പിന്നീട് കഥാപാത്രങ്ങളായിത്തീരുകയും ചെയ്തു. അങ്ങനെ അനുഷ്ഠാനം നാടകമായിത്തീർന്നു. ജീവിതത്തിന്റെ മഹാസമസ്യകളെയും മനുഷ്യഭാഗധേയത്തെയും സ്പർശിക്കുന്ന ഇതിവൃത്തങ്ങൾ സ്വീകരിച്ചു കൊണ്ട് ഗ്രീക്ക് ദുരന്ത നാടകങ്ങൾ മഹത്തായ കലാരൂപങ്ങളായി മാറി. പിന്നീട് കലാകാരന്മാർ കൂടിച്ചേർന്ന് പാട്ടിലും സംഭാഷണത്തിലും രംഗചലനങ്ങളിലും കൂടി ഇതിവൃത്തം അവതരിപ്പിക്കുന്ന നാടകകല രൂപം പ്രാപിച്ചു. ബി. സി നാലും അഞ്ചും ശതകങ്ങളിൽ ഗ്രീസിലെ നാടകം പൂർണ വളർച്ച പ്രാപിച്ചിരുന്നു. പിൽക്കാലത്ത് ജീവിതത്തിന്റെ പ്രസാദാത്മകവും ലാഘവപൂർണവുമായ മുഖം ചിത്രീകരിക്കുന്ന കോമഡികളും

- സംഘട്ടനമാണ് നാടകകലയുടെ അടിസ്ഥാന ഘടകം

> ▶ ഇസ്കലിസ്, സോഫാക്ലീസ്,യൂറിപ്പിഡിസ്, അരിസ്റ്റോഫിനസ്-ഗ്രീക്ക് നാടകകൃത്തുക്കൾ

ആവിർഭവിച്ചു. സദ്യസർക്ക് നാടകം ഇരുന്ന് കാണാനായി പടവുകൾ പോലുള്ള ഇരിപ്പിടങ്ങൾ നിർമ്മിച്ചിരുന്നു. പ്രേക്ഷകരുടെ എതിർവശത്ത് പൊക്കമേറിയ രംഗവേദിയും നിർമ്മിച്ചിരുന്നു. ആ വേദിയിൽ നിന്നാണ് നടന്മാർ അഭിനയിച്ചിരുന്നത്. ഗായക സംഘങ്ങൾ ഗാനങ്ങൾ ആലപിച്ചിരുന്നു. ഗ്രീക്കുകാർ ഗൗരവമായി അവതരിപ്പിച്ചിരുന്ന നാടകം പിൽക്കാലത്ത് ലോകം മുഴുവൻ വ്യാപിക്കുകയുണ്ടായി. ഈസ്കിലസ്, സോഫാക്ലീസ്, യൂറിപ്പിഡിസ്, അരിസ്റ്റോഫനിസ് തുടങ്ങിയ നാടകകൃത്തുക്കൾ പ്രാചീന യവനനാടക വേദിയെ സമ്പന്നമാക്കി. ട്രാജഡികളോടായിരുന്നു യവന നാടക വേദിക്ക് കൂടുതൽ ഇഷ്ടം. പൊയറ്റിക്സ് (poetics) എന്ന അതി പ്രാധാനമായ ഗ്രന്ഥം രചിച്ച അരിസ്റ്റോട്ടിൽ ട്രാജഡിയിലെ ഇതിവൃത്തങ്ങൾക്കാണ് പരമ പ്രാധാന്യം കല്പിക്കുന്നത്.

## തത്വചിന്ത (Philosophy)

> ▶ യുക്തിപൂർവ്വകമായ പഠനമാണ് തത്വചിന്ത

മനുഷ്യനെയും അവനെ ചുറ്റിപ്പറ്റിയുള്ള പ്രകൃതിയെയും സംബന്ധക്കുന്ന എല്ലാ ചിന്തകളും തത്വചിന്തയിലാണ് ഉൾപ്പെടുന്നത്. തത്വങ്ങളെ സംബന്ധിക്കുന്ന ശാസ്ത്രമെന്ന നിലയിൽ തത്വശാസ്ത്രത്തെ നിർവ്വചിക്കാം. പാശ്ചാത്യ രാജ്യങ്ങളുടെ സംഭാവനയാണ് തത്വചിന്ത (philosophy) എന്നു പറയാം. പുരാതന ഗ്രീക്ക് ഭാഷയിൽ നിന്നാണ് ഫിലോസഫി എന്ന വാക്കുണ്ടായത്. ഇഷ്ടം, സ്നേഹം എന്നിങ്ങനെ പറയാവുന്ന ഫിലോ(**philo**) എന്ന പദവും ജ്ഞാനം എന്ന് അർഥമുള്ള സോഫിയ (**sophia**) എന്ന പദവും ചേർന്ന Philosophia എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഫിലോസഫി എന്ന പദത്തിന്റെ ഉത്ഭവം. ശാസ്ത്രീയമായോ നിരീക്ഷണത്തിലൂടെയോ കണിശമായി വിശദീകരിക്കാൻ സാധിക്കാത്ത പൊതു വിഷയങ്ങളെക്കുറിച്ചുള്ള യുക്തിപൂർവ്വമായ പഠനമാണ് തത്വചിന്ത. ജീവിതത്തെ സംബന്ധിക്കുന്നതെല്ലാം തത്വചിന്തയുടെ ഭാഗമാണ്.

ബി. സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഥേൽസിൽ(Thales) നിന്നാണ് ഗ്രീക്ക് തത്വചിന്തയുടെ വേരുകൾ ആരംഭിക്കുന്നത്. മൈലീഷ്യൻ (Milessian)സ്കൂൾ എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ തത്വചിന്താധാരയിൽ പ്രപഞ്ചത്തിന്റെ അടിസ്ഥാനം ജലമാണെന്നും ഭൂമി ഒരു കുമിള പോലെ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നുവെന്നും ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ദൈവിക ചൈതന്യം നിറഞ്ഞവയാണെന്നും സിദ്ധാന്തിച്ചു. മൈലീഷ്യൻ ചിന്തകൾക്കെതിരെ ഉയർന്നു വന്നവരാണ് പൈതഗോറിയന്മാർ. ഗണിതശാസ്ത്രജ്ഞൻ കൂടിയായിരുന്ന പൈതഗോറസിന്റെ നേതൃത്വത്തിൽ ഉയർന്നുവന്ന ഈ വിഭാഗം ജീവനും പ്രകൃതിയും ഗണിതശാസ്ത്രത്തിലധിഷ്ഠിതമാണെന്നും സിദ്ധാന്തിച്ചു. ആത്മാവ് അനശ്വരമാണെന്നും മരണശേഷം അവ ഒരു ശരീരത്തിൽനിന്നും മറ്റൊന്നിലേക്കു പ്രവേശിക്കുന്നുവെന്നും അവർ വിശ്വസിച്ചു. നൈതികവും മതപരവുമായ മൂല്യങ്ങളെ ഗണിതശാസ്ത്രവുമായി ഘടിപ്പിച്ചുകൊണ്ടുള്ള ജീവിതദർശനം ഗ്രീക്ക് ക്ലാസിക്കൽ കലാദർശനത്തെ സ്വാധീനിച്ചു.സോഫിസ്റ്റ് (Sophist) ദർശനവും സോക്രട്ടീസിന്റെ(Socrates) ദർശനവും ഗ്രീക്കുതത്വചിന്തയെ വികസിപ്പിച്ച അന്തർധാരകളാണ്. ബി. സി. അഞ്ചാം നൂറ്റാണ്ടിലാണ് സോഫിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉദയം. 'വിവേകം' എന്നർഥം വരുന്ന സോഫിയ എന്ന പദത്തിൽ നിന്നാണ് ഈ വാക്ക് രൂപപ്പെട്ടത്. സദാചാരമെന്നൊന്നില്ലെന്നും സാഹചര്യങ്ങൾക്കനുസൃതമായി സദചാരമാനദണ്ഡങ്ങൾ മാറ്റപ്പെടണമെന്നുമായിരുന്നു അവരുടെ വാദം.

തർക്കശാസ്ത്രവും വ്യാകരണവും സോഫിസ്റ്റുകളുടെ സംഭാവനകളാണ്. ശ്രവണ-ദർശനങ്ങളിലൂടെ ആനന്ദം പ്രദാനം ചെയ്യുന്നതെന്തോ അതാണ് സുന്ദരം എന്നവർ സൗന്ദര്യത്തെ നിർവചിച്ചു. സോക്രട്ടീസും പ്ലേറ്റോയും സോഫിസ്റ്റുകളെ ശക്തമായി വിമർശിച്ചു. വിജ്ഞാനത്തിന്റെ മഹത്വം വ്യക്തമാക്കുന്നവയായിരുന്നു സോക്രട്ടീസിന്റെയും പ്ലേറ്റോയുടെയും ചിന്താഗതികൾ. അവർ അന്ധമായ പാരമ്പര്യവാദത്തെ എതിർക്കുകയും വിപ്ലവകരമായ മാറ്റത്തിനുവേണ്ടി വാദിക്കുകയും ചെയ്തു. പ്ലേറ്റോ ബി. സി 387- ൽ സ്ഥാപിച്ച അക്കാദമി (Academy) എന്ന സർവകലാശാല പ്രാചീന ഗ്രീസിന്റെ ധിഷണാ കേന്ദ്രമായി വളർന്നു. ജ്യോതിശാസ്ത്രത്തിലും തർക്കശാസ്ത്രത്തിലും സാഹിത്യത്തിലും രാഷ്ട്രമീമാംസയിലും വിഖ്യാതനായിരുന്നു അരിസ്റ്റോട്ടിൽ.

- ▶ പ്ലേറ്റോ അക്കാദമി എന്ന സർവകലാശാല സ്ഥാപിച്ചു

## കാവ്യം

ഗ്രീക്ക് കാവ്യങ്ങൾ ലോക പ്രസിദ്ധി നേടിയവയാണ്. പുരാണ പ്രസിദ്ധയമായ രചനകളായിരുന്നു അവ. ജീവിതവീക്ഷണത്തിലും ചിന്താപരമായ ഉൾക്കാഴ്ചയിലും ഗ്രീക്ക് കാവ്യങ്ങൾ മുൻപന്തിയിൽ നൽക്കുന്നു. ഹോമറിന്റെ ഇലിയഡും(Iliad) ഒഡീസിയും(Odyssey) ഇന്നും ലോകത്തിലെ മുഴുവൻ വായനക്കാരെയും അതിശയിപ്പിക്കുന്ന കൃതികളായി നിലനിൽക്കുന്നു. ഒരു കാലത്തിലെ സാമൂഹിക, രാഷ്ട്രീയത്തിലെ സംഭവ വികാസങ്ങളിലേക്ക് വെളിച്ചം വിതറുന്ന കൃതിയാണ് ഇലിയഡ്. ബഹുമാനം, സ്നേഹം, അഭിമാനം, അധികാരമോഹം, രാജ്യസ്നേഹം, സഹാനുഭൂതി, ദു:ഖം തുടങ്ങിയ അഗാധമായ മാനുഷിക വികാരങ്ങൾ ഉൾക്കൊള്ളുന്ന പ്രശ്നങ്ങൾ ഇലിയഡിൽ ചർച്ച ചെയ്യുന്നുണ്ട്. പുരാതന ഗ്രീക്കിന്റെ മൂല്യങ്ങളെ പരിപോഷിപ്പിക്കുന്ന കാവ്യങ്ങളാണ് കൂടുതലായും ഉണ്ടായിരുന്നത്. ഹെസിയോഡ് (Hesiod) അക്കാലത്തെ മികച്ച എഴുത്തുകാരനായിരുന്നു. പുരാണവും യാഥാർഥ്യവും ഒരുമിച്ച് നെയ്തെടുത്ത കാവ്യങ്ങളാണ് അദ്ദേഹം രചിച്ചത്.

- ▶ ജീവിതവീക്ഷണവും ചിന്താപരമായ ഉൾക്കാഴ്ചയും ഗ്രീക്ക് കാവ്യത്തിന്റെ പ്രത്യേകതയാണ്

## പ്ലേറ്റോ (Plato)

സോക്രട്ടീസിന്റെ ശിഷ്യനും പ്രഖ്യാത ഗ്രീക്ക് ചിന്തകൻ അരിസ്റ്റോട്ടിലിന്റെ ഗുരുവുമായിരുന്നു പ്ലേറ്റോ. ഗ്രീസിലെ ഏഥൻസിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. ദൃഢമായ ശരീരപുഷ്ടിയും വിടർന്ന നെറ്റിയുമുള്ളതിനാൽ പ്ലേറ്റോ എന്ന വിളിപ്പേര് ചെറുപ്പത്തിൽത്തന്നെ ലഭിച്ചിരുന്നു. തത്വചിന്തയുമായുള്ള പ്ലേറ്റോയുടെ ബന്ധം തുടങ്ങുന്നത് സോക്രട്ടീസിന്റെ ശിഷ്യനായതോടുകൂടിയാണ്. സോക്രട്ടീസിന്റെ കൊലപാതകം അദ്ദേഹത്തെ ഭരണകൂടത്തിനെതിരെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. തന്റെ ജീവിതവും ചിന്തയും വ്യവസ്ഥാപിതമായ സമ്പ്രദായങ്ങളോട് പൊരുതുവാൻ അദ്ദേഹം പ്രയോജനപ്പെടുത്തി. അദ്ദേഹം സ്ഥാപിച്ച 'അക്കാദമി' അക്കാലഘട്ടത്തിലെ വിജ്ഞാനകേന്ദ്രമായിരുന്നു. അക്കാദമിയിൽ എത്തുന്നവരെ വാദപ്രതിവാദങ്ങളിലൂടെ തത്വചിന്തയിലേക്കു കൂട്ടിക്കൊണ്ടു വരുകയായിരുന്നു പ്ലേറ്റോ. അവിടെ പ്ലേറ്റോയുടെ ശിഷ്യന്മാരിൽ ഏറ്റവും പ്രമുഖൻ അരിസ്റ്റോട്ടിലായിരുന്നു. പ്രശസ്തിയിലും തത്വചിന്തയിലും പ്ലേറ്റോയ്ക്കൊപ്പമായിരുന്നു അരിസ്റ്റോട്ടിലിന്റെ സ്ഥാനം. എന്നാൽ പ്ലേറ്റോയുടെ പല വാദങ്ങളും അരിസ്റ്റോട്ടിൽ നിരാകരിച്ചിരുന്നു. അക്കാദമിയിൽ പ്ലേറ്റോയും അരിസ്റ്റോട്ടിലും സംവാദത്തിലേർപ്പെ

▶ അക്കാദമി- വിജ്ഞാനകേന്ദ്രം

ട്ടിരിക്കുന്നത് ചിത്രീകരിക്കുന്ന നവോത്ഥാന ചിത്രകാരൻ റാഫേലിന്റെ ചിത്രം പ്രസിദ്ധമാണ്. ചിത്രത്തിൽ ആശയവാദിയായ ഗുരു മുകളിലേക്ക് വിരൽ ചൂണ്ടിയിരിക്കുമ്പോൾ, യാഥാർഥ്യവാദിയായ അരിസ്റ്റോട്ടിൽ വലം കൈപ്പത്തി ഭൂമിക്ക് സമാന്തരമാക്കി നിർത്തിയിരിക്കുന്നു. വാദപ്രതിവാദത്തിന്റെ ശൈലിയാണ് രചനകളിൽ പ്ലേറ്റോ പുലർത്തിയിരുന്നത്.

▶ സത്യം, നീതി, നന്മ എന്നി സങ്കല്പങ്ങളെ പുനർനിർവചിക്കാൻ ശ്രമിച്ചു

എമേഴ്സന്റെ (Emerson) വാക്കുകളിൽ പറഞ്ഞാൽ തത്വചിന്ത എന്നാൽ പ്ലേറ്റോ, പ്ലേറ്റോ എന്നാൽ തത്വചിന്ത എന്നാണ്. ലോകത്തെ മാറ്റിമറിച്ച ചിന്തകളുടെ ഉടമസ്ഥനായിരുന്നു പ്ലേറ്റോ. അദ്ദേഹത്തിന്റെ ദർശനങ്ങളും ചിന്തകളും എല്ലാക്കാലത്തും വളരെ പ്രാധാന്യത്തോടെ നിലനിൽക്കുന്നു. തത്വചിന്ത, സാഹിത്യം, കല എന്നിങ്ങനെ എല്ലാ വിഷയങ്ങളോടും അദ്ദേഹം പ്രതികരിച്ചു. പ്ലേറ്റോ സത്യം, നീതി, നന്മ, എന്നിങ്ങനെയുള്ള സങ്കല്പങ്ങളെ പുനർനിർവചിക്കാൻ ശ്രമിച്ചു. സോക്രട്ടീസിനെപ്പോലെ ചോദ്യം ചെയ്യാൻ യുവാക്കളെ പ്ലേറ്റോയും പ്രേരിപ്പിച്ചു. ജ്ഞാനികളുടെ ഭരണം ഇഷ്ടപ്പെട്ട പ്ലേറ്റോ ജീവിതത്തെയും സമൂഹത്തേയും കൃത്യമായി വിലയിരുത്തി.

▶ കലാനിഷേധമായിരുന്നു പ്ലേറ്റോയുടെ സാഹിത്യവിമർശനം

പാശ്ചാത്യ സാഹിത്യ വിമർശനം ആരംഭിക്കുന്നത് പ്ലേറ്റോയുടെ 'റിപ്പബ്ലിക്' എന്ന ഗ്രന്ഥത്തിലൂടെയാണ്. പക്ഷേ അത് കലയെ പരിപോഷിപ്പിക്കുന്ന തരത്തിലായിരുന്നില്ല രചിക്കപ്പെട്ടത്. തീവ്രമായ കലാനിഷേധമായിരുന്നു പ്ലേറ്റോയുടെ സാഹിത്യ വിമർശനം. കലയെ നിഷേധിച്ചു കൊണ്ടാണ് പാശ്ചാത്യലോകത്ത് കലാവിമർശനം ജന്മം എടുത്തത്. സോക്രട്ടീസിന്റെ മരണം ഇതിന് ഒരു കാരണമായിരുന്നു.

ന്മാ

പ്ലേറ്റോയുടെ ആദർശരാഷ്ട്ര സങ്കല്പം പ്രശംസയും വിമർശവും ഒരുപോലെ ലഭിച്ച ഒന്നായിരുന്നു. അദ്ദേഹത്തിന്റെ സങ്കല്പത്തിൽ രണ്ടു തരം ലോകങ്ങളാണുള്ളത്. ഒന്ന് അനശ്വരവും ദൈവസൃഷ്ടവുമായ ആശയലോകം. രണ്ടാമത്തേത് ഇന്ദ്രീയങ്ങൾകൊണ്ട് മനുഷ്യന് തിരിച്ചറിയാൻ കഴിയുന്ന നശ്വരമായ ഭൗതിക പ്രപഞ്ചമാണ്. ഈ ഭൗതിക പ്രപഞ്ചം യാഥാർത്ഥ്യമല്ല എന്നാണ് പ്ലേറ്റോയുടെ പക്ഷം. ഭൗതിക പ്രപഞ്ചത്തിൽ കാണുന്ന സകല വസ്തുക്കളുടെയും ശുദ്ധവും പരിപൂർണ്ണവുമായ അനശ്വരവുമായ യഥാർത്ഥരൂപം ആശയലോകത്തിൽ മാത്രമാണ്. അതിന്റെ അപൂർണ്ണമായ അനുകരണം അല്ലെങ്കിൽ വികൃതമായ നിഴൽ മാത്രമാണ് ഭൗതിക പ്രപഞ്ചത്തിലെ വസ്തുക്കൾ. യഥാർത്ഥമല്ലാത്ത ഈ വസ്തുക്കളെയാണ് കലാകാരന്മാർ തന്റെ സൃഷ്ടിയിലേക്ക് പകർന്നു വയ്ക്കുന്നത്. അതുകൊണ്ടു തന്നെ കല ഒരിക്കലും യാഥാർത്ഥ്യമല്ല എന്നാണ് പ്ലേറ്റോയുടെ സിദ്ധാന്തം. ആദർശലോകത്തിന്റെ അനുകരണമായ ഭൗതിക പ്രപഞ്ചത്തെയാണ് കലാകാരൻ സൃഷ്ടിയിലൂടെ അനുകരിക്കുന്നത്. അതുകൊണ്ടു കല അനുകരണത്തിന്റെ അനുകരണമാണ് എന്നാണ് പ്ലേറ്റോ അഭിപ്രായപ്പെടുന്നത്.

▶ പ്ലേറ്റോയുടെ ആദർശ രാഷ്ട്രസങ്കല്പം

## അനുകരണ വാദം

ദൈവസൃഷ്ടമായ ആദർശരൂപങ്ങൾ ആർക്കും സൃഷ്ടിക്കുക സാധ്യമല്ല. ഈ ലോകത്ത് അനേകം മേശകളും തല്പങ്ങളുമുണ്ട്. കൈവേലക്കാരൻ ഇവയൊക്കെ നിർമ്മിക്കുന്നത് ആദർശലോകത്തെ അനുകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ്. അങ്ങനെ അയാൾ നിർമ്മിക്കുന്ന അനുക

രണങ്ങളുടെ ഒരു ഏകദേശ രൂപമാണ് പിന്നീട് കലാകാരൻ അനുകരിക്കുന്നത്. അതുകൊണ്ട് കൈവേലക്കാരനേക്കാൾ സത്യത്തിൽ നിന്നും അകന്നു നിൽക്കുന്നവനാണ് കലാകാരൻ എന്നും അയാൾ എപ്പോഴും സത്യത്തിന്റെ സിംഹാസനത്തിൽ-രണ്ടുപടി താഴെയാണെന്നും പ്ലേറ്റോ വാദിക്കുന്നു. ഇങ്ങനെ അനുകരണത്തിന്റെ അനുകരണമാണ് കല എന്ന വാദത്തെ ന്യായീകരിക്കാനും കവിതയും തത്വചിന്തയും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കാനും പ്ലേറ്റോ ഗുഹയ്ക്കുള്ളിലെ തടവുകാർ(**Cave image)** എന്നൊരു സിദ്ധാന്തം അവതരിപ്പിക്കുന്നു.

▶ അനുകരണത്തിന്റെ അനുകരണമാണ് കല

ഒരു ഗുഹയ്ക്കുള്ളിൽ വശങ്ങളിലേക്കോ പിറകിലേക്കോ നോക്കാൻ കഴിയാതെ ചങ്ങലയാൽ ബന്ധിതരായ കുറേ മനുഷ്യർ ഇരിക്കുന്നതായി സങ്കല്പ്പിക്കുക. ഗുഹാ ഭിത്തിക്ക് അഭിമുഖമായിട്ടാണ് അവർ ഇരിക്കുന്നത്. ഗുഹാ കവാടത്തിന് വെളിയിലായ് അഗ്നി കുണ്ഡമുണ്ട്. അഗ്നിയും ഗുഹയ്ക്കുമിടയിൽ നിരത്തുണ്ട്. അതിലൂടെ ദേവലോകത്തെ ആദർശവസ്തുക്കൾ നിരന്തരം ചലിച്ചു കൊണ്ടിരിക്കുന്നു. അഗ്നിയുടെ പ്രകാശത്താൽ ഈ വസ്തുക്കളുടെ നിഴലുകൾ ഗുഹാഭിത്തിയിൽ പതിക്കുന്നു. ബന്ധിതരായിരിക്കുന്നവർക്ക് പിറകിലേക്ക് നോക്കി യഥാർത്ഥ വസ്തുവിനെ കാണാൻ കഴിയാത്തതു കൊണ്ട് ഭിത്തിയിലെ നിഴലുകളാണ് സത്യമെന്നും ബന്ധിതരായ ഈ മനുഷ്യരാണ് കലാകാരന്മാരെന്നും അവരിൽ ആരെങ്കിലും ഒരാൾ അജ്ഞതയുടെ ചങ്ങല ഭേദിച്ച് എപ്പോഴെങ്കിലും പിറകിലേക്ക് തിരിഞ്ഞു നോക്കുകയാണെങ്കിൽ അയാൾക്ക് യാഥാർഥ്യം തിരിച്ചറിയാൻ കഴിയും. അങ്ങനെ ചങ്ങല ഭേദിച്ച് യാഥാർഥ്യത്തിലേക്ക് പിന്തിരിഞ്ഞ് നോക്കിയവരാണ് തത്വചിന്തകന്മാർ. മറ്റുള്ളവർ നിഴലിനെ സത്യമെന്നു കരുതി ജീവിക്കുന്ന യാഥാർഥ്യബോധമില്ലാത്ത കലാകാരന്മാരാണ്. ശ്രേഷ്ഠമായ ഈ സങ്കല്പ കഥയിലൂടെ പ്ലേറ്റോ കലാകാരന്റെ ഔന്നിത്യത്തെയാണ് തകർത്തു കളയുന്നത്.

▶ ഗുഹയ്ക്കുള്ളിലെ തടവുകാർ (cave image)

കല അനുകരണമാണെന്ന അഭിപ്രായപ്പെട്ടതിനു ശേഷം കവിതയുടെ മഹനീയതയെ ഒരു കാരണവുമില്ലാതെ പ്ലേറ്റോ ചോദ്യം ചെയ്തു. മനുഷ്യമനസിലെ അധമമായ മാനസിക തലത്തിൽ നിന്നാണ് കവിതയുടെ ഉത്ഭവമെന്ന് അദ്ദേഹം പറഞ്ഞു. മനുഷ്യമനസിന് മൂന്ന് തലങ്ങളുണ്ട്. ഒന്നാമത്തേത് ശുദ്ധമായ തത്വചിന്തയിലൂടെ പ്രപഞ്ചത്തിന്റെ കേവലസത്യത്തെ തിരിച്ചറിയാനുള്ള ബുദ്ധിയാണ്. അത് തത്വജ്ഞാനികൾക്കു മാത്രമേയുള്ളു. മറ്റൊന്ന്, ഭൗതിക പ്രപഞ്ചത്തിലെ വസ്തുക്കളെ തിരിച്ചറിയാനുള്ള മനുഷ്യന്റെ സാമാന്യബുദ്ധിയാണ്. മൂന്നാമത്തെ തലം അധമ വികാരങ്ങളുടെ ഒരു കേന്ദ്രമാണ്. ഇവിടെ നിന്നാണ് കവിതയുടെ ഉത്ഭവം. കവിതയെ ദരിദ്രരായ മാതാപിതാക്കളുടെ ദരിദ്രസന്തതി എന്ന് ആക്ഷേപിക്കുമ്പോൾ കവിതയിൽ ലയിച്ചു ചേരുന്നത് കവിയുടെ അസന്മാർഗ്ഗിക വൈകാരികാനുഭവങ്ങളാണെന്നും അതിലൂടെയുണ്ടാകുന്ന കാവ്യസൃഷ്ടി ദരിദ്രസന്തതിയെപ്പോലെ അറപ്പുളവാക്കുന്നുവെന്നും അദ്ദേഹം സൂചിപ്പിക്കുന്നു.

▶ അധമ വികാരങ്ങളുടെ ഒരു കേന്ദ്രത്തിൽ നിന്നാണ് കവിതയുടെ ഉത്ഭവം

കവിതയെ അധമമായ കലാസൃഷ്ടിയാണെന്നു പ്രഖ്യാപിച്ചു കൊണ്ട് തനിക്ക് ഹോമറിന്റെ കവിതയോടുണ്ടായിരുന്ന ആരാധനാ മനോഭാവം ചെറുപ്പകാലത്തിന്റെ തീക്ഷ്ണതയിൽ തനിക്ക് പറ്റിപ്പോയ ഒരു അബദ്ധമാണെന്നും അതുകൊണ്ട് താനിപ്പോൾ മാപ്പ് പറയുന്നുവെന്നും 'റിപ്പ

ബ്ളിക്'എന്ന ഗ്രന്ഥത്തിന്റെ പത്താം അധ്യായത്തിൽ പ്ലേറ്റോ വ്യക്തമായി സൂചിപ്പിക്കുന്നു. കാവ്യരചനാവേളയിൽ കവിയുടെ മാനസികാവസ്ഥ എന്തായിരിക്കുമെന്നും പ്ലേറ്റോ ആലോചിക്കുന്നുണ്ട്. പ്രചോദനത്തിന്റെ വേളയിൽ കവി മനസ്സ് ഉന്മാദാവസ്ഥയിലായിരിക്കുമെന്ന് അദ്ദേഹം കണ്ടെത്തുന്നു. കവി രചനയിൽ മുഴുകിയിരിക്കുമ്പോൾ ഭ്രാന്തമായ വികാരങ്ങൾക്ക് വിധേയനാകുന്നു. ഭ്രാന്തമായ മാനസികാവസ്ഥയുള്ള ഒരുവന് ഒരിക്കലും സത്യത്തെ അതിന്റെ പൂർണ്ണതയിൽ തിരിച്ചറിയാൻ കഴിയില്ല. അതുകൊണ്ട്തന്നെ ഉന്മാദിയായ കവിയുടെ കവിതയിൽ സത്യത്തെ പ്രകാശിപ്പിക്കുന്നില്ല. ഇത്തരം കവിതകൾ ആസ്വദിക്കുമ്പോൾ ആസ്വാദകനും കവിയെപ്പോലെ ഭ്രാന്തമായ വികാരങ്ങൾക്ക് വിധേയനാകുന്നു. അത് ആസ്വാദകന്റെ ധാർമ്മിക ബോധത്തെ പ്രതികൂലമായി ബാധിക്കുന്നു. അതു കൊണ്ടാണ് തന്റെ ആദർശരാഷ്ട്രസങ്കല്പത്തിൽ പ്ലേറ്റോ കവിതയ്ക്ക് സ്ഥാനം നൽകാതിരുന്നത്. ഈശ്വര സങ്കീർത്തനപരമായ കാവ്യങ്ങളൊഴികെ മറ്റൊരു കാവ്യ സ്വരൂപത്തിനും പ്ലേറ്റോ തന്റെ രാഷ്ട്രത്തിൽ പ്രവേശനം നൽകുന്നില്ല. നാടകങ്ങളെ പരിശോധിക്കുമ്പോൾ ഇതേ ആക്രമണ സ്വഭാവം തന്നെയാണ് പ്ലേറ്റോയിൽ നിന്നും ഉണ്ടായത്. നാടക രചനാവേളയിൽ നാടകകൃത്തും നാടകം ആസ്വദിക്കുമ്പോൾ ആസ്വാദകനും ഒരുപോലെ തരംതാണ വികാരങ്ങൾക്ക് വിധേയമാകുന്നു. അതിനാൽ തന്റെ ആദർശരാഷ്ട്രത്തിൽ നാടകം ഒരു ഏകാധിപതിയെപ്പോലെ അദ്ദേഹം പ്രഖ്യാപിച്ചു.

> ▶ ആദർശ രാഷ്ട്രത്തിൽ പ്ലേറ്റോ കവിതയ്ക്ക് സ്ഥാനം നൽകിയിരുന്നില്ല

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യൻ വികാരങ്ങൾക്ക് അടിമയാകുകയില്ല; വികാരങ്ങളെ അടിമയാക്കുകയാണ് വേണ്ടത്. അപ്പോൾ മാത്രമേ തന്റെ രാഷ്ട്രത്തിലെ പൗരന്മാർക്ക് ധാർമ്മികവും ആരോഗ്യകരമായ മനസുണ്ടാകുകയുള്ളു എന്ന് പ്ലേറ്റോ വിശ്വസിക്കുന്നു. കലാസൃഷ്ടി പൗരന്മാരെ വികാരങ്ങൾക്ക് അടിമയാക്കുന്നത് കൊണ്ടാണ് അദ്ദേഹം കലയെ പൂർണമായി നിഷേധിക്കുന്നത്. പ്ലേറ്റോയുടെ ഈ വിശ്വാസം ആധുനിക മനഃശാസ്ത്രവുമായി യോജിച്ചു പോകുന്നതല്ല എന്ന് നിരൂപകനായ സ്കോട്ട് ജയിംസ് 'മേക്കിംഗ് ഓഫ് ലിറ്ററേച്ചർ' (Making of Literature) എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. വികാരങ്ങളെ അടിച്ചമർത്തുന്ന മനുഷ്യൻ മനോരോഗിയായി മാറുന്നു. വികാരങ്ങളെ സ്വതന്ത്രമായി പ്രകടിപ്പിക്കുമ്പോൾ മനുഷ്യഹൃദയം ആരോഗ്യകരമായ സമനില പ്രാപിക്കുന്നു. മനഃശാസ്ത്രം കണ്ടെത്തിയിട്ടുള്ള ഏതൊരു കലാസൃഷ്ടിയും മനുഷ്യനെ ആരോഗ്യകരമായ സമനില നേടിയെടുക്കാൻ ആസ്വാദനത്തിലൂടെ സഹായിക്കുന്നു. അതുകൊണ്ട് പ്ലേറ്റോ തന്റെ കർശനമായ വികാര നിയന്ത്രണ നിയമത്തിലൂടെ പൗരന്മാരെ മനോരോഗികളാക്കി മാറ്റുകയാണ് ചെയ്യുന്നതെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു.

> ▶ കലാസൃഷ്ടി പൗരൻമാരെ വികാരങ്ങൾക്ക് അടിമയായിരുന്നു

കലയെയും കവിതയെയും നിഷേധിച്ചു കൊണ്ട് കലയുടെ സ്പർശമില്ലാത്ത ഒരു ലോകം സൃഷ്ടിക്കാൻ പ്ലേറ്റോയെ പ്രേരിപ്പിച്ചത് അന്നത്തെ സാമൂഹിക പരിസ്ഥിതിയാണെന്ന് വിമർശകർ അഭിപ്രായപ്പെടുന്നു. തത്വചിന്തകരെ കളിയാക്കുന്ന നാടകങ്ങളും കവിതയിലെ മൂല്യച്യുതികളും അതിനെല്ലാം ഉപരിയായി പ്ലേറ്റോയിലെ തത്വചിന്തകന്റെ കഠിനമായ യുക്തി വിചാരവുമാണ് കലയെ നിഷേധിക്കാനുള്ള പ്രധാന കാരണങ്ങൾ. കവിതയെ നിഷേധക്കുമ്പോൾത്തന്നെ താൻ ശ്രേഷ്ഠനായ ഒരു കവിയായിരുന്നുവെന്ന യാഥാർത്ഥ്യം പ്ലേറ്റോ മനസ്സിലാക്കിയിരുന്നില്ല എന്നാണ്

▶ കലയെ നിഷേധിച്ചു കൊണ്ട് കലയില്ലാത്ത ലോകത്തെ സൃഷ്ടിക്കാൻ ശ്രമിച്ചു

സ്കോട്ട് ജയിംസ് അഭിപ്രായപ്പെടുന്നത്. അദ്ദേഹം പറഞ്ഞതു പോലെ പ്ലേറ്റോ തത്വചിന്തയുടെ അൾത്താരയിൽ വച്ച് കവിതയെ ബലികഴിക്കുകയായിരുന്നു.

## കൃതികൾ

പ്ലേറ്റോയുടെ കൃതികളെ 'ഡയലോഗുകൾ'(Dialagoue) എന്നാണ് വിളിച്ചിരുന്നത്. വാദപ്രതിവാദത്തിന്റെ രീതിയിൽ എഴുതപ്പെട്ടതിന്റെ പേരിലാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത്. 35 ഡയലോഗുകളും 13 കത്തുകളും (Epistles) അടങ്ങുന്നതാണ് പ്ലേറ്റോയുടെ കൃതികൾ. ഇതിൽ ചിലതിന്റെ ആധികാരികത ആധുനികകാലത്ത് ചോദ്യം ചെയ്യപ്പെട്ടിരുന്നു. കൃതികൾ ഒന്നുംതന്നെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയോ അവയ്ക്ക് പ്രത്യേക ക്രമമോ ഉണ്ടായിരുന്നില്ല. പ്ലേറ്റോയുടെ കൃതികളിലെ ആശയങ്ങൾ സോക്രട്ടീസിന്റെ പഠനങ്ങളോട് പൊരുത്തപ്പെടുന്നവയാണ്. ഇവയിൽ യൂത്തിഫ്രോ (Euthyphro) എന്ന ഡയലോഗ് മനുഷ്യകർമ്മങ്ങളുടെ ശരാശരികളെക്കുറിച്ചും വിശുദ്ധിയുടെ മാനദണ്ഡങ്ങളെക്കുറിച്ചുമുള്ള അന്വേഷണമാണ്. ദൈവങ്ങളെ ബഹുമാനിക്കാതിരിക്കുക, യുവജനങ്ങളെ വഴിപിഴപ്പിക്കുക എന്നീ ആരോപണങ്ങൾക്ക് വിചാരണചെയ്യപ്പെട്ട സോക്രട്ടീസ് മറുപടി പറയുന്നതാണ് അപ്പോളജിയിൽ (Apology) ചിത്രീകരിച്ചത്. സത്യാന്വേഷിയുടെ ജീവിതവീക്ഷണമാണ് അതിൽ അവതരിപ്പിക്കുന്നത്. മരണത്തിനു വിധിക്കപ്പെട്ടശേഷം, വിധിനടപ്പാക്കുന്നത് കാത്ത് തടവിൽ കഴിയുന്ന സോക്രട്ടീസ്, തന്നെ സന്ദർശിക്കുന്ന സുഹൃത്തുക്കളുമായും ശിഷ്യന്മാരുമായും നടത്തുന്ന സംഭാഷണങ്ങളാണ് ക്രിറ്റോ(crito). സിമ്പോസിയം(Symbosim) എന്ന ഡയലോഗിന്റെ വിഷയം പ്രേമം അടക്കമുള്ള മനുഷ്യവികാരങ്ങളാണ്. 'Theory of Forms' പ്രസിദ്ധമായ മറ്റൊരു കൃതിയാണ്. എന്നാൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട കൃതി 'റിപ്പബ്ലിക്'(Republic)എന്ന രചനയാണ്. ഇത് പ്ലേറ്റോയുടെ മുഖ്യകൃതിയായി അറിയപ്പെടുന്നു. നീതി (Justice) ആണ് ഇതിലെ പ്രധാന ചർച്ചാവിഷയം. കൂടാതെ ജ്ഞാനം (wisdom), ധൈര്യം (courage), പാകത (moderation) എന്നീ ഗുണങ്ങളെ സ്പർശിക്കുകയും ആ ഗുണങ്ങൾ വ്യക്തിയിലും സമൂഹത്തിലും എങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്ന് അന്വേഷിക്കുകയും ചെയ്യുന്നു. അജ്ഞതയുടെ ഗുഹയിൽ ജീവിച്ചു മരിക്കാൻ വിധിക്കപ്പെട്ട മനുഷ്യജീവികളുടെ ദുരവസ്ഥയാണ് പ്രസിദ്ധമായ ഗുഹയുടെ അന്യാപദേശ (Allegory of the Cave) ത്തിൽ പ്രത്യക്ഷപ്പെടുന്നത്. തത്വജ്ഞാനിയുടെ ഭരണത്തിൽ മാത്രം രാഷ്ട്രത്തിൽ നീതി പുലരുമെന്ന ആശയമാണ് ഇതിലൂടെ പ്ലേറ്റോ മുന്നോട്ട് വയ്ക്കുന്നത്. ഗഹനമായ ആശയങ്ങൾക്കും കുറിക്കുകൊള്ളുന്ന നിരീക്ഷണങ്ങൾക്കുമൊപ്പം മൂർച്ചയുള്ള ഫലിതവും നിറഞ്ഞ കൃതിയാണ് റിപ്പബ്ലിക്ക്.

▶ റിപ്പബ്ലിക് പ്ലേറ്റോയുടെ മുഖ്യ കൃതി

## Summarised Overview

യവനസാഹിത്യം കവിത, നാടകം, തത്വചിന്ത, സാഹിത്യചിന്തകൾ എന്നിവയാൽ സമ്പന്നമാണ്. അത് യുഗങ്ങളിലുടനീളം ജനസംസ്കരങ്ങളെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. പ്രണയവും ദുരന്തവും മുതൽ സാമൂഹിക ജീവിത സങ്കീർണതകൾ വരെയുള്ള പ്രമേയങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന യവനസാഹിത്യം അതിന്റെ മനുഷ്യാസ്തിത്വത്തിന്റെ വിവിധ മേഖലകളിലേക്കുള്ള അന്വേഷണങ്ങളെ ത്വരിതപ്പെടുത്തുന്നു. യവന സാഹിത്യം മനുഷ്യവികാരങ്ങളുടെ സാരാംശത്തെ വിശാലമായി അടയാളപ്പെടുത്തി. കവിതയും നാടകവും തത്വചിന്തപോലെ പ്രധാനപ്പെട്ട വ്യവഹാരരൂപങ്ങളായിരുന്നു. കവികൾ വായനക്കാരുടെ ഉള്ളിൽ ആഴത്തിലുള്ള അനുരണനബോധം ഉണർത്താൻ കവിതയിൽ  ഉജ്ജ്വലമായ ഇമേജറിയും താളാത്മകമായ ഭാഷയും ഉപയോഗിച്ചു. അതേസമയം, നാടകങ്ങൾ മനുഷ്യബന്ധങ്ങളുടെ സങ്കീർണതകളെയും സാമൂഹിക ചട്ടക്കൂടിനുള്ളിലെ വ്യക്തിയുടെ സംഘർഷാത്മക പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങളെയും പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിയായി വർത്തിച്ചു.

കാലികമായ അതിരുകളെ ഭേദിക്കുന്നതാണ് യവനരുടെ തത്വചിന്താലോകം. യവനതത്വചിന്തയുടെ കേന്ദ്രബിന്ദു പ്ലേറ്റോയുടെ അനുകരണ സങ്കൽപ്പമാണ്. അത് ഭൗതിക ലോകവും ആദർശരൂപങ്ങളുടെ മണ്ഡലവും തമ്മിലുള്ള പിരിമുറുക്കം അനാവരണം ചെയ്യുന്നു. സംഭാഷണങ്ങളിലൂടെയും പ്രബന്ധങ്ങളിലൂടെയും, യവനതത്വചിന്തകർ നീതിയുടെ സ്വഭാവത്തെക്കുറിച്ചും സൗന്ദര്യത്തെക്കുറിച്ചും സത്യത്തെ പിന്തുടരുന്നതിനെക്കുറിച്ചും ആഴത്തിലുള്ള അന്വേഷണങ്ങളിൽ ഏർപ്പെട്ടു. കവിത അധമമായ കലാസൃഷ്ടിയാണെന്ന് പ്രഖ്യാപിച്ചു. അതുകൊണ്ട് തന്റെ ആദർശരാഷ്ട്ര സങ്കൽപ്പത്തിൽ കവിതയ്ക്ക് സ്ഥാനം നൽകിയില്ല. ഡയലോഗ് എന്ന് വിളിച്ചിരുന്ന കൃതിയാലാണ് തന്റെ വാദങ്ങളെ ഉൾകൊള്ളിച്ചിട്ടുള്ളത്. പ്ലേറ്റോയുടെ മുഖ്യകൃതി റിപ്പബ്ലിക് ആണ്

യവനചിന്തകർ കലാപരമായ ആവിഷ്കാരത്തിൽ അന്തർലീനമായ ആന്തരികശക്തിയെക്കുറിച്ച് വിമർശനാത്മക ചിന്തകൾ അവതരിപ്പിക്കുകയും സൂക്ഷ്മമായ നിരീക്ഷണങ്ങളിൽ ഏർപ്പെടുകയും ചെയ്തു. വിശാലമായ ജീവിതവീക്ഷണവും പ്രകൃതിയോടുള്ള സവിശേഷമായ പ്രതിബദ്ധതയും ഗ്രീക്കുകാരെ ഇതര സമൂഹങ്ങളിൽ നിന്നു വ്യത്യസ്ഥമാക്കുന്നു. സാഹിത്യവും തത്വചിന്തയും തമ്മിലുള്ള ബന്ധം യവനസാഹിത്യത്തിന്റെ സംഭാവനയാണ്.

## Assignments

1. യവന സാഹിത്യത്തിന്റെ പ്രമേയപരമായ പ്രത്യേകതകൾ വിശദമാക്കുക
2. പ്ലേറ്റോ ആദർശ രാഷ്ട്ര സങ്കല്പത്തിൽ നിന്നും എഴുത്തുകാരെ ഒഴിവാക്കിയത്  എന്തുകൊണ്ടാണെന്ന് വിവരിക്കുക
3. അനുകരണവാദത്തിന്റെ അടിസ്ഥാന ചിന്തകൾ അപഗ്രഥിക്കുക
4. കവിതയെക്കുറിച്ചുള്ള പ്ലേറ്റോയുടെ നിരീക്ഷണങ്ങൾ വിശദമാക്കുക
5. പ്ലേറ്റോയുടെ കലാചിന്തകൾ വിമർശനാത്മകമായി പരിശോധിക്കുക.
6. ദുരന്തനാടകങ്ങളെക്കുറിച്ച് വിശദീകരിക്കുക.
7. പ്ലേറ്റോയുടെ രചനാലോകം വിവരിക്കുക
8. ഗ്രീക്ക് തത്വചിന്തയുടെ ചരിത്രം വിവരിക്കുക

## Suggested Reading


1. മുരളീധരൻ നെല്ലിയ്ക്കൽ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം
2. *The Oxford Handbook of Greek and Roman Comedy*. Edited by Michael Fontaine and Adele C. Scafuro, Oxford University Press
3. Hall, Edith, and Rosie Wyles. *New Directions in Ancient Pantomime.* Oxford University Press
4. *The Cambridge History of Greek and Roman Literature:* Volume 1, Greek Literature. Edited by P. E. Easterling and B. M. W. Knox, Cambridge University Press
5. Nagy, Gregory. *Greek Literature*. Routledge
6. Lateiner, Donald. *The Historical Method of Herodotus*. University of Toronto Press


## Reference


1. അച്യുതൻ എം., പാശ്ചാത്യ സാഹിത്യ ദർശനം, എൻ.ബി.എസ്, കോട്ടയം.
2. ചാത്തനാത്ത് അച്യുതനുണ്ണി, സാഹിത്യമീമാംസ താരതമ്യപരിപ്രേക്ഷ്യം, കറന്റ് ബുക്സ്, തൃശൂർ
3. Cooper, John M., editor. Plato: Complete Works. Hackett Publishing Company
4. Guthrie, W. K. C. A History of Greek Philosophy: Plato, the Man and His Dialogues, Earlier Period. Cambridge University Press
5. Irwin, Terence. Plato's Ethics. Oxford University Press
6. Kraut, Richard, editor. The Cambridge Companion to Plato. Cambridge University Press
7. Nehamas, Alexander. The Art of Living: Socratic Reflections from Plato to Foucault. University of California Press

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# അരിസ്റ്റോട്ടിലിന്റെ കാവ്യചിന്തകൾ

## Learning Outcomes

- പാശ്ചാത്യ നിരൂപണ രീതികളുടെ സവിശേഷതകൾ മനസിലാക്കുന്നു
- അരിസ്റ്റോട്ടിലിനെക്കുറിച്ച് അറിവ് നേടുന്നു
- അനുകരണവാദത്തെക്കുറിച്ച് ഉൾക്കാഴ്ച ലഭിക്കുന്നു
- ദുരന്ത നാടക സങ്കല്പം മനസ്സിലാക്കുന്നു
- കഥാർസിസ് (Catharsis), ഹാമർഷ്യ (Hamartia) എന്നിവ പരിചയപ്പെടുന്നു

## Background

പുരാതന ഗ്രീക്ക് തത്വചിന്തകരിലൊരാളായ അരിസ്റ്റോട്ടിൽ സാഹിത്യം, തത്വചിന്ത, ഭൗതികശാസ്ത്രം, ഗണിതം തുടങ്ങിയ മേഖലകളിൽ നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. ബി.സി 384-ൽ മാസിഡോണിയായിലെ സ്റ്റഗീറ എന്ന സ്ഥലത്താണ് അരിസ്റ്റോട്ടിൽ ജനിച്ചത്. ബിസി 367-ൽ ഏതൻസിൽ എത്തി. പതിനേഴാം വയസ്സിൽ പ്ലേറ്റോയുടെ അക്കാദമിയിൽ വിദ്യാർത്ഥിയായി. അക്കാദമിക്ക് രണ്ടുഭാഗങ്ങൾ ഉണ്ടെന്ന് പ്ലേറ്റോ വിശ്വസിച്ചിരുന്നു. അരിസ്റ്റോട്ടിലിന്റെ തലച്ചോറും മറ്റു വിദ്യാർത്ഥികളുടെ ശരീരങ്ങളും. പഠിപ്പിച്ചതെല്ലാം അപ്പാടെ വിഴുങ്ങുന്ന വിദ്യാർത്ഥി ആയിരുന്നില്ല അരിസ്റ്റോട്ടിൽ. പ്ലേറ്റോവിനോടുണ്ടായിരുന്ന ആദരവിന് അല്പം പോലും കുറവ് വരുത്താതെ തന്നെ അദ്ദേഹത്തിന്റെ ദർശനങ്ങളെ ചോദ്യം ചെയ്തു. ഒരു ശിഷ്യൻ ഗുരുവിന് നൽകേണ്ട ഏറ്റവും വലിയ ദക്ഷിണ ഗുരുവിന്റെ മുഴുത്ത പിഴകളെ അപ്പാടെ അംഗീകരിക്കലല്ല എന്ന് അദ്ദേഹം വിശ്വസിച്ചു. ഗുരുവിന്റെ ചിന്തകളിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് സ്വകീയമായ ദർശനം മുന്നോട്ടുവയ്ക്കുകയാണ് അരിസ്റ്റോട്ടിൽ. പ്ലേറ്റോണിക് ദർശനത്തിൽ അരിസ്റ്റോട്ടിൽ കലർത്തിയ സാമാന്യബുദ്ധിയാണ് അദ്ദേഹത്തെ തത്വജ്ഞാനികളുടെ മഹാഗുരു ആക്കിയത്.

സാഹിത്യസിദ്ധാന്തത്തിന്റെ പൊതുമണ്ഡലത്തിൽ അരിസ്റ്റോട്ടിലിനെപ്പോലെ ബൗദ്ധിക പെരുമ പേറിയവർ വളരെ കുറവാണ്. അദ്ദേഹത്തിന്റെ ദർശനങ്ങളും ഉൾക്കാഴ്ചകളും കലയെക്കുറിച്ചുള്ള നൂതനമായ കാഴ്ചപ്പാടുകൾ രൂപപ്പെടാൻ കാരണമായി. അരിസ്റ്റോട്ടിലിന്റെ 'പോയറ്റിക്സ്'(Poetics) കാലാതീതമായ ഒരു കൃതിയായി ഇന്നും നിലകൊള്ളുന്നു. വികാരങ്ങൾ ഉണർത്തുന്നതും വ്യക്തിഗത വളർച്ചയെ ഉത്തേജിപ്പിക്കുന്നതുമായ 'ദുരന്ത' സങ്കല്പത്തിന്റെ അഗാധമായ ശക്തിയെക്കുറിച്ച് പൊയറ്റിക്സ് എന്ന കൃതിയിൽ അദ്ദേഹം വിശദീകരിച്ചിരിക്കുന്നു.

ആഴത്തിലുള്ള ദർശനങ്ങളുടെയും സാർവത്രിക സത്യങ്ങളുടെയും മാനുഷിക അനുഭവങ്ങളുടെയും പ്രതീകാത്മക പ്രതിനിധീകരണം അരിസ്റ്റോട്ടിലിന്റെ സങ്കൽപ്പത്തിന്റെ മർമ്മമാണ്. അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തത്തിൽ ഏറെപ്രാധാന്യം ആർജിച്ച ആശയമാണ് കഥാർസിസ് (Catharsis).സാഹിത്യത്തിലോ നാടകത്തിലോ ചിത്രീകരിച്ചിരിക്കുന്ന ദാരുണമായ സംഭവങ്ങളുടെ വികാരപരമായ അനുഭവത്തിലൂടെ, മനുഷ്യ മനസ്സിനെ ശുദ്ധീകരിക്കുന്നതിനെയാണ്

കാഥാർസിസ് എന്ന് പറയുന്നത്. അരിസ്റ്റോട്ടിലിന്റെ ദുരന്തസങ്കല്പത്തിന്റെ ഏറ്റവും പ്രശസ്ത മായ ഉദാഹരണങ്ങളിലൊന്നാണ് ഷേക്സ്പിയറുടെ മാസ്റ്റർപീസായ 'ഹാംലെറ്റ്'.

## Keywords

അരിസ്റ്റോട്ടിൽ - പൊയറ്റിക്സ് - ദുരന്തനാടകം - കഥാർസിസ് - ട്രാജഡി - ഹാമർഷ്യ

## Discussion

### അരിസ്റ്റോട്ടിൽ (Aristotle)

> ▶ ലോക പ്രശസ്തനായ തത്വചിന്തകൻ

ലോക പ്രശസ്തനായ തത്വചിന്തകനാണ് അരിസ്റ്റോട്ടിൽ. പ്രകൃതി ശാസ്ത്രം, തത്വചിന്ത, ഭാഷാശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രീയം, മതം, മനഃശാസ്ത്രം എന്നീ മേഖലകളിലെല്ലാം അരിസ്റ്റോട്ടിലിന്റെ ചിന്താപദ്ധതി വ്യാപിച്ചു കിടക്കുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ അധ്യാപകനും പ്ലേറ്റോയുടെ ശിഷ്യനുമായിരുന്നു അദ്ദേഹം. സാഹിത്യ നിരൂപണ ലോകത്തിലെ അലക്സാണ്ടർ ചക്രവർത്തിയെന്നാണ് സെയിന്റ് ബെറി അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. 26 അധ്യായങ്ങളും പതിനായിരത്തോളം വാക്കുകളുമുള്ള 'പോയറ്റിക്സ്'(Poetics) എന്ന കാവ്യശാസ്ത്ര ഗ്രന്ഥത്തിലാണ് അരിസ്റ്റോട്ടിൽ തന്റെ കാവ്യസിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നത്. പ്ലേറ്റോയുടെ വാദഗതികൾക്ക് അദ്ദേഹം മറുപടി നൽകിയത് ഈ കൃതിയിലൂടെയാണ്.

> ▶ ലൈസിയം എന്ന വിദ്യാലയം

പ്ലേറ്റോയുടെ മരണശേഷം ഏതൻസിലേക്ക് മടങ്ങിയ അരിസ്റ്റോട്ടിൽ അപ്പോളോ ലൈസിയസ് ദേവന്റെ ക്ഷേത്രത്തിനു സമീപം ഒരു വിദ്യാലയം സ്ഥാപിച്ചു. ലൈസിയം എന്ന് അതറിയപ്പെട്ടു. തത്വശാസ്ത്രവും പ്രഭാഷണ കലയും തുടങ്ങി കായികാഭ്യാസം വരെയുള്ള കാര്യങ്ങളിൽ ലൈസിയം മാതൃകയായി തീർന്നു. ബി സി 200 ൽ ഫിലിപ്പ് രാജാവിനാലും ബിസി 87ൽ റോമൻ ജനറൽ ആയിരുന്ന സള്ളയാലും ലൈസിയം തകർക്കപ്പെട്ടു.

### പോയറ്റിക്സ് (Poetics)

ചരിത്രപരമായ തെളിവുകൾ വച്ചു നോക്കിയാൽ ലോകത്തിന്റെ ആദ്യത്തെ കാവ്യശാസ്ത്ര ഗ്രന്ഥമാണ് അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സ്. (നെല്ലിക്കൽ മുരളീധരൻ, പാശ്ചാത്യ സാഹിത്യ ദർശനങ്ങൾ )ഈ കൃതിയുടെ ആദ്യത്തെ അഞ്ച് അധ്യായങ്ങളിൽ അനുകരണാത്മകമായ കലകളെക്കുറിച്ച് ചർച്ച ചെയ്യുന്നു. '6 മുതൽ 19' വരെയുള്ള അധ്യായങ്ങളിൽ ദുരന്തനാടകമാണ് ചർച്ചചെയ്യുന്നത്. 20 മുതൽ 22 വരെയുള്ള അധ്യായങ്ങളിൽ കാവ്യഭാഷ, കാവ്യശൈലി, പദവിന്യാസം എന്നിവ ചർച്ചചെയ്യുന്നു. 23-ാം അധ്യായത്തിൽ ട്രാജഡിയെക്കുറിച്ച് ചർച്ച ചെയ്യുന്നു. മറ്റ് അധ്യായങ്ങൾ ഇതിഹാസ വിശകലനങ്ങളാണ്. കവിതയ്ക്കെതിരെ പ്ലേറ്റോ ഉയർത്തുന്ന വിമർശനങ്ങൾക്കുള്ള ശക്തമായ വെല്ലുവിളിയാണ് പോയറ്റിക്സ എന്ന കൃതി. കവിത അനുകരണം തന്നെയാണെന്നും

പക്ഷേ അത് സത്യത്തിൽ നിന്നും അകന്നു നിൽക്കുന്നില്ലെന്നും അരിസ്റ്റോട്ടിൽ വാദിക്കുന്നു. വസ്തുവിന്റെ പകർപ്പു മാത്രമാണ് അനുകരണമെന്ന പ്ലേറ്റോയുടെ വാദത്തെ അരിസ്റ്റോട്ടിൽ എതിർക്കുന്നു. പ്രകൃതിയുടെ പുനഃസൃഷ്ടിയാണ് അരിസ്റ്റോട്ടലിന്റെ ദർശനത്തിൽ അനുകരണം. ആദർശാത്മകമായ രൂപത്തിൽ വസ്തുക്കളെ സൃഷ്ടിക്കുക എന്നതാണ് അരിസ്റ്റോട്ടിൽ അനുകരണത്തിന് നൽകുന്ന ഉത്തരം. ബാഹ്യപ്രപഞ്ചത്തിന്റെ അന്തഃസത്തെയെ ഗ്രഹിക്കുന്ന കവി ഭാവനാത്മകമായ പുനഃസൃഷ്ടിയിലൂടെ സത്യത്തെ അനുകരിക്കുകയാണെന്ന് അരിസ്റ്റോട്ടിൽ വാദിച്ചു. കല അനുകരണാത്മകമായതു കൊണ്ട് സ്വീകാര്യമല്ലെന്ന് പ്ലേറ്റോ വാദിച്ചു. എന്നാൽ കലയെ ആ പേരിന് അർഹമാക്കുന്നത് അതിന്റെ അനുകരണാത്മകതയാണെന്ന് അരിസ്റ്റോട്ടിൽ വാദിക്കുന്നു. ജീവിതത്തെ മൂന്ന് തരത്തിലാണ് കല അനുകരിക്കുന്നത്. ജീവിതത്തിന്റെ തനതായ അനുകരണം, ആദർശാത്മകമായ ജീവിതത്തിന്റെ അനുകരണം, വിമലീകൃതമായ ജീവിതത്തിന്റെ അനുകരണം എന്നിങ്ങനെ മൂന്നു വിധം.

▶ കവിതാ അനുകരണം തന്നെയാണ് പക്ഷേ സത്യത്തിൽ നിന്ന് അകന്നു നിൽക്കുന്നില്ല

സത്യത്തിൽനിന്നും അനുകരണം അകന്നു നിൽക്കുന്നുവെന്ന് പ്ലേറ്റോ പറയുമ്പോൾ അനുകരണം നമ്മെ സത്യത്തോട് ചേർത്തു നിർത്തുന്നുവെന്നാണ് അരിസ്റ്റോട്ടിൽ പറയുന്നത്. കവിത സത്യമാണെന്ന് തെളിയുമ്പോൾ അദ്ദേഹം സംഭവ്യതാ നിയമം അവതരിപ്പിക്കുന്നു. സാഹിത്യം സംഭവിക്കുന്നതും സംഭവിച്ചതും മാത്രമല്ല; സംഭവിക്കാൻ ഇടയുണ്ടായിരുന്നതും സംഭവിക്കാവുന്നതുമായ കാര്യങ്ങളെക്കൂടി പ്രതിപാദിക്കുന്നുണ്ട്. നടന്നതിനെ പറ്റി എഴുതുമ്പോൾ കവിത ജനിക്കുന്നു. കാവ്യാനുഭവം സാർവ്വലൗകികമാണ്. കവിത ഭ്രാന്തല്ല; ബോധപൂർവ്വമായ ഒരു പ്രക്രിയയുടെ സംഭാവനയാണ്. അതുകൊണ്ട് തന്നെ കാവ്യസത്യം അലൗകികമാണെന്ന് അരിസ്റ്റോട്ടിൽ വാദിക്കുന്നു. പൗരസ്ത്യർ കാവ്യാനുഭവത്തെ അലൗകികം എന്നാണ് വിശേഷിപ്പിക്കുന്നത്.

▶ കാവ്യാനുഭവം സാർവ്വ ലൗകികമാണ്

## ദുരന്തനാടകചർച്ച (Tragedy)

'സ്വയം പൂർണ്ണവും ഗൗരവം നിറഞ്ഞതും നിശ്ചിത ദൈർഘ്യമുള്ളതുമായ ഒരു ക്രിയയുടെ അനുകരണമാണ് ട്രാജഡി' എന്നാണ് അരിസ്റ്റോട്ടിൽ ട്രാജഡിയെ വിശേഷിപ്പിക്കുന്നത്. അതിന്റെ ഒരോ ഭാഗത്തും ഉചിതമായ ഭാഷ പ്രയോഗിച്ചിരിക്കണം. അത് ആഖ്യാന രൂപത്തിലല്ല; നാട്യരൂപത്തിലാണ് പ്രയോഗിക്കേണ്ടത്. ട്രാജഡിയുടെ നിർവചനത്തിനു ശേഷം അരിസ്റ്റോട്ടിൽ അതിലെ ഘടകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു. ആറ് ഘടകങ്ങൾ ട്രാജഡിക്കുണ്ടെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

▶ ട്രാജഡിക്ക് വേണ്ട ആറ് ഘടകങ്ങൾ

1. ഇതിവൃത്തം (Plot)
2. കഥാപാത്ര ചിത്രീകരണം (Character)
3. ഉചിത ചിന്ത (Thought)
4. പദശില്പം (Diction)
5. ദൃശ്യചമത്ക്കാരം (Spectacle)
6. ഗീതം.(Melody)

## ഇതിവൃത്തം (Plot)

ട്രാജഡിയിലെ ഘടകങ്ങളിൽ അരിസ്റ്റോട്ടിൽ മുഖ്യസ്ഥാനം നൽകുന്നത് ഇതിവൃത്തത്തിനാണ്. നിശ്ചിത ദൈർഘ്യമുള്ള ആദി മധ്യാന്തമുള്ള സ്വയം പൂർണമായ ഒരു ക്രിയയാണ് അരിസ്റ്റോട്ടിലിനെ സംബന്ധിച്ചിടത്തോളം ഇതിവൃത്തം. നാടകത്തിലെ ക്രിയയുടെ സംവിധാനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്; പ്രമേയമല്ല. നാടകത്തിലെ വളരെ പ്രധാനമായ മൂന്ന് ത്രയങ്ങളെപ്പറ്റിപ്പറയുന്നത് സ്ഥല- കാല- ക്രിയൈക്യമാണ്. ഇതിൽ ക്രിയൈക്യത്തെക്കുറിച്ചാണ് അരിസ്റ്റോട്ടിൽ ഊന്നി പറയുന്നത്. ദുരന്തനാടകത്തിലെ ക്രിയയുടെ ഒരു ഭാഗംപ്പോലും അനാവശ്യമാകരുതെന്ന് അദ്ദേഹം പറയുന്നു. സംഭവക്രമങ്ങളുടെ വ്യത്യസ്തതയാണ് നാടക മഹത്വത്തിന് കാരണമായി അരിസ്റ്റോട്ടിൽ കാണുന്നത്. ഇതിവൃത്ത നിർവ്വഹണത്തിലെ ഔചിത്യം എവിടെ ആരംഭിക്കണം, എവിടെ അവസാനിപ്പിക്കണം എന്നീ ഘടകങ്ങളിലാണ് ശ്രദ്ധ ചെലുത്തേണ്ടത്. കവിയുടെ പ്രതിഭയുടെ പരീക്ഷണ ഘട്ടങ്ങളിൽ ഏറ്റവും സുപ്രധാനം ഇതിവൃത്ത നിർമ്മാണത്തിലെ ഈ കർമ്മകുശലതയാണ്. നൂതനമായ ഇതിവൃത്തമെന്നാൽ തീർത്തും കവികല്പിതമായത് എന്ന് അർഥമില്ല. പ്രഖ്യാതമാണെങ്കിൽത്തന്നെയും പുതിയതാണെന്ന രീതിയിൽ അവതരിപ്പിക്കണം എന്നു മാത്രം. ഇതിവൃത്ത സംവിധാനത്തിൽ നാടകകൃത്ത് പുലർത്തേണ്ട പ്രധാന ശ്രദ്ധ സംഭവ്യതയിലാണ്.

> ▶ നാടകത്തിലെ പ്രധാനപ്പെട്ട മൂന്നു ത്രയങ്ങൾ സ്ഥല - കാല - ക്രി യൈക്യം

1. ലളിതം (Simple), സങ്കീർണം (Complex) എന്ന് രണ്ട് വിധം
2. ഇതിവൃത്തത്തിന് പ്രാധാന്യം
3. സ്വയം പൂർണമായ ക്രിയ

ഇതിവൃത്തത്തെ ലളിതം/ സങ്കീർണം എന്ന് രണ്ട് വിധത്തിൽ അരിസ്റ്റോട്ടിൽ വിഭജിക്കുന്നു.

നായകന്റെ അവസ്ഥാപരിണാമം സ്ഥിതിവിപര്യയമോ പ്രത്യഭിജ്ഞാനമോ കൂടാതെ സംഭവിക്കുന്നത് ലളിതമായ ഇതിവൃത്തം. ഇവയിൽ ഏതെങ്കിലും ഒന്നോ, രണ്ടും ഒരുമിച്ചോ പ്രത്യക്ഷപ്പെടുന്നത് സങ്കീർണ്ണമായ ഇതിവൃത്തം. സങ്കീർണമാണ് ലളിതമായ ഇതിവൃത്തത്തെക്കാൾ ശ്രേഷ്ഠമെന്നാണ് അരിസ്റ്റോട്ടിൽ പറയുന്നത്. നാടകത്തിലെ ഒരവസ്ഥ തകിടം മറിയുന്നതാണ് സ്ഥിതിവിപര്യയം. ഈഡിപ്പസ് (Oedipus)രാജാവ് ഉദാഹരണമാണ്. ഇതിലെ സന്ദേശവാഹകന്റെ ആഗമനം സ്ഥിതിവിപര്യയത്തിന് ഉദാഹരണമാണ്. തന്റെ ഉള്ളിലെ ഒരു സംശയം മാറ്റുന്നതിനു വേണ്ടിയാണ് രാജാവ് ആ ദൂതനെ പറഞ്ഞയക്കുന്നത്. പക്ഷേ അയാൾ വെളിപ്പെടുത്തുന്ന അപ്രിയസത്യങ്ങൾ രാജാവിന്റെ സ്വസ്ഥത തകർക്കുന്നു. കഥാപാത്രത്തിന് സംഭവിക്കുന്ന തിരിച്ചറിവാണ് പ്രത്യഭിജ്ഞാനം. അച്ഛനെ വധിച്ചവനും അമ്മയെ വിവാഹം കഴിച്ച് രാജ്യത്തെ വിനാശത്തിലേക്ക് വീഴ്ത്തിയവനും താനാണെന്ന് ഈഡിപ്പസ് തിരിച്ചറിയുന്ന മുഹൂർത്തം പ്രത്യഭിജ്ഞാനത്തിന് ഉദാഹരണമായി അരിസ്റ്റോട്ടിൽ കണ്ടെത്തുന്നു.

> ▶ സങ്കീർണ്ണമായ ഇതിവൃത്തം ശ്രേഷ്ഠം
> ▶ സ്ഥിതി വിപര്യയമോ പ്രത്യഭിജ്ഞാനമോ കൂടാതെ സംഭവിക്കുന്നത് ലളിതം

## കഥാപാത്ര ചിത്രീകരണം (Character)

> ▶ ഹാമർഷ്യ ദുരന്ത നായകന്റെ അപചയനത്തിന് കാരണമാകുന്നത്

കഥാപാത്രങ്ങളുടെ സ്വഭാവാവിഷ്കാരത്തെക്കുറിച്ച് അരിസ്റ്റോട്ടിൽ വളരെയധികം ചർച്ചചെയ്യുന്നു. മുഖ്യ കഥാപാത്രം അടിസ്ഥാനപരമായി നല്ലവനായിരിക്കുമെങ്കിലും മികവുറ്റവനായിരിക്കുകയില്ല. അയാൾ അത്യന്തം ഗുണവാനോ അതീവ ദുഷ്ടനോ ആയിരിക്കാതെ മധ്യവർത്തിയായിരിക്കണം. ദുഷ്ടനായ ഒരു കഥാപാത്രത്തിന്റെ നാശം നമ്മുടെ നീതി ബോധത്തെ തൃപ്തിപ്പെടുത്തുമെങ്കിലും ട്രാജഡിയുടെ ഉന്നതമായ ധർമ്മത്തെ പ്രേക്ഷക മനസ്സിൽ സൃഷ്ടിക്കാൻ കഴിയില്ല. മുഖ്യ കഥാപാത്രത്തിന്റെ ദുരന്തത്തിന് അസ്പദമായ പഴുതിനെയാണ് അരിസ്റ്റോട്ടിൽ 'ഹാമർഷ്യ' എന്ന പദം കൊണ്ട് അർഥമാക്കുന്നത്. ഈഡിപ്പസിന്റെ അക്ഷമയും മാക്ബത്തിന്റെ ദുരാഗ്രഹതയുമെല്ലാം ഹാമർഷ്യയ്ക്ക് ഉദാഹരണമാണ്.

## ഉചിതമായ ചിന്ത (Thought)

> ▶ ഉചിതമായ ചിന്തയും ദാർശനിക വീക്ഷണവും

ഉത്തമകലയുടെ പ്രത്യക്ഷീകരണമായ ഭാഷയാണ് ഉചിതമായ ചിന്ത. കലാകാരന്റെ ദാർശനികമായ വീക്ഷണമായിരിക്കണം ചിന്ത എന്നതുകൊണ്ട് അരിസ്റ്റോട്ടിൽ അർത്ഥമാക്കുന്നത്. ചിന്തയെ കുറിച്ചുള്ള ഈ സിദ്ധാന്തം കവിതയ്ക്കല്ല പ്രഭാഷണകലയ്ക്കാണ് ചേരുകയെന്ന് ബൈവാട്ടർ പറയുന്നു. യഥാർഥത്തിൽ ഉത്തമ ചിന്തയുടെ പ്രത്യക്ഷീകരണമായ ഭാഷയാണ് ഉചിതമായ ചിന്ത.

## പദശില്പം (Diction)

> ▶ വാക്കുകളിൽ അർഥത്തെ ആവിഷ്കരിക്കുന്നു

വാക്കുകളിൽ അർത്ഥത്തെ ആവിഷ്കരിക്കലാണ് പദശില്പം. അതിനു വേണ്ടി പദങ്ങൾ അടുക്കുന്നതിൽ കവി കാണിക്കുന്ന കൗശലം വളരെ നിർണായകമാണ്. യഥോചിതം അടുക്കുന്ന പദങ്ങൾക്ക് ആശയ സംവേദന ശക്തിയുണ്ട്.

## ദൃശ്യചമത്ക്കാരം (Spectacle)

> ▶ നാടകം രംഗകലയായതുകൊണ്ട് ദൃശ്യചമത്ക്കാരത്തിന് അതീവപ്രാധാന്യമുണ്ട്

നാടകം രംഗകലയായതുകൊണ്ട് ദൃശ്യചമത്ക്കാരത്തിന് അതീവ പ്രാധാന്യമുണ്ട്. രംഗ വേദിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അരിസ്റ്റോട്ടിലിന്റെ കാഴ്ചപാടുകളാണ് ഈ ഭാഗത്ത് കാണാൻ കഴിയുക. എന്നാൽ രംഗകലയെന്ന നിലയിൽ നാടകത്തെ സമീപിക്കുന്നതിനെക്കാളെറെ അതൊരു സാഹിത്യരൂപം എന്ന രീതിയിൽ കാണാനാണ് അദ്ദേഹം ഇഷ്ടപ്പെടുന്നതെന്ന തോന്നുന്നു.

## ഗീതം (Melody)

> ▶ ദുരന്ത നാടകത്തിന്റെ അലങ്കാരം

ദുരന്ത നാടകത്തിന്റെ അലങ്കാരം എന്ന നിലയിൽ മാത്രമേ ഗീതം പരിഗണിക്കുന്നുള്ളു. ആത്മാവിലേക്ക് അതിന് പ്രവേശനമില്ല.

## കഥാർസിസ് (Catharsis)

കഥാർസിസ് എന്ന ഗ്രീക്ക് പദത്തിന് അർത്ഥം 'വിരേചനം' എന്നാണ്. രണ്ടായിരത്തിലധികം വർഷങ്ങൾക്ക് മുമ്പാണ് ഗ്രീക്ക് തത്വചിന്തകനായ അരിസ്റ്റോട്ടിൽ ഈ പദം ഉപയോഗിച്ചത്. ദുരന്ത നാടകത്തിന്റെ പ്രയോജനത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന വേളയിലാണ് അരിസ്റ്റോട്ടിൽ

കഥാർസിസ് എന്ന പദം പ്രയോഗിക്കുന്നത്. ദുരന്തനാടകാനുഭവം അനുവാചകരിൽ സൃഷ്ടിക്കുന്ന വൈകാരികാനുഭവത്തെ കഥാർസിസ് എന്ന് വിളിച്ചു കൊണ്ട് മറ്റൊരു സന്ദർഭത്തിൽ താൻ ഈ സംജ്ഞ വിശദീകരിക്കാമെന്ന് പറയുന്നുണ്ടെങ്കിലും പിന്നീട് അദ്ദേഹം ഈ വാഗ്ദാനം പാലിക്കുന്നില്ല. കവിത വികാരങ്ങളെ ഇളക്കുന്നുവെന്ന പ്ലേറ്റോയുടെ വാദത്തിനുള്ള മറുപടിയാണ് കഥാർസിസ്. പോയറ്റിക്സിന്റെ ൪ാം അധ്യായത്തിലാണ് അരിസ്റ്റോട്ടിൽ ഈ പദം പ്രയോഗിച്ചത്. ദുരന്തനാടകം വീക്ഷിക്കുന്നതിലൂടെ തീവ്രമായ മാനസിക സംഘർഷവും വികാരവിക്ഷോഭവും നിർമാർജനം ചെയ്യാൻ കഴിയുമെന്ന് സ്ഥാപിക്കുന്നതിനാണ് അദ്ദേഹം ഈ പദം ഉപയോഗിച്ചത്. മാനസിക സംഘർഷം അടക്കിവെയ്ക്കാതെ പുറന്തള്ളുകയാണെങ്കിൽ ഒരു തരം മാനസിക സംതൃപ്തി അനുഭവവേദ്യമാകും എന്നായിരുന്നു അതിന്റെ സാരം. സിഗ്മണ്ട് ഫ്രോയ്ഡിനെ പോലുള്ളവർ ഈ വീക്ഷണത്തെ അനുകൂലിക്കുന്നുണ്ട്. നിഷേധാത്മക വികാരങ്ങൾ തുറന്നു പ്രകടിപ്പിക്കാതെ അമർത്തിവെയ്ക്കുന്നവർക്ക് കാലക്രമത്തിൽ മനോവിഭ്രാന്തിപോലുള്ള മാനസിക പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതുകൊണ്ട് നിങ്ങൾ കോപം അടക്കിവയ്ക്കാതെ അത്പ്രകടിപ്പിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. എന്നാൽ കോപം പോലുള്ള നിഷേധാത്മക വികാരങ്ങൾ തുറന്നു പ്രകടിപ്പിക്കുന്നത് മാനസിക സംഘർഷത്തിൽ നിന്ന് മുക്തി നേടാൻ സഹായിക്കുമെന്ന് ഒരു ഗവേഷണവും തെളിയിച്ചിട്ടില്ലെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. കഥാർസിസ് സിദ്ധാന്തം പരീക്ഷിച്ച് കോപത്തിന്റെ കെട്ടഴിച്ചുവിടുന്നത് പലപ്പോഴും നിങ്ങളുടെ കോപം ശമിപ്പിക്കുകയല്ല മറിച്ച് കൂടുതൽ രൂക്ഷമാക്കുകയാണ് ചെയ്യുന്നതെന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നതായി ഗാരിഹാൻകിൻസ് എന്ന മനഃശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നുണ്ട്.

- കഥാർസിസ് എന്നപദത്തിന് അർഥം'വിരേചനം'

- തീവ്രമായ മാനസിക സംഘർഷവും വികാരവിക്ഷോഭവും നിർമ്മാജനം ചെയ്യാൻ സാധിക്കും

ഈ പദം തുടക്കം മുതൽ വിവാദമാകുകയാണുണ്ടായത്. അതിന്റെ അർത്ഥത്തെക്കുറിച്ചും ഉദ്ദേശ്യത്തെക്കുറിച്ചുമുള്ള വാദപ്രതിവാദങ്ങളാണ് നടന്നത്. ഇതിനെക്കുറിച്ച് ജോൺ മോർലി പറഞ്ഞത് ഇപ്രകാരമാണ്. "മനുഷ്യന്റെ ബുദ്ധിശക്തിക്ക് അപമാനവും അവന്റെ വൈഷണിക വന്ധ്യതയുടെ വികൃതമായ സ്മാരകവുമായ കഥാർസിസിന്റെ വ്യാഖ്യാന ശ്രമങ്ങൾ"മനുഷ്യാവസ്ഥകളുടെ ദുരന്ത ചിത്രീകരണത്തിലൂടെ പ്രേക്ഷകനിൽ ഭയകരുണങ്ങളുണർത്തി അതിന് ശമനമുണ്ടാക്കിയാണ് കഥാർസിസ് സാധിക്കുന്നത്. അരിസ്റ്റോട്ടിൽ ഉപദേശിച്ച കഥാർസിസിന്റെ ലക്ഷ്യം അത്യന്തമായ മനുഷ്യമനസ്സിന്റെ സമീകരണമാണ്. വ്യത്യസ്തമായ വ്യാഖ്യാനങ്ങളാണ് കഥാർസിസിന് ഉണ്ടായത്. വൈദ്യശാസ്ത്രപരം, മതപരം, ധാർമ്മികം, ട്രാജഡിയുടെ വൈകാരിക ഫലം, എന്നിങ്ങനെ പല വിധത്തിൽ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്.

- അനുവാചകരിൽ സൃഷ്ടിക്കുന്ന വൈകാരികാനുഭവം
- വികാര വിമലീകരണം

## വൈദ്യശാസ്ത്രപരം

വികാരവിവേചനം (Purgation of Feeling) എന്ന അർത്ഥത്തിൽ കഥാർസിസിനെ വ്യാഖ്യാനിക്കാൻ ശ്രമിച്ചവരാണ് ഇതിനെ വൈദ്യശാസ്ത്രപരമായി നോക്കിക്കാണാൻ ശ്രമിച്ചത്. എം.ബി. വാൽക്ലെ, ബുച്ചർ, ലൂക്കാച്ച് എന്നിവർ ഈ ആശയത്തിന്റെ പ്രചാരകരാണ്. മരുന്ന് ശരീരത്തിൽ വരുത്തുന്നതു പോലുള്ള ചികിത്സാപരമായ ഫലമാണ് നാടകം ആത്മാവിൽ

വരുത്തുന്നത് എന്ന് ഇവർ പറയുന്നു. എല്ലാ മനുഷ്യരുടെ ഹൃദയങ്ങളിലും കുടികൊള്ളുന്ന ഭയകരുണങ്ങളെ ട്രാജഡി ഉണർത്തി അവയ്ക്ക് ആനന്ദകരമായ ശമനമുണ്ടാക്കുന്നു. ബുച്ചർ അല്പം കൂടി മുന്നോട്ട് പോകുന്നുണ്ട്. "അസുഖകരമായ അംശത്തെ നിർമ്മാർജ്ജനം ചെയ്യുക മാത്രമല്ല ഇവിടെ സാധിക്കുന്നത്. മറിച്ച് വിരേചനം എന്ന ആശയം തീർച്ചയായും ഇവിടെയുണ്ട്. എന്നാലും നാടകമാരംഭിച്ച് വികസിക്കുമ്പോൾ വികാരവിരേചനത്തോടൊപ്പം ശുദ്ധീകരണവും സാധിക്കുന്നു.'' നിർവ്യക്തീകരണമെന്നോ സാമാന്യവത്ക്കരണമെന്നോ കരുതാവുന്ന തത്വങ്ങളെ അവലംബമാക്കിയാണ് ബുച്ചർ ഭയ കരുണകളെ സമീപിക്കുന്നത്. ലൂക്കാച്ച് ആധുനിക വൈദ്യശാസ്ത്രത്തിൽ നിന്നും പിറകോട്ട് പോയി പ്രാചീന വൈദ്യശാസ്ത്രത്തിലെത്തിച്ചേരുന്നു. മനുഷ്യന്റെ വൈകാരിക ഘടനയെ നിയന്ത്രിക്കുന്ന നാല് ഘടകങ്ങളുണ്ട്. കോപം, ഉദാസീനം, ശോകം, രക്തപങ്കിലം എന്നിവയാണിവ. അവയുടെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ചാണ് ഓരോത്തരുടെയും സ്വഭാവരൂപീകരണം നടക്കുക. ഈ നാല് ഘടകങ്ങളുടെ സന്തുലനാവസ്ഥയാണ് ആരോഗ്യപരമായ മനസിന്റെ ആധാരം. ട്രാജഡിയുടെ ദർശനം ഉദ്വേഗപൂർണ്ണമായ ദൃശ്യബിംബങ്ങളുടെ ദർശനം എന്നിവ ഈ സന്തുലനം സാധ്യമാക്കുന്നു.

- മരുന്ന് ശരീരത്തെ സുഖപെടുത്തുന്നതു പോലെ നാടകം ആത്മാവിനെ സുഖപ്പെടുത്തുന്നു

## മതപരം

മതപരമായ അർത്ഥവും വ്യഖ്യാനവും കഥാർസിസ് എന്ന ആശയത്തിന് നൽകുന്നുണ്ട്. മതോന്മാദികളെ സന്തുലനാവസ്ഥയിലേക്ക് കൊണ്ടുവരാൻ സംഗീതത്തിന് കഴിയുമെന്ന് വിശ്വസിക്കുന്നവരുണ്ട്. "മതത്തിന്റെ അടിച്ചമർത്തലും അനിയന്ത്രിതമായ സ്വാതന്ത്ര്യവും അസന്തുലനാവസ്ഥയുണ്ടാക്കും. സംഗീതമുപയോഗിച്ച് അതിനെ സമപ്പെടുത്തണം. പോയറ്റിക്സിൽ ശുദ്ധീകരണമാണെന്നതും ഈ വാദത്തിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ വാദം ഉന്നയിക്കുന്നവരുടെ അഭിപ്രായത്തിന്റെ ചുരുക്കമിതാണ് - മതപരമായ അശുദ്ധിയെ അനുഷ്ഠാനം കൊണ്ട് നിർമ്മാർജ്ജനം ചെയ്യുക എന്നതാണ്.

- മതപരമായ വ്യാവ്യാനങ്ങളും കഥാർസിസും

## ധാർമ്മികം

ഹംഫ്രി ഹൗസ് (HumphryHouse) കഥാർസിസിനെ വ്യാഖ്യാനിച്ച ഒരാളാണ്. പ്ലേറ്റോ കലയെ തള്ളിക്കളഞ്ഞതിന്റെ കാരണങ്ങളെ അരിസ്റ്റോട്ടിൽ ചോദ്യം ചെയ്തു. ധാർമ്മിക പരിഗണനയിൽ കലയ്ക്ക് പ്രസക്തിയുണ്ടെന്ന് തെളിയിക്കാൻ പ്ലേറ്റോ ശ്രമിച്ചിരുന്നെന്നാണ് ഹൗസ് ചൂണ്ടിക്കാണിക്കുന്നത്. ഈ ദാർശനികമായ വെല്ലുവിളിയെ അരിസ്റ്റോട്ടിൽ നേരിടുന്നുണ്ട്. "ഞാൻ ഉദ്ദേശിക്കുന്നത് ധാർമ്മികമായ നന്മയാണ്. കാരണം വികാരങ്ങളോടും ക്രിയകളോടും ബന്ധപ്പെട്ടിരിക്കുന്നത് അതാണ്. ശരിയായ സമയത്ത്, ശരിയായ വസ്തുക്കളുടെ നേരെ, ഉചിതമായ ഉദ്ദേശത്തോടുകൂടി ഉചിതമായ രീതിയിൽ ഈ വികാരങ്ങൾ ഉണ്ടാവുകയെന്നതാണ് ഉത്തമമായ നില - നന്മയുടെ പ്രത്യേകതയും അതാണ്.'' ട്രാജഡി മനുഷ്യവികാരങ്ങളുടെ ഉന്മത്തത മനസ്സിൽ സൃഷ്ടിക്കുന്നു. ധാർമ്മിക സംസ്കൃതിയുള്ള വ്യക്തിയെ രൂപീകരിക്കലാണ് ട്രാജഡിയുടെ ഫലം. കലാദർശനത്തെ ധർമ്മശാസ്ത്രത്തിൽ നിന്ന് മോചിപ്പിക്കലല്ല, മറിച്ച് അതിന് ധാർമ്മികമായ അടിസ്ഥാനമുറപ്പിക്കുന്നതിനാണ് കഥാർസിസിനെ അരിസ്റ്റോട്ടിൽ സമീപിച്ചത്. തീയേറ്റർ ആശുപത്രിയല്ല

- ധാർമ്മിക സംസ്കൃതിയുള്ള വ്യക്തിയെ രൂപീകരിക്കൽ

എന്ന് ലൂക്കാസ് പരിഹസിക്കുകയുണ്ടായി. ബുച്ചറും ധാർമ്മികമായ ഈ തലത്തോട് യോജിക്കുന്നില്ല.

## ട്രാജഡിയുടെ വൈകാരികഫലം

▶ ദുരന്ത നായകനും പ്രേക്ഷകന്റെ സഹാനുഭൂതിയും ആദരവും നേടുന്നു

ട്രാജഡിയുടെ വൈകാരികഫലം എന്ന നിലയിലും കഥാർസിസിന് വ്യാഖ്യാനം ഉണ്ടായിട്ടുണ്ട്. ജറാൾഡ് ഏൽസ് ഈ വാദം അവതരിപ്പിക്കുന്നു. "നാടകപാത്രം അനുഷ്ഠിക്കുന്ന ക്രിയകൾ സംവിധാനം ചെയ്യുന്നതിൽ നാടകകൃത്ത് പാലിക്കേണ്ട ഒരു തത്വമോ ആ തത്വത്തിന്റെ പരിപാലനം കൊണ്ട് ക്രിയകൾക്കും സംഭവങ്ങൾക്കുമുണ്ടാകുന്ന പരിണാമവുമോ ആണ് കഥാർസിസ്.''നീചകൃത്യങ്ങൾ ചെയ്തവനാണ് ദുരന്തനായകനെങ്കിലും അയാൾ പ്രേക്ഷകന്റെ സഹാനുഭൂതിയും ആദരവും നേടുന്നു.

▶ വൈകാരിക വിക്ഷോഭത്തിൽ നിന്നും പ്രേക്ഷകനെ കരകയറ്റുന്നു

കാവ്യകല വൈകാരിക വിക്ഷോഭത്തിൽ നിന്നും പ്രേക്ഷകനെ കരകയറ്റുകയാണ് ചെയ്യുന്നത്. നാടകാസ്വാദനത്തിൽ മുഴുകുന്ന പ്രേക്ഷകന്റെ ഉള്ളിൽ ഉണർത്തപ്പെടുന്ന വികാരങ്ങൾ ഉചിതമായ രീതിയിൽ മാനസിക സന്തുലിതത്തിന് ഉതകുന്ന വിധത്തിൽ പരിണാമവിധേയമാകുന്നു. നാടകാസ്വാദനത്തിന് മുൻപുണ്ടായിരുന്ന രീതിയിലായിരിക്കില്ല അതിന് ശേഷം പ്രേക്ഷകനിൽ വികാരങ്ങൾക്ക് വൈകാരികഭാവത്തിൽ നിന്നും സംസ്കാരികതലത്തിലേക്കുള്ള വ്യതിയാനം സംഭവിക്കും. കഥാർസിസിന്റെ ഫലം വികാരങ്ങളുടെ ശമനമാണ്. വൈകാരികമായ സന്തുലിതത്വത്തിലൂടെ ആനന്ദാവസ്ഥ പ്രാപിക്കുന്ന പ്രേക്ഷകനെയാണ് കഥാർസിസ് ഉന്നം വയ്ക്കുന്നത്.

## ഹാമർഷ്യ (Hamartia)

▶ അജ്ഞതകൊണ്ട് ഉണ്ടാകുന്ന തെറ്റ്

മുഖ്യ കഥപാത്രത്തിന്റെ, ദുരന്തത്തിന് ആസ്പദമായ പഴുതിനെയാണ് അരിസ്റ്റോട്ടിൽ 'ഹാമർഷ്യ' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഒരു ധാർമ്മിക വൈകല്യമാണ് അതെന്ന് ചിലർ പറയുന്നു. ഹംഫ്രി ഹൗസിനെപ്പോലുള്ള നിരൂപകർ അജ്ഞത കൊണ്ട് ഉണ്ടാകുന്ന ഏതെങ്കിലും തെറ്റ് എന്ന വ്യഖ്യാനമാണ് ഹമാർഷ്യയ്ക്കുള്ളതെന്ന് വാദിക്കുന്നു. ദുരന്ത നാടകത്തിലെ നായകന്മാർ ബോധപൂർവ്വം ദുഷ്കൃത്യം ചെയ്യുന്നില്ല. സ്വഭാവത്തിലെ ദൗർബല്യത്തിന് അടിമപ്പെട്ടോ അജ്ഞത കൊണ്ടോ ദുരന്തത്തിൽ എത്തിച്ചേരുന്നു. അതുകൊണ്ട് കുറ്റപ്പെടുത്തലും നിന്ദയുമല്ലാതെ, ആഴമേറിയ സഹാനുഭൂതിയാണ് ദുരന്തനായകൻ ആവശ്യപ്പെടുന്നത്.

▶ മുഖ്യ കഥപാത്രത്തിന്റെ ദുരന്തത്തിന് ആസ്പദമായ പഴുത്

ഹാമർഷ്യ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം ലക്ഷ്യം തെറ്റുക എന്നാണ്. യാഥാർത്ഥ്യത്തെപ്പറ്റിയുള്ള അറിവില്ലായ്മ കൊണ്ടോ അക്ഷമ കൊണ്ടോ മനുഷ്യനു പറ്റുന്ന ഒരു ലക്ഷ്യം തെറ്റൽ തന്നെയാണ് ഹാമർഷ്യ ഏത് ദുരന്തത്തിലും മനുഷ്യർ അവന്റേതായ പങ്ക് വഹിക്കണം. തത്വചിന്താപരമായ ഈ അന്തർമണ്ഡലം ആവിഷ്കരിക്കാനാണ് അരിസ്റ്റോട്ടിൽ ഹാമർഷ്യ എന്ന പദം ഉപയോഗിക്കുന്നത്.

## Summarised Overview

'പൊയിറ്റിക്സ്' എന്ന തന്റെ കൃതിയിൽ, പ്ലോട്ട്, സ്വഭാവം, ചിന്ത, ഡിക്ഷൻ, മെലഡി, കണ്ണട (Spectacles)എന്നിവ ഉൾപ്പെടെയുള്ള ദുരന്തത്തിന്റെ പ്രധാന ഘടകങ്ങളെ അരിസ്റ്റോട്ടിൽ വിവരിച്ചു. എന്നിരുന്നാലും, ദുരന്തത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയം കാലക്രമേണ തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ട്. പ്രത്യേകിച്ച് ദുരന്ത സംഭവങ്ങളുടെ സാങ്കൽപ്പിക വ്യാഖ്യാനവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട പുനർവ്യാഖ്യാനം ദുരന്ത വിവരണങ്ങളുടെ പ്രതീകാത്മക പ്രാധാന്യത്തെ ഊന്നിപ്പറയുന്നു. സാങ്കൽപ്പിക ഘടകങ്ങൾ ഉപയോഗിച്ച് ദുരന്തത്തെ സന്നിവേശിപ്പിക്കുന്നതിലൂടെ, എഴുത്തുകാർക്ക് സങ്കീർണ്ണമായ വിഷയങ്ങളെയും സാർവത്രിക സത്യങ്ങളെയും അഭിസംബോധന ചെയ്യാനും പ്രേക്ഷകരുടെ അനുഭവത്തെ സമ്പന്നമാക്കാനും ആത്മപരിശോധനയ്ക്ക് പ്രേരിപ്പിക്കാനും കഴിയും ഗൗരവപൂർണവും സ്വയം പൂർണവും നിശ്ചിത ദൈർഘ്യം ഉള്ളതുമായ ക്രിയയുടെ അനുകരണമാണ് ട്രാജഡി അഥവാ ദുരന്ത നാടകം. ദുരന്ത നാടകത്തിന് ആറു ഘടകങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് വിശദമാക്കുന്നു. അവയുടെ വിശദീകരണത്തിലൂടെ മാത്രമേ വികാരോത്തേജനം എന്ന് പ്ലേറ്റോ നിർദേശിച്ച അവസ്ഥയെപ്പറ്റി പഠിക്കാനാവു.

അരിസ്റ്റോട്ടിലിന്റെ ദുരന്ത സങ്കൽപ്പത്തിന്റെ കേന്ദ്രബിന്ദു, അനുഭവത്തിലൂടെ വികാരങ്ങളെ ശുദ്ധീകരിക്കുന്ന കഥാർസിസ് എന്ന ആശയമാണ്. മാനസിക സംഘർഷം അടക്കിവെയ്ക്കാതെ പുറന്തള്ളുകയാണെങ്കിൽ ഒരു തരം മാനസിക സംതൃപ്തി അനുഭവവേദ്യമാകും എന്നായിരുന്നു അതിന്റെ സാരം. ദാരുണമായ വിവരണങ്ങൾ പ്രേക്ഷകരിൽ സഹതാപത്തിന്റെയും ഭയത്തിന്റെയും വികാരങ്ങൾ ഉണർത്തുകയും അത് മനുഷ്യമനസ്സിനെ വൈകാരികവും ബൗദ്ധികവുമായ ഒരു തലത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ട്രാജഡിയുടെ വൈകാരിക ഫലം എന്ന നിലയിലും കഥാർസിസിന് വ്യാഖ്യാനം ഉണ്ടായിട്ടുണ്ട്. ജറാൾഡ് ഏൽസ് ഈ വാദം അവതരിപ്പിക്കുന്നു.മുഖ്യ കഥപാത്രത്തിന്റെ ദുരന്തത്തിന് ആസ്പദമായ പഴുതിനെയാണ് അരിസ്റ്റോട്ടിൽ ഹാമർഷ്യ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. അരിസ്റ്റോട്ടിലിന്റെ സാഹിത്യ ദർശനം പിൽക്കാലത്ത് വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. പോയറ്റിക്സിനെ ഒരു പഠനഗ്രന്ഥം എന്ന നിലയിൽ സ്വീകരിക്കപ്പെട്ടു. സാർവലൗകിക ധിക്ഷണയായി ടി.എസ് എലിയറ്റ് അരിസ്റ്റോട്ടിലിനെ കാണുന്നു.

## Assignments

1. അരിസ്റ്റോട്ടലിന്റെ സാഹിത്യ സിദ്ധാന്തങ്ങൾ അപഗ്രഥിക്കുക
2. അനുകരണവാദത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ സംഗ്രഹിക്കുക
3. കഥാർസിസ്, ഹാമർഷ്യ എന്നീ പദങ്ങൾ വിശദമായി ചർച്ച ചെയ്യുക
4. പ്ലേറ്റോയുടെ ചിന്തകൾക്കുള്ള അരിസ്റ്റോട്ടിലിന്റെ മറുപടികൾ സംഗ്രഹിക്കുക.
5. ദുരന്ത നാടകങ്ങളുടെ സവിശേഷതകൾ എന്തെല്ലാം ?
6. അരിസ്റ്റോട്ടലിന്റെ ദുരന്തനാടക സങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു ദുരന്ത നാടകത്തെ വിശകലനം ചെയ്യുക.
7. ട്രാജഡിയെക്കുറിച്ച് വിശദീകരിക്കുക
8. അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിനെ പരിചയപ്പെടുത്തുക

## Suggested Reading


1. എം. അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, എൻ. ബി. എസ് കോട്ടയം.
2. നെല്ലിയക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി. സി ബുക്സ്, കോട്ടയം.
3. Guthrie, W. K. C. *A History of Greek Philosophy: Aristotle: An Encounter.* Cambridge University Press.
4. Barnes, Jonathan, editor. *The Cambridge Companion to Aristotle.* Cambridge University Pres.
5. Irwin, Terence. *Aristotle's First Principles.* Clarendon Press.


## Reference


1. കെ. എം. തരകൻ, പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം, എസ്. പി. സി. എസ്, കോട്ടയം
2. ചാത്തനാത്ത് അച്യുതനുണ്ണി, സാഹിത്യമീമാംസ താരതമ്യപരിപ്രേക്ഷ്യം, കറന്റ് ബുക്സ്, തൃശൂർ
3. Ackrill, J. L. *Aristotle the Philosopher.* Oxford University Press
4. Frede, Michael, and Gisela Striker, editors. *Rationality in Greek Thought*. Oxford University Press
5. Lear, Jonathan. *Aristotle: The Desire to Understand.* Cambridge University Press
6. Nussbaum, Martha C. *The Fragility of Goodness*: Luck and Ethics in Greek *Tragedy and Philosophy.* Cambridge University


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 3 ഹോറസിന്റെയും ലോംഗിനസിന്റെയും കാവ്യനിരീക്ഷണങ്ങൾ

## Learning Outcomes

- കാവ്യനിരൂപണത്തെക്കുറിച്ചുള്ള ഉൾകാഴ്ച ലഭിക്കുന്നു
- ഹോറസ് (Horace)എന്ന പ്രതിഭയുടെ ചിന്തകളെ അപഗ്രഥിക്കുന്നു
- ആഴ്സ് പൊയറ്റിക (Ars poetica) എന്ന കൃതിയെ പരിചയപ്പെടുന്നു
- ലോംഗിനസ്എന്ന നിരൂപകന്റെ മൗലികമായ ആശയങ്ങളെക്കുറിച്ച് സാമാന്യ മായ ധാരണ ലഭിക്കുന്നു.
- ഉദാത്തതാവാദത്തെക്കുറിച്ച് അറിവ് നേടുന്നു
- ഉദാത്തതയുടെ ഉറവിടങ്ങളെ കണ്ടെത്തുന്നു

## Background

ബിസി 322-ൽ അരിസ്റ്റോട്ടിൽ അന്തരിച്ചതിനുശേഷം വിമർശന ചരിത്രത്തിൽ ശ്രദ്ധേയമായ യാതൊരു ചലനങ്ങളും പ്രത്യക്ഷപ്പെട്ടിരുന്നില്ല. പ്രഭാഷണ കലയാണ് പിന്നീട് രംഗം കീഴടക്കിയത്. രാഷ്ട്ര ചിന്തകളുടെ വിഹാരമണ്ഡലമായിരുന്നതുകൊണ്ട് അത് തഴച്ചു വളരുകയും ചെയ്തു. പിന്നീട് അഗസ്റ്റസ് സീസറിന്റെ കാലത്തോടുകൂടിയാണ് സാഹിത്യ കലക്ക് വളരാനുള്ള സാഹചര്യം സൃഷ്ടിച്ചത്. അഗസ്റ്റസിന്റെ ഭരണകാലത്തു ജീവിച്ചിരുന്ന പ്രമുഖ റോമൻ കവിയാണ് ഹോറസ്. ബിസി 65 -ൽ ഇറ്റലിയിലെ വെനിസിയയിലാണ് ഹോറസ് ജനിച്ചത്.വളരെ ചെറുപ്പത്തിൽ തന്നെ തത്വചിന്ത പഠിക്കാൻ ഏതൻസിൽ എത്തി. ജൂലിയസ് സീസർ വധിക്കപ്പെടുകയും ബ്രൂട്ടസിന്റെന പട്ടാളത്തിൽ കുറച്ചു നാൾ ചേരുകയും ചെയ്തു. അഗസ്റ്റസ് ചക്രവർത്തിയുമായുള്ള സൗഹൃദമാണ് ' Epistle to Augustus' എന്ന കൃതിക്ക് ആധാരം.ചക്രവർത്തിക്ക് എഴുതിയ കത്താണ് ഇത്. ക്ലാസിക് സാഹിത്യത്തെക്കുറിച്ച് പൊള്ള വാക്കുകൾ പറഞ്ഞ് സമകാലിക സാഹിത്യത്തെ തള്ളിപ്പറയുന്നവർക്കുള്ള മറുപടി ഈ കത്തിൽ ഉണ്ട്. പ്രാചീനത്വമല്ല ആന്തരികമായ ഗുണപ്രകർഷമാണ് കൃതികളെ വിലയിരുത്തുമ്പോൾ മാനദണ്ഡമാക്കേണ്ടതെന്ന് അദ്ദേഹം ഊന്നിപറയുന്നു. ആഴമില്ലാത്ത കവിതകൾ എഴുതുന്നവരെ അപഹസിക്കുന്നു.അദ്ദേഹത്തിന്റെ 'ആഴ്സ് പൊയറ്റിക്ക'(Ars Poetica) വിവിധ തലമുറകളിലെ എഴുത്തുകാർക്ക് വഴികാട്ടിയായി മാറി. കവിതാരചനയുടെ മാർഗങ്ങളും തത്വങ്ങളും ഈ കൃതി വിവരിക്കുന്നു. കാവ്യരചനയിൽ ഐക്യം, വ്യക്തത, യോജിപ്പ് എന്നിവയുടെ പ്രാധാന്യം ഊന്നിപ്പറയുന്നു. ചരിത്രത്തിലുടനീളം സാഹിത്യ നിരൂപണത്തിന്റെയും കാവ്യസിദ്ധാന്തത്തിന്റെയും പഠനത്തിൽ ഈ ഗ്രന്ഥം വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. കവിതയുടെ കലയെക്കുറിച്ച് വിലമതിക്കാനാവാത്ത ഉൾക്കാഴ്ച അത് നൽകുന്നു. കവിത ആനന്ദവും ഉപയോഗവും തമ്മിൽ അതിലോലമായ സന്തുലിതാവസ്ഥ കൈവരിക്കണം എന്നതാണ് 'ആഴ്സ് പൊയറ്റിക്ക'യുടെ ആന്തരസത്ത.

സാഹിത്യചിന്താ മണ്ഡലത്തിൽ ശക്തമായ അനുരണനം സൃഷ്ടിച്ച മറ്റൊരു മൗലിക ശബ്ദമാണ് ലോംഗിനസ്(Longinus) എന്ന പ്രതിഭാശാലിയുടേത്. അദ്ദേഹത്തിന്റെ 'On the Sublime' എന്ന കൃ

തി ഭാഷയുടെ അതീന്ദ്രിയ ശക്തി പ്രസരിപ്പിച്ചുകൊണ്ട് വായനക്കാരിൽ ഗാംഭീര്യവും പ്രചോദനവും ഉളവാക്കുന്ന ഒന്നാണ്. ഉയർന്ന ഒരു പർവതശിഖരത്തിന് മുന്നിൽ നിൽക്കുമ്പോൾ, അതിന്റെ മഹത്തായ സാന്നിധ്യം ഒരാളിൽ ആശ്ചര്യവും ആദരവും നിറയ്ക്കുന്നു. ഇതാണ് ഉദാത്തമായതിന്റെ സത്തയെന്ന് ലോംഗിനസ് വിശ്വസിച്ചു. വായനക്കാരെ ലൗകികതയ്ക്കപ്പുറത്തേക്ക് കൊണ്ടുപോകാനും അവരുടെ ആത്മാക്കളെ അഗാധമായ വികാരങ്ങളാൽ ഇളക്കിവിടാനുമുള്ള സാധ്യത ഉദാത്തമായ രചനകൾ പ്രകടിപ്പിക്കുന്നു.

## Keywords

ഹോറസ് - ആഴ്സ്‌പോയറ്റിക്ക - ലോംഗിനസ്- ഉദാത്തതാവാദം - ഉദാത്തയുടെ ഉറവിടങ്ങൾ

## Discussion

### ഹോറസ് (HORACE)

ഗ്രീക്ക് റോമൻ കവിതകളുടെ ഉത്ഭവത്തെക്കുറിച്ച് താരതമ്യപരമായി ചിന്തിക്കുകയും റോമൻ കവിതകളുടെ ചരിത്രം സംഗ്രഹിക്കുകയും ചെയ്ത തത്വജ്ഞാനിയായ നിരൂപകനായിരുന്നു ഹോറസ്. പ്രാചീനത്വമല്ല, ആന്തരികമായ ഗുണപ്രകൃതിയാണ് കൃതികളെ വിലയിരുത്തുവാൻ മാനദണ്ഡമാക്കേണ്ടതെന്ന് അദ്ദേഹം വാദിച്ചു. കവിതയിൽകൂടി കാവ്യചിന്തകളെ അപഗ്രഥിക്കാനാണ് ഹോറസ് ശ്രമിക്കുന്നത്. 'Epistles' എന്ന പേരിൽ അദ്ദേഹം കവിതയിലെഴുതിയ കത്തുകൾ കാവ്യമര്യാദകളെക്കുറിച്ച് പാരമ്പര്യ വിശ്വാസിയായ ഒരു കവിയുടെ ആശയങ്ങൾ വ്യക്തമാക്കുന്നു. അഗസ്റ്റസ് ചക്രവർത്തിയുമായുള്ള സൗഹൃദത്തിന്റെ ഫലങ്ങളിൽ ഒന്ന് അഗസ്റ്റസിനുള്ള കത്താണ്. ക്ലാസിക്കൽ സാഹിത്യത്തെയും സമകാലിക സാഹിത്യത്തെയും തള്ളിപ്പറയുന്നവരെ ഹോറസ് ഈ കൃതിയിൽ പരിഹസിക്കുന്നു. മറ്റൊരു കത്തിൽ ആഴമില്ലാത്ത കവിതകൾ എഴുതി ജനപ്രീതി നേടുന്ന കവികളെ അദ്ദേഹം പരിഹസിക്കുന്നു. ഏറ്റവും നല്ല വാക്കുകൾ ഏറ്റവും നല്ല രീതിയിൽ വിന്യസിക്കുമ്പോഴാണ് ഉത്തമ കൃതികളുണ്ടാകുന്നത്. അതിന് കഠിനമായ അധ്വാനം ആവശ്യമാണെന്ന് അദ്ദേഹം കവികളെ ഓർമ്മപ്പെടുത്തുന്നു. പിസ്റ്റോ സഹോദരന്മാർക്കുള്ള കത്ത് എന്ന രചനയാണ് ഹോറസിനെ സാഹിത്യവിമർശകൻ എന്ന നിലയിൽ അനശ്വരനാക്കുന്നത്. സാഹിത്യ വിമർശനത്തിൽ '**Ars poetica**' എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ജീവിതം, സാഹിത്യാദികലകൾ, തത്വചിന്ത തുടങ്ങിയ വിഷയങ്ങളെപ്പറ്റി സരളമധുരമായ ഭാഷയിലാണ് 'Ars poetica' രചിച്ചിരിക്കുന്നത്. കാവ്യകലയെപ്പറ്റി പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവർ നടത്തിയതിനുസമാനമായ ശാസ്ത്രീയ പഠനമല്ല ഈ കൃതി. എങ്കിലും കാവ്യകല പരിശീലിക്കുന്ന സാഹിത്യ വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യുന്ന നിരീക്ഷണങ്ങളും ഉപദേശങ്ങളും രേഖപ്പെടുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

- Epistles :
- പിസ്റ്റോ സഹോദരന്മാർക്കുള്ള കത്ത്

## Ars Poetica

കലാതത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഔചിത്യമാണെന്ന് ഹോറസ് പറയുന്നു. കവിക്ക് കല്പനാ സ്വാതന്ത്ര്യം ഉണ്ടെങ്കിലും അസംഭവങ്ങൾ രചിക്കാൻ പാടില്ല. ഏകാഗ്രതയാണ് കവിയ്ക്ക് ആവശ്യം. ആവിഷ്കരണ സമയത്ത് മനസ് മറ്റൊരിടത്ത് പോകാൻ പാടില്ല. ആവിഷ്കരണ വിഷയത്തിൽ മാത്രം ഊന്നൽ നൽകുക. വിശദാംശങ്ങളിൽ ശ്രദ്ധ കാണിക്കുമ്പോൾ സമഗ്ര ശില്പം വികലമായിപ്പോകാം. കൈവിരലിലെ നഖവും തലയിലെ മുടിയും ശ്രദ്ധയോടെ നിർമ്മിക്കുന്ന ശില്പി ശില്പത്തിന്റെ സമഗ്രതയിൽ പാളിപ്പോയാൽ എല്ലാം അവതാളത്തിലാകുമല്ലോ? കവിതയിൽ വാക്കുകൾ സൂക്ഷ്മതയോടും ഔചിത്യത്തോടും കൂടി പ്രയോഗിക്കണം. ദുർഗ്രഹമായ ആശയങ്ങൾ പ്രതിപാദിക്കേണ്ടി വരുമ്പോൾ പുതിയ പ്രയോഗങ്ങൾ കണ്ടുപിടിക്കണം. വർത്തമാനകാല ജീവിതത്തിന്റെ മുദ്രപതിഞ്ഞ പദങ്ങൾ പ്രയോഗിക്കാൻ മനസിരുത്തണമെന്ന് അദ്ദേഹം എടുത്തു പറയുന്നു. കഥാപാത്രങ്ങൾ ഏത് വൈകാരിക അവസ്ഥയിൽ നിൽക്കുന്നുവെന്ന് മനസിലാക്കി അതിനു പറ്റിയ വാക്കുകൾ പ്രയോഗിക്കണം. കൂടാതെ ആവിഷ്കരണം അനുവാചകനിൽ തറയ്ക്കണമെങ്കിൽ ആവിഷ്കാരവിഷയം കവി സ്വയം അനുകരിച്ചിരിക്കണം. ദുഃഖം അനുഭവിച്ചവന്റെ വാക്ക് കേൾവിക്കാരിലും ദുഃഖമുണ്ടാക്കും.

> ▶ ഔചിത്യവും ഏകാഗ്രതയുമാണ് ഏറ്റവും പ്രധാനം

സാഹിത്യത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് കൃത്യമായ ധാരണ ഹോറസിനുണ്ടായിരുന്നു. ആനന്ദമാണോ അറിവാണോ സാഹിത്യത്തിന്റെ ലക്ഷ്യമെന്ന ചോദ്യത്തിന് അദ്ദേഹത്തിന് കൃത്യമായ ഉത്തരമുണ്ട്. ആഹ്ലാദകരമായ അറിവാണ് സാഹിത്യത്തിന്റെ ലക്ഷ്യം. കൃതി ആഹ്ലാദിപ്പിക്കുന്നില്ലെങ്കിൽ അത് സാഹിത്യമല്ല. ആനന്ദത്തെയും പ്രയോജനത്തെയും കൂട്ടിയോജിപ്പിക്കാൻ കഴിഞ്ഞാൽ എല്ലാവർക്കും ആനന്ദം ലഭിക്കും. കാരണം അത്തരം കൃതികൾ ആനന്ദിപ്പിക്കുക മാത്രമല്ല, പ്രബോധിപ്പിക്കുകയും ചെയ്യുന്നു. കൃതിയുടെ രചനയ്ക്ക് ശേഷം പക്വമതിയായ ഒരു വിമർശകന്റെ പരിശോധനയ്ക്ക് സമർപ്പിക്കണമെന്നും ഹോറസ് പറയുന്നുണ്ട്. സാഹിത്യ രൂപങ്ങളുടെ കൂട്ടത്തിൽ നാടകത്തിനാണ് ഹോറസ് പ്രാധാന്യം നൽകുന്നത്. പക്ഷേ ഏത് സാഹിത്യ ശാഖയിലും പൊതുവെ ഓർമ്മിക്കേണ്ട മൗലികാശയങ്ങൾ അദ്ദേഹം രേഖപ്പെടുത്തുന്നു.

> ▶ ആഹ്ലാദകരമായ അറിവാണ് സാഹിത്യത്തിന്റെ ലക്ഷ്യം

1. കവി തനിക്ക് കൈകാര്യം ചെയ്യാവുന്ന വിഷയമേ സ്വീകരിക്കാവൂ. അല്ലെങ്കിൽ കാവ്യത്തിന്റെ ആത്മാർത്ഥത ലഭിക്കുകയില്ല.
2. എഴുതിക്കഴിഞ്ഞാലും സ്വകൃതി പെട്ടെന്ന് പ്രകാശിപ്പിക്കരുത്. സസൂക്ഷ്മം പുനഃപരിശോധിച്ച് കൂടുതൽ മെച്ചപ്പെടുത്തണം.
3. പൂർവ്വസൂരികളുടെ കൃതികൾ സശ്രദ്ധം പഠിച്ച് മാതൃകയാക്കണം.
4. സമ്പൂർണത ഒരു കൃതിയും അവകാശപ്പെട്ടുകൂടാ. അതുകൊണ്ട് അപൂർണതകളോർത്ത് ഖേദിക്കേണ്ട കാര്യമില്ല.

> ▶ ആനന്ദിപ്പിക്കുക മാത്രമല്ല പ്രബോധിപ്പിക്കുകയും ചെയ്യുന്നു

ഹോറസിന്റെ സാഹിത്യ വീക്ഷണങ്ങൾ കാവ്യരചനയിൽ വ്യാപൃത

രാകുന്ന യുവാക്കൾക്ക് പ്രയോജനം ചെയ്യുന്നതാണ്. അരിസ്റ്റോട്ടിലിന്റെയോ ലോംഗിനസിന്റെയോ നിരയിൽപ്പെടുന്ന വിമർശകനല്ല ഹോറസ്. എങ്കിലും അദ്ദേഹം നൽകിയ ഉപദേശങ്ങൾ സാഹിത്യ വിദ്യാർത്ഥികൾക്ക് മികച്ച അനുഭവമായിരുന്നു.

പ്ലേറ്റോ, അരിസ്റ്റോട്ടിൽ, അരിസ്റ്റോഫെയിനീസ് എന്നിവരുടെ കലാചിന്തകളിൽ നിന്നു പല അംശങ്ങളും സ്വീകരിച്ചാണ് ഹോറസിന്റെ കാവ്യശാസ്ത്രം രൂപപ്പെട്ടിരിക്കുന്നത്. ക്ഷേമേന്ദ്രന്റെ ഔചിത്യവിചാരം, രാജശേഖരന്റെ കാവ്യമീമാംസ എന്നീ കൃതികളോടും പോയറ്റിയ്ക്ക എന്ന കൃതിയ്ക്ക് സാദൃശ്യമുണ്ട്. കവിയും ഭാഷയും, കവിതയും നാടകവും, കാവ്യ പ്രയോജനം, കവികളുടെ മഹത്വം എന്നിവയെക്കുറിച്ചുള്ള ഹോറസിന്റെ നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. പദപ്രയോഗത്തിൽ ശ്രദ്ധിച്ചേതീരു എന്ന ഹോറസിന്റെ ഉപദേശം എക്കാലത്തും വിലപ്പെട്ടതാണ്. വൃക്ഷത്തിൽ മുൻപുണ്ടായിരുന്ന ഇലകൾ കൊഴിഞ്ഞ്, പകരം പുതിയ ഇലകൾ വിരിഞ്ഞുണ്ടാകുന്നതുപോലെ ഭാഷയിൽ പഴയ പദങ്ങൾ കാലാന്തരത്തിൽ തിരോഭവിക്കുകയും പുതിയ പദങ്ങൾ ഉരിത്തിരിയുകയും ചെയ്യുമെന്ന് 'ആഴ്സ് പൊയറ്റിയ്ക്ക'യിൽ ഹോറസ് എഴുതുന്നുണ്ട്. കവികളും നാടകകാരന്മാരും എല്ലാ പ്രായത്തിലുമുള്ള മനുഷ്യരുടെയും സ്വഭാവം അറിഞ്ഞിരിക്കണമെന്ന ഹോറസിന്റെ ഉപദേശം ശ്രദ്ധേയമായിരുന്നു. കൂടാതെ പൗരാണികരോട് ചേർന്ന് നിൽക്കുകയാണെപ്പോഴും നല്ലതെന്ന് ഹോറസ് ഓർമ്മിപ്പിക്കുന്നുണ്ട്. എന്നാൽ ഇതിന് ധാരാളം വിമർശനങ്ങൾ ഏൽക്കേണ്ടിവന്നിട്ടുണ്ട്. പൗരാണികർ ചെയ്തതെല്ലാം അതേപടി അനുകരിക്കാതെ ബുദ്ധിപൂർവ്വം അവരുടെ മാർഗ്ഗങ്ങളെ വിവേചനത്തോടെ പിന്തുടരുകയാണ് വേണ്ടതെന്ന് ചിലർ വാദിക്കുന്നു. ക്ലാസിക് കൃതികളെ അനുകരിക്കാൻ അദ്ദേഹം ആവശ്യപ്പെടുന്നുണ്ട്. ഹോമറിന്റെ കൃതികൾ പകൽ വായിക്കുക, രാത്രി അവയെക്കുറിച്ച് ചിന്തിക്കുക ഇങ്ങനെയാണ് ഹോറസിന്റെ ഉപദേശം. കവികളുടെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഭാഗം മനോഹരമാണ്.

- പദപ്രയോഗത്തിൽ ശ്രദ്ധ വയ്ക്കുകും പൗരാണികരോട് ചേർന്നു നിൽക്കുകയും വേണം

"അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതിഃ
യഥാസ്മൈ രോചതേ വിശ്വം
തഥേദം പരിവർത്തതേ"

എന്ന ആനന്ദവർദ്ധനന്റെ ദർശനവും ഇതോടൊപ്പം ചേർത്ത് വായിക്കാം. പഠിപ്പിക്കുക, ആഹ്ളാദിപ്പിക്കുക ഇതിലേതെങ്കിലുമൊന്നിനാണ് കവികൾ ആഗ്രഹിക്കുന്നതെന്ന് ഹോറസ് പറയുന്നു. വളരെ വ്യത്യസ്തമായ നിരീക്ഷണങ്ങളാൽ ശ്രദ്ധനേടിയ ചിന്തകനാണ് ഹോറസ്. അദ്ദേഹത്തിന്റെ പല അഭിപ്രായങ്ങളും പൗരസ്ത്യ ദർശനങ്ങളോട് ചേർത്ത് വായിക്കാൻ കഴിയും. കവികൾക്ക് കൃത്യമായ ഉപദേശങ്ങൾ നൽകിയ ഈ ചിന്തകൻ കാവ്യത്തെ ഹൃദയത്തോടൊപ്പം അടുപ്പിച്ചു നിർത്തുകയായിരുന്നു.

- പഠിപ്പിക്കുക, ആഹ്ലാദിപ്പിക്കുക ഇതിലൊന്നാണ് കവികൾ ആഗ്രഹിക്കുന്നത്

## ലോംഗിനസ്, ( Cassius Longinus)

അരിസ്റ്റോട്ടിലിനുശേഷം ജീവിച്ചിരുന്ന യവന വിമർശകരിൽ പ്രഥമ

ഗണനീയനായിരുന്നു ലോംഗിനസ്. ആദ്യത്തെ കാല്പനികവാദിയായ വിമർശകൻ എന്നറിയപ്പെടുന്ന വ്യക്തിയാണ് അദ്ദേഹം. മൗലിക പ്രതിഭകൊണ്ട് അനുഗ്രഹിക്കപ്പെട്ട ലോംഗിനസ്, 'ഓൺ ദ സബ്ലൈം' (On the sublime)എന്ന കൃതിയിലൂടെ ഏറെ ശ്രദ്ധേയനായി. അദ്ദേഹത്തിന്റെ പേരിനെക്കുറിച്ചും ജീവിതകാലത്തെക്കുറിച്ചും വിമർശകർക്കിടയിൽ ഇന്നും അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. ക്രി. വർഷം ഒന്നാം ശതകമാണെന്നും മൂന്നാം ശതകമാണെന്നും വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. മൂന്നാം ശതകത്തിൽ സിറിയയിലെ പൽമീറ എന്ന യവനനഗരത്തിലെ രാജ്ഞിയായിരുന്ന സെനോബിയയുടെ മന്ത്രിയായിരുന്നു ലോംഗിനസ് എന്ന് ഗിബ്ബൺ അഭിപ്രായപ്പെടുന്നു. ഈ വാദത്തെ സ്കോട്ട് ജെയിംസ് പിന്താങ്ങുന്നു. ഗ്രീക്ക് ഭാഷയിൽ രചിച്ചിരിക്കുന്ന ഉദാത്തതയെക്കുറിച്ചുള്ള തന്റെ പ്രബന്ധം സ്നേഹിതനായ പോസ്തുമിസ് ടെറന്റിയാനസിനോട് പറയുന്ന മട്ടിലാണ് ലോംഗിനസ് സംവിധാനം ചെയ്തിരിക്കുന്നത്. ഒന്നാം ശതകത്തിൽ ജീവിച്ചിരുന്ന കികിലിയസ് എഴുതിയ ഉദാത്തതയെക്കുറിച്ചുള്ള ഒരു ചെറിയ പ്രബന്ധത്തിന്റെ കുറവുകൾ പരിഹരിക്കാനാണ് താനീ പ്രബന്ധം എഴുതിയതെന്ന് ലോംഗിനസ് പറയുന്നു. പ്ലോട്ടിനസിന്റെ ആശയങ്ങൾ സാംശീകരിച്ചെടുത്ത് സ്വന്തം ഹൃദയത്തിന്റെ വ്യാസം വലുതാക്കിയ കാവ്യ വിമർശകനായിരുന്നു ലോംഗിനസ്. 'ആത്മസത്യത്തെയും ആത്മാവിന്റെ അനശ്വര തൃഷ്ണകളെയും വിഗണിക്കുന്ന ഭ്രാന്തമായ ഭൗതികതയെ നിശിതമായി വിമർശിക്കുന്ന ദാർശനികൻ കൂടിയാണ് ലോംഗിനസ് എന്ന് പ്രൊഫ. എം. അച്യുതൻ നിരീക്ഷിക്കുന്നുണ്ട്. ഉദാത്തമായ വൈകാരികാനുഭവത്തിലേക്കുള്ള ഉൽപതനമാണ് മഹത്തായ വാങ്മയത്തിന്റെ ലക്ഷ്യം. ഈ അനുഭാവോദയത്തിന് നിദാനമായ വസ്തുവിഷയ രചനാദികളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഹോമർ, സോഫോക്ളീസ്, യൂറിപ്പിഡിസ്, ഡെമസ്തനീസ്, പ്ലേറ്റോ തുടങ്ങിയവരുടെ കൃതികളിൽ നിന്നുള്ള ഉദാഹരണങ്ങളും നിരത്തിക്കൊണ്ടുള്ളതാണ് ലോംഗിനസിന്റെ ഓൺ ദ സബ്ലൈം. ഓൺ ഫസ്റ്റ് പ്രിൻസിപ്പിൾസ്, ഓൺ ദി ചീഫ് എൻഡ് ഓൺ ഗ്രേറ്റ് റൈറ്റിങ് എന്നിവ പ്രധന കൃതികളാണ്.

- ഉദാത്തമായ വൈകാരികാനുഭത്തിലേക്കുള്ള ഉൽപതനമാണ് മഹത്തായ വാങ്മയത്തിന്റെ ലക്ഷ്യം

## ഉദാത്തതാവാദം (On the Sublime)

1554 ലാണ് 'On the Sublime' എന്നകൃതി പ്രസിദ്ധീകരിക്കുന്നത്. ഒരു കത്തിന്റെ രൂപത്തിലാണ് ഈ കൃതി എഴുതിയിരിക്കുന്നത്. പഴയകാല എഴുത്തുകാരുടെ കൃതികളിലൂടെയുള്ള സഞ്ചാരമാണ് ഈ കൃതി. ധാരാളം ഉദ്ധരണികൾ ഇതിൽ കാണാൻ കഴിയും. ബൈബിളിനെ പരാമർശിക്കുന്ന ആദ്യ രചന എന്ന നിലയിലും ഈ കൃതി അറിയപ്പെടുന്നു. ഇത് പൂർണ്ണമായ രൂപത്തിൽ നമുക്ക് ലഭിച്ചിട്ടില്ല. മൗലിക പ്രതിഭ കൊണ്ട് അനുഗ്രഹിക്കപ്പെട്ടവനാണ് ലോംഗിനസ് എന്ന ഈ കൃതി തെളിയിക്കുന്നു. 'മഹത്തായ ഒരു മനസ്സിന്റെ പ്രതിധ്വനിയാണ് ഉദാത്തം' എന്ന് നിർവചിച്ചുകൊണ്ടാണ് ലോംഗിനസ് തന്റെ പ്രബന്ധം ആരംഭിക്കുന്നത്. ഒരു കൃതി മഹത്താണെന്ന് സംശയരഹിതമായി പറയാൻ കഴിയുന്നത് ആവർത്തിച്ചുള്ള പാരായണത്തിന് അതു നമ്മെ പ്രേരിപ്പിക്കുമ്പോഴാണ്. എക്കാലത്തും എല്ലാവരെയും രസിപ്പിക്കുന്ന കൃതികളിൽ ഉദാത്തഭാവം അതിന്റെ സമ്പൂർണ സത്യത്തിലും തികഞ്ഞ സൗന്ദര്യത്തിലും അടങ്ങിയിട്ടുണ്ട് എന്ന് ലോംഗിനസ് പറയുന്നു. ഉത്തമകൃതി കാലത്തി

- മഹത്തായ ഒരു മനസ്സിന്റെ പ്രതിധ്വനിയാണ് ഉദാത്തത

നതീതവും സാർവ്വലൗകികവുമാണെന്ന് അദ്ദേഹം പറയുന്നു. നമ്മുടെ ആത്മാവിനെ നമ്മിൽ നിന്നുതന്നെ വിടർത്തി മറ്റൊരു ലോകത്തിന്റെ ഔന്നിത്യത്തിലേക്ക് ഉയർത്തിക്കൊണ്ട് പോകാൻ ഇത്തരം കൃതികൾക്ക് കഴിയും.

'സാഹിത്യത്തിന്റെ ഗുണം' എന്താണ് എന്ന ചർച്ച ഈ കൃതി മുന്നോട്ട് വയ്ക്കുന്നുണ്ട്. ഒരോ കാലത്തും ഈ ചോദ്യത്തിന് വ്യത്യസ്തമായ ഉത്തരമാണ് പലരും പറയുന്നത്. ലോംഗിന്നസ് സാഹിത്യത്തിന്റെ ഗുണത്തെകുറിച്ച് പറയുന്നത് ഏറെ ശ്രദ്ധേയമാണ്. സാഹിത്യം വായിക്കുമ്പോൾ അനുവാചകനുണ്ടാകുന്ന അനിർവചനീയമായ വൈകാരികാനുഭൂതിയാണ് സാഹിത്യത്തിന്റെ ഗുണം. ഇതിനാണ് അദ്ദേഹം ഉദാത്തത എന്നു പറയുന്നത്. പഴയകാല എഴുത്തുകാരുടെ കൃതികളിൽ ഉദാത്തത ലഭ്യമാണോ എന്ന് അദ്ദേഹം അന്വേഷിക്കുന്നുണ്ട്. ഒരു എഴുത്തുകാരൻ/കവി എങ്ങനെയുള്ള വ്യക്തിയായിരിക്കണം എന്ന ചിന്തയും അദ്ദേഹം ഇതിനോടൊപ്പം പങ്കുവയ്ക്കുന്നു. എഴുത്തുകാരൻ വ്യക്തിയെ നിരീക്ഷിക്കുന്ന ഒരാളായിരിക്കണം. അപ്പോൾ അയാൾക്ക് ഉയർന്ന ചിന്ത ലഭിക്കും. വളരെ വിശദവും വിശാലവുമായ വിധത്തിൽ തന്റെ വാക്കുകളെ സൂക്ഷ്മതയോടെ ഉപയോഗിക്കാൻ പ്രാപ്തിയുള്ള ഒരാളായിരിക്കണം കവി. ഇങ്ങനെയുള്ള കവി എഴുതുന്ന കവിത വായനക്കാരിൽ അനുഭൂതി സൃഷ്ടിക്കുമെന്നും അപ്പോൾ ഉദാത്തത സംഭവിക്കുമെന്നും ലോംഗിനസ് വാദിക്കുന്നു. ജന്മസിദ്ധമായ വൈഭവം കവിയ്ക്ക് ഇല്ലെങ്കിൽ ഹോമറിനെപ്പോലെയോ, പ്ലേറ്റോയെപ്പോലെയോ, പ്രഗല്ഭരായ എഴുത്തുക്കാരുടെ കൃതികളെ സസൂക്ഷ്മം ശ്രദ്ധിച്ച് പഠിക്കണം. ധാരാളം വാക്കുകളുടെ ഉടമസ്ഥനായ ഒരാൾ കവിയോ സാഹിത്യകാരനോ ആയിത്തീരുന്നില്ല. താൻ ഉപയോഗിക്കുന്ന വാക്കുകൾ തന്റെ ചിന്തയുടെ പ്രതിഫലനമാണ്. വ്യക്തിയുടെ ചിന്തകൾ ഉയർന്നതാണെങ്കിൽ അദ്ദേഹത്തിൽ നിന്നും വരുന്ന വാക്കുകൾക്ക് ഉദാത്തമായ അനുഭൂതി സൃഷ്ടിക്കാൻ കഴിയും. അതുപോലെ ധാരാളം അലങ്കാരങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൃതിയുടെ ഉപരിതലത്തിലല്ല ഉള്ളിലാണ് അലങ്കാരങ്ങൾ ഉപയോഗിക്കേണ്ടത്. ഇങ്ങനെയുള്ള കൃതികൾ കാലത്തെ അതിജീവിക്കുമെന്നും ലോംഗിനസ് പറയുന്നു. 'On the Subline' എന്ന കൃതിയുടെ എട്ടാം അധ്യായത്തിൽ ഉദാത്തയുടെ അഞ്ച് ഉറവിടങ്ങളെക്കുറിച്ച് ലോംഗിനസ് ചർച്ച ചെയ്യുന്നുണ്ട്.

> ▶ അനുവാചകനുണ്ടാകുന്ന അനിർവചനീയമായ വൈകാരികാനുഭൂതിയാണ് സാഹിത്യത്തിന്റെ ഗുണം

## ഉദാത്തതയുടെ ഉറവിടങ്ങൾ

**മഹത്തായ കാര്യങ്ങൾ സങ്കല്പിക്കാനുള്ള കഴിവ്**

ഉദാത്തതയുടെ ഉറവിടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇതാണ്. മഹത്വമാർന്ന അത്മാവിൽ നിന്നാണിത് രൂപം കൊള്ളുന്നത്. ഹോമറിൽ നിന്നും ഉദാഹരണങ്ങൾ നൽകികൊണ്ട് ആത്മാവിന്റെ മഹനീയതയ്ക്ക് ഉദാഹരണമാണിതെന്ന് ലോംഗിനസ് ചൂണ്ടിക്കാണിക്കുന്നു. സാഫോ എന്ന കവിയുടെ രചനകളെയും അദ്ദേഹം ഉദാഹരിക്കുന്നുണ്ട്. ഭാവന രണ്ട് തരത്തിലുണ്ട്. കാവ്യഭാവനയും പ്രഭാഷണാത്മകമായ ഭാവനയും. അനുവാചകനെ ഹർഷോന്മാദത്തിൽ എത്തിക്കുന്നത് കാവ്യഭാവന. വ്യക്തമായ ആവിഷ്കരണത്തിന് സഹായിക്കുന്നത് പ്രഭാഷണാത്മകമായ ഭാവനയും. ഒന്നാമത്തേതിന് സോഫോക്ലിസും രണ്ടാമത്തേത് യുറിപ്പീഡിസ്സും ഉദാഹരണം.

> ▶ കാവ്യ ഭാവനയും പ്രഭാഷണാത്മകമായ ഭാവനയും

**തീവ്രവും ഉത്തേജകമായ വികാരങ്ങൾ**

- ഉചിതസ്ഥാനീയമായിരിക്കണം വികാരം

യാഥർത്ഥവും വ്യക്തവുമായ വികാരങ്ങൾ ആവിഷ്കരണത്തിലെ കൃത്രിമത്വം ഇല്ലാതാക്കി സ്വഭാവികത കൈവരുത്തുന്നു. അഭിജാതകമായ വികാരം ശ്രേഷ്ഠമായ ചിന്തകളെപ്പോലെ ഉന്നതമായ മനസ്സിൽ നിന്നും പുറപ്പെടുന്നു. വികാരം യഥാർഥമായിരുന്നാൽ മാത്രം പോരാ. അത് ഉചിതസ്ഥാനീയവുമായിരിക്കണം.

**ചിന്തയുടെയും ഭാഷണത്തിന്റെയും അലങ്കാര കല്പനകൾ**

- വാക്കുകളുടെ ഔചിത്യം ഉദാത്തതയ്ക്ക് കാരണമാകുന്നു

വാക്കുകൾ ആവർത്തിക്കുക, സൂക്ഷമസ്വഭാവം വിവരിക്കുക എന്നിവ രചനയ്ക്ക് ഓജസ്സ് പകരുന്നു. വാക്കുകൾ ഔചിത്യബോധത്തോടെ പ്രയോഗിച്ചാലേ ഉദാത്തതയ്ക്ക് കാരണമാകു എന്ന് ലോംഗിനസ് പറയുന്നു.

**വിശിഷ്ടമായ പദശൈലി**

- പദങ്ങളുടെ ശ്രദ്ധാപൂർവ്വമായ വിന്യാസം

പദരചനയിൽ പ്രത്യക്ഷപ്പെടുന്ന ആഭിജാത്യവും അലങ്കാരങ്ങളുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഉചിതവും ശ്രദ്ധേയവുമായ വാക്കുകൾക്ക് ആസാധാരണമായ ഭംഗിയുണ്ടാകും. അവ വികാരത്തിന്റെ തരംഗങ്ങൾ സൃഷ്ടിക്കുന്നു. രചനയ്ക്ക് ചാരുതയും മഹത്വവും ഇമ്പവും നൽകുന്നത് പദങ്ങളുടെ പ്രത്യേകതയാണ്. രചയിതാവിന്റെ മനസ്സിന്റെ ഏറ്റവും ഗൂഢമായ സ്ഥാനങ്ങളെപ്പോലും ദീപ്തമാക്കുന്ന കാരണങ്ങളാണ് വാക്കുകൾ. അതു കൊണ്ട് വാക്കുകൾ ശ്രദ്ധാപൂർവം തെരഞ്ഞെടുത്തത് വിന്യസിക്കണം. ചെറിയ കാര്യങ്ങൾ പ്രതിപാദിക്കുമ്പോൾ വലിയ വാക്കുകൾ പ്രയോഗിക്കുന്നത് ഉചിതമല്ല. അത് ശിശുവിന്റെ മുഖത്ത് ദുരന്ത കഥാപാത്രത്തിന്റെ മുഖംമൂടി വച്ചു കൊടുക്കുന്നതിന് തുല്യമാണെന്ന് ലോംഗിനസ് ആക്ഷേപിക്കുന്നു.

**അന്തസുറ്റതും സമുന്നതവുമായ രചന**

- റൊമാന്റിസിസത്തിന്റെ ചിന്തകൾക്ക് അടിത്തറ നൽകുന്നു ഉദാത്തതാവാദം

മുകളിൽ വിവരിച്ച ഘടകങ്ങളെ ഏകോപിപ്പിച്ച് സമഗ്രശില്പമായി അവതരിപ്പിക്കുന്നതാണിത്. അപ്പോഴാണ് കവി കർമ്മം സഫലമായിത്തീരുന്നത്. ലോംഗിനസ് പല പ്രമുഖ ചിന്തകരുടെയും ദർശനങ്ങളെയും തിരസ്കരിച്ചുകൊണ്ട് നവീനമായ ആശയങ്ങൾ അവതരിപ്പിക്കുകയായിരുന്നു. മനുഷ്യനെ ഏതെങ്കിലും വിധത്തിൽ മോചിപ്പിച്ചെടുക്കുന്നതാണ് കലാധർമ്മമെന്ന് അരിസ്റ്റോഫനീസസ് പറയുന്നു. മനുഷ്യനെ ആനന്ദഭരിതനാക്കുന്ന ദൈവദത്തമായ സിദ്ധിയാണ് കവിത്വമെന്ന് ഹോമർ പറയുന്നു. ദൈവികമായ പ്രചോദനമുണ്ടാകുമ്പോഴാണ് കവിത എഴുതുന്നതെന്നും, അപ്പോൾ കവികളുടെ മനസ്സ് ഉന്മത്താവസ്ഥയിലാണെന്നും പ്ലേറ്റോ പരിഹസിക്കുന്നു. എന്നാൽ, ദൈവികമായ ഈ അസ്വാസ്ഥ്യത്തിന്റെ, തീവ്രമായ ലഹരിയിൽ ആണ് ലോംഗിനസ് ഉദാത്തഭാവത്തെ ദർശിക്കുന്നത്. മാത്യു അർണോൾഡിന്റെ നികഷോപലമാർഗ്ഗ (Touchstone method) ത്തെക്കാൾ സ്വീകാര്യം ലോംഗിനസിന്റെ ഉദാത്തതാവാദമാണ്. പ്രസിദ്ധ കവികളുടെ പ്രസിദ്ധങ്ങളായ വരികളും പ്രയോഗങ്ങളും ഹൃദിസ്ഥമാക്കി മറ്റുള്ളവയെ അവയോടു താരതമ്യപ്പെടുത്തി വിലയിരുത്തുന്ന വാദമാണ് നികഷോപലവാദം. എന്നാൽ പ്രമുഖർ എങ്ങനെ എഴുതുമായിരുന്നു, എന്തു പറയുമായിരുന്നു എന്ന് ഭാവനാപൂർവം ചി

ന്തിച്ചു കൊണ്ടു താരതമ്യം ചെയ്യണമെന്നാണ് ലോംഗിനസ് നൽകുന്ന നിർദ്ദേശം. അതുകൊണ്ടുതന്നെ ലോംഗിനസിന്റെ വാദത്തെയാണ് ഭൂരി പക്ഷം ആസ്വാദകരും സ്വീകരിച്ചത്. സ്കോട്ട് ജയിംസിന്റെ അഭിപ്രായ ത്തിൽ റൊമാന്റിസിസത്തിന്റെ ചിന്തകൾക്ക് അടിത്തറ നല്കുകയായിരു ന്നു ഉദാത്തതാവാദം.

## Summarised Overview

പ്രാചീനത്വമല്ല, ആന്തരികമായ ഗുണപ്രകൃതിയാണ് കൃതികളെ വിലയിരുത്തുവാൻ മാന ദണ്ഡമാക്കേണ്ടതെന്ന് ഹോറസ് വാദിച്ചു. കവിതയിൽകൂടി കാവ്യചിന്തകളെ അപഗ്രഥിക്കാ നാണ് ഹോറസ് ശ്രമിക്കുന്നത്. ഏറ്റവും നല്ല വാക്കുകൾ ഏറ്റവും നല്ല രീതിയിൽ വിന്യസിക്കു മ്പോഴാണ് ഉത്തമ കൃതികൾ ഉണ്ടാകുന്നത്. അതിന് കഠിനമായ അധ്വാനം ആവശ്യമാണെന്ന് അദ്ദേഹം കവികളെ ഓർമ്മപ്പെടുത്തുന്നു. പിസ്റ്റോ സഹോദരന്മാർക്കുള്ള കത്ത് എന്ന രചന യാണ് ഹോറസിനെ സാഹിത്യവിമർശകൻ എന്ന നിലയിൽ അനശ്വരനാക്കുന്നത്. സാഹിത്യ വിമർശനത്തിൽ Ars poetica എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ഈ കൃതിയിൽ ഹോറസ് സന്തുലിതാവസ്ഥ, ഐക്യം, കവിതാരചനയിൽ ആനന്ദത്തോടെയുള്ള പ്രബോധനങ്ങളുടെ സംയോജനം എന്നിവയുടെ പ്രാധാന്യം ഊന്നിപ്പറയുന്നു. ഹോറസിന്റെ ഊന്നൽ സാഹിത്യ സൃഷ്ടിയുടെ ചലനാത്മക സ്വഭാവത്തെ അടിവരയിടുന്നു സാംസ്കാരിക മാറ്റങ്ങളോട് വഴക്കമു ള്ളവരും പ്രതികരിക്കുന്നവരുമായിരിക്കാൻ കവികളെ പ്രേരിപ്പിക്കുന്നു.

ഹോമർ, അരിസ്റ്റോഫനീസ്, പ്ലേറ്റോ എന്നിവരുടെ ആശയങ്ങളിൽ നിന്നും ലോംഗിനസ് മു ന്നോട്ട് പോകുന്നുണ്ട്. ലോംഗിനസ് സാഹിത്യകൃതികളിൽ നിന്നുള്ള ഉദാത്തമായ ഭാഗങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ, ഭാഷയുടെ ഗാംഭീര്യം, തീവ്രത, ഉയർച്ച തുടങ്ങിയ മഹത്വത്തിന് സംഭാവന ചെയ്യുന്ന പ്രധാന ഘടകങ്ങളെ തിരിച്ചറിയുന്നു. മഹത്വമാർന്ന അത്മാവിൽ നിന്നാ ണ് സാഹിത്യം രൂപം കൊള്ളുന്നത് എന്ന് ലോംഗിനസ് കരുതുന്നു. ഉദാത്തതയുടെ ഉറവിട ങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭാവനയാണ്. ഭാവന രണ്ട് തരത്തിലുണ്ട്. കാവ്യ ഭാവനയും പ്രഭാഷണാത്മകമായ ഭാവനയും. അനുവാചകനെ ഹർഷോന്മാദത്തിൽ എത്തിക്കുന്നത് കാവ്യ ഭാവന. വ്യക്തമായ ആവിഷ്കരണത്തിന് സഹായിക്കുന്നത് പ്രഭാഷണാത്മാകമായ ഭാവനയും.

## Assignments

1. ഹോറസിന്റെ കാവ്യ ചിന്തകളെ സംഗ്രഹിക്കുക
2. Ars Poetica എന്ന കൃതിയുടെ ചരിത്രപരമായ സവിശേഷതകൾ വിലയിരുത്തുക
3. ലോംഗനസിന്റെ നിരൂപണചിന്തകൾ പിൽക്കാല സാഹിത്യനിരൂപണ പദ്ധതികളെ സ്വാധീനിച്ചിട്ടുണ്ടോയെന്ന്? വിശദീകരിക്കുക.
4. ഉദാത്തവാദം എന്നാലെന്തെന്ന്? ഉദാഹരണ സഹിതം വിവരിക്കുക
5. ഉദാത്തതയുടെ ഉറവിടങ്ങളെ സംബന്ധിച്ച് ലോംഗിനസ് നൽകുന്ന ചിന്തകൾ വിശദമാക്കുക

6. സാഹിത്യത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ഹോറസിന്റെ അഭിപ്രായങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കുക
7. റൊമാന്റിസിസത്തിന്റെ ചിന്തകൾക്ക് അടിത്തറയാണ് ഉദാത്തതാസിദ്ധാന്തം എന്ന അഭിപ്രായത്തെ പരിശോധിക്കുക

## Suggested Reading


1. അച്യുതൻ എം. പാശ്ചാത്യ സാഹിത്യ ദർശനം, എൻ. ബി. എസ്., കോട്ടയം
2. ചാത്തനാത്ത് അച്യുതനുണ്ണി, സാഹിത്യമീമാംസ താരതമ്യപരിപ്രേക്ഷ്യം, കറന്റ് ബുക്സ്, തൃശൂർ
3. Wilkinson, Richard H. *The Complete Gods and Goddesses of Ancient Egypt*. Thames & Hudson
4. Pinch, Geraldine. Horus: *God of Justice*. American University in Cairo Press
5. Van den Dungen, Wim. *Horus in the Pyramid Texts:* The Goddesses Hathor, Nephthys and Nut, and the Legacy of the Worship of Horus. Leuven University Press
6. Martin, Richard P. *The Language of Heroes*: Speech and Performance in the Iliad. Cornell University Press
7. Nagy, Gregory. *Homeric Questions*. University of Texas Press
8. Booth, Wayne C. *The Rhetoric of Fiction*. University of Chicago Press
9. Gildenhard, Ingo, editor. *Beyond the Fifth Century*: Interactions with Greek Tragedy from the *Fourth Century BCE to the Middle Ages*. De Gruyte


## Reference


1. കെ. എം. തരകൻ, പാശ്ചാത്യസാഹിത്യ തത്വശാസ്ത്രം എസ്. സി. പി. എസ്, കോട്ടയം
2. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി. സി ബുക്സ്, കോട്ടയം
3. Teeter, Emily. T*he Myth of Horus at Edfu: Ritual and Mythology in Ancient Egypt.* American Research Center in Egypt.
4. Quirke, Stephen. *The Cult of Ra: Sun-Worship in Ancient Egypt.* Thames & Hudson.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# മധ്യകാല സൗന്ദര്യശാസ്ത്രത്തിലെ വിഭിന്നധാരകൾ

## Learning Outcomes

- അറബി സാഹിത്യത്തെ പരിചയപ്പെടുന്നു
- അൽഫറാബി, അവിസെന്ന എന്നീ അറബിക് എഴുത്തുകാരെക്കുറിച്ച് ധാരണ ലഭിക്കുന്നു.
- ലുജി (Luji) യുടെ സാഹിത്യ ദർശനം ബോധ്യപ്പെടുന്നു
- ഹൈക്കു കവിതകളിലെ സൗന്ദര്യ സങ്കല്പം കണ്ടെത്തുന്നു
- ആഫ്രിക്കൻ സാഹിത്യ ചിന്തകളെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- നെഗ്രിറ്റ്യൂഡ് പ്രസ്ഥാനത്തെ മനസ്സിലാക്കുന്നു
- എന്റിക് ഡ്യൂസ്സെൽ, വോൾസായിങ്ക ഇവരെ പരിചയപ്പെടുന്നു

## Background

മധ്യകാല സൗന്ദര്യ ശാസ്ത്രത്തിലെ മറ്റൊരു പ്രമുഖ ചിന്താധാര ഇസ്ലാമികസൗന്ദര്യശാസ്ത്രമാണ്. ഇസ്ലാമികസൗന്ദര്യശാസ്ത്രത്തിന്റെ ചരിത്രം സമ്പന്നവും വൈവിധ്യപൂർണവുമാണ്. വിവിധ സംസ്കാരങ്ങൾ, പാരമ്പര്യങ്ങൾ, ചരിത്രകാല ഘട്ടങ്ങൾ എന്നിവയുടെ സ്വാധീനം അതിൽ പ്രകടമാണ്. പ്രതീകാത്മകതയിലും ആത്മീയതയിലും ആഴത്തിൽ വേരൂന്നിയതാണ് ഇസ്ലാമികസൗന്ദര്യശാസ്ത്രം. ഇസ്ലാമിക സൗന്ദര്യശാസ്ത്രത്തിൽ കല, ഭക്തി പ്രകടിപ്പിക്കുന്നതിനും സൃഷ്ടിയുടെ സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്നത്തിനുമുള്ള ഒരു മാർഗമായി കരുതുന്നു. ദാർശനികതയുടെ ആഴമുള്ള വിസ്തൃതമായ ഒരു സാഹിത്യപാരമ്പര്യം ചൈനയ്ക്കുണ്ട്. രൂപവും ഉള്ളടക്കവും സൗന്ദര്യശാസ്ത്രവും അർത്ഥവും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധങ്ങൾ അപഗ്രഥനം ചെയ്യാൻ ശ്രമിച്ച ചൈനീസ് സാഹിത്യകാരനാണ് ലൂജി. ക്ലാസിക്കൽ ചൈനീസ് സാഹിത്യത്തിനു ലൂജി (261-303) നൽകിയ സംഭാവനകൾ വളരെയധികമാണ്. The Art of Writing (വെൻ ഫു) എന്ന കൃതിയിൽ അദ്ദേഹം തന്റെ സാഹിത്യചിന്ത അവതരിപ്പിച്ചിട്ടുണ്ട്. ശൈലിയുടെയും സർഗ്ഗാത്മകതയുടെയും അർത്ഥവത്തായതും മനോഹരവുമായ ഗദ്യം രൂപപ്പെടുന്നതിൽ എഴുത്തുകാരന്റെ പങ്ക് ലൂജി ഊന്നിപ്പറഞ്ഞു. ലൂജിയുടെ കണ്ണിലൂടെ, ചൈനീസ് സാഹിത്യത്തിന്റെ സങ്കീർണമായ സൗന്ദര്യം അനാവരണം ചെയ്യാൻ സാധിക്കും.

ജാപ്പനീസ് സാഹിത്യത്തിലെ ഒരു സവിശേഷ കാവ്യരൂപമാണ് ഹൈക്കു. ശ്രദ്ധേയനായ ജാപ്പനീസ് കവിയായ ബാഷോ ഹൈക്കു കവിതകളുടെ ആചാര്യനാണ്. ബാഷോ പലപ്പോഴും തന്റെ ഹൈക്കുവിൽ പ്രകൃതിയുടെയും മനുഷ്യാനുഭവത്തിന്റെയും പ്രമേയങ്ങൾ വിശകലനം ചെയ്തു. ലാളിത്യത്തിലൂടെ സൗന്ദര്യത്തെ ചിത്രീകരിക്കുകയായിരുന്നു ബാഷോ. ലാറ്റിനമേരിക്കൻ സാഹിത്യം ഊർജ്ജസ്വലമായ ശൈലിയിൽ, സാഹിത്യവിമർശനത്തിന്റെ പരമ്പരാഗത രീതികളെ ചോദ്യം ചെയ്യുകയും കോളനിവത്കൃത വീക്ഷണം അവതരിപ്പിക്കുകയും ചെയ്തു, അദ്ദേഹത്തിന്റെ രചനകൾ സ്വത്വം, അധികാരം, വിമോചനം എന്നിവയെ പ്രതിപാദിക്കുന്നു. ലാറ്റിനമേരിക്കൻ രാജ്യങ്ങളെ രൂപപ്പെടുത്തിയ അധിനിവേശത്തിന്റെയും

ചെറുത്തുനിൽപ്പിന്റെയും പ്രക്ഷുബ്ധമായ ചരിത്രത്തെ പ്രതിഫലിപ്പിക്കുന്ന രചനകളിലൂടെ ഡ്യൂസ്സെൽ, വളരെക്കാലമായി നിശബ്ദമാക്കപ്പെടുകയോ പാർശ്വവത്കരിക്കപ്പെടുകയോ ചെയ്ത വൈവിധ്യമാർന്ന ശബ്ദങ്ങളെയും കാഴ്ചപ്പാടുകളെയും കൂടുതൽ സമഗ്രമായി സാഹിത്യ വ്യവഹാരത്തിൽ അടയാളപ്പെടുത്തി. അതിലൂടെ സാഹിത്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ കൂടുതൽ വിപുലപ്പെടുത്തുകയും കൊളോണിയലിസത്തിന്റെ നിലനിൽക്കുന്ന പാരമ്പര്യത്തെയും സാംസ്കാരിക സ്ഥിരീകരണത്തിനായുള്ള അന്വേഷണത്തെയും ബോധ്യപ്പെടുത്തുകയും ചെയ്തു.

## Keywords

അൽഫറാബി - അവിസെന്ന- ഹൈക്കു - ബാഷോ - എന്ററിക് ഡ്യൂസ്സെൽ - വോൾ സോയിങ്ക - നെഗ്രിറ്റ്യൂഡ്

## Discussion

### അറബി സാഹിത്യം

ശ്രദ്ധേയമായ രചനകളാൽ സമ്പന്നമാണ് അറബിസാഹിത്യം. മര്യാദ, സംസ്കാരം എന്നിവയിലൂന്നിയ രചനകളാണ് അറബി സാഹിത്യത്തിലെ ആദ്യകാല കൃതികൾ. അഞ്ചാം നൂറ്റാണ്ടിലാണ് അറബ് സാഹിത്യം ഉയർന്നു വന്നത്. വിശുദ്ധ ഖുറാൻ അറബി സാഹിത്യത്തിൽ നിർണായകമായ സ്വാധീനം ചെലുത്തി. ഗദ്യത്തെക്കാളുപരി പദ്യത്തിലാണ് ആദ്യകാല അറബിക് സാഹിത്യം എഴുതപ്പെട്ടിരുന്നത്. എഡി. പത്താം നൂറ്റാണ്ടിൽ അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സ് അറബി ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ബാഗ്ദാദിൽ തത്വചിന്ത പഠിപ്പിച്ചിരുന്ന അബുബിഷർ മിത്ത (Abu Bishr Matta) യാണ് പോയറ്റിക്സിനെ വിവർത്തനം ചെയ്തത്. ഇബ്ൻ ആദി( Ibn Adi) എന്ന ബിഷറിന്റെ ശിഷ്യനും പോയറ്റിക്സ് വിവർത്തനം ചെയ്തിരുന്നു. തർക്ക ശാസ്ത്ര കൃതികളുടെ കൂട്ടത്തിൽപ്പെട്ട ഒരു കൃതി എന്ന നിലയിലാണ് അറബി ചിന്തകർ പോയറ്റിക്സിനെ കണ്ടത്. ആ നിലയിൽ അവർ പോയറ്റിക്സിനെ തർക്കശാസ്ത്ര യുക്തിയിൽ വ്യാഖ്യാനിക്കുകയും ചെയ്തു. ഈ വ്യാഖ്യാനത്തിന്റെ പ്രമുഖ വക്താക്കൾ അൽഫറാബി, അവിസെന്ന എന്നിവരായിരുന്നു.

- ഖുറാന് അറബി സാഹിത്യത്തിൽ നിർണായക സ്വാധീനമുണ്ട്

ഐക്യരാഷ്ട്ര സഭയുടെ ഔദ്യോഗിക ഭാഷയായി അറബി പ്രഖ്യാപിക്കപ്പെട്ടത് 1973 ഡിസംബർ 18 നായിരുന്നു. ഡിസംബർ 18 യുനെസ്കോയുടെ ആഭിമുഖ്യത്തിൽ 2010 മുതൽ എല്ലാ വർഷവും അറബിക് ഭാഷാദിനമായി ആചരിച്ചു. സാംസ്കാരിക നാനാത്വം കൊണ്ടാടുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്. അറബി ഭാഷയുടെ അനന്യ സാധാരണമായ സവിശേഷതകളിലേക്കും അത് അന്തർവഹിക്കുന്ന വൈജ്ഞാനിക സാംസ്കാരിക പൈതൃകങ്ങളിലേക്കും ലോക ശ്രദ്ധ നേടാൻ അറബി ഭാഷാ ദിനാചരണത്തിന് കഴിഞ്ഞിട്ടുണ്ട്. ലോകത്ത് 422 മില്യൻ ജനങ്ങളുടെ സംസാര ഭാഷയും 24 രാഷ്ട്രങ്ങളുടെ മാതൃഭാഷയുമാണ് അറബി.

ജാഹിലിയ്യ കാലഘട്ടം അറബി ഭാഷയുടെ കളിത്തൊട്ടിലാണെന്ന് കാണാൻ കഴിയും. വലിയ ആശയ പ്രപഞ്ചങ്ങൾ ഉൾക്കൊള്ളാനുള്ള അറബി ഭാഷയുടെ സവിശേഷത അപാരമാണ്. അബ്ബാസീ കാലഘട്ടം അറബിക് ഭാഷയുടെ സുവർണ കാലഘട്ടമായിരുന്നു. സാഹിത്യ രംഗം തന്നെ ശാഖോപശാഖകളായി തിരിഞ്ഞതും, ശാസ്ത്ര സാങ്കേതിക അധ്യാത്മിക രംഗങ്ങളിലെ കൃതികളും അറബി ഭാഷയിൽ രചിക്കപ്പെട്ടതും ഈ കാലത്താണ്. ഗ്രീസ്, സുമേറിയ, ബാബിലോൺ തുടങ്ങിയ ജനസമൂഹങ്ങളിൽ നിന്നും തത്വചിന്ത, തർക്കശാസ്ത്രം, ഗോളശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലുള്ള അനേകം ഗ്രന്ഥങ്ങൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടതും ഈ കാലത്താണ്. ആൽജീബ്ര കണ്ടു പിടിച്ച ഖവാരിസ്മി, അരിസ്റ്റോട്ടലിന്റെ ദാർശനിക ചിന്തകളെ ലളിതമാക്കി അറബിയിൽ ഗ്രന്ഥരചന നടത്തിയ ഇബ്നു റുഷ്ദു പ്രധാനികളാണ്. നാൽപത് വർഷം ഇന്ത്യൻ ജനതയൊടൊപ്പം കഴിച്ചു കൂട്ടി ആർഷ ഭാരത ദർശനങ്ങളെ പഠിക്കുകയും വ്യത്യസ്തങ്ങളായ വൈജ്ഞാനിക മേഖലകളിൽ അവഗാഹം നേടി നൂറിലധികം ഗ്രന്ഥങ്ങൾ അറബി ഭാഷയിൽ രചിച്ച അൽ-ബിറൂനിയുമെല്ലാം അറബി ഭാഷയുടെ വൈജ്ഞാനിക സാധ്യതകളെ പിൽക്കാലത്ത് ഉയർത്തിയവരാണ്. അറബി ഭാഷ ഒരേ സമയം സംസ്കാരവും ജീവിത ചിന്തയുമാണ്.

> ▶ അറബി ഭാഷാ സംസ്കാരവും ജീവിത ചിന്തയുമാണ്

കേരളത്തിൽ അറബി സാഹിത്യം പ്രചാരം നേടുന്നത് ഇസ്ലാമതത്തിന്റെ ആവിർഭാവത്തോടു കൂടിയാണ്. ധർമ്മടത്തുക്കാരനായ പണ്ഡിതൻ ഹുസൈൻ ബിൻ വാസൻ രചിച്ച 'അൽ ഖൈദുൽ ജാമിഅ'എന്ന ഗ്രന്ഥമാണ് കേരളത്തിൽ ആദ്യമായി പിറവിയെടുത്ത അറബിക് കൃതി. പൊന്നാനിയിലെ മഖ് ദൂമുകളുടെ വരവോടെ അറബിസാഹിത്യം വലിയ തോതിൽ വളർച്ച നേടുകയുണ്ടായി. ഒരു കേരളീയൻ തയ്യാറാക്കിയ ആദ്യത്തെ കേരളചരിത്ര ഗ്രന്ഥം തുഹ്ഫത്തുൽ മുജാഹിദീൻ മാല രചിച്ചത് ഖാസിമുഹമ്മദാണ്. മലയാളത്തിൽനിന്നു ആദ്യമായി അറബിയിലേക്ക് സാഹിത്യവിവർത്തനം നടത്തിയത് മുഹ്യിതീൻ ആലുവായ് ആണ്. തകഴിയുടെ ചെമ്മീൻ മൂലകൃതിയുടെ സൗന്ദര്യം നഷ്ടമാകാതെ അറബിഭാഷയിലേക്ക് അദ്ദേഹം വിവർത്തനം ചെയ്യുകയുണ്ടായി.

> ▶ 'അൽ ഖൈദുൽ ജാമിഅ' - കേരളത്തിലെ ആദ്യ അറബിക് കൃതി

## അൽഫറാബി (Al-Farabi)

ഇസ്ലാമിക് തത്വചിന്തയിലും സംഗീതത്തിലും അഗാധമായ അറിവുണ്ടായിരുന്ന പണ്ഡിത ശ്രേഷ്ഠനായിരുന്നു അൽഫറാബി. ഇസ്ലാമിക നിയോ പ്ളാറ്റോണിസത്തിന്റെ (Islamic Neoplatonism) പിതാവ്, ഇസ്ലാമിക രാഷ്ട്രീയ തത്വചിന്തയുടെ (Islamic Political Philosophy) സ്ഥാപകൻ എന്നീ നിലകളിൽ അദ്ദേഹം അറിയപ്പെടുന്നു. Grand Book of Music, Virtuous city, Enumeration of the sciences, Epistle on the Intellect എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. കൂടാതെ തത്വശാസ്ത്രം, ഭൗതികശാസ്ത്രം, മനഃശാസ്ത്രം, ജ്ഞാനശാസ്ത്രം, സംഗീതം എന്നീ വിഷയങ്ങളിലും അദ്ദേഹം അതീവ ശ്രദ്ധചെലുത്തി. അരിസ്റ്റോട്ടിലിന്റെ ആശയങ്ങൾ അദ്ദേഹത്തെ സ്വാധീനിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ Grand Book of Music എന്ന കൃതി ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. സംഗീതത്തിന്റെ ചികിത്സാ ഫലങ്ങളെക്കുറിച്ചാണ് ഈ കൃതി ചർച്ച ചെയ്തത്. ആത്മാവിന്റെയും ശരീരത്തിന്റെയും വേ

ദനകളെ ദുരീകരിക്കാൻ സംഗീതത്തിന് കഴിയുമെന്ന് ഈ കൃതിയിലൂടെ അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ചിന്തകൾ 'അൽഫാറബിസം' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. പ്ലേറ്റോയുടെയും അരിസ്റ്റോട്ടലിന്റെയും തത്വചിന്തയിൽ നിന്നും വ്യത്യസ്തമായിരുന്നു അദ്ദേഹത്തിന്റെ ചിന്തകൾ. അറിവിൽ അരിസ്റ്റോട്ടലിന് പിന്നിൽ രണ്ടാമതായി അദ്ദേഹത്തെ പരിഗണിക്കുന്നുണ്ട്. 'രണ്ടാംഗുരു' എന്ന പേരിലും അദ്ദേഹം അറിയപ്പെടുന്നു. തത്വചിന്തയെയും സൂഫിസത്തെയും സമന്വയിപ്പിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ ചിന്താധാര അവിസെന്നയെ സ്വാധീനിക്കുകയുണ്ടായി. റിപ്പബ്ളിക്കിന്റെ മാതൃകയിൽ ഒരു ആദർശരാജ്യം അദ്ദേഹം സ്ഥാപിച്ചു. ഭരണകൂടത്തിന് മാർഗ്ഗ നിർദ്ദേശം നൽകുന്നത് തത്വ ചിന്തകന്റെ കടമയാണെന്ന് പ്ലേറ്റോയെപ്പോലെ അദ്ദേഹവും കരുതി. പ്രപഞ്ചത്തെ കുറിച്ചും വിശ്വാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനകൾ പിൽക്കാല ചിന്തകരിൽ ഏറെ സ്വാധീനം ചെലുത്തുകയുണ്ടായി. മനഃശാസ്ത്രം, ആത്മാവ്, പ്രവാചക പരിജ്ഞാനം എന്നിവയെ സംബന്ധിക്കുന്ന അൽഫറാബിയുടെ കാഴ്ചപ്പാടുകൾ ഇന്നും പഠനാർഹമായി നിലകൊള്ളുന്നു. വിശ്വാസത്തോടൊപ്പംത്തന്നെ സമൂഹത്തിന്റെയും ഭാഷയുടെയും യുക്തിയുടെയും മേഖലകളിൽ അന്വേഷണം നടത്തുവാൻ അദ്ദേഹത്തിന് സാധിച്ചു. ഒരു ശാസ്ത്രജ്ഞനല്ലായിരുന്നെങ്കിലും ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ അദ്ദേഹത്തിന്റെ ചിന്തയെ സ്വാധീനിച്ചിരുന്നതായി കാണാം.

- 'അൽഫാറബിസം' -അൽഫറാബിയുടെ ചിന്തകൾ
- ഇസ്ലാമിക രാഷ്ട്രീയ തത്വചിന്തയുടെ സ്ഥാപകൻ

## അവിസെന്ന (Ibn Sina)

ഇസ്ലാമിക സുവർണ്ണകാലഘട്ടത്തിലെ തത്വചിന്തകനും വൈദ്യനുമായിരുന്നു അവിസെന്ന. വൈദ്യ ശാസ്ത്രത്തോട് താത്പര്യമുണ്ടായിരുന്നു. തത്വചിന്തകൻ എന്ന പേരിൽ ഇദ്ദേഹം അറിയപ്പെടുന്നു. ഇബ്നു സീനയാണ് അവിസന്നെ എന്ന പേരിൽ അറിയപ്പെടുന്നത്. The Book of Healing, The Canon Of Medicine, Medical encyclopedia എന്നിവ അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതികളാണ്. ഇദ്ദേഹത്തെ ആദ്യകാല വൈദ്യശാസ്ത്രത്തിന്റെ പിതാവായി നിരൂപകർ വിശേഷിപ്പിക്കാറുണ്ട്. ജ്യോതിശാസ്ത്രം, ഭൂമിശാസ്ത്രം, ഇസ്ലാമിക ദൈവശാസ്ത്രം, ഭൗതികശാസ്ത്രം എന്നിവയെക്കുറിച്ചും അഗാധമായ അറിവ് അവിസെന്നയ്ക്കുണ്ടായിരുന്നു. അറബിയിലും പേർഷ്യൻ ഭാഷയിലും നല്ല ജ്ഞാനമുണ്ടായിരുന്ന അദ്ദേഹം ഏകദേശം 450-ൽപരം കൃതികൾ രചിച്ചിട്ടുണ്ട്. അരിസ്റ്റോട്ടിലിനെക്കുറിച്ചുള്ള അവിസെന്നയുടെ വ്യാഖ്യാനങ്ങൾ ഏറെ പ്രശസ്തമായിരുന്നു. ഇദ്ദേഹത്തിന്റെ മനഃശാസ്ത്രവും വിജ്ഞാന സിദ്ധാന്തവും ലോകതത്വ ചിന്തയെ സ്വാധീനിച്ചിരുന്നു.

- തത്വചിന്തകനും വൈദ്യനും

അവിസെന്ന യുക്തിപരമായ ചിന്തകളിലൂടെ ഇസ്ലാമിക ദൈവശാസ്ത്രത്തെ അപഗ്രഥിക്കാനാണ് ശ്രമിച്ചത്. ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അന്വേഷണവും അദ്ദേഹം നടത്തി. ദൈവം ലോകത്തെ സൃഷ്ടിച്ചത് യുക്തിയിലൂടെ തെളിയിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതിനായി ഇസ്ലാമിക ദൈവശാസ്ത്രത്തെ അദ്ദേഹം ഉപയോഗപ്പെടുത്തി. വിശുദ്ധ ഗ്രന്ഥത്തിന്റെ ശാസ്ത്രീയവും ദാർശനികവുമായ ധാരാളം വ്യാഖ്യാനങ്ങൾ അദ്ദേഹം രചിച്ചു. തത്വചിന്തയെ കുറിച്ചും ദൈവശാസ്ത്രത്തെ കുറിച്ചുമുള്ള കൃത്യമായ ധാരണ അദ്ദേഹത്തിനുണ്ടായിരുന്നു. ജ്യോതിഷം, ജ്യോതിശാസ്ത്രം എന്നിവയെക്കുറിച്ച്

- യുക്തിപരമായ ചിന്തകളിലൂടെ ഇസ്ലാമിക ദൈവശാസ്ത്രത്തെ അപഗ്രഥിച്ചു

വ്യത്യസ്തമായ ചില നിരീക്ഷണങ്ങൾ അദ്ദേഹം നടത്തി. പ്രകൃതിയെയും ജീവിതത്തെയും പ്രമേയമാക്കുന്ന ധാരാളം കവിതകളും അദ്ദേഹം രചിച്ചു.

അവിസെന്നയുടെ ജീവിതകാലം ഇസ്ലാമിക സുവർണഘട്ടം എന്ന പേരിലാണ് അറിയപ്പെടുന്നത്. രചനയിലൂടെയും ചിന്തയിലൂടെയും അദ്ദേഹം നിലവിലുള്ള പണ്ഡിതന്മാരെ വെല്ലുവിളിക്കുകയും നവനീയമായ ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഇതിന് അദ്ദേഹത്തെ സഹായിച്ചത് വിശുദ്ധ ഖുറാനാണ്. പത്ത് വയസ്സായപ്പോഴേക്കും അദ്ദേഹം ഖുറാൻ മനഃപാഠമാക്കിയിരുന്നു. പതിനെട്ടാം വയസ്സിൽ ഗ്രീക്ക് തത്വശാസ്ത്രത്തിൽ പാണ്ഡിത്യം നേടിയിരുന്നു. വിവിധ രാജ്യങ്ങളിലൂടെയുള്ള യാത്രയും അവിടെ നിന്നും ലഭിച്ച അറിവുകളും അദ്ദേഹത്തിന്റെ വിജ്ഞാനത്തെയും അന്വേഷണത്തെയും കൂടുതൽ പരപ്പുള്ളതാക്കി. തത്വചിന്തയിലൂടെ വിശ്വാസത്തെ കൂടുതൽ പ്രകാശിപ്പിക്കാനും വികസിപ്പിക്കാനുമാണ് അദ്ദേഹം ശ്രദ്ധിച്ചത്.

▶ ഇസ്ലാമിക സുവർണ്ണഘട്ടം

## ലൂജി (Lu ji) (261-303)

ചൈനീസ് സാഹിത്യത്തിലെ വളരെ പ്രധാനപ്പെട്ട നിരൂപകനും ചിന്തകനുമായിരുന്നു ലൂജി. അദ്ദേഹത്തിന്റെ എഴുത്തിന്റെ കല (വെൻഫു) എന്ന കൃതിയിൽ എഴുത്തിനെക്കുറിച്ച് ധാരാളം ചിന്തകൾ അവതരിപ്പിക്കുന്നുണ്ട്. ചൈനീസ് കാവ്യശാസ്ത്രത്തെക്കുറിച്ചുള്ള പ്രമുഖ ഗ്രന്ഥങ്ങളിലൊന്നാണ് വെൻഫു.  കവി മനസിനെയും കാവ്യഭാവനയെകുറിച്ചും ധാരാളം ഉൾക്കാഴ്ചകൾ ഈ കൃതി നൽകുന്നുണ്ട്. പ്രതിഭയുള്ള വ്യക്തികളെ സൃഷ്ടിക്കുന്നത് കഠിനാധ്വാനവും മനസിന്റെ പ്രയോഗവുമാണെന്ന് അദ്ദേഹം പറയുന്നു. സൗന്ദര്യത്തെയും വൈരൂപ്യത്തെയും നന്മയെയും തിന്മയെയും അറിയാനും അത് പ്രകടിപ്പിക്കാനുമുള്ള ശേഷിയാണ് പ്രതിഭ. കവി ബാഹ്യലോകത്ത് നിന്ന് തന്റെ കാഴ്ചയെ പിൻവലിക്കുകയും ശ്രദ്ധയെ തന്നിലേക്കടുപ്പിക്കുകയും ചെയ്യുന്നു. അയാൾ ചിന്തയിൽ വ്യാപരിക്കുന്നു, അന്വേഷിക്കുന്നു. കവിയുടെ മനസ്സ്  അനേക ദൂരം സഞ്ചരിക്കുന്നു. അന്തർദർശനപരമായ കാഴ്ചയിലൂടെയാണിത് സംഭവിക്കുന്നത്. മെല്ലെ അയാളുടെ മനോഭാവത്തിൽ വെളിച്ചം പരക്കുന്നു. അവ വെളിച്ചം കൊണ്ട് തെളിയുന്നു. അപ്പോൾ ബാഹ്യ വസ്തുക്കളും പ്രകാശിക്കുന്നു. പാരസ്പര്യം കൊണ്ട് എല്ലാറ്റിനും ജീവൻ നൽകുന്നു. എന്നിങ്ങനെയുള്ള ചിന്തകളാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്.

▶ കാവ്യശാസ്ത്രത്തെക്കുറിച്ചുള്ള കൃതി വെൻഫു

ഇതുവരെ പറയപ്പെട്ടതും എഴുതപ്പെട്ടതുമായ എല്ലാറ്റിനെയും കവി പഠിക്കുന്നു. ക്ലാസിക്കുകളുടെ മാധുര്യം നുണയുന്നു. ഉത്തേജനത്തിന്റെ അരുവികളിൽ മുങ്ങി സ്വർഗപാതാളങ്ങൾക്കിടയിലൂടെ അയാൾ ഒഴുകുന്നു. അപ്പോഴാണ് ചൂണ്ടയിൽ പിടയുന്ന മത്സ്യം പോലെ അഗാധതങ്ങളിൽ നിന്ന് വാക്കുകൾ പുറപ്പെടുന്നത്. കലാവിദ്യകളുടെ സൂക്ഷ്മതകൾ എയ്തുവീഴുന്ന പറവകളെപ്പോലെയാണ് അയാളിലേക്ക് ഇറങ്ങിവരുന്നത്. നൂറ് തലമുറകൾ ഉപയോഗിച്ചിട്ടില്ലാത്ത വാക്കുകളുടെ ബിംബങ്ങളും താളങ്ങളുമാണ് യഥാർത്ഥ കവി ഉപയോഗിക്കുന്നത്. സാഹിത്യത്തിൽ പൂർണമായി വിരിഞ്ഞു കഴിഞ്ഞ പൂക്കളെ കവി ഒഴിവാക്കുന്നു. പകരം പുതിയ പ്രയോഗ സാധ്യതകളെയാണ് അയാൾ അന്വേഷിക്കുന്നത്.

▶ വാക്കുകളുടെ ബിംബങ്ങളും താളങ്ങളുമാണ് കവി ഉപയോഗിക്കുന്നത്

കവിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിർവ്വചനം ശ്രദ്ധേയമാണ്. തന്റെ പുള്ളികൾ കാണിച്ച് മറ്റു മൃഗങ്ങളെ ഇളക്കിമറിക്കുന്ന പുലിയെപ്പോലെയും ആഴങ്ങളിൽ നിന്ന് ഉയർന്ന് വന്ന് മേൽപ്പരപ്പിലെ പക്ഷികളെ ചിതറിക്കുന്ന വ്യാളിയെപ്പോലെയുമാകണം കവി. എഴുത്തുകാരൻ അനുവദിക്കുന്ന അഹ്ലാദം ഋഷിയുടെ ആഹ്ലാദമാണെന്നും വികാരവും യുക്തിയും രണ്ടെല്ലെന്നും അദ്ദേഹം പറയുന്നുണ്ട്.

▶ വികാരവുയുക്തിയും രണ്ടല്ല

## ഹൈക്കുവിലെ (Haiku) സൗന്ദര്യ സങ്കല്പം

ആധുനിക അർത്ഥത്തിലുള്ള സാഹിത്യ സമീപനങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിനു മുൻപ് ജപ്പാനിൽ ഉണ്ടായിരുന്നില്ല. എന്നാൽ അടിസ്ഥാനപരമായ ചില സൗന്ദര്യ സങ്കല്പങ്ങൾ ജപ്പാനുണ്ടായിരുന്നു. ഈ ചിന്തയുടെ അടിസ്ഥാനത്തിൽ ജീവിതത്തെയും സാഹിത്യത്തെയും അവർ നോക്കിക്കണ്ടിരുന്നു. ഹൈക്കു ഒരു ജാപ്പനീസ് കാവ്യ രൂപമാണ്. ചെറു കവിതകൾക്ക് മസാവോക ഷികി (Masaoka Shiki) ആണ് ഹൈക്കു എന്ന പേര് നൽകിയത്. പ്രധാനമായും മൂന്ന് വരിയിലാണ് ഹൈക്കു കവിതകൾ എഴുതുന്നത്. ഇംഗ്ലീഷിലെ ഹൈക്കുവിനു മറ്റു ഭാഷകളിലെ ഹൈക്കുവിനും വ്യത്യസ്ത ശൈലികളും പാരമ്പര്യവുമാണുള്ളത്. ഹൈക്കുവിന്റെ യഥാർത്ഥ ശൈലി പിന്തുടരുന്നത് ജാപ്പനീസ് സാഹിത്യമാണ്. ജാപ്പനീസ് ഹൈക്കു ഒറ്റവരിയിലാണ് എഴുതുന്നത്. ചിന്തയുടെ പ്രവാഹത്തെ ഹ്രസ്വമായി അവതരിപ്പിക്കുകയാണ് ഹൈക്കു കവിതകൾ. ആശയത്തെ മിഴിവുറ്റ രീതിയിൽ അവതരിപ്പിക്കുന്നതുകൊണ്ട്, ലളിതമായ വായനകൾക്ക് ഹൈക്കു കവിതകൾ വിധേയമാകാറില്ല. നിഗൂഢമായ അർത്ഥതലങ്ങൾ ഇത്തരം കവിതയുടെ സവിശേഷതയാണ്. പലപ്പോഴും യുക്തിയെ ചോദ്യം ചെയ്യുന്ന വിധത്തിലായിരിക്കും ഹൈക്കു കവിതകളുടെ രചനാരീതി.

▶ ഹൈക്കു ഒരു ജാപ്പനീസ് കാവ്യ രൂപമാണ്

കലയെയും സംസ്കാരത്തെയും സംബന്ധിച്ച് ചില അടിസ്ഥാന കാര്യങ്ങൾ ജാപ്പനീസ് സൗന്ദര്യ ശാസ്ത്രം മുന്നോട്ട് വയ്ക്കുന്നുണ്ട്. മോണോ നൊ അവാരെ (mono no aware), വബി സബി (wabi sabi ), മാ (Ma) എന്നിവയാണവ. മോണോ നൊ അവാരെ എന്നത് നശ്വരതയിലും പരിണാമത്തിലുമുള്ള സൗന്ദര്യമാണ്. വബി സബി പരുക്കനും പ്രാകൃതികവുമായ സൗന്ദര്യമാണ്. മാ രൂപരഹിതമായതിലും ആവ്യഖ്യേയമായതിലുമുള്ള സൗന്ദര്യമാണ്. പരുപരുക്കനായതിനെയെല്ലാം മിനുസപ്പെടുത്താമെന്നാണ് ഈ സൗന്ദര്യ സങ്കല്പം മുന്നോട്ട് വച്ച ആശയം. പതിമൂന്നാം നൂറ്റാണ്ടോടെ സെൻ ബുദ്ധിസത്തിന്റെ സമീപനം ഈ സൗന്ദര്യ ശാസ്ത്രത്തെ സ്വാധീനിച്ചു. നിലവിലുള്ള കാഴ്ചപാടുകളെ അത് പുനർ വ്യാഖ്യാനിക്കുകയും പുതിയവ കൂട്ടിച്ചേർക്കുകയും ചെയ്തു.

▶ സെൻ ബുദ്ധിസത്തിന്റെ സമീപനം

## ബാഷോ

ഹൈക്കു കവിതകളുടെ വിശുദ്ധനായി അറിയപ്പെടുന്ന കവിയാണ് ബാഷോ. ക്ലാസിക്കൽ ജാപ്പനീസ് സാഹിത്യത്തിലെ ഏറ്റവും ശ്രദ്ധേയനായ വ്യക്തിയാണ് ബാഷോ. ഇദ്ദേഹത്തെ ദൈവമായി ആരാധിക്കുന്നവരുമുണ്ട്. ജാപ്പനീസ് സൗന്ദര്യ ശാസ്ത്രത്തിന്റെ പ്രയോക്താക്കളിൽ ഒരാളായി ഇദ്ദേഹം അറിയപ്പെടുന്നു. വബി സബി എന്ന സൗന്ദര്യ സങ്കല്പത്തെയാണ് തന്റെ കവിതകളിലൂടെ അദ്ദേഹം

മുന്നോട്ട് വച്ചത്. ഗ്രാമീണം, ശൂന്യം, പഴക്കമുള്ളത്, പാകമായത് എന്നിങ്ങനെയുള്ള അർത്ഥമാണ് സബി എന്ന വാക്കിനുള്ളത്. പ്രശാന്തത, ഏകാന്തത തുടങ്ങിയ വ്യക്തി ഗുണങ്ങളായും ബാഷോ തന്റെ കവിതയിൽ അതിനെ മാറ്റിത്തീർത്തു. എല്ലാ കലകളിലും ഒരേ തത്വമാണ് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ വാദം. അദ്ദേഹത്തിന്റെ പ്രധാന കൃതിയാണ് യാത്ര. സെൻ ബുദ്ധിസത്തിന്റെ സൗന്ദര്യ സങ്കല്പം 'യാത്ര'യിൽ പ്രകടമാണ്. ആവിഷ്കരണവും ഉള്ളടക്കവും ഒരു പോലെ കവിതയിൽ പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ തവള എന്ന കവിത ശ്രദ്ധിക്കുക

പുരാതനമായകുളം
ഒരു തവള
കുളത്തിൽ തുള്ളിക്കളിക്കുന്നുണ്ട്
ജലകുമിളകൾ

സാധാരണമായതിൽ സൗന്ദര്യം കാണുന്ന സമീപനമാണിത്. അതേ സമയം അത് പ്രാചീനതയെ പ്രകടമാക്കുകയും ചെയ്യുന്നു. ഇമേജിസ്റ്റ് കവികളെ അദ്ദേഹത്തിന്റെ രചനാ ശൈലി സ്വാധീനിച്ചിരുന്നതായി കാണാം.

▶ വബി സബി എന്ന സൗന്ദര്യ സങ്കല്പം

## ലാറ്റിനമേരിക്കൻ വിമർശനം

യൂറോപ്യൻ അധിനിവേശം ആദ്യമായി നടക്കുന്നത് അമേരിക്കൻ ഭൂഖണ്ഡത്തിലാണ്. പ്രാദേശികമായ ഭാഷയെയും സംസ്കാരത്തെയും ഇല്ലായ്മ ചെയ്തുകൊണ്ടാണ് അധിനിവേശം സംഭവിച്ചത്. തെക്കെ അമേരിക്കയിൽ പോർച്ചുഗലും സ്പെയിനുമാണ് അധിനിവേശം സ്ഥാപിച്ചത്. ഇപ്പോൾ ബ്രസീലിൽ പോർച്ചുഗീസ് ഭാഷയും മറ്റു അമേരിക്കൻ രാജ്യങ്ങളിൽ സ്പാനിഷ് ഭാഷയുമാണ് നിലനിൽക്കുന്നത്. ലാറ്റിനമേരിക്കയുടെ സാഹിത്യത്തെയെന്നപ്പോലെ സാഹിത്യസിദ്ധാന്തങ്ങളെയും സാംസ്കാരിക സമീപനങ്ങളെയും അധിനിവേശം സ്വാധീനിച്ചു. യൂറോപ്യൻ ആധുനികതയ്ക്ക് നേരെ ശക്തമായ വിമർശനം എല്ലാ വിജ്ഞാന മേഖലകളിലും പ്രത്യേകിച്ച് തെക്കേ അമേരിക്കയിൽ നിന്നും ഉയർന്നു വരികയുണ്ടായി യൂറോപ്യൻ ആധുനികതയ്ക്ക് നേരെ ലാറ്റിനമേരിക്കൻ ചിന്തകർ മുന്നോട്ട് വച്ച വിമർശനം മൂന്നാംലോകത്ത് പൊതുവെ ബാധകമായി കാണാം.

▶ ലാറ്റിനമേരിക്കയുടെ സാഹിത്യത്തെയും സാഹിത്യസിദ്ധാന്തങ്ങളെയും അധിനിവേശം സ്വാധീനിച്ചു

## എൻറിക് ഡുസ്സെൽ (Enrique Dussel)

ലാറ്റിനമേരിക്കയിലെ പ്രശസ്തനായ ചരിത്രകാരനും തത്വ ചിന്തകനും ദൈവശാസ്ത്ര പണ്ഡിതനുമാണ് എൻറിക് ഡുസ്സെൽ. 1934-ൽ ജനിച്ച അദ്ദേഹം 2023 നവംബർ 5ന് അന്തരിക്കുകയുണ്ടായി. വിമോചനത്തിന്റെ തത്വചിന്ത, അധാർമ്മികത, രാഷ്ട്രീയ സമ്പദ്വ്യവസ്ഥ, ദൈവശാസ്ത്രം, ചരിത്രം എന്നിവ ഉൾപ്പെടെ നിരവധി മേഖലകളിൽ ശ്രദ്ധേയ സംഭാവനകൾ നല്കി. Philosophy of Liberation, The Underside Of Modernity ,The Invention Of Americans, The Pedagogics Of Liberation, A Latin American Philosophy of Education എന്നിവയാണ് പ്രധാന കൃതികൾ. യുറോപ്യൻ ആധുനികതാ സങ്കല്പങ്ങളെ പൊളിച്ചെഴുതുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ. വിമോചന തത്വശാസ്ത്രത്തിന്റെ ചിന്തകൾ ലാറ്റിനമേരിക്കയെ ഏറെ സ്വാധീനിക്കുക

യുണ്ടായി. കൊളോണിയലിസം, സാമ്രാജ്യത്വം, ആഗോളവൽക്കരണം, വംശീയത, ലിംഗവിവേചനം എന്നിവയെ വിമർശനാത്മകമായി പരിശോധിക്കാൻ വിമോചന ദൈവശാസ്ത്രം സഹായിക്കുന്നു. ഇത് യുറോ-അമേരിക്കൻ തത്വചിന്തയ്ക്ക് ഒരു വെല്ലുവിളിയായിരുന്നു. Philosophy of Liberation എന്ന കൃതി ഡുസ്സെൽ നടത്തിയ ആറ് പ്രഭാഷണങ്ങളുടെ സമാഹാരമാണ്. ഈ കൃതിയുടെ വികസിതമായ രണ്ടാം പതിപ്പാണ് 'എത്തിക്സ് ആൻഡ് ദി തിയോളജി ഒഫ് ലിബ്രേഷൻ' ലാറ്റിനമേരിക്കയുടെ ചരിത്രത്തെ കുറിച്ചുള്ള ഒരവബോധം പകർന്നു നൽകാൻ ഈ കൃതി സഹായിക്കുന്നുണ്ട്. ക്രിസ്ത്യൻ സിദ്ധാന്തങ്ങളും സോഷ്യലിസവും തമ്മിലുള്ള പൊരുത്തം ഈ കൃതിയിൽ ചർച്ച ചെയ്യുന്നു.

- യുറോപ്യൻ ആധുനികതാ സങ്കല്പങ്ങളെ പൊളിച്ചെഴുതുന്നു

ആധുനികതയെക്കുറിച്ച് വ്യത്യസ്തമായ വീക്ഷണമാണ് ഡുസ്സെൽ മുന്നോട്ട് വയ്ക്കുന്നത്. കാന്റും ഹെഗല്ലുമെല്ലാം ആധുനികതയെ നിർവ്വചിച്ചത് യുറോ കേന്ദ്രിതമാണ്. മറ്റു സമൂഹങ്ങളെ അപക്വമായ സമൂഹങ്ങളായാണ് യൂറോപ്പ് കണ്ടത്. യുറോപ്യൻ സംസ്കാരം ഏറ്റവും വികസിച്ചതും മികച്ചതുമായി കരുതുന്നു. യുറോപ്യൻ ആധുനികത കോളനിവാസി, അടിമ, സ്ത്രീ, നശിക്കപ്പെടുന്ന ഭൂമി എന്നിവയെ നിർമ്മിക്കുന്നതായി അദ്ദേഹം കണ്ടെത്തി. പരിഷ്ക്കാരത്തെ എതിർക്കുന്നത് കുറ്റകൃത്യമായി ഇവർ കരുതുന്നു. ദരിദ്രരുടെ മേൽ യാതനയും ബലിയും യുറോപ്യൻ ആധുനികത അടിച്ചേൽപ്പിക്കുന്നു. ആധുനികതയുടെ അക്രമാസക്തമായ പ്രവണതകളെ അദ്ദേഹം രൂക്ഷമായി വിമർശിച്ചു.

- ആധുനികതയെക്കുറിച്ച് വ്യത്യസ്തമായ വീക്ഷണം

## ആഫ്രിക്കൻ സാഹിത്യ ചിന്തകൾ

ആഫ്രിക്കൻ സാഹിത്യം, ഭാഷകൾ, സംസ്കാരങ്ങൾ, അനുഭവസമ്പത്ത് എന്നിവയുടെ ബഹുസ്വരതകൊണ്ട് സമ്പന്നമായ ഒരു സാഹിത്യപാരമ്പര്യം ആഫ്രിക്കയ്ക്കുണ്ട്. വാമൊഴിഘട്ടം മുതൽ പോസ്റ്റ് കൊളോണിയൽ സാഹിത്യവിചാരം വരെ അത് പടർന്നു കിടക്കുന്നു. അതിന്റെ സങ്കീർണവും ഊർജ്ജസ്വലവും വൈവിധ്യപൂർണവുമായ പ്രകൃതിയോടും പാരമ്പര്യത്തോടും ചേർന്നു നിൽക്കുന്നു. യാഥാർത്ഥ്യങ്ങളാണ് ആഫ്രിക്കൻ സാഹിത്യം ചിത്രീകരിച്ചത്. കൊളോണിയലിസത്തിൽ നിന്നുള്ള മോചനത്തിനുള്ള ആഗ്രഹം ജനതയുടെ മനസ്സിൽ സൃഷ്ടിക്കാനുള്ള പ്രേരണ ആഫ്രിക്കൻ സാഹിത്യം മുന്നോട്ട് വയ്ക്കുന്നുണ്ട്. നാനാവിധ കാരണങ്ങളാൽ അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ തീവ്രമായ ജീവിതാവിഷ്ക്കാരമായിരുന്നു ആഫ്രിക്കൻ സാഹിത്യം. ആഫ്രിക്കൻ സാഹിത്യം ഇന്ന് ലോക ശ്രദ്ധ നേടിയിട്ടുണ്ട്. ധാരാളം സ്ത്രീ എഴുത്തുകാരും ഇവിടെയുണ്ട്. കോളനിവൽക്കരണാനന്തര സാഹിത്യം കൂടുതൽ വൈവിധ്യ പൂർണമായ പ്രമേയങ്ങളെ സ്വീകരിച്ചു തുടങ്ങി. ഭൂതകാലവും വർത്തമാനവും പാരമ്പര്യവും ആധുനികതയും രാഷ്ട്രീയവും വികസനവും പരിസ്ഥിതിയും എന്നിങ്ങനെ അനവധി പ്രശ്നങ്ങൾ ആഫ്രിക്കൻ സാഹിത്യം ഇന്ന് ചർച്ച ചെയ്യുന്നുണ്ട്.

- യാഥാർത്ഥ്യങ്ങളാണ് ആഫ്രിക്കൻ സാഹിത്യം ചിത്രീകരിച്ചത്

അപരിഷ്കൃതരുടെ ഇരുണ്ട ഭൂഖണ്ഡമെന്നാണ് ഒരുകാലത്ത് ആഫ്രിക്കയെ യൂറോപ്യന്മാർ വിശേഷിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് ആ സ്ഥിതിയാകെ മാറി. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാഹിത്യപുരസ്കാരങ്ങളെല്ലാം ആഫ്രിക്കക്കാർ സ്വന്തമാക്കിയിരിക്കുന്നു. ആഫ്രിക്കൻ എഴുത്തുകാരുടെ കൃതികൾ ഇപ്പോൾ യൂറോപ്പിൽ വ്യാപകമായി വായി

> ▶ കോളനി ഭരണത്തിൽ നട്ടെല്ലു വളഞ്ഞു നിൽക്കുന്ന ആഫ്രിക്കൻ ജനത

ക്കപ്പെടുന്നു. കോവിഡ് മഹാമാരിക്കാലത്ത് വീട്ടിലിരുന്നവർ കൂടുതലായും വായിച്ചത് ആഫ്രിക്കൻ എഴുത്തുകാരുടെ പുസ്തകങ്ങളായിരുന്നു. ബ്രിട്ടീഷ് - ഫ്രഞ്ച് - പോർച്ചുഗീസ് തുടങ്ങിയ രാജ്യങ്ങളിലെ വെള്ളക്കാർ ക്രൂരമായി അധിനിവേശം നടത്തിയിരുന്ന കാലത്ത് രാഷ്ട്രീയത്തെക്കുറിച്ചും അപകോളനീകരണത്തെക്കുറിച്ചുമാണ് ആഫ്രിക്കക്കാർ കൂടുതലായി എഴുതിയിരുന്നത്. രാജ്യങ്ങൾ സ്വതന്ത്രമായതിനാൽ ഇപ്പോൾ കൂടുതൽ വിശാലമായ കാര്യങ്ങളെക്കുറിച്ച് ആഫ്രിക്കക്കാർ എഴുതുന്നു. ആഫ്രിക്കൻ സാഹിത്യത്തിൽ ഇപ്പോൾ കൂടുതൽ പരീക്ഷണങ്ങൾ നടക്കുന്നു. പരിസ്ഥിതിയും ഭാവിയും വിഷയമാവുന്ന രചനകൾ വരുന്നുണ്ട്. ആധുനിക ആഫ്രിക്കൻ സാഹിത്യത്തിൽ ഏറ്റവും കൂടുതൽ വായിക്കുക പ്രശസ്ത നൈജീരിയൻ നോവലിസ്റ്റും കവിയും പ്രൊഫസറും ആയ ചിന്നുഅച്ചബെയുടെ(Chinnu Acheba) കൃതികളാണ്. അവ കൊളോണിയലിസം, പരമ്പരാഗത ആഫ്രിക്കൻ സംസ്കാരം, പാരമ്പര്യവും ആധുനികതയും തമ്മിലുള്ള ഏറ്റുമുട്ടലുകൾ തുടങ്ങിയ മൗലികതയോടെ വിശകലനം ചെയ്യുന്നു. കൊളോണിയൻ കാലഘട്ടത്തിലെ ജീവിത പ്രശ്നങ്ങൾ കൃത്യമായി അവതരിപ്പിച്ച ആദ്യകൃതി ചിനു അച്ചബെയുടെ(Chinua Achebe) 'Things Fall Apart' ആണ്. ബ്രിട്ടന്റെ കോളനി ഭരണത്തിൽ നട്ടെല്ലു വളഞ്ഞു നിൽക്കുന്ന ആഫ്രിക്കൻ ജനതയുടെ ഉയർത്തെഴുന്നേല്പിന്റെ കാഹളശബ്ദമാണ് അദ്ദേഹത്തിന്റെ കൃതികൾ. ആഫ്രിക്കൻ ജനതയുടെ ശാപമായ അസ്ഥിരഭരണകൂടങ്ങളും അത് ജനജീവിതത്തെ ദുരിതക്കടലിൽ ആഴ്ത്തുന്നതും അദ്ദേഹത്തിന്റെ കൃതികളിലെ പ്രധാന പ്രമേയമാണ്. ഏകാധിപത്യം എവിടെയൊക്കെ ഉണ്ടാകുന്നുവോ അവിടെയെല്ലാം സ്വാതന്ത്ര്യം ഹനിക്കപ്പെടുമെന്നും ഏകാധിപതികൾക്ക് എന്നും എവിടെയും ഒരേ മുഖവും ശബ്ദവുമാണെന്ന് 'പുൽമേട്ടിലെ ചിതൽപുറ്റുകൾ' എന്ന നോവലിൽ അദ്ദേഹം പറയുന്നുണ്ട്. കങ്കൺ എന്ന സാങ്കല്പിക വെസ്റ്റ് ആഫ്രിക്കൻ രാജ്യത്ത് നടക്കുന്ന സംഭവപരമ്പരകളാണ് ഈ നോവലിൽ അവതരിപ്പിക്കുന്നത്. അധികാരം ഭരണാധികാരികളെ ദുഷിപ്പിക്കുന്നു എന്ന ആശയമാണ് നോവലിൽ പ്രധാന പ്രമേയമായി വരുന്നത്. മാനുഷിക മൂല്യങ്ങൾക്ക് വിലയില്ലാത്ത കാലത്തെയാണ് ഈ നോവൽ അടയാളപ്പെടുത്തുന്നത്. ഈ നിലയിൽ പ്രതിരോധവും പ്രതിഷേധവും തീർത്തു കൊണ്ട് ആഫ്രിക്കൻ സാഹിത്യം മുന്നോട്ടു പോകുന്നു. 2021 ൽ നോബൽ സമ്മാനം നേടിയ അബ്ദുൽ റസാഖ് ഗൂർണയുടെ കൃതികൾ യൂറോപ്പിൽ ആകമാനം വായിക്കപ്പെടുന്ന രചനകളാണ്.

> ▶ അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ തീവ്രമായ ജീവിതാവിഷ്ക്കാരം

## വോൾ സോയിങ്ക (Wole Soyinka)

> ▶ മിത്തും സാഹിത്യവും ആഫ്രിക്കൻ ലോകവും എന്ന കൃതിയിൽ ആഫ്രിക്കൻ നാടകവേദിയുടെ തനിമയും പ്രത്യേകതയും വിവരിക്കുന്നു

സ്റ്റോക്ക് ഹോം ആദരിച്ച ആദ്യത്തെ ആഫ്രിക്കൻ എഴുത്തുകാരനാണ് വോൾ സോയിങ്ക. 1986ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം അദ്ദേഹത്തിനു ലഭിച്ചു. ഈ പുരസ്ക്കാരത്തിന് അർഹനാകുന്ന ആദ്യത്തെ ആഫ്രിക്കകാരനാണ് അദ്ദേഹം. നൈജീരിയയുടെ രാഷ്ട്രീയ ചരിത്രത്തിലും ബ്രട്ടീഷ് കോളോണിയൽ ഭരണത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തിനായുള്ള പ്രചാരണത്തിലും അദ്ദേഹം സജീവമായ പങ്ക് വഹിച്ചു. ആഫ്രിക്കൻ നാടകരംഗത്തെ കുറിച്ച് അദ്ദേഹം ഗവേഷണം നടത്തി. അദ്ദേഹത്തിന്റെ 'മൈ ഫാദേഴ്സ് ബർഡൻ' എന്ന നാടകം പ്രശസ്തമായിരുന്നു. നൈജീരിയൻ ടെലിവിഷനിൽ സംപ്രേഷണം ചെയ്ത ആദ്യത്തെ സമ്പൂർണ്ണ നാടകം ഇതായിരുന്നു. അദ്ദേഹം എഴുതിയ

‘മിത്തും സാഹിത്യവും ആഫ്രിക്കൻ ലോകവും’ (Myth, Literature and the African World) എന്ന കൃതിയിൽ ആഫ്രിക്കൻ നാടകവേദിയെയും ആഫ്രിക്കൻ സംസ്കാരത്തെയും സംബന്ധിച്ച് തന്റെ കാഴ്ചപ്പാടുകൾ മുന്നോട്ടു വയ്ക്കുന്നുണ്ട്. ആഫ്രിക്കൻ നാടകവേദിയുടെ തനിമയെയും പ്രത്യേകതയെയും കുറിച്ചാണ് ഈ പുസ്തകത്തിൽ പറയുന്നത്.

‘ഭൂമിയിലെ ഏറ്റവും സന്തോഷമുള്ള ആളുകളുടെ ദിനാവൃത്താന്തം’(Chronicles From the Land of the Happiest People on Earth) അദ്ദേഹത്തിന്റെ ശ്രദ്ധേയമായ നോവലാണ്. ഒരു കൊലപാതക രഹസ്യത്തിന്റെ ഘടകങ്ങൾ ഉൾകൊള്ളിച്ചിട്ടുള്ള രാഷ്ട്രീയ ആക്ഷേപ ഹാസ്യമാണ് ‘ക്രോണിക്കിൾസ്’ എന്ന കൃതി. ‘ആലീസ് ഇൻ വണ്ടർലാണ്ട്’ പോലെയുള്ള ആധുനിക ശക്തിയുടെയും വഞ്ചനയുടെയും ഘടകങ്ങളെ സംയോജിക്കുന്ന ഒരു നോവലാണിത്. ഈ നോവലിൽ നൈജീരയ്ക്കുവേണ്ടി നിലകൊള്ളുകയാണ് രചയിതാവ്. വ്യക്തിപരവും ധാർമ്മികവും സാമൂഹികവുമായ പല ചോദ്യങ്ങളും ഈ കൃതിയിൽ സോയിങ്ക ഉന്നയിക്കുന്നുണ്ട്. അധികാരവും അത്യാഗ്രഹവും എങ്ങനെയാണ് ഒരു രാജ്യത്തിന്റെ ആത്മാവിനെ ദുഷിപ്പിക്കുന്നത് എന്നതിനെക്കുറിച്ചുള്ള ഒരു കറുത്ത ആക്ഷേപ ഹാസ്യമാണ് ഈ നോവൽ. കവിത, നാടകങ്ങൾ, ഓർമ്മക്കുറിപ്പുകൾ, ഉപന്യാസങ്ങൾ എന്നിങ്ങനെ പല വിഭാഗങ്ങളിലായി അദ്ദേഹത്തിന്റെ കൃതികൾ വ്യാപിച്ചു കിടക്കുന്നു. അടിച്ചമർത്തപ്പെട്ടവന്റെ വേദനയും പ്രതികാരവും പ്രതിരോധവും ഒരു പോലെ ലയിച്ചു കിടക്കുന്ന അദ്ദേഹത്തിന്റെ കൃതികൾ ലോകമെങ്ങുമുള്ള വായനക്കാരുടെ പ്രശംസ നേടി കഴിഞ്ഞിട്ടുണ്ട്. വേദനിക്കുന്ന മനസ്സിൽ നിന്നും പ്രതിരോധത്തിന്റെ വസന്തങ്ങൾ ഉണ്ടാകുമെന്ന് അദ്ദേഹം പറയുന്നുണ്ട്. അപമാനിതന്റെ ഹൃദയമാണ് നല്ല സാഹിത്യത്തിന്റെ ഇടമെന്ന അദ്ദേഹത്തിന്റെ വാക്കുകൾ സാഹിത്യത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ നിരീക്ഷണങ്ങളിൽ ഒന്നാണ്.

> ▶ അടിച്ചമർത്തപ്പെട്ടവന്റെ വേദനയും പ്രതികാരവും പ്രതിരോധവും

## നെഗ്രിറ്റ്യൂഡ് (Negritude)

നെഗ്രെ എന്ന ഫ്രഞ്ച് പദത്തിൽ നിന്നാണ് നെഗ്രിറ്റ്യുഡ് എന്ന പദത്തിന്റെ ഉല്പത്തി. 1930 കൾ മുതൽ 1960 കൾ വരെ നീണ്ടു നിൽക്കുന്ന കറുത്തവരുടെ സാഹിത്യ പ്രസ്ഥാനത്തെയും കലാ സമീപനങ്ങളെയുമാണ് നെഗ്രിറ്റ്യുഡ് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. പാരീസാണ് ഈ പ്രസ്ഥാനത്തിന് അടിത്തറ നൽകിയത്. കൊളൊണിയൽ ഭരണത്തിനു കീഴിലായിരുന്ന അഫ്രിക്കയിലെയും കരീബിയയിലെയും പ്രവാസികളായ സാഹിത്യകാരന്മാർ പാരീസിൽ വച്ചാണ് ഇത് രൂപീകരിച്ചത്. കൊളൊണിയലിസത്തിനും വർണ്ണ വിവേചനത്തിനും വിധേയമായ കറുത്തവരുടെ സ്വത്വബോധത്തെയാണ് ഈ പ്രസ്ഥാനം പ്രതിനിധീകരിച്ചത്. നീഗ്രോ എന്ന് വിളിച്ച് അപമാനിക്കുന്നതിനോടുള്ള പ്രതികരണമായിരുന്നു നെഗ്രിറ്റ്യൂഡ് എന്ന ആശയം. ഈ പദം ആദ്യമായി ഉപയോഗിച്ചത് സിസെയറാണ്. അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ കൃതിയായ ‘മാതൃഭൂമിയിലേക്കുള്ള മടക്കത്തെക്കുറിച്ചുള്ള കുറിപ്പുകൾ’ എന്ന കവിതയിലാണ് ഈ പദം ആദ്യം പ്രയോഗിച്ചത്. പ്രതിരോധത്തിന്റെ ഒരു തന്ത്രം എന്ന നിലയിലായിരുന്നു ഇതിന്റെ പ്രയോഗം. ആഫ്രിക്കൻ സംസ്കാരം പ്രാകൃതമാണെന്ന കാഴ്ചപാടിനോടുള്ള വെല്ലുവിളിയായിരുന്നു സിസെയറിന്റെ രചനകൾ. ഇതിന്റെ ഫലമായി

> ▶ നെഗ്രിറ്റ്യൂഡ് എന്ന പദം ആദ്യം ഉപയോഗിച്ചത് സിസെയർ

‘കറുത്ത വിദ്യാർത്ഥി‘ എന്ന പേരിൽ ഒരു മാസികയും പ്രസിദ്ധീകരിച്ചിരുന്നു. കവിതയും നാടകവും നോവലുമുൾപ്പെടെ എല്ലാ സാഹിത്യ ശാഖകളെയും ഈ പ്രസ്ഥാനം സ്വാധീനിച്ചു. കൊളൊണിയലിസത്തിനെതിരായ എതിർപ്പ്, യൂറോപ്പിലെ മനുഷ്യത്വമില്ലായ്മയെ അപലപിക്കുക പാശ്ചാത്യ ആധിപത്യത്തെയും ആശയങ്ങളെയും നിരാകരിക്കുക എന്നിവയാണ് ഈ പ്രസ്ഥാനം മുന്നോട്ട്വച്ച പ്രധാന ആശയങ്ങൾ. കറുത്ത വർഗ്ഗക്കാർക്ക് അഭിമാനബോധമുണ്ടെന്നും അത് ആഫ്രിക്കൻ ചരിത്രത്തിന്റെ ഭാഗമാണെന്നും ഇവർ വാദിച്ചു. വംശീയതയ്ക്കും കൊളോണിയൽ അനീതിയ്ക്കുമെതിരെയുള്ള ശക്തമായ സാഹിത്യ പ്രസ്ഥാനമായിരുന്നു നെഗ്രിറ്റ്യൂഡ്. സോയിങ്കയെപ്പോലെയുള്ള എഴുത്തുക്കാർ ഈ പ്രസ്ഥാനത്തിലെ തനിമാവാദത്തെ വിമർശിച്ചിരുന്നു. എന്നാൽ വിമർശകരുൾപ്പെടെയുള്ള ആഫ്രിക്കയിലെയും അമേരിക്കയിലെയും കറുത്ത വർഗ്ഗക്കാരുടെ ചിന്തകളിൽ നെഗ്രിറ്റ്യൂഡ് ശക്തമായ സ്വാധീനം ചെലുത്തുകയുണ്ടായി.

- വംശീയതയ്ക്കും കൊളോണിയൽ അനീതിയ്ക്കുമെതിരെയുള്ള പ്രതികരണം

അധിനിവേശ ശക്തികൾ അടിച്ചമർത്തിയ കറുത്തവർഗ്ഗക്കാരന്റെ സ്വത്വപ്രഖ്യാപനമായിരുന്നു നെഗ്രിറ്റ്യൂഡ്. ഈ പ്രസ്ഥാനത്തിന്റെ ചരിത്രം ആഫ്രിക്കയുടെ രാഷ്ട്രീയ ചരിത്രം കൂടിയാണ്. മുതലാളിത്ത സ്വഭാവമുള്ള പാശ്ചാത്യർ നിരന്തരമായി ആഫ്രിക്കൻ ജനതയെ ചൂഷണം ചെയ്യുകയായിരുന്നു. ധാരാളം ആഫ്രിക്കക്കാർ സ്വന്തം നാട്ടിൽ നിന്നും പുറത്താക്കപ്പെട്ടു. പല യൂറോപ്പ്യൻ രാജ്യങ്ങളുടെയും കോളനിയായിരുന്നു ആഫ്രിക്ക. സ്വർണഖനികളായിരുന്നു ആഫ്രിക്കയുടെ പ്രധാന ആകർഷണം. ഭൗതിക ചൂഷണത്തോടൊപ്പം സാമൂഹികമായ ചൂഷണവും ആഫ്രിക്ക അനുഭവിച്ചു. വെള്ളക്കാരൻ അവന്റെ വെളുപ്പിൽ മുദിതനാണ്. കറുത്തവൻ അവന്റെ കറുപ്പിലും’ എന്ന ഫ്രാൻസ് ഫാനന്റെ (Francz Fanon) വാക്കുകൾ ഈ മാനസികാവസ്ഥയെ കൃത്യമായി അവതരിപ്പിച്ചു. വെളുത്തവനുമായുള്ള താരതമ്യത്തിൽ കറുത്തവർ ഒന്നിനും കൊള്ളാത്തവരായിമാറി. ഇതിനെതിരെയുള്ള ശക്തമായ ചിന്ത എന്ന നിലയിലാണ് നെഗ്രിറ്റ്യുഡ് പ്രസ്ഥാനത്തിന്റെ പ്രസക്തി. ഹെഗസിപ്പി ലെജിറ്റിമസ് (Hegesippe Legitimus) റെനെ ബൊയ്സ്ന്യൂഫ് (Rene Boinsueff ) ഗ്രാറ്റിൻ കാൻഡേയ്സ് (Gratein candace) തുടങ്ങിയവർ കറുത്തവൻ വെളുത്തവന് തുല്യനാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇത് വലിയൊരു മാറ്റത്തിന് കരണമായിത്തീർന്നു. 1921 – ൽ ‘നീഗ്രോ ആന്തോളജി’ യെന്ന പേരിൽ ബ്ലെയ്സ് സോദ്രാസ് സമാഹരിച്ചു. ആഫ്രിക്കൻ പുരാവൃത്തങ്ങളും നാടോടിക്കഥകളും കവിതകളും ആഫ്രിക്കക്കാരന്റെ വിശേഷജ്ഞാനം ലോകത്തെ ബോധ്യപ്പെടുത്തി. കൊളോണിയൽ ശക്തികളെ മനുഷ്യാവകാശങ്ങളുടെ മുൾമുനയിൽ നിർത്തിക്കൊണ്ട് വിചാരണചെയ്യുന്ന നോവലുകളും അക്കാലത്തുണ്ടായി. കൊളോണിയൽ ശക്തികൾക്കെതിരെയുള്ള ഈ പ്രസ്ഥാനം കറുത്തവർഗ്ഗക്കാരുടെ ആത്മവിശ്വാസത്തെ വർധിപ്പിച്ചു. ഒരു രാഷ്ട്രീയ സാമൂഹ്യപ്രസ്ഥാനമെന്ന നിലയിൽ ഈ പ്രസ്ഥാനത്തിന് പ്രസക്തിയുണ്ട്. പിൽക്കാലത്തുണ്ടായ പല രാഷ്ട്രീയ മുന്നേറ്റങ്ങൾക്കും ഇത് പ്രചോദനമായി. കറുത്തവന്റെ അഭിമാനബോധത്തിന്റെ മേൽവിലാസമായി നെഗ്രിറ്റ്യുഡ് പ്രസ്ഥാനം മാറി. കറുത്തവന്റെ ഉയർത്തെഴുന്നേൽപ്പ് ലക്ഷ്യമാക്കുന്ന ഏതെഴുത്തും ഇതിന്റെ പരിധിയിൽപ്പെടുന്നു.

- നെഗ്രിറ്റ്യൂഡ് പ്രസ്ഥാനത്തിന്റെ ചരിത്രം ആഫ്രിക്കയുടെ രാഷ്ട്രീയ ചരിത്രം കൂടിയാണ്

## മിത്തും സാഹിത്യവും

സാഹിത്യത്തിന്റെ ജനകീയതയ്ക്കും വിപുലമായ ആശയപ്രചരണത്തിനും മിത്തുകൾക്ക് വലിയ പ്രാധാന്യമുണ്ട്. വളരെ പ്രശസ്തമായ പല സാഹിത്യകൃതികളും രൂപപ്പെടുന്നതിന്റെ പിന്നിൽ മിത്തുകളുടെ സാന്നിധ്യമുണ്ട്. ഓരോ കൃതിയ്ക്കും അതിന്റേതായ പ്രാഗ് രൂപമുണ്ടെന്ന് നോർത്രോപ് ഫ്രൈ (Northrop Frye) പറയുന്നുണ്ട്. കൃതിയ്ക്ക് അതിന്റെ ആർക്കിടൈപ്പിനോടുള്ള ബന്ധം വിമർശകൻ അന്വേഷിച്ചറിയേണ്ടതുണ്ട്. സാഹിത്യത്തിൽ മിത്തുകളുടെ സ്വാധീനത്തെ മിത്തീകരണം (mythologizing) എന്നാണ് നോർത്രോപ് പറയുന്നത്. ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി സാഹിത്യസൃഷ്ടികളിൽ മിത്തുകൾ സ്വാധീനം ചെലുത്താറുണ്ട്. ചോസർ(Chaucer), ഷേക്സ്പിയർ(Shakespeare), ദാന്തേ(Dante), ജോൺ മിൽട്ടൻ(John Milton), അലക്സാണ്ടർ പോപ്പ് (Alexander Pope), പി. ബി. ഷെല്ലി (P.B Shelly), ജയിംസ് ജോയ്സ്(James Joyce) തുടങ്ങിയ ലോകപ്രശസ്തരായ എഴുത്തുകാരെല്ലാം മിത്തുകളെ ആശ്രയിച്ച് രചന നടത്തിയവരാണ്. ഷേക്സ്പിയർ എഴുതിയ വീനസും അഡോണിസും(Venus and Adonis) യവനപുരാണവൃത്തത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ രചനയാണ്. ദാന്തെയുടെ ഡിവൈൻ കോമഡിയും(Divine Comedy) ഇതേ പശ്ചാത്തലത്തിൽ എഴുതിയ കൃതിയാണ്. ജോൺമിൽട്ടന്റെ പാരഡൈസ് ലോസ്റ്റ്(Paradise Lost) മനുഷ്യന്റെ പതനം ചിത്രീകരിക്കുന്ന ഒരു ക്രൈസ്തവ കാവ്യമാണെങ്കിലും ഒരു വീരേതിഹാസത്തിന്റെ മട്ടിലാണ് മിൽട്ടൻ അത് അവതരിപ്പിച്ചത്. ജയിംസ് ജെയ്സിന്റെ 'യുലിസസ്'(Ulysses) മിത്തോളജിയെ പുതിയൊരു രീതിയിൽ അവതരിപ്പിച്ചു. ഒഡീസിയുടെ(Odyssey) പുരാവൃത്തത്തിൽ നിന്നുകൊണ്ട് അതിന് സമാന്തരമായി കഥാപാത്രങ്ങളെ നിർമ്മിക്കുകയായിരുന്നു ജയിംസ് ജോയ്സ്. ഇതിലെ കഥാപാത്രങ്ങളെല്ലാം തന്നെ ഒഡീസിയിലെ കഥാപാത്രങ്ങളുടെ പ്രതിഫലനങ്ങളാണ്. ഷേക്സ്പിയറുടെ റോമിയോ ആന്റ് ജൂലിയറ്റിൽ(Romeo and Juliet)സൂര്യനെ ഫോബസ് എന്നാണ് വിളിക്കുന്നത്. ഫോബസ് യവന പുരാവൃത്തങ്ങളിലെ സൂര്യദേവനാണ്. വാസ്തവത്തിൽ എല്ലാ മഹത്തായ സൃഷ്ടികളും പുരാവൃത്തങ്ങളോട് കടപ്പെട്ടിരിക്കുന്നു. കാളിദാസനെപ്പോലുള്ള ഭാരതീയ എഴുത്തുകാർ പുരാവൃത്തങ്ങളെ തങ്ങളുടെ ഉജ്ജ്വലമായ ഭാഷയിലൂടെയും ഭാവനയിലൂടെയും പുനരാവിഷ്കരിക്കാൻ ശ്രമിച്ചവരാണ്. ഇന്ത്യൻ സാഹിത്യത്തിന് മിത്തുകളും പാരമ്പര്യവും നൽകിയ സംഭാവനകൾ ചെറുതല്ല. അരുന്ധതി റോയ്, അമിതാവ് ഘോഷ്, സൽമാൻ റുഷ്ദി തുടങ്ങിയവരെല്ലാം പുരാവൃത്തത്തെ ശക്തമായി അവതരിപ്പിച്ചവരാണ്. ആധുനിക മലയാള സാഹിത്യത്തിലെ ഏറ്റവും ശക്തമായ കൃതി എന്നു വിശേഷിപ്പിക്കാവുന്ന ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിലും മിത്തിന്റെ സാന്നിധ്യം പ്രകടമാണ്. ബഷീറിന്റെ കൃതികളിൽ മിത്തുകൾ ഒരു സ്ഥിരം സാന്നിധ്യമാണ്. മഹാഭാരത കഥയ്ക്ക് പുതിയ മാനം നൽകിയ എം. ടി.യുടെ 'രണ്ടാമൂഴം', പി. കെ ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ' തുടങ്ങിയ കൃതികളും ഉദാഹരണമാണ്. ഒരു ജനതയുടെ ആദിമ സംസ്കാരത്തിന്റെ സവിശേഷതകളും പ്രത്യേകതകളും ഏതുകാലത്തും രചിക്കപ്പെടുന്ന സാഹിത്യകൃതികളിൽ പ്രത്യക്ഷപ്പെടുക സ്വാഭാവികമാണ്. എഴുത്തുകാരൻ അറിഞ്ഞോ അറിയാതെയോ ഇത് സംഭവിക്കുന്നുണ്ട്. ഉത്തരാധുനിക എഴുത്തിൽ പോലും മിത്തുകളു

- മിത്തുകളുടെ സ്വാധീനമാണ് മിത്തീകരണം

ടെ സാന്നിധ്യം പ്രകടമാണ്. പ്രമേയം എന്തുതന്നെയായാലും പുരാവൃത്തങ്ങൾക്ക് ഒരു സ്ഥാനം ആ കൃതികളിൽ ഉണ്ടായിരിക്കും.

## Summarised Overview

വൈവിധ്യമാർന്ന സംസ്കാരങ്ങളിലൂടെയുള്ള കവിതയുടെ പര്യവേക്ഷണം മനുഷ്യാനുഭവത്തിലേക്ക് ആഴത്തിലുള്ള ഉൾക്കാഴ്ച നൽകുന്നു. അറബി സാഹിത്യത്തിൽ, കവിതയിലെ ആധികാരികതയ്ക്കുള്ള അന്വേഷണം അൽഫറാബിയുടെയും അവസന്നയുടെയും (ഇബ്നു സീന) കൃതികളുമായി സങ്കീർണമായി ബന്ധപ്പെട്ടിരിക്കുന്നു. ആത്മാർത്ഥത, മൗലികത, വൈകാരിക അനുരണനം എന്നിവയുടെ പ്രാധാന്യം ഊന്നിപ്പറയുന്ന അവരുടെ സംഭാവനകൾ കാവ്യാത്മക ആവിഷ്കാരത്തിന്റെ സത്തയിലേക്ക് ആഴ്ന്നിറങ്ങുന്നു. അൽഫറാബിയുടെ ദാർശനിക അന്വേഷണങ്ങളും ഇബ്നു സീനയുടെ വൈദ്യശാസ്ത്രപരവും കാവ്യാത്മകവുമായ ഉൾക്കാഴ്ചകളും അറബി കവിതയിൽ അന്തർലീനമായ ആധികാരികതയെക്കുറിച്ചുള്ള സൂക്ഷ്മമായ ധാരണകൾ പ്രദാനം ചെയ്യുന്നു ഇത് ഭാവിയിലെ സാഹിത്യ വ്യവഹാരങ്ങളുടെ അടിസ്ഥാന തൂണുകളായി വർത്തിക്കുന്നു.

ചൈനീസ് സാഹിത്യ തത്വചിന്ത, ഉദാഹരണമായി ലൂജിയുടെ, സാഹിത്യത്തിന്റെ സ്വഭാവത്തെക്കുറിച്ചും സമൂഹത്തിൽ അതിന്റെ പങ്കിനെക്കുറിച്ചും സമ്പന്നമായ ഒരു ചിന്താധാര വാഗ്ദാനം ചെയ്യുന്നു. സാഹിത്യത്തിന്റെ പരിവർത്തന ശക്തിയിൽ ലൂജിയുടെ ഊന്നൽ, എഴുതപ്പെട്ട വാക്കിനോടുള്ള ആഴമായ ബഹുമാനത്തെയും സാംസ്കാരിക ബോധത്തെ രൂപപ്പെടുത്താനുള്ള അതിന്റെ കഴിവിനെയും പ്രതിഫലിപ്പിക്കുന്നു. അദ്ദേഹത്തിന്റെ സാഹിത്യ സിദ്ധാന്തങ്ങൾ സൗന്ദര്യശാസ്ത്രം, ഭാഷ, സാമൂഹിക മൂല്യങ്ങൾ എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ പരസ്പരബന്ധത്തെ പ്രകാശിപ്പിക്കുന്നു, ആഗോള സാഹിത്യ വ്യവഹാരം രൂപപ്പെടുത്തുന്നതിൽ ചൈനീസ് സാഹിത്യ പാരമ്പര്യങ്ങളുടെ ശാശ്വതമായ പ്രസക്തി അടിവരയിടുന്നു.

ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ സന്ദർഭങ്ങളിൽ, സാഹിത്യത്തിലെ ആധികാരികത എന്ന ആശയം സ്വത്വം, പ്രതിരോധം, സാംസ്കാരിക പൈതൃകം എന്നീ വിഷയങ്ങളുമായി ഇഴചേർന്നിരിക്കുന്നു. വോൾ സോയിങ്ക ഉൾപ്പെടെയുള്ള ആഫ്രിക്കൻ സാഹിത്യ ചിന്തകരുടെ നേതൃത്വത്തിൽ നെഗ്രിറ്റ്യൂഡ് ആഫ്രിക്കൻ അനുഭവത്തെ ആഘോഷിക്കുകയും കൊളോണിയൽ വിവരണങ്ങളെ വെല്ലുവിളിക്കുകയും ചെയ്യുന്നു. അതുപോലെ, ലാറ്റിനമേരിക്കൻ വിമർശനം, എൻറിക് ഡ്യൂസലിനെപ്പോലുള്ള വ്യക്തികൾ ഉൾക്കൊള്ളുന്നു, അധികാരത്തിന്റെയും പ്രാതിനിധ്യത്തിന്റെയും സങ്കൽപ്പങ്ങളെ ചോദ്യം ചെയ്യുന്നു. സാഹിത്യ കാനോനിനുള്ളിലെ പാർശ്വവൽക്കരിക്കപ്പെട്ട ശബ്ദങ്ങൾക്കായി വാദിക്കുന്നു. ഈ വൈവിധ്യമാർന്ന ഭൂപ്രകൃതികളിലുടനീളം, കവിതയിലെ ആധികാരികത ഒരു സാർവത്രിക അന്വേഷണമായി ഉയർന്നുവരുന്നു, ഭൂമിശാസ്ത്രപരമായ അതിരുകൾ മറികടന്ന് മനുഷ്യന്റെ അനുഭവങ്ങളുടെയും വിവരണങ്ങളുടെയും ബഹുത്വത്തെ സ്ഥിരീകരിക്കുന്നു.

## Assignments

1. പ്രാചീന അറബിക് സാഹിത്യത്തിന്റെ സവിശേഷതകൾ അൽഫറാബി, അവിസെന്ന എന്നിവരുടെ കൃതിയെ ആസ്പദമാക്കി വിവരിക്കുക
2. ലൂജിയുടെ സാഹിത്യദർശനം വിശദീകരിക്കുക
3. ജാപ്പനീസ് ഹൈക്കുക്കവിതകളെ മുൻനിർത്തി ഹൈക്കു കവിതകളുടെ പൊതു പ്രത്യേകതകൾ വിശകലനം ചെയ്യുക
4. വോൾ സോയിങ്കയുടെ സാഹിത്യ പ്രവർത്തനങ്ങൾ വിവരിക്കുക
5. നെഗ്രിറ്റ്യൂഡ് സാഹിത്യ പ്രസ്ഥാനത്തിന്റെ സമകാല പ്രസക്തി ചർച്ച ചെയ്യുക
6. ഹൈക്കുവിന്റെ സൗന്ദര്യ സങ്കല്പം വിശദമാക്കുക
7. മിത്തും സാഹിത്യവും ചർച്ചചെയ്യുക

## Suggested Reading


1. ചാത്തനാത്ത് അച്യുതനുണ്ണി, സാഹിത്യമീമാംസ താരതമ്യപരിപ്രേക്ഷ്യം, കറന്റ് ബുക്സ്, തൃശൂർ.
2. കെ. എം. തരകൻ, പാശ്ചാത്യ സാഹിത്യതത്വശാസ്ത്രം, എസ്. പി. സി. എസ്, കോട്ടയം
3. Soyinka, Wole. Myth, Literature and the African World. Cambridge University Press
4. Teeter, Emily. The Myth of Horus at Edfu: Ritual and Mythology in Ancient Egypt. American Research Center in Egypt
5. Quirke, Stephen. The Cult of Ra: Sun-Worship in Ancient Egypt. Thames & Hudson


## Reference


1. എം. അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, എൻ.ബി.എസ് കോട്ടയം.
2. നെല്ലിയ്ക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി. സി ബുക്സ്, കോട്ടയം
3. Van den Dungen, Wim. Horus in the Pyramid Texts: The Goddesses Hathor, Nephthys and Nut, and the Legacy of the Worship of Horus. Leuven University Press.
4. Wilkinson, Richard H. The Complete Gods and Goddesses of Ancient Egypt. Thames & Hudson


SGOU

5. Pinch, Geraldine. Horus: God of Justice. American University in Cairo Press
6. "The Cambridge History of Arabic Literature: Volume 1, Arabic Literature to the End of the Umayyad Period" edited by A. F. L. Beeston et al. - Cambridge University Press
7. "A History of Arabic Literature" by Clive Holes - Oxford University Press
8. "Modern Arabic Literature" by Paul Starkey - Edinburgh University Press
9. "Encyclopedia of Arabic Literature" edited by Julie Scott Meisami and Paul Starkey - Routledge
10. "Arabic Literature in the Post-Classical Period" by Roger Allen - Cam bridge University Press

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# നവോത്ഥാനവും നിയോക്ലാസ്സിസിസവും

# BLOCK-02

## Block Content


Unit-1 നവോത്ഥാന സാഹിത്യം

Unit-2 ഇംഗ്ലീഷ് സാഹിത്യനിരൂപണം

Unit-3 നിയോക്ലാസ്സിക്ക് വിമർശനം

Unit-4 ഫ്രഞ്ച് വിപ്ലവവും പൊതുമണ്ഡല രൂപീകരണവും

# Unit 1

# നവോത്ഥാന സാഹിത്യം

## Learning Outcomes

- മധ്യകാല നവോത്ഥാനസാഹിത്യത്തെ പരിചയപ്പെടുന്നു
- ലാറ്റിൻ നവോത്ഥാനത്തിന്റെ പ്രത്യേകതകൾ പഠനവിധേയമാക്കുന്നു
- ദാന്തേയുടെ കാവ്യശൈലിയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- മാസോണിയുടെ രചനാശൈലി അപഗ്രഥിക്കുന്നു
- ലിയോപാർഡിയെ പരിചയപ്പെടുന്നു

## Background

ഏകദേശം അഞ്ചാം നൂറ്റാണ്ട് മുതൽ പതിനഞ്ചാം നൂറ്റാണ്ട് വരെ നീണ്ടുനിന്ന മധ്യകാലഘട്ടത്തിലാണ് ചരിത്രസംഭവങ്ങളുടെയും സാമൂഹിക മാറ്റങ്ങളുടെയും സമ്പന്നതകൾക്കിടയിൽ സാഹിത്യം പൂത്തുലഞ്ഞത്. മധ്യകാല സാഹിത്യത്തിന്റെ ഹൃദയഭാഗത്ത് കാലഘട്ടത്തിന്റെ സത്ത ഉൾക്കൊള്ളുന്ന സാഹിത്യസവിശേഷതകളുടെ ഊർജ്ജസ്വലമായ ഒരു നിരയുണ്ട്. ഇതിഹാസ കവിതകളും സാങ്കൽപ്പിക കഥകളും വായനക്കാരെ വിദൂരപ്രദേശങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആ കൃതികളിലെ ഉജ്ജ്വലമായ ഭാഷയും പ്രതിബിംബങ്ങളുടെ ധാരാളിത്തവും അക്കാലത്തെ മനുഷ്യാനുഭവങ്ങളുടെ സങ്കീർണ്ണതകളെ പ്രതിഫലിപ്പിച്ചു.

പാണ്ഡിത്യത്തിലും മതപരതയിലും ലാറ്റിൻഭാഷയിലെ രചനകൾ ആധിപത്യം പുലർത്തിയപ്പോൾ, ദാന്തെയെപ്പോലുള്ള മുൻനിരക്കാർ നയിച്ച പ്രാദേശിക ഭാഷകൾക്ക് പുനരുജ്ജീവനം ലഭിച്ചു. 'ദി ഡിവൈൻ കോമഡി' പോലുള്ള മാസ്റ്റർപീസുകളിലൂടെ ദാന്തെ ഇറ്റാലിയൻ ഭാഷയുടെ സൗന്ദര്യവും വൈവിധ്യവും പ്രദർശിപ്പിക്കുകയും ഒരു സാഹിത്യനവോത്ഥാനത്തിന് വഴിയൊരുക്കുകയും ചെയ്തു. പൊതുവായ ഭാഷകൾക്ക് പ്രാധാന്യം ലഭിച്ചതോടെ, സാധാരണക്കാരുടെ ശബ്ദങ്ങൾ സാഹിത്യത്തിൽ ആവിഷ്കാരം കണ്ടെത്തി. കഥകൾ പറയുന്നതിലും അനുഭവിക്കുന്നതിലും അത് ഗണ്യമായ മാറ്റം കൊണ്ട് വന്നു. അക്കാലത്തെ എഴുത്തുകാർ 'മഹത്തായ ശൈലി' എന്ന ആശയം സ്വീകരിച്ചു. അത് വഴി അവരുടെ കൃതികളെ അസാധാരണമായ ഉയരങ്ങളിലേക്ക് ആനയിക്കാൻ അവർ ശ്രമിച്ചു. ക്ലാസിക്കൽ സ്രോതസ്സുകളിൽ നിന്നും സമകാലിക ആദർശങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, എഴുത്തുകാർ കേവലം വാക്കുകൾക്ക് അതീതമായ ഗദ്യവും കവിതയും തയ്യാറാക്കി. സാഹിത്യഭൂമികയിൽ അതൊക്കെ മായാത്ത മുദ്ര പതിപ്പിച്ചു.

നവോത്ഥാനത്തിന്റെ ആരംഭത്തോടെ ക്ലാസിക്കൽ സാഹിത്യത്തോടുള്ള പുതിയ താൽപ്പര്യം സാഹിത്യലോകത്തെ പുനർനിർമ്മിച്ചു. അരിസ്റ്റോട്ടിലിന്റെ തത്വചിന്തയാലും മാനവിക ആദർശങ്ങളാലും സ്വാധീനിക്കപ്പെട്ട എഴുത്തുകാർ അവരുടെ കൃതികളിലൂടെ മനുഷ്യപ്രകൃതത്തിന്റെയും പ്രപഞ്ചത്തിന്റെയും ആഴങ്ങൾ അളക്കാൻ ശ്രമിച്ചു. നവോത്ഥാനസാഹിത്യം മനുഷ്യമനസ്സിന്റെ സങ്കീർണ്ണതകളിലേക്കും പ്രപഞ്ചത്തിന്റെ നിഗൂഢതകളിലേക്കും കടന്നുചെ

ല്ലുന്ന ഒരു പുതിയ കാഴ്ച നൽകി. ഇറ്റാലിയൻ സാഹിത്യത്തിന്റെ അടിത്തറയിൽ, ജാക്കോപോ മസോണിയെപ്പോലുള്ള പ്രതിഭകൾ സാഹിത്യാവിഷ്കാരത്തിന്റെ പുതിയ പാതകൾ സൃഷ്ടിച്ചു. അവരുടെ ഉജ്ജ്വലമായ ഇമേജറി, അഗാധമായ ഉൾക്കാഴ്ചകൾ, അതിരുകളില്ലാത്ത ഭാവന എന്നിവയിലൂടെ അവർ ഫ്ലോറൻസിലെ തെരുവുകളിൽ നിന്ന് അക്കാദമിക് ഹാളുകളിലേക്ക് വായനക്കാരെ ആകർഷിച്ചു.

മധ്യകാല, നവോത്ഥാന സാഹിത്യങ്ങളിൽ കവിതയ്ക്ക് ഒരു പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. അത് വായനക്കാരെ ഉയർന്ന വികാരങ്ങളുടെയും ഗാനസൗന്ദര്യത്തിന്റെയും ലോകത്തിൽ എത്തിച്ചു. സോണറ്റുകളിലൂടെയോ നാടോടിക്കഥകളിലൂടെയോ ഇതിഹാസ കവിതകളിലൂടെയോ കവികൾ ആത്മാവിനെ ഇളക്കിവിടുകയും ഭാവനയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്ന കഥകൾ ചമയ്ക്കുന്നു. മധ്യകാല യൂറോപ്പിലെ തിരക്കേറിയ കമ്പോളങ്ങളിലും മദ്യശാലകളിലും, സാഹിത്യത്തെ രൂപപ്പെടുത്തുന്നതിൽ ജനകീയ അഭിപ്രായം നിർണായക പങ്ക് വഹിച്ചു. ആവേശഭരിതരായ ജനക്കൂട്ടത്തിന്റെ ആർപ്പുവിളികൾക്കും വിവേകമുള്ള വിമർശകരുടെ പിറുപിറുക്കുന്ന വിമർശനങ്ങൾക്കുമിടയിൽ എഴുത്തുകാർ പൊതുജനവികാരത്തിന്റെ ഒഴുക്കിലൂടെ പ്രശംസ തേടി. സ്രഷ്ടാക്കളും ആസ്വാദകരും തമ്മിലുള്ള ഈ ചലനാത്മകബന്ധം ഇന്നും സാഹിത്യ ലോകത്തിന്റെ ഒരു പ്രധാന വശമായി തുടരുന്നു.


## Keywords

മധ്യകാല സാഹിത്യം – ലാറ്റിൻസാഹിത്യം – ഇറ്റാലിയൻ പ്രഭാവം – ദാന്തെ (Dante Alighieri) – അരിസ്റ്റോട്ടിലിയൻ പ്രഭാവം – ജാക്കോപോ മസോണി (Alessandro Manzoni) – ലിയോപാർഡി (Leopardi)


## Discussion

### മധ്യകാലം

യൂറോപ്യൻ ചരിത്രത്തിൽ, അഞ്ചാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടമാണ് മധ്യകാലം. പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം ആരംഭിച്ച മധ്യകാലം നവോത്ഥാനകാലത്തിന്റെ ആദ്യഘട്ടം വരെ നീണ്ടുനിന്നു. പേര് സൂചിപ്പിക്കുന്നതുപോലെ മധ്യകാലഘട്ടം പ്രാചീനകാലശേഷവും ആധുനിക കാലത്തിന് മുമ്പും നിലനിന്നിരുന്നതാണ്. മാനവ പരിണാമചരിത്രത്തിലെ ഒരു പ്രധാനഘട്ടമായി ഇത് അറിയപ്പെടുന്നു. മധ്യകാലത്തുണ്ടായ നേട്ടങ്ങൾ ആധുനിക കാലഘട്ടത്തിലേക്കുള്ള സുപ്രധാന വഴിത്തിരിവുകളായിരുന്നു. യൂറോപ്യന്മാരാണ് മധ്യകാലങ്ങൾ എന്ന വാക്ക് ഉപയോഗിച്ചത്. ഗ്രീക്ക്-റോമൻ സംസ്കാരങ്ങളുടെ ഇതിഹാസ കാലത്തിനും അവരുടെ സ്വന്തം കാലത്തിനും ഇടയിലുള്ള ഇരുണ്ട കാലത്തെയാണ് അവർ ദർശിച്ചത്. പഴയതും പുതിയതുമായ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയരീതികളുടെ സങ്കലനം ഉണ്ടായി. ഈ സങ്കല

> ▶ അഞ്ചാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ട് വരെയുള്ള നവീന ചിന്തകൾ

നത്തിൽ നിന്നും രൂപപ്പെട്ട ഒരു സവിശേഷ സംസ്കാരം സഹവർത്തിത്വത്തെയും സഹിഷ്ണുതയെയും ഉയർത്തിക്കാട്ടി. അത് മധ്യകാല ഇന്ത്യയുടെ മുഖമുദ്രയായിത്തീർന്നു. അക്കാലത്ത് യൂറോപ്പിൽ ഉണ്ടായ നവീന ചിന്തകൾ യൂറോപ്പിനെ മാത്രമല്ല, ലോകത്തിലെ ഇതര സംസ്കാരങ്ങളെയും സ്വാധീനിച്ചു. മധ്യകാലലോകത്തിന്റെ രാഷ്ട്രീയഘടന സമാനമായിരുന്നെങ്കിലും അധികാരരൂപങ്ങളിൽ വ്യത്യസ്തത കാണുന്നുണ്ട്. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിൽ വിവിധ അധികാരരൂപങ്ങൾ മധ്യകാലഘട്ടത്തിൽ നിലനിന്നിരുന്നു.

## മധ്യകാലസാഹിത്യം

> ▶ വൈവിധ്യമാർന്ന പാരമ്പര്യങ്ങൾ

ഏകദേശം അഞ്ചാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനം വരെയുള്ള കാലയളവാണ് മധ്യകാലഘട്ടമായി പരിഗണിക്കുന്നത്. ഫ്യൂഡലിസം, കത്തോലിക്കാസഭയുടെ ആധിപത്യം, സർവ്വകലാശാലകളുടെ ഉദയം, ഗോഥിക് വാസ്തുവിദ്യ, പ്രാദേശിക ഭാഷകളുടെ വ്യാപനം എന്നിവ മധ്യകാലഘട്ടത്തിന്റെ പ്രത്യേകതകളാണ് മധ്യകാല സംസ്കാരം വിവിധ പ്രദേശങ്ങളിലും കാലഘട്ടങ്ങളിലും വൈവിധ്യമാർന്ന പാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്നു.

> ▶ മതപരവും സാമൂഹിക, സാംസ്കാരികവുമായ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു

മധ്യകാലഘട്ടത്തിൽ, സാഹിത്യരംഗം സമ്പുഷ്ടമായിരുന്നു. ഇതിഹാസ കവിത, പ്രണയം, മതഗ്രന്ഥങ്ങൾ, നാടകം തുടങ്ങി വിവിധ വിഭാഗങ്ങളിൽ പെട്ട നിരവധി ഗ്രന്ഥങ്ങൾ ഉണ്ടായി. 'ബിയോവുൾഫ്', 'ദി സോംഗ് ഓഫ് റോളണ്ട്' തുടങ്ങിയ ഇതിഹാസ കവിതകൾ, 'സർ ഗവെയ്ൻ ആൻഡ് ഗ്രീൻ നൈറ്റ്' പോലുള്ള ധീരമായ പ്രണയകഥകൾ, ഡാന്റെ അലിഗിയേരിയുടെ 'ദി ഡിവൈൻ കോമഡി' പോലുള്ള മതഗ്രന്ഥങ്ങൾ, ജെഫ്രി ചോസറിന്റെ 'ദി കാന്റർബറി ടെയിൽസ്' പോലെയുള്ള കൃതികൾ, സാങ്കൽപ്പിക കഥകൾ എന്നിവയുൾപ്പെടെ നിരവധി സാഹിത്യവിഭാഗങ്ങൾ ആ കാലയളവിൽ വെളിച്ചം കണ്ടു. മധ്യകാല സാഹിത്യം പലപ്പോഴും അക്കാലത്തെ മതപരവും സാമൂഹികവും സാംസ്കാരികവുമായ മൂല്യങ്ങൾ, വിശ്വാസങ്ങൾ, സാമൂഹിക ഘടനകൾ എന്നിവയെ പ്രതിഫലിപ്പിക്കുന്നു. മധ്യകാല ലോകവീക്ഷണം മനസ്സിലാക്കുന്നതിനുള്ള സമ്പന്നമായ ഉറവിടങ്ങൾ കൂടിയാണ് അവ.

മധ്യകാലസാഹിത്യരചനകളിൽ അക്ഷരവിന്യാസവും വ്യാകരണവും പൊരുത്തമില്ലാത്തവയായിരുന്നു. അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തത്തിന് ശേഷമാണ് അക്ഷരവിന്യാസം സാധാരണമായത്. ഈ കാലത്തിലെ ആദ്യകാലസാഹിത്യം, പ്രഭാഷണങ്ങൾ, പ്രാർത്ഥനകൾ, വിശുദ്ധരുടെ ജീവിതം, വചനങ്ങൾ എന്നിവ നിറഞ്ഞവയായിരുന്നു. 'ബിയോവുൾഫ്' എന്ന ഇതിഹാസം ഈ കാലഘട്ടത്തിന്റെ പ്രധാന കൃതിയാണ്. ജെഫ്രി ചോസറുടെ രചനകളും ഈ കാലത്തിന്റേതാണ്. കത്തോലിക്കസഭയുടെ ആധിപത്യവും രാഷ്ട്രീയ അസ്ഥിരതയും ഈ കാലത്തെ സാഹിത്യത്തെ നിർണ്ണയിച്ചിരുന്നു. മധ്യകാലസാഹിത്യത്തിലെ മറ്റൊരു പൊതുവിഷയം കോടതി സ്നേഹമാണ്. കുലീന വിഭാഗത്തെ സമയം കടന്നുപോകാൻ സഹായിക്കുന്നതിന് സാധാരണയായി പറയപ്പെടുന്ന മധ്യകാലപ്രണയകഥകളെ വിവരിക്കുന്നതിനായി എഴുത്തുകാരനായ ഗാസ്റ്റൺ പാരിസാണ് 'കോർട്ട്ലി ലവ്' എന്ന പദം ജനകീ

യമാക്കിയത്. അക്കാലത്ത്, വിവാഹങ്ങളെ ബിസിനസ്സ് ക്രമീകരണങ്ങളായി മാത്രമേ കണ്ടിരുന്നുള്ളു. അതിനാൽ വിവാഹത്തിൽ പലപ്പോഴും നിരസിക്കപ്പെട്ട പ്രണയം പ്രകടിപ്പിക്കാൻ കോടതി ആളുകളെ അനുവദിച്ചിരുന്നു. സാഹിത്യത്തിന്റെ വ്യാപനത്തിൽ ട്രൂബഡോറുകൾ ഒരു പ്രധാന പങ്കുവഹിച്ചിരുന്നു. ട്രൂബഡോറുകൾ സഞ്ചാര സംഗീതസംവിധായകരും അവതാരകരുമായിരുന്നു. കുറച്ചുപേർക്ക് വായിക്കാനും പുസ്തകങ്ങൾ ലഭിക്കാനും പ്രയാസമായിരുന്ന ഒരു കാലഘട്ടത്തിൽ ട്രൂബഡോറുകളുടെ സഹായം വളരെ പ്രധാനമായിരുന്നു. ഈ സമയത്ത് നിർമ്മിച്ച മറ്റ് പുസ്തകങ്ങൾ നിയമം, ശാസ്ത്രം, കാലിഗ്രാഫി എന്നിവയെ സംബന്ധിച്ചുള്ളവയായിരുന്നു. നാടകത്തെ സഭ പ്രോത്സാഹിപ്പിച്ചിരുന്നു. ആരാധനക്രമങ്ങൾ പാലിക്കുന്നതെങ്ങനെയെന്ന് പഠിക്കുന്നതിന് വേണ്ടിയാണ് സഭ നാടകത്തെ ഉപയോഗിച്ചത്. അർഫൂറിയൻ സാഹിത്യം ഈ കാലഘട്ടത്തിലെ ശ്രദ്ധേയമായ വിഭാഗങ്ങളിൽ ഒന്നാണ്.

- കത്തോലിക്ക സഭയുടെ ആധിപത്യവും രാഷ്ട്രീയ അസ്ഥിരതയും

## സാഹിത്യം-നവോത്ഥാനം

സങ്കുചിതമായ ചിന്തകളിൽ നിന്നും യുറോപ്പിനെ രക്ഷിക്കുകയും ആധുനികശാസ്ത്രത്തിന്റെ ആവിർഭാവത്തെ രൂപപ്പെടുത്തുകയും ചെയ്ത നവേത്ഥാനം പുതിയ ലോകത്തെയും പുതിയ മനുഷ്യനെയും കണ്ടെത്തിയ പ്രതിഭാസമാണ്. ഫ്രഞ്ച് ചരിത്രകാരനായ ഷുൾസ് മിഷെയ്‌ലിന്റെ ഹിസ്റ്ററി ഓഫ് ഫ്രാൻസിസ് എന്ന കൃതിയിലാണ് 'റിനെസ്സൻസ്' എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചത്. 'ജേക്കബ് ബർക്ക്ഹാർട്ട് ദ് സിവിലൈസേഷൻ ഓഫ് ദ് റിനെസ്സൻസ് ഇൻ ഇറ്റലി' എന്ന കൃതിയിൽ ഈ വാക്കിനെ കൂടുതൽ നവീകരിക്കുകയും നിർവചിക്കുകയും ചെയ്തു. നവോത്ഥാനം മതാധികാരത്തെ ചോദ്യം ചെയ്യുകയും ആധുനിക മതേതര മാനവികതയ്ക്ക് അടിത്തറ പാകുകയും ചെയ്തു. ഇരുണ്ട മധ്യകാലത്തിൽ നിന്നും ആധുനികതയിലേക്കുള്ള യുറോപ്പിന്റെ പരിവർത്തനത്തെ അടയാളപ്പെടുത്തുന്ന നിർണ്ണായകമായ ചരിത്രഘട്ടമായി നവോത്ഥാനത്തെ വിശേഷിപ്പിക്കാം. തികച്ചും ശ്രദ്ധിക്കപ്പെടാതെ ആരംഭിച്ച് വളരെ സാവധാനത്തിലുള്ള പുരോഗതിയിലൂടെയാണ് നവോത്ഥാനത്തിന്റെ പ്രത്യാഘാതങ്ങൾ ഇറ്റലിയിൽ നിന്നും ഉത്തര പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിലേക്ക് സംക്രമിച്ചത്.

- ആധുനിക ശാസ്ത്രത്തിന്റെ ആവിർഭാവം
- നവോത്ഥാനം മതാധികാരത്തെ ചോദ്യം ചെയ്തു

പുതിയ നഗരങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും നവോത്ഥാനം അനുകൂലമായ പശ്ചാത്തലമൊരുക്കി. വാണിജ്യത്തിലും വ്യാപാരത്തിലും അധിഷ്ഠിതമായ സമ്പദ്ഘടനയായിരുന്നു നഗരങ്ങളുടേത്. ജീവിതനിലവാരം മെച്ചപ്പെടുത്താൻ വിനോദത്തിനും വിശ്രമത്തിനും വിദ്യാഭ്യാസത്തിനും പണം കണ്ടെത്താൻ അവർക്കു കഴിഞ്ഞു. അതോടു കൂടി വിജ്ഞാനത്തിന്റെ പുതിയ മേഖലകൾ വികസിച്ചു വന്നു. ഇതിന്റെ ഫലമായി മതേതരമായ ആധുനിക ഭാവുകത്വം രൂപപ്പെട്ടു വന്നു. വ്യക്തിനിഷ്ഠമായ സ്വാതന്ത്ര്യത്തിനു ചിന്താപരമായ നവീകരണത്തിനും വേണ്ടി വാദിച്ച മനുഷ്യവർഗപ്രബുദ്ധതയുടെ പ്രകാശനമായിരുന്നു നവോത്ഥാനം.

- ആധുനിക മതേതര മാനവികത
- വാണിജ്യത്തിലും വ്യാപാരത്തിലും അധിഷ്ഠിതമായ സമ്പദ്ഘടന

ഇറ്റലിയിലെ ഫ്ളോറൻസിലാണ് നവോത്ഥാനം ആരംഭിച്ചത്. ഫ്ലോറൻസിലെ രാഷ്ട്രീയ സാമൂഹിക അന്തരീക്ഷം, ഗ്രീക്ക് പണ്ഡിത

രുടെ കുടിയേറ്റം, സാമ്പത്തിക ഉത്പാദനബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ എന്നിവ നവോത്ഥാനത്തിന്റെ രൂപപ്പെടലിന് കാരണമായിട്ടുണ്ട്. ക്ലാസ്സിക്കൽ കാലത്തെ പുനർനിർമ്മിക്കാനും അനുകരിക്കാനുമുള്ള ശ്രമങ്ങൾ ശക്തമായി തീർന്നു. തത്വചിന്തകരും കവികളും ഗ്രീക്ക്-റോമൻ സംസ്കാരങ്ങളെയും കലയെയും കുറിച്ച് പഠിക്കാൻ ആരംഭിക്കുകയും ചെയ്തു. നഷ്ടപ്പെട്ട ഗ്രന്ഥങ്ങളുടെ കണ്ടെത്തൽ, നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്ര, സാഹിത്യഗ്രന്ഥങ്ങളുടെ സൂക്ഷ്മവായനകൾ, ഗ്രീക്ക് തത്വചിന്തയിലെ മാനവികവശങ്ങൾ എന്നിവ ഇക്കാലത്തിന്റെ ബൗദ്ധിക സ്വഭാവങ്ങളായിരുന്നു. വിമർശനാത്മക ചിന്ത രാഷ്ട്രീയത്തിലും തത്ത്വചിന്തയിലും വിപുലമായ മാറ്റങ്ങൾ വരുത്തി. ഇറ്റലിയിൽ മതപരമായ ചിന്തകൾക്ക് പകരം മതേതരവുമായ സമീപനങ്ങൾ ഉയർന്നു വന്നു. ഇതിന്റെ ഫലമായി ഭൗതികവും മതേതരവുമായ ലോകബോധത്തിന് പ്രചാരം കൈവന്നു. വ്യക്തിനിഷ്ഠമായ സ്വാതന്ത്ര്യത്തിനും ചിന്താപരമായ നവീകരണത്തിനും വേണ്ടി നിലകൊണ്ടു എന്നതായിരുന്നു നവോത്ഥാനത്തിന്റെ സവിശേഷത. മതമേധാവികൾ തന്നെ മതേതര രാഷ്ട്രീയ വിഭാഗങ്ങളോട് ഐക്യപ്പെടുന്ന അവസ്ഥ നിലവിൽ വന്നു.

- ഇറ്റലിയിലെ ഫ്ളോറൻസിലാണ് നവോത്ഥാനം ആരംഭിച്ചത്

യൂറോപ്പിന്റെ ബൗദ്ധികമുന്നേറ്റത്തിന് നിർണ്ണായക സ്വാധീനമായ ഘടകം അച്ചടിയുടെ കണ്ടുപിടുത്തമാണ്. ഗുട്ടൻ ബർഗിന്റെ ഈ കണ്ടുപിടുത്തത്തിന്റെ ഫലമായി ധാരാളം ഗ്രീക്ക്-റോമൻ ഗ്രന്ഥങ്ങൾ ഇറ്റലിയിൽ പ്രചരിച്ചു തുടങ്ങി. കൂടാതെ വായന ജനപ്രിയമാകുകയും വിജ്ഞാനത്തിന്റെ വെളിച്ചം യൂറോപ്പിലാകെ പടരുകയും ചെയ്തു. 16-ാം ശതകത്തോടെ നഗരങ്ങൾ കേന്ദ്രീകരിച്ച് നിലവിൽ വന്ന അക്കാദമികൾ ശാസ്ത്ര - സാഹിത്യവിഷയങ്ങൾക്കു പ്രത്യേക പ്രാമുഖ്യം നൽകുകയുണ്ടായി. സ്വർഗത്തിലെയും ഭൂമിയിലെയും കാര്യങ്ങൾ വിമർശനാത്മകമായി കാണുക എന്നതായിരുന്നു ഈ കാലത്തിന്റെ ബൗദ്ധിക സവിശേഷത. യൂറോപ്പിന്റെ മുഖച്ഛായ മാറ്റിയ നവോത്ഥാനത്തിൽ ചൈനീസ്, അറേബ്യൻ സംസ്കാരം ചെലുത്തിയ സ്വാധീനം നിർണായകമായിരുന്നു.

- അച്ചടിയും ആധുനികതയും
- വിജ്ഞാനത്തിന്റെ വെളിച്ചം

സാഹിത്യരംഗത്താണ് നവോത്ഥാനത്തിന്റെ സ്വാധീനം ഏറ്റവും ശക്തമായി പ്രകടമായത്. ക്ലാസിക്കൽ ഗ്രീക്ക് സാഹിത്യത്തോട് മത്സരിക്കുന്ന അനേകം ഗ്രന്ഥങ്ങൾ ഇക്കാലത്ത് രചിക്കപ്പെട്ടു. ഗ്രന്ഥരചനാരീതിയിലും സാരമായ പരിവർത്തനങ്ങൾ ഉണ്ടായി. നവോത്ഥാന കാലം ആയപ്പോഴേക്കും സാഹിത്യകാരന്മാർ ഗ്രന്ഥങ്ങളിലൂടെ സാധാരണ മനുഷ്യരെ കണ്ടെത്തുവാൻ ശ്രമിച്ചുവെന്നതാണ് പ്രധാനം. മാനവികതയുടെ സന്ദേശങ്ങൾ പ്രചരിപ്പിച്ച ചിന്തകന്മാർ 'നവോത്ഥാന ഹ്യൂമനിസ്റ്റുകൾ' എന്ന പേരിൽ അറിയപ്പെട്ടു. ക്ലാസിക് പണ്ഡിതന്മാരായ അവർ ഗ്രീക്ക്ഭാഷ പഠിക്കുകയും ക്ലാസിക് ഗ്രന്ഥങ്ങളെ നവീനമായ വ്യാഖ്യാനിക്കുകയും ചെയ്തു. ലോകപ്രശസ്തനായ ഇറ്റാലിയൻ കവിയായിരുന്നു ദാന്തെ. അദ്ദേഹത്തിന്റെ പ്രസിദ്ധകാവ്യമാണ് 'ഡിവൈൻ കോമഡി'. യൂറോപ്യൻ സമൂഹത്തിൽ നിലനിന്നിരുന്ന പല ദുരാചാരങ്ങളെയും ചോദ്യം ചെയ്ത പണ്ഡിതനായിരുന്നു നിക്കോളാ മാക്യവെല്ലി. അദ്ദേഹം രചിച്ച 'ദ് പ്രിൻസ്' എന്ന ഗ്രന്ഥം വിഖ്യാതമാണ്. ജനങ്ങളിൽ രാഷ്ട്രീയ അവബോധം സൃഷ്ടിക്കുന്നതിൽ ഈ കൃതിയും കാരണമായി. ഇറ്റലിയിൽ നിന്നും കാലക്രമേണ സാഹിത്യത്തിന്റെ വളർച്ച മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്കും വ്യാപിച്ചു.

- മാനവികതയുടെ സന്ദേശങ്ങൾ
- നവോത്ഥാന ഹ്യൂമനിസ്റ്റുകൾ

## ലാറ്റിൻസാഹിത്യം

പാശ്ചാത്യമധ്യകാല ലോകത്തിന്റെ സാഹിത്യഭാഷ ലാറ്റിൻ ആയിരുന്നു. ലാറ്റിൻസാഹിത്യം ആരംഭിച്ചത് ഗ്രീക്കിൽ നിന്നുള്ള വിവർത്തനമായിട്ടാണ്. ലാറ്റിൻസാഹിത്യത്തിന്റെ പ്രധാന ഉള്ളടക്കം മാനവികത ആയിരുന്നു. ചെറുകവിതകൾ സംഗീതത്തിന്റെ അകമ്പടിയോടെ തെരുവുകളിൽ ആലപിച്ചിരുന്നു. ദേശസ്നേഹം പ്രകടിപ്പിക്കുന്നവയായിരുന്നു അവ. വിളവെടുപ്പുത്സവങ്ങളിലും വിവാഹങ്ങളിലും സാഹിത്യത്തിന് പ്രാധാന്യമുണ്ടായിരുന്നു. പുരാതന ലാറ്റിൻസാഹിത്യത്തെ നാല് ഘട്ടങ്ങളിലായി തിരിക്കുന്നുണ്ട്. ആദ്യകാല എഴുത്തുകൾ ബി.സി. 70 വരെ, സുവർണ്ണകാലം 70 ബി.സി. മുതൽ പിന്നീട് വെള്ളിയുഗം, അതിന് ശേഷം എഴുത്തുകാരുടെ കാലം. ലാറ്റിൻ അറിയുക എന്നത് മധ്യകാലഘട്ടത്തിൽ പ്രധാന സംഭവമായിരുന്നു. ബുദ്ധിജീവികൾ അത് എഴുതാനും വായിക്കാനും നന്നായി ഉപയോഗിച്ചു. പന്ത്രണ്ടാം നൂറ്റാണ്ടിൽ വിദ്യാഭ്യാസത്തിന് വലിയ പുരോഗതി ഉണ്ടായതിനാൽ ലാറ്റിൻ ഭാഷ കൂടുതൽ മെച്ചപ്പെട്ടു. എന്നാൽ ദാന്തെയെപ്പോലുള്ള എഴുത്തുകാർ പ്രാദേശിക ഭാഷയിൽ എഴുതി ലാറ്റിന്റെ പ്രാധാന്യത്തെ വെല്ലുവിളിച്ചു. ലാറ്റിൻ ഒരു സാർവ്വത്രിക ഭാഷ എന്ന നിലയിലുള്ള ആശയത്തെ ദാന്തെ അട്ടിമറിച്ചു. ദാന്തെ വെല്ലുവിളിച്ചെങ്കിലും ഭരണാധികാരികളുടെയും സമൂഹത്തിന്റെയും പ്രാഥമിക ഭാഷയായി ലാറ്റിൻ തുടർന്നു.

- ഗ്രീക്കിൽ നിന്നുള്ള വിവർത്തനം
- പ്രാദേശിക ഭാഷയുടെ വികാസം

## ദേശഭാഷ നവോത്ഥാനം

വിജ്ഞാനകേന്ദ്രമായിരുന്നു ലാറ്റിൻഭാഷയും ഇറ്റലിയും. ധാരാളം എഴുത്തുകാർ ലാറ്റിൻ ഭാഷയിലുണ്ടായിരുന്നു. മതവും പ്രകൃതിയും തമ്മിലുള്ള ബന്ധവും ഇവർ കൃതികളിലൂടെ ചർച്ച ചെയ്തു. മാനവിക, ശാസ്ത്രീയ, ദാർശനിക സാഹിത്യത്തിന് ലാറ്റിൻഭാഷ മുൻതൂക്കം നൽകി. ഇറ്റലിയിൽ 15, 16 നൂറ്റാണ്ടുകളിൽ മൂന്ന് പ്രധാന പഠനകേന്ദ്രങ്ങളുണ്ടായിരുന്നു. ഫ്ലോറൻസ്, റോം, നേപ്പിൾസ്. ഒരോന്നിലും പ്രഗല്ഭരായ എഴുത്തുകാരുടെ കൂട്ടമുണ്ടായിരുന്നു. നേപ്പിൾസ് കവികളുടെയും പണ്ഡിതന്മാരുടെയും കേന്ദ്രമായിരുന്നു. ലാറ്റിൻ സാഹിത്യത്തിന് ഗദ്യത്തിലും പദ്യത്തിലും വലിയ സംഭാവന നൽകിയ രാജ്യമാണ് ജർമ്മനി. ലാറ്റിൻസാഹിത്യം ആരംഭകാലത്ത് ലിറ്ററി ഹ്യൂമനിസത്തിന് പ്രാധാന്യം നൽകിയിരുന്നു. ഇറ്റാലിയൻ ചിത്രകാരന്മാരാണ് ചിത്രകലയുടെ പുതിയ പ്രവണതകൾ ഇംഗ്ലണ്ടിലേക്ക് കൊണ്ട് വന്നത്. ജോൺ മിൽട്ടൺ, ഹെൻറി വോൺ, റിച്ചാർഡ് ക്രാഷോ, എബ്രഹാം കൗലി തുടങ്ങിയവരുടെ രചനകൾ ഏറെ ശ്രദ്ധേയമായിരുന്നു. ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരും ലാറ്റിൻ ഭാഷയിൽ എഴുതാറുണ്ടായിരുന്നു. മികച്ച സാഹിത്യരചനകളുള്ള ലാറ്റിൻഭാഷയെ ലോകം അംഗീകരിച്ചിരുന്നു. ആധുനിക ഇംഗ്ലണ്ടിന്റെ തുടക്കത്തിൽ വിദ്യാഭ്യാസത്തിന്റെ ഭാഷ ലാറ്റിൻ ആയിരുന്നു. ലാറ്റിൻ ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് മാക്മില്ലൻ എഴുതിയിട്ടുണ്ട്. നവോത്ഥാന കാലത്ത് യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഷയായിരുന്നു ലാറ്റിൻ. യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും ലാറ്റിന്റെ വിവിധ രൂപങ്ങൾ നിലനിൽക്കുന്നുണ്ട്.

- ലാറ്റിൻ ഭാഷയുടെ ആധിപത്യം
- ലിറ്ററി ഹ്യൂമനിസം

## ഇറ്റാലിയൻ പ്രഭാവം

പന്ത്രണ്ടാം നൂറ്റാണ്ടിലാണ് ഇറ്റാലിയൻ സാഹിത്യം ആരംഭിക്കുന്നത്. അന്ന് മുതൽ ശ്രദ്ധേയമായ രചനകളാൽ സമ്പന്നമാണ് ഇറ്റാലിയൻ സാഹിത്യം. സാഹിത്യം, ചരിത്രം, സയൻസ് എന്നീ മേഖലകളിലെല്ലാം ഇറ്റാലിയൻ സാഹിത്യം ശ്രദ്ധ പതിപ്പിച്ചു. പതിനെട്ടാം നൂറ്റാണ്ടിലാണ് ഇറ്റാലിയൻ സാമൂഹിക സാംസ്കാരിക സ്ഥിതിഗതികൾ മാറിത്തുടങ്ങിയത്. ജ്ഞാനോദയ കാലഘട്ടത്തിലാണ് ദാർശനികമായ ചിന്തകൾ പ്രസരിച്ചു തുടങ്ങിയത്. ഈ കാലഘട്ടത്തിലെ ഇറ്റാലിയൻ സാഹിത്യ നവോത്ഥാനത്തിലെ പ്രമുഖൻ പാരിനി (Giuseppe Parini) ആയിരുന്നു. 1789-ലെ ഫ്രഞ്ച് വിപ്ലവത്തിന് പിന്നാലെ ദാർശനികവും രാഷ്ട്രീയവും സാമൂഹികവുമായ പുരോഗമന ആശയങ്ങൾ ഇറ്റാലിയൻ സാഹിത്യത്തിന് ഒരു പ്രത്യേക ദിശാബോധം നൽകുകയുണ്ടായി. സ്വാതന്ത്ര്യത്തോടുള്ള സ്നേഹവും സമത്വത്തിനായുള്ള ആഗ്രഹവും ഇറ്റാലിയൻ സാഹിത്യത്തിന്റെ മുഖമുദ്രയായിരുന്നു. ഇറ്റാലിയൻ നാടകകൃത്തും കവിയുമായിരുന്ന വിക്ടോറിയ ആൽഫിയേരിയ (Vittorio Alfieri) ദേശസ്നേഹവും ക്ലാസിസവും പ്രചരിപ്പിക്കുകയുണ്ടായി. ഇറ്റാലിയൻ സാഹിത്യത്തെ പരിഷ്കരിച്ചവരിൽ പ്രമുഖനായിരുന്നു അലക്സാൻഡ്രിയ മസ്സോണി. കൂടാതെജിയാക്കോമോ ലിയോപാർഡിയും പരിഷ്കരണ പ്രവർത്തനങ്ങളിലെ പ്രധാനിയായിരുന്നു.

- സ്വാതന്ത്ര്യത്തോടുള്ള സ്നേഹവും സമത്വത്തിനായുള്ള ആഗ്രഹം

## ദാന്തെ (Dante Alighieri)

ഡിവൈൻ കോമഡിയിലൂടെ പ്രശസ്തനായ ഇറ്റാലിയൻ കവിയാണ് ദാന്തെ. ദാന്തെ എന്ന പദത്തിന് ദാതാവ് എന്നാണർത്ഥം. 1265-ലാണ് അദ്ദേഹത്തിന്റെ ജനനമെന്ന് കരുതുന്നു. പതിനെട്ടാം വയസ്സു മുതൽ അദ്ദേഹം കവിതകൾ എഴുതിത്തുടങ്ങി. ഇറ്റാലിയൻ ക്ലാസിക് കൃതികൾ അദ്ദേഹത്തിന് മനഃപാഠമായിരുന്നു. അദ്ദേഹത്തിന്റെ ആദ്യകാല കവിതകൾ റൈംസ് എന്ന കൃതിയിലാണ് സമാഹരിച്ചിരിക്കുന്നത്. ദ് ബാങ്കറ്റ് (The Banquet) എന്ന കൃതിയിലാണ് സാഹിത്യത്തെക്കുറിച്ചുള്ള തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഭാവഗീതങ്ങളെക്കുറിച്ചുള്ള കൃത്യമായ വിശദീകരണം ഈ കൃതിയിലുണ്ട്. അദ്ദേഹത്തിന്റെ ദ് വൾഗാരി എല കൺഷിയ എന്ന കൃതി ഇറ്റാലിയൻ ഭാഷയെ ഗൗരവപൂർണ്ണമായ സാഹിത്യഭാഷയായി കാണേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. ഭാഷാപരമായ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ ഇറ്റാലിയൻ ഭാഷ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നു. രാഷ്ട്രീയമായ അഭിപ്രായങ്ങൾ പല കൃതികളിലൂടെയും ദാന്തെ രേഖപ്പെടുത്തിയിട്ടുണ്ട്. മതവും രാഷ്ട്രീയവും വേറിട്ടു നിൽക്കണമെന്ന അഭിപ്രായം ദാന്തെയ്ക്കുണ്ടായിരുന്നു. ശക്തനായ മതനേതാവും ശക്തനായ രാഷ്ട്രീയനേതാവും രാജ്യത്തിന് ആവശ്യമാണെന്ന് അദ്ദേഹം കരുതി. പൊതുനന്മയ്ക്കു വേണ്ടി പ്രവർത്തിക്കാൻ ഇവർക്ക് കഴിയുമെന്ന് ദാന്തെ വിശ്വസിച്ചു.

- ദ് ബാങ്കറ്റ് (The Banquet)
- ഇറ്റാലിയൻ ഭാഷ

ദാന്തെയുടെ കൃതികളിൽ ഏറ്റവും പ്രശസ്തമായ കൃതിയാണ് 'ഡിവൈൻ കോമഡി'. മൂന്ന് കാണ്ഡങ്ങളുള്ള ഈ കാവ്യത്തിന് നൂറ് സർഗ്ഗങ്ങളാണുള്ളത്. ഒന്നാം കാണ്ഡം നരകം (inferno) എന്ന പേരിലും രണ്ടാം കാണ്ഡം ശുദ്ധീകരണ മണ്ഡലം (Purgatory) എന്ന പേരിലും അറിയപ്പെടു

ന്നു. പ്രഥമ കണ്ഡത്തിൽ 34 സർഗങ്ങളും തുടർന്നുള്ള രണ്ടു കാണ്ഡങ്ങളിൽ 33 വീതം സർഗങ്ങളുമാണുള്ളത്. മൂന്ന് മണ്ഡലങ്ങളിലൂടെ ദാന്തെ നടത്തുന്ന യാത്രയാണ് ഈ മഹാകാവ്യത്തിന്റെ പ്രതിപാദ്യം. ബിയാട്രീസ് എന്നു പേരുള്ള സുന്ദരിയായ സമപ്രായക്കാരിയോട് ദാന്തെയ്ക്കു തോന്നിയ പ്രണയമാണ് ഈ കാവ്യം രചിക്കുന്നതിന് പ്രചോദകമായിത്തീർന്നത്. ഇരുപത്തിനാലാമത്തെ വയസ്സിൽ അന്തരിച്ച ബിയാട്രീസിനെ നായികയാക്കി കൊണ്ട് താൻ ഒരു കാവ്യം രചിക്കുമെന്ന് ദാന്തെ പ്രതിജ്ഞ ചെയ്തിരുന്നു. രാഷ്ട്രീയ കാരണങ്ങളാൽ നാടുകടത്തപ്പെട്ട ഒരു ചരിത്രം കൂടി ദാന്തെയ്ക്കുണ്ട്. 'വിഷാദത്തിൽ നിന്ന് സന്തോഷത്തിലേക്ക് നീങ്ങുന്ന കൃതി' എന്ന് ഡിവൈൻ കോമഡിയെ വിശേഷിപ്പിച്ചിട്ടുണ്ട്.

- ദാന്തെയും ഡിവൈൻ കോമഡിയും

ഈ കൃതിയുടെ ആദ്യ ഭാഗം നരകവർണ്ണനയാണ്. ദാന്തെ നരകത്തെക്കുറിച്ച് എഴുതിയതാണ് ഇന്നും ആളുകൾ നരകത്തെക്കുറിച്ച് വിശ്വസിക്കുന്നത്. ക്രമഭംഗത്തിൽ നിന്ന് വിശുദ്ധിയിലേക്കും ദുരിതത്തിൽ നിന്ന് സന്തോഷത്തിലേക്കും നരകത്തെക്കുറിച്ചുള്ള ഭീതിതമായ ചിന്തയിൽ നിന്ന് സ്വർഗത്തെക്കുറിച്ചുള്ള സുന്ദരമായ ധ്യാനത്തിലേക്കുമുള്ള പരിവർത്തനത്തിന്റെ പാതയിലേക്ക് വായനക്കാരെ നയിക്കാൻ ഡിവൈൻ കോമഡിക്ക് കഴിഞ്ഞിട്ടുണ്ട്. പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെ പതനത്തിനും നവോത്ഥാനത്തിന്റെ തുടക്കത്തിനും ഇടയ്ക്കുള്ള നൂറ്റാണ്ടുകളിലെ വിജ്ഞാനത്തിന്റെയും ബൗദ്ധികനേട്ടങ്ങളുടെയും സംഗ്രഹമാണ് ഡിവൈൻ കോമഡി. പതിമൂന്നാം നൂറ്റാണ്ടിലെ ഇറ്റലിയിലെ കത്തോലിക്കാമതത്തിന്റെ സമ്പൂർണ്ണ ചിത്രം ഈ കൃതിയിലുണ്ട്. 'എല്ലാ കാവ്യങ്ങളിലും വച്ച് ആത്മാർത്ഥത നിറഞ്ഞ കവിത' എന്ന് ഇംഗ്ലീഷ് ചരിത്രകാരൻ തോമസ് കാർലൈൻ ഈ കൃതിയെ വിശേഷിപ്പിക്കുന്നുണ്ട്. ഒന്നാം പർവത്തിലെ നരകം ലോകത്തിലെ പാപപങ്കിലമായ ജീവിതത്തിന്റെയും അതുളവാക്കുന്ന ദുരിതത്തിന്റെയും ചിത്രമാകുന്നു. പാപപ്രായശ്ചിത്തങ്ങളുടെ അധോലോകത്തിലൂടെ സ്വാതന്ത്ര്യത്തിലേക്കുള്ള മനുഷ്യാത്മാവിന്റെ തീർത്ഥാടനത്തിന്റെ ശുഭാന്ത നാടകമെന്ന് ഡിവൈൻ കോമഡിയെ എസ്. രാധാകൃഷ്ണൻ വിശേഷിപ്പിച്ചുണ്ട്.

- ഡിവൈൻ കോമഡിയിലെ ദർശനങ്ങൾ
- ഇറ്റലിയിലെ കത്തോലിക്കാമതത്തിന്റെ സമ്പൂർണ്ണ ചിത്രം

## വിശിഷ്ടശൈലി (ഗ്രാൻഡ് സ്റ്റൈൽ) എന്ന സങ്കല്പനം

ക്ലാസിക്കൻ ലാറ്റിൻ, ഫ്രഞ്ച് ഭാഷകൾക്കെതിരെ പ്രാദേശികഭാഷയുടെ സവിശേഷതകൾക്ക് പ്രാധാന്യം കൊടുക്കുകയായിരുന്നു ദാന്തെ. പ്രാദേശിക ഭാഷകളുടെ അവകാശവാദങ്ങളെ പിന്തുണച്ച ആദ്യത്തെ വിമർശകൻ എന്ന വിശേഷണം ദാന്തെയ്ക്ക് യോജിക്കും. മഹാനായ കവിയുടെ മികച്ച ചിന്തകൾ പ്രകടിപ്പിക്കാൻ അനുയോജ്യമായ ഭാഷയാകണം കവിതയുടെ ഭാഷയെന്ന് അദ്ദേഹം സമർത്ഥിച്ചു. കവിതയുടെ ഭാഷ ഉചിതവും ഉന്നതവവും ശ്രേഷ്ഠവുമായിരിക്കണം. അത് സംസ്കാരത്തിന്റെ ഭാഷയായിരിക്കണം. (The Language of Poetry should be proper, elevated and illustrious, it should be the Language of Culture). ദാന്തെയുടെ അഭിപ്രായത്തിൽ ഗ്രാൻഡ് ശൈലി ഒരു മഹത്തായ ഉള്ളടക്കത്തെ അവതരിപ്പിക്കണം. കാരണം ഉള്ളടക്കത്തിന്റെ മികവിനെ ആശ്രയിച്ചാണ് ശൈലി രൂപപ്പെടുന്നത്. ദാന്തെയെ സംബന്ധിച്ച് കൃതിയിലെ ഓരോ വാക്കും

> ▶ പ്രാദേശിക ഭാഷകളുടെ അവകാശവാദങ്ങളെ പിന്തുണച്ച ആദ്യത്തെ വിമർശകൻ

രചയിതാവിന്റെ വ്യക്തിത്വത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വാക്കുകളെ തെരഞ്ഞെടുക്കുമ്പോൾ സൂക്ഷ്മത പുലർത്തണം ഓരോ വാക്കും സൂക്ഷിച്ചു പ്രയോഗിക്കണം. കവിതയുടെ ഘടനയിൽ വാക്കുകൾക്ക് പ്രത്യേക സ്ഥാനമാണുള്ളത്. വാക്കുകളുടെ തിരഞ്ഞെടുപ്പ് വിശിഷ്ട ശൈലിയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കാമെന്ന് ദാന്തെ പറയുന്നു. അദ്ദേഹം ഇതേ കുറിച്ചെഴുതുന്നു 'He said about his task of collecting words as if he were choosing a company of trustee comrades, and there is not one of them which must not play it's part worthily in the texture of the poem".

> ▶ പാണ്ഡിത്യമല്ല; സ്വാഭാവികമായ ജ്ഞാനമാണ് വേണ്ടത്

പ്രാദേശിക ഭാഷയിലൂടെ മഹത്തായ ശൈലിയെ രൂപപ്പെടുത്താൻ കഴിയുമെന്ന് ദാന്തെ പറയുന്നു. ബാലിശവും കൃത്രിമവും പരുഷവുമായ വാക്കുകളെ കവി ഉപയോഗിക്കാൻ പാടില്ല. വാക്കുകളുടെ തിരഞ്ഞെടുപ്പ് സ്വാഭാവികമായിരിക്കണം. അവിടെ പാണ്ഡിത്യപ്രകടനം പാടില്ല. ആവശ്യമാണെങ്കിൽ മാത്രം അലങ്കരിക്കപ്പെട്ട വാക്കുകൾ ഉപയോഗിക്കാം. തന്റെ പാണ്ഡിത്യം പ്രകടിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള അലങ്കാര പദങ്ങൾ പ്രയോഗിച്ചാൽ മഹത്തായ ശൈലി രൂപപ്പെടുത്തി എടുക്കാൻ കഴിയില്ല. പാണ്ഡിത്യമല്ല; സ്വാഭാവികമായ ജ്ഞാനമാണ് വാക്കുകളെ തിരഞ്ഞെടുക്കാൻ സഹായിക്കേണ്ടത്.

## നവോത്ഥാന സാഹിത്യദർശനം - അരിസ്റ്റോട്ടിലിയൻ പ്രഭാവം

പ്രകൃതി ശാസ്ത്രജ്ഞനും സാഹിത്യമീമാംസകനും ദാർശനികനുമായിരുന്നു അരിസ്റ്റോട്ടിൽ. അദ്ദേഹത്തിന്റെ പ്രഭാവം ഗ്രീക്ക്-റോമൻ സംസ്കാരത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തി. ബി.സി. 384 ൽ മാസിഡോണിയയിലെ സ്റ്റാഗിറ എന്ന നഗരത്തിലാണ് അരിസ്റ്റോട്ടിൽ ജനിച്ചത്. നവോത്ഥാനകാലം മുതൽ അരിസ്റ്റോട്ടിൽ കവികൾക്കും വിമർശകന്മാർക്കും ചക്രവർത്തിയായിത്തീർന്നു. പ്രഭാഷണകല, രാഷ്ട്രമീമാംസ, കവിത എന്നിവയെക്കുറിച്ച് അദ്ദേഹം പ്രമാണഗ്രന്ഥങ്ങൾ തന്നെ രചിച്ചിട്ടുണ്ട്. ഈ കൃതികൾ സാഹിത്യ ചിന്തയിൽ സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. പക്ഷപാതമില്ലാതെ വസ്തുക്കൾ നിരീക്ഷിക്കുകയും അപഗ്രഥിക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ഒരു ശീലമായിരുന്നു. ഹോമറിന്റെ ഇതിഹാസങ്ങളും സോഫോക്ലിസിന്റെ ദുരന്തനാടകങ്ങളും അരിസ്റ്റോട്ടിലിന്റെ ചിന്തയെ സ്വാധീനിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ റട്ടറിക്സ്, പോയറ്റിക്സ് എന്നീ ഗ്രന്ഥങ്ങൾ ഗ്രീക്ക് സാഹിത്യത്തിലെ പ്രമാണഗ്രന്ഥങ്ങളാണ്. പ്രകൃതിസിദ്ധമായ സ്ഥാപനമാണ് രാഷ്ട്രം എന്ന അരിസ്റ്റോട്ടലിന്റെ സിദ്ധാന്തം പതിനേഴാം നൂറ്റാണ്ടിലെ ജനങ്ങളുടെ യുക്തിബോധത്തെ ചോദ്യം ചെയ്തു. അതുവരെ, വ്യക്തിയെക്കാൾ സമൂഹത്തിനും അതിനേക്കാൾ രാഷ്ട്രത്തിനുമാണ് രാഷ്ട്രവും മതസ്ഥാപനങ്ങളും പ്രാധാന്യം കല്പിച്ചിരുന്നത്. വ്യക്തിത്വത്തിന്റെ ഉയർത്തെഴുന്നേൽപ്പ് അരിസ്റ്റോട്ടലിന്റെ സ്വാധീനത്തിന്റെ ഫലമാണ്.

> ▶ അരിസ്റ്റോട്ടിലിന്റെ ചിന്താപദ്ധതികൾ

അരിസ്റ്റോട്ടിലിന്റെ കാവ്യമീമാംസാദർശനങ്ങൾ നവോത്ഥാന സാഹിത്യരംഗത്തെ കൂടുതൽ ചലനാത്മകമാക്കി. വാസ്തവത്തിൽ നവോത്ഥാനചിന്തകരെ മുഴുവൻ സ്വാധീനിച്ച ചിന്തകനായിരുന്നു അരിസ്റ്റോട്ടിൽ. അരിസ്റ്റോട്ടിലിയൻ ചിന്താപദ്ധതികൾ പരമ്പരാഗത

ധാരണകളെ തകർക്കുന്നതിനുള്ള വിമർശനാത്മക ഊർജ്ജം എഴുത്തുകാർക്ക് നൽകി. തത്വചിന്തയുടെ പല സാങ്കേതികപദങ്ങളും ഈ ചിന്താപദ്ധതിയിൽ നിന്നും രൂപപ്പെട്ടതാണ്. ആധുനിക യൂറോപ്യൻ സംസ്കാരത്തെ രൂപപ്പെടുത്തിയത് പൗരാണിക ഗ്രീക്ക്-റോമൻമൂല്യങ്ങളാണെന്ന് ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ യൂറോപ്പിന്റെ സംസ്കാരരൂപീകരണത്തിൽ ഗ്രീക്ക്-റോമൻമൂല്യങ്ങളോടൊപ്പം ഏഷ്യൻ-ആഫ്രിക്കൻ-അറേബ്യൻ സംസ്കാരവും ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ജോസഫ് നീഡ്ഹോമിനെ പോലുള്ള ചരിത്രകാരന്മാർക്ക് അഭിപ്രായമുണ്ട്. അരിസ്റ്റോട്ടിൽ സൃഷ്ടിച്ച ചിന്താപരമായ വിപ്ലവം യൂറോപ്യൻ രാജ്യങ്ങളിൽ നവോത്ഥാനം സൃഷ്ടിച്ചു. ജനാധിപത്യത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള പുതിയ ആശയങ്ങൾ സമൂഹത്തിൽ ഉടലെടുത്തു. തത്വചിന്ത, സാമൂഹികാവബോധം, പ്രഭാഷണകല, കായികശക്തി എന്നിവയെല്ലാം ആദർശവ്യക്തിത്വത്തിന്റെ ഉദാത്തമൂല്യങ്ങളായി പരിണമിച്ചു.

- അരിസ്റ്റോട്ടലിന്റെ കാവ്യമീമാംസാദർശനങ്ങൾ
- ഏഷ്യൻ-ആഫ്രിക്കൻ-അറേബ്യൻ സംസ്കാരവും ഗണ്യമായ സ്വാധീനം

## ഇറ്റാലിയൻ പ്രഭാവം

### ജകോപ്പോ മസ്സോണി (Jacopo Mazzoni)

1548 നവംബർ 27 ന് ജനിച്ച ജകോപ്പോ മസ്സോണി ഇറ്റാലിയൻ സാഹിത്യത്തിലെ കവിയും നോവലിസ്റ്റും തത്വചിന്തകനുമായിരുന്നു. ഹീബ്രു, ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി. De Triplici Hominum vita, Activa Nempe, Contemplativa, e Religious Methodi Tres എന്നിവ അദ്ദേഹത്തിന്റെ പ്രധാനകൃതികളാണ്. പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരുടെ ചിന്തകൾ അദ്ദേഹത്തെ സ്വാധീനിക്കുകയുണ്ടായി. ദാന്തെയുടെ കൃതികളെയും അദ്ദേഹം ഇഷ്ടപ്പെട്ടു. 'ഓൺ ദി ഡിഫൻസ് ഓഫ് ദ കോമഡി ഓഫ് ദാന്തെ' എന്ന പ്രബന്ധത്തിൽ കാവ്യാനുകരണത്തെ കുറിച്ച് അദ്ദേഹം ചർച്ച ചെയ്യുന്നുണ്ട്. പിൽക്കാല യൂറോപ്യൻ കാവ്യദർശനത്തെ ഈ കൃതി സ്വാധീനിക്കുകയുണ്ടായി. തത്വചിന്തയിലും നിയമശാസ്ത്രത്തിലും അദ്ദേഹം പഠനം നടത്തി. മികച്ച ഓർമ്മശക്തിയുണ്ടായിരുന്ന മസ്സോണി, ദാന്തെയുടെ കാവ്യഭാഗങ്ങൾ തന്റെ സംവാദങ്ങളിൽ കൃത്യമായി ഉപയോഗിച്ചു. ഇറ്റാലിയൻ ഭാഷയുടെ ശാസ്ത്രീയ പഠനത്തിന് അദ്ദേഹം വലിയ പ്രചോദനം നൽകുകയുണ്ടായി. മസ്സോണിയുടെ നിരൂപണത്തിലെ ഏറ്റവും വലിയ സംഭാവന കവിതയിലെ അനുകരണത്തെ സംബന്ധിച്ചാണ്.

- ഭാഷയുടെ ശാസ്ത്രീയ പഠനം

'ഓൺ ദി ഡിഫെൻസ് ഓഫ് ദ കോമഡി ഓഫ് ദാന്തെ' എന്ന പ്രബന്ധത്തിൽ തത്വചിന്തകർക്കിടയിൽ പൊതുവായി കാണുന്ന വീക്ഷണത്തെ മസ്സോണി എതിർക്കുന്നു. മെറ്റാഫിസികസ് ഒരു സമഗ്രമായ ശാസ്ത്രമാണ്, അതിൽ മറ്റെല്ലാകലകളും ശാസ്ത്രങ്ങളും അടങ്ങിയിരിക്കുന്നു. പകരം, അരിസ്റ്റോട്ടിലിനെ പിന്തുടർന്ന്, വിവിധ കലകളും ശാസ്ത്രങ്ങളും തമ്മിലുള്ള യഥാർത്ഥ വ്യത്യാസം ഒരേ വസ്തുവിനെ അറിയുന്നതിനും നിർമ്മിക്കുന്നതിനുമുള്ള വ്യത്യസ്തരീതികളാണെന്ന് മസ്സോണി അഭിപ്രായപ്പെടുന്നു.

- ഡിഫൻസ് ഓഫ് ദ കോമഡി ഓഫ് ദാന്തെ

പ്ലേറ്റോയെ പോലെ കവിതയുടെ ഉദ്ദേശ്യം നിർണ്ണയിക്കുന്നതിൽ മസ്സോണി വളരെ ശ്രദ്ധാലുവായിരുന്നു. കവിത വായനക്കാരെ ആന

ന്ദത്തിലേക്ക് നയിക്കുന്നതായിരിക്കണം. അടിസ്ഥാനപരമായി മസ്സോണിയെ സംബന്ധിച്ചിടത്തോളം കവിതയുടെ ഉദ്ദേശ്യം വിനോദവും ആനന്ദവുമാണ്. അപ്പോൾത്തന്നെ സമൂഹത്തിന്റെ പുരോഗതിക്ക് സംഭാവന നൽകാൻ കഴിയുന്ന ധാർമ്മികമൂല്യങ്ങളും കവിതയിൽ ഉണ്ടായിരിക്കണം. സത്യത്തെക്കാൾ വിശ്വസനീയമായതാണ് കവിതയെന്നും മസ്സോണി അഭിപ്രായപ്പെടുന്നു. ഹാസ്യം കവിതയല്ലെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. കാവ്യഭാഷയെക്കുറിച്ച് പറയുന്ന വേളയിൽ സാമുവൽ ടെയ്‌ലർ, കോൾറിഡ്ജ് എന്നീ എഴുത്തുകാരുടെ രചനകൾ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. കവിതയ്ക്ക് ഒരേ സമയം ആനന്ദവും സാമൂഹിക പ്രതിബദ്ധതയും പ്രകടിപ്പിക്കാൻ കഴിയുമെന്ന് മസ്സോണി പ്രഖ്യാപിക്കുന്നതിന്റെ പിന്നിൽ പ്രശസ്തരായ എഴുത്തുകാരുടെ സ്വാധീനം പ്രകടമാണ്. മസ്സോണി തന്റെ തീവ്രമായ ചിന്തകളെല്ലാം അവതരിപ്പിച്ചിരിക്കുന്നത് ഓൺ ദി ഡിഫൻഡ് ഓഫ് ദ കോമഡി ഓഫ് ദാന്തെയിലാണ്. ദാന്തെയുടെ കൃതികളെ നേരിട്ട് വിശകലനം ചെയ്യുന്നതിന് മുമ്പ് തന്റെ കാവ്യശാസ്ത്ര സിദ്ധാന്തം അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. ഈ ഭാഗത്താണ് മെമിസെസ്, കവിതയുടെ നിർവചനം, കാവ്യശാസ്ത്രം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നത്. കാവ്യാനുകരണം ഒരു യഥാർത്ഥ വസ്തുവിന്റെ വിനോദമല്ല; മറിച്ച് ഒരു ആദർശത്തിന്റെ വിനോദമാണ്. നിരൂപണത്തിലെ ഏറ്റവും രസകരമായ ചർച്ചയാണിത്.

- കവിയുടെ വിചിത്ര കല്പനാശേഷി
- ജനസാമാന്യപരിഗണന

## Summarised Overview

പടിഞ്ഞാറൻ റോമാസാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം ആരംഭിച്ച മധ്യകാലസാഹിത്യഘട്ടം നവോത്ഥാനകാലത്തിന്റെ ആദ്യഘട്ടം വരെ നീണ്ടുനിന്നു. ഏകദേശം അഞ്ചാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനം വരെയുള്ള കാലയളവാണ് മധ്യകാലഘട്ടമായി പരിഗണിക്കുന്നത്. മാനവ പരിണാമചരിത്രത്തിലെ ഒരു പ്രധാനഘട്ടമായി ഇത് അറിയപ്പെടുന്നു. മധ്യകാലത്തുണ്ടായ നേട്ടങ്ങൾ ആധുനിക കാലഘട്ടത്തിലേക്കുള്ള സുപ്രധാന വഴിത്തിരിവുകളായിരുന്നു. മധ്യകാലഘട്ടത്തിൽ, സാഹിത്യരംഗം സമ്പുഷ്ടമായിരുന്നു ഇതിഹാസ കവിത, പ്രണയം, മതഗ്രന്ഥങ്ങൾ, നാടകം തുടങ്ങി വിവിധ വിഭാഗങ്ങളിൽ പെട്ട നിരവധി ഗ്രന്ഥങ്ങൾ ഉണ്ടായി. യൂറോപ്പിന്റെ ബൗദ്ധിക മുന്നേറ്റത്തിന് നിർണ്ണായക സ്വാധീനമായ ഘടകം അച്ചടിയുടെ കണ്ടു പിടുത്തമാണ്.

പുതിയ നഗരങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും നവോത്ഥാനം അനുകൂലമായ പശ്ചാത്തലമൊരുക്കി. ഇറ്റലിയിലെ ഫ്ളോറൻസിലാണ് നവോത്ഥാനം ആരംഭിച്ചത്. ഫ്ളോറൻസിലെ രാഷ്ട്രീയ സാമൂഹിക അന്തരീക്ഷം, ഗ്രീക്ക് പണ്ഡിതരുടെ കുടിയേറ്റം, സാമ്പത്തിക ഉത്പാദന ബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ എന്നിവ നവോത്ഥാനത്തിന്റെ രൂപപ്പെടലിന് കാരണമായിട്ടുണ്ട്. ഇറ്റലിയിൽ ദാന്തെ അലിഗിയേരിയെപ്പോലുള്ള പ്രതിഭകൾ ഉയർന്നു വന്നു. ക്ലാസിക്കൽ സ്വാധീനങ്ങളുടെയും ക്രിസ്ത്യൻ തീമുകളുടെയും സമന്വയത്തെ പ്രതിഫലിപ്പിക്കുന്ന ഗ്രാൻഡ്സ്റ്റൈൽ എന്ന ആശയത്തെ ദാന്തെയുടെ കൃതികൾ ഉദാഹരിക്കുന്നു. അദ്ദേഹത്തിന്റെ പ്രധാന കൃതിയായ 'ദി ഡിവൈൻ കോമഡി', അഗാധമായ ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകൾ കാണിക്കുക മാത്രമല്ല, ഭാഷാപരമായ തടസ്സങ്ങളെ മറികടക്കാനും വിവിധ ജനസമൂഹത്തിലേക്ക് കടന്നു ചെല്ലാനുമുള്ള സാഹിത്യത്തിന്റെ ശക്തി പ്രകടമാക്കുകയും ചെയ്യുന്നു.

കൂടാതെ, നവോത്ഥാന കാലഘട്ടം സാഹിത്യതത്വചിന്തയിൽ ആഴത്തിലുള്ള മാറ്റം വരുത്തുകയും, അരിസ്റ്റോട്ടിലിയൻ തത്വങ്ങളിൽ ആകൃഷ്ടരാവുകയും ചെയ്തു. ഇറ്റാലിയൻ ചിന്തകരായ ജകോപ്പോ മസ്സോണിയെപ്പോലുള്ളവർ സാഹിത്യ വ്യവഹാരം രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു, അവർ കവിതയിൽ യുക്തിയുടെയും ഭാവനയുടെയും സമന്വയത്തിന് വേണ്ടി വാദിച്ചു. കവിയുടെ വിചിത്രമായ ഭാവനയിൽ മസ്സോണി ഊന്നൽ നൽകുന്നത് സാഹിത്യത്തിന്റെ പരിവർത്തനസാധ്യതകളെ ഉയർത്തിക്കാട്ടുന്നു.

## Assignments

1. ലാറ്റിൻ-ഇറ്റാലിയൻ നവോത്ഥാനം സാഹിത്യത്തിൽ വരുത്തിയ മാറ്റങ്ങൾ അപഗ്രഥിക്കുക.
2. ദാന്തെയുടെ സാഹിത്യരചനാശൈലി അപഗ്രഥന വിധേയമാക്കുക.
3. ജകോപ്പോ മസ്സോണിയെ പരിചയപ്പെടുത്തുക.
4. മദ്ധ്യകാല സാഹിത്യത്തിന്റെ സവിശേഷതകൾ പഠനവിധേയമാക്കുക.
5. മാതൃഭാഷയുടെ പ്രാധാന്യവും ദാന്തെയുടെ ചിന്തകളും - ഉപന്യാസം തയ്യാറാക്കുക.
6. നവോത്ഥാനസാഹിത്യദർശനത്തിൽ അരിസ്റ്റോട്ടിലിന്റെ പ്രഭാവം വിലയിരുത്തുക.

## Suggested Reading


1. പി.ജി. പുരുഷോത്തമൻ പിള്ള, പാശ്ചാത്യ സാഹിത്യനായകന്മാർ, മംഗളോദയം, തൃശ്ശൂർ.
2. ഡി. മായ, പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഒരു സംഘം ലേഖകർ, പാശ്ചാത്യ സാഹിത്യസിദ്ധാന്തം ആധാരരചനകളുടെ പരിഭാഷയും പഠനവും ഭാഗം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. Harrison, S. J., editor. *The Oxford Handbook of Latin Literature* Oxford University Press.
5. Harrison, Stephen, editor. *A Companion to Latin Literature* Wiley-Blackwell.
6. Kenney, E. J., and W. V. Clausen, editors. *The Cambridge History of Classical Literature: Volume 2, Latin Literature.* Cambridge University Press.

## Reference


1. എം. അച്യുതൻ, പാശ്ചാത്യ സാഹിത്യദർശനം, എൻ.ബി.എസ്., കോട്ടയം.
2. നെല്ലിയ്ക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
3. Dante Alighieri. *The Divine Comedy*. Translated by Robin Kirkpatrick, Penguin Classics, 2012.
4. Hainsworth, Peter. *Dante: A Very Short Introduction*. Oxford University Press.
5. Jacoff, Rachel, editor. *The Cambridge Companion to Dante*. Cambridge University Press.
6. Tusiani, Joseph. *A History of Italian Literature.* Rutgers University Press.
7. Brand, Peter, and Lino Pertile, editors. *The Cambridge History of Italian Literature*. Cambridge University Press.
8. Conte, Gian Biagio. *Latin Literature: A History.* Translated by Joseph B. Solodow, Johns Hopkins University Press
9. Stillwell, Richard et al., editors. *The Princeton Encyclopedia of Classical Sites.* Princeton University Press


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 2

# ഇംഗ്ലീഷ് സാഹിത്യനിരൂപണം

## Learning Outcomes

- ഇംഗ്ലീഷ് സാഹിത്യവിമർശനത്തിന്റെ ആദ്യകാല പ്രവണതകൾ മനസ്സിലാക്കുന്നു
- ഫിലിപ് സിഡ്നിയെക്കുറിച്ച് അവബോധം ഉണ്ടാകുന്നു
- ബെൻ ജോൺസന്റെ ചിന്തകളെ കുറിച്ച് സാമാന്യധാരണ നേടുന്നു
- ഫിലിപ്പ് ഡിസ്നി, ബെൻ ജോൺസൻ എന്നിവരുടെ കൃതികളെ പരിചയപ്പെടുന്നു
- ബെൻ ജോൺസന്റെ കാവ്യസങ്കല്പം മനസ്സിലാകുന്നു

## Background

ഉജ്ജ്വലമായ ചിത്രങ്ങൾ സൃഷ്ടിക്കുന്നതിനും വികാരങ്ങൾ ഉണർത്തുന്നതിനും മനുഷ്യ അനുഭവങ്ങളുടെ സത്ത പിടിച്ചെടുക്കുന്നതിനും വാക്കുകൾ ഒത്തുചേരുന്ന മനോഹരമായ കലാരൂപമാണ് കവിത. കവിതയുടെ ലോകത്തെ രൂപപ്പെടുത്തിയ പ്രധാന വ്യക്തികളും ആശയങ്ങളും പരിചയപ്പെടേണ്ടത് ഒരു സാഹിത്യവിദ്യാർഥിയുടെ കടമയാണ്. കവിത ശക്തമായ ഒരു ആവിഷ്കാര മാധ്യമാണെന്ന് പ്രശസ്തനായ നവോത്ഥാന കവിയും പണ്ഡിതനുമായ ഫിലിപ്പ് സിഡ്നി ഒരിക്കൽ പറഞ്ഞു. അതിരുകൾ മറികടന്ന് തലമുറകളായി വായനക്കാരുടെ ആത്മാവിനെ സ്പർശിക്കാനുള്ള കഴിവ് കവിതയ്ക്കുണ്ടെന്ന് സിഡ്നി വിശ്വസിച്ചു. കവിതയുടെ അന്തർലീനമായ മൂല്യത്തിന് ഊന്നൽ നൽകുകയും അതിന്റെ പ്രസക്തിയെയോ പ്രാധാന്യത്തെയോ ചോദ്യം ചെയ്യുന്നവരെ പ്രതിരോധിക്കുകയും ചെയ്ത ഒരു 'കാവ്യാത്മകമായ ആശയ ക്ഷമാപണം' എന്ന ആശയത്തെ അദ്ദേഹം പിന്തുണച്ചു.

പ്രശസ്ത സാഹിത്യവിമർശകനായ ബെൻജോൺസണാണ് കവിതാരംഗത്ത് സ്വാധീനം ചെലുത്തിയ മറ്റൊരു വ്യക്തി. അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകൾ അക്കാലത്തെ കാവ്യാത്മകതയെ രൂപപ്പെടുത്താൻ വളരെയധികം സഹായിച്ചു. കാവ്യാത്മകമായ ശൈലി, ഭാഷ, അർത്ഥം എന്നിവയെക്കുറിച്ചുള്ള ജോൺസന്റെ സൂക്ഷ്മമായ നിരീക്ഷണങ്ങളും വിമർശനങ്ങളും ഇന്നും കവികളെയും പണ്ഡിതരെയും പ്രചോദിപ്പിക്കുന്നു. കാവ്യാത്മക ആവിഷ്കാരത്തിന്റെ കാതൽ എന്നത് അതിന്റെ ശൈലിയും ഭാഷയുമാണ്. കവികൾ അവരുടെ ആഖ്യാനങ്ങൾ നെയ്യാനും അവരുടെ കവിതകൾ രൂപപ്പെടുത്താനും ഉപയോഗിക്കുന്ന ഇഷ്ടികകളാണ് അവ. ഷേക്സ്പിയറുടെ ഗാനരചന മുതൽ ആധുനികമായ ഒരു സ്വതന്ത്രകവിതയുടെ ലാളിത്യം വരെ, ഓരോ കവിയും സംഭാഷണത്തിന് സവിശേഷമായ ശബ്ദവും അർത്ഥവും നൽകുന്നു. അവരുടെ സവിശേഷമായ സംഭാവനകളാൽ സാഹിത്യ പാരമ്പര്യത്തിന്റെ ശൈലിയെ സമ്പന്നമാക്കുന്നു.

കവിത എന്നത് പഠിക്കേണ്ട ഒരു വിഷയം മാത്രമല്ല. പുതിയതും അർത്ഥവത്തായതുമായ രീതിയിൽ ലോകവുമായി ഇടപഴകാൻ നമ്മെ ക്ഷണിക്കുന്ന ജീവനുള്ളതും ശ്വസിക്കുന്നതുമായ ഒരു കലാരൂപവും ആണത്. ഭൂതകാലത്തെയും വർത്തമാനകാലത്തെയും കവികളുടെ

വാക്കുകളിലൂടെ, തടസ്സങ്ങളെ മറികടക്കാനും ഭാവനകളെ ജ്വലിപ്പിക്കാനും സമയവും സ്ഥലവും ഉൾക്കൊള്ളുന്ന ബന്ധങ്ങൾ കെട്ടിപ്പടുക്കാനുമുള്ള ഭാഷയുടെ ശക്തി വലുതാണ്. ഓർക്കുക, കവിത ഒരു താളിൽ കുറിച്ചിട്ട വെറും വാക്കുകളേക്കാൾ വലുതാണ്. അത് മനുഷ്യാനുഭവത്തിന്റെ പ്രതിഫലനമാണ്. വികാരങ്ങൾ, ആശയങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവ വിവിധ രീതികളിൽ കവിത പിടിച്ചെടുക്കുന്നു.

## Keywords

ഇംഗ്ലണ്ട് - ഫിലിപ്പ് സിഡ്നി - കാവ്യസങ്കല്പം - ഡിഫൻസ് ഓഫ് പോസി - ബെൻജോൺസൺ - കാവ്യഭാഷ - ശൈലി - എപ്പിഗ്രാം

## Discussion

### ഇംഗ്ലണ്ട്

▶ എലിസബത്ത് യുഗം സാഹിത്യ ചരിത്രത്തിലെ സുവർണ്ണ കാലം

ഇംഗ്ലീഷിലെ എലിസബത്ത് യുഗം സാഹിത്യചരിത്രത്തിലെ സുവർണ്ണകാലമായി അറിയപ്പെടുന്നു. ഷേക്സ്പിയർ, ഡോക്ടർ ജോൺസൺ, ബേക്കൺ, ബെൻ ജോൺസൺ തുടങ്ങിയവർ ഈ ഘട്ടത്തിന്റെ സംഭാവനയാണ്. ക്ലാസിക് കാലഘട്ടത്തിലെ സാഹിത്യാവബോധത്തിൽ നിന്നും തികച്ചും ഭിന്നമായ ദർശനമുണ്ടായിരുന്നതുകൊണ്ട് കവികളും വിമർശകരും കാവ്യത്തെയും അതിന്റെ ഘടകങ്ങളെയും കുറിച്ച് തനതായ ചില സിദ്ധാന്തങ്ങൾ അവതരിപ്പിച്ചു തുടങ്ങി

### ഫിലിപ്പ് സിഡ്നി

ശാസ്ത്രത്തിലും സാഹിത്യത്തിലും അപാരമായ പാണ്ഡിത്യം ഉണ്ടായിരുന്ന വ്യക്തിയാണ് ഫിലിപ്പ് സിഡ്നി. നിരവധി ഗ്രീക്ക്, റോമൻ തത്വചിന്തകർ അദ്ദേഹത്തെ സ്വാധീനിക്കുകയുണ്ടായി. കവിതയെ കുറിച്ച് അദ്ദേഹം നിരവധി വാദങ്ങൾ ഉയർത്തുകയുണ്ടായി. പ്രകൃതിയെ പ്രചോദിപ്പിക്കാതെ നിലനിൽക്കാൻ ആവില്ലെന്നും പ്രകൃതി ദൈവത്തിന്റെ സർഗാത്മകതയുടെ നേരിട്ടുള്ള ഫലമായതിനാൽ കവിതയ്ക്ക് ഈ പ്രത്യേക ദൈവികത ഉണ്ടെന്നും അത് അവഗണിക്കാൻ കഴിയില്ലെന്നും അദ്ദേഹം വാദിക്കുകയുണ്ടായി. കവികൾ തത്വചിന്തകന്മാരെക്കാളും ചരിത്രകാരന്മാരെക്കാളും മുകളിലാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. മറ്റുള്ളവരുടെ കേട്ടറിവുകളെ മാത്രം ആശ്രയിക്കുകയും ഭാവിയിലേക്ക് നോക്കാതെ ഭൂതകാലത്തിൽ കുടുങ്ങി പോകുകയും ചെയ്യുന്നവരാണ് ചരിത്രകാരന്മാർ. തത്വചിന്തകർ ഭാവിയിലേക്ക് നോക്കുകയും വർത്തമാനകാലത്തെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ എക്കാലത്തെയും ഓർമ്മിക്കാനും വരക്കാനും കവികൾക്ക് കഴിയുന്നു. തന്റെ ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കാനും അത് വിശദീകരിക്കാനും വർത്തമാനകാലത്ത് എന്താണ് സംഭവിക്കുന്നത് എന്ന് മനസ്സിലാക്കാനും കവികൾക്ക് കഴിവുണ്ട്. തത്വചിന്തയുടെയും ചരിത്ര

ത്തിന്റെയും കലാപരമായ വീക്ഷണത്തെ കവികൾ പ്രതിനിധീകരിക്കുന്നു. കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ച് ഒരു സുപ്രധാന കലാരൂപമായി നിലകൊള്ളുന്ന ആവിഷ്‌കാര രൂപമാണ് കവിത. മറ്റു ശാസ്ത്രങ്ങളെക്കാളും സമൂഹത്തിൽ കവിതയ്ക്ക് കൂടുതൽ സ്ഥാനം ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു

- ▶ കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ച് കവിത നിലകൊള്ളുന്നു

## ഡിഫൻസ് ഓഫ് പോസി (The Defence of Poesy or An Apology for Poetry)

നവോത്ഥാന ഇംഗ്ലണ്ടിലെ ആദ്യത്തെ വിമർശനാത്മക ലേഖനമായിരുന്നു ഫിലിപ്പ് സിഡ്നിയുടെ 'ഡിഫൻസ് ഓഫ് പോസി'. ചരിത്രത്തെക്കാളും തത്വചിന്തയെക്കാളും സാഹിത്യത്തിന്റെ മികവും പ്രാധാന്യവും വെളിപ്പെടുത്തിയ ലേഖനമായിരുന്നു ഇത്. മനുഷ്യരെ നന്മയുള്ളവരാക്കി മാറ്റാനുള്ള കഴിവ് കവിതയ്ക്കുണ്ട്. ചോസർ, സ്പെൻസർ എന്നിവരെ അദ്ദേഹം ഉദാഹരണമാക്കി കണ്ടെത്തുന്നു. 1579 ലാണ് ഈ ലേഖനം അദ്ദേഹം എഴുതുന്നത്. 1595ൽ പ്രസിദ്ധീകരിക്കുന്നതിന് മുൻപ് അദ്ദേഹം അന്തരിച്ചു. ഇംഗ്ലീഷ് നിരൂപണത്തിന്റെ തുടക്കമായി ഈ ലേഖനം അറിയപ്പെടുന്നു. എല്ലാ സാങ്കൽപ്പിക കലകളെയും അദ്ദേഹം കവിതയിലാണ് ഉൾപ്പെടുത്തുന്നത്. കവിത നുണയാണെന്ന് പ്ലേറ്റോയുടെ വാദത്തെ ഈ ലേഖനത്തിലൂടെ അദ്ദേഹം എതിർക്കുന്നു. മാനവികതയാണ് കവിയുടെ ലക്ഷ്യം എന്നും കവികൾ സ്വതന്ത്രചിന്തകരാണെന്നും സിഡ്നി വാദിക്കുന്നു. മനുഷ്യന്റെ ജീവിതത്തെ നിയന്ത്രിക്കുന്നത് ദൈവമാണെന്ന സങ്കല്പത്തെയും അദ്ദേഹം വിമർശിക്കുന്നുണ്ട്. അതിന് പകരമായിട്ടാണ് അദ്ദേഹം മാനവികത എന്ന ആശയം മുന്നോട്ട് വയ്ക്കുന്നത്. കവികൾ ബാഹ്യമായ ആശയങ്ങളാൽ നിയന്ത്രിക്കപ്പെടുന്നവരല്ല മാനവികതയിലാണ് കവിയുടെ ശ്രദ്ധ. മാനുഷികമൂല്യങ്ങളും ആദർശങ്ങളുമാണ് കവിയുടെ കൈമുതൽ. അദ്ദേഹത്തിന്റെ വാദങ്ങൾ ഇംഗ്ലീഷ് സാഹിത്യത്തിൽ വലിയ സ്വാധീനം ചെലുത്തി. കവിതയുടെ ചരിത്രപരമായ പ്രസക്തി മാത്രമല്ല പ്രായോഗിക പ്രയോഗങ്ങളെക്കുറിച്ചും അദ്ദേഹം എഴുതി.

- ▶ മാനവികതയിലാണ് കവികളുടെ ശ്രദ്ധ

കവിതാസാഹിത്യത്തെ അക്രമിക്കുന്ന പ്യൂരിറ്റൻ സമീപനത്തിന് ഒരു മറുപടി എന്ന തരത്തിൽ ഫിലിപ്പ് സിഡ്നി രചിച്ച കൃതിയാണ് അപ്പോളജി ഫോർ പൊയട്രി (An Apology for Poetry). ഇതിൽ സാഹിത്യത്തിൽ ഉൾപ്പെടുന്ന എല്ലാ ശാഖകൾക്കും അദ്ദേഹം വ്യക്തമായ നിർവചനങ്ങൾ നൽകുന്നു. സിഡ്നി തന്റെ ക്ലാസിക്കൽ സാഹിത്യപാണ്ഡിത്യം ഈ പുസ്തകരചനയ്ക്കു വേണ്ടി നല്ല രീതിയിൽ ഉപയോഗിച്ചു. കവിതയുടെ മൂല്യത്തെ ഉയർത്തുക എന്നതായിരുന്നു ഈ കൃതിയുടെ ലക്ഷ്യം. കവിതയ്ക്ക് നേരെയുള്ള വിമർശനങ്ങളിൽ അദ്ദേഹം അസ്വസ്ഥനായിരുന്നു. സാഹിത്യം അധാർമികവും നിരുത്തരവാദപരവും ദുഷിപ്പിക്കുന്നതുമാണെന്ന് അക്കാലത്ത് വിമർശനം ഉയർന്നു. ഈ സമയത്താണ് കവിതയുടെ അന്തർലീനമായ മൂല്യം തിരിച്ചറിയുവാൻ സിഡ്നി ശ്രമിച്ചത്.

- ▶ അപ്പോളജി ഫോർ പൊയട്രി

ഇതര സാഹിത്യരൂപങ്ങളിൽ നിന്നും കവിതയുടെ സവിശേഷതയെ തിരിച്ചറിയാനും കവിതയെ അർഹമായ പദവിയിൽ എത്തിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ഒരു പ്രസംഗത്തിന്റെ രൂപത്തിലാണ് ഇതിന്റെ

രചന നിർവ്വഹിച്ചിരുന്നത്. വിഷയം കൃത്യമായി അവതരിപ്പിക്കുക, പഠിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുക, കവിതയുടെ ശ്രേഷ്ഠത ഉയർത്തിപ്പിടിക്കുക എന്നീ ചിന്തകളുടെ സംഗ്രഹമായിരുന്നു ഈ കൃതി. കവിതയ്ക്കെതിരെ ഉയർന്ന എല്ലാ ആരോപണങ്ങൾക്കും അദ്ദേഹം മറുപടി നൽകുന്നുണ്ട്. അരിസ്റ്റോട്ടിലിന്റെ കവിതയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾക്കും അദ്ദേഹം മറുപടി നൽകുന്നുണ്ട്. അരിസ്റ്റോട്ടിൽ കവിതയെ അനുകരണ പ്രവർത്തനമായി നിർവചിച്ചു. എന്നാൽ സിഡ്നിയെ സംബന്ധിച്ചിടത്തോളം കവിത ഒരു പ്രത്യേക ലക്ഷ്യത്തോടെയുള്ള അനുകരണകലയാണ്.

- കവിത ഒരു പ്രത്യേക ലക്ഷ്യത്തോടെയുള്ള അനുകരണ കലയാണ്

## ബെൻജോൺസൺ

ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രശസ്തനായ നാടകകൃത്തും കവിയുമായിരുന്നു ബെൻ ജോൺസൺ. ഹാസ്യത്തെ ജനകീയമാക്കിയവരിൽ പ്രമുഖനാണ് ജോൺസൺ. ഷേക്സ്പിയറിനു ശേഷം രണ്ടാമത്തെ ഇംഗ്ലീഷ് നാടകകൃത്തായി അദ്ദേഹം അറിയപ്പെടുന്നു. A Tale of a Tub, The case is Altered, Every man in his Humour, The Alchemist, The Devil is an Ass എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. ഇംഗ്ലീഷ് സാഹിത്യത്തിന്റെ കരുത്ത് വർദ്ധിപ്പിച്ച എഴുത്തുകാരൻ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. 2012 ൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ജോൺസന്റെ സമ്പൂർണ്ണ കൃതികൾ പ്രസിദ്ധീകരിച്ചു. സാമൂഹിക രാഷ്ട്രീയ വിമർശനങ്ങളുടെ കേന്ദ്രബിന്ദുവായിരുന്നു ജോൺസന്റെ സാഹിത്യം. രാഷ്ട്രീയവും അധികാരവും തമ്മിലുള്ള അവിശുദ്ധബന്ധത്തെ അദ്ദേഹം വിമർശിച്ചു. ഷേക്സ്പിയറുടെ നാടകവുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം പോലെയാണ് ജോൺസണിന്റെ കവിതകളുമായുള്ള അദ്ദേഹത്തിന്റെ ബന്ധം. എഡ്മണ്ട് ബോൾട്ടന്റെ അഭിപ്രായത്തിൽ ഇംഗ്ലണ്ടിലെ ഏറ്റവും മികച്ച കവികളിൽ ഒരാളാണ് ജോൺസൺ. ഇംഗ്ലീഷ് നിയോക്ലാസിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കവികളിൽ ഒരാളായി അദ്ദേഹം അറിയപ്പെടുന്നു.

- രണ്ടാമത്തെ ഇംഗ്ലീഷ് നാടകകൃത്ത്

ഇംഗ്ലീഷ് സാഹിത്യചരിത്രത്തിലേക്കും തന്റെ കാലത്തെ രാഷ്ട്രീയ വൈജ്ഞാനിക യാഥാർത്ഥ്യങ്ങളിലേക്കും വെളിച്ചം വീശുന്ന ജോൺസന്റെ കവിതകൾ പണ്ഡിതലോകം സ്വീകരിക്കുകയുണ്ടായി. എന്നാൽ സാധാരണ വായനക്കാർക്കിടയിൽ പ്രശസ്തി കുറവായിരുന്നു. റോമാസാമ്രാജ്യത്തിലെ അഴിമതിയെക്കുറിച്ചുള്ള വിമർശനാത്മകമായ നാടകമായിരുന്നു സെജാനസ്. ഏറെ വിവാദം സൃഷ്ടിച്ച രചനയായിരുന്നു ഇത്. കാല്പനികയുഗത്തിലാണ് ജോൺസന്റെ ഹാസ്യനാടകങ്ങളുടെ പ്രാധാന്യം കുറഞ്ഞത്. ജോൺസന്റെ പാണ്ഡിത്യം ബൈബിളിലെ സാംസണിന്റെ ശക്തിപോലെ തന്റെ തന്നെ നാശത്തിന് വഴിയൊരുക്കുകയായിരുന്നു. ജോൺസന്റെ കവിതകളെ കോളറിഡ്ജ് വിമർശിച്ചിരുന്നു. അദ്ദേഹം സൂക്ഷ്മദർശിയായിരുന്നുവെന്നും എന്നാൽ പുറമേ കാണുന്നതിനെയും ഇന്ദ്രിയങ്ങൾക്ക് വിഷയമായതിനെയും മാത്രമേ അദ്ദേഹം ശ്രദ്ധിച്ചിരുന്നുള്ളു എന്ന് കോളറിഡ്ജ് വിമർശിക്കുന്നുണ്ട്. എന്നിരുന്നാലും ഷേക്സ്പിയറുടെ തൊട്ടടുത്താണ് കോളറിഡ്ജ് ജോൺസന് സ്ഥാനം നൽകിയത്.

- വിമർശനാത്മകമായ നാടകമാണ് സെജാനസ്

## ഭാഷയും ശൈലിയും

ഭാഷയുടെ പ്രയോഗത്തെക്കുറിച്ച് കൃത്യമായ ധാരണ ജോൺസനുണ്ടായിരുന്നു. സൂക്ഷ്മമായി ഭാഷയെ ഉപയോഗിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. അലങ്കരിക്കപ്പെട്ട ഭാഷാപ്രയോഗങ്ങൾ ആവശ്യത്തിലധികം ഉപയോഗിക്കാൻ പാടില്ലെന്ന് അദ്ദേഹം പറഞ്ഞു. പണ്ഡിതന്മാർക്ക് മനസ്സിലാകുന്ന വിധത്തിലാണ് അദ്ദേഹം ഭാഷയെ പ്രയോഗിച്ചതെന്ന വിമർശനവും നിലവിലുണ്ട്. മനുഷ്യജീവിതത്തിൽ ഭാഷ ഒരു പ്രധാനസ്ഥാനം വഹിക്കുന്നു. ഭിഷക്കാരനായാലും രാജാവായാലും അത് പ്രയോജനപ്പെടുത്തുന്നു. ജനനം മുതൽ മരണം വരെ ഭാഷ നമുക്ക് ചുറ്റുമുണ്ട്. ആശയവിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ. ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് ചിന്തകൾ കൈമാറുന്ന മാധ്യമമാണിത്. ഭാഷയില്ലാതെ ചിന്തിക്കുക അസാധ്യമാണ്. നമ്മുടെ ചിന്തകൾ രൂപം കൊള്ളുന്നത് ഭാഷയിലൂടെയാണ്. ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് ബെൻജോൺസൻ നടത്തിയ പ്രഭാഷണത്തിലാണ് ഇത്തരം ചിന്തകൾ പങ്കുവയ്ക്കുന്നത്.

> ▶ ആശയ വിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ

ജോൺസന്റെ ശൈലി ലളിതമെങ്കിലും സങ്കീർണ്ണമായിരുന്നു. ഗ്രീക്ക് റോമൻ ക്ലാസിക് കവിതകൾ അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. താളസംബന്ധമായ കവിതകളാണ് അദ്ദേഹം രചിച്ചിരിക്കുന്നത്. ആക്ഷേപഹാസ്യമായ രചനാശൈലിയാണ് മിക്കപ്പോഴും ഉപയോഗിച്ചത്. കവിതയെ ഹ്രസ്വമായി ആവിഷ്കരിക്കുക അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. എപ്പിഗ്രാം ശൈലി അദ്ദേഹം നന്നായി ഉപയോഗിച്ചു. ഒരു ആശയത്തെ ആക്ഷേപഹാസ്യരീതിയിൽ അവതരിപ്പിക്കുന്നതാണ് എപ്പിഗ്രാം ശൈലി. സോങ് ടു സെലിയ, ഓൺ മൈ ഫസ്റ്റ് സോൺ എന്നിവയാണ് പ്രശസ്തമായ കവിതകൾ. സോങ് ടു സെലിയ ഇംഗ്ലീഷിലെ പ്രശസ്തമായ പ്രണയകാവ്യമാണ്. ബാല്യത്തിൽ മരിച്ചുപോയ തന്റെ മകനുവേണ്ടി എഴുതിയ കവിതയാണ് ഓൺ മൈ ഫസ്റ്റ് സോൺ. താളാത്മകമായ വരികളിലൂടെയാണ് ഈ കവിതകളുടെ രചന നിർവ്വഹിച്ചിരിക്കുന്നത്. ജോൺസൻ രചിച്ച 'എവരിമാൻ ഇൻ ഹിസ് ഹ്യൂമർ' എന്ന നാടകത്തിൽ ഷേക്സ്പിയർ അഭിനയിച്ചിരുന്നു.

> ▶ ഒരു ആശയത്തെ ആക്ഷേപഹാസ്യ രീതിയിൽ അവതരിപ്പിക്കുന്നതാണ് എപ്പിഗ്രാം

## Summarised Overview

ഇംഗ്ലീഷ് നവോത്ഥാനസാഹിത്യത്തിന്റെ അവലോകനം ഫിലിപ്പ് സിഡ്നി, ബെൻ ജോൺസൺ തുടങ്ങിയ പ്രമുഖരുടെ മികച്ച സംഭാവനകളിലേക്ക് ആഴ്ന്നിറങ്ങുന്നു, അവരുടെ കൃതികളിൽ കവിതയുടെ സാധൂകരണവും വിമർശനവും പ്രകാശിപ്പിച്ചിരുന്നു. നവോത്ഥാന കാലഘട്ടത്തിലെ ഏറ്റവും വലിയ വ്യക്തിത്വമായ ഫിലിപ്പ് സിഡ്നി തന്റെ 'ദി ഡിഫൻസ് ഓഫ് പോസി' എന്ന ഗ്രന്ഥത്തിലൂടെ കാവ്യ സാധൂകരണത്തിന്റെ പ്രകാശഗോപുരമായി ഉയർന്നുവന്നു. ഈ കൃതിയിൽ, വിനോദം മാത്രമല്ല, സമൂഹത്തെ ബോധവൽക്കരിക്കുകയും ധാർമ്മികമായി ഉയർത്തുകയും ചെയ്യുന്ന ഒരു കലാരൂപമായി കവിതയെ സിഡ്നി ആവേശത്തോടെ പ്രതിരോധിക്കുന്നു. സാർവത്രിക സത്യങ്ങളെ അറിയിക്കുന്നതിനും മനുഷ്യാനുഭവങ്ങളെ സമ്പന്നമാക്കുന്നതിനുമുള്ള ഒരു ഉപാധി എന്ന നിലയിൽ കവിതയുടെ ശാശ്വതമായ പ്രസക്തിയിൽ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ വാദങ്ങൾ അടിവരയിടുന്നു.

സിഡ്നിയുടെ കവിത്വയിൽ മുഖ്യമായത് കാവ്യാത്മക ക്ഷമാപണം എന്ന ആശയമാണ്. അത് പണ്ഡിതോചിതമായ അന്വേഷണത്തിനും പ്രശംസയ്ക്കും യോഗ്യമായ ഒരു ഉദ്യമമെന്ന നിലയിൽ കവിതയുടെ പദവി ഉയർത്താൻ ശ്രമിക്കുന്നു. തന്റെ വാചാലമായ ഗദ്യത്തിലൂടെ, കവിതയ്ക്ക് ബൗദ്ധികമായ ആഴമോ ധാർമ്മിക മൂല്യമോ ഇല്ലെന്ന നിലവിലുള്ള സങ്കൽപ്പങ്ങളെ സിഡ്നി വെല്ലുവിളിക്കുന്നു, സദ്ഗുണത്തെ പ്രചോദിപ്പിക്കാനും ഭാവനയെ ഉത്തേജിപ്പിക്കാനുമുള്ള കഴിവ് ഊട്ടിയുറപ്പിക്കുന്നു. കൂടാതെ, കാവ്യവിമർശനത്തിന്റെ പ്രാധാന്യത്തിന് സിഡ്നി ഊന്നൽ നൽകുന്നത് കാവ്യ ആവിഷ്കാരത്തിന്റെ സൂക്ഷ്മതകളെ പൂർണ്ണമായി വിലയിരുത്തുന്നതിന് കർശനമായ വിശകലനത്തിന്റെയും വ്യാഖ്യാനത്തിന്റെയും ആവശ്യകതയാണ് സൂചിപ്പിക്കുന്നത്.

ഇതിനു വിപരീതമായി, നവോത്ഥാനത്തിന്റെ മറ്റൊരു പ്രതിഭയായ ബെൻ ജോൺസൺ, ശൈലിയിലും കാവ്യാത്മകമായ ഭാഷയിലും ഒരു വേറിട്ട കാഴ്ചപ്പാട് നൽകുന്നു. സൂക്ഷ്മമായ കരകൗശലത്തിനും ക്ലാസിക്കൽ സ്വാധീനത്തിനും പേരുകേട്ട ജോൺസന്റെ കൃതികൾ കാവ്യാത്മകമായ ആവിഷ്കാരത്തിൽ കൃത്യതയ്ക്കും വ്യക്തതയ്ക്കും ഉള്ള പ്രതിബദ്ധതയുടെ പ്രതീകമാണ്. പരിഷ്കൃതമായ ശൈലിയിലും ഭാഷയിലെ വൈദഗ്ധ്യത്തിലും അദ്ദേഹം ഊന്നിപ്പറയുന്നത് കവിതയിലെ സാങ്കേതിക വൈദഗ്ധ്യത്തിന്റെ പ്രാധാന്യത്തെയാണ്. ആത്യന്തികമായി, സിഡ്നിയുടെയും ജോൺസന്റെയും സംഭാവനകളുടെ ശാശ്വതമായ പൈതൃകം, കവിതയുടെ സ്വഭാവത്തെക്കുറിച്ചും കലാപരമായ ആവിഷ്കാരത്തിന്റെ ഒരു രൂപമെന്ന നിലയിൽ അതിന്റെ ശാശ്വതമായ പ്രാധാന്യത്തെക്കുറിച്ചും ആഴത്തിലുള്ള ഉൾക്കാഴ്ചകളിലാണ്.

## Assignments

1. ഫിലിപ്പ് സിഡ്നിയുടെ കാവ്യചിന്തകൾ സംഗ്രഹിക്കുക.
2. കവിതയുടെ സാധൂകരണം എന്ന ആശയം വിശകലനം ചെയ്യുക.
3. ബെൻജോൺസന്റെ ശൈലിയും കാവ്യഭാഷയും പരിചയപ്പെടുത്തുക.
4. ഇംഗ്ലീഷ് സാഹിത്യത്തിൽ ഫിലിപ്പ് സിഡ്നിയും ബെൻജോൺസനും നൽകിയ സംഭാവനകൾ വിശകലനം ചെയ്യുക.
5. എപ്പിഗ്രാം ശൈലിയെ പരിചയപ്പെടുത്തുക.
6. ഡിഫൻസ് ഓഫ് പോസി എന്ന ലേഖനത്തെക്കുറിച്ച് ചർച്ച ചെയ്യുക.

## Suggested Reading


1. പി. ജി. പുരുഷോത്തമൻ പിള്ള, പാശ്ചാത്യ സാഹിത്യ നായകന്മാർ, മംഗളോദയം, തൃശ്ശൂർ.
2. ഡി. മായ, പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

3. ഒരു സംഘം ലേഖകർ, പാശ്ചാത്യ സാഹിത്യസിദ്ധാന്തം ആധാരരചനകളുടെ പരിഭാഷയും പഠനവും ഭാഗം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. 'Sydney: Biography of a City" by Ian Hoskins - University of New South Wales Press.

## Reference

1. എം. അച്യുതൻ, പാശ്ചാത്യസാഹിത്യ ദർശനം, എൻ.ബി.എസ്, കോട്ടയം.
2. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.
3. 'Sydney: The Story of a City" by Geoffrey Moorhouse - Random House Australia"Sydney: A Guide to Recent Architecture" by Graham Jahn - Watermark Press.
4. "The Heritage of Australia: The Illustrated Register of the National Estate" edited by Australian Heritage Commission - Macmillan.
5. "Sydney's Transport: Studies in Spatial and Transport Planning" edited by Robert Freestone and Caroline Butler-Bowdon - Sydney University Press.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 3

# നിയോക്ലാസ്സിക്ക് വിമർശനം

## Learning Outcomes

- നിയോക്ലാസ്സിക്കൽ വിമർശനത്തെ പരിചയപ്പെടുന്നു
- ജോൺ ഡ്രൈഡൻ, തോമസ് റൈമർ എന്നിവരുടെ ചിന്തകളെ പഠനവിധേയമാക്കുന്നു
- കാവ്യനീതിയെക്കുറിച്ച് (Poetic Justice) സാമാന്യധാരണ ലഭിക്കുന്നു
- ഷേക്പിയറെപ്പറ്റിയുള്ള നിയോക്ലാസ്സിക്കൽ നിരീക്ഷണങ്ങൾ മനസ്സിലാക്കുന്നു
- എസ്സേ ഓൺ ക്രിട്ടിസിസം എന്ന കൃതിയെ പരിചയപ്പെടുന്നു

## Background

പുരാതന ഗ്രീസിന്റെയും റോമിന്റെയും മഹത്വം പുനരുജ്ജീവിപ്പിക്കുന്നതിൽ യൂറോപ്യൻ സാംസ്കാരിക ലോകം മുഴുവൻ മുഴുകിയിരുന്ന ഒരുകാലമായിരുന്നു പതിനെട്ടാം നൂറ്റാണ്ട്. അത് നിയോക്ലാസ്സിസത്തിന്റെ കാലഘട്ടമായിരുന്നു. എഴുത്തുകാരും കലാകാരന്മാരും ചിന്തകരും പ്രചോദനത്തിനും മാർഗനിർദേശത്തിനുമായി ക്ലാസ്സിക്കുകളിലേക്ക് തിരിഞ്ഞ ആകർഷകമായ കാലഘട്ടം. അരിസ്റ്റോട്ടിലിനെപ്പോലുള്ള പുരാതന തത്വചിന്തകരുടെ ദർശനങ്ങളെ അടിസ്ഥാനമാക്കി നല്ല സാഹിത്യത്തിനായി കർശനമായ നിയമങ്ങൾ സ്ഥാപിച്ച നിയോക്ലാസ്സിക്കൽ വിമർശനമായിരുന്നു ഈ പ്രസ്ഥാനത്തിന്റെ കാതൽ. ജോൺ ഡ്രൈഡൻ, ജോൺ ഡെന്നിസ്, തോമസ് റൈമർ തുടങ്ങിയ വിമർശകർ ഒരു കൃതിയെ മഹത്തരമായി കണക്കാക്കണമെങ്കിൽ, ക്ലാസ്സിക്കൽ രൂപത്തിന്റെയും ഘടനയുടെയും സ്ഥാപിത 'നിയമങ്ങൾ' പിന്തുടരേണ്ടതുണ്ടെന്ന് നിർബന്ധിച്ചു. നിയമം ലംഘിക്കുന്ന നാടകങ്ങളെ അടിസ്ഥാനപരവും അശ്ലീലവുമായി അവർ വിലയിരുത്തി. പ്രമുഖ 'നിയമ നിർമ്മാതാക്കളിൽ' ഒരാളായിരുന്നു അലക്സാണ്ടർ പോപ്പ്. തന്റെ പ്രശസ്തമായ 'വിമർശനത്തെക്കുറിച്ചുള്ള ഉപന്യാസത്തിൽ' ശരിയായി എഴുതുന്നതിനായി അദ്ദേഹം ഒരുതരം നിർദ്ദേശ മാനുവൽ അവതരിപ്പിച്ചു. മര്യാദ പാലിക്കുക, വ്യക്തവും സംക്ഷിപ്തവുമായിരിക്കുക, സാർവത്രികത ലക്ഷ്യമിടുക തുടങ്ങിയ കാര്യങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നുവന്നു അദ്ദേഹം കരുതി.

നിരൂപകരുടെയും ഉപന്യാസകാരന്മാരുടെയും ലോകത്തിനപ്പുറം, കലയുടെയും സംസ്കാരത്തിന്റെയും എല്ലാ മേഖലകളിലും നിയോക്ലാസ്സിക്കൽ സ്വാധീനം കാണാൻ കഴിയും. കുറ്റമറ്റ സാങ്കേതികവിദ്യ ഉപയോഗിച്ച് ഗ്രീക്ക് പുരാണങ്ങളിൽ നിന്നുള്ള ഗൗരവമേറിയ രംഗങ്ങൾ കലാകാരന്മാർ ചിത്രീകരിച്ചു. വാസ്തുശില്പികൾ ആകട്ടെ റോമൻ ക്ഷേത്രങ്ങളുടെയും ആംഫിതിയേറ്ററുകളുടെയും മാതൃകയിൽ വലിയ കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്തു. ഫാഷനുകൾ, ഫർണിച്ചറുകൾ, പൂന്തോട്ട ഡിസൈനുകൾ എന്നിവ പോലും പുരാതന അർക്കാഡിയൻ ലാളിത്യവും ക്രമവും അനുകരിക്കാൻ ശ്രമിച്ചു.

കടുത്ത നിയമങ്ങൾക്കെതിരെ കലാപം നടത്തുകയും മുൻ കാലഘട്ടങ്ങളിലെ റിബൽ ചിന്തകളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്നത് ഓരോ തലമുറയിലെയും യുവാക്കളിലെ സ്വതന്ത്ര ചിന്തകർക്കിടയിൽ കാലാനുസൃതമായ എത്തിച്ചേരുന്ന ഒരു പാരമ്പര്യമാണ്. അതിനാൽ, അക്കാലത്തെ മാടമ്പികൾ മെഴുകുതിരി കത്തുന്ന കോഫി ഹൗസുകളിൽ ഒത്തുകൂടി നിയോക്ലാസ്സിസ്റ്റുകളെ ഭൂതകാലത്തിൽ കുടുങ്ങിക്കിടക്കുന്ന മന്ദബുദ്ധികളായി പരിഹസിക്കുമെന്ന് സങ്കൽപ്പിക്കാൻ എളുപ്പമാണ്. ചിലർ ഐക്കണോക്ലാസ്റ്റിക് വിരുദ്ധ നിയോക്ലാസ്സിക്കൽ കവിതകളും നാടകങ്ങളും വിതരണം ചെയ്യുന്നതിനായി ഭൂഗർഭ സലൂണുകളോ സീനുകളോ ആരംഭിച്ചിട്ടുമുണ്ടാകാം. അതിനാൽ ഇന്ന് നിയോക്ലാസ്സിക്കൽ യുഗം വളരെയധികം നിയന്ത്രിതമാണെന്ന് തോന്നാമെങ്കിലും, കല, സൗന്ദര്യം, പരിഷ്കൃത സമൂഹം എന്നിവയെക്കുറിച്ചുള്ള നമ്മുടെ ആശയങ്ങളെ രൂപപ്പെടുത്തുന്ന ഒരു സുപ്രധാന സാംസ്കാരിക സന്ദർഭമായിരുന്നു അത്. അതിന്റെ ആദർശങ്ങളെ സ്വീകരിക്കുകയോ എതിർക്കുകയോ ചെയ്യുന്ന നിയോക്ലാസ്സിക്കൽ പ്രസ്ഥാനം സാഹിത്യത്തിന്റെയും ചരിത്രത്തിന്റെയും ഏതൊരു വിദ്യാർത്ഥിക്കും സമ്പന്നമായ അനുഭവം നൽകുന്നു.

## Keywords

ജോൺ ഡെന്നിസ് (John Dennis) - നിയോക്ലാസ്സിസിസം - കാവ്യനീതി - അലക്സാണ്ടർ പോപ്പ് (Alexander Pope)

## Discussion

### നിയോക്ലാസിക് ഘട്ടം

നവോത്ഥാന കാലഘട്ടത്തിനുശേഷം റൊമാന്റിക് യുഗത്തിന് തൊട്ടുമുൻപുമുള്ള കാലയളവിലാണ് നിയോക്ലാസ്സിസിസം സാഹിത്യ ലോകത്ത് വളർച്ച പ്രാപിച്ചത്. സാഹിത്യത്തിലെ പൗരാണികതയിൽ നിന്നും പ്രചോദിതമായ പുതിയ സാഹിത്യ മാതൃകയായാണ് നിയോക്ലാസ്സിസിസം വിലയിരുത്തപ്പെടുന്നത്. പുതിയത് എന്ന അർത്ഥമുള്ള Neos എന്ന ഗ്രീക്ക് പദത്തിൽ നിന്ന് രൂപപ്പെട്ടതാണ് നിയോ എന്ന ഉപസർഗ്ഗം. ഏതെങ്കിലും പ്രസ്ഥാനത്തെയോ സിദ്ധാന്തത്തെയോ നിയോ ചേർത്ത് വിശേഷിപ്പിച്ചാൽ നവീനമായ ഒന്നായി അതിനെ കാണാവുന്നതാണ്. ക്ലാസ്സിക്കൽ സാഹിത്യത്തിന്റെ കാലം കഴിഞ്ഞതിനുശേഷം ക്ലാസ്സിക്കൽ സിദ്ധാന്തങ്ങളെ ആസ്പദമാക്കി രചിക്കപ്പെടുന്ന സാഹിത്യത്തെയാണ് നിയോക്ലാസ്സിക്കൽ എന്ന് വിശേഷിപ്പിക്കുന്നത്. അതായത് ക്ലാസ്സിസത്തിന്റെ വസ്തുനിഷ്ഠതയും നിയന്ത്രണവും പുനരാനയിക്കാനുള്ള ബോധപൂർവ്വമുള്ള ശ്രമത്തിന്റെ പരിണതിയാണ് നിയോക്ലാസ്സിസം. കല, സാഹിത്യം, വാസ്തുവിദ്യ തുടങ്ങിയവയിലെ ക്ലാസിക്കൽ അഭിരുചിയുടെയും ശൈലിയുടെയും പുനരുജ്ജീവനം നിയോക്ലാസ്സിസത്തിൽ പ്രകടമാണ്. ബ്വായ്‌ലോ, ബെൻജോൺസൺ, അഡിസൺ, ജോൺ ഡ്രൈഡൺ,

ഇംഗ്ലീഷ് ഭാഷയും നിയോക്ലാസ്സിസിസവും

അലക്സാണ്ടർ പോപ്പ്, ഡോക്ടർ ജോൺസൺ തുടങ്ങിയവരാണ് പ്രമുഖ നിയോക്ലാസ്സിസ്റ്റുകൾ. നിയോക്ലാസ്സിസത്തിന്റെ ആവിർഭാവവും വികാസവും വിഭിന്ന ദേശങ്ങളിൽ വ്യത്യസ്ത കാലയളവിലാണ് സംഭവിച്ചിട്ടുള്ളത്. പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിൽ യൂറോപ്പിൽ നിയോക്ലാസ്സിക്പ്രവണതകൾ ശക്തിപ്രാപിച്ചു. ഫ്രാൻസിൽ നിന്നാണ് ഇംഗ്ലണ്ടിലേക്ക് നിയോക്ലാസ്സിസിസം കടന്നുവന്നത്. 1660 നും 1800 നും ഇടയ്ക്കുള്ള കാലഘട്ടത്തിലാണ് ഇംഗ്ലീഷ് ഭാഷയിൽ നിയോക്ലാസ്സിസിസം പ്രഭാവം ചെലുത്തിയത്.

സാങ്കേതിക മികവ്, പാണ്ഡിത്യപ്രകടനം,

ഭാഷാപ്രയോഗങ്ങളിലും രൂപപരമായ പ്രത്യേകതകളിലും ശ്രദ്ധ

അലക്സാണ്ടർ പോപ്പാണ് ഇംഗ്ലണ്ടിലെ പ്രമുഖ നിയോക്ലാസ്സിക് വക്താവ്. പൗരാണിക ഗ്രന്ഥങ്ങളോടുള്ള ഭക്തിയും ആദരവുമാണ് നിയോക്ലാസ്സിസിസത്തിന്റെ ഒരു പ്രത്യേകത. പുരാണങ്ങളോടും ഇതിഹാസങ്ങളോടും കാട്ടിയ അതിരുകടന്ന ആരാധനയുടെ മറവിൽ കടുത്ത നിയമങ്ങളും ചട്ടങ്ങളും സൃഷ്ടിക്കുന്നതിനാണ് നിയോക്ലാസ്സിക് തലമുറ ശ്രമിച്ചത്. ഈ ചട്ടങ്ങളുടെയും നിയമങ്ങളുടെയും കെട്ടുപാടിനുള്ളിൽ എല്ലാ സാഹിത്യ രൂപങ്ങളെയും ഒതുക്കി വെക്കുവാൻ അവർ വ്യഗ്രതപ്പെട്ടു. ഇക്കാരണത്താൽ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അവയുടെ സാങ്കേതിക മികവിനും മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വീക്ഷണ ഗതിയാണ് നിയോക്ലാസ്സിക് കാലഘട്ടത്തിൽ പ്രകടമായത്. യഥാർത്ഥ ജീവിതവും ജീവിതസമസ്യകളും കണ്ടെത്താതെ സാങ്കേതിക മികവിലും പാണ്ഡിത്യപ്രകടനത്തിലും ഭാഷാപ്രയോഗങ്ങളിലും രൂപപരമായ പ്രത്യേകതകളിലും സാഹിത്യത്തെ തളച്ചിടുവാനാണ് നിയോക്ലാസ്സിസ്റ്റുകൾ ശ്രമിച്ചത്. ക്ലാസ്സിസിസത്തോടെ കാവ്യരചനയുടെ എല്ലാ നിയമങ്ങളും പൂർണമായി രൂപപ്പെട്ടു കഴിഞ്ഞു എന്നും അപ്രകാരം പൂർണതയുടെ പര്യായമായ ക്ലാസിക് സമ്പ്രദായങ്ങളിൽ നിന്ന് വ്യതിചലിക്കേണ്ട യാതൊരു ആവശ്യവും ഇല്ല എന്നുമാണ് നിയോക്ലാസിസ്റ്റ് നിലപാട്. എല്ലാ സാഹിത്യരൂപങ്ങളും സാഹിത്യനിയമങ്ങളും റോമൻ ക്ലാസിസ്സിസം സംഭാവന ചെയ്തു കഴിഞ്ഞുവെന്നും അതിനാൽ യാതൊരുവിധത്തിലുള്ള പുതുമയും അംഗീകരിക്കേണ്ട ആവശ്യമില്ല എന്നും അവർ വാദിച്ചു.

സാഹിത്യവിമർശകർ ആവിഷ്കരിച്ച പല തത്വങ്ങളും ചട്ടങ്ങളായി സ്വീകരിക്കപ്പെടുകയാണ് നിയോക്ലാസിക് കാലഘട്ടത്തിൽ ഉണ്ടായത്. 1674 രചിച്ച 'കാവ്യകല' എന്ന പ്രബന്ധത്തിൽ ബയ്‌ലോ നിയോക്ലാസ്സിസിത്തിന്റെ തത്വങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഒരു കഥാപാത്രത്തെയും ഏറെ വ്യത്യസ്തതകളോടെ അവതരിപ്പിക്കരുതെന്ന് നിയോക്ലാസ്സിക്കുകൾ വിശ്വസിച്ചിരുന്നു. നാടകത്തിൽ 'ഐക്യത്രയം' അനിവാര്യമായ ഘടകമാണെന്നും നിയമങ്ങൾ അനുസരിക്കണമെന്നും എല്ലാം അലങ്കൃതമായിരിക്കണം എന്നും കവി ഒരിക്കലും ഔചിത്യം വെടിയാൻ പാടില്ല എന്നും നിയോക്ലാസിസ്റ്റുകൾ ശഠിച്ചു. കാവ്യശിക്ഷണത്തിന് നിയോക്ലാസ്സിസ്റ്റുകൾ വളരെ പ്രാധാന്യം കൊടുത്തു. പൂർവ്വ കവികളുടെ രൂപങ്ങളെ യഥാവിധി അനുകരിച്ച് സഫലമാക്കുന്നതിന് തീവ്രമായ കാവ്യശിക്ഷണം ആവശ്യമാണ് എന്നും രൂപനിർമാണത്തിൽ മാത്രമല്ല ഭാവനിബന്ധനത്തിനും ശിക്ഷണത്തിന് പ്രാധാന്യമുണ്ട് എന്നും അവർ വാദിച്ചു. കവിയുടെ സഹജമായ ശക്തിയെ നിയോക്ലാസ്സിസ്റ്റുകൾ അംഗീകരിച്ചു എങ്കിലും ഉറച്ചുപോയ കാവ്യനിയമങ്ങളെ എത്ര

പ്രതിഭയുള്ള ആളായാലും അംഗീകരിച്ചേമതിയാകൂ എന്നായിരുന്നു നിയോക്ലാസ്സിസ്റ്റുകളുടെ നിലപാട്. ഒരു വിധത്തിലുള്ള നിയമലംഘനവും നിയോക്ലാസ്സിസ്റ്റുകൾ അംഗീകരിച്ചിരുന്നില്ല. കരകൗശല സിദ്ധിയുടെയും ശില്പരചനാ സാമർത്ഥ്യത്തിന്റെയും മാർഗമാണ് നിയോക്ലാസ്സിസ്റ്റുകൾ പിന്തുടർന്നത്. കാവ്യരചനാ നിയമങ്ങൾ പഠിച്ച്, ക്ലാസ്സിക്കുകളെ അനുകരിക്കുകയാണ് വേണ്ടത് എന്നും നല്ല അനുകരണങ്ങൾ മാതൃകകളെ പോലെ തന്നെ ശാശ്വതങ്ങളായി തീരുമെന്നും അവർ വാദിച്ചു. എല്ലാറ്റിലും മിതത്വം പാലിക്കുക, ആധിക്യം വർജ്ജിക്കുക, അംഗീകൃത വൃത്തം ഉപയോഗിക്കുക, പദഘടന കുറ്റമറ്റതാക്കുക, അലങ്കാരപ്രയോഗത്തിൽ ഔചിത്യ ദീക്ഷ പുലർത്തുക, വിശദാംശങ്ങളിൽ നിയമം പാലിക്കുക ഇങ്ങനെ നിരവധി കാര്യങ്ങളിൽ നിയോക്ലാസ്സിസ്റ്റിക്കുകൾ നിർബന്ധം പുലർത്തി.

▶ ഒരു വിധത്തിലുള്ള നിയമലംഘനവും നിയോക്ലാസ്സിസ്റ്റുകൾ അംഗീകരിച്ചിരുന്നില്ല

## നിയോക്ലാസ്സിക്കൽ വിമർശനം

ക്ലാസ്സിസിസത്തിന്റെ ഒരു നവാവതാരമായിരുന്നു നിയോക്ലാസ്സിസിസം. ക്ലാസിക് സാഹിത്യ നിയമങ്ങൾക്ക് പ്രതിഷ്ഠ നൽകുകയായിരുന്നു ഈ പ്രസ്ഥാനം. എന്നാൽ നിയോക്ലാസ്സിക്കൽ കാലഘട്ടത്തിൽ ക്ലാസ്സിസിസത്തിന്റെ സൗന്ദര്യവും പ്രസക്തിയും അന്തസത്തയും ചോർന്നുപോയതായി നിരൂപകർ അഭിപ്രായപ്പടുന്നുണ്ട്. കടുത്ത നിയമങ്ങളാണ് നിയോക്ലാസ്സിസിസത്തെ നയിച്ചിരുന്നത്. കലാസൃഷ്ടിയിലെ ഭാവരൂപങ്ങളെ വെറെ വെറെ പരിഗണിക്കുകയും, രണ്ടിനും നിയമം നിർമ്മിക്കുകയുമാണ് അവർ ചെയ്തത്. കാവ്യനീതി (Poetic Justice) കവി വിട്ടുവീഴ്ചയില്ലാതെ പാലിക്കണമെന്നും റൈമർ, സ്കാലിഗർ, കോർണിലി തുടങ്ങിയവർ അനുശാസിക്കുന്നു. കഥാപാത്രസൃഷ്ടി, രചനാരീതി തുടങ്ങിയ വിവിധ ഘടകങ്ങളെല്ലാം വേർതിരിച്ച് പഠിക്കണമെന്ന് നിയോക്ലാസ്സിക് വിമർശനം വാദിച്ചു. കവിതയെ സന്മാർഗ്ഗ തത്വപ്രതിപാദനമായും രാഷ്ട്രമീമാംസയുടെ ശാഖയായും കരുതിയവരാണ് നിയോക്ലാസ്സിക്കുകളിൽ സിംഹഭാഗവുമെന്ന് പ്രൊഫ.എം. അച്യുതൻ അഭിപ്രായപ്പെടുന്നു. കല എങ്ങനെയാണ് സന്മാർഗ്ഗികമൂല്യം ഉൾക്കൊള്ളേണ്ടത്, ആസ്വാദകർ അതെങ്ങനെ സാക്ഷാത്കരിക്കുന്നു എന്നിവയെക്കുറിച്ചൊന്നും അവർ വേണ്ടത്ര ആലോചിച്ചിരുന്നില്ല.

▶ കടുത്ത നിയമങ്ങളാണ് നിയോക്ലാസ്സിസിസത്തെ നയിച്ചിരുന്നത്

അരിസ്റ്റോട്ടിലിന്റെ ദർശനങ്ങൾക്ക് എതിരെയുള്ള ചിന്തകൾ നിയോക്ലാസ്സിസിസത്തിന്റെ പ്രത്യേകതയായിരുന്നു. സ്വാഭാവികതയെ വാസ്തവികതയായി കണക്കാക്കുകയും അമാനുഷ ഘടകങ്ങളയും മറ്റും കലയിൽ നിന്നും അകറ്റി നിർത്താൻ ആവശ്യപ്പെടുകയും ചെയ്തു. ഫ്രഞ്ച് നിരൂപകനായ മെസ്നാഡിയയുടെ അഭിപ്രായത്തിൽ "ദുരാഗ്രഹം, ഭോഗലാലസത എന്നിവയുടെ ഹീനതകൾ, ക്രൂരവൃത്തിയുടെ ഭയാനകത, ദാരിദ്രത്തിന്റെ ഗന്ധം ഇവയൊന്നും ചിത്രീകരിച്ചുകൂടാ''. ഷേക്സ്പിയറുടെ കഥാപാത്രസൃഷ്ടിയെപ്പോലും നിയോക്ലാസ്സിക്ക് വിമർശകർ വിമർശിച്ചു. ഒരു പട്ടാളക്കാരനായ ഇയാഗോവിനെ ഖലനായി ചിത്രണം ചെയ്തതിന് ഫ്രഞ്ച് നിരൂപകനായ റൈമർ ഷേക്സ്പിയറെ കുറ്റപ്പെടുത്തുന്നു. ആർജ്ജവവും മാന്യതയും ഉള്ളവരാണ് പട്ടാളക്കാർ എന്നാണ് അദ്ദേഹത്തിന്റെ വാദം. കല ആദർശവത്കരണമാണ് എന്ന് നിയോക്ലാസ്സിക് നിരൂപകന്മാർ വിശ്വസിക്കുന്നു. അലക്സാണ്ടർ പോപ്പായിരുന്നു ഇം

> ▶ Essay on Criticism - അലക്സാണ്ടർ പോപ്പ്

ഗ്ലണ്ടിൽ നിയോക്ലാസ്സിസിസത്തിന്റെ പടയാളി. അദ്ദേഹത്തിന്റെ Essay on Criticism വളരെ പ്രശസ്തമായ കൃതിയാണ്. പ്രകൃതിയിൽ നിന്നും കലാകാരന്മാർ വ്യതിചലിക്കാൻ പാടില്ല (Never must we deviate from nature). ഇവരുടെ പ്രകൃതി പൗരാണികന്മാരുടെ കാവ്യലോകമാണ്.

## ജോൺ ഡ്രൈഡൻ (John Dryden)

ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രശസ്തനായ കവിയും നിരൂപകനുമായിരുന്നു ജോൺ ഡ്രൈഡൻ. അദ്ദേഹത്തിന്റെ നാടകങ്ങളും വിവർത്തനകൃതികളും ഏറെ ശ്രദ്ധേയമായിരുന്നു. അദ്ദേഹത്തിന്റെ കാലം ഡ്രൈഡന്റെ യുഗം എന്ന പേരിലാണ് അറിയപ്പെടുന്നത്. വാൾട്ടർ സ്കോട്ട് അദ്ദേഹത്തെ 'Glorious John" എന്നാണ് വിശേഷിപ്പിച്ചത്. എഴുത്തിന്റെ എല്ലാ മേഖലകളിലും വൈവിധ്യം പുലർത്താൻ ഡ്രൈഡന് കഴിഞ്ഞു. കവിത, നാടകം, നിരൂപണം എന്നിങ്ങനെയുള്ള എല്ലാ മേഖലകളിലും അദ്ദേഹം വിജയിച്ചു. ഹോമർ, ഹോറസ്, ജെഫ്രി, ചോസർ എന്നീ എഴുത്തുകാർ അദ്ദേഹത്തെ സ്വാധീനിക്കുകയുണ്ടായി. 'An Essay on Dramatic Poesy' എന്ന കൃതി സാഹിത്യത്തിന്റെ നിയോക്ലാസ്സിക്കൽ സിദ്ധാന്തത്തെക്കുറിച്ചുള്ള ഗൗരവമേറിയ പഠനമാണ്. കവിതയെക്കുറിച്ചുള്ള ഈ ഉപന്യാസം സംഭാഷണരൂപത്തിലാണ് എഴുതിയിരിക്കുന്നത്. കവിത പ്രബോധനത്തേക്കാൾ ആനന്ദമാണെന്ന് ഡ്രൈഡൻ വാദിച്ചു. അരിസ്റ്റോട്ടിൽ, ഹോറസ്, ലോംഗ്ജൈനസ് എന്നിവർ ഉയർത്തിയ വാദങ്ങളെ കൃത്യമായി നിരീക്ഷിച്ച നിരൂപകനായിരുന്നു ഡ്രൈഡൻ. കവിത ജീവിതത്തെ അനുകരിക്കുന്നില്ലെന്നും അതിന്റെ പതിപ്പ് അവതരിപ്പിക്കുകയാണെന്നും അദ്ദേഹം വാദിച്ചു. കവി ഒരു അദ്ധ്യാപകനോ അനുകർത്താവോ അല്ല. ഒരു ഫോട്ടോഗ്രാഫറെപ്പോലെ ഒരു സ്രഷ്ടാവാണ്. യഥാർത്ഥ വസ്തുവിനോട് സാമ്യമുള്ള പുതിയ കാര്യങ്ങൾ സൃഷ്ടിക്കുന്ന ഒരാളാണ് കവി. (The Poet is neither a teacher nor a bare imitator-like a photographer-but a creator, one who, with life or nature as his raw material, create new things altogether resembling the original) അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കവിത വെറും അനുകരണം എന്നതിലുപരി ഒരു കലാസൃഷ്ടിയാണ്. അരിസ്റ്റോട്ടിലിന്റെ അനുകരണവാദത്തോട് ഡ്രൈഡർ യോജിക്കുന്നുണ്ടെങ്കിലും അതിന് ചില യോഗ്യതകൾ വേണമെന്ന് ഡ്രൈഡർ വാദിക്കുന്നുണ്ട്. കവിതയ്ക്ക് കൂടുതൽ സ്വാതന്ത്ര്യവും വഴക്കങ്ങളും ആവശ്യമാണ്. ചില കാര്യങ്ങൾ അനുകരിക്കാൻ കവിക്ക് സ്വാതന്ത്ര്യമുണ്ടെങ്കിലും അനുകരണവാദത്തെ പൂർണ്ണമായും അദ്ദേഹം സ്വീകരിക്കുന്നില്ല.

> ▶ ഡ്രൈഡന്റെ യുഗം
> ▶ കവി ഒരു സ്രഷ്ടാവാണ്

ദുരന്തനാടകങ്ങളെക്കുറിച്ച് ചില വ്യത്യസ്തവീക്ഷണങ്ങൾ ഡ്രൈഡനുണ്ടായിരുന്നു. "The Grounds of Criticism in Tragedy' എന്ന് അത് അറിയപ്പെടുന്നു. അരിസ്റ്റോട്ടിലിന്റെ ട്രാജഡിയുടെ നിർവ്വചനത്തോട് സമാനമാണെങ്കിലും വ്യത്യസ്തമായ ചില സമീപനങ്ങൾ ഡ്രൈഡനുണ്ടായിരുന്നു. അഹങ്കാരത്തെ ഇല്ലാതാക്കുകയും അനുകമ്പ അവതരിപ്പിക്കുകയും ചെയ്യുക എന്നത് ദുരന്തത്തിന്റെ ഫലങ്ങളാണ്. ട്രാജഡിയുടെ കാഴ്ച മനസ്സിനെ ശുദ്ധീകരിക്കുന്നു. ദുരന്തനായകൻ ജീവിതത്തോട് സത്യസന്ധനായിരിക്കണം. തന്റെ ദൗർഭാഗ്യമായിരിക്കണം സഹതാപത്തിന് കാരണമായി മാറേണ്ടത്. ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തിൽ അവൻ കളങ്കപ്പെടണം.

> ▶ ദൗർഭാഗ്യമായിരിക്കണം സഹതാപത്തിന് കാരണമായി മാറേണ്ടത്

ദുരന്തത്തേക്കാൾ ശ്രേഷ്ഠമാണ് ഇതിഹാസ (Epic) മെന്ന് അദ്ദേഹം പറയുന്നു. ഇതിഹാസത്തിലും നായകന് ദുരന്തം സംഭവിക്കുന്നുണ്ട്. അഹങ്കാരം ഇതിഹാസത്തിൽ വിമർശിക്കപ്പെടുന്നു. ട്രാജഡിയിൽ ദുരന്തത്തിന്റെ ദൃശ്യഭാവം പ്രകടമാണ്. ഇതിഹാസത്തിൽ അത് പ്രകടമല്ല. വേദിയിൽ അവതരിപ്പിക്കാൻ കഴിയാത്തത് വാക്കുകളിലൂടെ ഇതിഹാസമായി പ്രകടിപ്പിക്കാൻ കഴിയും. ദുരന്തനാടകത്തെക്കാൾ ഇതിഹാസത്തിലെ ഭാഷ ശ്രേഷ്ഠമാണ്. ഇതിഹാസത്തിൽ ഉദാത്തമായ വിഷയങ്ങൾ ഏറ്റവും ഭംഗിയായ രീതിയിൽ ആവിഷ്ക്കരിക്കപ്പെടുന്നു. ആക്ഷേപഹാസ്യത്തെ വീരകവിതയുടെ (Heroic Poetry) ഒരു ഭാഗമായി ഡ്രൈഡൻ കണക്കാക്കുന്നു. വീരകവിതയുടെ എല്ലാ സവിശേഷതകളും അതിലുണ്ട്. കോമഡിയെക്കുറിച്ചും ഡ്രൈഡന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. മനുഷ്യജീവിതത്തിന്റെ പ്രതിനിധാനമാണ് കോമഡിയെന്ന് അദ്ദേഹം പറയുന്നു. കോമഡിയുടെ ആദ്യാവസാനം ഒരു ആനന്ദമാണ്. കോമഡിയിലെ കുറ്റകൃത്യങ്ങൾ ആസൂത്രിതമല്ലെന്ന് അദ്ദേഹം പറയുന്നു.

- ദുരന്തനാടകത്തേക്കാൾ ശ്രേഷ്ഠമാണ് ഇതിഹാസത്തിലെ ഭാഷ

## തോമസ് റൈമർ (Thomas Rymer)

ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രശസ്തനായ നിരൂപകനും കവിയും ചരിത്രകാരനുമാണ് തോമസ് റൈമർ. അരിസ്റ്റോട്ടിലിന്റെ കാവ്യതത്വങ്ങളെ തോമസ് റൈമർ പിന്തുണച്ചിരുന്നു. അദ്ദേഹം സാഹിത്യലോകത്തിന് നൽകിയ പ്രധാനപ്പെട്ട സംഭാവനയാണ് കാവ്യനീതി (Poetic Justice) എന്ന സങ്കല്പം. നിരപരാധിയാണെന്നറിഞ്ഞുകൊണ്ടു തന്നെ എതിരാളിയെ തകർക്കാൻ മെനയുന്ന തന്ത്രങ്ങൾക്ക് അതേ നാണയത്തിൽ തന്നെ തിരിച്ചടി ലഭിക്കുന്നതിനെയാണ് കാവ്യനീതി എന്നുപറയുന്നത്. ഈ സംജ്ഞ ആദ്യമായി ഉപയോഗിച്ചത് തോമസ് റൈമറാണ്. അദ്ദേഹത്തിന്റെ കഴിഞ്ഞകാല ദുരന്തങ്ങൾ എന്ന കൃതിയിൽ നായകനെതിരെ പ്രയോഗിക്കുന്ന ആയുധങ്ങൾ ബൂമറാങ്ങ് പോലെ തിരിച്ചടിച്ച് വില്ലൻ തന്നെ ദുരന്തം വരിക്കുന്നതിനെയാണ് റൈമർ കാവ്യനീതി എന്നു വിളിക്കുന്നത്. സാഹിത്യകൃതികൾ ധാർമ്മിക മൂല്യങ്ങൾ പ്രചരിപ്പിക്കുതും മൂല്യാധിഷ്ഠിത ജീവിതം നയിക്കാൻ വായനക്കാരെ സഹായിക്കുന്നതുമായിരിക്കണം എന്നായിരുന്നു റൈമറുടെ പക്ഷം. നന്മചെയ്യുന്നവർക്ക് സമ്മാനവും തിന്മ ചെയ്യുന്നവർക്ക് ശിക്ഷയും ലഭിക്കണം അത് ദൈവനീതിയാണ്. അത് വായനക്കാർക്ക് പ്രചോദനമാകണം എന്നായിരുന്നു റൈമറുടെ ചിന്ത.

- കാവ്യനീതി (Poetic Justice)

സാഹിത്യം ധാർമ്മികവും ഉപയോഗപ്രദവും പ്രബോധനപരവുമായിരിക്കണം എന്നതാണ് കാവ്യനീതിയുടെ അടിസ്ഥാനതത്വം. കാവ്യനീതിയും സൗന്ദര്യാത്മകഗുണവും യഥാർത്ഥത്തിൽ ഒരുമിച്ചുപോകാൻ കഴിയുമോ എന്ന ചിന്തയും കാവ്യനീതിയിൽ അന്തർലീനമായിട്ടുണ്ട്. ഒരു സാഹിത്യസൃഷ്ടിയുടെ വിജയം നമ്മുടെ നീതിബോധത്തെ തൃപ്തിപ്പെടുത്തണമെന്ന് തോമസ് റൈമർ അഭിപ്രായപ്പെടുന്നുണ്ട്. സാഹിത്യം സുവർണ്ണലോകം സൃഷ്ടിക്കാൻ പര്യാപ്തമായിരിക്കണം. ജോൺ ഫ്ലെച്ചർ, ബെൻജോൺസൺ എന്നിവരുടെ കൃതികൾ ചർച്ചചെയ്യുന്ന വേളയിലാണ് അദ്ദേഹം പൊയറ്റിക് ജസ്റ്റിസ് എന്ന പദം ഉപയോഗിച്ചത്. വിവർത്തകൻ, ചരിത്രകാരൻ എന്ന നിലയിലും അദ്ദേഹം പ്രശസ്തനാ

യിരുന്നു. 'രാജകീയ ചരിത്രകാരന്മാരിൽ നിന്ന് നിങ്ങൾ സത്യം പ്രതീക്ഷിക്കേണ്ടതില്ല.' എന്ന പ്രസ്താവന ഏറെ വിവാദം സൃഷ്ടിച്ചിരുന്നു. ചരിത്രകാരന്മാരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഇന്നും ചർച്ചയ്ക്ക് വിധേയമാകുന്നുണ്ട്. 'എ ഷോർട്ട് വ്യൂ ഓഫ് ട്രാജഡി' എന്ന കൃതി ഷേക്സ്പിയറെയും ബെൻ ജോൺസനേയും വിമർശിക്കുന്ന രചനയായിരുന്നു. ജോൺ ഡെന്നീസിന്റെ നിഷ്പക്ഷ നിരൂപണത്തിന് ഈ കൃതി കാരണമായി. നാടകങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനങ്ങൾ പ്രസിദ്ധങ്ങളാണ്. അരിസ്റ്റോട്ടിലിന്റെ 'ട്രീറ്റീസ് ഓഫ് പോയിസി' അദ്ദേഹം വിവർത്തനം ചെയ്തിരുന്നു. നാടകത്തിലെ ഐക്യത്തിനുള്ള ക്ലാസിക് നിയമങ്ങളെ പ്രതിരോധിക്കാൻ വിവർത്തനഭാഗത്ത് ഒരു മുഖവുര കൂടി ചേർത്തിട്ടുണ്ട്.

- ധാർമ്മികവും ഉപയോഗപ്രദവും പ്രബോധനപരവുമായ സാഹിത്യം

## ജോൺ ഡെന്നിസ് (John Dennis)

ഇംഗ്ലീഷ് നാടകകൃത്തും കവിയുമായിരുന്നു ജോൺ ഡെന്നിസ്. Essays on the Genius and Writings of Shakespeare in Three letters, The Ground of Criticism in poetry, Essay upon Public Spirit എന്നിവയാണ് പ്രധാനകൃതികൾ. മഹത്തായ ആശയങ്ങൾ അവതരിപ്പിച്ച നിരൂപകൻ എന്ന നിലയിൽ ജോൺ ഡെന്നിസ് എന്നും ഓർമ്മിക്കപ്പെടും. സാഹിത്യത്തിനായി സ്വയം സമർപ്പിച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. തുടക്കകാലത്ത് അദ്ദേഹത്തിന്റെ നാടകങ്ങൾ വിജയം കൈവരിച്ചില്ല. എന്നാൽ പിന്നീട് നാടകങ്ങൾ വൻ വിജയങ്ങളായി മാറി. ഇറ്റാലിയൻ ഓപ്പറയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. കാവ്യനീതിയെക്കുറിച്ചുള്ള ഡെന്നിസിന്റെ നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. പ്രഗല്ഭരായവരുടെ ആശയങ്ങളോടും നിലപാടുകളോടും അദ്ദേഹം എതിർപ്പുപ്രകടിപ്പിച്ചിരുന്നു. 'ഫ്യൂറിയസ്' എന്ന വിളിപ്പേര് അദ്ദേഹത്തിനു ലഭിച്ചിരുന്നു.

- ഇറ്റാലിയൻ ഓപ്പറയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

ജോൺ ഡെന്നീസിന്റെ സാഹിത്യജീവിതം ഒരു വഴിത്തിരിവിലെത്തിയത് നഗരജീവിതത്തിൽനിന്നും അദ്ദേഹം പിന്മാറിയപ്പോഴാണ്. സാഹിത്യരംഗത്തെ പുതിയതലമുറയിൽ നിന്നും അദ്ദേഹം കൂടുതൽ മാറി നിന്നു. ഈ സമയത്താണ് ഇറ്റാലിയൻ ഓപ്പറയെക്കുറിച്ചുള്ള ഉപന്യാസം അദ്ദേഹം രചിച്ചത്. ഇറ്റാലിയൻ ഓപ്പറ പൊതുബോധത്തിന് ഹാനികരമാണെന്ന വാദമാണ് അദ്ദേഹം ഉന്നയിച്ചത്. ലണ്ടൻ സാഹിത്യ രംഗത്തെ പ്രമുഖനെന്ന നിലയിൽ ജോൺ ഡെന്നീസ് ആദരിക്കപ്പെടുന്നുണ്ട്. ജോസഫ് അഡിസനുമായി കാവ്യനീതിയെ സംബന്ധിക്കുന്ന തർക്കത്തിൽ അദ്ദേഹം ഏർപ്പെട്ടു. കവിതയെ സംബന്ധിക്കുന്ന പുതിയ വിചാരങ്ങൾ ഈ സംവാദത്തിലൂടെ രൂപപ്പെടുകയുണ്ടായി. ജോൺ ഡെന്നീസ് ഒരു മികച്ച നാടകപ്രവർത്തകനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ നാടകങ്ങളൊന്നും തീയേറ്ററിൽ വിജയിച്ചിരുന്നില്ല. നാടകത്തെ മതവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള നിരീക്ഷണം ഏറെ വിവാദം സൃഷ്ടിച്ചിരുന്നു. ഒരു കലാസൃഷ്ടി അനുവാചകനിൽ അഭിനിവേശം സൃഷ്ടിക്കണമെന്ന് അദ്ദേഹം വാദിച്ചു. ജോൺ മിൽട്ടന്റെ കവിതകളോട് അദ്ദേഹത്തിന് പ്രിയമുണ്ടായിരുന്നു. എന്നാൽ അലക്സാണ്ടർ പോപ്പ് പലപ്പോഴും അദ്ദേഹത്തെ വിമർശിച്ചിരുന്നു. വിമർശനത്തെക്കുറിച്ചുള്ള ഉപന്യാസത്തിലാണ് ആ വിമർശനം ഉന്നയിക്കപ്പെട്ടത്. ജോൺ ടെന്നീസിന്റെ നിരൂപണകൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടവ

- കലാസൃഷ്ടി അനുവാചകനിൽ അഭിനിവേശം സൃഷ്ടിക്കണം

ദ യൂസ് ഫുൾനെസ് ഓഫ് സ്റ്റേജ്' (1698),'ആധുനിക കവിതയുടെ പുരോഗതിയും നവീകരണവും' (1701), 'കവിതയിലെ വിമർശനത്തിന്റെ അടിസ്ഥാനം' (1704), 'ഷേക്സ്പിയറിന്റെ പ്രതിഭയെയും എഴുത്തുകളെയും കുറിച്ചുള്ള ഒരു ഉപന്യാസം' (1712) എന്നിവയാണ്.

## അലക്സാണ്ടർ പോപ്പ് (Alexander Pope)

▶ ജ്ഞാനോദയ ചിന്തകൾ

1638 മുതൽ 1744 വരെ ജീവിച്ചിരുന്ന അലക്സാണ്ടർ പോപ്പ് അക്കാലത്തെ ഏറ്റവും ജനപ്രീതിയുള്ള എഴുത്തുകാരനായിരുന്നു. 1660 മുതൽ ഏകദേശം 1880 വരെ നീണ്ടുനിന്ന ജ്ഞാനോദയയുഗം എന്ന് വിശേഷിപ്പിക്കുന്ന കാലത്താണ് അദ്ദേഹം എഴുതുന്നത്. ജ്ഞാനോദയചിന്തകൾ ശാസ്ത്രത്തിന്റെയും യുക്തിയുടെയും പ്രാധാന്യം ഊന്നിപ്പറഞ്ഞു. ഈ കാലത്താണ് ആധുനിക ശാസ്ത്രവും സമകാലിക സമൂഹത്തെ നിയന്ത്രിക്കുന്ന പല അനുമാനങ്ങളും വികസിച്ചെടുത്തത്. ജ്ഞാനോദയകാലം അലക്സാണ്ടർ പോപ്പിന്റെ ചിന്തകളെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. ഇതിന്റെ ഫലമായിട്ടാണ് അദ്ദേഹം 'എസ്സേ ഓൺ ക്രിട്ടിസിസം' എന്ന കൃതി എഴുതിയത്.

## എസ്സേ ഓൺ ക്രിട്ടിസിസം

▶ വിമർശകന്റെ ധർമ്മം

ഈ കൃതിക്ക് മൂന്ന് ഭാഗങ്ങളുണ്ട്. സാഹിത്യനിരൂപകൻ എങ്ങനെയാണ് ചിന്തകളിലൂടെ പ്രതിലോമകരമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നതെന്ന് ഒന്നാം ഭാഗത്തിൽ വിശദീകരിക്കുന്നു. ഈ കൃതിയെ വിമർശനവിധേയമാക്കുമ്പോൾ നിരൂപകർ കൂടുതൽ ജഗ്രത പുലർത്തണം. കാരണം മോശമായ വിമർശനം മോശം കവിതയേക്കാൾ സമൂഹത്തെ ദുഷിപ്പിക്കുമെന്ന് അദ്ദേഹം കരുതി. ഓരോ വിമർശകനും സ്വതന്ത്രമായ അഭിപ്രായങ്ങളുണ്ട്. അത് തെറ്റായി ഉപയോഗിക്കാൻ പാടില്ല. വിമർശകൻ സത്യസന്ധനായിരിക്കണം. ഒരു തരത്തിലുള്ള സ്വാധീനത്തിനും അയാൾ കീഴടങ്ങാൻ പാടില്ല. ഇതിനെയൊക്കെ മറികടന്നാൽ ഒരാൾക്ക് ജ്ഞാനിയായ വിമർശകനായിത്തീരാൻ കഴിയും. പ്രകൃതിയുടെ നിയമങ്ങൾ അനുസരിച്ചാണ് ഗ്രീക്കുകാർ കവിതയെ മനസ്സിലാക്കിയത്. സമകാലിക വിമർശനവും ഈ രീതി സ്വീകരിക്കണം. രണ്ടാം ഭാഗത്തിൽ വിമർശകർ മോശമായ വിധി പ്രസ്താവിക്കുന്നതിനെ പോപ്പ് വിമർശിക്കുന്നു. വിമർശകർ അഭിമാനബോധമുള്ളവരായിരിക്കണം. സ്വന്തം തെറ്റുകളും പരിമിതികളും അയാൾ തിരിച്ചറിയണം. വിമർശകർ കൃതികൾ കൃത്യമായി പഠിക്കുകയും ഉള്ളടക്കം സൂക്ഷ്മമായി മനസ്സിലാക്കുകയുംവേണം. മറ്റുള്ളവർ വികസിപ്പിച്ചെടുത്ത നിയമങ്ങളുടെയും ചിന്തകളുടെയും അടിമകളാകാതെ നോക്കാൻ വിമർശകർ ശ്രദ്ധിക്കണം. എഴുത്തുകാരന്റെ ജനപ്രീതി വിമർശകനെ സ്വാധീനിക്കാൻ പാടില്ല. പ്രശസ്തനായ എഴുത്തുകാരന്റെ രചന മോശമാണെങ്കിൽ അതു തുറന്നുപറയാനുള്ള ആർജ്ജവം വിമർശകനുണ്ടായിരിക്കണം. ഇതിന്റെ മൂന്നാം ഭാഗത്ത് വിമർശകൻ പാലിക്കേണ്ട ചില നിയമങ്ങൾ ചർച്ചചെയ്യുന്നു. വിനയവും പഠനത്തിന്റെ പ്രാധാന്യവും അയാൾ തിരിച്ചറിയേണ്ടതുണ്ട്. കവിതയെ മനസ്സിലാക്കി പ്രകൃതിയെ പിന്തുടരുന്ന കവികളെയും നിരൂപകരെയും അയാൾ പഠിക്കണം. ഗ്രീക്ക് സംസ്കാരവും സാഹിത്യകാരന്മാരുടെ ഉയർച്ചയും താഴ്ചയും മനസ്സിലാക്കാനും കഴിയണം.

## ഡോ. സാമുവൽ ജോൺസൺ (Samuel Johnson)

കവി, നാടകകൃത്ത്, നിരൂപകൻ, ജീവചരിത്രകാരൻ, എഡിറ്റർ എന്നീ നിലകളിൽ പ്രശസ്തനായ ഇംഗ്ലീഷ് എഴുത്തുകാരനാണ് സാമുവൽ ജോൺസൺ. ഇംഗ്ലീഷ് സാഹിത്യചരിത്രത്തിലെ ഏറ്റവും വിശിഷ്ട വ്യക്തി എന്നാണ് ദി ഒക്സ്ഫോർഡ് ഡിക്ഷനറി അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ആനുകാലികങ്ങളിലാണ് അദ്ദേഹം എഴുതിയിരുന്നത്. ഷേക്സ്പിയറുടെ നാടകങ്ങളുടെ ആമുഖത്തിലാണ് ജോൺസൺ തന്റെ വിമർശനാത്മകമായ ഉൾക്കാഴ്ചകൾ ആവിഷ്ക്കരിച്ചത്. ജോൺസന്റെ അഭിപ്രായത്തിൽ സാഹിത്യത്തിന് ഒരു നിശ്ചിത മാതൃകയോ രൂപമോ ഇല്ല. തന്റെ കാലത്തിന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ എഴുത്തുകാരൻ തയ്യാറാകണം. അങ്ങനെയുള്ള കവി ഉയർന്ന പദവിയുള്ള കവിയാണ്. ഷേക്സ്പിയർ വ്യക്തിഗത വിഷയങ്ങളെക്കാൾ സാർവത്രിക വിഷയങ്ങളിൽ ഉത്കണ്ഠപ്പെടുന്ന എഴുത്തുകാരനാണ്. അതുകൊണ്ട് ഷേക്സ്പിയർ ഉയർന്നപദവി അർഹിക്കുന്ന എഴുത്തുകാരനാണ്. ഷേക്സ്പിയറുടെ കഥാപാത്രങ്ങൾ സൂപ്പർ ഹീറോകളല്ല സാധാരണക്കാരാണ്. സാധാരണസംഭവങ്ങളെക്കുറിച്ചും വ്യക്തികളെക്കുറിച്ചും ഷേക്സ്പിയർ പൊതുവായ ഭാഷയിൽ എഴുതുന്നു. അതുകൊണ്ട് സാധാരണ ജീവിതത്തെയും വ്യക്തികളെയും ചിത്രീകരിക്കുന്ന കലാകാരന്മാർ ജോൺസന്റെ അഭിപ്രായത്തിൽ മികച്ച കലാകരന്മാരാണ്.

> ▶ സാഹിത്യത്തിന് ഒരു നിശ്ചിത മാതൃകയോ രൂപമോ ഇല്ല

ആംഗലചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയനായ അക്ഷരോപാസകൻ (Man of Letters) എന്ന പേരിൽ അദ്ദേഹം അറിയപ്പെടുന്നുണ്ട്. ഒൻപതു വർഷത്തെ പ്രയത്നത്തിന്റെ ഫലമാണ് ജോൺസന്റെ ഇംഗ്ലീഷ് ഭാഷാനിഘണ്ടു. 1755-ലാണ് ഈ നിഘണ്ടു പ്രസിദ്ധീകരിച്ചത്. ആധുനിക ഇംഗ്ലീഷ് ഭാഷയെ അസാധാരണമാംവിധം ഈ കൃതി സ്വാധീനിക്കുകയുണ്ടായി. ഈ നിഘണ്ടു ജോൺസന്റെ ജനപ്രീതി വർദ്ധിപ്പിക്കുകയുണ്ടായി. ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു പൂർത്തിയാകുന്നതുവരെ ഈ നിഘണ്ടുവായിരുന്നു ഭാഷയിലെ ഏറ്റവും പ്രധാനപ്പെട്ട നിഘണ്ടു. ഏറ്റവും പ്രഗല്ഭരായ ഇംഗ്ലീഷ് കവികളുടെ ജീവിതം എന്ന കൃതിയും ഏറെ ശ്രദ്ധേയമായിരുന്നു. പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിലെ ഇംഗ്ലീഷ് കവികളുടെ വിലയിരുത്തലും ജീവിതമാണ് ഈ കൃതിയുടെ ഉള്ളടക്കം. മികച്ച കവി സമകാലീന ഭാഷയെയാണ് ആശ്രയിക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. ആലങ്കാരിക ഭാഷയെയും അനവസരത്തിൽ ഉപയോഗിക്കുന്ന പുരാതനഭാഷയെയും അദ്ദേഹം വിമർശിച്ചു. മിൽട്ടന്റെ കാവ്യഭാഷയെ അദ്ദേഹം സംശയദൃഷ്ടിയോടെ വീക്ഷിച്ചു. തന്റെ സമകാലീനനായിരുന്ന തോമസ്ഗ്രേയുടെ കാവ്യഭാഷയെയും ജോൺസൺ വിമർശിച്ചു. മിൽട്ടന്റെ കാവ്യങ്ങളിൽ കാണുന്ന അവ്യക്തപരാമർശങ്ങൾ അധികപ്പറ്റാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. എളുപ്പം വായിച്ചു മനസ്സിലാക്കാവുന്ന കവിതകളോടായിരുന്നു ജോൺസന് പ്രിയം. ഉത്തമ കവിത നവീനമായ ഭാവനയെ ഉൾക്കൊള്ളണമെന്നും അദ്ദേഹം പറഞ്ഞു. ചെറിയ വരികളിലൂടെയാണ് ജോൺസൺ കാവ്യങ്ങൾ എഴുതിയിരുന്നത്. എന്നാൽ മനുഷ്യമോഹങ്ങളുടെ സ്വാർത്ഥത എന്ന കവിതയിലെ ഭാഷ ലളിതമായിരുന്നെങ്കി

> ▶ അക്ഷരോപാസകൻ (Man of letters) എന്നറിയപ്പെട്ടു
> ▶ മികച്ച കവി സമകാലീന ഭാഷയെയാണ് ആശ്രയിക്കേണ്ടത്

ലും സങ്കീർണ്ണമായ ആവിഷ്ക്കാര രീതിയാണ് അതിലുണ്ടായിരുന്നത്. ക്രൈസ്തവമൂല്യങ്ങളാണ് ആ കവിതയുടെ ഉള്ളടക്കം. ജോൺസന്റെ മിക്കവാറും രചനകളിൽ അവ പരാമർശിക്കപ്പെടുന്നുണ്ട്. ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹത്തെ വിവരിക്കുക ജോൺസന്റെ പ്രത്യേകതയായിരുന്നു.

▶ ജീവചരിത്രങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

ജീവചരിത്രങ്ങളുടെ രചനയിൽ എഴുത്തുകാർ സൂക്ഷ്മമായ ശ്രദ്ധപതിപ്പിക്കണമെന്നും അദ്ദേഹം പറയുന്നു. ജീവചരിത്രങ്ങളുടെ ലക്ഷ്യം വ്യക്തിയെ പുകഴ്ത്തുകയോ വായനക്കാർക്ക് ഗുണപാഠം നൽകുകയോ ആകരുതെന്ന് അദ്ദേഹം പറഞ്ഞു. വ്യക്തിയെ സത്യസന്ധമായും ദോഷങ്ങൾ മറച്ചുവയ്ക്കാതെയും അവതരിപ്പിക്കുകയാണ് ജീവചരിത്രങ്ങൾ ചെയ്യേണ്ടത്. വ്യക്തിയെ പ്രശംസിക്കുന്ന ജീവചരിത്രങ്ങളെ അദ്ദേഹം വിമർശിച്ചു. ജീവചരിത്രങ്ങൾക്ക് വിഷയമാകേണ്ടത് പ്രശസ്ത വ്യക്തികൾ മാത്രമല്ലെന്നും അപ്രശസ്തരുടെ ജീവിതങ്ങൾക്കും പ്രാധാന്യമുണ്ടെന്നും ജോൺസൺ വിശ്വസിച്ചു. അതുകൊണ്ടാണ് ഏറ്റവും പ്രഗല്ഭരായ ഇംഗ്ലീഷ് കവികളുടെ ജീവിതം എന്ന കൃതിയിൽ അപ്രശസ്തരായ കവികളെയും ഉൾപ്പെടുത്തിയത്. ഒരു വ്യക്തിയുടെ അപ്രസക്തമെന്ന് കരുതുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാലേ ജീവചരിത്രങ്ങൾക്ക് മിഴിവും പൂർണ്ണതയും വരുകയുള്ളുവെന്ന് അദ്ദേഹം കരുതി. എന്നാൽ ആത്മകഥാകാരന്മാർ തങ്ങളുടെ ജീവിതത്തെ വളച്ചൊടിക്കാൻ സാധ്യത കുറവാണെന്നും ജോൺസൺ വാദിച്ചു.

## ഷേക്സ്പിയറെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ

▶ ഷേക്സ്പിയറും ജോൺസണും

ഷേക്സ്പിയർക്ക് കലാവാസന കുറവായിരുന്നുവെന്ന് ജോൺസൺ എഴുതുന്നുണ്ട്. ജൂലിയസ് സീസറിലെ അർത്ഥരഹിതമായ വരികളെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്. എഴുതിയ ഒരു വരികളും ഷേക്സ്പിയർ വെട്ടിക്കളയുക പതിവില്ലായിരുന്നു. ഇതിനെക്കുറിച്ച് ജോൺസൺ എഴുതുന്നു. 'ഒരായിരം വരികളെങ്കിലും അദ്ദേഹം വെട്ടിക്കളഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു.' ഷേക്സ്പിയർ കുറേക്കൂടി ചുരുക്കി എഴുതണമെന്നായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഷേക്സ്പിയർ സത്യസന്ധനും തുറന്ന സ്വതന്ത്രപ്രകൃതിയുമുണ്ടായിരുന്നു. മികച്ച ഭാവനാശാലിയും ധീരമായ ആശയങ്ങൾ പ്രകടിപ്പിക്കുന്നയാളും സുന്ദരമായ പ്രയോഗങ്ങളുടെ ഉടമസ്ഥനുമായിരുന്നു. പക്ഷെ അദ്ദേഹം ഇടയ്ക്ക് നിർത്തി മുന്നോട്ട് പോകേണ്ടത് ആവശ്യമായിരുന്നുവെന്ന് ജോൺസൺ എഴുതുന്നു. എന്നാൽ അദ്ദേഹം തുടർന്ന് എഴുതുന്നുണ്ട്: 'THERE WAS EVER MORE IN HIM TO BE PRAISED THAN TO BE PARDONED." ഷേക്സ്പിയർ മരിച്ചപ്പോൾ ജോൺസൺ പറഞ്ഞത് "അദ്ദേഹം ഒരു കാലഘട്ടത്തിന്റെയല്ല, എല്ലാ യുഗങ്ങളുടെയും സ്വന്തമാണ്" എന്നാണ്. ജോൺസന്റെ പല നാടകങ്ങളും ഷേക്സ്പിയറുടെ നേതൃത്വത്തിലുള്ള കമ്പനി അവതരിപ്പിച്ചിരുന്നു.

'എവരി മാൻ ഇൻ ഹിസ് ഹ്യൂമർ' എന്ന നാടകത്തിൽ ഷേക്സ്പിയർ അഭിനയിക്കുകയും ചെയ്തിരുന്നു. ഷേക്സ്പിയറെക്കുറിച്ച് ജോൺസൺ കവിതകളും രചിച്ചിരുന്നു. 'മധുര ഗായകൻ', 'യുഗത്തിന്റെ ആത്മാവ്', എന്നിങ്ങനെയുള്ള വിശേഷണങ്ങൾ ഷേക്സ്പിയറെപ്പറ്റി അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. പണ്ഡിതനും വാചാലനുമായിരുന്ന

ജോൺസനെ ഷേക്സ്പിയർ തോൽപ്പിക്കുന്നതായി തോമസ് ഫുള്ളർ അനുസ്മരിക്കുന്നുണ്ട്. ഷേക്സ്പിയർ നാടകങ്ങൾക്ക് ജോൺസൺ എഴുതിയ അവതാരികയിൽ നാടകത്തിന്റെ ചട്ടക്കൂടിനെ (Classical Unities) തള്ളിപ്പറയുകയും നാടകം ജീവിതത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കണമെന്ന് വാദിക്കുകയും ചെയ്തു. സദാചാരരാഹിത്യം, വഴിവിട്ട തമാശകൾ, അശ്രദ്ധമായ കഥാഘടന, വാക്കുകളുടെ തെരഞ്ഞെടുപ്പിൽ പ്രകടിപ്പിക്കുന്ന അനൗചിത്യം തുടങ്ങിയവയുടെ പേരിലാണ് ജോൺസൺ ഷേക്സ്പിയറെ കൂടുതലായി വിമർശിച്ചത്. ഷേക്സ്പിയറുടെ നാടകങ്ങൾ പുതിയ പതിപ്പുകളായി പ്രസിദ്ധീകരിക്കുമ്പോൾ തെറ്റുകൾ കൂടുന്നുവെന്നും ചില പതിപ്പുകൾ തോന്നിയതുപോലെ മാറ്റിയെഴുതിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പാഠത്തെ അങ്ങനെ മാറ്റിയെഴുതാൻ ആർക്കും അധികാരമില്ലെന്നും ജോൺസൺ പ്രഖ്യാപിക്കുന്നുണ്ട്. വിമർശിക്കുമ്പോഴും ഷേക്സ്പിയറോട് ജോൺസൺ മമതയും സ്നേഹവും പുലർത്തിയിരുന്നു. അതിന്റെ തെളിവാണ് 'എന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ വില്യം ഷേക്സ്പിയറുടെയും അദ്ദേഹത്തിന്റെ നേട്ടങ്ങളുടെയും സ്മരണയ്ക്ക്' എന്ന കവിത.

▶ പാഠത്തെ മാറ്റിയെഴുതാൻ ആർക്കും അധികാരമില്ല

## Summarised Overview

പതിനെട്ടാം നൂറ്റാണ്ടിലെ യൂറോപ്പിലെ പൊതുമണ്ഡലത്തിന്റെ വികസനം ചരിത്രത്തിലെ ഒരു സുപ്രധാന കാലമായാണ് അടയാളപ്പെടുത്തപ്പെട്ടത്. കാരണം അത് ആശയവിനിമയത്തിലും സംസ്കാരത്തിലും സമൂഹത്തിലും കാര്യമായ പരിവർത്തനങ്ങൾ കൊണ്ടുവന്ന കാലമായിരുന്നു. ആനുകാലികങ്ങളുടെയും സാഹിത്യ നിരൂപണത്തിന്റെയും ആവിർഭാവത്തോടെ, പൊതു വ്യവഹാരത്തിനുള്ള വഴികൾ വികസിക്കുകയും വിവിധ വിഷയങ്ങളിൽ ആശയങ്ങൾ, അഭിപ്രായങ്ങൾ, വിമർശനങ്ങൾ എന്നിവ കൈമാറ്റം ചെയ്യാനുള്ള പ്രാപ്തി കൈവരിക്കുകയും ചെയ്തു.

ക്ലാസിസ്സിസത്തിന്റെ പുനർജന്മമാണ് നിയോക്ലാസിസ്സിസിസം കൊണ്ട് ഉദ്ദേശിച്ചതെങ്കിലും ആ പുനർജനിയിൽ ക്ലാസിസ്സിസത്തിന്റെ സൗന്ദര്യവും പ്രൗഢിയും അന്തസത്തയും ചോർന്നു പോവുകയും ബാഹ്യരൂപ വിഷയകമായ കുറേ സാങ്കേതിക ചിട്ടകൾ മാത്രം എഴുത്തുകാർക്കും വിമർശകർക്കും അവലംബമാവുകയും ചെയ്തു. കവിത സന്മാർഗ്ഗ തത്വ പ്രതിപാദനമായും രാഷ്ട്രമീമാംസയുടെ ശാഖയായും കരുതിയവരാണ് നിയോക്ലാസിസ്സിസ്റ്റുകളിൽ ഭൂരിഭാഗവും. നിയോക്ലാസ്സിക് കാലഘട്ടത്തിലെ ഫ്രഞ്ച്സാഹിത്യവും ഇതര യൂറോപ്യൻ സാഹിത്യങ്ങളും സർഗാത്മകമായിരുന്നില്ല. പരമ്പരാഗത രചനാസമ്പ്രദായങ്ങൾ അതേപടി പിന്തുടർന്ന് രചന നടത്തുകയാണ് എഴുത്തുകാർ ചെയ്തത്. വൈവിധ്യമോ വൈചിത്ര്യമോ ഇല്ലാത്ത, ഒരേ മാതൃകയിലുള്ള കാവ്യരൂപങ്ങൾ ആസ്വാദകരിൽ മുഷിച്ചിൽ ജനിപ്പിക്കുന്ന വിധത്തിലുള്ളവയായിരുന്നു. അതിന്റെ കൂടി പരിണതഫലമാണ് കാല്പനികതയുടെ ആവിർഭാവം.

# Assignments

1. നിയോക്ലാസ്സിക്കൽ വിമർശനം സാഹിത്യനിരൂപണത്തിൽ ചെലുത്തിയ സ്വാധീനം വ്യക്തമാക്കുക.
2. ജോൺ ഡ്രൈഡന്റെ സാഹിത്യചിന്തകൾ സംഗ്രഹിക്കുക.
3. 'എസ്സേ ഓൺ ക്രിട്ടിസിസം' സാഹിത്യ നിരൂപണചിന്തയിൽ വരുത്തിയ മാറ്റങ്ങൾ അപഗ്രഥിക്കുക.
4. ഷേക്സ്പിയറെക്കുറിച്ചുള്ള ഡോ. സാമുവൽ ജോൺസന്റെ നിരീക്ഷണങ്ങൾ വിവരിക്കുക.
5. കാവ്യനീതി (poetic justice) എന്ന സങ്കല്പത്തിന്റെ അർത്ഥം വിശകലനം ചെയ്യുക.

# Suggested Reading


1. പി.ജി. പുരുഷോത്തമൻ പിള്ള, പാശ്ചാത്യ സാഹിത്യ നായകന്മാർ, മംഗളോദയം, തൃശ്ശൂർ.
2. ഡി. മായ, പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഒരു സംഘം ലേഖകർ, പാശ്ചാത്യ സാഹിത്യ സിദ്ധാന്തം; ആധാര രചനകളുടെ പരിഭാഷയും പഠനവും ഭാഗം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. Bloom, Harold, editor. Joseph Addison. Chelsea House Publishers.
5. Courthope, William John. Addison. Macmillan and Co.
6. Deighton, Kenneth. Joseph Addison: His Life and Writings. Methuen & Co. Ltd.
7. Hicks, Philip. Addison and Steele: The Critical Heritage. Routledge.
8. Smith, David Nichol. John Dennis: His Life and Criticism. University of California Press.


# Reference


1. എം. അച്യുതൻ, പാശ്ചാത്യസാഹിത്യദർശനം, എൻ. ബി. എസ്സ്. കോട്ടയം.
2. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി. ബുക്ക്സ്, കോട്ടയം.
3. Johnson, Samuel. The Life of Samuel Johnson. Edited by W. Jackson Bate, Oxford University Press.
4. Pope, Alexander. The Poems of Alexander Pope. Edited by John Butt et al., Yale University Press
5. Addison, Joseph. The Works of Joseph Addison. Edited by John Richard Green, Ams Press Inc.
6. Dennis, John. The Critical Works of John Dennis. Edited by Edward N. Hooker, Oxford University Press.
7. Mack, Maynard. Alexander Pope: A Life. Yale University Pres.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# ഫ്രഞ്ച് വിപ്ലവവും പൊതുമണ്ഡല രൂപീകരണവും

## Learning Outcomes

- ആധുനിക സാഹിത്യവിമർശനത്തിന്റെ അടിസ്ഥാനധാരകളെ പരിചയപ്പെടുന്നു
- ജോസഫ് അഡിസൻ, റിച്ചാർഡ് സ്റ്റീൽ എന്നിവരുടെ നിരൂപണപദ്ധതികളെ മനസ്സിലാക്കുന്നു
- ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന കാരണങ്ങളിൽ ഉൾക്കാഴ്ച ലഭിക്കുന്നു
- പതിനെട്ടാം നൂറ്റാണ്ടിലെ യൂറോപ്പിന്റെ പൊതുമണ്ഡല വികാസത്തെക്കുറിച്ച് അറിവ് നേടുന്നു
- ഹൈബർ മാസിന്റെ പൊതു ഇടം എന്ന സങ്കല്പം അറിയുന്നു
- ടെറി ഈഗിൾട്ടണിന്റെ മാർക്സിസ്റ്റ് ചിന്തകൾ മനസ്സിലാക്കുന്നു

## Background

യൂറോപ്പിന്റെ ചരിത്രത്തിലെ ഒരു നിർണായക കാലഘട്ടമായിരുന്നു പതിനെട്ടാം നൂറ്റാണ്ട്. പൊതുമണ്ഡലത്തിന്റെ രൂപീകരണത്തിനു മാത്രമല്ല, ആധുനിക സാഹിത്യ വിമർശനത്തിനും അക്കാലഘട്ടം സാക്ഷ്യം വഹിച്ചു. ഒപ്പം ആശയങ്ങൾ പങ്കിടുകയും പരിശോധിക്കുകയും ചെയ്യുന്നതിൽ ഗണ്യമായ മാറ്റം അടയാളപ്പെടുത്തുകയും ബൗദ്ധിക സംവാദത്തിനും ജ്ഞാനോദയത്തിനും വഴിയൊരുക്കുകയും ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിൽ ലണ്ടനും പാരീസും പ്രത്യേകിച്ച് നഗരപ്രദേശങ്ങൾ സാഹിത്യചിന്തകളാലും ചർച്ചകളാലും സജീവമായിരുന്നു. ജോസഫ് അഡിസൺ, റിച്ചാർഡ് സ്റ്റീൽ തുടങ്ങിയ വ്യക്തികൾ എഴുതിയ 'ദി സ്പെക്ടേറ്റർ', 'ദി ടാറ്റ്ലർ' തുടങ്ങിയ ആനുകാലികങ്ങളാണ് ഈ സാംസ്കാരിക നവോത്ഥാനത്തിന്റെ കേന്ദ്രബിന്ദുക്കൾ. അവയുടെ വരവ് ഇന്നൊരു പുതിയ പുസ്തകത്തിന്റെയോ സിനിമയുടെയോ റിലീസ് പോലെ ആകാംക്ഷയോടെ ആളുകൾ കാത്തിരുന്നു. അവരുടെ ബുദ്ധിയും ജ്ഞാനവും വായനക്കാരെ ആകർഷിക്കുക മാത്രമല്ല, സാഹിത്യ അഭിരുചികളും മൂല്യങ്ങളും രൂപപ്പെടുത്താൻ സഹായിക്കുകയും ചെയ്തു.

ഈ ആനുകാലികങ്ങളുടെ ഉയർച്ചയ്ക്കൊപ്പം, ആധുനിക സാഹിത്യ വിമർശനത്തിന് അടിത്തറ പാകിക്കൊണ്ട് പണ്ഡിതരുടെ ഒരു പുതിയ തലമുറ ഉയർന്നുവന്നു. ഹെബർമാൻ, ടെറി ഈഗിൾട്ടൺ തുടങ്ങിയ വ്യക്തികൾ ഗ്രന്ഥങ്ങളെ വിമർശനാത്മക കണ്ണോടെ സമീപിക്കുകയും അവയെ പാളികളായി വിഭജിക്കുകയും മറഞ്ഞിരിക്കുന്ന അർത്ഥങ്ങളും പ്രതീകാത്മകതയും അനാവരണം ചെയ്യുകയും ചെയ്തു. അവരുടെ ഉൾക്കാഴ്ചകൾ സാഹിത്യവ്യവഹാരത്തെ സമ്പന്നമാക്കുക മാത്രമല്ല, ശാസ്ത്രജ്ഞർ അവരുടെ പഠനങ്ങളെ സമീപിക്കുന്ന രീതിക്ക് സമാനമായി വിമർശനത്തോട് കൂടുതൽ വ്യവസ്ഥാപിതമായ സമീപനത്തിന് വഴിയൊരുക്കുകയും ചെയ്തു. ഈ സാഹിത്യവിപ്ലവത്തിൽ ഏറ്റവും ആഴത്തിലുള്ള സ്വാധീനം ഫ്രഞ്ച് വിപ്ലവം ആയിരുന്നു. ഒരു ഭൂകമ്പം പോലെ ഫ്രഞ്ച് വിപ്ലവം യൂറോപ്പിലുടനീളം വ്യാപിക്കുകയും മന

സ്സുകളെ ജ്വലിപ്പിക്കുകയും തൽസ്ഥിതിയെ വെല്ലുവിളിക്കാൻ എഴുത്തുകാരെ പ്രചോദിപ്പിക്കുകയും ചെയ്തു. വിപ്ലവത്തിന്റെ ചൈതന്യം സാഹിത്യത്തിൽ അതിന്റെ പ്രാധാന്യത്തിന്റെയും ഉദ്ദേശ്യത്തിന്റെയും ഒരു നവബോധം നിറയ്ക്കുകയും നീതി, സമത്വം, സ്വാതന്ത്ര്യം എന്നീ വിഷയങ്ങൾ ഉൾക്കൊള്ളാൻ എഴുത്തുകാരെ പ്രേരിപ്പിക്കുകയും ചെയ്തു. അക്കാലത്തെ ആശയങ്ങൾ ഇന്നും സമൂഹത്തിൽ പ്രതിധ്വനിക്കുന്നു എന്നത് പ്രാധാന്യം അർഹിക്കുന്നു.

വിമർശനം എന്നത് ജനങ്ങൾക്ക് കൂടുതൽ പ്രാപ്യമായതോടെ ജ്ഞാനോദയത്തിന്റെ ഒരു പുതിയ യുഗം ഉദിച്ചു. വിജ്ഞാനത്തിനായുള്ള വിശപ്പും നവീകരണത്തിനായുള്ള ദാഹവും മൂലം സാഹിത്യവൃത്തങ്ങൾ അഭിവൃദ്ധി പ്രാപിച്ചു. വിദ്യാഭ്യാസവും വിജ്ഞാനവും ഇന്ന് വിവിധ മാധ്യമങ്ങളിലൂടെ കൂടുതൽ വ്യാപകമായി ലഭ്യമാകുന്നതുപോലെ, സത്യം പിന്തുടരുന്നതിൽ ഏർപ്പെടാൻ ധൈര്യപ്പെട്ട എല്ലാവർക്കും ഒരുകാലത്ത് സവിശേഷമായ അക്കാദമിക് മേഖല അതിന്റെ വാതിലുകൾ തുറന്നു.

## Keywords

പൊതുമണ്ഡല രൂപീകരണം - ജോസഫ് അഡിസൺ (Joseph Addison) - റിച്ചാർഡ് സ്റ്റീൽ (Richard Steele) - ഹെബർമാൻ - ടെറി ഈഗിൾട്ടൺ - ഫ്രഞ്ച് വിപ്ലവം

## Discussion

### പതിനെട്ടാം നൂറ്റാണ്ടിലെ യൂറോപ്പിന്റെ പൊതു മണ്ഡലവികാസം

പതിനെട്ടാം നൂറ്റാണ്ട് യൂറോപ്പിനെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ മുന്നേറ്റങ്ങളുടെ കാലമായിരുന്നു. സമൂഹത്തിലെ എല്ലാ മണ്ഡലങ്ങളിലും വ്യത്യസ്തമായ വികസന കാഴ്ചപ്പാടുകൾ ഇക്കാലയളവിൽ രൂപപ്പെടുകയുണ്ടായി. തത്വചിന്തയുടെ സ്വാധീനം വളരെ വലുതായിരുന്നു. കവിത, നാടകം, ആക്ഷേപഹാസ്യം, ഉപന്യാസം, നോവലുകൾ എന്നിങ്ങനെ സാഹിത്യത്തിന്റെ വിവിധമണ്ഡലങ്ങളിൽ പുത്തനുണർവ് ഉണ്ടായി. നിയോക്ലാസ്സിസിസം, റൊമാന്റിസിസം, ജ്ഞാനോദയം എന്നിവയെല്ലാം ഈ കാലഘട്ടത്തിന്റെ സംഭാവനമാണ്. ധാരാളം വിവർത്തനകൃതികൾ പ്രസിദ്ധീകരിച്ചു. അറബിയിൽ നിന്നും ധാരാളം കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. ഫ്രഞ്ചിൽ നിന്നും ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്നും ഫ്രഞ്ചിലേക്കും കൃതികൾ വിവർത്തനം ചെയ്തു. ചിന്തിക്കാനും പ്രതിഷേധിക്കാനും പൊതുസമൂഹം പ്രാപ്തി നേടിയത് പതിനെട്ടാം നൂറ്റാണ്ടിലാണ്. രാജവാഴ്ചയ്ക്കെതിരെ സമരം ചെയ്യാനും രാജാധികാരത്തെ പ്രതിരോധിക്കാനും പതിനെട്ടാം നൂറ്റാണ്ട് യൂറോപ്പിനെ പഠിപ്പിച്ചു. ശാസ്ത്രീയമായ കാഴ്ചപാടിലേക്ക് യൂറോപ്പിനെ നയിച്ചത് വോൾട്ടയറാണ്. ഭൂമി സന്ദർശിക്കുന്ന ബഹിരാകാശ സഞ്ചാരികളെ അവതരിപ്പിക്കുന്ന വോൾട്ടെയ(Voltaire)റുടെ ചെറുകഥ ഏറെ പ്രശസ്തമായിരുന്നു.

▶ നിയോക്ലാസിസിസി സം, റൊമാന്റിസം, ജ്ഞാനോദയം: പതിനെട്ടാം നൂറ്റാണ്ടിന്റെ സംഭാവന

സയൻസ് ഫിക്ഷൻ എന്നറിയപ്പെടാൻ പോകുന്ന നിരവധി ഘടകങ്ങൾ അവതരിപ്പിക്കുന്ന ആദ്യകാലകഥകളിൽ ഒന്നാണിത്. ജ്ഞാനോദയത്തിന്റെ സവിശേഷതയായ ശാസ്ത്രീയ ചിന്തയിലേക്കുള്ള പ്രവണത ഈ കഥ സൂചിപ്പിക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ യൂറോപ്പിന്റെ പൊതുമണ്ഡലത്തെ സ്വാധീനിച്ച മറ്റൊരു തത്വചിന്തകനാണ് റൂസ്സോ (Rousseau). തലമുറകളെ സ്വാധീനിക്കാൻ ശക്തിയുള്ള ചിന്തകനായിരുന്നു റൂസ്സോ.

## അനുകാലികങ്ങളും സാഹിത്യവിമർശനവും

പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ ധാരാളം ആനുകാലികങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. സാമൂഹിക വിഷയത്തിനും സാഹിത്യത്തിനും വളരെ പ്രാധാന്യം നൽകിയാണ് ഇവ പ്രസിദ്ധീകരിച്ചിരുന്നത്. ജനങ്ങളിൽ സാദാചാരവും ധാർമ്മികബോധവും ഉണർത്താൻ പര്യാപ്തമായ വിധത്തിലാണ് അനുകാലികൾ പ്രസിദ്ധീകരിച്ചിരുന്നത്. അക്കാലത്തെ പ്രശസ്തരായ സാഹിത്യവിമർശകർ ഏതെങ്കിലും ആനുകാലിക പ്രസിദ്ധീകരണത്തിന്റെ എഡിറ്ററോ ഉടമസ്ഥനോ ആയിരുന്നു. ജോസഫ് അഡിസൻ, റിച്ചാർഡ് സ്റ്റീൽ എന്നിവർ ഉദാഹരണമാണ്. സുഹൃത്തുക്കളായ ഇവർ പ്രശസ്തരായ സാഹിത്യവിമർശകരായിരുന്നു. ഒന്നിലധകം ആനുകാലികങ്ങളും ഇവർ നടത്തിയിരുന്നു. The Tatler, The Spectator, The Guardian എന്നീ ആനുകാലികങ്ങളിലാണ് ഇവരുടെ വിമർശന രചനകൾ പ്രസിദ്ധീകരിച്ചിരുന്നത്. 'ടാറ്റ്ലർ' എന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്ററായിരുന്നു റിച്ചാർഡ് സ്റ്റീൽ. ജോസഫ് അഡിസനും റിച്ചാർഡ് സ്റ്റീലും ചേർന്ന് നടത്തിയിരുന്ന പ്രസിദ്ധീകരണമാണ് ''സ്പെക്റ്റേറ്റർ'' റിച്ചാർഡ് സ്റ്റീൽ എഡിറ്ററായി പ്രവർത്തിച്ച രാഷ്ട്രീയ പ്രസിദ്ധീകരണമായിരുന്നു 'ദി പ്ലെബിയൻ' (The Plobians). 'ദി ക്രൈസിസ്' അക്കാലത്തെ മികച്ച പ്രസിദ്ധീകരണമായിരുന്നു. നാടക സംബന്ധിയായ നിരവധി ലേഖനങ്ങൾ ഈ പ്രസിദ്ധീകരണത്തിലൂടെ പുറത്തു വന്നു.

▶ സാദാചാരത്തിനും ധാർമ്മിക ബോധത്തിനും പ്രാധാന്യം നൽകി

## ആധുനികസാഹിത്യവിമർശനത്തിന്റെ അടിത്തറ

### ജോസഫ് അഡിസൻ (Joseph Addison)

അഗാധപാണ്ഡിത്യമുള്ള സാഹിത്യപ്രതിഭയാണ് ജോസഫ് അഡിസൻ. ഇംഗ്ലീഷിലെ പ്രശസ്തനായ ഉപന്യാസ കർത്താവും സാഹിത്യ വിമർശകനുമായിരുന്നു അദ്ദേഹം. 'ദി കാംപെയിൻ' (The Campaign) എന്ന കവിതയാണ് അദ്ദേഹത്തെ പ്രശസ്തിയിലേക്ക് ഉയർത്തിയത്. The Tatter, The Spectator, The Guardian എന്നീ പ്രസിദ്ധീകരണങ്ങളിലാണ് അദ്ദേഹം എഴുതിയത്. 1713 ൽ പ്രസിദ്ധീകരിച്ച 'Cato' എന്ന ദുരന്തനാടകം അദ്ദേഹത്തിന്റെ യശസ്സിനെ പൂർവ്വാധികം വർധിപ്പിച്ചു. സദാചാരവും സാമൂഹിക ജീവിതസമ്പ്രദായങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ ഉപന്യാസങ്ങളുടെ മുഖ്യവിഷയം. മൃദുവായ ഉപഹാസങ്ങളും സുചിന്തിതങ്ങളായ നിരീക്ഷണങ്ങളും യുക്തിയുക്തമായ മാർഗ്ഗനിർദ്ദേശങ്ങളും കൊണ്ട് സാന്മാർഗ്ഗികനിലവാരം ഉയർത്തുകയായിരുന്നു അവയുടെ ലക്ഷ്യം. പ്രബുദ്ധമായ നിരൂപണസിദ്ധാന്തങ്ങളുടെ പിൻബലമുള്ളവയാണ് അഡിസന്റെ വിമർശനങ്ങൾ. സർ റോജർ എന്ന പ്രസിദ്ധമായ കഥാപാത്രത്തെ സൃഷ്ടിച്ചു കൊണ്ടെഴുതിയ ഉപന്യാസങ്ങൾ പാത്ര ചിത്രീകരണപാടവത്തിനും ആഖ്യാനവൈദഗ്ധ്യത്തിനും ഉദാഹരണങ്ങളാണ്.

▶ ജനകീയ സാഹിത്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

അക്ലിഷ്ടമായ ശൈലീവിശേഷത്താൽ അനുഗ്രഹീതമാണ് അദ്ദേഹത്തിന്റെ ഉപന്യാസങ്ങൾ. ഒരു പുതിയ ജനകീയ സാഹിത്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്ന ബഹുമതിയക്കും അഡിസൻ അർഹനാണ്.

അഡിസന്റെ മൊത്തത്തിലുള്ള വിമർശനം നിയോ-ക്ലാസിക് ആദർശങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സാമാന്യമനോഭാവത്തെ പ്രതിനിധീകരിക്കുന്നു എന്ന് പറയാം. അദ്ദേഹത്തിന്റെ നാടകീയമായ വിമർശനത്തെക്കുറിച്ചുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിച്ചത് 'സ്പെക്റ്റേറ്റർ' മാഗസിനിലാണ്. ഈ ഉപന്യാസങ്ങൾ ഒരു വിമർശകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ വൈദഗ്ധ്യം പ്രകടമാക്കുന്നവയാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിമർശകന്റെ യുക്തിവാദപ്രവണതയെ പരിപോഷിപ്പിക്കാൻ തക്കവിധത്തിലുള്ള ഊർജ്ജം ഈ ലേഖനങ്ങൾക്കുണ്ടായിരുന്നു. അഡിസൻ ഇംഗ്ലീഷ് ദുരന്തകാവ്യങ്ങളെ വിമർശിച്ചിരുന്നു. ഇത്തരം കാവ്യങ്ങൾ വേണ്ടത്ര ധാർമ്മികമല്ലെന്ന് അദ്ദേഹം നിലപാട് സ്വീകരിച്ചിരുന്നു. ഒരു വൈദികന്റെ പുത്രനായി ജനിച്ച ജോസഫ് അഡിസൻ പത്രപ്രവർത്തകൻ എന്ന നിലയിലും വിമർശകൻ എന്ന നിലയിലും ശോഭിച്ചിരുന്നു. അഡിസന്റെ ഗദ്യശൈലി പിൽക്കാല ആനുകാലിക ഉപന്യാസകാരന്മാർ അനുകരിക്കുകയുണ്ടായി. അഡിസന്റെ പദാവലിയിലെ ഒരു പ്രധാന പദമാണ് മര്യാദ. സാമൂഹികവും സാംസ്കാരികവുമായ നേട്ടങ്ങളുടെ ഒരു രൂപമായിട്ടാണ് അദ്ദേഹം മര്യാദയെക്കണ്ടത്. കാരണം അത് പെരുമാറ്റത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രത്യേകിച്ച് വ്യക്തികൾ തമ്മിലുള്ള ഇടപെടലുകളെ നിയന്ത്രിക്കുകയും അവരെ പരിഷ്കൃതരാക്കുകയും ചെയ്യുന്നത് മര്യാദപരമായ ഇടപെടലുകളാണ്. ഭാഷാപരവും ദൃശ്യപരവും സംഗീതപരവുമായ കലാരൂപങ്ങളിലൂടെ പ്രകടിപ്പിക്കപ്പെട്ടതിനാൽ മര്യാദ സാംസ്കാരികമായിരുന്നു. തന്റെ ആനുകാലിക ലേഖനങ്ങളിൽ അഡിസൻ തന്റെ സഹവായനക്കാരോട്, അവരുടെ പെരുമാറ്റത്തിലും സംസ്കാരത്തിലും ആധുനിക മര്യാദ സ്വീകരിക്കാൻ കൽപിച്ചിരുന്നു. തന്റെ രചനകൾ 'ധാർമ്മികതയെ ബുദ്ധി കൊണ്ട് ഉത്തേജിപ്പിക്കാനും ബുദ്ധിയെ ധാർമ്മികത കൊണ്ട് മയപ്പെടുത്താനും ശ്രമിക്കും' എന്ന് അദ്ദേഹം വായനക്കാരോട് പറഞ്ഞു. അഡിസന്റെ ഉപന്യാസങ്ങൾ സൗഹാർദ്ദപരമായ പെരുമാറ്റത്തിനുള്ള ഒരു വഴികാട്ടിയായി മാറുകയുണ്ടായി.

▶ നിയോ-ക്ലാസിക് ആദർശങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സാമാന്യ മനോഭാവം

## റിച്ചാർഡ് സ്റ്റീൽ (Richard Steele)

പ്രശസ്തനായ ഇംഗ്ലീഷ് ഉപന്യാസകാരനും നാടകകൃത്തുമാണ് റിച്ചാർഡ് സ്റ്റീൽ. ജോസഫ് അഡിസൻ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട സ്നേഹിതനായിരുന്നു. അദ്ദേഹവുമായി സഹകരിച്ചാണ് റിച്ചാർഡ് സ്റ്റീൽ പല രചനകളും പൂർത്തീകരിച്ചത്. അദ്ദേഹം എഴുതിയ ആദ്യ കോമഡി 'ദി ഫ്യൂണറൽ' അല്ലെങ്കിൽ 'ഗ്രീഫ് എ-ലാ-മോഡ്' ആയിരുന്നു. ആക്ഷേപഹാസ്യത്തിൽ രചിച്ച ഈ നാടകം വലിയ വിജയമായിരുന്നു. തൊഴിൽപരമായ പ്രശ്നങ്ങളെക്കുറിച്ചുള്ള ആക്ഷേപഹാസ്യമായിരുന്നു ഈ നാടകം. 'ദ ലൈയിംഗ് ലവർ', 'ദ ടെൻഡർ ഹസ്ബൻഡ്' എന്നിവ അദ്ദേഹത്തിന്റെ പ്രശസ്തമായ കോമഡികളാണ്. ടാറ്റ്ലർ എന്ന പ്രസിദ്ധീകരണം അദ്ദേഹം നടത്തിയിരുന്നു. സാമ്പത്തികമായി ഈ പ്രസിദ്ധീകരണം പരാജയമായിരുന്നുവെങ്കിലും പ്രസിദ്ധീകരണം നിർത്തിവയ്ക്കുവാൻ അദ്ദേഹം തയ്യാറായില്ല. സദാചാരം, ധാർമ്മികത

എന്നീ വിഷയങ്ങളെക്കുറിച്ച് നിരവധി ലേഖനങ്ങൾ ടാറ്റ്ലറിൽ പ്രസിദ്ധീകരിച്ചു. ഇതിലെ ഭൂരിഭാഗം ലേഖനങ്ങളും റിച്ചാർഡ് സ്റ്റീലാണ് എഴുതിയിരുന്നത്. ജോസഫ് അഡിസനും ഈ പ്രസിദ്ധീകരണത്തിൽ എഴുതിയിരുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം 1711 ജനുവരി 2 ന് പ്രസിദ്ധീകരണം നിർത്തിവയ്ക്കേണ്ടി വന്നു. എന്നാൽ അതേ വർഷം മാർച്ച് 1 ന് ഒരു പുതിയ പ്രസിദ്ധീകരണം ജോസഫ് അഡിസനും റിച്ചാർഡ് സ്റ്റീലും ആരംഭിച്ചു. 'സ്പെക്റ്റേറ്റർ'(The Spectator) എന്നായിരുന്നു പ്രസിദ്ധീകരണത്തിന്റെ പേര്. ഇരുവരും ചേർന്ന് ഇതിൽ ധാരാളം ലേഖനങ്ങൾ എഴുതി. ജനങ്ങൾക്കിടയിൽ ഇവരുടെ രചനങ്ങൾ ഏറെ ശ്രദ്ധയാകർഷിച്ചു. വ്യത്യസ്തമായ സ്വഭാവസവിശേഷതയുടെ ഉടമസ്ഥരായിരുന്നു ഇവർ. റിച്ചാർഡ് സ്റ്റീൽ ആവേശഭരിതനും ഊഷ്മളഹൃദയത്തിന്റെ ഉടമസ്ഥനായിരുന്നു. ജോസഫ് അഡിസൻ സംയമനം പാലിക്കുന്നവനും ശാന്തനുമായിരുന്നു. പക്ഷേ ഈ പ്രസിദ്ധീകരണത്തിനും ആയുസ്സ് കുറവായിരുന്നു. 1712 ഡിസംബർ 6 ന് പ്രസിദ്ധീകരണം നിർത്തേണ്ടി വന്നു. അനുകാലിക പത്രപ്രവർത്തന രംഗത്ത് സ്റ്റീൽ നിരവധി സംഭാവനകൾ നൽകിയിരുന്നു. ധീരവും സത്യസന്ധവുമായ രചനകളെ പ്രോത്സാഹിപ്പിക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങൾ. അദ്ദേഹം നടത്തിയിരുന്ന 'ദി പ്ലെബിയൻ' ശക്തമായ രാഷ്ട്രീയ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന ജേർണലായിരുന്നു.

> ▶ ധീരവും സത്യസന്ധവുമായ രചനകളെ റിച്ചാർഡ് സ്റ്റീൽ പ്രോത്സാഹിപ്പിച്ചു

1709-ൽ റീച്ചാർഡ് സ്റ്റീൽ പ്രസിദ്ധീകരിച്ച പ്രസിദ്ധീകരിച്ച പ്രശസ്തമായ ബ്രിട്ടിഷ് സാഹിത്യജേർണലായിരുന്നു ടാറ്റ്ലർ. പത്രപ്രവർത്തന രംഗത്ത് വിപ്ലവകരമായ മാറ്റത്തിന് നാന്ദിക്കുറിച്ച് ജേർണലായിരുന്നു ഇത്. സമകാലിക സംഭവങ്ങളോടുള്ള ശക്തമായ പ്രതികരണമായിരുന്നു ടാറ്റ്ലർ. സുതാര്യമായ ഭാഷയും വ്യവസ്ഥകളോടുള്ള തീവ്രമായ പ്രതിഷേധവും ടാറ്റ്ലറെ ഇതര ജേർണലുകളിൽ നിന്നും വ്യത്യസ്തമാക്കി. അക്കാലത്തെ പ്രശസ്തരായ പല എഴുത്തുകാരും ടാറ്റ്ലർ ജേർണലിൽ എഴുതുകയുണ്ടായി. തുടക്കകാലത്ത് ടാറ്റ്ലർ പുലർത്തിയിരുന്ന സാഹിത്യമനോഭാവം പിൽക്കാലത്ത് നഷ്ടപ്പെട്ടു. ലണ്ടനിലെ വിവിധ കോഫി ഹൗസുകളിൽ നിന്ന് കേട്ട വാർത്തകളും ഗോസിപ്പുകളും അദ്ദേഹം പ്രസിദ്ധീകരിച്ചു തുടങ്ങി. പ്രാദേശിക ഗോസിപ്പുകളുടെ പൂർണമായ കവറേജ് ഉറപ്പാക്കുന്നതിനു വേണ്ടി നഗരത്തിലെ ഏറ്റവും പ്രചാരമുള്ള നാല് കോഫി ഹൗസുകളിൽ ഓരോന്നിലും ഒരോ റിപ്പോർട്ടറെ അദ്ദേഹം നിയമിച്ചു. ടാറ്റ്ലർ രണ്ട് വർഷക്കാലം പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷിലെ പല ജേർണലുകളും പിൽക്കാലത്ത് ടാറ്റ്ലർ എന്ന പേര് സ്വീകരിച്ചിരുന്നു. "സത്യം, നിരപരാധിത്വം, ബഹുമാനം, ധർമ്മം എന്നിവ ജീവിതത്തിന്റെ മുഖ്യ ആഭരണങ്ങളാക്കി ശുപാർശ ചെയ്യുക എന്നതാണ് മൊത്തത്തിലുള്ള പൊതുലക്ഷ്യ"മെന്ന് റിച്ചാർഡ് സ്റ്റീൽ വ്യക്തമാക്കിയിട്ടുണ്ട്. പത്രപ്രവർത്തനത്തിൽ സത്യസന്ധവും സുതാര്യവുമായി രീതിയിൽ പ്രവർത്തിക്കാൻ റിച്ചാർഡ് സ്റ്റീലിന് കഴിഞ്ഞിരുന്നില്ല. എങ്കിൽത്തന്നെയും അദ്ദേഹത്തിന്റെ ലേഖനങ്ങൾ വിജ്ഞാനപ്രദമായിരുന്നു. സ്റ്റീലിന്റെ രാഷ്ട്രീയരചനകൾ അക്കാലത്ത് വലിയ കൊടുങ്കാറ്റുകൾ സൃഷ്ടിച്ചിരുന്നു.

> ▶ സുതാര്യമായ ഭാഷയും വ്യവസ്ഥകളോടുള്ള തീവ്രമായ പ്രതിഷേധവും ടാറ്റ്ലറെ വ്യത്യസ്തമാക്കി

## ഹെബർമാസ് (Habermas)

ജർമ്മൻ തത്വചിന്തകനും സാമൂഹിക സൈദ്ധാന്തികനുമായിരുന്നു ഹെബർമാസ്. ജ്ഞാനശാസ്ത്രം, സാമൂഹികരാഷ്ട്രീയസിദ്ധാന്തം, യുക്തിചിന്ത എന്നിവയിലെല്ലാം അദ്ദേഹം സംഭാവനകൾ നൽകി. പൊതുമണ്ഡലത്തിന്റെ ഘടനാപരമായ പ്രവർത്തനങ്ങളെകുറിച്ച് ധാരാളം ഉൾകാഴ്ചകൾ പകർന്നു നൽകുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ. Theory and Practice, On the Logic of the Social Sciences, Toward a Rational Society, Technology and Science as Ideology, Knowledge and Human Interests, Communication and the Evolution of Society എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. കാന്റിന്റെയും ജ്ഞാനോദയത്തിന്റെയും ജനാധിപത്യ സോഷ്യലിസത്തിന്റെയും സ്വാധീനം അദ്ദേഹത്തിന്റെ കൃതികളിൽ പ്രകടമാണ്. ആശയങ്ങളുടെ സ്വതന്ത്രമായ കൈമാറ്റം, അതിനെ കുറിച്ചുള്ള സംവാദങ്ങൾ, വിമർശനങ്ങൾ, പൊതു അഭിപ്രായങ്ങൾ തുടങ്ങിയവ രൂപപ്പെടുത്തുന്ന ഒരിടമാണ് പൊതു ഇടമെന്ന് ഹെബർമാസ് നിരീക്ഷിക്കുന്നുണ്ട്. പൊതുഇടവും സ്വകാര്യഇടവും തമ്മിലുള്ള വ്യത്യാസം അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ജനാധിപത്യത്തിന്റെ മൂലകല്ലുകളാണ് പൊതു ഇടങ്ങളെന്ന് ഹെബർമാസ് കൂട്ടിച്ചേർക്കുന്നു. ഈ ലക്ഷണങ്ങളെല്ലാം ഒത്തു ചേർന്ന ആധുനിക കാലത്തെ പൊതു ഇടങ്ങളാണ് സോഷ്യൽ മീഡിയകൾ. പൊതു ഇടങ്ങളിൽ നിന്ന് ഒരു പൗരന് എന്തു ലഭിക്കുന്നുവോ അതെല്ലാം സോഷ്യൽ മീഡിയയിൽ നിന്ന് പൗരന് ലഭിക്കുന്നുണ്ട്. ജനാധിപത്യ രാജ്യത്തിലെ ജനാധിപത്യ ഇടം എന്നാണ് ഹെബർമാസ് സർവകലാശാലകളെ വിലയിരുത്തുന്നത്. ജ്ഞാനോത്പാദനത്തിന്റെ വഴികളെ സുതാര്യമാക്കുന്ന സാമൂഹിക ഇടം എന്ന രീതിയിലാണ് സർവകലാശാലകൾ ഇന്ന് അറിയപ്പെടുന്നത്. Toward a Rational Society, Science and Politics എന്ന ഗ്രന്ഥത്തിലാണ് അദ്ദേഹം സർവ്വകലാശാലകളെ കുറിച്ച് പറയുന്നത്. പരസ്പര വിനിമയത്തിലൂടെ കൂട്ടിയും കുറച്ചും നടത്തുന്ന ധൈഷണിക വിനിമയത്തിന്റെ പൊതുമണ്ഡലം എന്ന അർത്ഥത്തിലാണ് അദ്ദേഹം സർവകലാശാലകളെ കാണുന്നത്.

- ആധുനിക കാലത്തെ പൊതുഇടങ്ങളാണ് സോഷ്യൽ മീഡിയകൾ

ഫ്രാങ്ക്ഫർട്ട് സ്കൂളിലെ ചിന്തകരിലെ രണ്ടാം തലമുറയിലെ പ്രതിനിധിയാണ് ഹെബർമാസ്. വിമർശനാത്മകസിദ്ധാന്തം എന്നറിയപ്പെടുന്ന ഫ്രാങ്ക്ഫർട്ട് ചിന്താപാരമ്പര്യത്തെ പുതുക്കിപണിയുന്നതിലും ഘടനാവാദാനന്തര ചിന്തയുടെ കേന്ദ്രതാല്പര്യങ്ങളിലൊന്നായ ഭാഷാദർശനത്തെ മാർക്സിസ്റ്റ് ചിന്താപാരമ്പര്യവുമായി കൂട്ടിയിണക്കുന്നതിലും ഹെബർമാസ് വലിയ പങ്ക് വഹിക്കുകയുണ്ടായി. സംവാദാത്മക ക്രിയ എന്ന പരികല്പന അവതരിപ്പിച്ചു കൊണ്ടാണ് വിമർശനാത്മക സിദ്ധാന്തത്തിന്റെയും മാർക്സിസ്റ്റ് സൈദ്ധാന്തിക സമീക്ഷയുടെയും പരിമിതികളെ മറികടക്കാൻ ഹെബർമാസ് ശ്രമിച്ചത്. ഭാഷയെക്കുറിച്ചുള്ള ഘടനാവാദാനന്തര ചിന്തയുടെ താത്പര്യങ്ങൾ പങ്കുവയ്ക്കുമ്പോൾ ത്തന്നെ, യുക്തിപരമായി ഉത്പ്പാദിക്കപ്പെട്ട സത്യം സാധ്യമാണെന്ന നിലപാടാണ് ഹെബർ മാസിന്റേതെന്ന് സുനിൽ പി. ഇളയിടം എഴുതുന്നുണ്ട് (സാംസ്കാരിക വിമർശനവും മാർക്സിസവും, സുനിൽ പി. ഇളയിടം ചിന്തവാരിക, സെപ്റ്റംബർ 30, 2022). സയുക്തി സത്യത്തി

ന്റെ സാധ്യത, സയുക്തികമായ വിമർശനത്തെയും സാധ്യമാക്കുന്നു. ഇവിടെ പുതിയ ഭാഷാസിദ്ധാന്തവും ചരിത്രവും ഭൗതിക വീക്ഷണവും തമ്മിൽ ഒരു സംവാദാത്മക ബന്ധം സ്ഥാപിച്ചെടുക്കാനാണ് ഹെബർമാസ് ശ്രമിക്കുന്നത്. ഫ്രാങ്ക്ഫർട്ട് സൈദ്ധാന്തികരുടെ ഹെഗേലിയൻ വൈരുധ്യാത്മകതയിലുള്ള ഊന്നലിനെയും അതിലൂടെ രൂപപ്പെട്ടു വരുന്ന അതീത ജ്ഞാനസിദ്ധാന്തത്തെയും (Transsce Dental Epistemoligy) മറികടന്ന് അടിസ്ഥാനഭദ്രതയുള്ള സാമൂഹിക വിമർശനത്തെ സാക്ഷാത്കരിക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം.

▶ സംവാദാത്മക ക്രിയ എന്ന പരികല്പന അവതരിപ്പിച്ചു

## ടെറി ഈഗിൾട്ടൺ (Terry Eagleton)

എന്തു കൊണ്ട് മാർക്സ് ശരിയായിരുന്നു (‘Why Marx was Right’) എന്ന കൃതിയിലൂടെ നവനീയമായ ചിന്തകൾ ലോകത്ത് സമ്മാനിച്ച ചിന്തകനാണ് ടെറി ഈഗിൾട്ടൻ. റെയ്മണ്ട് വില്യംസിന്റെ ശിഷ്യനായ ടെറി ഈഗിൾട്ടൺ ലോകപ്രശസ്തനായ മാർക്സിസ്റ്റ് ബുദ്ധിജീവിയാണ്. മാർക്സിന്റെയും മാർക്സിസത്തിന്റെയും സമകാലിക പ്രസക്തിയെ ഉറപ്പിച്ചെടുക്കുകയാണ് അദ്ദേഹം ചെയ്തത്. മാർക്സിസത്തിനെതിരായ ലിബറൽ ബുദ്ധിജീവികളും ഉത്തരാധുനികരും നിരന്തരം വാദിക്കാറുള്ള വിമർശനങ്ങളെ യുക്തിപരമായി പരിശോധിച്ച് ഖണ്ഡിക്കുകയാണ് അദ്ദേഹം. മാർക്സിസത്തിന്റെ പതനം പ്രഖ്യാപിച്ച ഉത്തരാധുനിക ബുദ്ധിജീവികൾക്കെതിരെ അദ്ദേഹം നിരന്തരം വിമർശനം ഉന്നയിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ അപ്രതിരോധമെന്ന് കരുതിപ്പോന്ന മുതലാളിത്തം പ്രതിസന്ധി നേരിട്ടുത്തുടങ്ങി. മുതലാളിത്തത്തിന്റെ ഘടനാപരമായ സവിശേഷതകളെ ശാസ്ത്രീയമായ ഉൾകാഴ്ചയോടു വിശദീകരിച്ച് മാർക്സിസത്തിലേക്ക് തിരിഞ്ഞു നോക്കാൻ സാമ്പത്തിക ചിന്തകരെ പ്രേരിപ്പിക്കുകയായിരുന്നു ടെറി ഈഗിൾട്ടൺ. മാർക്സിസത്തിലേക്കുള്ള ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഒരു തിരിഞ്ഞു നോട്ടം ആരംഭിക്കുകയായിരുന്നു. ഈ കാലത്തിന്റെ മാർക്സിസ്റ്റ് സാഹിത്യത്തിലെ ക്ലാസിക് വിശദീകരണങ്ങളിലൊന്നാണ് ടെറി ഈഗിൾട്ടൺന്റെ ‘എന്തു കൊണ്ട് മാർക്സ് ശരിയായിരുന്നു’ എന്ന പുസ്തകം. പത്ത് അധ്യായങ്ങളിലൂടെ മാർക്സിന്റെ സമകാല പ്രസക്തി പറഞ്ഞു വയ്ക്കുകയാണ് അദ്ദേഹം. പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ച മാർക്സിന്റെ ചിന്തകൾക്ക് പ്രാധാന്യമില്ല, മാർക്സിസം സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നു, സാമ്പത്തിക അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു, മാർക്സിസം ഒരു ഉട്ടോപ്യൻ ആശയമാണ്, യാഥാർത്ഥ്യ ബോധമില്ലാത്തവന്റെ തത്വമാണ് മാർക്സിസം, മാർക്സ് ഒരു കേവലം ഭൗതികവാദിയാണ് എന്നിങ്ങനെയുള്ള എല്ലാ വിമർശനങ്ങൾക്കും മറുപടിയായിരുന്നു ഈ കൃതി. ഒരു രാഷ്ട്രീയ-സാമ്പത്തിക-തത്വശാസ്ത്രം എന്ന നിലയിൽ മാർക്സിസത്തിന് മുതലാളിത്തലോകത്ത് ഇനിയും തുടരാനുള്ള ഉത്തരവാദിത്തമുണ്ടെന്ന് ടെറി ഈഗിൾട്ടൺ വാദിക്കുന്നു. ‘സാഹിത്യ സിദ്ധാന്തം’ (1983) "ദി ഐഡിയോളജി ഓഫ് ദി എസ്തറ്റിക്’ (1990) "ഉത്തരാധുനികതയുടെ ഭ്രമങ്ങൾ’ (1996) എന്നിവ പ്രധാന കൃതികളാണ്. മാർക്സിസവും ക്രിസ്തുമതവുമാണ് അദ്ദേഹത്തിന്റെ ചിന്തകളെ സ്വാധീനിച്ചത്.

▶ മാർക്സിസ്റ്റ് സാഹിത്യത്തിലെ ക്ലാസിക് വിശദീകരണങ്ങളിലൊന്നാണ് ടെറി ഈഗിൾട്ടൺന്റെ ‘എന്തു കൊണ്ട് മാർക്സ് ശരിയായിരുന്നു’

ആധുനിക സാഹിത്യ സിദ്ധാന്തങ്ങൾ നമ്മുടെ യുഗത്തിന്റെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ചരിത്രത്തിന്റെ ഭാഗമാണെന്ന് ടെറി ഈഗിൾട്ടൺ വിശ്വസിക്കുന്നു. സൈദ്ധാന്തികതയുടെ വിവിധ രൂപങ്ങളെ

അദ്ദേഹം തിയററ്റിസം (theoreticism) എന്നു വിളിക്കുന്നു. ആധുനിക സാഹിത്യ സിദ്ധാന്തങ്ങളെ സുഗ്രാഹ്യവും ആകർഷകവുമാക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഇതിന്റെ തെളിവാണ് 'സാഹിത്യ സിദ്ധാന്തം ഒരു ആമുഖം'എന്ന കൃതി. പ്രത്യേക സാംസ്കാരിക പ്രജനനമുള്ളവർക്ക് മാത്രമേ സാഹിത്യകൃതികളെ വിലമതിക്കാൻ കഴിയൂ എന്ന ആശയമാണ് സാഹിത്യപഠനത്തിലെ യഥാർത്ഥ ശ്രേഷ്ഠഭാഗവീക്ഷണം. എന്നാൽ 1960 കൾ മുതലുള്ള സാഹിത്യസിദ്ധാന്തത്തിന്റെ വളർച്ചയുടെ പ്രാധാന കാരണം ഈ അനുമാനത്തിന്റെ ക്രമാനുഗതമായ തകർച്ചയാണ്. ടെറി ഈഗിൾട്ടന്റെ മിക്ക കൃതികളും അക്കാദമികമല്ലാത്ത വായനക്കാരെയാണ് കൂടുതൽ ആകർഷിച്ചത്. അക്കാദമികത്തിനപ്പുറം വായനക്കാരിലേക്ക് കൃതികൾക്ക് എത്താൻ കഴിയണമെന്ന് അദ്ദേഹം പറയുന്നു. സാഹിത്യ സിദ്ധാന്തം രൂപപ്പെടുന്നത് ഒരു ശ്രേഷ്ഠ വിഭാഗത്തിന്റേത് എന്നതിലുപരി ജനാധിപത്യ പ്രേരണയാലാണ്. സമകാലിക വിമർശന സിദ്ധാന്തം സാഹിത്യപഠനത്തിന്റെ ദൈനംദിന ജീവിതത്തിൽ സ്വയം ഉറപ്പിച്ചതിന്റെ ചരിത്രം കൃത്യമായി രേഖപ്പെടുത്താൻ ടെറി ഈഗിൾട്ടന് സാധിച്ചിട്ടുണ്ടെന്ന് തോമസ് സകറിയ പറയുന്നുണ്ട്. (ടെറി ഈഗിൾടണും സാഹിത്യസിദ്ധാന്തങ്ങളും, journal of Advances in Basic and Interdisciplinary Research, Volume1 (1) December 2021) വിമർശനാത്മകമായ വ്യവഹാരത്തിന്റെ ഹൃദയഭാഗത്ത് സ്വയം നിലനിൽക്കുന്ന സിദ്ധാന്തങ്ങളെ അദ്ദേഹം ലളിതമായി വിശദീകരിച്ചു. സാഹിത്യ പഠനത്തിന്റെ സ്വാഭാവികവും സാമാന്യവുമായ രീതികളായി സ്വീകരിക്കപ്പെടുന്നവ യഥാർത്ഥത്തിൽ ഒരു കൂട്ടം സൈദ്ധാന്തിക ബോധ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

- രാഷ്ട്രീയവും പ്രത്യയ ശാസ്ത്ര പരവുമായ ചരിത്രത്തിന്റെ ഭാഗമാണ് സാഹിത്യ സിദ്ധാന്തങ്ങൾ

## ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം

സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം തുടങ്ങിയ ജ്ഞാനോദയ മൂല്യങ്ങളെ ലോകത്തിന് സംഭാവന ചെയ്ത മഹത്തായ വിപ്ലവമാണ് ഫ്രഞ്ച് വിപ്ലവം. ഫ്രഞ്ച് രാജവാഴ്ച അവസാനിപ്പിക്കാനും മതേതരവും ജനാധിപത്യപരവുമായ ഒരു റിപ്പബ്ലിക് സ്ഥാപിക്കാനും ഫ്രഞ്ച് വിപ്ലവത്തിന് കഴിഞ്ഞു. ലിബറലിസത്തെയും മറ്റ് പ്രബുദ്ധതത്വങ്ങളെയും അടിസ്ഥാനമാക്കിയുള്ള സമൂലമായ സാമൂഹിക മാറ്റം സൃഷ്ടിക്കാൻ വിപ്ലവത്തിന് കഴിഞ്ഞു. ഫ്രഞ്ചു സമൂഹത്തിൽ നിലനിന്നിരുന്ന അനീതിയും അസമത്വവും ഇല്ലാതാക്കാനും വിപ്ലവം കാരണമായിത്തീർന്നു. ഫ്രഞ്ച് ചക്രവർത്തിമാരുടെ ദുർഭരണത്തിനെതിരെയുള്ള സാധാരണക്കാരുടെ പ്രതിഷേധമാണ് ഫ്രഞ്ച് വിപ്ലവത്തിന് കാരണമായിത്തീർന്നത്. ലൂയി പതിനാറാമൻ ആയിരുന്നു ഫ്രഞ്ച് വിപ്ലവം നടക്കുമ്പോഴുള്ള രാജാവ്. 1789 ജുലൈ 19 ന് ആയിരക്കണക്കിന് ആളുകൾ ചേർന്ന് ഫ്രാൻസിലെ പ്രധാന ജയിലായിരുന്ന ബാസ്റ്റീൽ കോട്ട തകർത്തതോടെയാണ് വിപ്ലവം ആരംഭിച്ചത്. 1789 ജൂൺ 20ന് നടന്ന ടെന്നീസ് കോർട്ട് പ്രതിജ്ഞ ഫ്രഞ്ച് വിപ്ലവത്തിലെ ഒരു പ്രധാന സംഭവമായിരുന്നു. 1792 ൽ വിപ്ലവകാരികൾ ഫ്രാൻസിനെ റിപ്പബ്ളിക്കായി പ്രഖ്യാപിച്ചു. ഫ്രഞ്ച് വിപ്ലവത്തെ എതിർത്തിരുന്നവരെ വധിക്കാൻ ഉപയോഗിച്ച ഉപകരണമായിരുന്നു ഗില്ലറ്റിൻ. ഫ്രഞ്ച് വിപ്ലവത്തിന്റെ പ്രവാചകൻ എന്നറിയപ്പെട്ട ചിന്തകനാണ് റൂസ്സോ. വോൾട്ടയർ, റൂസ്സോ, മോണ്ടസ്ക്യു എന്നിവർ ഫ്രഞ്ച് വിപ്ലവത്തിന്റെ തത്വചിന്തകന്മാരായിരുന്നു.

> ▶ സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം
> ▶ സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്

പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിക്കുകയും യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ചിന്തകനാണ് വോൾട്ടയർ. സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണെന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയ ചിന്തകനായിരുന്നു റൂസ്സോ. ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ച ചിന്തകനായിരുന്നു മോണ്ടെസ്ക്യൂ. ഫ്രഞ്ച് വിപ്ലവം തത്വചിന്തയിലും സാഹിത്യത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി.

## Summarised Overview

18-ാം നൂറ്റാണ്ടിൽ യൂറോപ്പിലെ പൊതുമണ്ഡലത്തിന്റെ വികാസം ബൗദ്ധിക വ്യവഹാരത്തിന്റെയും സാമൂഹിക ഇടപെടലിന്റെയും പരിണാമത്തിലെ ഒരു സുപ്രധാന നിമിഷമായി അടയാളപ്പെടുത്തി. ആശയങ്ങളുടെ വ്യാപനത്തിനും പൊതുജനാഭിപ്രായം വളർത്തിയെടുക്കുന്നതിനുമുള്ള ശക്തമായ ഉപാധികളായി ആനുകാലികങ്ങളും സാഹിത്യനിരൂപണവും ഉയർന്നുവരുന്നതിന് ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. ജോസഫ് അഡിസൺ, റിച്ചാർഡ് സ്റ്റീൽ എന്നിവരെപ്പോലുള്ള വ്യക്തികൾ 'ദി സ്പെക്റ്റേറ്റർ' പോലെയുള്ള അവരുടെ സ്വാധീനമുള്ള സൃഷ്ടികളിലൂടെ ഈ ഭൂപ്രകൃതി രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. അവരുടെ രചനകൾ വിനോദം മാത്രമല്ല, നിലവിലുള്ള സാമൂഹിക മാനദണ്ഡങ്ങളെ വെല്ലുവിളിക്കുകയും വിമർശനാത്മക അന്വേഷണത്തിന്റെയും പ്രതിഫലനത്തിന്റെയും സംസ്കാരം വളർത്തിയെടുക്കുകയും ചെയ്തു.

കൂടാതെ, ആധുനിക സാഹിത്യനിരൂപണത്തിന്റെ അടിത്തറ ഈ കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ടു, ഹെബർമാൻ, ടെറി ഈഗിൾട്ടൺ തുടങ്ങിയ പണ്ഡിതന്മാർ അഡിസനം സ്റ്റീലും മുന്നോട്ടുവച്ച ആശയങ്ങൾ കെട്ടിപ്പടുത്തു. ഈ ചിന്തകർ വിമർശനത്തിന് ചിട്ടയായ സമീപനങ്ങൾ അവതരിപ്പിച്ചു, സൗന്ദര്യശാസ്ത്രം, പ്രത്യയശാസ്ത്രം, സാംസ്കാരിക പശ്ചാത്തലം എന്നിവയുടെ ലെൻസിലൂടെ സാഹിത്യത്തെ വിശകലനം ചെയ്തു. ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം സാഹിത്യനിരൂപണത്തിന്റെ ജനാധിപത്യവൽക്കരണത്തെ കൂടുതൽ ഉത്തേജിപ്പിച്ചു, കാരണം അത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയത്തെ ഉറപ്പിച്ചു. ഇത് സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ സാഹിത്യത്തിന്റെ പങ്ക് എന്നിവയെക്കുറിച്ചുള്ള ചർച്ചകൾക്ക് പ്രചോദനമായി.

വിമർശനം കൂടുതൽ വ്യവസ്ഥാപിതമാവുകയും പൊതുജനങ്ങൾക്ക് പ്രാപ്യമാകുകയും ചെയ്തതോടെ, അത് ജനകീയമാക്കാനുള്ള ഒരു പ്രക്രിയയ്ക്ക് വിധേയമായി. ആനുകാലികങ്ങളുടെ വ്യാപനവും വർദ്ധിച്ചുവരുന്ന സാക്ഷരതാനിരക്കും ബൗദ്ധികസംവാദങ്ങളിലും സാഹിത്യചർച്ചകളിലും വിപുലമായ പങ്കാളിത്തം സുഗമമാക്കി. വിമർശനത്തിന്റെ ഈ ജനാധിപത്യവൽക്കരണം അറിവിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുക മാത്രമല്ല, ആധുനിക സമൂഹത്തെ രൂപപ്പെടുത്തുന്നത് തുടരുന്ന ഊർജ്ജസ്വലമായ സാഹിത്യ സംസ്കാരത്തിനും പൊതുവ്യവഹാരത്തിനും അടിത്തറ പാകി. ചുറ്റുമുള്ള ലോകവുമായി വിമർശനാത്മകമായി ഇടപഴകാൻ വ്യക്തികളെ ഇത് പ്രാപ്തരാക്കുകയും ചെയ്തു.

## Assignments

1. പതിനെട്ടാം നൂറ്റാണ്ടിലെ പ്രധാനപ്പെട്ട ആനുകാലികങ്ങളെ പരിചയപ്പെടുത്തുക.
2. ജോസഫ് അഡിസന്റെ വിമർശന പദ്ധതികളെ അപഗ്രഥിക്കുക.
3. റിച്ചാർഡ് സ്റ്റീൽ എഴുതിയ നിരൂപണരചനകളുടെ പൊതു പ്രത്യേകതകൾ വിശദമാക്കുക.
4. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാനകാരണങ്ങൾ വിലയിരുത്തുക.
5. മാർക്സിസത്തിന്റെ പ്രസക്തിയെക്കുറിച്ച് ടെറി ഈഗിൾട്ടണിന്റെ കാഴ്ചപ്പാടുകൾ ക്രോഡീകരിക്കുക.
6. പൊതുമണ്ഡല രൂപീകരണത്തെപ്പറ്റി വിശദീകരിക്കുക.
7. പൊതുഇടത്തെ സംബന്ധിച്ച ഹെബർമാസിന്റെ നീരീക്ഷണങ്ങൾ ചർച്ചചെയ്യുക.

## Suggested Reading


1. എം അച്യുതൻ, പാശ്ചാത്യ സാഹിത്യദർശനം, എൻ.ബി.എസ് കോട്ടയം.
2. നെല്ലിയ്ക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.
3. പി. ജി. പുരുഷോത്തമൻ പിള്ള, പാശ്ചാത്യ സാഹിത്യ നായകന്മാർ, മംഗളോദയം, തൃശ്ശൂർ.
4. ഡി. മായ, പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ഒരു സംഘം ലേഖകർ, പാശ്ചാത്യ സാഹിത്യസിദ്ധാന്തം ആധാരരചനകളുടെ പരിഭാഷയും പഠനവും ഭാഗം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. Soboul, Albert. The French Revolution, 1787-1799: From the Storming of the Bastille to Napoleon. Vintage Books.
7. Hunt, Lynn. The French Revolution and Human Rights: A Brief Documentary History. Bedford/St. Martin's.

## Reference


1. Doyle, William. The Oxford History of the French Revolution. Oxford University Press.
2. Schama, Simon. Citizens: A Chronicle of the French Revolution. Vintage Books.
3. Lefebvre, Georges. The French Revolution: From Its Origins to 1793. Columbia University Press.
4. Palmer, R.R. The Age of Democratic Revolution: A Political History of Europe and America, 1760-1800. Princeton University Press.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# കാല്പനിക വിമർശനം, വിക്ടോറിയൻ ഘട്ടം, പരിവർത്തനകാലം

# BLOCK-03

## Block Content

Unit-1 : കാല്പനിക വിമർശനം
Unit-2 : കാല്പനികതയുടെ അപചയം
Unit-3 : മാർക്സിയൻ വിമർശനപദ്ധതി
Unit-4 : ആധുനിക വിമർശനപദ്ധതികൾ

## Unit 1

# കാല്പനിക വിമർശനം

## Learning Outcomes

- കാല്പനിക വിമർശന പദ്ധതിയെ അറിയുന്നു
- ഭാവനയെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ പരിശോധിക്കുന്നു
- വേഡ്സ്വർത്തിന്റെ കാവ്യവിമർശനം എന്താണെന്നറിയുന്നു
- കോളറിഡ്ജിന്റെ വിമർശനചിന്ത കണ്ടെത്തുന്നു
- ബയോഗ്രാഫിയ ലിറ്ററേറിയ പരിചയപ്പെടുന്നു
- ഷെല്ലിയുടെ കാവ്യചിന്തകളെ പരിചയപ്പെടുന്നു
- കവി, കവിപ്രതിഭ, കാവ്യഭാഷ, പ്രകൃതി എന്നിവയെപ്പറ്റിയുള്ള വ്യത്യസ്ത നിരീക്ഷണങ്ങൾ അറിയുന്നു

## Background

ഒരു കാലഘട്ടത്തിന്റെ ചിന്താരീതിയെ ആകമാനം പുതുക്കിപ്പണിത പ്രസ്ഥാനമായിരുന്നു കാല്പനികതയുടേത് (Romanticism). അത് കേവലം ഒരു സാഹിത്യപ്രസ്ഥാനം മാത്രമായിരുന്നില്ല. മനുഷ്യന്റെ സംവേദനക്ഷമതയേയും ലോക വീക്ഷണത്തേയും പുതിയൊരു നിലപാടിൽ പ്രതിഷ്ഠിച്ചു. ശാസ്ത്ര പുരോഗതിയും വ്യവസായികവിപ്ലവവും സമൂഹത്തിന്റെ സാമ്പത്തികനില പരിഷ്കരിക്കുകയും ജീവിതസങ്കല്പങ്ങൾ മാറ്റുകയും ചെയ്തതോടെ പരമ്പരാഗതമായ വിശ്വാസ വിചാരങ്ങളിൽ കൂടി അലസമായി നീങ്ങിക്കൊണ്ടിരുന്ന യൂറോപ്യൻ ജനത മാറ്റത്തിന് വിധേയമായി. ബാഹ്യലോകം വളരെ വേഗതയിൽ ചലിച്ചുകൊണ്ടിരിക്കുമ്പോഴും ആന്തരികലോകം നിശ്ചേതനമാണെന്ന് മനുഷ്യൻ തിരിച്ചറിഞ്ഞു. പാരമ്പര്യവും സംസ്കാരവും മതവും ആചാരങ്ങളും അതതിന്റെ നിയമങ്ങൾ കൊണ്ട് തന്റെ ആന്തരിക ലോകത്തെ ചലനരഹിതമാക്കുന്നതായി അവൻ കരുതി. ഇതിനെതിരെയുള്ള പ്രതികരണങ്ങളും പ്രതിഷേധങ്ങളും ശക്തമായി. റൂസ്സോയുടെ (Rousseau) പ്രതിഷേധമായിരുന്നു ഇതിലാദ്യത്തേത്. "മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, പക്ഷേ അവൻ എങ്ങും ചങ്ങലക്കെട്ടുകളിലാണ്" എന്ന് പ്രഖ്യാപിച്ച റൂസ്സോയെയാണ് സ്കോട്ട് ജയിംസ് ആദ്യത്തെ റൊമാന്റിസിസ്റ്റായി കരുതുന്നത്. സ്കോട്ട് ജയിംസ് സൂചിപ്പിക്കുന്നതു പോലെ റൂസ്സോയുടെ വാക്കുകൾ ഹൃദയത്തിൽ നിന്നും വരുന്നവയായിരുന്നു, സ്വതന്ത്രമായിരുന്നു, അതുകൊണ്ട് തന്നെ കാല്പനികവുമായിരുന്നു.

നിയോക്ലാസിസത്തിന്റെ (Neo-classicism) യുഗമായിരുന്ന 18-ാം നൂറ്റാണ്ട് സാഹിത്യത്തിൽ വലിയ ചലനങ്ങളൊന്നും വരുത്തിയില്ല. ഈ കാലഘട്ടത്തിലെ രചനകൾ അന്ധമായി പാരമ്പര്യത്തെ പിന്തുടർന്നു. മനുഷ്യരും അവരുടെ ചിന്തകളും എക്കാലത്തും ഒരു പോലെയാണെന്ന് അവർ വിചാരിച്ചു. ഈ ധാരണയ്ക്കെതിരെയാണ് കാല്പനികത നീങ്ങിയത്. വ്യക്തികേന്ദ്രീതമായ ലോകദർശനവും സ്വപ്നലോലുപതയും (Fantacy) ആയിരുന്നു അതിന്റെ പ്രത്യേകത. ആത്മാവിഷ്കാരമാണ് കവിത എന്നവർ വിശ്വസിച്ചു. വർണോജ്ജ്വലവും സംഗീതാത്മകവും വികാരതീക്ഷണവുമായ ഒരു ഭാവുകത്വ പരിസരമാണ് കാല്പനിക പ്രസ്ഥാനത്തിന്റേത്. ശോഭ പകരുന്ന നിറങ്ങളും അഗാധമായ അർത്ഥമുള്ള വാക്കുകളും സജീവമാകുന്ന ആ ലോകത്തേക്ക് കാലെടുത്തുവയ്ക്കുക എന്നത് സന്തോഷകരമായ കാര്യമാണ്. റൊമാന്റിക് ദർശനത്തിന്റെ ആകർഷകമായ മേഖലയിൽ ഭാവന (imagination) കേന്ദ്രസ്ഥാനം വഹിക്കുകയും കവിത

ആത്മാവിന്റെ ശബ്ദമായി മാറുകയും ചെയ്യും. നിയോക്ലാസിസത്തിന്റെ രൂപഭദ്രതയ്ക്ക് (form) പകരമായി കാല്പനികർ പ്രാധാന്യം കൊടുത്തത് ഭാവതീവ്രതയ്ക്കായിരുന്നു. വില്യം വേഡ്സ്വർത്ത് (William Wordsworth), എസ്.ടി. കോളറിഡ്ജ് (S.T. Coleridge), ഷെല്ലി (P.B. Shelley) തുടങ്ങിയ പ്രശസ്ത കവികളുടെ കൃതികളിലൂടെ കാല്പനികമായ സർഗ്ഗാത്മകതയുടെ സത്ത നമുക്ക് നുകരുവാൻ കഴിയും.

റൊമാന്റിക് വിമർശനത്തിന്റെ ഹൃദയഭാഗത്ത് ഭാവനയുടെ ശക്തിയുണ്ട്. സാധാരണക്കാരൻ അസാധാരണമായി രൂപാന്തരപ്പെടുന്ന ഒരു ലോകത്തിൽ സ്വയം ഒന്ന് ചിത്രീകരിക്കുക. അവിടെ ലളിതമായ ഒരു രംഗം തന്നെ ഉജ്ജ്വലമായ ഇമേജറിക്കും ആഴത്തിലുള്ള ധ്യാനത്തിനും ഉള്ള ഒരു ക്യാൻവാസായി മാറുന്നു. വേഡ്സ്വർത്തിനെപ്പോലുള്ള കവികൾ തങ്ങൾക്ക് ചുറ്റുമുള്ള ലോകത്തെ  പുതിയ വഴികളിലൂടെ മനസ്സിലാക്കുന്നതിനുള്ള ഒരു കവാടമായി അവരുടെ ഭാവനയെ ഉപയോഗിച്ചു. എന്നാൽ അതിരുകളില്ലാത്ത ഈ സർഗ്ഗാത്മകതയുടെ ഉറവിടം എന്താണ്? ഏറ്റവും അപ്രതീക്ഷിതമായ സ്ഥലങ്ങളിൽവരെ സൗന്ദര്യം കണ്ടെത്താനും മനസിലാക്കാനും അത് അസാധാരണമായ രീതിയിൽ കവിതയിലേക്ക് വിവർത്തനം ചെയ്യാനും കവികളെ അനുവദിക്കുന്നു. സ്വതസിദ്ധമായ അത്തരം പ്രതിഭ പ്രകടിപ്പിച്ചിരുന്നു വേഡ്സ്വർത്ത്. യഥാർത്ഥ കവികൾക്ക് അവരുടെ കലയിലൂടെ മാനുഷിക വികാരങ്ങളുടെയും അനുഭവങ്ങളുടെയും ആഴങ്ങൾ പ്രകാശിപ്പിക്കാനുള്ള അതുല്യമായ കഴിവുണ്ടെന്ന് അദ്ദേഹം തെളിയിച്ചു. റൊമാന്റിക് ഭാവുകത്വത്തെ വ്യക്തമായി മനസിലാക്കുവാൻ, ലിറിക്കൽ ബാലഡ്സ് (Lyrical Ballads) എന്നറിയപ്പെടുന്ന ശ്രദ്ധേയമായ കവിതാ സമാഹാരത്തിലേക്ക് നിങ്ങൾ കടക്കണം. വേഡ്സ്വർത്തും അദ്ദേഹത്തിന്റെ പ്രിയ സുഹൃത്ത് എസ്. ടി കോളറിഡ്ജും ചേർന്ന് രൂപകൽപ്പന ചെയ്ത ഈ മാസ്റ്റർപീസ് ലാളിത്യത്തിന്റെ സൗന്ദര്യവും കാവ്യാത്മക ആവിഷ്കാരത്തിന്റെ ശക്തിയും പ്രദർശിപ്പിച്ചുകൊണ്ട് സാഹിത്യലോകത്തു  വിപ്ലവം സൃഷ്ടിച്ചു. പ്രകൃതി, മാനുഷിക വികാരം, ദൈനംദിന ജീവിതം എന്നിവയുടെ പ്രമേയങ്ങളിലൂടെ, ലിറിക്കൽ ബാലഡ്സ് റൊമാന്റിസിസത്തിന്റെ സത്ത പിടിച്ചെടുക്കുകയും കവികളുടെ കണ്ണുകളിലൂടെ ലോകത്തെ അനുഭവിക്കാൻ വായനക്കാരെ ക്ഷണിക്കുകയും ചെയ്തു.

റൊമാന്റിക് വിമർശനത്തിന്റെ മറ്റൊരു ആകർഷകമായ വശം കാവ്യാത്മക ഭാവനയുടെ പര്യവേക്ഷണമാണ്. ഇത് എസ്.ടി. കോളറിഡ്ജ് തന്റെ ബയോഗ്രാഫിയ ലിറ്ററേറിയ (Biographia Literaria) എന്ന കൃതിയിൽ വിദഗ്ദ്ധമായി പരിശോധിച്ചു. കോളറിഡ്ജിനെ സംബന്ധിച്ചിടത്തോളം കവിത കേവലം കലാപരമായ ആവിഷ്കാരത്തിന്റെ ഒരു രൂപമായിരുന്നില്ല. മറിച്ച് മനുഷ്യമനസ്സിന്റെ ആഴങ്ങളിലേക്കുള്ള ഒരു യാത്രയായിരുന്നു. തന്റെ ചിന്തകളിലൂടെ, അസ്തിത്വത്തിന്റെ നിഗൂഢതകളെക്കുറിച്ചും ഭാവനയും യാഥാർത്ഥ്യവും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ചും ചിന്തിക്കാൻ അദ്ദേഹം വായനക്കാരെ ക്ഷണിക്കുന്നു. കാല്പനിക കവികളിൽ പ്രമുഖനായ ഷെല്ലി കവിതയുടെ പരിവർത്തന ശക്തിയിൽ വിശ്വാസമർപ്പിച്ച പ്രതിഭയാണ്. നിലവിലെ വ്യവസ്ഥിതിയെ വെല്ലുവിളിക്കാനും മാറ്റത്തെ പ്രചോദിപ്പിക്കാനും ആഹ്വാനം ചെയ്ത ഷെല്ലിയുടെ ശബ്ദം ഇന്നും പ്രസക്തമാണ്. കവികൾ 'ലോകത്തിന്റെ നിയമനിർമ്മാതാക്കളാണ്' (Unacknowledged legislators of the world) എന്ന തന്റെ വാദത്തിൽ ഷെല്ലി വിഭാവനം ചെയ്തത് വാക്കുകൾക്ക് സമൂഹങ്ങളെ രൂപപ്പെടുത്താനും വിപ്ലവങ്ങൾ ആളിക്കത്തിക്കാനും ശക്തിയുണ്ട് എന്നതാണ്. സാമൂഹിക പരിവർത്തനത്തിനും ജ്ഞാനോദയത്തിനുമുള്ള ഒരു ശക്തിയായി കവിതയെക്കുറിച്ചുള്ള ഈ ആശയം റൊമാന്റിക് ചൈതന്യത്തിന്റെ നിലനിൽക്കുന്ന പാരമ്പര്യത്തിന്റെ ശക്തമായ ഓർമ്മപ്പെടുത്തലാണ്. ഭാവനാശക്തിയുടെ (imaginative power) പേരിൽ കവികളെ മൂല്യനിർണയം ചെയ്യുക എന്ന രീതിയാണ് കാല്പനിക വിമർശകരുടേത്. അതിനാൽ വിമർശകനും വിഭാവനാശക്തി വേണ്ടതാണ്. എന്നാൽ മാത്രമാണ് ഭാവനാസൃഷ്ടിയുടെ സൗന്ദര്യത്തിലേക്ക് കടന്നു ചെല്ലുവാൻ വിമർശകന് കഴിയുകയുള്ളൂ. റൊമാന്റിക് വിമർശനം സർഗാത്മകവും ഭാവനാത്മകവുമായി അവതരിപ്പിക്കപ്പെട്ടു.

## Keywords

കാല്പനിക വിമർശനം - പ്രതിഭയും ഭാവനയും - വേഡ്സ്വർത്ത് - ലിറിക്കൽ ബാലഡ്സിന്റെ മുഖവുര - കോളറിഡ്ജ് - ബയോഗ്രാഫിയ ലിറ്ററേറിയ - ഷെല്ലി

## Discussion

### കാല്പനിക വിമർശനം ( Romantic Criticism)

കാല്പനിക വിമർശനത്തിന് റൂസ്സോയുടെ ചിന്തകൾ പ്രേരണയായി മാറിയിട്ടുണ്ട്. 'ഞാൻ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനല്ലെങ്കിൽ വ്യത്യസ്തനെങ്കിലുമാണ്' (If I am not better, atleast I am different). റൂസ്സോയുടെ ഈ പ്രസ്താവനയിൽ കാല്പനികതയുടെ ചിന്ത പ്രസരിക്കുന്നുണ്ട്. നിയോക്ലാസിസത്തിന്റെ മരവിച്ച സാമൂഹിക വീക്ഷണത്തിനഭിമുഖമായി ഞാനെന്ന ഭാവത്തെ തീവ്രമായി പിടിച്ചുനിർത്തുന്നതാണ് ഈ പ്രസ്താവനയെന്ന് ഡോ. ഡി. ബെഞ്ചമിൻ കാല്പനികത എന്ന ലേഖനത്തിൽ വിശദീകരിക്കുന്നു. സമൂഹത്തേക്കാൾ വ്യക്തിയും വ്യക്തിയേക്കാൾ അയാളുടെ വികാരങ്ങളും ആദർശങ്ങളും പ്രധാനമാണെന്ന വിശ്വാസം, വ്യക്തിയുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിന് സമൂഹത്തോട് പ്രക്ഷോഭം കൂട്ടാനുള്ള വെമ്പൽ, സമൂഹത്തിന്റെ ജീവിത സാകല്യത്തിൽ തന്റേതുമാത്രമായ അസ്തിത്വം സ്ഥാപിച്ചെടുക്കാനുള്ള തീവ്രതരമായ യത്നം, ഈ ഉത്കടമായ വ്യക്തിപ്രതിഷ്ഠാപന വ്യഗ്രതയാണ് റൊമാന്റിസിസത്തിന്റെ ഊർജ്ജ സ്രോതസ്സ്. അതിനാൽ ബാഹ്യമായ ഒന്നും കാര്യമല്ല. 'നിങ്ങൾ' നിങ്ങൾ മാത്രമാണ് പ്രധാനം എന്ന ജർമ്മൻ ചിന്തകനായ നീഷെ (Nietzsche)യുടെ വാദം റൊമാന്റിസിസത്തിന്റെ സാരം ഉൾക്കൊള്ളുന്നു.

> ▶ ഉത്കടമായ വ്യക്തി പ്രതിഷ്ഠാപന വ്യഗ്രത

പ്രകൃതി സ്നേഹം, ഭാവന, വ്യക്തിപരം എന്നിങ്ങനെയുള്ള പ്രമേയങ്ങളാണ് കാല്പനിക വിമർശനത്തിന് അടിത്തറ നൽകിയത്. വേഡ്സ്വർത്തും കോളറിഡ്ജും ചേർന്നെഴുതിയ ലിറിക്കൽ ബാലഡ്സ് (The Lyrical Ballads) കാല്പനികവിമർശനത്തിന് അടിത്തറയൊരുക്കിയ കൃതിയാണ്. കാല്പനികതയെ സംബന്ധിക്കുന്ന സൂക്ഷ്മമായ വിവരങ്ങൾ പോലും ഈ കൃതിയുടെ പ്രത്യേകതയാണ്. കോളറിഡ്ജിന്റെ ബയോഗ്രാഫിയ ലിറ്ററേറിയ (Biographia Literaria) മറ്റൊരു പ്രധാനകൃതിയാണ്. വില്ല്യം ബ്ലേയ്ക്ക് (William Blake), റോബർട്ട് ബേൺസ് (Robert Burns), വേഡ്സ്വർത്ത്, കോളറിഡ്ജ്, വാൾട്ടർ സ്കോട്ട് (walter scot) എന്നിവർ കാല്പനിക വിമർശനത്തിന്റെ പ്രയോക്താക്കളാണ്. രണ്ടാം തലമുറയിൽപ്പെട്ട എഴുത്തുകാർ ജെയിൻ ഓസ്റ്റിൻ (Jane Austen), ലോഡ് ബൈറൺ (Lord Byron), പി.ബി. ഷെല്ലി, ജോൺ കീറ്റ്സ് എന്നിവരാണ്. പി.ബി. ഷെല്ലിയുടെ 'ഡിഫൻസ് ഓഫ് പൊയട്രി ( A Defence of Poetry)' മികച്ച രചനയാണ്. പ്ളേറ്റോ(Plato)യുടെ പല നിരീക്ഷണങ്ങളോടുമുള്ള ശക്തമായ വിമർശനമാണ് ഈ രചന. കാല്പനികതയും അതിനെത്തുടർന്ന് ഉണ്ടായ വിമർശനലോകവും ലോകസാഹിത്യത്തെ സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്തതായി കാണാം.

> ▶ വേഡ്സ്വർത്തും കോളറിഡ്ജും ചേർന്നെഴുതിയ ലിറിക്കൽ ബാലഡ്സ്

പതിനെട്ടാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന കാവ്യരചനയിലെ സവിശേഷമായ നിബന്ധനകളെയും രീതികളെയും തിരസ്കരിച്ചു കൊണ്ട് ഒരു പുതിയ ഭാവുകത്വം സൃഷ്ടിക്കുകയായിരുന്നു കാല്പനിക വിമർശനം. നിയോക്ലാസിസത്തിന്റെ രൂപനിർമ്മാണപരമായ നിയമങ്ങളെയും വികാരസംയമനശീലത്തെയും പാടെ നിരാകരിച്ച ഇവർ സ്വാതന്ത്ര്യം, പ്രചോദനം, മൗലികത എന്നിവയ്ക്ക് പ്രാധാന്യം കൽപ്പിച്ചു. ആത്മനിഷ്ഠതയും ഭാവതീവ്രതയും ഇച്ഛാശക്തിയുടെ പ്രകടനവും കാല്പനികരുടെ സവിശേഷതയാണ്. ഫ്രാൻസിൽ റൂസ്സോയുടെ സാമൂഹ്യചിന്തകൾ റൊമാന്റിക് മനോഭാവത്തിന്റെ വിത്തുകൾ നേരത്തെ വിതച്ചിരുന്നു. മനുഷ്യൻ സഹജമായി നല്ലവനാണെന്നും അയാളുടെ കഴിവുകൾ അപരിമേയമാണെന്നും കൃത്രിമമായ നിയമസംഹിതകൾ ഈ നന്മയെ നശിപ്പിക്കുന്നുവെന്നും ഉള്ള പ്രഖ്യാപനത്തിന്റെ ശക്തമായ സ്വാധീനം ആണ് യൂറോപ്പിൽ റൊമാന്റിസിസത്തെ ഉജ്ജ്വലമാക്കി തീർത്തത്.

- കാല്പനികതയുടെ സവിശേഷതകളാണ് ആത്മനിഷ്ഠതയും ഭാവതീവ്രതയും

കൃത്രിമമായ സാമൂഹ്യ നിയന്ത്രണങ്ങൾ എല്ലാം എടുത്തു കളഞ്ഞാൽ വ്യക്തിയുടെ കഴിവ് വികസിക്കുകയും അനന്തതയോളം വളരുകയും ചെയ്യും എന്ന ഉദ്ബോധനം സാഹിത്യത്തിൽ മാത്രമല്ല മതം, രാഷ്ട്രീയം എന്നീ മണ്ഡലങ്ങളിലും സ്വാധീനം ചെലുത്തി. ഇതുവയെല്ലാം റൊമാന്റിസിസത്തിന്റെ സംഭാവനയാണ്. കലാസൃഷ്ടികളിൽ ആദർശ പ്രേമത്തിന്റെ ആവിഷ്കാരവും ദുർജ്ജേയമായതിനെകുറിച്ചുള്ള അന്വേഷണവും റൊമാന്റിക്കുകളുടെ സ്വഭാവമാണ്. ഭാവനയെ (imagination) രൂപത്തിന്റെ (Form) അടിമത്തത്തിൽ നിന്നും മോചിപ്പിക്കുകയാണ് റൊമാന്റിക്കുകൾ ചെയ്ത ഏറ്റവും വലിയ പ്രവൃത്തി എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇംഗ്ലണ്ടിൽ 1790 മുതൽ 1830 വരെയുള്ള കാലഘട്ടത്തെയാണ് സാമാന്യമായി റൊമാൻറിക് ഘട്ടം എന്ന് പറയുന്നത്. അമിതമായ വ്യക്തിമഹത്വബോധം, അനിയന്ത്രിതമായ ഭാവനാവിലാസം, ഉൽക്കടമായ ആദർശാത്മകത, വികാരപരത, അപ്രാപ്യമായ അപാരതയെ സ്വാധീനിക്കാനുള്ള ആഗ്രഹം, അവ്യക്തമായ ദുഃഖം, സാഹിത്യനിയമങ്ങളെ ലംഘിക്കുന്നതിനുള്ള വാസന, സാമൂഹ്യബോധക്കുറവ് ഇവയെല്ലാം കാല്പനിക സൃഷ്ടികളിൽ പ്രകടമാണ്.

- സവിശേഷമായ ഒരു നൂതന സംവേദനശീലം, വികാരാവിഷ്കരണ സമ്പ്രദായം

വില്യം വേഡ്സ്വർത്ത്, കോളറിഡ്ജ് എന്നിവരിലൂടെയാണ് ഇത് പ്രകടമായത്. ഉന്നത ജീവിതാവിഷ്കാരത്തിൽ നിന്നും കവിത സാധാരണ മനുഷ്യരുടെ ജീവിതത്തിലേക്ക് പ്രവേശിക്കാൻ തുടങ്ങി. പ്രകൃതിസൗന്ദര്യം കവിതയുടെ പ്രധാന ഘടകമായി മാറി. ബൗദ്ധിക മണ്ഡലത്തിൽ നിന്നും കവിത ഭാവനയുടെയും വൈകാരികതയുടെയും അനുഭൂതി മണ്ഡലത്തിലേക്ക് വന്നു. ഗൃഹാതുരത്വം, സ്വാതന്ത്ര്യവാഞ്ഛ, സൗന്ദര്യാരാധന, സാമ്പ്രദായിക രീതികളോടുള്ള നിഷേധം, ഭാവഗാനാഭിമുഖ്യം എന്നിവ കവിതയിൽ പ്രധാന ഘടകമായി. വേഡ്സ്വർത്തിന്റെയും കോൾറിഡ്ജിന്റെയും കവിതകളിലൂടെ അനുവാചകർ ഈ പ്രവണതകളെ കൃത്യമായി തിരിച്ചറിഞ്ഞു. സാധാരണ മനുഷ്യരുടെ ഭാഷയെ കവിതയിലേക്ക് കൊണ്ടുവരാൻ ഇവർ ശ്രമിച്ചു. 1798-ൽ പ്രസിദ്ധീകരിച്ച ഇരുവരുടെയും കവിതകൾ അടങ്ങുന്ന 'ലിറിക്കൽ ബാലഡ്സ്' ഇംഗ്ലീഷ് കവിതയിലെ കാല്പനിക പ്രസ്ഥാനത്തിന്റെ വേദപുസ്തകമായി വിലയിരുത്തുന്നു. കാല്പനികതയെ നിർവചിക്കാ

- 'ലിറിക്കൽ ബാലഡ്സ്' കാല്പനിക പ്രസ്ഥാനത്തിന്റെ വേദപുസ്തകം

നും വിശദീകരിക്കാനും ഇവർ കൃതികളിലൂടെ ശ്രമിച്ചു. നിർവചനങ്ങളെ തിരുത്താനും പുതിയ കാലത്തിനനുസരിച്ച് വ്യഖ്യാനിക്കാനും ഇവർ പരിശ്രമിച്ചു.

## ഭാവനയെപ്പറ്റിയുള്ള (imagination) നിരീക്ഷണങ്ങൾ

കാല്പനിക നിരൂപണം വികാരത്തിനും ഭാവനയ്ക്കും പ്രാധാന്യം നൽകുന്നതാണ്. അതിനാൽ നിരൂപകർ കാവ്യ നിർവചനത്തിന് പുതിയ പരിപ്രേക്ഷ്യം കണ്ടെത്തി. ആഹ്ലാദത്തെ കവിതയുടെ പ്രധാന ധർമ്മമായി അംഗീകരിച്ചു. ഭാവനാശക്തിയുടെ പേരിൽ കവികളെ മൂല്യനിർണയം ചെയ്യുന്ന രീതിയാണ് കാല്പനിക നിരൂപകരുടേത്. ഷേക്സ്പിയർ സ്വന്തം ഭാവനാ ബലം കൊണ്ടാണ് വലിയ കവിയായതെന്നും ഭാവനയുടെ കുറവ് കൊണ്ടാണ് അലക്സാണ്ടർ പോപ്പ് (Alexander Pope) വലിയ കവിയാകാതിരുന്നതെന്നുമുള്ള നിരീക്ഷണം ഇതിനെ ശരിവയ്ക്കുന്നു. വേഡ്സ്‌വർത്തും കോളറിഡ്ജും ഷെല്ലിയും ഭാവനയെപ്പറ്റി പല നിരീക്ഷണങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. സൃഷ്ടി പ്രക്രിയയുടെ ആറുപടികളിൽ ഒന്നായിട്ടാണ് വേഡ്സ്‌വർത്ത് ഭാവനയെ കാണുന്നത്. ഭാവനയോടൊപ്പം വിചിത്രതയെ (Fancy) കൂടി ചേർക്കുന്നു. കോളറിഡ്ജ് ഭാവനയെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി കരുതി. ഭാവന നൈസർഗികമായ ഒരു സിദ്ധിയാണെന്നും ഇല്ലാത്ത ഒന്നിനെ സൃഷ്ടിക്കാനുള്ള കഴിവാണെന്നും വിലയിരുത്തപ്പെട്ടു. ബയോഗ്രാഫിയയുടെ 13-ാം അധ്യായത്തിലെ ഭാവനയെക്കുറിച്ചുള്ളചർച്ചയിൽ ഭാവന രണ്ടു വിധത്തിലുണ്ടെന്ന് അഭിപ്രായപ്പെടുന്നു. പ്രാഥമിക ഭാവനയെന്നും (Primary imagination) ദ്വിതീയഭാവനയെന്നും (Secondary Imagination) വേർതിരിച്ച് എന്തെന്ന് വിശദീകരിക്കുന്നു. കാല്പനിക കവിയായ ഷെല്ലി, കവിതയെ 'ഭാവനയുടെ ആവിഷ്കരണ'മെന്നാണ് നിർവചിക്കുന്നത്. ഭാവനയിലൂടെയാണ് കവി ആദർശലോകത്തിലേക്ക് പ്രവേശിക്കുന്നത്. യഥാർഥ ലോകത്തേക്കാൾ മനോഹരമാണ് ആദർശലോകമെന്നും പ്രസ്താവിക്കുന്നു.

- ഭാവന രണ്ടു വിധം പ്രാഥമിക ഭാവന, ദ്വിതീയഭാവന

## പ്രതിഭയും ഭാവനയും

കവിത്വത്തിന്റെ അടിസ്ഥാനം പ്രതിഭയാണെന്ന് പൂർവ്വികർ പറഞ്ഞുവെച്ചിട്ടുണ്ട്. സൃഷ്ടി കർമ്മത്തിൽ കവിയ്ക്ക് വളരെ പ്രാധാന്യമുണ്ട്. അസാമാന്യമായ ഭാവുകത്വം കവിക്കുണ്ടാകും എന്ന് നിരീക്ഷിക്കുന്നു. ബയോഗ്രാഫിയ ലിറ്ററേറിയയുടെ പതിനഞ്ചാമധ്യായത്തിൽ കവിയുടെ പ്രതിഭയെപ്പറ്റി കോളറിഡ്ജ് ചർച്ച ചെയ്യുന്നു. മൗലിക പ്രതിഭയ്ക്ക് നാല് ഘടകങ്ങൾ ഉണ്ടെന്നും അവയുടെ സമ്മേളനമാണ് പ്രതിഭയെമൂല്യവത്തായി തീർക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. കവിഭാവനയ്ക്ക് പരമപ്രാധാന്യം നൽകിയ കവിയാണ് ഷെല്ലി. കവിയുടെ പ്രതിഭാശേഷിയാണ് ഉദാത്തമായ ഭാവനകളെ സൃഷ്ടിക്കുന്നത്.

- കവിയുടെ പ്രതിഭാ ശേഷിയാണ് ഭാവനാസൃഷ്ടിക്കാധാരം

## വില്യം വേഡ്സ്‌വർത്ത് (William Wordsworth)

ലോകത്തെ മികച്ച കാല്പനിക കവികളിൽ ഒരാളാണ് വേഡ്സ്‌വർത്ത്. നഗര ജീവിതത്തെ ഭയപ്പെടുകയും ഗ്രാമീണ വിശുദ്ധിയിൽ ലയിക്കാൻ ഇഷ്ടപ്പെടുകയും ചെയ്ത കവിയാണ് വേഡ്സ്‌വർത്ത്. റൂസ്സോയുടെ 'പ്രകൃതി മനുഷ്യൻ' (Natural man) എന്ന സങ്കല്പത്തെ അദ്ദേഹം

ഏറെ ഇഷ്ടപ്പെട്ടിരുന്നു. ലിറിക്കൽ ബാലഡ്സ് എന്ന കാവ്യ സമാഹാരത്തിന്റെ അവതാരികയിൽ കവിതയെക്കുറിച്ചുള്ള ചില ദർശനങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. 18-ാം നൂറ്റാണ്ടിൽ പാശ്ചാത്യ സാഹിത്യത്തെ അടക്കി ഭരിച്ചിരുന്ന ക്ലാസ്സിക് പ്രവണതകളോടുള്ള എതിർപ്പാണ് ഈ അവതാരികയിലൂടെ അദ്ദേഹം പ്രകടിപ്പിച്ചത്. കവിത തീവ്രവികാരങ്ങളുടെ അനർഗളമായ പ്രവാഹമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വിഷയത്തിലും പ്രതിപാദനത്തിലും വല്ലാത്ത കൃത്രിമത്വം പ്രകടമായിരുന്ന 18-ാം നൂറ്റാണ്ടിലെ അംഗീകൃത കാവ്യനിർമാണരീതിയോട് വേഡ്സ്വർത്തിന് വലിയ എതിർപ്പുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാവ്യനിർവ്വചനം കാവ്യരചനയെക്കുറിച്ചും കവിയുടെ സർഗ്ഗശേഷിയെക്കുറിച്ചുമുള്ള പുതിയ വിലയിരുത്തലായിരുന്നു. തീവ്രവികാരങ്ങളുടെ (powerful feelings) ആവിഷ്കാരമാണ് കവിത എന്ന് പറയുമ്പോൾ വികാരാവിഷ്കാരമില്ലാത്തിടത്ത് കവിതയുടെ സർഗ്ഗശേഷി ഇല്ലായെന്നർത്ഥം. അനർഗ്ഗള പ്രവാഹ(spontaneous overflow)മെന്ന് പറയുമ്പോൾ കവിയുടെ രചനാപരവും ഭാവനാത്മകവുമായ സ്വാതന്ത്ര്യത്തെയാണ് അദ്ദേഹം ലക്ഷ്യം വയ്ക്കുന്നത്. നിയോക്ലാസ്സിക് കവിയെ പോലെ നിയമങ്ങളനുസരിച്ചും വികാരങ്ങളെ നിയന്ത്രിച്ചുമല്ല കവിത എഴുതേണ്ടത് എന്നാണ് ഈ നിർവ്വചനത്തിലൂടെ അദ്ദേഹം അർത്ഥമാക്കുന്നത്. വികാരങ്ങളെ നിയന്ത്രണാതീതമായി പ്രകടിപ്പിക്കുമ്പോഴാണ് കവിത ഉണ്ടാകുന്നതെന്ന് വേഡ്സ്വർത്ത് സൂചിപ്പിക്കുന്നത്. കവിത വികാരങ്ങളുടെയും ഭാവനകളുടെയും സ്വതന്ത്ര പ്രഖ്യാപനങ്ങളാണെന്ന് അവതാരികയിൽ അദ്ദേഹം അവകാശപ്പെടുന്നു.

> ▶ കവിത തീവ്രവികാരങ്ങളുടെ അനർഗള പ്രവാഹം

ഗ്രന്ഥത്തിന്റെ രണ്ടാം പകുതിയിൽ തന്റെ ആദ്യ കാവ്യനിർവ്വചനത്തെ അദ്ദേഹം പരിഷ്ക്കരിക്കുന്നുണ്ട്. പ്രശാന്തതയിൽ (tranauility) അനുസ്മരിക്കപ്പെടുന്ന വികാരങ്ങളിൽ നിന്നാണ് നല്ല കവിത ഉത്ഭവിക്കുന്നതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ഇതിലൂടെ തന്റെ ആദ്യ കാവ്യനിർവ്വചനത്തെ അദ്ദേഹം മാറ്റിപ്പറയുകയാണ്. ഈ നിർവ്വചനം കുറെക്കൂടി യുക്തിനിഷ്ഠവും തെളിവുള്ളതുമാണെന്ന് ടി.എസ്. എലിയറ്റ് (T. S. Eliot) അഭിപ്രായപ്പെടുന്നുണ്ട്. വികാരങ്ങളെ നിയന്ത്രണാതീതമായി പകർന്നുവെയ്ക്കുമ്പോഴല്ല, നിത്യജീവിതത്തിൽ വികാരാനുഭവങ്ങൾ ഉണ്ടായതിനുശേഷം മനസ്സ് പ്രശാന്തമായിരിക്കുന്ന അവസ്ഥയിൽ മുമ്പുണ്ടായ വികാരാനുഭവത്തെ സ്മരണയിലേക്ക് കൊണ്ടുവന്ന് ആവിഷ്ക്കരിക്കുമ്പോഴാണ് മികച്ച കവിതയുണ്ടാകുന്നത്. വെറും വികാരാവിഷ്ക്കാരമല്ല കവിത എന്നാണ് ഈ നിർവ്വചനം സൂചിപ്പിക്കുന്നത്. വികാരങ്ങളെ പ്രശാന്തമായ മനസ്സിന്റെ അടിത്തട്ടിൽ വച്ച് കവിയുടെ ഭാവനാശക്തി ഒരു സൗന്ദര്യാത്മക വസ്തുവായി രൂപാന്തരപ്പെടുത്തി അയാളുടെ ഓർമ്മയിലേക്ക് കൊണ്ടുവരുമ്പോൾ മാത്രമാണ് വികാരങ്ങൾ കവിതയായി മാറുന്നത്. ഇങ്ങനെ കാവ്യസൃഷ്ടിയും കവിയുടെ മനസ്സും തമ്മിലുള്ള ബന്ധത്തെ അവതരിപ്പിച്ചതിനുശേഷം ഏറ്റവും മഹത്തായ കലാരൂപം കവിതയാണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.

> ▶ പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരങ്ങളിൽ നിന്ന് നല്ല കവിത സൃഷ്ടിക്കപ്പെടുന്നു

കാവ്യവിഷയത്തേയും കാവ്യഭാവനയെയും സംബന്ധിക്കുന്ന പുതിയ സിദ്ധാന്തങ്ങളും അദ്ദേഹം അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഏതൊരു കവിയും കാവ്യവിഷയമാക്കേണ്ടത് ഗ്രാ

മീണരുടെ ജീവിതത്തെയും പ്രകൃതിയെയുമാണ്. ജീവിത പ്രകൃതി അതിന്റെ വിശുദ്ധിയിൽ കുടികൊള്ളുന്നത് ഗ്രാമങ്ങളിൽ മാത്രമാണ്. നഗരം മനുഷ്യഭാവനയെയും പ്രകൃതിയെയും കൃത്രിമവൽക്കരിച്ചിരിക്കുന്നു. അതുകൊണ്ട് ജീവിതത്തിന്റെ അന്തരാർത്ഥം തേടിപ്പോകുന്ന ഏതൊരു മനുഷ്യനും പ്രകൃതിയെ പ്രകീർത്തിക്കൻ ഇഷ്ടപ്പെടുന്ന കവികളും അവരുടെ ഭാവനയെ ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കണം. ലിറിക്കൽ ബാലഡ്സിൽ താൻ എഴുതിയ കവിതകളെല്ലാം മനുഷ്യനെയും പ്രകൃതിയയും പ്രകീർത്തിക്കുന്ന രചനകളാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്. വ്യാവഹാരികഭാഷയിൽ നിന്നും തെരഞ്ഞെടുത്ത ഭാഷ വേണം ഉപയോഗിക്കേണ്ടത്. സാങ്കേതികജടിലവും ശബ്ദാടോപ പ്രധാനവുമായ കൃത്രിമ പദരചനാ രീതിയോടുള്ള പ്രതിഷേധമാണ് വാസ്തവത്തിൽ ഈ നിലപാടിനുള്ള പ്രേരണ. 'ഫിഷ്' എന്നതിന് Funny tribes , 'ബേഡ്' എന്നതിന് Feathered flock എന്നും മറ്റുമാണ് മുൻപ് അഗസ്റ്റൻ (Augustan) കവികൾ പ്രയോഗിച്ചിരുന്നത്. പ്രയോജനം കൂടാതെതന്നെ ഇങ്ങനെ ചുറ്റിവളച്ചു പറയുന്നതിനെ പല പ്രമുഖകവികളും പരിഹസിച്ചിട്ടുണ്ട്. അരോചകമായ കൃത്രിമത്വം ഉപേക്ഷിക്കണമെന്നാണ് വേഡ്സ്വർത്തിന്റെയും വാദം.

- ഗ്രാമീണരുടെ ജീവിതത്തെയും പ്രകൃതിയെയും കാവ്യ വിഷയമാക്കുക

കവിതയും ഛന്ദസ്സും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ശ്രദ്ധേയമായ നിരീക്ഷണങ്ങൾ വേഡ്സ്വർത്ത് നടത്തുന്നുണ്ട്. ഛന്ദസ്സ് കവിതയെ സംബന്ധിച്ച് അനിവാര്യമായ ഘടകമല്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഛന്ദസ്സ് കവിതയുടെ സംഗീതത്തെയും ബഹ്യപ്രകൃതിയെയും പരിപോഷിപ്പിക്കും എന്നല്ലാതെ കവിതയുടെ ആന്തരികഘടനയുമായി യാതൊരു ബന്ധവുമില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. പദ്യത്തിലല്ലാതെയും മനോഹരമായ കവിതകൾ സൃഷ്ടിക്കാമെന്ന് അദ്ദേഹം എഴുതുന്നുണ്ട്. ഗദ്യമായാലും പദ്യമായാലും തീവ്രമായ വികാരാവിഷ്ക്കാരം എവിടെയുണ്ടോ അവിടെയൊക്കെ കവിതയുടെ സാന്നിധ്യം നമുക്ക് അനുഭവിക്കാൻ കഴിയും. അല്ലാതെ ഛന്ദസ്സിന്റെ നിയമങ്ങൾക്കനുസരിച്ച് രചിക്കപ്പെടുന്നവയെല്ലാം കവിതയായിത്തീരുന്നില്ല. അത് പദ്യം മാത്രമേ ആകുന്നുള്ളൂ. ഏറ്റവും ഉചിതവും മനോഹരവുമായ പദങ്ങളെ മനോഹരമായി സംവിധാനം ചെയ്യുന്നതാണ് കവിത. ഈ ചിന്തയുടെ അടിസ്ഥാനത്തിൽ ഗദ്യത്തിലും കവിത സൃഷ്ടിക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

- ഗദ്യത്തിലും കവിത സൃഷ്ടിക്കാം

1. ഒരു കവിയ്ക്ക് വേണ്ട പ്രത്യേക കഴിവുകളെ ആറായി അദ്ദേഹം തിരിക്കുന്നുണ്ട്.
2. നിരീക്ഷണത്തിനും വർണ്ണനത്തിനുമുള്ള പാടവം (Power of observation and description)
3. വസ്തുതകൾ ഉള്ളതുപോലെയും തനിക്കനുഭവപ്പെടുന്നതുപോലെയും പ്രകാശിപ്പിക്കാനുള്ള കഴിവ് (Sensibility)
4. ക്രിയകളുടെയും ചിന്തകളുടെയും പരസ്പരബന്ധത്തെയും അവയുടെ മൂല്യത്തെയും കുറിച്ചുള്ള ബോധം (Reflection)
5. ഭാവനാശക്തി: വസ്തുതകൾ പരിഷ്കരിച്ച് അവയ്ക്ക് നൂതനരൂപം നൽകാനുള്ള കഴിവ് ഉള്ള വസ്തുതകൾകൊണ്ടു പുതിയ ചുറ്റുപാടുകളെയും കഥാപാത്രങ്ങളേയും സൃഷ്ടിക്കാനുള്ള വൈഭവം (Invention)

- കവിയ്ക്ക് വേണ്ട ആറ് കഴിവുകൾ

6. മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ എങ്ങനെയെല്ലാം ഉപയോഗിക്കണമെന്ന് തീരുമാനിക്കുന്നതിനുള്ള വിവേചനശക്തി (Judgment).

## കാവ്യനിർവ്വചനം(Definition of poetry)

കവിതയുടെ നിർവ്വചനത്തെക്കുറിച്ചുള്ള വേഡ്സ്വർത്തിന്റെ നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. നിയോക്ലാസ്സിസം സൃഷ്ടിച്ച കാവ്യപാരമ്പര്യങ്ങളിൽ നിന്നും അകന്നുനിൽക്കുകയായിരുന്നു വേഡ്സ്വർത്ത്. കവിതയെ സംബന്ധിക്കുന്ന യാഥാസ്ഥിതിക ധാരണകളെ അദ്ദേഹം പൊളിച്ചെഴുതി. ലിറിക്കൽ ബാലഡ്സിന് എഴുതിയ മുഖവുരയിലാണ് തന്റെ കവിതാനിർവ്വചങ്ങൾ അദ്ദേഹം ഉൾപ്പെടുത്തിയിരിക്കുന്നത്. "Poetry is the spontaneous overflow of powerful feelings: it takes its origin from emotion recollected in tranquility." എന്നായിരുന്നു വേഡ്സ്വർത്തിന്റെ കാവ്യനിർവ്വചനം. വികാരങ്ങളുടെ അനർഗ്ഗള പ്രവാഹമാണ് വേഡ്സ്വർത്തിന് കവിത. അത് പ്രശാന്തയിൽ അനുസ്മരിക്കപ്പെടുമ്പോഴാണ് മികച്ച കവിതയായിത്തീരുന്നത്. സത്യത്തെക്കുറിച്ചുള്ള അന്വേഷണമാണ് അദ്ദേഹത്തിന് കവിത. ഒരു മനുഷ്യന് തന്നെപ്പറ്റിയും തന്റെ ചുറ്റുപാടുമുള്ള ലോകത്തെപ്പറ്റിയുമുള്ള ശരിയായ ജ്ഞാനമാണ് സത്യം. ശാസ്ത്രം കണ്ടെത്തുന്ന സത്യങ്ങൾ മനുഷ്യന് ഭൗതികമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നു. എന്നാൽ കവിത കണ്ടെത്തുന്ന സത്യങ്ങൾ ആത്മീയമാണ്. ശാസ്ത്രീയനേട്ടങ്ങൾ ശാസ്ത്രജ്ഞനെ സന്തോഷിപ്പിക്കുന്നു. സയൻസിനെക്കുറിച്ച് അറിയാവുന്ന മറ്റുള്ളവരും അതിൽ ആനന്ദം കണ്ടെത്തുന്നു. വേഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ കവിത കണ്ടെത്തുന്ന സത്യങ്ങൾ ജനങ്ങളുടെ രക്തത്തിലും ഹൃദയത്തിലുമാണ് അനുഭവപ്പെടുന്നത്. കവിത എല്ലാ അറിവുകളുടെയും ജീവശ്വാസവും ആത്മാവുമാണ്. എല്ലാ അറിവുകളും അതിലടങ്ങിയിട്ടുണ്ട്. വേഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ എല്ലാ മഹത്തായകവികളും മികച്ച അധ്യാപകരാണ്. തന്നെയും അധ്യാപകനായി കരുതണമെന്നും അദ്ദേഹം പറയുന്നു. അല്ലെങ്കിൽ താൻ ആരുമല്ല. ഒരു കവി തന്റെ പാഠങ്ങൾ പഠിക്കുന്നത് വികാരങ്ങളെ ശുദ്ധീകരിച്ചുകൊണ്ടാണ്. അല്ലാതെ ബുദ്ധിയെയോ വിവേകത്തെയോ ഒന്നും സ്വാധീനിച്ചുകൊണ്ടല്ല. ഈ ചിന്തയാണ് ഇതരകവികളിൽനിന്നും വേഡ്സ്വർത്തിനെ വ്യത്യസ്തനാക്കുന്നത്.

> ▶ വികാരങ്ങളുടെ അനർഗള പ്രവാഹമാണ് കവിത

## ലിറിക്കൽ ബാലഡ്സിന്റെ മുഖവുര (Preface to the Lyrical Ballads)

വേഡ്സ്വർത്തും കോളറിഡ്ജും ചേർന്നെഴുതിയ ലിറിക്കൽ ബാലഡ്സ് (Lyrical Ballads) കാല്പനികതയുടെ പ്രമാണഗ്രന്ഥമെന്ന പേരിലാണ് അറിയപ്പെടുന്നത്. 1798-ൽ പ്രസിദ്ധീകരിച്ച ഈ കൃതിയുടെ രണ്ടാം പതിപ്പ് 1800-ൽ പ്രസിദ്ധീകരിച്ചു. രണ്ടാം പതിപ്പിലാണ് വേഡ്സ്വർത്ത് മുഖവുര (preface) ചേർത്തിരിക്കുന്നത്. നിയോക്ലാസ്സിസം അവതരിപ്പിച്ച കാവ്യനിയമങ്ങളെയെല്ലാം തിരസ്കരിക്കുകയായിരുന്നു വേഡ്സ്വർത്തിന്റെ മുഖവുര. ലിറിക്കൽ ബാലഡ്സിൽ ഇരുപത്തിമൂന്ന് കവിതകൾ ചേർത്തിട്ടുണ്ട്. ഇതിൽ പത്തൊമ്പത് കവിതകൾ വേഡ്സ്വർത്തിന്റേതാണ്. നാല് കവിതകൾ കോളറിഡ്ജിന്റേതും. ഈ കൃതിയിലെ കവിതകളുടെ സ്വഭാവം, ഇതിലെ ഭാഷ, കവിയ്ക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ, കവി തെരഞ്ഞെടുക്കേണ്ട ഭാഷ, പ്രമേ

യം എന്നിവയെല്ലാം സവിസ്തരം മുഖവുരയിൽ വേഡ്സ്വർത്ത് വിശദമാക്കുന്നുണ്ട്. സാധാരണക്കാരുടെ ഭാഷയും ജീവിതവുമാണ് കവി ഉപയോഗിക്കേണ്ടത്. കവിത ലളിതവും സുതാര്യവുമായിരിക്കണം. നിത്യജീവിതത്തിൽ കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങളെ ഭാവനാത്മകമായി അവതരിപ്പിക്കാനുള്ള കഴിവ് കവിയ്ക്കുണ്ടായിരിക്കണം. അതായത് സാധാരണ ജീവിതത്തെ പകർത്തുക എന്നതായിരിക്കണം കവിയുടെ ധർമ്മം. Leech Gatherer, The Idiot Boy, The Solitary Reaper എന്നീ കവിതകൾ ഉദാഹരണങ്ങളാണ്. അനുഭവങ്ങളിൽനിന്നും കവിത ഉണ്ടാകണം. സാധാരണ മനുഷ്യന്റെ അനുഭവങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. തോമസ് ഗ്രെയുടെ (Thomas Gray) കവിതകൾ ഉദാഹരണമായി അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. തുടർന്ന് poetic process -നെക്കുറിച്ച് അദ്ദേഹം പറയുന്നു.

> ▶ ലിറിക്കൽ ബാലഡ്സ് കാല്പനികതയുടെ പ്രമാണ ഗ്രന്ഥം

object → poet → sensory experience → emotion → memory → kindred emotion → poem → reader → emotion. ഒരു വസ്തുവിനെ കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ അതിന്റെയുള്ളിലേക്ക് പ്രവേശിക്കാൻ കവിക്ക് കഴിയണം. വസ്തുവിന്റെ ആന്തരികാർത്ഥം കണ്ടെത്താനും വെളിപ്പെടുത്താനും കവിയ്ക്ക് കഴിയണം. ആനന്ദവും അറിവും നല്കാൻ വിധത്തിലാണ് കവിതയെ പാകപ്പെടുത്തേണ്ടത്.

## കാവ്യപ്രകൃതി (Nature of Poetry)

നിലനിൽക്കുന്ന കാവ്യശീലങ്ങളെ മാറ്റണമെങ്കിൽ കവിതയുടെ സ്വഭാവത്തെ പുനർ നിർവചിക്കേണ്ടതുണ്ട്. "അതിശക്ത വികാരങ്ങളുടെ നൈസർഗികമായ ബഹിർസ്ഫുരണമാണ് കവിത''(Poetry is spontenous overflow of powerful feelings) എന്നും "പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരങ്ങളിൽ നിന്നാണതിന്റെ ഉദയം'' എന്നും. നിർവചിക്കുമ്പോൾ കവിയുടെ അപ്രമാദിത്വം സ്ഥാപിക്കപ്പെടുന്നു. കവിത ഒരു സൃഷ്ടി ആണെന്നും സൃഷ്ടിയുടെ സമയത്ത് കവി ദൈവതുല്യനാണെന്നും വേഡ്സ്വർത്ത് അഭിപ്രായപ്പെടുന്നു. വികാരങ്ങൾക്ക് ആണ് പ്രാധാന്യം. കാരണം അത് പ്രകൃതിയുടെ പ്രാഥമിക നിയമങ്ങളെ വെളിപ്പെടുത്തുന്നു. ഇവിടെ പറയുന്ന കവിയുടെ വൈകാരികാവസ്ഥ സാധാരണക്കാരന്റെ വൈകാരിക ദുർബലതയിൽ നിന്നും വ്യത്യസ്തമാണ്. വികാരങ്ങളുടെ സംശോധനം കവി ഹൃദയത്തിൽ നടന്നിരിക്കും. ബാഹ്യവസ്തുക്കളെ നിരീക്ഷണം ചെയ്ത് മനസ്സിലിട്ട് പാകപ്പെടുത്തി ആദർശവൽകൃതരൂപത്തിലേക്ക് എത്തിക്കുന്നു. അതുകൊണ്ട് മൂല്യവത്തായ വികാരങ്ങൾ മാത്രമാണ് കവിതയായി തീരുന്നത്. ആ അവസ്ഥയിൽ വികാരങ്ങളും ചിന്തകളും ആഹ്ലാദവും ജ്ഞാനവും ഒരൊറ്റ ഏകകമായി കവിതയിൽ നിലനിൽക്കുന്നു. അതുകൊണ്ടാണ് സർവ്വ വിജ്ഞാനത്തിന്റേയും ആദിയും അന്തവും കവിത തന്നെയെന്ന് പറയുന്നത്. കവി ഭൂമിയാകെ കാലമാകെ പരന്നു കിടക്കുന്ന മാനവസമുദായത്തിന്റെ മഹാവിസ്തൃത സാമ്രാജ്യത്തെ ജ്ഞാനം കൊണ്ടും വികാരം കൊണ്ടും ബന്ധിച്ചു നിർത്തുന്നവൻ ആണ്. വേഡ്സ്വർത്തിന്റെ കാവ്യ പ്രകൃതിയെക്കുറിച്ചുള്ള സിദ്ധാന്തം തികച്ചും യാഥാസ്ഥിതികമാണെന്നാണ് ടി.എസ്. എലിയറ്റ് നിരീക്ഷിക്കുന്നത്.

> ▶ കാവ്യസൃഷ്ടിയുടെ സമയത്ത് കവി ദൈവതുല്യനായി തീരുന്നു

## കാവ്യഭാഷ (Poetic Diction)

നിയോക്ലാസിക് കാവ്യ ഭാഷയുടെ കൃത്രിമത്വവും ശൈലീകൃത രൂപവും വേഡ്സ്വർത്ത് ഇഷ്ടപ്പെട്ടിരുന്നില്ല. കഠിന പ്രയത്നം ആവശ്യപ്പെടുന്നതായിരിക്കരുത് കാവ്യഭാഷ. അനുഭവങ്ങളിൽ നിന്നാണ് കാവ്യഭാഷ രൂപം കൊള്ളുന്നത്. അനുഭവങ്ങളുടെ സ്വീകരണവും ആവിഷ്കരണവും സ്വാഭാവികവും നൈസർഗികവും ആയിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പരിഷ്കൃത ജീവിതം കൃത്രിമമാണ്. ഗ്രാമങ്ങളിലെ മനുഷ്യർ പ്രകൃതിയോട് ചേർന്ന് ജീവിക്കുന്നു. പരസ്പര വിനിമയത്തിന്റേയും ആശയ സമ്പർക്കത്തിന്റേയും പരിധി ചെറുതായതുകൊണ്ട്, അതായത് അനുഭവങ്ങളുടെ വ്യാപ്തി കുറവായതുകൊണ്ട് ഉള്ളവ കൂടുതൽ ത്രീവ്രമായിരിക്കും. അവരുടെ അനുഭവങ്ങൾ നിത്യമാണ്, അവരുടെ ഭാഷയും നിത്യമാണ്. അതുകൊണ്ട് തന്നെ കൂടുതൽ തത്വചിന്താപരമാണ്. പതിനെട്ടാം നൂറ്റാണ്ടിലെ കവികൾ ഛന്ദസിനും അലങ്കാരത്തിനും അമിത പ്രാധാന്യം നൽകിയിരുന്നു. കവിത ജീവിതത്തിൽ നിന്നും ഏറെ അകന്നു നിന്ന് സാധാരണക്കാരുടെ ജീവിതങ്ങൾ അവരുടെ തന്നെ ഭാഷയിൽ അവതരിപ്പിച്ചു. അത്തരമൊരു ഭാഷയിൽ പദ്യം, ഗദ്യം എന്ന വിഭജനം ഉണ്ടായിരിക്കുകയില്ല. കാവ്യാത്മകമായ ഗദ്യം (Poetic Prose) തന്നെ കവിത എന്നും നിരീക്ഷിച്ചു. അദ്ദേഹത്തിന്റെ സമകാലികരായിരുന്ന തോമസ് ഗ്രേയും കോളറിഡ്ജും ഇതിനെ വിമർശിച്ചിട്ടുണ്ട്. കവിതയെ വരേണ്യ വർഗത്തിൽ നിന്നും അടർത്തിമാറ്റി ജനാധിപത്യവൽകരിക്കുന്നതിൽ വേഡ്സ്വർത്തിന്റെ കാവ്യശൈലീ സിദ്ധാന്തം വളരെ വലിയ പങ്ക് വഹിച്ചു.

▶ കാവ്യഭാഷ ലളിതവും ഗ്രാമ്യവും ആയിരിക്കണം

## വിഷയം (Theme)

സാധാരണ ജീവിതത്തിൽ നിന്നുമുള്ള വസ്തുക്കളും സംഭവങ്ങളുമാണ് കവിതയ്ക്ക് വിഷയമാകേണ്ടത്. ഇത്തരത്തിലുള്ള വിഷയങ്ങളാണ് ലിറിക്കൽ ബാലഡ്സിലെ കവിതകൾക്ക് സ്വീകരിച്ചിരിക്കുന്നത്. 'സാധാരണ വസ്തുക്കളെ അസാധാരണത്വം പകർന്ന് ആവിഷ്കരിക്കുന്നതിനായി ഭാവനയുടെ വർണരേണുക്കൾ ഒരളവ് വരെ തളിച്ച് തെളിച്ചപ്പെടുത്തിയ ഭാഷയാണ് അവലംബിച്ചിരിക്കുന്നത്'. (നെല്ലിക്കൽ മുരളീധരൻ, പാശ്ചാത്യ സാഹിത്യ ദർശനങ്ങൾ) ഗ്രാമീണ ജീവിതം പ്രകൃതിയോട് ചേർന്ന് നിൽക്കുന്നു. മനുഷ്യനും, പ്രകൃതിയും വിഭജിക്കാവുന്ന തരത്തിലല്ല. "പ്രകൃതിയുടെയും മനുഷ്യന്റേയും ബിംബമാണ് കവിത'' (Poetry is the image of man and nature)എന്ന് വേഡ്സ്വർത്ത് പ്രഖ്യാപിക്കുന്നു.

▶ ഗ്രാമീണ വിഷയങ്ങൾ കവിതയ്ക്ക് സ്വീകരിക്കുന്നു

### കവിഭാവന

ലിറിക്കൽ ബാലഡ്സിന്റെ മുഖവുരയിൽ സൃഷ്ടി പ്രക്രിയയുടെ ആറു ഹേതുക്കൾ അഥവാ ആറു പടികളെക്കുറിച്ച് പറയുന്നുണ്ട്.

1. നിരീക്ഷണ വർണനം
2. ഭാവുകത്വം
3. പ്രതിഫലനം
4. ഭാവനയും മനോധർമ്മവും
5. കണ്ടെത്തൽ
6. നിർണയനം

ഈ ആറുപടികളിൽ നാലാമത്തെതാണ് ഭാവന. ഭാവനയെയും ഫാൻസിയേയും ഒരുമിച്ചാണ് പ്രതിഷ്ഠിക്കുന്നത്. ബാഹ്യവസ്തുക്കളുടെ മേൽ കവിമനസ്സ് നടത്തുന്ന വ്യാപാരമാണ് ഭാവന.' "സർഗപ്രക്രിയയെ സൂചിപ്പിക്കുന്ന ഒരു സംജ്ഞയാണ് ഭാവന. രൂപീകരണത്തിനുള്ള സിദ്ധിയാണത്. ഒരു വസ്തുവിനെ രൂപാന്തരീകരണത്തിലൂടെ അനുഭവിപ്പിക്കാൻ ഭാവനയ്ക്ക് കഴിയുന്നു. അനേകം വ്യത്യസ്ത ബിംബങ്ങളെ അത് അന്യോന്യം ബന്ധിപ്പിക്കുന്നു.നവീകരിക്കുന്നു. ഗോചരമാക്കിത്തരികയും ചെയ്യുന്നു. ഒപ്പം പുതിയ വസ്തുക്കളെ അത് സൃഷ്ടിക്കുകയും ചെയ്യുന്നു.. അനേകത്തെ ഏകീകരിക്കാനും ഏകത്തെ അനേകീകരിക്കാനും ഭാവന സജ്ജവും സമർത്ഥവുമാണ്. ' ( നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശങ്ങൾ)

> ▶ ബാഹ്യവസ്തുക്കളുടെ മേൽ കവി മനസ് നടത്തുന്ന വ്യാപാരമാണ് ഭാവന

## എസ്.ടി. കോളറിഡ്ജ് ( Samuel Taylor Coleridge)

സാമുവൽ ടെയ്ലർ കോളറിഡ്ജ് കവിയും നിരൂപകനും ദാർശനികനുമായിരുന്നു. 'ദുഃഖിതനായിരുന്ന് ലോകത്തെ ആനന്ദിപ്പിച്ച മനുഷ്യൻ' എന്നാണ് കോളറിഡ്ജിനെ വില്യം. ജെ. ലോങ്ങ് (William J. Long) വിശേഷിപ്പിക്കുന്നത്. വിഷാദരോഗം അദ്ദേഹത്തെ വല്ലാതെ അലട്ടി. അദ്ദേഹത്തിന്റെ വിവാഹജീവിതവും പരാജയമായിരുന്നു. എന്നിരുന്നാലും സത്യത്തിനും സ്വാതന്ത്ര്യത്തിനും സമർപ്പിക്കപ്പെട്ട ഒരു പത്രിക 'The Watchman' അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ പത്തുലക്കങ്ങൾക്ക് ശേഷം അത് അവസാനിപ്പിക്കേണ്ടി വന്നു. വേഡ്സ്വർത്തുമായുള്ള പരിചയമാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തിയത്. "ഞാൻ അറിഞ്ഞതിൽ ഏറ്റവും അതിശയിപ്പിക്കുന്ന മനുഷ്യന്" എന്നാണ് വേർഡ്സ്വർത്ത് അദ്ദേഹത്തെ വിശേഷിപ്പിച്ചത്. വേർഡ്സ്വർത്തുമായി ചേർന്നെഴുതിയ ലിറിക്കൽ ബാലഡ്സ് കാവ്യലോകത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട കൃതിയാണ്. നൂതനമായ കാവ്യ നിയമങ്ങളാണ് ഈ കൃതി അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ ബയോഗ്രാഫിയ ലിറ്ററേറിയ (Biographia Literaria) വേർഡ്സ്വർത്തിന്റെ സാഹിത്യചിന്തയുടെ വിശകലനവും വിമർശനവുമാണ്.

> ▶ ബയോഗ്രാഫിയ ലിറ്ററേറിയ

വൈരുദ്ധ്യങ്ങൾ നിറഞ്ഞതും വിസ്മയിപ്പിക്കുന്നതുമായിരുന്നു കോളറിഡ്ജിന്റെ ജീവിതം. 'ക്ഷതം പറ്റിയ ദൈവദൂതൻ' (Man Archangel - little damaged )എന്നാണ് ദീർഘകാലം സുഹൃത്തായിരുന്ന ചാൾസ് ലാംപ് അദ്ദേഹത്തെ വിശേഷിപ്പിച്ചത്. ലക്ചേഴ്സ് ഓൺ ഷേക്സ്പിയർ ആന്റ് അദേഴ്സ്, ബയോഗ്രാഫിയ ലിറ്ററേറിയ, ദ ഫ്രണ്ട്, ടേബിൾ ടോക്, ലെറ്റേഴ്സ്, കൺഫെഷൻ ഓഫ് ആൻ ഇൻക്വയറിംഗ് സ്പിരിറ്റ്, അനിമ പോയറ്റേ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. പാശ്ചാത്യസാഹിത്യ വിമർശനത്തിലെ ഏറ്റവും വലിയ കാല്പനിക വിമർശകനായ കോളറിഡ്ജിനെ ജർമ്മൻ ചിന്തകരായ കാന്റ്(Kant), ഷില്ലർ(Schiller) എന്നിവർ വളരെയധികം സ്വാധീനിക്കുകയുണ്ടായി. അവിശ്വാസത്തിന്റെ അവധിയെടുക്കൽ (Suspension of Disbelief) എന്ന പ്രഖ്യാതമായ പ്രയോഗം ഉൾപ്പെടെ, സാഹിത്യചിന്തയിൽ ഏറെ പ്രചാരം കിട്ടിയ പല പ്രയോഗങ്ങളും പദങ്ങളും കോളറിഡ്ജിന്റെ കണ്ടെത്തലുകളാണ്. എമേഴ്സൺ (Ralph Waldo Emmeson) വഴി അദ്ദേഹം അമേരിക്കൻ പരമജ്ഞാനവാദത്തെ ഗണ്യമായി സ്വാധീനിച്ചു. ദുഃഖവും പശ്ചാതാപവും ജീവിതത്തിൽ ഉടനീളം കൊണ്ടു നടന്ന കോളറിഡ്ജ്

> ▶ ക്ഷതം പറ്റിയ ദൈവദൂതൻ

നവീനമായ സാഹിത്യചിന്തകൾ ലോകത്തിന് സമ്മാനിച്ച പ്രതിഭാശാലിയായിരുന്നു.

ബയോഗ്രാഫിയ ലിറ്ററേറിയ എന്ന കൃതിയിലാണ് കോളറിഡ്ജിന്റെ വിമർശന ചിന്ത പ്രധാനമായും ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. ആത്മകഥയുടെയും സാഹിത്യസിദ്ധാന്തത്തിന്റെയും ദാർശനികാന്വേഷണത്തിന്റെയും വിചിത്രമായൊരു കൂട്ടിക്കുഴച്ചിലാണ് ഇതിലുള്ളത്. എന്നാൽ ഇതിൽ നിന്നും ഇഴപിരിച്ചെടുക്കാവുന്ന നിരൂപണചിന്ത മൂല്യവത്തായതും വസ്തുനിഷ്ഠവും മൗലികവുമാണ്. ഷേക്സ്പിയറുടെയോ മിൽട്ടന്റെയോ ഒരു വാക്കുപോലും കവിതയ്ക്ക് അർത്ഥഭംഗം വരാത്ത വിധത്തിൽ മാറ്റിയെഴുതാൻ കഴിയില്ല എന്നും അത്രമികച്ച കവിത്വസിദ്ധിയില്ലാത്ത കവികളുടെ വരികൾ അർത്ഥം നഷ്ടമാകാതെ പരാവർത്തനം ചെയ്യാമെന്നും കോളറിഡ്ജ് ചൂണ്ടിക്കാണിക്കുന്നു. അതിസൂക്ഷ്മമായി കവിതയെ വിശകലനം ചെയ്യുന്ന ഒരു നിരൂപകനെ ഇവിടെ കാണാം. ഷേക്സ്പിയർ, മിൽട്ടൺ, തോമസ് ഗ്രേ, വേർഡ്സ്വർത്ത് തുടങ്ങിയവർ എഴുതിയ കവിതകളും കാവ്യശൈലിയെയും ഇഴപിരിച്ച് വിശകലനം ചെയ്തിട്ടുണ്ട്. ഷേക്സ്പിയറിന്റെയും വേർഡ്സ്വർത്തിന്റെയും മുഖ്യകൃതികളെ അടിസ്ഥാനമാക്കി കോളറിഡ്ജ് എഴുതിയ വിമർശനങ്ങൾ വിമർശന സാഹിത്യത്തെ ഗണ്യമായി സ്വാധീനിച്ചു. കാവ്യഭാഷയെക്കുറിച്ച് വേർഡ്സ്വർത്ത് തുടങ്ങിവച്ച ചർച്ച കോളറിഡ്ജ് വിപുലീകരിച്ചു.

- ആത്മകഥയുടെയും സാഹിത്യസിദ്ധാന്തത്തിന്റെയും ദാർശനികാന്വേഷണത്തിന്റെയും വിചിത്രമായ കൂടിചേരൽ

## ബയോഗ്രാഫിയ ലിറ്ററേറിയ (Biographia Literaria)

വേഡ്സ്വർത്തും കോളറിഡ്ജും ചേർന്നെഴുതിയ ലിറിക്കൽ ബാലഡ്സ് എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ച് 18 വർഷങ്ങൾ കഴിഞ്ഞ് കോളറിഡ്ജ് കാവ്യഭാവനയെക്കുറിച്ചും ഭാഷയെക്കുറിച്ചും കാവ്യസിദ്ധാന്തങ്ങളെക്കുറിച്ചും ഒരുകൃതി രചിക്കുകയുണ്ടായി. അതാണ് വിമർശനത്തിന്റെ വേദപുസ്തകമെന്ന് അറിയപ്പെടുന്ന Biographia literaria. ഈ കൃതിയെ സ്കോട്ട് ജയിംസ് മഹത്തായ രചനയെന്ന് വിശേഷിപ്പിക്കുകയുണ്ടായി. എതിർപ്പും ആരാധനയും ഒരുപോലെ ലഭിച്ച ഈ കൃതി നിരൂപണലോകത്ത് ഏറെ ശ്രദ്ധേയമായ കൃതിയാണ്. ഈ കൃതിയുടെ ആരംഭത്തിൽ വേഡ്സ്വർത്തിന്റെ സിദ്ധാന്തങ്ങൾ തന്റെ ചിന്തയുടെ അർദ്ധശിശുവാണെന്ന് (Wordsworth's Preface is half a child of my own brain)കോളറിഡ്ജ് പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാലംവരെ ലോകത്ത് ഭാവന (imagination), കല്പന (fancy) എന്നത് ഭാവനയുടെ പര്യായങ്ങളായിട്ടാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ കോളറിഡ്ജ് ഫാൻസിയും ഇമാജിനേഷനും പരസ്പരബന്ധമില്ലാത്ത വ്യത്യസ്തമായ രണ്ട് മാനസിക ഭാവങ്ങളാണെന്ന് അഭിപ്രായപ്പെട്ടു. ഫാൻസി എന്നത് സർവ്വസാധാരണമായ മാനസികാവസ്ഥയാണ്. എന്നാൽ ഇമാജിനേഷൻ അപൂർവ്വം ചില വ്യക്തികളിൽ പ്രകടമാകുന്ന സൃഷ്ടിപരമായ മാനസികാവസ്ഥയാണ്.

- ഫാൻസിയും ഇമാജിനേഷനും

ഇമാജിനേഷൻ എന്ന് എപ്പോഴും വലിയ അക്ഷരങ്ങളിൽ എഴുതാറുള്ള കോളറിഡ്ജ് ഈ ഭാവനാശക്തി രണ്ട് തരത്തിൽ ഉണ്ടെന്ന് പറയുന്നു. പ്രാഥമികഭാവനയും (Primary Imagination) ദ്വിതീയ ഭാവനയും (Secondary Imagination). പ്രാഥമിക ഭാവന എല്ലാ മനുഷ്യരിലുമു

ണ്ട്. വ്യക്തിക്ക് അവന്റെ ആദ്യകാഴ്ചയിലുടെ ലഭിക്കുന്ന ഭാവനയാണ് പ്രാഥമിക ഭാവന. എന്നാൽ ദ്വിതീയ ഭാവന എല്ലാ മനുഷ്യരിലും കാണാൻ കഴിയില്ല. പ്രാഥമിക ഭാവനയിലൂടെ ലഭിക്കുന്ന അറിവുകളെ ഉരുക്കിയലിയിപ്പിച്ച് മറ്റൊരു ലോകം സൃഷ്ടിക്കാനുള്ള അപൂർവ്വമായ ശക്തിയാണ് ദ്വിതീയഭാവന. Esemplastic Imagination എന്നും ഈ ഭാവനയെ വിശേഷിപ്പിക്കാറുണ്ട്. Esemplastic എന്നാൽ ഉരുക്കിയലിയിപ്പിക്കുക എന്നാണർത്ഥം. വൈവിധ്യമാർന്ന അനുഭവങ്ങളെ ഉരുക്കിയലിയിപ്പിച്ച് ഒറ്റ ധാരയാക്കി അല്ലെങ്കിൽ കലാസൃഷ്ടിയാക്കി മാറ്റുവാനുള്ള അപൂർവ്വ സൃഷ്ടിവിശേഷമാണ് Esemplastic Imagination. ഈ ഭാവനാശക്തിയിലൂടെ ലഭിക്കുന്ന കാവ്യങ്ങൾ ആസ്വാദകനിൽ ക്രമരഹിതമായി കിടക്കുന്ന വൈകാരികാനുഭവങ്ങളെ ഏകീകരിക്കുമെന്നാണ് കോൾറിഡ്ജ് പറയുന്നത്. ഭാവനയുടെ വിരുദ്ധശക്തികളുടെ തുലനാവസ്ഥയും ഭിന്നിച്ചുനിൽക്കുന്ന ഭാവനകളുടെ വ്യഞ്ജനവും സൃഷ്ടിക്കുന്നത് ഒന്നാണെന്ന് സൂചിപ്പിച്ചു കൊണ്ട് കവിഭാവനയ്ക്ക് മന:ശാസ്ത്രപരമായ വ്യാഖ്യാനം കോളറിഡ്ജ് നൽകി. ആംഗല വിമർശനത്തിന് കോളറിഡ്ജ് നൽകിയ ഏറ്റവും മികച്ച സംഭാവന ഇതാണെന്ന് എം. എച്ച്. എബ്രാംസ് (M.H. Abrahams) പറയുന്നു. എന്നാൽ ഐ. എ. റിച്ചാർഡ്സിനെ(I.A. Richards)പ്പോലെയുള്ളവർ കോളറിഡ്ജിന്റെ ഈ സമീപനത്തെ അംഗീകരിച്ചുകൊണ്ട്തന്നെ ഭാവനയ്ക്ക് അദ്ദേഹം നൽകിയ സർവാതിശയിയായ പ്രാധാന്യത്തെ നിഷേധിക്കുകയാണ് ചെയ്തത്. ഭാവനയെ സംബന്ധിച്ചിടത്തോളം ദിവ്യരഹസ്യാത്മകമായി യാതൊന്നുമില്ലെന്ന് റിച്ചാർഡ് വാദിക്കുന്നു. ഗ്രാമീണജീവിതത്തിന്റെ നൈസർഗിക സ്വഭാവത്തെ കാവ്യഭാഷയാൽ ബന്ധപ്പെടുത്തിക്കൊണ്ടുള്ള വേർഡ്സ്വർത്തിന്റെ ചിന്തയുടെ നേരെയുള്ള ആക്രമണം ബയോഗ്രാഫിയ ലിറ്ററേറിയ എന്ന ഗ്രന്ഥത്തിലെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്.

▶ ആംഗല വിമർശനത്തിന് കോളറിഡ്ജ് നൽകിയ ഏറ്റവും മികച്ച സംഭാവന

കോളറിഡ്ജിന്റെ അഭിപ്രായത്തിൽ തത്വചിന്തകനല്ലാത്ത ഒരാൾ മികച്ച കവിയാകുന്നില്ല. കാരണം സകല വിജ്ഞാനത്തിന്റെയും ജീവവായുവും ശക്തിയുമാണ് കവിത. കവിതയ്ക്ക് പ്രാപിക്കാൻ കഴിയാത്ത വൈജ്ഞാനിക മേഖലകൾ ഒന്നും തന്നെ ഇല്ലെന്ന് പറയാം. അതുകൊണ്ട് ഒരാൾ ശ്രേഷ്ഠനായ കവിയായിത്തീരണമെങ്കിൽ അയാൾ തത്വജ്ഞാനിയായിത്തീരണം. ഋഷിയല്ലാത്തവൻ കവിയല്ല എന്ന ഭാരതീയ തത്വചിന്ത ഇവിടെ പ്രസക്തമാണ്. കാവ്യഭാഷ, കാവ്യവിഷയം എന്നിവയെ സംബന്ധിക്കുന്ന വേഡ്സ്വർത്തിന്റെ അഭിപ്രായങ്ങളെ കോളറിഡ്ജ് വിമർശിക്കുന്നുണ്ട്. വേഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ ഗ്രാമീണ മനുഷ്യരും ഗ്രാമീണ പ്രകൃതിയുമായിരിക്കണം കാവ്യവിഷയം. എന്നാൽ ഈ ആശയം സ്വന്തം കവിതയിൽ പുലർത്താൻ പോലും വേഡ്സ്വർത്തിന് കഴിഞ്ഞിട്ടില്ലെന്ന് കോളറിഡ്ജ് അഭിപ്രായപ്പെടുന്നു. വേഡ്സ്വർത്തിന്റെ കവിതകൾ ഉജ്ജ്വലങ്ങളായത് അതിലെ ഗ്രാമീണതകൊണ്ടുമാത്രമല്ല, അതിലെ ചിന്തകൾ കൊണ്ടും കഥാപാത്രങ്ങളുടെ ആദർശാത്മകത കൊണ്ടുമാണ്.

▶ ഋഷിയല്ലാത്തവൻ കവിയല്ല

കഥാപാത്രങ്ങളുടെ ചിന്തയും ജീവിതവും ഗ്രാമീണതയുമായി ഒരു തരത്തിലും ബന്ധപ്പെടുന്നില്ലെന്ന് കോളറിഡ്ജ് യുക്തിഭദ്രമായി അഭിപ്രായപ്പെടുന്നു. അതുപോലെ തന്നെ വേഡ്സ്വർത്തിന്റെ 'Ideal Poet' എന്ന കാവ്യം(concert) ശ്രേഷ്ഠമാകുന്നത് അതിലെ ഗ്രാമീണ ജീവിത

ത്തിന്റെ ആവിഷ്ക്കാരം കൊണ്ടല്ല, സാർവ്വലൗകികമായ മനുഷ്യസ്വഭാവത്തിന്റെ ബന്ധം കൊണ്ടാണെന്ന് കോളറിഡ്ജ് അഭിപ്രായപ്പെടുന്നു. ഗ്രാമീണ ഭാഷയെ ശുദ്ധീകരിച്ചെടുക്കുമ്പോഴാണ് മികച്ച ഭാഷയുണ്ടാകുന്നത്.'' ഗ്രാമീണർക്ക് പരിമിതമായ പദസമ്പത്തുമാത്രമേയുള്ളൂ. ആ പരിമിതമായ പദസമ്പത്തു കൊണ്ട് ഗ്രാമീണരുടെ വൈകാരികാനുഭവത്തെ സൃഷ്ടിക്കാൻ കഴിയില്ല." അതുകൊണ്ടാണ് വേഡ്സ്വർത്തിന്റെ കാവ്യഭാഷാസങ്കല്പം അർത്ഥശൂന്യമാണെന്ന് കോളറിഡ്ജ് അഭിപ്രായപ്പെടുന്നത്. അതുപോലെ ഛന്ദസ്സിന് കവിതയിൽ വലിയ പ്രാധാന്യമില്ലെന്ന വേഡ്സ്വർത്തിന്റെ അഭിപ്രായം കോളറിഡ്ജ് നിരാകരിക്കുന്നു. ഛന്ദസ്സ് കവിതയുടെ ജൈവിക ഘടനയാണ്. ഛന്ദസ്സ് ചേരുമ്പോഴാണ് കവിത സംഗീതാത്മകവും അനുഭൂതിസാന്ദ്രവുമായിത്തീരുന്നത്. അതുകൊണ്ട് ഛന്ദസ്സ് കവിതയിൽ നിന്ന് വേറിട്ടുനിൽക്കുന്ന ഒരു ഘടകമല്ലെന്ന് കോളറിഡ്ജ് സൂചിപ്പിക്കുന്നു. സാഹിത്യഭാവനയെക്കുറിച്ചുള്ള കോളറിഡ്ജിന്റെ സിദ്ധാന്തങ്ങൾ സാഹിത്യലോകത്ത് പലക്കെ അംഗീകരിക്കപ്പെടുന്നവയാണ്.

- വേഡ്സ്വർത്തിന്റെ കാവ്യഭാഷാസങ്കല്പം അർത്ഥശൂന്യമാണ്

ഒരാളെ കവിതയെഴുതാൻ പ്രേരിപ്പിക്കുന്നത് വ്യക്തിപരമായ താത്പര്യമോ ലാഭചിന്തയോ അല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. അവയ്ക്കതീതനായി നിൽക്കുന്നവനാണ് പ്രതിഭാശാലി. പ്രതിഭ ഉണ്ടായിരിക്കുക എന്നു പറഞ്ഞാൽ, സാർവ്വലൗകീകമായ നിലവാരത്തിൽ ജീവിക്കുക (To live in a universal level) എന്നാണർത്ഥം. തന്നെ തന്നെ അറിയുക എന്നല്ല, തനിക്കു ചുറ്റുമുള്ള എല്ലാ സഹജീവികളുടെ മുഖത്തും പൂക്കൾ, മരങ്ങൾ, മൃഗങ്ങൾ, സമുദ്രജലപ്പരപ്പുകൾ, എന്നിവയിലുമൊക്കെ പ്രതിഫലിക്കുന്നതെന്തും അറിയുക എന്നാണ് പ്രതിഭയ്ക്കർത്ഥം. അയാൾ മതനിഷ്ഠനായ ഒരു നല്ല മനുഷ്യൻ (Religious man) കൂടിയായിരിക്കണമെന്നും കോളറിഡ്ജ് അഭിപ്രായപ്പെടുന്നു.

- പ്രതിഭയുണ്ടായിരിക്കുകന്നാൽ സാർവ്വലൗകീകമായ നിലവാരത്തിൽ ജീവിക്കുക എന്നാണർത്ഥം

## കവിതാനിർവ്വചനം

ഒരു തത്വജ്ഞാനിയെപ്പോലെയാണ് കോളറിഡ്ജ് കവിതയെ നിർവ്വചിച്ചത്. വായനക്കാരന്റെ മനസ്സിൽ ആർദ്രതയുണ്ടാക്കാൻ കവിതയ്ക്ക് കഴിയണം. അതിന് കവി ഭാവനയ്ക്ക് പ്രാധാന്യം നൽകണം. മനുഷ്യനെ ഓർമ്മിപ്പിക്കാനും ആനന്ദിപ്പിക്കാനും കവിതയ്ക്ക് കഴിയണം. വൃത്തവും താളവും (meter and rythm)വാരി വിതറിയാൽ കവിത നിർമ്മിക്കാൻ കഴിയില്ല. വൃത്തവും താളവും സംഗീതവുമെല്ലാം കൃത്യമായി ലയിച്ചുകിടന്നാൽ മാത്രമേ കവിത നന്നാവുകയുള്ളൂ. സയൻസ് പോലെയല്ല കവിത. സത്യം പറയുക കവിതയുടെ ധർമ്മമല്ല. പക്ഷെ അതിന്റെ സ്വഭാവം കവിതയ്ക്ക് ഉണ്ടായിരിക്കണം. എന്നാൽ വൃത്തവും താളവുമില്ലാതെ മികച്ച കവിതകൾ ഉണ്ടായിട്ടുണ്ടെന്ന് കോളറിഡ്ജ് പറയുന്നുണ്ട്. "poetry of the highest kind may exist without meter". എന്നാണ് കോളറിഡ്ജ് അഭിപ്രായപ്പെടുന്നത്. കവിതയും ഗദ്യവും തമ്മിലുള്ള വ്യത്യാസവും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഗദ്യം ഭാവനയ്ക്ക് പ്രാധാന്യം നൽകുന്നില്ല. സത്യസന്ധമായ വിവരങ്ങൾക്കാണ് ഗദ്യം മുൻതൂക്കം നൽകുന്നത്. വൃത്തത്തിനോ താളത്തിനോ ഇവിടെ പ്രാധാന്യം ഇല്ല. എന്നാൽ കവിതയുടെ സ്ഥിതി മറിച്ചാണ്. ചുരുക്കത്തിൽ കോളറിഡ്ജിന്റെ കാവ്യ നിർവചനത്തിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

- വൃത്തവും താളവും വിതറിയാൽ കവിതയാവില്ല

▶ കോളറിഡ്ജിന്റെ കാവ്യനിർവചനത്തിലെ മൂന്നു കാര്യങ്ങൾ

1. ശാസ്ത്രത്തിൽ നിന്നും വ്യത്യസ്തമായ ആനന്ദമാണ് കവിതയുടെ ലക്ഷ്യം
2. വിവിധഘടകങ്ങളുടെ ഇണങ്ങിച്ചേരലിൽ നിന്നാണ് ആനന്ദം സിദ്ധിക്കുന്നത്
3. വിവിധഘടകങ്ങൾക്ക് ഓരോന്നിനും സമഗ്രഭാവത്തിനനുരൂപവും സവിശേഷവുമായ ആഹ്ലാദം ജനിപ്പിക്കുവാൻ കഴിയും

## കവി, കവി പ്രതിഭ (Poetic Genius)

ബയോഗ്രഫിയുടെ പതിനഞ്ചാം അധ്യായത്തിലാണ് കവിശക്തിയുടെ ലക്ഷണങ്ങൾ ചർച്ച ചെയ്യുന്നത്. ഷേക്സ്പിയർ കൃതികളെ അവലംബിച്ചാണ് കോളറിഡ്ജിന്റെ പ്രതിഭാവ്യാപാരം.അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൗലിക പ്രതിഭയുടെ മുഖമുദ്രകൾ നാലാണ്.

▶ കവിയുടെ ആത്മാവിൽ സംഗീതം ഉണ്ടായിരിക്കണം

1. **സംഗീതാത്മകത(Musical Quality):** പ്രമേയത്തോടുള്ള സംഗീതത്തിന്റെ സംയോജനം ഉചിതമായിരിക്കണം. സ്വരമാധുര്യം മൗലികമായി വന്നു ചേരുന്നതായിരിക്കണം. യാന്ത്രികമായിരിക്കരുത്. കവിയുടെ ആത്മാവിൽ സംഗീതം ഉണ്ടായിരിക്കണം.

▶ പ്രതിപാദ്യ വിഷയം സാർവ്വലൗകികമായിരിക്കണം

2. **വിഷയത്തിന്റെ തെരഞ്ഞെടുപ്പ് (Choice of subject matter) :** കവിത ആവുന്നതും ദുർബലമായ സ്വകീയ വികാരങ്ങളിൽ നിന്നും സ്വകാര്യ താല്പര്യങ്ങളിൽ നിന്നും എഴുത്തുകാരന്റെ ചുറ്റുപാടുകളിൽ നിന്നും വിദൂരസ്ഥമായിരിക്കണം. പ്രതിപാദ്യ വിഷയം സാർവ്വലൗകികമായിരിക്കണം. ആവിഷ്കരണം സത്യസന്ധമായിരിക്കണം.

▶ ചിന്തകളും വികാരങ്ങളും ഉണർന്നു വരേണ്ടത് വികാരത്തിൽ നിന്നാണ്

3. **ബിംബകല്പന(Imagination):** ബിംബങ്ങളും ചിന്തകളും ഉണർന്നു വരേണ്ടത് വികാരത്തിൽ നിന്നാണ്. കവിതയിലെ പ്രതിരൂപങ്ങൾ കവിതയിലെ സത്യങ്ങളാവുന്നത് വികാരം അവയ്ക്ക് രൂപം നൽകുമ്പോഴാണ്. മുഖ്യ വികാരത്താൽ പോഷിതമാക്കാത്തിടത്തോളം കവിത്വം സാക്ഷാത്കരിക്കപ്പെടുകയില്ല. വികാരത്തിന്റെ ഐക്യമാണ് കാവ്യത്തിന്റെ ആത്മാവ്.

▶ ആനന്ദത്തിന്റെ നിലനിൽപ്പ് ഗഹനമായ ചിന്തയിൽ നിന്നാണ്

4. **ചിന്തയുടെ ആഴവും ഊർജ്ജവും(Depth and Vigour of Thought):** ഗഹനമായ ചിന്തയാണ് കവിതയ്ക്ക് ഓജസ്സും വീര്യവും കൊടുക്കുന്നത്. ഒരു തത്വജ്ഞാനിയാവാത്ത ഒരാളും ഒരുകാലത്തും ഒരു കവിയായി തീർന്നിട്ടില്ല.കവിതയുടെ അടിയന്തിരലക്ഷ്യം ആനന്ദം ആണെങ്കിലും ആനന്ദത്തിന് നിലനിൽപ്പ് ലഭിക്കുന്നത് ഗഹനമായ ചിന്തയിൽ നിന്നാണ്. ചിന്തയുടെ ഊർജ്ജസ്വലതയാണ് ആഹ്ലാദത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നത്. കൃതികളിൽ സർഗ്ഗ ശക്തിയും വൈകാരികോർജ്ജവും ഏറ്റുമുട്ടി സഹവർത്തിക്കുന്നത് കോളറിഡ്ജ് ചൂണ്ടിക്കാട്ടുന്നു.

## ഇമാജിനേഷൻ, ഫാൻസി ( Imagination and Fancy)

കോളറിഡ്ജിന്റെ കാവ്യദർശനത്തിലെ ഏറ്റവും മൗലികമായ ഭാവം ഭാവനയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തമാണ്. ഭാവന സ്മര

ണയുടെ വകഭേദം ആണെന്നായിരുന്നു ലോക്കി(John Locke)-ന്റെയും ഹ്യൂമി (David Hume)ന്റെയും ഹാർലിയുടെയും മതം. ഇച്ഛാശക്തിയാണ് സ്മരണയെ ഭാവനയാക്കി വളർത്തിയെടുക്കുന്നത് എന്നായിരുന്നു ഇവരുടെ അഭിപ്രായം. കോളറിഡ്ജ് ഇതിന് ചെറിയൊരു വ്യത്യാസം വരുത്തി. ഇവരെല്ലാം ഭാവന എന്ന് വ്യവഹാരിച്ചിരുന്നതിനെ ഇദ്ദേഹം കൽപ്പന (Fancy) എന്ന വിഭാഗത്തിൽപ്പെടുത്തി. മനസ്സിന്റെ യാന്ത്രികമായ ചലനമാണ് കൽപ്പനാശക്തി എന്നും അത് ഇഷ്ടമുള്ള ഓർമ്മകളെ മാത്രം തിരഞ്ഞെടുത്ത് ഉദ്ഗ്രഥിച്ച് പുതുക്കി എടുക്കുകയാണ് ചെയ്യുന്നതെന്നും പരിശ്രമം കൊണ്ട് നേടിയെടുക്കാവുന്നതാണ് ഈ കഴിവ് എന്നും അദ്ദേഹം പറഞ്ഞു. അത് നൈസർഗികമായ ഒരു സിദ്ധി ആണെന്ന് അദ്ദേഹം സ്ഥാപിച്ചു. സൃഷ്ടിക്കാനുള്ള കഴിവാണത്, വിരുദ്ധങ്ങളായ വസ്തുതകളെ സമന്വയിപ്പിച്ച് സജീവമായ ഏകത്വമാക്കി മാറ്റാനുള്ള കഴിവാണ്. ബയോഗ്രാഫിയുടെ പതിമൂന്നാം അധ്യായത്തിലാണ് ഭാവനയെ(Imagination)ക്കുറിച്ച് അദ്ദേഹം ചർച്ച ചെയ്യുന്നത്. ഭാവന രണ്ടു വിധത്തിൽ ഉണ്ട്. പ്രാഥമിക (Primary)ഭാവനയും ദ്വിതീയ (Secondary)ഭാവനയും. ഇന്ദ്രിയങ്ങളാൽ ബാഹ്യലോക സമ്മർദ്ദങ്ങളെ സ്വാംശീകരിക്കാനുള്ള കഴിവാണ് പ്രാഥമിക ഭാവന. വസ്തുതകളെ ഗ്രഹിക്കാൻ നമ്മെ സഹായിക്കുന്ന മാനസിക ശക്തിയാണത്. ഇത് എല്ലാവർക്കും ഉള്ളതാണ്. എന്നാൽ ദ്വിതീയഭാവന എല്ലാവർക്കും ഉണ്ടായിരിക്കുകയില്ല. കവികളുടെ സിദ്ധി ആണത്. പ്രാഥമിക ഭാവനയിലൂടെ സ്വരൂപിച്ച് വെച്ചിട്ടുള്ള ഇന്ദ്രിയാനുഭവങ്ങളും സമ്മർദ്ദങ്ങളും ആണ് പുതിയ ഭാവനയുടെ അസംസ്കൃത വസ്തുക്കൾ. ഈ അസംസ്കൃത വസ്തുക്കളിൽ നിന്നും ആവശ്യമായവ തിരഞ്ഞെടുക്കുകയും അവയെ സൗന്ദര്യവസ്തുക്കൾ ആക്കി മാറ്റുകയുമാണ് ദ്വിതീയഭാവന ചെയ്യുന്നത്. ദ്വിതീയഭാവന ഗ്രഹിക്കുകയല്ല ഗ്രഹിച്ചതിനെ പുനഃസൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ദ്വിതീയഭാവന കവിതയിൽ നിർവഹിക്കുന്നത് വികാരങ്ങളുടെ അനുസ്മരണമല്ല, പുനഃസൃഷ്ടിയാണ്.

> ▶ കവികളിൽ മാത്രം കാണുന്നതാണ് ദ്വിതീയഭാവന

## പി.ബി. ഷെല്ലി (Percy Bysshe Shelley)

പത്തൊൻപതാം നൂറ്റാണ്ടിലെ ശ്രദ്ധേയനായ കവിയാണ് പി.ബി. ഷെല്ലി. ഷെല്ലി(P.B.Shelly)യും കീറ്റ്സും(John keats), ബൈറണും(Lord Byrun) ചേർന്നതാണ് കാല്പനികയുഗത്തിലെ കവിത്രയം. കുട്ടിക്കാലം മുതൽ സങ്കല്പലോകത്ത് ജീവിച്ചിരുന്ന ഷെല്ലി ഒരു റൊമാന്റിക് കവി എന്ന പേരിലാണ് ലോകത്ത് അറിയപ്പെടുന്നത്. അധികാരസ്ഥാപനങ്ങളോടും കുടുംബവ്യവസ്ഥകളോടും അദ്ദേഹം എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. ഷെല്ലിയുടെ ജീവിതരീതിയോടും ആശയങ്ങളോടും യാഥാസ്ഥിതിക സമൂഹം എന്നും എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. ഷെല്ലിയുടെ മരണ വാർത്ത അന്നത്തെ പ്രമുഖ പത്രമായ ക്യൂരിയർ റിപ്പോർട്ട് ചെയ്തത് ഇങ്ങനെയായിരുന്നു.' "വിശ്വാസവഞ്ചനയുടെ കവിതകൾ എഴുതിയ ഷെല്ലി മുങ്ങിചത്തു. ദൈവം ഉണ്ടോ ഇല്ലയോ എന്ന് അയാൾക്ക് ഇപ്പോൾ മനസ്സിലായിക്കാണും.''ഷെല്ലിയുടെ ഏറ്റവും ശ്രദ്ധേയമായ കൃതി 'എ ഡിഫൻസ് ഓഫ് പോയട്രി' (A Defence of Poetry) ആണ്. 1821-ൽ പ്രസിദ്ധീകരിച്ച ഈ രചനയിലാണ് കവിതയെക്കുറിച്ചും കവിയെക്കുറിച്ചുമുള്ള തന്റെ നിരീക്ഷണങ്ങൾ അദ്ദേഹം പങ്കുവച്ചത്. കല

> ▶ കവി ഒരു പ്രക്ഷോഭകാരിയാണ്

യുടെ സാമൂഹിക ലക്ഷ്യവും സമൂഹത്തിൽ കലാകാരന്റെ സ്ഥാനവും ഈ കൃതിയിൽ അദ്ദേഹം വിശദീകരിക്കുന്നു. കവി വിപ്ലവം പ്രവചിക്കുക മാത്രമല്ല, മാറ്റത്തിന്റെ പ്രക്രിയയിൽ സജീവമായി പങ്കാളിയാകുകയും ചെയ്യുന്നു. വാസ്തവത്തിൽ കവി ഒരു പ്രക്ഷോഭകാരിയാണ്(Revolutionary.

ഷെല്ലിയെ സംബന്ധിച്ചെടുത്തോളം കവികൾ ലോകത്തിലെ അംഗീകരിക്കപ്പെടാത്ത നിയമനിർമ്മാതാക്കളാണ് (Unacknoledged Legislature) കലയെ ഉല്ലാസത്തിനു വേണ്ടിമാത്രമല്ല, സാമൂഹിക മാറ്റത്തിനുവേണ്ടി സൃഷ്ടിക്കുക എന്നതും കവികളുടെ ഉത്തരവാദിത്തമാണ്. കാലത്തിനനുസരിച്ച് കവി മാറണം. പരിവർത്തനാത്മകമായ കല സൃഷ്ടിക്കണം. തന്റെ സാമൂഹിക ധർമ്മം നിർവ്വഹിക്കുന്നതിൽ കവി ജാഗ്രത പാലിക്കണം. "എ ഫിലോസഫിക് വ്യൂ ഓഫ് റിഫോം' ( A Philosophical View of Reform) എന്ന തന്റെ മുൻ രാഷ്ട്രീയ ലേഖനത്തിൽ കവികളും തത്വചിന്തകരും അംഗീകരിക്കപ്പെടാത്തവരാണ് എന്ന് അദ്ദേഹം എഴുതിയിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചെടുത്തോളം കവികളും തത്വചിന്തകരും നിയമവിരുദ്ധമായ അധികാരത്തോട് എന്നും യുദ്ധം ചെയ്യുന്നവരാണ്. കവിത ഒരു രോഗശാന്തിയല്ലെന്ന് പ്രഖ്യാപിച്ച ഷെല്ലി സമൂഹികമാറ്റത്തിന്റെ ഉത്പന്നമായി (Product of Social change) കവിതയെ വിശദീകരിച്ചു. കാല്പനികതയിലെ വിപ്ലവം കൊണ്ടും വിപ്ലവത്തിലെ കാല്പനികത കൊണ്ടും അദ്ദേഹം വായനക്കാരെ വിസ്മയിപ്പിച്ചു. സമരോത്സുകനും (Fiery) വികാരതീവ്രത (Passion) രക്തത്തിൽ അലിഞ്ഞുചേർന്നയാളുമായിരുന്നു ഷെല്ലി. സമൂഹം മാറേണ്ടതുതന്നെയാണെന്നും അതിനായി തനിക്ക് ചിലതെല്ലാം ചെയ്യാനുണ്ടെന്നും ഷെല്ലി കരുതിയിരുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം (Liberty, Equality, Fratenity) എന്നിവയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ അദ്ദേഹം സ്വപ്നം കണ്ടു.

> ▶ കവിത ഒരു രോഗശാന്തിയല്ല

ചൂഷണാധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം കവികളുടെ പോരാട്ടം തുടർന്നുകൊണ്ടിരിക്കും. തൊഴിലാളിവർഗ്ഗത്തെ അഭിസംബോധന ചെയ്യുന്ന കവിത അതുകൊണ്ടുതന്നെ എന്നും പ്രസക്തമാണ്. അതുകൊണ്ടാണ് മാനവരാശിയുടെ അംഗീകാരം കിട്ടാത്ത നിയമനിർമ്മാതാക്കളാണ് കവികളെന്ന് ഷെല്ലി അഭിപ്രായപ്പെട്ടത്. അദ്ദേഹത്തിന്റെ 'പടിഞ്ഞാറൻ കാറ്റിനോട്'(Ode to West Wind) എന്നകവിത സമൂഹത്തെ വിപ്ലവാത്മകമായി മാറ്റിത്തീർക്കാനുള്ള കവിയുടെ ശ്രമമാണ്. പടിഞ്ഞാറൻ കാറ്റിനെ മാറ്റത്തിന്റെ സന്ദേശവാഹകനായാണ് അവതരിപ്പിക്കന്നത്. പ്രകൃതിയുടെ എല്ലാ ഘടകങ്ങളും ഇതിലുണ്ട്. കാറ്റിനോട് മനുഷ്യനെ ഉണർത്താൻ കവി ആഹ്വാനം ചെയ്യുന്നു. ഹേമന്തം വന്നാൽ വസന്തത്തിന് വരാതിരിക്കാനാവില്ലല്ലോ("If wintwer comes, cna Spring be far behind?") എന്നാണ് കവി ഒടുവിൽ പറഞ്ഞുവയ്ക്കുന്നത്. ജീവിതദുരിതങ്ങളിൽ വേദനിക്കുന്ന മനുഷ്യർക്കാകെ പുതിയ പ്രതീക്ഷയും പുത്തൻ സ്വപ്നങ്ങളും നൽകുന്നതാണ് പടിഞ്ഞാറൻ കാറ്റ്. ഷെല്ലിയുടെ കവിതകളെല്ലാം കാല്പനിക കവിതയുടെ അടയാളങ്ങളായി ലോകം അംഗീകരിച്ചു. അതോടൊപ്പംതന്നെ സമൂഹത്തെ മാറ്റിമറിക്കാനുള്ള ശേഷി കവികൾക്കുണ്ടെന്ന അദ്ദേഹത്തിന്റെ നിരീക്ഷണവും ഏറെ ശ്രദ്ധ നേടുകയുണ്ടായി.

> ▶ സമൂഹത്തെ മാറ്റിമറിക്കാനുള്ള കഴിവ് കവികൾക്കുണ്ട്

## കവി ലോകത്തിന്റെ നിയമനിർമ്മാതാവ് എന്ന നിരീക്ഷണം

1821-ൽ എഴുതിയ ഡിഫൻസ് ഓഫ് പോയട്രി എന്ന കൃതിയിലാണ് 'കവി ലോകത്തിന്റെ നിയമനിർമ്മാതാവ്' എന്ന നിരീക്ഷണത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ കൃത്യമായി ഉന്നയിക്കുന്നത്. തോമസ് ലൗ പീകോക്ക് (Thomas Love Peacokk) എന്ന വിമർശകന്റെ Four Ages of Poetry എന്ന കൃതിക്കുള്ള മറുപടിയായിട്ടാണ് ഷെല്ലി ഡിഫൻസ് ഓഫ് പോയട്രി എഴുതുന്നത്. തോമസ് ലൗ പീകോക്ക് കവിതയെ നാലു ഭാഗങ്ങളാക്കി തിരിക്കുന്നുണ്ട്. 1. Iron Age 2. Golden Age 3. Silver Age 4. Age of Brass. ഇത്തരം നിരീക്ഷണത്തെ ഷെല്ലി വിമർശിച്ചിരുന്നു. ഷെല്ലി തന്റെ കൃതിയെ മൂന്ന് ഭാഗങ്ങളായി തിരിക്കുന്നു.

▶ ഡിഫൻസ് ഓഫ് പോയട്രി

1. Definition of Poetry
2. Noble Nature of Poetry
3. Defence of Poetry.

കവിതയെ ആഴത്തിൽ പഠനവിധേയമാക്കുകയാണ് ഷെല്ലി. കവിത തത്വചിന്തയേക്കാളും ചരിത്രത്തെക്കാളും മികച്ചതാണെന്ന വാദം ഷെല്ലി ഉന്നയിക്കുന്നുണ്ട്. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തോടുള്ള അനുകൂല സമീപനമായിരുന്നു ഇത്. കവിത അനുകരണമാണെന്ന പ്ലേറ്റോയുടെ വാദത്തെ ഷെല്ലി തിരസ്കരിക്കുന്നു. അതുപോലെ വൃത്തവും താളവും കവിതയുടെ ആവശ്യഘടകമാണെന്ന അഭിപ്രായത്തോടും ഷെല്ലി യോജിക്കുന്നില്ല. ചിന്തയാണ് പ്രധാന ഘടകമെന്ന് അദ്ദേഹം പറയുന്നു. ദാന്തെ(Dante Alighieri)യേയും മിൽട്ട(John Milton)നെയും താരതമ്യം ചെയ്യുമ്പോൾ ദാന്തെയാണ് മികച്ച കവിയെന്ന് ഷെല്ലി അഭിപ്രായപ്പെടുന്നു. കവിതയിൽ ഭാവനയ്ക്ക് വലിയ പ്രാധാന്യമുണ്ട്. യുക്തിയിലൂടെ മാത്രമല്ല, ഭാവനയിലൂടെയും ലോകത്തിന്റെ സൗന്ദര്യത്തെ തിരിച്ചറിയാൻ കഴിയും. ഈ തിരിച്ചറിവിൽ നിന്നും മഹത്തായ നാഗരികതകൾ രൂപപ്പെടുത്താൻ കഴിയും. ഷെല്ലിയുടെ അഭിപ്രായത്തിൽ കവികൾ നാഗരികതയുടെ നിർമ്മാതാക്കളാണ്. ഭാഷയുടെയും സംഗീതത്തിന്റെയും നൃത്തത്തിന്റെയും വാസ്തുവിദ്യയുടെയും നിർമ്മാതാക്കൾ മാത്രമല്ല കവികൾ; അവർ നിയമങ്ങളുടെയും സിവിൽ സമൂഹത്തിന്റെയും സ്ഥാപകരുമാണ്. 'But poets, or those who imagine and express this indestructible order, are not only the authors of language and of music, of dance, and architecture, and statuary and painting, they are the institutors of laws, and the founders of civil society, and the inventors of the arts of life, and the teachers, who draw into a certain propinquity with the beautiful and the true that partial apprehension of the agencies of the invisible world which is called religion''.ചരിത്രത്തിലുടനീളം കവി നിയമനിർമ്മാതാവായിരുന്നു. കവികൾ ഭാഷാ മധ്യത്തിൽ പ്രവർത്തിക്കുന്നതിനാൽ മറ്റ് കലാകാരന്മാരെക്കാൾ പ്രശസ്തി അവർക്ക് ലഭിച്ചിട്ടുണ്ട്. കവിയ്ക്ക് ലോകത്തെ ഒരു പുതിയ വെളിച്ചത്തിൽ കാണാൻ കഴിയും. കവികൾ ലോകത്തിൽ മറഞ്ഞിരിക്കുന്ന സൗന്ദര്യത്തെ വെളിച്ചത്ത് കൊണ്ടുവരുന്നു.

▶ കവികൾ നാഗരികതയുടെ നിർമ്മാതാക്കളാണ്

## Summarised Overview

കാല്പനിക നിരൂപണം (Romantic Criticism) കവിതയുടെ സത്തയിലേക്ക് ആഴ്ന്നിറങ്ങുന്നു, മനുഷ്യ ഭാവനയുമായുള്ള അതിന്റെ അഗാധമായ ബന്ധം പര്യവേക്ഷണം ചെയ്യുന്നു. ഭാവനയുടെ പരിവർത്തന ശക്തിയെ പ്രകീർത്തിച്ച വില്യം വേർഡ്സ്വർത്തിനെപ്പോലുള്ള കവികളുടെ പ്രതിഭയോടുള്ള വിലമതിപ്പാണ് അതിന്റെ കാതൽ. വേർഡ്സ്വർത്തിന്റെ 'ലിറിക്കൽ ബാലഡ്സ്' എന്ന കൃതിയിലെ കവിതകൾ ഉദാഹരണമായി സ്വീകരിക്കാം. പ്രകൃതിയുടെ അസംസ്കൃത സൗന്ദര്യവും മനുഷ്യാനുഭവത്തിന്റെ ആഴവും ഉപയോഗിച്ച് കാവ്യ ആവിഷ്കാരത്തിന്റെ അതിരുകൾ പുനർനിർവചിക്കുന്നു. എസ് ടി കോളറിഡ്ജ്, തന്റെ 'ബയോഗ്രാഫിയ ലിറ്ററേറിയ'യിൽ, കവിതയിലെ ഭാവനയുടെ പങ്ക് കൂടുതൽ പ്രകാശിപ്പിക്കുന്നു, ലൗകികതയെ മറികടക്കാനും അഗാധമായ വൈകാരിക പ്രതികരണങ്ങൾ ഉണർത്താനുമുള്ള അതിന്റെ കഴിവിനെ ഊന്നിപ്പറയുന്നു. അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകളിലൂടെ, കവിയുടെ ഭാവന സാർവത്രിക മനുഷ്യാനുഭവങ്ങളുമായി ഇഴചേർന്ന് നിൽക്കുന്ന ഒരു മാധ്യമമായി മാറുന്നു. കവിതയെ കുറിച്ച് ആഴത്തിലുള്ള ധാരണ നമുക്ക് ഇവിടെ നിന്ന് ലഭിക്കും.

കവിയുടെ ഉള്ളിലെ ചിന്തകളുടെയും വികാരങ്ങളുടെയും ആവിഷ്കാരത്തിനുള്ള ഉപാധിയായി കവിതയെ പര്യവേക്ഷണം ചെയ്യുന്നതാണ് റൊമാന്റിക് നിരൂപണത്തിന്റെ കേന്ദ്രം. കവി പ്രതിഭയെക്കുറിച്ചുള്ള കോളറിഡ്ജിന്റെ പരിശോധന, കവിത ഉയർന്നുവരുന്നത് സർഗ്ഗാത്മകതയുടെ ആഴത്തിലുള്ള വ്യക്തിഗത ഉറവയിൽ നിന്നാണ് എന്ന ആശയത്തിന് അടിവരയിടുന്നു. കൂടാതെ, കോളറിഡ്ജിന്റെ ഭാവനയുടെയും ഫാൻസിയുടെയും പര്യവേക്ഷണം കാവ്യാത്മക ആവിഷ്കാരത്തിന്റെ വ്യാപ്തി വിപുലീകരിക്കുന്നു. മനുഷ്യാവസ്ഥയെക്കുറിച്ചുള്ള സത്യങ്ങളുമായി പ്രതിധ്വനിക്കുമ്പോൾ തന്നെ വായനക്കാരെ അതിശയകരമായ മേഖലകളിലേക്ക് കൊണ്ടുപോകാനുള്ള അതിന്റെ കഴിവ് വെളിപ്പെടുത്തുന്നു. ഈ ചർച്ചകളിലൂടെ, കവിതയെ കേവലം ഒരു സാഹിത്യരൂപം എന്ന നിലയിലല്ല, കവിയുടെ ഭാവനാത്മക ദർശനത്തിന്റെയും മനുഷ്യമനസ്സിന്റെ സമ്പന്നതയുടെയും പ്രതിഫലനമായി നാം വിലയിരുത്തുന്നു.

റൊമാന്റിക് ക്രിട്ടിസിസത്തിന്റെ മണ്ഡലത്തിൽ, കവിയെക്കുറിച്ചുള്ള പി.ബി. ഷെല്ലിയുടെ അവകാശവാദം കവിതയുടെ പരിവർത്തന സാധ്യതകളെ ഉൾക്കൊള്ളുന്നു. ഷെല്ലിയുടെ നിരീക്ഷണങ്ങൾ കാവ്യ ആവിഷ്കാരത്തിന്റെ സാമൂഹിക സ്വാധീനം പരിഗണിക്കാൻ നമ്മെ ക്ഷണിക്കുന്നു, കൂട്ടായ ബോധത്തെ രൂപപ്പെടുത്താനും പ്രചോദിപ്പിക്കാനുമുള്ള ശക്തി കവിതയ്ക്കുണ്ടെന്ന് സൂചിപ്പിക്കുന്നു. നിലവിലുള്ള മാനദണ്ഡങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും വെല്ലുവിളിക്കാൻ കഴിവുള്ള ഒരു ദർശനാത്മക വ്യക്തിയായി കവിയെ അവതരിപ്പിക്കുന്നതിലൂടെ, നമുക്ക് ചുറ്റുമുള്ള ലോകത്ത് കവിതയുടെ അഗാധമായ സ്വാധീനം തിരിച്ചറിയാൻ ഷെല്ലി നമ്മെ വെല്ലുവിളിക്കുന്നു. ഉപസംഹാരമായി, റൊമാന്റിക് ക്രിട്ടിസിസം ഭാവനയും പ്രതിഭയും കവിതയും തമ്മിലുള്ള പരസ്പരബന്ധത്തിന് അഗാധമായ വിലമതിപ്പ് നൽകുന്നു. സാഹിത്യം അനുകരണമാണെന്ന വാദത്തിൽ നിന്ന് ആത്മാവിഷ്കരണമാണെന്ന വാദത്തിന് പ്രചാരണം ലഭിച്ചു. സർഗാത്മകതയുടെ അടിസ്ഥാനങ്ങൾ പ്രചോദനവും സഹജജ്ഞാനമാണെന്നും അംഗീകരിക്കപ്പെട്ടു. മനുഷ്യന്റെ സർഗ്ഗാത്മകതയുടെയും ആവിഷ്കാരത്തിന്റെയും ആഴങ്ങളിലേക്ക് ഒരു യാത്ര ആരംഭിക്കാൻ വായനക്കാരെ ക്ഷണിക്കുകയും ചെയ്യുന്നു.

## Assignments

1. കാല്പനിക വിമർശന ചിന്തകളെ അപഗ്രഥിക്കുക.
2. വേർഡ്സ്വർത്തിന്റെ കാവ്യനിർവചനം വിശദമാക്കുക.
3. കോളറിഡ്ജിന്റെ കാവ്യനിരീക്ഷണം ബയോഗ്രാഫിയ ലിറ്ററേറിയയെ ആസ്പദമാക്കി ചർച്ച ചെയ്യുക.
4. ഇമേജിനേഷൻ ഫാൻസി ഇവയ്ക്ക് കോളറിഡ്ജ് നൽകുന്ന നിരീക്ഷണം വിശദീകരിക്കുക.
5. 'കവി ലോകത്തിന്റെ നിയമനിർമ്മാതാവ്' എന്ന ആശയത്തെ ചർച്ച ചെയ്യുക.
6. ഷെല്ലിയുടെ കാവ്യ ചിന്തകൾ ക്രോഡീകരിക്കുക.
7. പ്രധാനപ്പെട്ട കാല്പനിക വിമർശകരെ പരിചയപ്പെടുത്തുക.
8. കാല്പനിക വിമർശനം സാഹിത്യ രംഗത്ത് വരുത്തിയ ചലനങ്ങളെ അടയാളപ്പെടുത്തുക.

## Suggested Reading


1. ബി. ഹൃദയകുമാരി, കാല്പനികത, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. എം. അച്യുതൻ, പാശ്ചാത്യസാഹിത്യ ദർശനം, എസ്.പി.സി.എസ്, കോട്ടയം.
3. കെ.എം. തരകൻ, പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം, എസ്. പി.സി.എസ്, കോട്ടയം.


## Reference


1. ഡോ. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
2. എം. തോമസ് മാത്യു, സാഹിത്യദർശനങ്ങൾ,
3. ചാത്തനാത്ത് അച്യുതനുണ്ണി, സാഹിത്യമീമാംസ താരതമ്യ പരിപ്രേക്ഷ്യം, കറന്റ് ബുക്സ്, തൃശ്ശൂർ.
4. എൻ.ആർ. ഗോപിനാഥപിള്ള, ഡി. ബഞ്ചമിൻ (സമ്പാ.) സാഹിത്യ സിദ്ധാന്തങ്ങൾ പാശ്ചാത്യവും പൗരസ്ത്യവും, കേരള സർവകലാശാല, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# കാല്പനികതയുടെ അപചയം

## Learning Outcomes

- കാല്പനിക പ്രസ്ഥാനത്തിന്റെ അപചയകാരണങ്ങൾ അറിയുന്നു
- വിക്ടോറിയൻ കാലഘട്ടത്തെ പരിചയപ്പെടുന്നു
- മാത്യു അർനോൾഡിന്റെ (Mathew Arnold) ന്റെ കാവ്യ നിരീക്ഷണം മനസ്സിലാക്കുന്നു
- നികഷോപലസിദ്ധാന്തം (Touch Stone Method) അറിയുന്നു
- വാൾട്ടർ പേറ്ററി (Walter Pater) ന്റെ കലാവാദം മനസിലാക്കുന്നു
- ഓസ്കാർ വൈൽഡി (Oscar Wilde) ന്റെ കാവ്യവിമർശനം അറിയുന്നു
- ടോൾസ്റ്റോയിയുടെ കലാചിന്തകൾ മനസിലാക്കുന്നു

## Background

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭം, തീക്ഷ്ണമായ ആദർശവാദം(Idealism), പ്രകൃതിയുടെ ആഘോഷം, സാമൂഹിക മാനദണ്ഡങ്ങളുടെ പരിമിതികൾക്കെതിരായ കലാപം എന്നിവ നിറഞ്ഞ ഒരു കാലഘട്ടം ആയിരുന്നു. തീവ്രമായ വികാരം, വ്യക്തിത്വം, പ്രകൃതി ലോകവുമായുള്ള ആഴത്തിലുള്ള ബന്ധം എന്നിവയാൽ സവിശേഷതയുള്ള ഒരു പ്രസ്ഥാനമായിരുന്നു റൊമാന്റിസിസം. പത്തൊൻപതാം നൂറ്റാണ്ട് പുരോഗമിക്കുമ്പോൾ, ഈ റൊമാന്റിക് ചൈതന്യം ക്ഷയിക്കാൻ തുടങ്ങി. വിക്ടോറിയൻ കാലഘട്ടം എന്നറിയപ്പെടുന്ന, കൂടുതൽ പ്രായോഗികവും സാമൂഹിക ബോധമുള്ളതുമായ ഒരു കാലഘട്ടം ആവിർഭവിച്ചു. വ്യവസായികവിപ്ലവം (industrial revolution) ഇക്കാലത്താണ് സംഭവിച്ചത്. മുതലാളിത്തവും നഗരവത്കരണവും സമൂഹത്തിൽ പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംസ്കാരികമായി പ്രതിസന്ധി നേരിട്ട കാലമായിരുന്നു വിക്ടോറിയൻ കാലഘട്ടം. വിക്ടോറിയൻ കാലഘട്ടത്തിലെ സാഹിത്യ നിരൂപണം കൂടുതൽ വിശകലനപരവും ചിട്ടയായതുമായ സമീപനങ്ങൾ സ്വീകരിച്ചു. കാല്പനിക വിമർശനത്തിനത്തിന്റെ സാങ്കേതികത്വത്തിൽ നിന്ന് യാഥാത്ഥ്യത്തിന്റെ രീതിശാസ്ത്രത്തിലേക്ക് നിരൂപണം കടന്നുവന്നു. ധാർമികവും സാമൂഹികവും സൗന്ദര്യാത്മകവുമായ വിവിധ വീക്ഷണങ്ങളിലൂടെ സാഹിത്യത്തെ വ്യാഖ്യാനിക്കുന്നതിലും വിലയിരുത്തുന്നതിലും നിരൂപകർ ശ്രദ്ധ കേന്ദ്രീകരിച്ചു. “ഒരെഴുത്തുകാരന്റെ രചനകളുടെ സ്വഭാവം നിർണയിക്കുന്നതു ചരിത്രമാണെന്ന ധാരണയോട് വിക്ടോറിയൻ വിമർശകർ സന്ധി ചെയ്യുന്നു. നിയോക്ലാസിസത്തിന്റെ നിയമപ്രതിബദ്ധതയ്ക്കും കാല്പനികതയുടെ സർവതന്ത്ര സ്വതന്ത്രതയ്ക്കും ഇടയിലാണ് വിക്ടോറിയൻ വിമർശനം വ്യാപരിക്കുന്നത്'' (നെല്ലിക്കൽ മുരളീധരൻ, പാശ്ചാത്യ സാഹിത്യ ദർശനങ്ങൾ).

"ഉന്നത സംസ്കാരത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും കവിതയുടെ തകർച്ചയെ വിമർശിക്കുകയും ചെയ്ത മാത്യു അർനോൾഡ് അക്കാലത്തെ ശ്രദ്ധിക്കപ്പെട്ട നിരൂപകരിൽ ഒരാളാണ്. ക്ഷയോന്മുഖമായ റൊമാന്റിസിസത്തിൽ നിന്ന് സാഹിത്യത്തെയും ഫിലിസ്റ്റിനിസ(Philistinism)ത്തിൽ നിന്ന് സംസ്കാരത്തെയും ശാസ്ത്രാധിനിവേശത്തിൽ നിന്ന് ജീവിതമൂല്യങ്ങളെയും സമുദ്ധരിക്കണമെന്ന നിലപാടോടെ മുന്നോട്ടു നീങ്ങിയ വിമർശകനാണ് മാത്യു അർനോൾഡ്. കലാകാരന്മാർക്ക് പ്രചോദനം നൽകുന്ന ഒരന്തരീക്ഷം സൃഷ്ടിക്കുകയും ജനങ്ങ

ളെ മഹത്തായ സാഹിത്യത്തെക്കുറിച്ചുള്ള അറിവിൽ എത്തിക്കുകയും ചെയ്യുക എന്ന ധർമം നിരൂപകനുണ്ടെന്നു വിശ്വസിച്ചു. കവിത ജീവിത വിമർശനമാണെന്ന് പ്രഖ്യാപിച്ചു. കലാകാരൻ വ്യക്തിപരമായ ബന്ധത്തിൽ നിന്നും രാഷ്ട്രീയമായ ചായ്‌വുകളിൽ നിന്നും അകന്നു നിൽക്കണമെന്നും നിസംഗത (disinterestedness) പുലർത്തണമെന്നും പ്രസ്താവിച്ചു. നല്ല കലാസൃഷ്ടികളെ കണ്ടെത്തുന്നതിന് നിക്ഷേപല സിദ്ധാന്തം (Touchstone method) സ്വീകരിക്കണമെന്ന് വാദിച്ചു. അർനോൾഡ് തന്റെ 'ടച്ച്സ്റ്റോൺ രീതിയിലൂടെ' കവിതയുടെ യഥാർത്ഥസത്ത തിരിച്ചറിയാൻ ശ്രമിച്ചു. അഗാധമായതിനെ നിസ്സാരമായതിൽ നിന്ന് വേർതിരിക്കുന്നു.

വിക്ടോറിയൻ കാലഘട്ടത്തിലെ പിൽക്കാല എഴുത്തുകാരിൽ, വാൾട്ടർ പേറ്റർ, ഓസ്കാർ വൈൽഡ് എന്നിവർ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. അവർ 'കലയ്ക്കായി കലയെ' (Art for Art's Sake)സ്വീകരിക്കണമെന്ന നിലപാടുയർത്തി. സൗന്ദര്യാത്മക അനുഭവത്തിന്റെ ആന്തരിക മൂല്യത്തെക്കുറിച്ചുള്ള പേറ്ററിന്റെ ആശയം സൗന്ദര്യത്തെ ഉയർന്ന സ്ഥാനത്തു പ്രതിഷ്ഠിച്ചു, അതേസമയം വൈൽഡ് കലയെ അനുകരിക്കുന്ന ജീവിതം(Life imitating art) എന്ന ആശയത്തെ പിന്തുണച്ചു. അവരെ സംബന്ധിച്ചിടത്തോളം സൗന്ദര്യം കേവലം ഉപരിപ്ലവമായ അലങ്കാരമായിരുന്നില്ല, മറിച്ച് മനുഷ്യാത്മാവിന്റെ അഗാധമായ പ്രതിഫലനമായിരുന്നു. വിക്ടോറിയൻ കാലഘട്ടം അതിന്റെ മുൻഗാമികളുടെ കാൽപനിക ആദർശങ്ങളിൽ നിന്ന് വ്യതിചലിച്ചെങ്കിലും, റൊമാന്റിസിസത്തിന്റെ അടയാളങ്ങൾ കവിതയിലും കലയിലും തങ്ങിനിൽക്കുന്നു. പ്രീ-റാഫലൈറ്റ് ബ്രദർഹുഡ്(Pre-Raphaelites Brotherhood)ന്റെ മഹത്തായ ഭൂപ്രകൃതി മുതൽ ആൽഫ്രഡ് പ്രഭു ടെന്നിസ(Alfred Lord Tennyson)-ന്റെ വേട്ടയാടുന്ന വാക്യങ്ങൾ വരെ, റൊമാന്റിസിസത്തിന്റെ ചൈതന്യം പ്രചോദിപ്പിക്കുകയും ആകർഷിക്കുകയും ചെയ്തു.

ഈ കലാപരമായ നവോത്ഥാനത്തിനിടയിൽ, ടോൾസ്റ്റോയ് 'കലയ്ക്കായി കല' എന്ന ആശയത്തെ വെല്ലുവിളിച്ചു, പകരം 'കലയുടെ ജീവിത മൂല്യത്തിനായി' വാദിച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം കല ഒരു ഉയർന്ന ഉദ്ദേശ്യം നിറവേറ്റുന്നു – മനുഷ്യാത്മാവിനെ ഉയർത്തുകയും ധാർമ്മിക പരിവർത്തനത്തെ പ്രചോദിപ്പിക്കുകയും ചെയ്യുക. വൈകാരികതയെയും 'വ്യാജ കലയെയും' കുറിച്ചുള്ള ടോൾസ്റ്റോയിയുടെ വിമർശനം കലാകാരന്മാരെ അവരുടെ സർഗ്ഗാത്മകശ്രമങ്ങളിൽ ആധികാരികതയും ആത്മാർത്ഥതയും തേടാൻ പ്രേരിപ്പിച്ചു. ചുരുക്കത്തിൽ മാറുന്ന ലോകത്തിൽ സാഹിത്യത്തിനും മാറ്റം അനിവാര്യമാണെന്ന് വിമർശകർ കരുതി. ശാസ്ത്രം ശക്തി പ്രാപിച്ചതോടെ കാല്പനികതയുടെ വികാരപരതയും സ്വപ്നാടന തൽപരതയും നിയമ നിഷേധവും അപഹാസ്യമായി. കവിത ജീവിത വിമർശനമാണെന്നും എങ്ങനെ ജീവിയ്ക്കണം എന്ന ചോദ്യത്തിനുത്തരമായിരിക്കണം കവിത എന്നും നിരൂപകർ വിശ്വസിക്കാൻ തുടങ്ങി. വിക്ടോറിയൻ വിമർശനത്തിന് മൂന്ന് ഘട്ടങ്ങളുണ്ട്. ആദ്യ ഘട്ടത്തിൽ മികച്ച വിമർശകരാരും ജീവിച്ചിരുന്നിട്ടില്ല. മധ്യകാലഘട്ടത്തിലാണ് മാത്യു അർണോഡും റസ്കിനും(John Ruskin) ജീവിച്ചിരുന്നത്. മൂന്നാം ഘട്ടം ഇരുപതാം നൂറ്റാണ്ട് വരെ നീണ്ടുനിന്നു. ഈ കാലഘട്ടത്തിലാണ് കല കലയ്ക്കു വേണ്ടി എന്ന വാദമുന്നയിച്ച വാൾട്ടർ പേറ്റർ, ഓസ്കാർ വൈൽഡ് എന്നിവർ ജീവിക്കുന്നത്.

## Keywords

കാൽപനികതയുടെ അപചയം - വിക്ടോറിയൻ കാലഘട്ടം - മാത്യു അർനോൾഡ് - നികഷോപലസിദ്ധാന്തം - കല കലയ്ക്കു വേണ്ടി - ലാവണ്യ വാദം - വാൾട്ടർ പേറ്റർ - ഓസ്കാർ വൈൽഡ് - ലിയോ ടോൾസ്റ്റോയി

## Discussion

### കാൽപ്പനികതയുടെ അപചയം

19-ാം നൂറ്റാണ്ടിലെ ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണം സാമൂഹികവും സാമ്പത്തികവുമായ വമ്പിച്ച വ്യതിയാനങ്ങൾക്ക് നിമിത്തമായി. കാർഷിക സമൂഹങ്ങളിൽ നിന്ന് വ്യാവസായിക സമൂഹങ്ങളിലേക്കുള്ള ഈ മാറ്റം ആളുകളുടെ ജീവിതരീതികളെയും മൂല്യങ്ങളെയും കാഴ്ചപ്പാടുകളെയും മാറ്റിമറിച്ചു. പ്രകൃതി, വികാരം, വ്യക്തിവാദം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച റൊമാന്റിസിസത്തിന് നഗരവൽക്കരണത്തിന്റെയും വ്യാവസായിക വികാസത്തിന്റെയും പശ്ചാത്തലത്തിൽ പ്രസക്തി നഷ്ടപ്പെടാൻ തുടങ്ങി. നഗരങ്ങളുടെ വളർച്ച പ്രകൃതിയിൽ നിന്നുള്ള വേർപിരിയലിലേക്ക് നയിച്ചു, ഇത് കാല്പനിക സാഹിത്യത്തിലും കലയിലും ഒരു കേന്ദ്ര വിഷയമായിരുന്നു. നഗരജീവിതം അതിനൊപ്പം പുതിയ വെല്ലുവിളികളും അനുഭവങ്ങളും കൊണ്ടുവന്നു. അവ കാല്പനിക പ്രസ്ഥാനം ഉയർത്തിപ്പിടിച്ച മൂല്യസങ്കല്പങ്ങളിൽ നിന്നും ജീവിതവീക്ഷണങ്ങളിൽ നിന്നും വ്യത്യസ്തമായവയായിരുന്നു. സമൂഹം കൂടുതൽ വ്യാവസായികവൽക്കരിക്കപ്പെടുകയും നഗരവൽക്കരിക്കപ്പെടുകയും ചെയ്തപ്പോൾ, സാഹിത്യത്തിലും കലയിലും റിയലിസത്തിലേക്ക് ഒരു മാറ്റം ഉണ്ടായി. റൊമാന്റിസിസത്തിന്റെ ആദർശവൽക്കരിക്കപ്പെട്ടതും പലപ്പോഴും അതിശയിപ്പിക്കുന്നതുമായ ലോകങ്ങളിൽ നിന്ന് വ്യത്യസ്തമായി, ദൈനംദിന ജീവിതത്തെയും സാമൂഹിക യാഥാർത്ഥ്യങ്ങളെയും കൃത്യതയോടെയും വിശദാംശങ്ങളോടെയും ചിത്രീകരിക്കാൻ റിയലിസ്റ്റ് പ്രസ്ഥാനങ്ങൾ ശ്രമിച്ചു.

- റൊമാന്റിസിസത്തിന്റെ ആദർശവത്കരിക്കപ്പെട്ട ലോകത്ത് നിന്നും സാമൂഹിക യാഥാർത്ഥ്യത്തിന്റെ ലോകത്തേക്ക്

വിപ്ലവങ്ങളും ദേശീയപ്രസ്ഥാനങ്ങളും ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ കാലഘട്ടത്തിലാണ് റൊമാന്റിക് പ്രസ്ഥാനം അഭിവൃദ്ധി പ്രാപിച്ചത്. രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളും പ്രസ്ഥാനങ്ങളും വികസിച്ചപ്പോൾ, സാംസ്കാരിക അഭിരുചികളും മുൻഗണനകളും പരിവർത്തന വിധേയമായി. വ്യക്തിഗത വികാരങ്ങൾക്കും ഭാവനയ്ക്കും ഊന്നൽ നൽകുന്ന കാല്പനിക നിലപാടുകളെക്കാൾ പ്രസക്തി സാമൂഹികമായും രാഷ്ട്രീയമായും ഇടപഴകുന്ന കലയുടെയും സാഹിത്യത്തിന്റെയും രൂപങ്ങൾക്ക് കൈവന്നു. പുതിയ കലാപ്രസ്ഥാനങ്ങൾ ഉയർന്നുവരുകയും സാമൂഹികമൂല്യങ്ങൾ മാറുകയും ചെയ്തപ്പോൾ, വ്യത്യസ്ത ശൈലികളിലേക്കും പ്രമേയങ്ങളിലേക്കും ആകർഷിക്കപ്പെട്ട പ്രേക്ഷകരിൽ നിന്ന് കാല്പനികത ക്രമേണ അകന്നുപോയി. ഒരു പ്രബലമായ സാംസ്കാരികവും കലാപരവുമായ പ്രസ്ഥാനമെന്ന നിലയിൽ നിന്ന് റൊമാന്റിസിസം താഴേക്ക് പോയി. എന്നിരുന്നാലും, റൊമാന്റിക് ആദർശങ്ങൾ പിന്നീടുള്ള കലാപരമായ പ്രസ്ഥാനങ്ങളെ സ്വാധീനിച്ചും ഇന്നും വിവിധ ആവിഷ്കാരരൂപങ്ങളിൽ അനുരണനം തുടർന്നു പോരുന്നു.

- റൊമാന്റിസിസത്തിന്റെ തകർച്ച

വേഡ്സ്‌വർത്ത്, കോളറിഡ്ജ് എന്നിവർ അവതരിപ്പിച്ച കാല്പനികതയുടെ രീതിശാസ്ത്രങ്ങളെ നിഷേധിച്ച നിരൂപകരാണ് മാത്യു അർണോൾഡ്, ഓസ്കാർ വൈൽഡ്, വാൾട്ടർ പേറ്റർ എന്നിവർ. കാല്പനികതയ്ക്ക് ശേഷമുള്ള കാലമാണ് വിക്ടോറിയൻ കാലഘട്ടമെന്ന്

സാഹിത്യത്തിൽ വിശേഷിപ്പിക്കുന്നത്. വിക്ടോറിയ രാജ്ഞിയുടെ കാലത്തെ സാഹിത്യത്തെയും ഇങ്ങനെ വിളിക്കാറുണ്ട്. ചാൾസ് ഡിക്കൻസി(Charles Dickens)ന്റെ രചനകൾ ഇതിനു തുടക്കം കുറിച്ചു എന്നു പറയാം. കാല്പനികത അമൂർത്തമായ ആവിഷ്ക്കാരത്തിന് പ്രാധാന്യം നൽകിയപ്പോൾ വിക്ടോറിയൻഘട്ടം സാമൂഹിക പ്രശ്നങ്ങളിലേക്കാണ് ശ്രദ്ധതിരിച്ചത്. ക്ലാസിക് പാരമ്പര്യത്തെ സ്വീകരിക്കുകയും പാരമ്പര്യ രചനാരീതികളെ പിന്തുടരുകയും ചെയ്ത വിക്ടോറിയൻ കാലം സാഹിത്യസംബന്ധിയായ പുതിയ നിയമങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കല കലയ്ക്കുവേണ്ടിയാണെന്ന വാദം ഏറെ വിവാദങ്ങൾക്കും സംവാദങ്ങൾക്കും കാരണമായി. കാവ്യരചനാരീതിയെക്കുറിച്ചുള്ള മാത്യു അർണോൾഡിന്റെ നിരീക്ഷണവും ഏറെ ശ്രദ്ധേയമായിരുന്നു.

▶ കാല്പനികതയ്ക്കു ശേഷമുള്ള കാലത്തെ വിക്ടോറിയൻ കാലഘട്ടമെന്ന് അറിയപ്പെടുന്നു

## വിക്ടോറിയൻ കാലഘട്ടം(1837-1900)

വിക്ടോറിയ രാജ്ഞിയുടെ ഭരണകാലത്തെ ഇംഗ്ലീഷ് സാഹിത്യമാണ് വിക്ടോറിയൻ സാഹിത്യം എന്ന പേരിൽ അറിയപ്പെടുന്നത്. പത്തൊൻപതാം നൂറ്റാണ്ട് ഇംഗ്ലീഷ് സാഹിത്യത്തിന്റെ സുവർണ്ണകാലമായി അറിയപ്പെടുന്നു. സാഹിത്യം, ശാസ്ത്രം, സാമ്പത്തികം, സാങ്കേതികം എന്നിങ്ങനെ എല്ലാ മേഖലകളിലും ഉന്നത നിലവാരത്തിലെത്താൻ ഈ കാലം സഹായിച്ചു. ചാൾസ് ഡിക്കൻസ് (Charles Dickens), തോമസ് ഹാർഡി (Thomas Hardy), റുഡ്യാർഡ് കിപ്ലിംഗ് (Rudyard Kipling)എന്നിവർ ഈ കാലഘട്ടത്തിലെ പ്രശസ്തരായ എഴുത്തുകാർ ആയിരുന്നു. വിക്ടോറിയൻ കാലഘട്ടം സാമൂഹിക പ്രശ്നങ്ങളെ സാഹിത്യത്തിന്റെ ഉള്ളടക്കമായി സ്വീകരിച്ചു. ഇത് റൊമാന്റിക് കാലത്തു നിന്നുമുള്ള വ്യതിചലനമായി കണക്കാക്കാം. സാമ്പത്തിക അസമത്വം അനുഭവിക്കുന്ന ജനങ്ങളുടെ ജീവൽ പ്രശ്നങ്ങളാണ് അവർ പ്രധാനമായും സ്വീകരിച്ചത്. റോബർട്ട് ബ്രൗണിംഗും (Robert Browning) ആൽഫ്രഡ് ടെന്നിസണും (Alfred Lord Tennyson) ഏറ്റവും പ്രശസ്തരായ കവികളായിരുന്നു. ബെർണാഡ് ഷാ (George Bernard Shaw) ഓസ്കർ വൈൽഡ് (Oscar Wilde) എന്നിവർ പ്രശസ്തരായ നാടകകൃത്തുക്കളായിരുന്നു. ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെട്ട എഴുത്തുകാരിൽ ഒരാളാണ് ചാൾസ് ഡിക്കൻസ്. ആക്ഷേപഹാസ്യത്തിന് മുൻതൂക്കമുള്ള അദ്ദേഹത്തിന്റെ രചനകൾ ഇന്നും ജനപ്രിയമാണ്. 'ഒലിവർ ട്വിസ്റ്റ് ' (Oliver Twist)എന്ന രചന മികച്ച ഉദാഹരണമാണ്.

▶ ചാൾസ് ഡിക്കൻസ് ഒലിവർ ട്വിസ്റ്റ്

ഡബ്ള്യു. ബി. യീറ്റ്സിന്റെ (William Butler Yeats) ആദ്യകാല കവിതകളും പ്രസിദ്ധീകരിച്ചത് വിക്ടോറിയയുടെ ഭരണകാലത്താണ്. മാത്യു അർനോൾഡിന്റെ കൃതികളും ശ്രദ്ധേയമായിരുന്നു. കലയുടെയും സാഹിത്യത്തിന്റെയും ചരിത്രത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയ കൃതികൾ ഇക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടു. ദൈനംദിന ജീവിതത്തെ ചിത്രീകരിക്കുകയും റിയലിസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയുമായിരുന്നു വിക്ടോറിയൻ സാഹിത്യം. ധാർമ്മികമായ ചില ലക്ഷ്യങ്ങൾ പാലിക്കുവാൻ സാഹിത്യം നിർബന്ധിക്കപ്പെട്ടു. പ്രഭുവർഗ്ഗത്തിന്റെ ജീവിതത്തെക്കാൾ സാമാന്യജനങ്ങളുടെ പ്രശ്നങ്ങൾക്ക് സാഹിത്യത്തിലും കലയിലും പ്രാധാന്യം നൽകി. ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുന്നതല്ല കലയെന്നും അതിന് ധാർമ്മികവും രാഷ്ട്രീയപരവുമായ ചില ലക്ഷ്യങ്ങളുണ്ടെന്നും വിക്ടോറിയൻ കാലഘട്ടം വിശ്വ

> ▶ കലയ്ക്ക് ധാർമ്മികവും രാഷ്ട്രീയവുമായ ചില ലക്ഷ്യങ്ങളുണ്ട്

സിച്ചു. ശാസ്ത്രത്തിന്റെ സ്വാധീനം സമൂഹത്തിൽ പ്രകടമായിരുന്നു. വിക്ടോറിയ രാജ്ഞിയുടെ ആധിപത്യത്തിൽ മൂന്നു വർഷത്തെ ഭരണകാലം സാഹിത്യത്തിന്റെയും ശാസ്ത്രത്തിന്റെയും നേട്ടങ്ങളുടെ കാലമായിരുന്നു.

## മാത്യു അർണോൾഡ് (Matthew Arnold)

വിശ്വവിഖ്യാതനായ കവിയും സാമൂഹിക ചിന്തകനും നിരൂപകനുമായിരുന്നു മാത്യു അർണോൾഡ്. തന്റെ കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും കവിതയെന്തെന്ന് പഠിപ്പിക്കുകയായിരുന്നു അദ്ദേഹം. 1822 ൽ ഇംഗ്ലണ്ടിൽ ജനിച്ച മാത്യു അർണോൾഡ് വിക്ടോറിയൻ കാലഘട്ടത്തിലെ അതുല്യനായ കവിയായിട്ടാണ് വിശ്വസാഹിത്യത്തിൽ അറിയപ്പെടുന്നത്. ഡോവർ ബീച്ച് (Dover Beach), ദ സ്കോളർജിപ്സ് (The Scholar Gypsy), തൈർസിസ് കൾച്ചർ ആന്റ് അനാർക്കി (Thyrsis Culture and Anarchy)), ലിറ്ററേച്ചർ ആൻഡ് ഡോഗ്മ (Literature and Dogma)തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ ലോകോത്തരകൃതികളായി അറിയപ്പെടുന്നത്. തികച്ചും പക്വതയാർന്ന പെരുമാറ്റവും ലോകത്തോടും ജീവിതത്തോടും വച്ചുപുലർത്തിയിരുന്ന സമചിത്തതയും അദ്ദേഹത്തെ സാഹിത്യലോകത്തിന്റെ ആദരണീയനായ കവിയാക്കി പ്രതിഷ്ഠിച്ചു. വിക്ടോറിയൻ കവിശ്രേഷ്ഠരായ ആൽഫ്രഡ് ടെന്നിസൺ(Alfred Tennyson)റോബർട്ട് ബ്രൗണിങ്(Robert Browning) എന്നിവർക്ക് തുല്യസ്ഥാനീയനായ കവിയായിട്ടാണ് മാത്യു അർണോൾഡിനെ സാഹിത്യലോകം കാണുന്നത്.ക്ലാസിക് സാഹിത്യപാരമ്പര്യത്തിന്റെ ആരാധകനായിരുന്നു മാത്യു അർണോൾഡ്. കർശനമായ നിഷ്ഠയോടെ ഗൗരവമുള്ള ഒരു വിഷയം കൈകാര്യം ചെയ്യുന്നിടത്തേ ഉദാത്തമായ രചനാരീതി (Grand Style) ഉണ്ടാവുകയുള്ളു എന്ന് അദ്ദേഹം വാദിച്ചു. കവിത ജീവിതത്തിന്റെ വിമർശനമാണെന്ന് അദ്ദേഹം എഴുതുകയുണ്ടായി. മനുഷ്യരുടെ ആന്തരികമായ ജീവിതത്തെ സമുദ്ധരിക്കുന്നതും, മാറ്റിത്തീർക്കുന്നതുമായ വിമർശം എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. കവിതയുടേത് മാത്രമല്ല, എല്ലാ സാഹിത്യത്തിന്റെയും ലക്ഷ്യം ജീവിതവിമർശനമെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ആദ്യത്തെ ആധുനിക നിരൂപകനെന്നും വിമർശകരുടെ വിമർശക-(Critic's critic)നെന്നും അദ്ദേഹത്തെ വിശേഷിപ്പിക്കാറുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യശതകത്തിലെ പ്രാമാണികനിരൂപകനായിരുന്നു അദ്ദേഹം. കാല്പനികകവികളുടെ ആത്മനിഷ്ഠതയെയും സമകാലിക വസ്തുവിഷയങ്ങളെ സാഹിത്യരചനയ്ക്ക് ആധാരമാക്കുന്ന പ്രവണതയെയും അദ്ദേഹം ശക്തമായി എതിർക്കുകയുണ്ടായി.

> ▶ ഗൗരവമുള്ള വിഷയം കൈകാര്യം ചെയ്യുമ്പോൾ ഉദാത്തമായ രചനാരീതി ഉണ്ടാകുന്നു

ഗംഭീരമായ കാവ്യരചനാരീതി എങ്ങനെയാണ് ഉണ്ടാകുക എന്നതിനെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. കർശനമായ നിഷ്ഠയോടെ ഗൗരവമുള്ള ഒരു വിഷയം കൈകാര്യം ചെയ്യുന്നിടത്തേ ഉദാത്തമായ രചനാരീതി (Grand Style) ഉണ്ടാകുകയുള്ളു എന്ന് അദ്ദേഹം വാദിച്ചു. റൊമാൻറിക് കവിയായ ഷെല്ലിയെ 'ശൂന്യതയിൽ നിഷ്ഫലമായി തന്റെ മിനുങ്ങുന്ന ചിറകിട്ടടിക്കുന്ന കവി'യെന്നും ബയ്റനെ 'ചോരയൊലിപ്പിക്കുന്ന ഹൃദയത്തിന്റെ പ്രദർശനാഡംബരവുമായി സഞ്ചരിക്കുന്ന കവി'യെന്നും കോൾറിഡ്ജിനെ 'കറുപ്പിന്റെ ലഹരിയിൽ മൂടൽമഞ്ഞിൽ ആണ്ടുപോയ കവി'യെന്നും അദ്ദേഹം വിശേഷിപ്പിച്ചു.

ശാശ്വത മൂല്യതാത്പര്യങ്ങളുള്ള വിഷയങ്ങൾ ഗ്രീക്ക് പുരാണങ്ങളിലാണെന്നും സമകാലിക വിഷയങ്ങൾ ക്ഷണികതാത്പര്യങ്ങളാണെന്നും അർണോൾഡ് വിശ്വസിക്കുന്നു. വർത്തമാനകാല സംഭവങ്ങൾ ആകസ്മികവും ക്ഷണികവുമാകയാൽ പ്രാചീന യവനർ അവയൊന്നും കാവ്യവിഷയമായി സ്വീകരിക്കാറില്ലെന്നും അദ്ദേഹം വാദിച്ചു. എല്ലാ സാഹിത്യത്തിന്റെയും ലക്ഷ്യം, സൂക്ഷമായി ചിന്തിച്ചാൽ ജീവിതവിമർശനമാണെന്ന് അദ്ദേഹം എഴുതുകയുണ്ടായി. കവിത ജീവിതത്തിന്റെ വിമർശനമാണെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. സത്യസൗന്ദര്യങ്ങളുടെ കാവ്യാത്മകമായ പ്രകാശത്തിന്റെ വിശേഷരീതികൾക്ക് അധീനമായിട്ടുള്ളതാണ് കവിതയിലെ ജീവിതവ്യാഖ്യാനം എന്ന വിശദീകരണം കൂടി അടങ്ങുന്നതാണ് അർണോൾഡിന്റെ ഈ പ്രസ്താവനയാന്ന് പ്രൊഫ. എം. അച്യുതൻ പാശ്ചാത്യ സാഹിത്യദർശനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്.

- കവിത ജീവിതത്തിന്റെ വിമർശനം

'സാഹിത്യവും ശാസ്ത്രവും'(Literature and Science-1882),'സംസ്ക്കാരവും അരാജകത്വവും' (Culture and Anarchy-1867-68) എന്നീ പ്രബന്ധങ്ങൾ ഏറെ ശ്രദ്ധേയമാണ്. ശാസ്ത്രേതര വിഷയങ്ങളും സാഹിത്യവും പഠിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് സാഹിത്യവും ശാസ്ത്രവും എന്ന ലേഖനം വിശദീകരിക്കുന്നത്. സംസ്ക്കാരമെന്നത് പൂർണ്ണ വൈശിഷ്ട്യമാർജ്ജിക്കാനുള്ള യത്നമാണെന്നും നമ്മളെ സംബന്ധിക്കുന്നതും ലോകത്തിൽ കഥിതവും ചിന്തിതവുമായിട്ടുള്ളതും ആയ എല്ലാ ഉത്തമകാര്യങ്ങളും അറിയുന്നതിൽ കൂടിയാണ് മുൻപോട്ടുള്ള നീക്കമെന്ന് സംസ്ക്കാരവും അരാജകത്വവും എന്ന ലേഖനത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നു. സംസ്ക്കാരമെന്നത് ജീവിതരീതിയാണെന്നും സാമൂഹികമായ അഭ്യുദയത്തിനുള്ള ഉപാധിയാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്.

- സംസ്കാരമെന്നത് ജീവിതരീതിയാണ്, അത് സാമൂഹിക അഭ്യുദയത്തിന് കാരണമാകുന്നു

## കാവ്യനിർവ്വചനം

'The Study of Poetry' എന്ന കൃതിയിലാണ് കവിതയെക്കുറിച്ചുള്ള തന്റെ നിരീക്ഷണങ്ങൾ മാത്യു അർണോൾഡ് അവതരിപ്പിച്ചത്. ജീവിതത്തിന്റെ വിമർശനമായിരിക്കണം കവിതയെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പക്ഷെ തന്റെ കാലത്ത് ജീവിതത്തിന്റെ വിമർശനമായി ഉദാഹരിക്കാവുന്ന കവിതകൾ ഇല്ലായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. മനുഷ്യത്വത്തിന്റെ ആശയപ്രചാരമാണ് കവിത നടത്തേണ്ടത്. അത് ഫിലോസഫിയ്ക്ക് തുല്യമായ പ്രവർത്തനത്തിലാണ് ഏർപ്പെടേണ്ടത്. മനുഷ്യജീവിതത്തിൽ ഏറ്റവും ആവശ്യമായത് കവിതയാണെന്ന് അദ്ദേഹം വിശ്വസിച്ചു. അത്തരം കവിത കണ്ടുപിടിക്കണമെങ്കിൽ വായനക്കാരനും നിരൂപകനും ഉത്തമകവിതയെക്കുറിച്ച് ബോധം ഉണ്ടായിരിക്കണം. നല്ല കവിത കണ്ടുപിടിക്കണമെങ്കിൽ മഹാന്മാരായ കവികളുടെ കവിതകളുമായി നിലവിലുള്ള കവിതയെ ഉരസി പരിശോധിക്കണം. ഇതിനെയാണ് 'Touchstone method' എന്നു പറയുന്നത്. വായനക്കാരന് നല്ല കവിതയെ പരിചയപ്പെടുത്തിക്കൊടുക്കുക എന്നത് വിമർശകന്റെ ധർമ്മമാണ്. കവിതയെക്കുറിച്ച് നല്ല അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നു. നല്ല കവിത വായനക്കാരെ മഹത്തായ ആശയങ്ങളിലേക്ക് നയിക്കും. ജീവിക്കാൻ പ്രേരിപ്പിക്കുന്ന ആശയങ്ങളുടെ അവതരണമാണ് കവിത. മനുഷ്യത്വം നേരിടുന്ന പ്രശ്നങ്ങളെ ധാർമ്മിക ചിന്തയു

ടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാൻ കവിതയ്ക്ക് കഴിയണം. കവിതയില്ലാതെ ശാസ്ത്രം പൂർണ്ണമാകുകയില്ലെന്നും ശാസ്ത്രത്തിന്റെയും തത്വചിന്തയുടെയും സ്ഥാനം കവിത ഏറ്റെടുക്കുമെന്നും അദ്ദേഹം വിശ്വസിച്ചു. മനുഷ്യരെ ഒന്നാക്കാനും യോജിപ്പിച്ചു നിർത്താനും കവിതയ്ക്ക് കഴിയും.

- മനുഷ്യത്വത്തിന്റെ ആശയപ്രചരണമാണ് കവിത നടത്തേണ്ടത്

## വിമർശനധർമ്മം

1865-ൽ പ്രസിദ്ധീകരിച്ച 'വിമർശനത്തിലെ ലേഖനങ്ങൾ'(The Function of Criticism at the Present Times) എന്ന നിരൂപണ രചനകളുടെ സമാഹാരത്തിൽ വിമർശനത്തിന്റെ ധർമ്മത്തെക്കുറിച്ച് മാത്യു അർണോൾഡ് സൂചിപ്പിക്കുന്നുണ്ട്. വിമർശനം ആശയങ്ങളുടെ വ്യാപനവും മുൻവിധികളില്ലാത്തതും നിഷ്പക്ഷവുമായിരിക്കണം എന്ന് അർണോൾഡ് പറയുന്നു. ഒരു വസ്തുവിനെ യഥാർത്ഥത്തിൽ എന്താണെന്ന് മനസിലാക്കുകയും മികച്ച ആശയങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുകയും ഭാവിയിലെ സാഹിത്യപ്രതിഭയ്ക്ക് ഊർജം പകരുന്ന അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് നിരൂപകന്റെ ധർമ്മമെന്നും അദ്ദേഹം പറയുന്നു. നിരൂപണത്തിന്റെ പങ്ക് സ്വയം അന്തർലീനമായി വിലമതിക്കുന്നതാണെന്നും മനുഷ്യനെ ആത്മസംതൃപ്തിയിൽ നിന്ന് പൂർണ്ണത കൈവരിക്കുന്ന അവസ്ഥയിലേക്ക് ഉയർത്തുന്നതാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. വിമർശനത്തെ സർഗ്ഗാത്മകതയോട് ഉപമിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിനും സാഹിത്യത്തിനും ലഭിച്ച സുപ്രധാന സംഭാവനയായി അദ്ദേഹം വിമർശനത്തെ കണക്കാക്കി. സ്വതന്ത്രമായ സർഗ്ഗാത്മകത പ്രയോഗിക്കുന്നതിനുള്ള ഒരു രൂപമാണിത്. നിരൂപണം സർഗ്ഗാത്മകതയ്ക്ക് വഴിയൊരുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. "ലോകത്തിൽ അറിയപ്പെടുന്നതും ചിന്തിക്കുന്നതുമായ ഏറ്റവും മികച്ചത് പഠിക്കാനും പ്രചരിപ്പിക്കാനുമുള്ള ആശയങ്ങളുടെ ഒരു പ്രവാഹമാണ് നിരൂപണം.''

- ആശയങ്ങളുടെ വ്യാപനം മുൻവിധികളില്ലാത്തത് നിഷ്പക്ഷം

ചരിത്രപരവും വ്യക്തിപരവുമായ മുൻവിധികളിൽ നിന്നും വിമർശകൻ സ്വതന്ത്രനായിരിക്കണം. ചരിത്രപരമായ മുൻവിധി എന്നത് നിരൂപകൻ ഭൂതകാലത്തിന്റെ കണ്ണടയിലൂടെ വീക്ഷിക്കുകയും സൃഷ്ടിയിൽ വർത്തമാനകാലത്തെ അവഗണിക്കുകയും ചെയ്യുന്നതാണ്. വ്യക്തിപരമായ മുൻവിധി എന്നത് നിരൂപകന്റെ വ്യക്തിപരമായ ഇഷ്ടത്തെ സൂചിപ്പിക്കുന്നു. വിമർശകന് മൂന്ന് ദൗത്യങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തിയുണ്ടായിരിക്കണം. കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവാണ് വിമർശകന്റെ ഒന്നാമത്തെ കടമ. മികച്ച ആശയങ്ങൾ പ്രചരിപ്പിക്കുക എന്നതാണ് രണ്ടാമത്തെ കാര്യം. സർഗ്ഗാത്മക ശക്തിയെ സജീവമാക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന ഏറ്റവും ഉയർന്ന തലത്തിലുള്ള ആശയങ്ങളുടെ പ്രവാഹം സൃഷ്ടിക്കുക എന്നതാണ് മൂന്നാമത്തെ ദൗത്യം. The Function of Criticism at the Present Time എന്ന രചനയിൽ വിമർശകന്റെ ധർമ്മത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഏറ്റവും മഹത്തായ ആശയങ്ങൾ നിലനിർത്തുക എന്നതാണ് വിമർശകന്റെ ധർമ്മം. നല്ല കവിത ഉണ്ടാകണമെങ്കിൽ കവിമനസ്സിൽ ഒരു വിമർശകലോകം വേണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

- മഹത്തായ ആശയങ്ങൾ നിലനിർത്തുക എന്നതാണ് വിമർശകന്റെ ധർമ്മം

## നിക്ഷോപല സിദ്ധാന്തം (Touchstone Method)

മനുഷ്യസംസ്ക്കാരത്തെ സമ്പന്നമാക്കുന്നതിൽ മതത്തേക്കാൾ വലിയ പ്രാധാന്യം വഹിക്കുന്നത് കവിതയാണെന്നും മാത്യു അർണോൾഡ് അഭിപ്രായപ്പെടുന്നുണ്ട്. കവിതയെ അദ്ദേഹം രണ്ടായി തിരിക്കുന്നു. ഉത്തമമായ ക്ലാസിക് കവിതയെന്നും താഴ്ന്നതരം കവിതയെന്നും. ഉത്തമമായ കവിതയെ തിരിച്ചറിയാനുള്ള മാർഗ്ഗമെന്ന നിലയിലാണ് അദ്ദേഹം നിക്ഷോപല സിദ്ധാന്തം അവതരിപ്പിക്കന്നത്. (touchstone method) ദാന്തേ, ഷേക്സ്പിയർ, മിൽട്ടൻ തുടങ്ങിയ മഹാകവികളുടെ കാവ്യഭാഗങ്ങളോ വരികളോ എടുത്ത് മറ്റ് കവികളുടെ രചനകളോട് തുല്യതപാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് നികഷോപലവാദം. താരതമ്യത്തിനും വിധിനിർണ്ണയത്തിനുമുള്ള ഈ മാർഗ്ഗം ഏറെ വിമർശനങ്ങൾക്ക് കാരണമായിട്ടുണ്ട്. ഒരു സാഹിത്യവിമർശകൻ എന്ന നിലയിൽ ധാർമ്മികമൂല്യപരമായ ആദർശാത്മകതയുടെ പ്രബലവക്താവാണ് മാത്യു അർണോൾഡ്. മതത്തിന്റെ യാഥാസ്ഥിതിക പാരമ്പര്യത്തെയും ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠത സ്വീകരിക്കാത്ത ഒരു ഹ്യൂമനിസ്റ്റാണ് അദ്ദേഹം. മനുഷ്യരിൽ ഉത്കൃഷ്ടമായ സത്തയുള്ളവരും അതില്ലാത്തവരും ഉണ്ട് എന്നദ്ദേഹം വിശ്വസിച്ചു. സംഘടിത മതത്തിന്റെ ആചാരാനുഷ്ഠാനവിധികളുമായി അദ്ദേഹം ഒരിക്കലും പൊരുത്തപ്പെട്ടില്ല. മാത്യു അർണോൾഡിനെ സാഹിത്യവിമർശനത്തിന്റെ പ്രചാരകനോ വക്കീലോ ആയിട്ടാണ് ടി.എസ്. എലിയറ്റ് പരിഗണിക്കുന്നത്. സ്വന്തം നിലപാടിൽ അർണോൾഡ് ശ്രേഷ്ഠനായ അധ്യാപകനാണന്ന് പ്രൊഫ. സെയിന്റ് ബെറി (Professor Saintsbury)എഴുതുന്നുണ്ട്.

▶ മഹാകവികളുടെ കൃതികളുമായി താരതമ്യം ചെയ്ത് തുല്യത പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നത് നികഷോപലവാദം

## കല ജീവിതത്തിന് വേണ്ടി, കല കലയ്ക്കുവേണ്ടി (Art for Art's Sake)

കല ജീവിതത്തിന് വേണ്ടിയാണോ, കല കലയ്ക്ക് വേണ്ടിയാണോ എന്ന ചിന്ത സാഹിത്യലോകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ഓസ്കർ വൈൽഡും വാൾട്ടർ പേറ്ററുമാണ് കല കലയ്ക്ക് വേണ്ടി എന്ന വാദം ഏറ്റവും ശക്തമായി ഉന്നയിച്ചത്. പവിത്രമായ കല സൗന്ദര്യാത്മകമായ കലയാണെന്ന് ഓസ്കർ വൈൽഡ് അഭിപ്രായപ്പെടുന്നു. "എന്റെ പ്രതിഭയല്ലാതെ എനിക്ക് ഒന്നും പ്രഖ്യാപിക്കാനില്ല'' എന്ന് പ്രഖ്യാപിച്ച വൈൽഡ് കലയിലെ വ്യക്തിവാദത്തിന് പ്രാധാന്യം നൽകുകയായിരുന്നു. രൂപപരമായി മികച്ച രചനകളെ അദ്ദേഹം വാനോളം വാഴ്ത്തി. കലയുടെ സാമൂഹിക പ്രവർത്തനത്തെ കല കലയ്ക്ക് വേണ്ടി വാദിച്ചവർ എതിർക്കുകയുണ്ടായി. യഥാർത്ഥ കല എല്ലായ്പ്പോഴും മനോഹരമായ നുണകളുടെ കലയാണെന്ന് വൈൽഡ് പറയുന്നു. സ്വയം പ്രകടിപ്പിക്കാനുള്ള തന്റേടം എഴുത്തുകാരന് ഉണ്ടായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. സൗന്ദര്യാരാധനയാണ് ജീവിതലക്ഷ്യം എന്ന ചിന്തയാണ് വാൾട്ടർ പേയ്റ്റർ മുന്നോട്ട് വച്ചത്. കലയുടെ രൂപപരമായ ആവിഷ്ക്കാര രീതികളോട് അദ്ദേഹം മമതപുലർത്തി. അനുഭവം കലയിൽ പ്രധാനമായതുകൊണ്ട് രൂപത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്ന് പേയ്റ്റർ വാദിച്ചു. കലയിലെ ഉള്ളടക്കത്തെ പൂർണ്ണമായും ഇവർ നിഷേധിച്ചു. എന്നാൽ രൂപത്തിനല്ല ഭാവത്തിനാണ് പ്രാധാന്യമെന്ന് വാദിക്കുകയായിരുന്നു 'കല സമൂഹത്തിന് വേണ്ടി' നിലയുറപ്പിച്ചവർ. ഉള്ളടക്കമായിരുന്നു അവർക്ക് വള

രെ പ്രാധാന്യം. മാർക്സിയൻ ദർശനമായിരുന്നു ഇവരുടെ ചിന്തയുടെ അടിസ്ഥാനം. സാഹിത്യം പുരോഗമന സ്വഭാവമുള്ള പൊതുസമൂഹനിർമ്മിതിക്ക് ഗുണകരമാകണമെന്ന് ഇവർ വാദിച്ചു. സമൂഹമായി സംവദിക്കാൻ മനുഷ്യനെ പ്രാപ്തനാക്കിയത് കലകളാണ്. അതുകൊണ്ടുതന്നെ സമൂഹവും കലയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹിക പ്രതിബദ്ധതയാണ് കലയുടെ ലക്ഷ്യം. കല സമൂഹത്തിന് വേണ്ടിയാണെന്ന് പറയുമ്പോൾ കല കച്ചവടത്തിനുവേണ്ടിയല്ലെന്ന വാദവും ഒപ്പമുണ്ട്. 'എഴുത്തുകാരെ നിങ്ങൾ ഏത് ചേരിയിൽ' എന്ന മാക്സിം ഗോർക്കി(Maxim Gorky)യുടെ ചോദ്യം കല സമൂഹത്തിന് വേണ്ടിയാണെന്ന ആശയത്തിന് അടിത്തറ നൽകുകയുണ്ടായി. പ്രത്യക്ഷത്തിൽ മാർക്സിയൻ വീക്ഷണം പുലർത്താത്ത എഴുത്തുകാരുടെ രചനകളും സമൂഹിക പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നുണ്ട്. അതുകൊണ്ടാണ് ടോൾസ്റ്റോയിയെ റഷ്യൻവിപ്ലവത്തിന്റെ കണ്ണാടിയെന്ന് ലെനിൻ വിശേഷിപ്പിച്ചത്. കല കലയ്ക്കുവേണ്ടി, കല സമൂഹത്തിന് വേണ്ടി എന്നീ വാദങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരാശയം കുട്ടികൃഷ്ണമാരാർ ഉയർത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'കല ജീവിതം തന്നെ'യാണ്.

> ▶ സാമൂഹിക പ്രതിബദ്ധതയാണ് കലയുടെ ലക്ഷ്യം

## വാൾട്ടർ പേറ്റർ (Walter Pater)

കല ജീവിതത്തിനുവേണ്ടിയല്ല കല കലയ്ക്കുവേണ്ടിയാണെന്ന് വാദിച്ച ശുദ്ധകലാവാദത്തിന്റെ (Aesthetic Movement) പ്രചാരകനായിരുന്നു വാൾട്ടർ പേറ്റർ. വിക്ടോറിയൻ കാലഘട്ടത്തിന്റെ അവസാനഘട്ടത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്. സൗന്ദര്യാരാധനയാണ് ജീവിതലക്ഷ്യം എന്ന ചിന്തയാണ് തന്റെ കൃതികളിലൂടെ അദ്ദേഹം മുന്നോട്ട് വച്ചത്. ശുദ്ധകാലഘട്ടം അഥവാ ലാവണ്യവാദം(Aestheticism) എന്ന പേരിൽ അവ അറിയപ്പെട്ടു. കലയെ രണ്ടായി അദ്ദേഹം തിരിക്കുന്നുണ്ട്. നല്ല കല (Good Art) മഹത്തായ കല (Great Art) എന്നിങ്ങനെ. നല്ലകലയ്ക്കും മഹത്തായ കലയ്ക്കും തമ്മിലുള്ള അന്തരം രൂപപരമല്ല, ഭാവപരമാണെന്ന് അദ്ദേഹം വിശ്വസിച്ചു. പാവങ്ങൾ, നഷ്ടസ്വർഗ്ഗം (Paradise Lost), ബൈബിൾ എന്നിവ മഹത്തായ സാഹിത്യത്തിന് ഉദാഹരണമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. "സാഹിത്യകലയുടെ മഹത്വം, രൂപം, ഉൾകൊള്ളുന്ന വിഷയത്തിന്റെ ഔൽകൃഷ്ട്യം, അതിന്റെ വിസ്തൃതി, വൈവിധ്യം, മഹത്തായ ലക്ഷ്യങ്ങളുമായി അതിനുള്ള ബന്ധം അല്ലെങ്കിൽ അതുളവാക്കുന്ന ചിത്തക്ഷോഭത്തിന്റെ ആഴം, അഥവാ അതുൾക്കൊള്ളുന്ന മാനുഷികമായ പ്രത്യാശയുടെ ഗരിമ എന്നിവയെ ആശ്രയിച്ചിരിക്കുന്നു" (വാൾട്ടർ പേറ്റർ).

> ▶ ശുദ്ധകലാവാദം: കല ജീവിതത്തിനു വേണ്ടിയല്ല കല കലയ്ക്കുവേണ്ടിയാണ്

ലോകത്തിലെ വസ്തുതകളെ അതേപടി പകർത്താതെ അവ മനസ്സിൽ എങ്ങനെയാണോ പ്രതിഫലിക്കുന്നത്, ആ രൂപത്തിൽ പ്രകാശിക്കുമ്പോഴാണ് ഒരു വ്യക്തിയെ കലാകാരൻ എന്നു വിളിക്കുന്നത്. സ്വാനുഭവം സത്യസന്ധമായും പൂർണ്ണമായും പ്രകാശിപ്പിക്കുമ്പോൾ അതു നല്ല കലയായിത്തീരും. അതായത് അനുഭവമാണ് പ്രധാനം. അതുകൊണ്ടാണ് കലയിൽ രൂപമാണ് പ്രധാനമെന്ന് പറയുന്നത്. മഹത്തായ കല എന്നതുകൊണ്ട് അനുഭവത്തിന്റെ വേരുകൾ ജീവിതത്തിൽ തന്നെ ആയിരിക്കണം എന്നാണ് വാൾട്ടർ പേറ്റർ അർത്ഥമാക്കുന്നത്. എന്നാൽ കലയും ജീവിതവും ഒന്നല്ലെന്ന് അദ്ദേഹം വാദിക്കുന്നുണ്ട്.

കലയ്ക്ക് അതിന്റേതായ നിയമങ്ങളുണ്ട്. അവയെ അനുസരിക്കുന്നതു കൊണ്ടുമാത്രം കല ഉത്തമമാകണമെന്നില്ല. പ്രതിപാദ്യവസ്തു സാർവ്വത്രികമായ മാനുഷിക താത്പര്യങ്ങളെ സ്പർശിക്കുന്നതായിരിക്കണമെന്ന് അദ്ദേഹം വാദിക്കുന്നു. സ്കോട്ട് ജയിംസ് വ്യത്യസ്തമായ അഭിപ്രായം പങ്കുവയ്ക്കുന്നുണ്ട്. "വാൾട്ടർ പേറ്ററുടെ സാഹിത്യ സിദ്ധാന്തങ്ങളെ സൂക്ഷ്മമായി പിന്തുടർന്നാൽ അദ്ദേഹം ശുദ്ധകലാവാദികളുടെ പക്ഷത്തല്ലെന്ന് മനസ്സിലാക്കാൻ കഴിയും'' ഇങ്ങനെ തന്റെ ചിന്തകളെ വ്യത്യസ്തമായ നിരീക്ഷണങ്ങൾക്ക് വിധേയമാക്കാൻ തക്ക വിധത്തിൽ രൂപപ്പെടുത്തി എന്നതാണ് വാൾട്ടർ പേറ്ററുടെ സാഹിത്യ ജീവിതത്തിന്റെ പ്രധാന സവിശേഷത.

- കലയിൽ രൂപമാണ് പ്രധാനം

## ലാവണ്യവാദം (Aestheticism)

സൗന്ദര്യാരാധനയാണ് ജീവിത ലക്ഷ്യം എന്നു വിശ്വസിക്കുന്നവരുടെ മുദ്രാവാക്യമാണ് കല കലയ്ക്കുവേണ്ടി എന്നത് ശുദ്ധകലാവാദം അഥവാ ലാവണ്യവാദം എന്നറിയപ്പെടുന്ന വിശ്വാസപദ്ധതിയുടെ പ്രചാരകരിൽ പ്രമുഖനാണ് വാൾട്ടർ പേറ്റർ. അയർലന്റുകാരനായ ഓസ്കാർ വൈൽഡിന്റെ ചിന്തകളാണ് ലാവണ്യവാദത്തെ കൂടുതൽ പ്രകാശിപ്പിച്ചത്. കലാരചനകളുടെ സൗന്ദര്യത്തെയാണ് വിലയിരുത്തേണ്ടതെന്നും അവരുടെ സദാചാരമൂല്യത്തിന് പ്രസക്തിയില്ലെന്നും ലാവണ്യവാദം പ്രഖ്യാപിക്കുന്നു. അംഗീകൃതമൂല്യങ്ങളെ നിഷേധിക്കുകയും പരാജയപ്പെടുത്തുകയുമായിരുന്നു ലാവണ്യവാദം. പ്രകോപനപരമായ ആശയങ്ങളെ പ്രകോപനപരമായി പറയുകയായിരുന്നു ഓസ്കാർ വൈൽഡും വാൾട്ടർ പേറ്ററും. നിരൂപണം ഒരു സർഗ്ഗാത്മക പ്രവർത്തനമാണെന്നും സർഗ്ഗാത്മക സാഹിത്യകാരനെക്കാൾ മീതെ വരും വിമർശകനെന്നും ഇവർ പറഞ്ഞു. കലയിൽ ലാവണ്യമെന്ന ഒരു ഗുണം മാത്രമേയുള്ളുവെന്നും ഉള്ളടക്കത്തെ ഗണിക്കേണ്ടതില്ലെന്നും ലാവണ്യവാദം വിശ്വസിച്ചു. യാഥാർത്ഥ്യത്തെ സ്വഭാവനയിലൂടെ പുനഃസൃഷ്ടിക്കുകയാണ് ലാവണ്യവാദക്കാർ ചെയ്തത്. ഉള്ളടക്കം പ്രകൃതിയുമായി ബന്ധമുള്ളതോ ഇല്ലാത്തതോ ആയാലും കുഴപ്പമില്ല, രൂപപരമായിസൗന്ദര്യവും പൂർണ്ണതയുമുണ്ടെങ്കിൽ പ്രകൃതിയെക്കാൾ സുന്ദരമായി എന്നാണ് ലാവണ്യവാദം വിശ്വസിക്കുന്നത്. രൂപ (form)ത്തെ ആരാധിച്ചാൽ കലയുടെ എല്ലാ രഹസ്യവും തുറന്ന് കിട്ടുമെന്നാണ് ഇവരുടെ വിശ്വാസം. രൂപസൗഭാഗ്യമാണ് സൗന്ദര്യാനുഭൂതിയ്ക്ക് നിദാനം. ജീവിതത്തെ സൗന്ദര്യാനുഭൂതിയിൽ സമ്പന്നമാക്കുക എന്നതായിരുന്നു ലാവണ്യവാദത്തിന്റെ അടിസ്ഥാന പ്രമാണം. കലയുടെ ലക്ഷ്യം വികാരത്തിന് വേണ്ടിയുള്ള വികാരമാണ്. ആസ്വാദനവേളയിൽ വായനക്കാരൻ ജീവിതയാഥാർത്ഥ്യത്തിൽ നിന്നും മോചിതനായ ശേഷം വീണ്ടും ജീവിതത്തിലേക്ക് ഇറങ്ങിവരും. പക്ഷെ കലാസ്വാദനപരമായ സംസ്കാരം നമ്മുടെ ജീവിതത്തിൽ സ്വാധീന ശക്തി ചെലുത്തുമെന്നും ലാവണ്യവാദം പ്രഖ്യാപിക്കുന്നു.

- ജീവിതത്തെ സൗന്ദര്യാനുഭൂതിയിൽ സമ്പന്നമാക്കുക

## ഓസ്കാർ വൈൽഡ് (Oscar Wilde)

വിക്ടോറിയൻ കാലഘട്ടത്തിലെ പ്രമുഖ എഴുത്തുകാരനായിരുന്നു ഓസ്കാർ വെൽഡ്. തന്റെ കാലത്തിന്റെ സദാചാര സങ്കല്പങ്ങൾക്കും മൂല്യങ്ങൾക്കും എതിരെയുള്ള ഒരു ജീവിതമായിരുന്നു അദ്ദേഹം നയിച്ചത്. കല കലയ്ക്കു വേണ്ടി എന്ന ആശയത്തിനു വേണ്ടിയാണ് തന്റെ

സാഹിത്യ ജീവിതത്തെ അദ്ദേഹം മുന്നോട്ടു നയിച്ചത്. കലയുടെ ഉള്ളടക്കത്തെ അദ്ദേഹം നിഷേധിക്കുകയുണ്ടായി. 'നമ്മെ സംബന്ധിക്കാത്ത വസ്തുക്കളാണ് സുന്ദരങ്ങൾ. ഒരു വസ്തു നമുക്കാവശ്യമുള്ളതോ ഉപയോഗമുള്ളതോ ആയാൽ, ഏതെങ്കിലും തരത്തിൽ നമ്മെ ദു:ഖിപ്പിക്കുകയോ സുഖിപ്പിക്കുകയോ ചെയ്യുമാറ് നമ്മളോട് ബന്ധപ്പെട്ടതായാൽ, അതു കലയുടെ സീമയക്ക് പുറത്തുള്ളതാണ്. കലയുടെ ഉള്ളടക്കത്തെ നാം ഗണിക്കേണ്ടതില്ല.' ഈ അഭിപ്രായം അക്കാലത്ത് ഏറെ വിവാദങ്ങൾക്കും വിമർശനങ്ങൾക്കും കാരണമായിത്തീർന്നു. അനുഭവം കലയിലൂടെ പ്രകാശിപ്പിക്കുമ്പോൾ സാർവ്വജനീനത്വം വരുത്തിക്കൊണ്ടാകണമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അതുപോലെ കല പ്രകൃതിയുടെ അനുകരണമാണെന്ന സിദ്ധാന്തം അപഹാസ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രകൃതിക്ക് നേരെ പിടിക്കുന്ന കണ്ണാടിയാണ് കലയെന്ന ഷേക്സ്പിയറുടെ വാക്യത്തെയും അദ്ദേഹം പരിഹസിക്കുന്നു. ഹാംലെറ്റ് ആ വാക്യം പറഞ്ഞത് തനിക്ക് മുഴുത്ത ഭ്രാന്താണെന്ന് അടുത്തുള്ളവരെ ബോധ്യപ്പെടുത്താൻ മാത്രമായിട്ടാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. റിയലിസം പൂർണ്ണ പരാജയമാണെന്നും ഓസ്കാർ വൈൽഡ് അഭിപ്രായപെടുന്നുണ്ട്. കാണുന്നതെല്ലാം അതേപ്പടി പകർത്താതെ സ്വഭാവനയിൽകൂടി സംസ്കരിച്ചു പുന:സൃഷ്ടി നടത്തുകയാണ് കലാകാരൻ ചെയ്യേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

- സ്വഭാവനയിൽ സംസ്കരിച്ചു പുന:സൃഷ്ടി നടത്തുക

പ്രകൃതിയെക്കാൾ സുന്ദരമായ മറ്റൊരു പ്രകൃതിയെ സൃഷ്ടിക്കുകയാണ് കല ചെയ്യേണ്ടത്. അതായത് പ്രകൃതിയുമായി ബന്ധമുള്ളതോ ഇല്ലാത്തതോ ഏതായാലും കൊള്ളാം, രൂപപരമായി സൗന്ദര്യവും പൂർണ്ണതയുമുണ്ടെങ്കിൽ പ്രകൃതിയെക്കാൾ സുന്ദരമായി എന്നാണ് വൈൽഡിന്റെ തീർപ്പെന്ന് പ്രൊഫ. എം. അച്യുതൻ അഭിപ്രായപ്പെടുന്നുണ്ട്. രൂപത്തെ ആരാധിക്കുക എന്ന ചിന്തയാണ് അദ്ദേഹം മുന്നോട്ടു വയ്ക്കുന്നത്. ധാർമ്മികകൃതി അല്ലെങ്കിൽ അധാർമ്മികകൃതി എന്നിങ്ങനെ രചനകളെ വേർതിരിക്കുന്നതിനോട് അദ്ദേഹം വിയോജിപ്പ് പ്രകടിപ്പിച്ചു. അശ്ലീലവർണനകളുള്ളതു കൊണ്ടു മാത്രം ഒരു കൃതി അസാന്മാർഗ്ഗികമാകുകയില്ല. മാനവികതയുടെ നീതി ബോധത്തെ ഞെട്ടിപ്പിക്കുന്ന ഒരു കൃതി എത്ര സുന്ദരമായി ആവിഷ്കരിച്ചാലും ആ കൃതി മികച്ചതാണെന്ന് പറയാൻകഴിയില്ല. വൈൽഡിന്റെ അഭിപ്രായത്തിൽ കലകൊണ്ട് പവിത്രമാകാൻ കഴിയാത്തതായി യാതൊന്നുമില്ല.

- പ്രകൃതിയേക്കാൾ സുന്ദരമായ മറ്റൊരു പ്രകൃതിയെ സൃഷ്ടിക്കുകയാണ് കല ചെയ്യേണ്ടത്

## ലിയോ ടോൾസ്റ്റോയ് (Leo Tolstoy)

സ്വന്തം കലാസൃഷ്ടി പോലെ സംഭവബഹുലമായ സ്വകാര്യ ജീവിതം കൊണ്ട് നമ്മെ അദ്ഭുതപ്പെടുത്തിയ പ്രതിഭാശാലിയാണ് ടോൾസ്റ്റോയ്. ജീവിതം തന്നെ സങ്കീർണമായ കലാസൃഷ്ടിയാക്കിമാറ്റിയ ടോൾസ്റ്റോയ് തന്റെ സ്വതന്ത്രമായ സാഹിത്യ വീക്ഷണങ്ങൾ അവതരിപ്പിച്ചത് 'എന്താണ് കല' (What is Art?) എന്ന കൃതിയിലാണ്. നീണ്ട പതിനഞ്ച് വർഷത്തെ തപസ്യയുടെ ഫലമാണ് ഈ കൃതി. അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുമെങ്കിലും കലാതത്വ പ്രതിപാദകങ്ങളായ ഗ്രന്ഥങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് ടോൾസ്റ്റോയിയുടെ 'എന്താണ് കല?' എന്ന കൃതിയെന്ന് പ്രൊഫ.എം. അച്യുതൻ അഭിപ്രായപ്പെടുന്നുണ്ട്. ഈ കൃതിയിലൂടെ ലോക സാഹിത്യത്തിലെ പല വിഗ്രഹ

ങ്ങളും തകർക്കുകയും സ്വന്തം കലാസൃഷ്ടികളെ തള്ളിപറയുകയും കലയ്ക്ക് ക്രൈസ്തവ പരിവേഷം നൽകുകയും ചെയ്തു. കല കലയ്ക്കുവേണ്ടി എന്ന് വാദിച്ച വാൾട്ടർ പേറ്റർക്കും ഓസ്കാർ വൈൽഡിനും എതിർ ധ്രുവത്ത് നിൽക്കുന്നു, കല മതത്തിനു വേണ്ടി എന്ന് വാദിച്ച ടോൾസ്റ്റോയ്. സർഗാത്മക കൃതികളിൽ മാനുഷികമായ എല്ലാ വ്യവഹാരങ്ങളിലെയും തന്റെ സർഗാത്മ ശക്തിയെ തുറന്നുവിട്ട ടോൾസ്റ്റോയ് വിമർശന സമീപനത്തിൽ മനുഷ്യ വ്യവഹാരത്തിന്റെ സമസ്ത മണ്ഡലങ്ങളെയും തന്റെ മതാത്മക ബോധത്തിലേക്ക് വെട്ടിച്ചുരുക്കുന്നു. കല ധർമ്മാധിഷ്ഠിതമാണെന്നുള്ള പ്രഖ്യാപനമാണ് എന്താണ് കല എന്ന ഗ്രന്ഥത്തിൽ ഉള്ളത്.

- ലിയോ ടോൾസ്റ്റോയിയുടെ 'എന്താണ് കല?'

## അഭിസംക്രമണവാദം (Transendentalism)

'മനുഷ്യനും മനുഷ്യനും തമ്മിലുള്ള സംസർഗ്ഗത്തിനുള്ള മാർഗ്ഗമാണ് കല' എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കലാസൃഷ്ടി ആസ്വദിക്കുന്ന അനുവാചകൻ കലാകാരന്റെ മാനസികാവസ്ഥയുമായി അടുത്ത ബന്ധം പുലർത്തുന്നു. ഇതോടു കൂടി ഇരുവർക്കും സമാനമായ മാനസികാനുഭവം ഉണ്ടാകുന്നു. ഇങ്ങനെയാണ് കല മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുന്നത്. കല പൂർണമാകുന്നത് കലാകാരന് ഒരിക്കൽ ഉണ്ടായ വൈകാരികാനുഭവത്തെ മനസ്സിൽ ഉദ്ദീപിപ്പിച്ച് ആസ്വാദകന് സമാനമായ വൈകാരികാനുഭവങ്ങൾ പകർന്നുകൊടുക്കാൻ കഴിയുമ്പോഴാണ്. അപ്പോൾ മാത്രമെ ഏതൊരു കലാസൃഷ്ടിയും അതിന്റെ ലക്ഷ്യത്തെ പ്രാപിക്കുന്നുള്ളൂ. ഈ അഭിപ്രായം കലാസൃഷ്ടിക്ക് പിന്നിലുള്ള കലാകാരന്റെ സവിശേഷമായ ചില മാനസികാവസ്ഥയിലേക്ക് വിരൽചൂണ്ടുന്നു. കലാകാരനുണ്ടായ വൈകാരികാനുഭവത്തെ ഉദ്ദീപിപ്പിക്കണമെന്നു പറയുമ്പോൾ നേരിട്ട് അനുഭവിച്ചതിനെ മാത്രമെ കലാകാരൻ ആവിഷ്ക്കരിക്കാവൂ എന്നാണ് ടോൾസ്റ്റോയ് അർത്ഥമാക്കുന്നത്. അത് ആസ്വാദകനിൽ സമാനമായ വികാരങ്ങൾ സൃഷ്ടിക്കണമെന്ന് പറയുമ്പോൾ കലാകാരന്റെ ആവിഷ്ക്കാരം അത്യന്തം ലളിതമായിരിക്കണം എന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ഇങ്ങനെ കലാകാരൻ നേരിട്ട് അനുഭവിച്ച വൈകാരികഭാവങ്ങളെ അതേ അളവിൽ കലാസൃഷ്ടിയിലൂടെ ആസ്വാദകനിലേക്ക് സംക്രമിപ്പിക്കുകയാണ് ഒരു യഥാർത്ഥ കലാകാരൻ ചെയ്യുന്ന മഹത്തായ കർമ്മം. ഈ സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് യഥാർഥ കല അഭിസംക്രമണസ്വഭാവം (transendental) ഉള്ളതായിരിക്കണമെന്ന് ടോൾസ്റ്റോയി സിദ്ധാന്തിക്കുന്നത്. ഒരു വ്യക്തിക്ക് അനുഭവപ്പെടുന്ന വികാരത്തിൽ മറ്റുള്ളവരെയും പങ്കെടുപ്പിക്കുകയാണ് കലയുടെ പ്രയോജനം. അതായത് കല മനുഷ്യർക്കു തമ്മിൽ ഐക്യമുളവാക്കുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോഗതിക്ക് കല അനുപേക്ഷണീയമാണെന്ന് അദ്ദേഹം വാദിച്ചു. വികാരങ്ങൾ അഭിസംക്രമണം ചെയ്യണമെങ്കിൽ കലാകാരന് മൂന്ന് ഗുണങ്ങളുണ്ടായിരിക്കണമെന്ന് ടോൾസ്റ്റോയ് കരുതുന്നു. 1. കലാകാരന്റെ വ്യക്തിവൈശിഷ്ട്യം (individuality of feelings) 2. ലാളിത്യം (clearness of feelings) 3. ആത്മാർഥത (Sincerity).

- കലാകാരൻ അനുഭവിച്ച വൈകാരികഭാവങ്ങളെ കലാസൃഷ്ടിയിലൂടെ ആസ്വാദകനിലേക്ക് സംക്രമിപ്പിപ്പിക്കുന്നതാണ് അഭിസംക്രമണവാദം

അനുഭവിച്ചതിനെ സത്യസന്ധമായി ആവിഷ്ക്കരിക്കാനുള്ള കലാകാരന്റെ വ്യക്തിത്വമാണ് വ്യക്തിവൈശിഷ്ട്യം(Individuality). കലാകാരൻ

എത്രതന്നെ ഗഹനമായ ആശയങ്ങൾ അവതരിപ്പിച്ചാലും അയാളുടെ ആവിഷ്ക്കരണ രീതിയും ഭാഷയും എല്ലാ മനുഷ്യർക്കും ഉൾക്കൊള്ളാൻ കഴിയുന്നത്ര ലളിതമായിരിക്കണമെന്നാണ് ലാളിത്യം എന്നതുകൊണ്ട് അദ്ദേഹം അർത്ഥമാക്കുന്നത്. കലാസൃഷ്ടിയിൽ കലാകാരന് ആത്മാർത്ഥത ഉണ്ടാകണമെങ്കിൽ അയാൾ ആവിഷ്ക്കരിക്കുന്നത് സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിലായിരിക്കണം. അല്ലാതെ മറ്റൊരാൾക്കുണ്ടായ വൈകാരിക അനുഭവങ്ങൾ കലാകാരൻ കൃത്യമായി സൃഷ്ടിച്ചാൽ അവിടെ ആത്മാർത്ഥതയ്ക്ക് സ്ഥാനമില്ലെന്ന് ടോൾസ്റ്റോയി വിശ്വസിക്കുന്നു. ഈ മൂന്നുപാധികളുടെ ഏറ്റക്കുറച്ചിലുകളനുസരിച്ചിരിക്കും അഭിസംക്രമണത്തിന്റെ വിജയം. ഉത്തമകലയിൽ ഇതു മൂന്നും തികഞ്ഞിരിക്കും.

- അനുഭവിച്ചതിനെ സത്യസന്ധമായി ആവിഷ്കരിക്കാനുള്ള കലാകാരന്റെ വ്യക്തിത്വമാണ് വ്യക്തിവൈശിഷ്ട്യം

## ലാളിത്യം (Clearness)

കലയുടെ ലാളിത്യമെന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ ലോകസാഹിത്യത്തിലെയും ചിത്രകലയിലെയും സംഗീതത്തിലെയും മഹാരഥന്മാരെ ടോൾസ്റ്റോയ് തള്ളിക്കളയുന്നു. സോഫോക്ലിസ് (Sophocles), ഷേക്സ്പിയർ, മിൽട്ടൻ, ദാന്തെ തുടങ്ങിയവരുടെ കലാസൃഷ്ടികൾ അതിന്റെ സങ്കീർണതകൾ കൊണ്ട് ആസ്വാദകനിലേക്ക് അഭിസംക്രമിക്കുന്നില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് ഇവരുടെ സൃഷ്ടികളെ അദ്ദേഹം തള്ളിക്കളയുന്നു. അതുപോലെ റാഫേലി(Raphael)ന്റെ ചിത്രങ്ങളും ബിഥോവ(Ludwing Van Beethoven)ന്റെ സിംഫണിയും സാധാരണ ജനങ്ങൾക്ക് ആസ്വാദ്യകരമല്ല എന്നു സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം നിരസിക്കുന്നു. മാത്രമല്ല തന്റെ പല നോവലുകളും ആസ്വാദകനിലേക്ക് അഭിസംക്രമണം ചെയ്യുന്നതിൽ പരാജയപ്പെട്ടിരിക്കുന്നുവെന്ന് ടോൾസ്റ്റോയ് സൂചിപ്പിക്കുന്നുണ്ട്. എല്ലാ മനുഷ്യരിലേക്കും സംക്രമിക്കുമ്പോൾ മാത്രമേ കല അർത്ഥവത്താകുന്നുള്ളു. ഈ ചിന്തയുടെ അടിസ്ഥാനത്തിലാണ് കല ക്രൈസ്തവമായിരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടത്. ഉത്തമകലയിൽ രണ്ടുതരം വികാരങ്ങളുണ്ടായിരിക്കും.

- എല്ലാ മനുഷ്യരിലേക്കും സംക്രമിക്കുമ്പോൾ മാത്രമേ കല അർത്ഥവത്താകുന്നുള്ളു

ഒന്നാമതായി മനുഷ്യരെല്ലാം ദൈവസന്തതികൾ ആണെന്നും അവർ സഹോദരരാണെന്നും ഉള്ള ബോധത്തിൽനിന്ന് ഉൾപ്പെടുന്ന വികാരങ്ങളാണ്. സാധാരണങ്ങളും മൗലികങ്ങളുമായ സരളവികാരങ്ങളാണ് (Common Simple Feelings) രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത്. ഇപ്പറഞ്ഞതിൽ ആദ്യത്തെ വികാരമാണ് ഏറ്റവും ഉത്തമമായ കലയുടെ ഉറവിടം. ക്രൈസ്തവം എന്ന വാക്കിന് (Catholic) സാർവ്വജനീനത എന്നാണ് ടോൾസ്റ്റോയ് അർത്ഥമാക്കുന്നത്. ഏതൊരു കലാസൃഷ്ടിയും കലാദേശങ്ങൾക്കും ഭാഷയ്ക്കും സംസ്കാരത്തിനും അതീതമായ ലോകജനതയുടെ മനസ്സിൽ സമാനമായ അനുഭവങ്ങൾ സൃഷ്ടിക്കണമെന്നാണ് കല ക്രൈസ്തവമായിരിക്കണമെന്ന് പറയുമ്പോൾ ടോൾസ്റ്റോയി ഉദ്ദേശിച്ചത്. കലയുടെ ഈ സാർവ്വജനീനത ഉൾക്കൊള്ളുന്ന കലാസൃഷ്ടികൾ വളരെ അപൂർവ്വമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഷേക്സ്പിയറുടെ കിങ് ലിയർ എന്ന നാടകത്തെക്കാൾ ഉദാത്തമായ കലാസൃഷ്ടി ലളിതമായ റഷ്യൻ നടോടിക്കഥകളാണെന്നും ദാന്തയുടെയും മിൽട്ടന്റെയും കവിതകളെക്കാൾ ഉത്കൃഷ്ടമായ രചനങ്ങളാണ് അജ്ഞാതരായ രണ്ട് റഷ്യൻ പെൺകുട്ടികൾ തനിക്ക്

അയച്ചു തന്നതെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. എല്ലാവർക്കും വേഗത്തിൽ മനസ്സിലാകുന്ന കാര്യങ്ങളാണ് കലാസൃഷ്ടിയിലൂടെ അവതരിപ്പിക്കേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. അല്ലെങ്കിൽ കല മഹത്തായ ധർമ്മം പാലിക്കുന്നില്ലെന്ന് ടോൾസ്റ്റോയ് പ്രസ്താവിച്ചു. ഉത്തമകലയുടെ അഭാവം മനുഷ്യനെ കൂടുതൽ പ്രാകൃതനാക്കുന്നു. അതോടുകൂടി മനുഷ്യ മഹത്വത്തെക്കുറിച്ചുള്ള ബോധം അസ്തമിക്കുന്നു. കല പലരുടെയും കൈയിൽ ബഹുമതിയിലേക്കുള്ള ചവിട്ടുപടികളാണ് ഇന്ന്. കലാനിർമ്മിതികളിൽക്കൂടിയാണ് വ്യക്തികൾ വലുതാകുന്നത്. പുഷ്കി-(Aleksandr Pushkin)ന്റെ പ്രതിമ മോസ്കോവിൽ സ്ഥാപിച്ച് ആരാധിക്കുന്നത് ഒരു ഉദാഹരണമായി അദ്ദേഹം ചൂണ്ടികാണിക്കുന്നു. കലയിൽക്കൂടി സങ്കുചിതമായ ദേശസ്നേഹമല്ലാതെ, സാർവ്വദേശീയമായ മനുഷ്യസ്നേഹം പ്രചരിപ്പിക്കുന്നില്ലെന്ന് ടോൾസ്റ്റോയി അഭിപ്രായപ്പെട്ടിട്ടുണ്ട്. 'മനുഷ്യരെ അധ:പതിപ്പിക്കുന്ന, അവരുടെ വികാരങ്ങളെ ഇളക്കി വിടുന്ന കല ഉണ്ടായിരിക്കുന്നതിനേക്കാൾ കല എന്നൊന്ന് ഇല്ലാതിരിക്കുകയാണ് നല്ലത്' എന്ന പ്ലേറ്റോയുടെ വാദത്തെ ടോൾസ്റ്റോയി അംഗീകരിക്കുന്നുണ്ട്.

▶ ഉദാത്തമായ കല

ടോൾസ്റ്റോയിയുടെ സാഹിത്യ ചിന്തകളെ പല പ്രമുഖരും വിമർശിക്കുന്നുണ്ട്. റഷ്യൻ നോവലിസ്റ്റായ മാക്സിംഗോർക്കി ടോൾസ്റ്റോയിയുടെ കലാവിമർശനം അദ്ദേഹത്തിന്റെ തന്നെ പ്രസക്തിയെ ചോദ്യം ചെയ്യുന്ന പ്രതികൂല ചിന്തയാണെന്ന് സൂചിപ്പിക്കുന്നു. കലാസൃഷ്ടിയുടെ ഉദാത്തതയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ സങ്കല്പം അർത്ഥ ശൂന്യമാണെന്ന് റെനെവെല്ല (Rene Wellek)ക്കും അഭിപ്രായപ്പെടുന്നുണ്ട്. 'പെറ്റി ബൂർഷ്വാ' എന്നാണ് ഗോർക്കി അദ്ദേഹത്തെ വിശേഷിപ്പിച്ചത്. എന്നാൽ മഹാനായ ലെനിൻ അദ്ദേഹത്തെ റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടിയെന്ന് വിശേഷിപ്പിക്കുകയുണ്ടായി. യുദ്ധവും സമാധാനവും(War and Peace) എന്ന നോവലിൽ സ്വകാര്യസ്വത്തിനെയും ഭരണകൂടത്തെയും ബൂർഷ്വാസിയുടെ തകർച്ചയെയും ചിത്രീകരിച്ചതു കൊണ്ടാണ് ലെനിൻ ഇങ്ങനെയൊരു വിശേഷണം നൽകിയത്. ടോൾസ്റ്റോയ് തള്ളിപ്പറഞ്ഞ കലാസൃഷ്ടികൾ ഇന്നും ലോകജനതയുടെ മുന്നിൽ പ്രഭചൊരിഞ്ഞു നിൽക്കുന്നതു തന്നെ അദ്ദേഹത്തിന്റെ കലാവിമർശനത്തിനുള്ള നിശബ്ദമായ മറുപടിയാണ്.

▶ ടോൾസ്റ്റോയിയുടെ സാഹിത്യചിന്തകളെ വിമർശിക്കുന്നു

## വികാരസംക്രമണം (Emotional Infectousness)

ടോൾസ്റ്റോയിയുടെ അഭിപ്രായത്തിൽ എല്ലാ വികാര സംക്രമണവും കലയല്ല. മനുഷ്യന്റെ മതാവബോധത്തിൽ നിന്നും എടുക്കുന്ന വികാരങ്ങൾ മാത്രമേ സംക്രമണയോഗ്യം ആവുകയുള്ളൂ. അതായത് കലയിലെ വികാരം മതനിഷ്ഠമായിരിക്കണം. ഇവിടെ ടോൾസ്റ്റോയ് മതാവബോധം എന്ന് ഉപയോഗിക്കുന്നത് അതിന്റെ സങ്കുചിതാർത്ഥത്തിലല്ല. അത് ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെയോ ഒരു വർഗ്ഗത്തിന്റെയോ ഒരു ദേശത്തിന്റെയോ ഒരു മതത്തിന്റെയോ അവബോധം അല്ല. കച്ചവടക്കാരനോ ഉദ്യോഗസ്ഥനോ റഷ്യക്കാരനോ ജപ്പാൻകാരനോ റോമൻകാത്തിലിക്കനോ ബുദ്ധമതക്കാരനോ എന്ന വ്യത്യാസമില്ലാതെ ഏവർക്കും അഭിഗമ്യമായ ഒരു അവബോധമാണത്. മനുഷ്യരെല്ലാവ

ക്രൈസ്തവാവ ബോധം

രും ദൈവപുത്രന്മാരാണെന്ന ധാരണയിൽ നിന്ന് ഉടലെടുക്കുന്ന ഒരു അവബോധമാണത്. ഇതിനെ ടോൾസ്റ്റോയ് ക്രൈസ്തവ ബോധം എന്ന് വിളിക്കുന്നു. ഈ അവബോധമാണ് നമ്മുടെ കാലഘട്ടത്തിൽ ഉണ്ടാകേണ്ടത്.

## പ്രബോധനം

കല പ്രബോധനപ രമാണ്

ക്രിസ്തുമതത്തിന്റെ ആരംഭദശയിൽ വിശാലമായ ഒരു വീക്ഷണം നിലനിന്നിരുന്നതായി ടോൾസ്റ്റോയ് കണ്ടെത്തുന്നു. പിന്നീടത് അപചയത്തിലേക്ക് വഴുതിവീണു. അധികാരവും നൈമിഷികാഹ്ലാദവും ആത്യന്തിക ലക്ഷ്യമായി കണക്കാക്കപ്പെട്ടു. ഇതിന്റെ പ്രതിഫലനമായിട്ടാണ് കലയിൽ ആനന്ദജനകത്വം മുഖ്യമായി തീർന്നത്. നവോത്ഥാന കാലത്തെത്തുമ്പോൾ കല പ്രായേണ ഉപരിവർഗത്തിന്റേത് സാധാരണക്കാരന്റേത് എന്ന് രണ്ടായി തിരിയുന്നു. സമ്പന്നവർഗത്തിന് വേണ്ടത് ആനന്ദം ആയിരുന്നു. ആധുനിക കാലഘട്ടത്തിലെത്തുമ്പോൾ വ്യാജ വേഷങ്ങളെ മാത്രമേ കാണാൻ കഴിയുന്നുള്ളൂ. പൊതുജനങ്ങളുടെ കയ്യടി വാങ്ങാനുള്ള ശ്രമമാണ് എങ്ങും കാണുന്നത്. ടോൾസ്റ്റോയിയുടെ കലാചിന്ത ക്രൈസ്തവ ദർശനത്തിൽ അധിഷ്ഠിതമാണ്. അത് ഏതെങ്കിലും ഒരു സമുദായത്തിൽ ഒതുങ്ങുന്നില്ല. സർവ്വമാനവ സമുദായം തന്നെയാണത്. കല ആനന്ദമോ വിനോദമോ സമാശ്വാസമോ അല്ല മനുഷ്യ സാഹോദര്യ ബോധത്തെ അനുഭൂതിയാക്കി മാറ്റുകയാണ് കല ചെയ്യുന്നത്. അതിനാൽ കല പ്രബോധനപരമാണ്.

## Summarised Overview

റൊമാന്റിസ്സിസത്തിന്റെ തകർച്ച സാഹിത്യ സാംസ്കാരിക ഭൂപ്രകൃതികളിൽ സുപ്രധാനമായ ഒരു മാറ്റം അടയാളപ്പെടുത്തി. ഇത് വിക്ടോറിയൻ കാലഘട്ടത്തിന് കാരണമായി. 1837 മുതൽ 1900 വരെ നീണ്ടുനിന്ന ഈ കാലഘട്ടത്തിൽ, റൊമാന്റിസ്സിസത്തിന്റെ വൈകാരികതീവ്രതയിൽ നിന്ന് ജീവിതത്തിന്റെ കൂടുതൽ നിയന്ത്രിതവും യാഥാർത്ഥ്യബോധമുള്ളതുമായ ചിത്രീകരണത്തിലേക്കുള്ള മാറ്റം പ്രകടമായി. ഈ പരിവർത്തനസമയത്താണ് മാത്യു അർനോൾഡ് ശ്രദ്ധേയനായത്. കവിതയ്ക്കും വിമർശനത്തിനും ഒരുപോലെ നിരവധി സംഭാവനകൾ അദ്ദേഹം നൽകി. ജീവിതത്തെ പ്രതിഫലിപ്പിക്കാനും സമ്പന്നമാക്കാനുമുള്ള കവിതയുടെ കഴിവിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന അദ്ദേഹത്തിന്റെ ടച്ച്സ്റ്റോൺ രീതി (നിക്ഷോപലസിദ്ധാന്തം) സാഹിത്യത്തെ വിലയിരുത്തുന്നതിന് ചിട്ടയായ സമീപനം ആവശ്യമാണെന്നും ബോധ്യപ്പെടുത്തി. ധാർമ്മികവും ആത്മീയവുമായ മാർഗ്ഗനിർദ്ദേശത്തിന്റെ ഉറവിടമെന്ന നിലയിൽ കവിതാരചനയുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള അർണോൾഡിന്റെ പര്യവേക്ഷണവും അതിന്റെ ആന്തരികകലാമൂല്യവും വിക്ടോറിയൻ സാഹിത്യ വ്യവഹാരത്തിന്റെ മൂലക്കല്ലാണ്.

വിക്ടോറിയൻ കാലഘട്ടത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന കലയോടുള്ള മനോഭാവത്തെക്കുറിച്ച് വാൾട്ടർ പേറ്റർ കൂടുതൽ വിശദീകരിച്ചു. കലയ്ക്ക് വേണ്ടിയുള്ള, കലയുടെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള പരമ്പരാഗത സങ്കൽപ്പങ്ങളെ വെല്ലുവിളിച്ചു. ധർമ്മോപദേശപരമായ പരിഗണനകൾക്ക് മുകളിൽ അതിന്റെ സൗന്ദര്യാത്മകവും ഇന്ദ്രിയപരവുമായ ആനന്ദങ്ങൾക്ക് ഊന്നൽ നൽകി. പേറ്ററിനൊപ്പം, ഓസ്കാർ വൈൽഡ് ജീവിതത്തിന്റെയും കലയുടെയും അന്തർലീനമായ മൂല്യം ഉയർത്തി. നിലവിലുള്ള സാമൂഹിക മാനദണ്ഡങ്ങളെയും യാഥാസ്ഥിതികളെയും വെല്ലുവിളിച്ചു. സൗന്ദര്യാത്മക പ്രസ്ഥാനത്തെക്കുറിച്ചുള്ള വൈൽഡിന്റെ പര്യവേക്ഷണം, വർ

ഢിച്ചുവരുന്ന യന്ത്രവത്കൃതവും അനുരൂപവുമായ ഒരു സമൂഹത്തിൽ സൗന്ദര്യവും വ്യക്തിത്വ വും സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം അടിവരയിടുന്നു.

എന്നിരുന്നാലും, വിക്ടോറിയൻ കാലഘട്ടം കലയിലെ വൈകാരികതയുടെയും ധാർമ്മിക പ്രവണതകളുടെയും വിമർശനങ്ങൾക്കും സാക്ഷ്യം വഹിച്ചു. ടോൾസ്റ്റോയിയെപ്പോലുള്ള വ്യക്തികൾ വൈകാരികതയുടെ വ്യാപനത്തെയും സാഹിത്യത്തിലെ പ്രസംഗത്തിന്റെ അപകടങ്ങളെയും സൂക്ഷ്മമായി പരിശോധിച്ചു, മനുഷ്യാനുഭവത്തിന്റെ കൂടുതൽ ആധികാരികവും സത്യസന്ധവുമായ ആവിഷ്കാരത്തിനായി വാദിച്ചു. കൂടാതെ, മതവികാരത്തിന്റെ പരിശോധനയും കലയിലെ കള്ളനാണയങ്ങളുടെ സാന്നിധ്യവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ധാർമ്മികതയും ആധികാരികതയും സങ്കീർണതയും മനസ്സിലാക്കി സാഹിത്യ രചനയ്ക്ക് ദിശാബോധം നൽകി. സാരാംശത്തിൽ, റൊമാന്റിസിസത്തിന്റെ തകർച്ച ആത്മപരിശോധനയുടെയും പുനർമൂല്യനിർണയത്തിന്റെയും ഒരു കാലഘട്ടത്തിലേക്ക് നയിച്ചു. വിക്ടോറിയൻ സാഹിത്യത്തിലും സംസ്കാരത്തിലും ജീവിതം, കല, ധാർമ്മികത എന്നിവയുടെ വൈവിധ്യമാർന്നതും സൂക്ഷ്മവുമായ പര്യവേക്ഷണങ്ങൾക്ക് ഇവർ വഴിയൊരുക്കി.

## Assignments

1. കാല്പനികതയുടെ അപചയത്തിന് കാരണമായ ഘടകങ്ങൾ വിശദീകരിക്കുക.
2. വിക്ടോറിയൻ കാലഘട്ടത്തിന്റെ വിമർശന സംഭാവനകളെ വിശദീകരിക്കുക.
3. മാത്യു അർനോൾഡിന്റെ കാവ്യനിരീക്ഷണം ചർച്ചചെയ്യുക.
4. 'കല കലയ്ക്കു വേണ്ടി'യെന്ന വാദത്തിന്റെ വ്യത്യസ്ത നിരീക്ഷണങ്ങൾ പരിശോധിക്കുക.
5. വാൾട്ടർ പേറ്ററിന്റെ ' ശുദ്ധകലാവാദം' (Aestheticism) വിശദമാക്കുക.
6. ഓസ്കാർ വൈൽഡിന്റെ കാവ്യനിരീക്ഷണം അപഗ്രഥിക്കുക.
7. ലിയോ ടോൾസ്റ്റോയിയുടെ അഭിസംക്രമണവാദം(Transendentalism) വിശദമാക്കുക.
8. കല ക്രൈസ്തവമായിരിക്കണമെന്ന് ടോൾസ്റ്റോയി പറയുന്നതിന്റെ സാംഗത്യം പരിശോധിക്കുക.
9. വിക്ടോറിയൻ കാലഘട്ടം മനുഷ്യജീവിത ചിത്രീകരണത്തിൽ വരുത്തിയ മാറ്റം ചർച്ച ചെയ്യുക.

## Suggested Reading


1. എം. അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, എൻ. ബി. എസ്, കോട്ടയം.
2. ബി. ഹൃദയകുമാരി, കാല്പനികത, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.ഡി.ബുക്സ്, കോട്ടയം.
4. കെ.എം. തരകൻ, പാശ്ചാത്യ സാഹിത്യതത്വശാസ്ത്രം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

# Reference

1. എസ്. നൗഷാദ്, ഡി.വി അനിൽകുമാർ, പാശ്ചാത്യ സാഹിത്യ സിദ്ധാന്തം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എസ്.കെ. വസന്തൻ, പടിഞ്ഞാറൻ കാവ്യമീമാംസ മലയാളികൾക്ക്, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ.
3. ഡോ.ഡി. മായ, പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 3

# മാർക്സിയൻ വിമർശനപദ്ധതി

## Learning Outcomes

- ▶ വിമർശനാത്മക സൈദ്ധാന്തികരുടെ മാർക്സിയൻ ആശയത്തെ അപഗ്രഥിക്കുന്നു
- ▶ സോഷ്യലിസ്റ്റ് മാർക്സിസത്തെ വിശകലനം ചെയ്യുന്നു
- ▶ അസമത്വങ്ങളെയും പോരാട്ടങ്ങളെയും പ്രതിഫലിപ്പിക്കുന്നു
- ▶ റിയലിസം പരമ്പരാഗത അതിർവരമ്പുകളെ മറികടക്കുന്നതായി കണ്ടെത്തുന്നു
- ▶ എക്സ്പ്രഷനിസത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നു

## Background

സാഹിത്യത്തിലും കലയിലും മറഞ്ഞിരിക്കുന്ന അർത്ഥങ്ങൾ വെളിവാക്കുന്ന ഉപാധികളാണ് വിമർശനാത്മക സിദ്ധാന്തങ്ങൾ (Critical Theoroes). കുറ്റാന്വേഷകൻ സൂചനകൾ അനാവരണം ചെയ്യുന്നതുപോലെ, വിമർശനാത്മക സൈദ്ധാന്തികർ വ്യാഖ്യാനത്തിന്റെയും ധാരണയുടെയും അടരുകൾ കണ്ടെത്തുന്നതിന് പാഠത്തെ വിഭജിക്കുന്നു. ഭാഷയിലും ഇമേജറിയിലും ഉൾച്ചേർന്നിരിക്കുന്ന സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മാനങ്ങൾ പര്യവേക്ഷണം ചെയ്യാൻ സഹായിക്കുന്ന സൂക്ഷ്മദർശിനികളായി ഈ സിദ്ധാന്തങ്ങൾ പ്രവർത്തിക്കുന്നു. സാഹിത്യ വിശകലനത്തെയും സാംസ്കാരിക വിമർശനത്തെയും രൂപപ്പെടുത്തുന്ന അടിസ്ഥാന വീക്ഷണമെന്ന നിലയിൽ ക്ലാസിക്കൽ മാർക്സിയൻ വിമർശനം (Classical Marxian Criticism) സോഷ്യലിസ്റ്റ് മാർക്സിസം എന്നിവയെ വിശകലനം ചെയ്യേണ്ടതുണ്ട്. കാൾ മാർക്സ് തന്റെ പുരോഗമന ആശയങ്ങളിലൂടെ ക്ലാസിക്കൽ മാർക്സിയൻ വിമർശനത്തിന് അടിത്തറ പാകി. സാഹിത്യവും കലയും കേവലം യാഥാർത്ഥ്യത്തിന്റെ പ്രതിഫലനങ്ങളല്ല, മറിച്ച് ഭരണവർഗം അവരുടെ ആധിപത്യം നിലനിർത്താൻ ഉപയോഗിക്കുന്ന ശക്തമായ ഉപകരണങ്ങളാണെന്ന് മാർക്സ് വിശ്വസിച്ചു. അദ്ദേഹത്തിന്റെ കണ്ണിലൂടെ, ഓരോ കവിതയും നോവലും ചിത്രവും അടിച്ചമർത്തപ്പെട്ടവരുടെ വിമോചനത്തിനായുള്ള പോരാട്ടത്തിന്റെ യുദ്ധക്കളമായി മാറി. മലയാള സാഹിത്യത്തിൽ സാമൂഹിക അസമത്വങ്ങളെയും പോരാട്ടങ്ങളെയും പ്രതിഫലിപ്പിക്കുന്ന ഒരു പ്രതിഫലന അടിത്തറയായി മാർക്സിയൻ വീക്ഷണം ഉയർന്നുവരുന്നു. മാർക്സിയൻ ചിന്തയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട കലാസാംസ്കാരിക മേഖല കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയിലേക്ക് ആഴത്തിൽ ഇറങ്ങി ചെല്ലുകയും ചൂഷണത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും ആഖ്യാനങ്ങൾ അവതരിപ്പിക്കുകയും നീതിയും സമത്വവും ആവശ്യപ്പെടുന്ന പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദങ്ങളെ അവ പ്രതിധ്വനിപ്പിക്കുകയും ചെയ്തു.

സോവിയറ്റ് റഷ്യയിൽ, മാർക്സിസം ദൈനംദിന ജീവിതത്തിന്റെ ഇഴ ചേരുകയുണ്ടായി. വിപ്ലവത്തിന്റെ പ്രക്ഷുബ്ധമായ കാറ്റിനിടയിൽ ജനിച്ച സോവിയറ്റ് മാർക്സിസം കൂട്ടായ പരിശ്രമങ്ങളിലൂടെയും സോഷ്യലിസ്റ്റ് ആദർശങ്ങളിലൂടെയും സമൂഹത്തെ പുനർനിർമ്മിച്ചു. സാഹിത്യവും കലയും പ്രചാരണോപകരണങ്ങളായി മാറുകയും ബഹുജനങ്ങളുടെ ബോധത്തെ രൂപപ്പെടുത്തുകയും ഒരു പുതിയ യാഥാർത്ഥ്യം കെട്ടിപ്പടുക്കുകയും ചെയ്തു. അന്റോണിയോ ഗ്രാംഷി (Antonio Gramsi) യുടെയും ഗ്യോർഗി ലൂക്കാസി (Georg Lukacs) ന്റെയും ബൗദ്ധിക മേഖ

ലകളിൽ റിയലിസം അതിന്റെ പരമ്പരാഗത അതിർവരമ്പുകളെ മറികടക്കുന്നു. അവിടെ, അധികാരത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും മറഞ്ഞിരിക്കുന്ന ഘടനകളെ പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ വെളിച്ചമായി ക്രിട്ടിക്കൽ റിയലിസം ഉയർന്നുവന്നു. അവരുടെ വീക്ഷണങ്ങളിലൂടെ, സമൂഹത്തിന്റെ സങ്കീർണ്ണതകളുടെ ഗതി നിർണയിക്കാനും, ആധിപത്യത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും സങ്കീർണ്ണമായ വലകൾ അനാവരണം ചെയ്യാനും സാധിക്കും.

## Keywords

മാർക്സിയൻ വിമർശനം - അടിത്തറമേൽപ്പുര - സോവിയറ്റ് മാർക്സിസം - ഗ്രാംഷി - ലൂക്കാച്ച് - റിയലിസം - സോഷ്യലിസ്റ്റ് റിയലിസം - സിംബലിസം - ഇംപ്രഷനിസം - എക്സ്പ്രഷനിസം

## Discussion

### ക്ലാസിക്കൽ മാർക്സിയൻ വിമർശന പദ്ധതി

കാൾമാർക്സിന്റെയും ഏംഗൽസി (F. Engels) ന്റെയും ശ്രദ്ധേയമായ കൃതിയായ 'കമ്മ്യൂണിസ്റ്റ് മാനിഫസ്റ്റോ' അന്തർദ്ദേശീയ ശ്രദ്ധനേടിയ കൃതിയാണ്. തൊഴിലാളിവർഗ്ഗത്തെക്കുറിച്ചുള്ള ആധികാരിക ഗ്രന്ഥമാണിത്. സാഹിത്യത്തെക്കുറിച്ചുള്ള കൃത്യമായ നിരീക്ഷണവും ഇതിലുണ്ട്. കമ്മ്യൂണിസ്റ്റ് മാനിഫസ്റ്റോയിൽ നിന്നാണ് മാർക്സിയൻ നിരൂപണപദ്ധതിയെ നിരൂപകർ രൂപപ്പെടുത്തിയെടുത്തത്. എല്ലാക്കാലത്തും ഈ നിരൂപണപദ്ധതി നവീകരിക്കപ്പെടുന്നുണ്ട്. കാൾമാർക്സും ഏംഗൽസും കവിതയെക്കുറിച്ച് ചില ചിന്തകൾ പങ്കുവയ്ക്കുന്നുണ്ട്. വിശ്രമവേളയിൽ നിന്നല്ല കവിത ഉണ്ടാകുന്നത്; സംഘം ചേർന്നുള്ള അധ്വാനത്തിന്റെ ഫലമായി രൂപം കൊള്ളുന്നതാണ് കവിത. ആദ്യകാലത്ത് മനുഷ്യർ അധ്വാനിച്ചിരുന്നത് സംഘം ചേർന്നാണ്. അധ്വാനത്തിന്റെ ഭാരം ലഘൂകരിക്കുന്നതിനായി തൊഴിലാളികൾ അർത്ഥരഹിതമായ ചില പ്രയോഗങ്ങൾ ഒന്നായി ഉപയോഗിച്ചിരുന്നു. കുറേനാൾ പിന്നിട്ടപ്പോൾ അർത്ഥരഹിതമായ പ്രയോഗങ്ങൾക്ക് അർത്ഥപരിവേഷം ലഭിക്കുകയും കവിതയുടെ പ്രധാനഘടകം അതിലെ വൃത്തസാന്നിധ്യമാണെന്നും മാർക്സും ഏംഗൽസും അഭിപ്രായപ്പെടുന്നുണ്ട്. ഇത് വായനക്കാരെ ആകർഷിക്കുന്നു. സാമൂഹിക ഘടനയുമായി ബന്ധപ്പെടുത്തിയാണ് മാർക്സിയൻ സൗന്ദര്യശാസ്ത്രം രൂപപ്പെടുന്നത്. സാഹിത്യം എന്നു പറയുന്നത് സർവ്വജനതയ്ക്കും അവകാശപ്പെട്ട ഒന്നാണ്. അത് വരേണ്യവർഗത്തിന് മാത്രം സംവരണം ചെയ്യപ്പെട്ട ഒന്നല്ല. അതുകൊണ്ട് സാഹിത്യം ദുർഗ്രഹമാകാൻ പാടില്ല. ആദ്യകാല മാർക്സിയൻ ചിന്തകർ റിയലിസത്തോടാണ് താത്പര്യം കാട്ടിയത്. പ്ലഹനോവ് എന്ന ചിന്തകനാണ് മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിന് അടിത്തറപാകിയത്. ജോർജ്ജ് ലൂക്കാച്ചിന്റെ സൗന്ദര്യദർശനവും റിയലിസത്തോട് താത്പര്യം പ്രകടിപ്പിക്കുന്ന ഒന്നായിരുന്നു. യൂറോപ്പിലെ റിയലിസ്റ്റ് കൃതികളെയാണ് ലൂക്കാച്ച് നിരൂപണ വിധേയമാക്കിയത്. ലൂക്കാച്ചിന്റെ അടിസ്ഥാനസിദ്ധാന്തം അറിയപ്പെടുന്നത് പ്രതിഫലന സി

ദ്ധാന്തം (Reflection Theory) എന്ന പേരിലാണ്. സമൂഹത്തിന്റെ സത്യസന്ധമായ പ്രതിഫലനമായിരിക്കണം സാഹിത്യത്തിൽ ഉണ്ടാകേണ്ടത്. സാമൂഹിക ജീവിതത്തിന്റെ ആന്തരിക യാഥാർത്ഥ്യം സാഹിത്യത്തിൽ പ്രതിഫലനമാകണം. സമൂഹത്തെ സംബന്ധിച്ച് വൈരുദ്ധ്യാത്മകവും ചലനാത്മകവുമായ യാഥാർത്ഥ്യങ്ങളുടെ സമഗ്രതയാണ് സാഹിത്യത്തിലൂടെ പ്രതിഫലനമാകേണ്ടത്. ഇത്തരത്തിൽപ്പെട്ട കൃതികളെയാണ് മാർക്സിയൻ സൗന്ദര്യശാസ്ത്രം ഇഷ്ടപ്പെട്ടത്.

▶ പ്രതിഫലന സിദ്ധാന്തം

കാൾമാക്സിന്റെയും ഏംഗൽക്സിന്റെയും ചിന്താപദ്ധതികളിൽനിന്നും രൂപപെട്ട വിമർശന രീതിയാണ് ക്ലാസ്സിക്കൽ മാർക്സിസം. ഇവർ തങ്ങളുടെ കൃതികളിലൂടെ അവതരിപ്പിച്ച സാമ്പത്തിക, ദാർശനിക സാമൂഹിക സിദ്ധാന്തങ്ങൾ ഈ ചിന്താപദ്ധതിയെ സ്വാധീനിക്കുകയുണ്ടായി. അടിത്തറ (Base), മേൽപ്പുര (Superstructure) എന്ന സങ്കല്പം ഇതിന്റെ അടിസ്ഥാനപരമായ ആശയങ്ങളിൽ ഒന്നാണ്. അന്യവൽക്കരണം (Alienation), വർഗബോധം (class consciousness), വർഗസമരം (class struggle), ചരിത്രപരമായ ഭൗതികവാദം (Historical Materialism) എന്നിവയെല്ലാം ഈ വിമർശനരീതിൽ ഉൾപ്പെടുന്നു. 'ഇതുവരെ നിലവിലുള്ള എല്ലാ സമൂഹത്തിന്റെയും ചരിത്രം വർഗ്ഗസമരങ്ങളുടെ ചരിത്രമാണ്' എന്ന് കാൾമാക്സ് പ്രഖ്യാപിക്കുന്നുണ്ട്. 1844ൽ പ്രസിദ്ധീകരിച്ച ഏംഗൽസിന്റെ 'The Condition of the Working Class in England' എന്ന ഗ്രന്ഥം ഈ മേഖലയിൽ ഏറെ ശ്രദ്ധേയമാണ്. 1848 ലാണ് കാൾമാക്സും ഏംഗൽസും ചേർന്ന് കമ്മ്യൂണിസ്റ്റ് മാനിഫസ്റ്റോ പ്രസിദ്ധീകരിക്കുന്നത്. ഉപരിഘടനയും അടിത്തറയും തമ്മിലുള്ള ബന്ധം വൈരുദ്ധ്യാത്മകമായ ഒന്നായി കണക്കാക്കപ്പെടുന്നുവെന്ന് മാർക്സ് നിരീക്ഷിക്കുന്നു.

▶ ഉപരിഘടനയും അടിത്തറയും തമ്മിലുള്ള വൈരുദ്ധ്യാത്മകത

## അടിത്തറ (Base), മേൽപ്പുര (Super Structure)

മാർക്സിയൻ ദർശനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ചിന്താപദ്ധതിയാണ് അടിത്തറയും മേൽപ്പുരയും. സാമൂഹിക ഘടനയുമായി ബന്ധപ്പെട്ടാണ് മാർക്സിയൻ ദർശനം രൂപപ്പെടുന്നത്. സാമൂഹികഘടനയ്ക്ക് രണ്ട് തട്ടുകളുണ്ടെന്ന് മാർക്സ് അഭിപ്രായപ്പെടുന്നു. ഒന്ന് അടിത്തറയും രണ്ട് മേൽപ്പുരയും. അടിത്തറ എന്നു പറയുന്നത് സമ്പദ്വ്യവസ്ഥയെ ആസ്പദമാക്കിയാണ് നിലകൊള്ളുന്നത്. മേൽപ്പുര എന്നു പറയുന്നത് സാഹിത്യം, നിയമം, സംഗീതം, കല, മതം എന്നിങ്ങനെയുള്ള മാനുഷിക പ്രയത്നങ്ങളെ ആശ്രയിച്ചാണ് രൂപം കൊള്ളുന്നത്. അടിത്തട്ടാണ് മിക്കപ്പോഴും മുകൾത്തട്ടിനെ നിയന്ത്രിക്കുകയോ നിർണ്ണയിക്കുകയോ ചെയ്യുന്നത്. ഭാവുകത്വത്തിൽ വരുന്ന മാറ്റം അടിത്തറയിൽ വരുന്ന മാറ്റത്തെ ആശ്രയിച്ചിരിക്കും. അടിത്തറയിൽ പ്രവർത്തിക്കുന്നത് തൊഴിലാളി വർഗമാണ്. അവരുടെ അധ്വാനത്തിന്റെ ഫലമായിട്ടാണ് സമ്പദ്വ്യവസ്ഥ രൂപപ്പെടുന്നത്. മേൽപ്പുരയിലുള്ളവർ കായികാദ്ധ്വാനം ചെയ്യുന്നവരല്ല. അവർ അധ്വാനത്തെ ചൂഷണം ചെയ്ത് വളരെ സമ്പന്നമായി ജീവിക്കുന്നു. അടിത്തറയും മേൽപ്പുരയും തമ്മിൽ നിരന്തരമായ സംഘർഷത്തിൽ ഏർപ്പെടുന്നുണ്ട്. തൊഴിലാളിവർഗത്തിന്റെ നിലനിൽപ്പിനായുള്ള സംഘർഷമാണിതെന്ന് പറയാം. ഈ സംഘർഷത്തിനാണ് വർഗസമരമെന്ന് പറയുന്നത്. ഈ വർഗസമരം ഒരു ഘട്ടത്തിൽ രൂക്ഷമാകുകയും തൊഴിലാളിവർഗം അധികാരം

▶ സാമൂഹികചിന്തയുടെ ചലനാത്മകതയെ കേന്ദ്രീകരിച്ച് സാഹിത്യചിന്ത ഉടലെടുക്കുന്നു

പിടിച്ചെടുക്കുകയും അങ്ങനെ അവരുടെ നേതൃത്വത്തിൽ സമത്വസുന്ദരമായ ഒരു ലോകം ഉണ്ടാകുകയും ചെയ്യുമെന്ന് മാർക്സ് വിശ്വസിക്കുന്നു. സാമൂഹികചിന്തയുടെ ചലനാത്മകതയെ കേന്ദ്രീകരിച്ചാണ് സാഹിത്യചിന്തയും ഉടലെടുക്കുന്നത്. സാഹിത്യത്തിന്റെ ഉള്ളടക്കത്തിനാണ് പ്രാധാന്യം. ഉള്ളടക്കം വർഗസമരത്തിന്റെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നതായിരിക്കണം. വർഗസമരത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് എഴുത്തുകാരൻ സ്വീകരിക്കേണ്ടത്. സാഹിത്യം അവതരിപ്പിക്കുന്നത് വർഗപ്രതിനിധികളെയാണ്; വ്യക്തികളെയല്ലെന്നും മാർക്സ് പറയുന്നുണ്ട്.

## സോവിയറ്റ് മാർക്സിസം

19-ാം നൂറ്റാണ്ടിൽ ഫെഡറിക് ഏംഗൽസും കാൾമാർക്സും ചേർന്നാണ് മാർക്സിസത്തിന്റെ സിദ്ധാന്തം വികസിപ്പിച്ചെടുത്തത്. ഏംഗൽസും മാർക്സും സോഷ്യലിറ്റുകളായിരുന്നു. 1848ൽ അവർ ഒരുമിച്ച് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന ചരിത്രപ്രസിദ്ധമായ കൃതി പ്രസിദ്ധീകരിച്ചു. ഇവർ രൂപപ്പെടുത്തിയ മാർക്സിസത്തിന്റെ യഥാർത്ഥ സിദ്ധാന്തത്തെ വിവരിക്കാൻ ഉപയോഗിക്കുന്ന പദമാണ് ക്ലാസ്സിക്കൽ മാർക്സിസം (Classical Marxism). പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് ക്ലാസ്സിക്കൽ മാർക്സിസം അവതരിപ്പിക്കപ്പെട്ടത്. അത് ചരിത്രപരമായ ഭൗതികവാദം (Historical Materialism) എന്ന ആശയത്തെ കേന്ദ്രീകരിച്ചായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ റഷ്യയുടെ ഭരണകൂടപ്രത്യയശാസ്ത്രമായിരുന്നു മാർക്സിസം-ലെനിനിസം. റഷ്യൻഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രമായി വികസിക്കുകയായിരുന്നു സോവിയറ്റ് മാർക്സിസം. സോവിയറ്റ് റഷ്യയുടെ സാമൂഹിക ജീവിതത്തെ പരിപൂർണ്ണമായി സ്വാധീനിക്കാൻ മാർക്സിന്റെ ചിന്തകൾക്ക് കഴിഞ്ഞിരുന്നു. സാഹിത്യം, ചരിത്രം, വിജ്ഞാനമേഖലകൾ, ശാസ്ത്രം, ഭൗതികസാഹചര്യങ്ങൾ എന്നിങ്ങനെ സമൂഹത്തെ സംബന്ധിക്കുന്ന എല്ലാ മേഖലകളിലും ഈ പ്രത്യയശാസ്ത്രം സ്വാധീനിച്ചു. തത്വചിന്തകനായ ഹെർബർട്ട് മാർക്കുസ് (Herbert Marcuse) 'സോവിയറ്റ് മാർക്സിസം എ ക്രിട്ടിക്കൽ അനാലിസിസ്' എന്ന കൃതി പ്രസിദ്ധീകരിച്ചിരുന്നു. സോവിയറ്റ് യൂണിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള വിമർശനാത്മകമായ രചനയായിരുന്നു ഇത്.

▶ ചരിത്രപരമായ ഭൗതികവാദം എന്ന ആശയത്തെ കേന്ദ്രീകരിക്കുന്നു

## ഗ്രാംഷി (Gramsci)

മേൽപ്പുരയുടെ ദാർശനികൻ എന്നറിയപ്പെടുന്ന അന്റോണിയ ഗ്രാംഷി ഇറ്റാലിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകാംഗമായിരുന്നു. ബെനിറ്റോ മുസ്സോളനിയുടെ ഫാസിസത്തിനെതിരെ ശക്തമായി പ്രതികരിച്ച ഗ്രാംഷിയ്ക്ക് ഭരണകൂടത്തിൽനിന്നും നിരന്തരം വേട്ടയാടലുകൾക്ക് വിധേയമാകേണ്ടി വന്നു. തടവറയിൽ അടയ്ക്കപ്പെട്ട അദ്ദേഹം ഒരിക്കലും ഭരണകൂടതാല്പര്യങ്ങൾക്ക് കീഴടങ്ങിയില്ല. അദ്ദേഹം തന്റെ ആശയങ്ങൾ അവതരിപ്പിച്ചത് ജയിൽക്കുറിപ്പുകളിലൂടെയാണ്. ലോകത്തിന്റെ ഗതിവിഗതികളെ സ്വാധീനിക്കാൻ തക്ക ശക്തി ആ കുറിപ്പുകൾക്കുണ്ടായിരുന്നു. 'പ്രിസൺനോട്ട് ബുക്ക്' (Prison Notebooks) ഇരുപതാം നൂറ്റാണ്ടിലെ മികച്ച സംഭാവനകളിലൊന്നായി നിരൂപകർ കരുതുന്നു. സാമ്പത്തികരംഗത്തെ സമരമെന്നപോലെ പരമപ്രധാനമാണ് ആശയരംഗത്തെ സമരമെന്നും (Ideological struggle) അദ്ദേഹം

▶ സാമ്പത്തിക സമരം പോലെ പ്രധാനം ആശയ സമരം

പ്രഖ്യാപിക്കുകയുണ്ടായി. മുതലാളിത്തസമൂഹം അധികാരം നില നിർത്താൻ സാംസ്കാരിക സ്ഥാപനങ്ങളെ എങ്ങനെയാണ് ഉപയോ ഗിക്കുന്നതെന്ന് അദ്ദേഹം വിശദീകരിച്ചു. ഗ്രാംഷിയുടെ അഭിപ്രായ ത്തിൽ മുതലാളിത്തസമൂഹം ബലപ്രയോഗത്താൽ പ്രത്യയശാസ്ത്രം ഉപയോഗിച്ച് ആധിപത്യം ഉറപ്പാക്കുന്നു.

'സബാൾട്ടൻ' (Subaltern) എന്ന പദം ആദ്യമായി ഉപയോഗിച്ചത് ഗ്രാം ഷിയാണ്. തടവറയിൽ കഴിയുമ്പോൾ ഗ്രാംഷി ധാരാളം എഴുതുകയു ണ്ടായി. ആ എഴുത്തിൽ ഭരണക്കൂടത്തിനെതിരെയോ കമ്മ്യൂണിസ്റ്റ് ചി ന്തകൾക്ക് അനുകൂലമായോ ഒന്നും പരാമർശിക്കാൻ പാടില്ലായിരുന്നു. അതായത് മാർക്സിയൻപദങ്ങളോ ആശയങ്ങളോ പ്രചരിപ്പിക്കാൻപാ ടില്ലായിരുന്നു. തൊഴിലാളി വർഗം (working class), ചൂഷണത്തിന് വിധേ യമാകുന്ന വർഗം(exploited class), എന്നീ പദങ്ങൾക്ക് പകരം ഗ്രാംഷി 'സബാൾട്ടൻ' എന്ന പദമാണ് ഉപയോഗിച്ചത്. മാർക്സിസം എന്ന വാ ക്കിന് തീയറി ഓഫ് പ്രാക്ടീസ് എന്ന പദമാണ് ഉപയോഗിച്ചത്. തൊ ഴിലാളികൾക്കൊപ്പം കർഷകരും വിപ്ലവത്തിന്റെ പങ്കാളികളാണെന്ന് ഗ്രാംഷി വാദിച്ചു. സമൂഹത്തിലെ അടിച്ചമർത്തലിന് വിധേയമാകുന്ന സമൂഹത്തെ കുറിക്കാനായി സബാൾട്ടൻ എന്ന പദം ഉപയോഗിക്കു ന്നു. മേലാളരും കീഴാളരും തമ്മിലുള്ള സംഘർഷമാണ് ലോകം അഭിമു ഖീകരിക്കുന്നത്. വിപ്ലവം, പ്രതിവിപ്ലവം, വീണ്ടും വിപ്ലവം എന്നതാണ് വിപ്ലവപ്രവർത്തനത്തിന്റെ ഗതിക്രമം എന്നതായിരുന്നു ഗ്രാംഷിയൻ ചിന്ത. ഒരു വിഭാഗത്തിന് രാഷ്ട്രീയ അധികാരം നേടുന്നതിന് മുൻപ് സാംസ്കാരിക അധീശത്വം സ്ഥാപിക്കേണ്ടതുണ്ട് എന്ന് തന്റെ അധീ ശപ്രത്യയശാസ്ത്രത്തെ (Hegemony) സംബന്ധിച്ച പഠനത്തിൽ ഗ്രാംഷി വ്യക്തമാക്കുന്നുണ്ട്.

▶ സമൂഹത്തിലെ അടിച്ചമർത്തലിന് വിധേയമാകുന്ന സമൂഹം

സാമ്പത്തികഘടനയോട് മാത്രമല്ല അടിസ്ഥാനഘടനയോടും ഉപ രിഘടനയോടും പോരാടേണ്ടതുണ്ടെന്ന് ഗ്രാംഷി നിരീക്ഷിക്കുന്നു. സാമ്പത്തികഘടനയെ അടിസ്ഥാനഘടനയായി ഗ്രാംഷി അംഗീകരി ക്കുന്നു. എന്നാൽ സൂപ്പർ സ്ട്രക്ചറും ഒരു ഘടനയാണെന്ന് ഗ്രാംഷി വാദിക്കുന്നു. ഇതിന് രണ്ട് ഘടകങ്ങളുണ്ട്. 1. പൗരസമൂഹം, 2. ഭരണ കൂടം. മുതലാളിത്തവർഗത്തിന്റെ ഉപകരണമായി പ്രവർത്തിക്കുക എന്നതാണ് ഭരണകൂടത്തിന്റെ ലക്ഷ്യം. ഭരണം നിലനിർത്താൻ ഇത് സഹായിക്കുന്നു. മുതലാളിത്തത്തെ വെല്ലുവിളിക്കുന്നവർക്കെതിരെ ഭരണകൂടം ബലപ്രയോഗം നടത്തുന്നു. പൗരസമൂഹവും മുതലാളിത്ത ത്തിന്റെ ആധിപത്യത്തെ നിലനിർത്തുന്നു. ഇത് അടിത്തറയോട് കൂടു തൽ സമീപത്താണ് നിൽക്കുന്നത്. ബൂർഷ്വാ രീതികളോട് ആകർഷ ണം സൃഷ്ടിക്കുന്നതിനാണ് പൗരസമൂഹം പ്രവർത്തിക്കുന്നത്. ഗ്രാംഷി ഇതിന് ആധിപത്യം എന്ന പദം ഉപയോഗിച്ചു.

▶ സാമ്പത്തികഘടന യെ അടിസ്ഥാനഘ ടനയായി അംഗീക രിക്കുന്നു

ഗ്രാംഷി ബുദ്ധിജീവികളെ രണ്ടായി തിരിക്കുന്നുണ്ട്. പരമ്പരാഗത ബുദ്ധിജീവികളെന്നും ജൈവബുദ്ധി ജീവികളെന്നും. സത്യത്തെക്കുറി ച്ച് പറയാൻ കഴിയുന്നവർ എന്നാണ് ബുദ്ധിജീവികളെ ഗ്രാംഷി വിശേ ഷിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "ഒരോ വ്യക്തിയും ബുദ്ധിജീവിയാണ്. എന്നാൽ ഓരോ വ്യക്തിയും ബുദ്ധിജീവികളുടെ ചുമതല നിർവഹിക്കുന്നില്ല'' പുതിയ ആധിപത്യവർഗത്തിന്റെ ആവിർ ഭാവത്തിനു മുൻപ് ബുദ്ധിജീവികളായി അംഗീകരിക്കപ്പെട്ടവരാണ്

പരമ്പരാഗത ബുദ്ധിജീവികൾ. പഴയകാലത്തെ സഭാപിതാക്കന്മാർ പരമ്പരാഗത ബുദ്ധിജീവികളായിരുന്നു. അവർ പ്രഭുവർഗമായി അവിഹിതത്തിൽ പ്രവർത്തിക്കുന്നവരായിരുന്നു. എന്നാൽ സമൂഹത്തെ മാറ്റാൻ പാകത്തിൽ നിലവിലുള്ള അധീശത്വ ആശയങ്ങളെ മറികടക്കാൻ ഉപകരിക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തുന്നവരാണ് ജൈവ ബുദ്ധിജീവികളെന്ന് ഗ്രാംഷി അഭിപ്രായപെടുന്നു. മുതലാളിത്ത വർഗത്തിന്റെ ആധിപത്യം നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നവർ ബുദ്ധിജീവികളാണെന്നും ഗ്രാംഷി നിരീക്ഷിക്കുന്നു.

> ▶ സത്യത്തെക്കുറിച്ച് പറയാൻ കഴിയുന്നവർ ബുദ്ധിജീവികൾ

## ലൂക്കാച്ച് (Lukacs)

ഹാംഗേറിയൻ എഴുത്തുകാരനായ ലൂക്കാച്ച് അറിയപ്പെടുന്ന മാർക്സിയൻ എഴുത്തുകാരനും ലാവണ്യശാസ്ത്രകാരനുമാണ്. പാശ്ചാത്യ മാർക്സിസത്തിന്റെ സ്ഥാപകനായി അദ്ദേഹത്തെ നിരൂപകർ വിശേഷിപ്പിക്കാറുണ്ട്. ലെനിന്റെ ആശയങ്ങളോടായിരുന്നു അദ്ദേഹത്തിന് കൂടുതൽ പ്രിയം. മാർക്സിസം ചരിത്രപുരോഗതിക്ക് ഉതകുന്ന പ്രത്യയശാസ്ത്രമാണെന്ന ചിന്തയിൽ അധിഷ്ഠിതമാണ് ലൂക്കാച്ചിന്റെ സാഹിത്യനിരീക്ഷണം. സ്റ്റാലിന്റെ ആശയത്തോടും ചിന്തയോടും അദ്ദേഹം നിരന്തരം കലഹിച്ചു. സോഷ്യലിസത്തിനു വേണ്ടിമാത്രം വാദിക്കുകയാണ് കലാകാരന്റെ ലക്ഷ്യമെന്ന് സ്റ്റാലിൻ വാദിക്കുന്നുണ്ട്. രാജ്യത്തിന്റെ പരിചാരകർ മാത്രമാണ് അവർ. മനുഷ്യാത്മാക്കളെ സോഷ്യലിസത്തിനായി പ്രവർത്തിക്കുന്ന എഞ്ചിനീയർമാരാണ് എഴുത്തുകാരെന്ന് സ്റ്റാലിൻ അഭിപ്രായപ്പെടുന്നു. എഴുത്തുകാരെ അധികാരം കൊണ്ട് വലിഞ്ഞുമുറുക്കിയതിനു ശേഷം സോഷ്യലിസ്റ്റ് രീതിയിൽ എഴുതാൻ പ്രേരിപ്പിച്ച സ്റ്റാലിന്റെ നിലപാടുകളെ ലൂക്കാച്ച് വിമർശിക്കുകയുണ്ടായി. സ്റ്റാലിന്റെ രീതികളിൽ നിന്നും എഴുത്തുകാരെ മോചിപ്പിച്ച് അവർക്ക് ഒരു പുതിയ വഴി തെളിയിച്ചു കൊടുക്കാൻ പ്രയത്നിച്ച എഴുത്തുക്കാരനാണ് ഗ്യോർഗി ലൂക്കാച്ച്. സമൂഹത്തിലെ സത്യം ഏതു എതിർപ്പുകൾക്കിടയിലും തുറന്നു പറയാൻ ശ്രമിക്കുന്നവനാണ് എഴുത്തുകാരനെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. എഴുതാൻ കഴിയുന്നവൻ മനുഷ്യനെയും അവന്റെ ജീവിതസാഹചര്യങ്ങളെയും കൃത്യമായി മനസ്സിലാക്കിയിരിക്കണം.

> ▶ മാർക്സിസം ചരിത്രപുരോഗതിക്ക് ഉതകുന്ന പ്രത്യേയ ശാസ്ത്രം

കലാപ്രവർത്തനത്തെ ക്രിട്ടിക്കൽ റിയലിസമെന്നും സോഷ്യലിസ്റ്റ് റിയലിസമെന്നും ലൂക്കാച്ച് വേർതിരിക്കുന്നുണ്ട്. ലോകത്തെയും സത്യത്തെയും മനസ്സിലാക്കാൻ മനുഷ്യനെ സഹായിക്കുന്നത് റിയലിസത്തിൽ അധിഷ്ഠിതമായ കല മാത്രമാണെന്ന് ലൂക്കാച്ച് അഭിപ്രായപ്പെടുന്നു. ഉള്ളടക്കത്തെ യഥാർഥമോ ചരിത്രപരമോ വ്യക്തിപരമോ ആയ വസ്തുതയെ സാകല്യാവസ്ഥയിൽ പരിവർത്തനം ചെയ്യുമ്പോൾ കലയുണ്ടാകുന്നു എന്ന മാർക്സിസ്റ്റ് വീക്ഷണത്തെ ലൂക്കാച്ച് പിന്തുണച്ചു. മനുഷ്യജീവിതത്തിന്റെ സാകല്യാവസ്ഥയെ പിടിച്ചെടുക്കുന്നവനും അതിനെ പുനരാവിഷ്കരിക്കുന്നവനുമാണ് മഹാനായ കലാകാരൻ. “മുതലാളിത്ത വ്യവസ്ഥിതിയുടെ ഫലമായ അന്യവൽക്കരണം കൊണ്ട് സമുദായത്തിൽ സമാന്യമായതും സവിശേഷമായതും വ്യക്തിനിഷ്ഠമായതും തമ്മിൽ അകലുമ്പോൾ വലിയ കലാകാരൻ അവയെ ഒരുമിച്ച് ചേർത്ത് സാകല്യാവസ്ഥയുണ്ടാക്കുന്നു. അങ്ങനെ സമുദായത്തിന്റെ സങ്കീർണ്ണതയുള്ള സാകല്യാവസ്ഥയുടെ പ്രതിഫലനമായി

ത്തീരുന്നു, നോവൽ. ഇതിനെയാണ് ലൂക്കാച്ച് റിയലിസം എന്നു വിളിക്കുന്നത്. ഈ രീതിയിലുള്ള റിയലിസ്റ്റുകളാണ് ബൽസാക്കും (Honore de Balzac) ടോൾസ്റ്റോയിയും. പ്രാചീന ഗ്രീക്ക് സാഹിത്യകാരന്മാരെയും ഷേക്സ്പിയറിനെയും റിയലിസ്റ്റുകളായിട്ടാണ് ലൂക്കാച്ച് കാണുന്നത്. സാകല്യാവസ്ഥ (totality) സോഷ്യലിസ്റ്റ് കല സാക്ഷാത്കരിക്കേണ്ട ഒരാദർശമാണ് എന്നും ലൂക്കാച്ചിന് അഭിപ്രായമുണ്ട്. നാച്ചുറലിസത്തോട് അദ്ദേഹം എതിർപ്പ് പ്രകടിപ്പിച്ചു. നേരിട്ടുള്ള നിരീക്ഷണത്തിൽ നിന്നു കിട്ടുന്ന വസ്തുതകൾ മാത്രം ആലേഖനം ചെയ്താൽ സാകല്യാവസ്ഥ വരില്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. സാമൂഹിക സത്യം ആവിഷ്കരിക്കുന്നവനാണ് കലാകാരൻ. ഇത് ആവിഷ്ക്കരിക്കണമെങ്കിൽ സമൂഹത്തെ കുറിച്ച് കലാകാരന് അറിവുണ്ടാകണം. ആ അറിവ് മാർക്സിസ്റ്റുകൾക്കേ ഉണ്ടാകൂ. അതിനാൽ നല്ല കലാകാരന്മാർ മാർക്സിസ്റ്റായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

> ▶ സാമൂഹികസത്യം ആവിഷ്കരിക്കുന്നവനാണ് കലാകാരൻ

റിയലിസത്തെ ക്രിട്ടിക്കൽ റിയലിസമെന്നും സോഷ്യലിസ്റ്റ് റിയലിസമെന്നും വിഭജിച്ച ലൂക്കാച്ച് ടോൾസ്റ്റോയിയും ബൽസാക്കും തോമസ് മന്നും ക്രിട്ടിക്കൽ റിയലിസത്തിന് ഉദാഹരണമാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. സോഷ്യലിസ്റ്റ് റിയലിസം ശ്രേഷ്ഠമാണെന്ന് അദ്ദേഹം വാദിച്ചു. ഗോർക്കി, ഷൊളോഖോവ്, അലക്സി ഇവരുടെ കൃതികൾ സോഷ്യലിസ്റ്റ് റിയലിസത്തിന് ഉജ്ജ്വലമാതൃകകളാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലിയോ ടോൾസ്റ്റോയിയുടെ കൃതികളിൽ രാഷ്ട്രീയ സമരങ്ങളും സംഘടനങ്ങളും ഉണ്ട്. പക്ഷേ ഷൊളോഖോവിന്റെ കൃതികളിൽ സോഷ്യലിസത്തിലേക്കുള്ള പ്രയാണം ദൃശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകത്തെയും സത്യത്തെയും മനസ്സിലാക്കാൻ മനുഷ്യനെ സഹായിക്കുന്നത് റിയലിസ്റ്റ് കല മാത്രമാണ്. ഏത് കലാസൃഷ്ടിയെയും റിയലിസമെന്ന മാനദണ്ഡം കൊണ്ട് അളന്നുനോക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി. കാഫ്കയെക്കാൾ തോമസ്സ് മന്നിന് പ്രാധാന്യം കല്പിക്കുന്ന ലൂക്കാച്ച്, കാഫ്കയുടെ പ്രതിഭയെ നിരാകരിക്കുന്നില്ല, കാഫ്ക 'റിയാലിറ്റി'യിലേക്ക് കടന്നു ചെന്നിട്ടുണ്ടെന്ന് അദ്ദേഹം സമ്മതിക്കുന്നു. പക്ഷേ, അത് ഭാഗികമായ രീതിയിലാണെന്ന് ലൂക്കാച്ച് വിചാരിക്കുന്നു.

> ▶ ലോകത്തെയും സത്യത്തെയും മനസിലാക്കാൻ സഹായിക്കുന്നത് റിയലിസ്റ്റിക് കഥ

'Art is the end and politics is the means' കല ലക്ഷ്യവും രാഷ്ട്രീയം മാർഗ്ഗവുമാണെന്ന ഒരാശയം അദ്ദേഹം നടപ്പിലാക്കി. മാർക്സിന്റെ മൂലധനം ഹംഗേറിയൻഭാഷയിലേക്ക് അദ്ദേഹം വിവർത്തനം ചെയ്തു. ദസ്തയൊവിസ്കി, ഷേക്സ്പിയർ എന്നിവരുടെ കൃതികളെ അദ്ദേഹം പരിചയപ്പെടുത്തി. സഞ്ചരിക്കുന്ന ലൈബ്രറികൾ അദ്ദേഹം സ്ഥാപിച്ചു. തോമസ് മൻ എഴുതിയ 'The Magic Mountain' എന്ന നോവലിലെ നാഫ്ത എന്ന കഥാപാത്രം ലൂക്കാച്ചുവിനെ മുന്നിൽക്കണ്ട് തോമസ്മൻ എഴുതിയതാണ്. അന്റോണിയ ഗ്രാംഷിയുമായുള്ള പരിചയമാണ് തന്റെ ചിന്തയിൽ ലെനിനിസം കലർത്തുവാൻ ലൂക്കാച്ചിനെ പ്രേരിപ്പിച്ചത്. 'History and Class Consciounsess' എന്ന ഗ്രന്ഥം ഇതിനുദാഹരണമാണ്.

> ▶ കല ലക്ഷ്യവും രാഷ്ട്രീയവും മാർഗവും

## റിയലിസം (Realism)

ഒരു സാഹിത്യപ്രസ്ഥാനം എന്ന നിലയിൽ റിയലിസം രംഗപ്രവേശം ചെയ്യുന്നത് 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ്. ശാസ്ത്രീയ ചിന്താഗ

തിയുടെ വളർച്ചയും റൊമാന്റിസിസത്തിന്റെ തളർച്ചയുമാണ് ഇതിന് നിമിത്തമായത്. വ്യവസായിക വിപ്ലവാനന്തരം യൂറോപ്പിൽ വികാസം പ്രാപിച്ച പാരമ്പര്യനിഷേധവും ആധുനികതയോടുള്ള ആഭിമുഖ്യവും റിയലിസത്തിന്റെ ആവിർഭാവത്തിന് ഹേതുവായി. ജ്ഞാനോദയത്തിന്റെയും നവോത്ഥാനത്തിന്റെയും ഫലമായി പരിവർത്തന വിധേയമായ സാമൂഹികാവബോധവും റിയലിസം രൂപം കൊള്ളുന്നതിന് പശ്ചാത്തമായി. ഹെഗൽ (Friedrich Hegel), മാർക്സ്, സാങ്ങ്വാ, ടെയിൻ (Taine) തുടങ്ങിയവരുടെ വീക്ഷണങ്ങൾ റിയലിസത്തിന് ശക്തിയേകി. സാമൂഹ്യജീവിതം സാഹിത്യകാരന്റെ സൃഷ്ടികളെ ശക്തമായി സ്വാധീനിക്കുന്നുണ്ട് അതുപോലെ വംശവും മില്യുവും മൊമെന്റും എന്നായിരുന്നു ടെയിനിന്റെയും സാങ്ങ്വായുടെയും നിലപാട്. കോംതേയുടെയും (Ayguste Comte) ഡാർവിന്റെയും സിദ്ധാന്തങ്ങൾ റിയലിസത്തിന് അടിസ്ഥാനമായി. പരിസ്ഥിതികൾ മനുഷ്യനെ ഗണ്യമായി സ്വാധീനിക്കുന്നുവെന്ന ഡാർവിന്റെ സിദ്ധാന്തവും, അടിസ്ഥാനപരമായും മനുഷ്യൻ സാഹചര്യത്തിന്റെയും സമൂഹത്തിന്റെയും സൃഷ്ടിയാണെന്ന കോംതേടെ നിലപാടും റിയലിസത്തിന്റെ ആവിർഭാവത്തിന് പ്രചോദനമായി.

- സാമൂഹ്യജീവിതം സാഹിത്യകാരന്റെ സൃഷ്ടികളെ ശക്തമായി സ്വാധീനിക്കുന്നു

ശാസ്ത്രീയ വീക്ഷണമുള്ള നൂതന ചിന്തകന്മാരുടെ സിദ്ധാന്തങ്ങൾ റിയലിസത്തിലെ ഉപപ്രസ്ഥാനങ്ങളുടെ ഉത്ഭവത്തിന് കാരണമായി സ്പെൻസർ, മാർക്സ്, ഏംഗൽസ് എന്നീ ചിന്തകന്മാരും ടൈലർ, ലൂയി മോർഗർ തുടങ്ങിയനരവംശ ശാസ്ത്രജ്ഞരും റിയലിസ്റ്റിക് സാഹിത്യകാരന്മാർക്ക് ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പ്രചോദനം നൽകിയിട്ടുണ്ട്. 1850നും 1880നും ഇടയിൽ റിയലിസം ഫ്രാൻസിലെ പ്രബല കലാപ്രസ്ഥാനമായി വികസിക്കുകയും യൂറോപ്പിൽ ആകമാനം കലാസാഹിത്യ മേഖലകളിൽ ഭാവുകത്വ പരിണാമം സൃഷ്ടിക്കുകയും ചെയ്തു. ചിത്രകലയിൽ ആരംഭിച്ച് സാഹിത്യം, ശില്പകല, നാടകം, സിനിമ തുടങ്ങി എല്ലാ കലാമേഖലകളിലും ശക്തമായ സ്വാധീനം ചെലുത്തി. കാല്പനിക വിരുദ്ധമായ അഭിരുചി റിയലിസത്തിന്റെ അടിസ്ഥാനസ്വഭാവമാണ്. സാഹിത്യം റൊമാന്റിക്കുകൾ അവകാശപ്പെടുന്നതു പോലെ കേവലം അനുഭൂതിയുടെ സൃഷ്ടിയല്ല. യഥാർത്ഥമായ വർണ്ണനം, വസ്തുനിഷ്ഠമായ പ്രതിപാദനം, വിശദാംശങ്ങളിലുള്ള ശ്രദ്ധ, അതിശയോക്തി ഒഴിവാക്കൽ എന്നിവയെല്ലാം റിയലിസത്തിന്റെ പ്രത്യേകതകളാണ്. കല സത്യത്തെ മുൻവിധിയില്ലാതെ അവതരിപ്പിക്കണം. പ്രകൃതിയെയും സമൂഹത്തെയും യഥാതഥമായി അവതരിപ്പിക്കുക എന്നതിൽ കവിഞ്ഞ് യാതൊരു ഉദ്ദേശവും കലയ്ക്കില്ല എന്ന നിലപാടാണ് റിയലിസ്റ്റിക്കുകൾ പുലർത്തിയത്. ഭാവനയ്ക്കും യുക്തിരാഹിത്യത്തിനും സ്വപ്നത്തിനും അതിഭാവുകത്വത്തിനും സ്ഥാനം നിഷേധിച്ചു.

- റിയലിസം - പ്രകൃതിയെയും സമൂഹത്തെയും യഥാതഥമായി അവതരിപ്പിച്ചു

റിയലിസം ഒരു പ്രസ്ഥാനം എന്ന നിലയിൽ രംഗപ്രവേശം ചെയ്തത് ഫ്രഞ്ച് സാഹിത്യത്തിലാണ്. ഫ്രഞ്ച് നോവലിസ്റ്റുകളായ സ്റ്റെന്താൾ (stendhal), ബൽസാക്ക് (Honore' de Balzac), ഫ്ളോബർ (Gustave Flaubert) എന്നിവരാണ് റിയലിസത്തിന്റെ പ്രധാന വക്താക്കൾ. റൊമാൻറിക് കാലഘട്ടത്തിലാണ് അവർ ജീവിച്ചിരുന്നതെങ്കിലും റൊമാൻറിക് പ്രസ്ഥാനം അവരിൽ സ്വാധീനം ചെലുത്തിയില്ല സങ്കീർണ സമു

ദായത്തെ സസൂക്ഷ്മം അപഗ്രഥിച്ച് അന്നത്തെ ശാസ്ത്രചിന്തയുടെ വെളിച്ചത്തിൽ പരമ്പരാഗത വിശ്വാസങ്ങളെ സൂക്ഷ്മനിരീക്ഷണത്തിനുശേഷം ചോദ്യം ചെയ്തുകൊണ്ട് ചിത്രീകരിക്കുവാൻ ആദ്യമായി മുന്നിട്ടിറങ്ങിയവർ സ്റ്റെന്താൾ, ബൽസാക്ക് എന്നിവരായിരുന്നു. ബൽസാക്കിന്റെ 'ലാ കോമഡി ഹ്യൂമൻ' (La Comedie humaine) എന്ന ഗ്രന്ഥം റിയലിസത്തിന്റെ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന ആദ്യകൃതികളിൽ ഒന്നാണ്. സമൂഹത്തെ സൂക്ഷ്മമായി നിരീക്ഷിക്കുകയും വിശദമായി ചിത്രീകരിക്കുകയുമാണ് എഴുത്തുകാരന്റെ ലക്ഷ്യമെന്ന വിശ്വാസമാണ് ബൽസാക്കിന് ഉണ്ടായിരുന്നത്. ശാസ്ത്രീയ മനോഭാവത്തോടെ പരമ്പരാഗത വിശ്വാസങ്ങളെ ചോദ്യം ചെയ്യുവാനും മനുഷ്യനെ സമൂഹവുമായി ബന്ധപ്പെടുത്തി പരിശോധിക്കുവാനും ബൽസാക്ക് ശ്രമിച്ചു. മനുഷ്യരെ ടൈപ്പുകൾ ആയി തിരിച്ചുകൊണ്ട് അദ്ദേഹം പല ടൈപ്പുകളുടെ സമാഹാരമായി സമുദായത്തെ വിവരിച്ചു. ടൈപ്പോളജിയെ കുറിച്ചുള്ള ആഴത്തിലുള്ള പഠനവും ടൈപ്പോളജി അനുസരിച്ചുള്ള വിഭജനവും പിൽക്കാലത്ത് റിയലിസത്തിന്റെ ഒരു പ്രധാനഘടകമായി തീർന്നു. സാഹിത്യകാരന് സമൂഹത്തോട് ഉത്തരവാദിത്വം ഉണ്ടെന്നും സമൂഹത്തെ സാഹിത്യകാരൻ സമുദ്ധരിക്കണമെന്നും ഉള്ള നിലപാടാണ് ബൽസാക്ക് പുലർത്തിയത് വസ്തുനിഷ്ഠമായ പ്രതിപാദനത്തിന് ബോധപൂർവ്വം പ്രാധാന്യം നൽകുക എന്ന റിയലിസ്റ്റിക് സ്വഭാവം ഫ്ലോബറിൽ കാണാം പ്രതിപാദനം യാതൊരുവിധത്തിലും കർതൃനിഷ്ഠം ആവാതിരിക്കാൻ ഫ്ളോബർ ശ്രദ്ധിച്ചു. ഒരു ശാസ്ത്രജ്ഞന്റെ ശ്രദ്ധയോടെ സമൂഹത്തെ അദ്ദേഹം നിരീക്ഷിച്ചു. സാമൂഹ്യയാഥാർത്ഥ്യത്തെ ഭാവനയുടെ നിറം കൊടുത്ത് വിപുലമാക്കാതെ യഥാതഥമായി ചിത്രീകരിക്കുന്ന രീതിയാണ് ഫ്ളോബർ പിന്തുടർന്നത്. ഫ്ളോബറിന്റെ പിൻഗാമിയായ മോപ്പസാങ് പ്രതിപാദ്യം വസ്തുനിഷ്ഠമാവണം എന്ന വാദത്തെ കൂടുതൽ ശക്തമായി മുന്നോട്ടുവച്ചു. ഓരോ വസ്തുവിന്റെയും സവിശേഷത എന്തെന്ന് സൂക്ഷ്മ നിരീക്ഷണത്തിനുശേഷം കണ്ടുപിടിച്ച് അത് പ്രത്യേകം വിശദമാകത്തക്ക വിധം ചിത്രീകരിക്കണം എന്നതിന് മോപ്പസാങ് പ്രാധാന്യം നൽകി.

- ടൈപ്പോളജിയെകുറിച്ചുള്ള പഠനവും വിഭജനവും റിയലിസത്തിന്റെ പ്രധാനഘടകങ്ങളാണ്

Res എന്ന ലാറ്റിൻപദത്തിൽ നിന്നാണ് റിയലിസത്തിന്റെ ഉത്ഭവം. ഒരു വസ്തു എങ്ങനെയാണോ കാണപ്പെടുന്നത് അതിനെ അതേപടി അവതരിപ്പിക്കുന്ന സാഹിത്യമാണ് റിയലിസം. ഫ്രാൻസിലാണ് ഈ പ്രസ്ഥാനം രൂപം കൊണ്ടത്. കാല്പനികതയ്ക്ക് ശക്തമായ ബദലായിരുന്നു റിയലിസം. അതിവർണ്ണനകൾ നിറഞ്ഞ വൈകാരിതയ്ക്ക് എതിരായിരുന്നു ഈ പ്രസ്ഥാനം. റിയലിസത്തിന്റെ പിതാവായി അറിയപ്പെടുന്നത് ബൽസാക്കാണ്. പിൽകാലത്ത് എമിലി സോള, ഫ്ളോബർ എന്നിവരിലൂടെ റിയലിസം ശക്തി പ്രാപിച്ചു. ഈ കലാകാരന്മാർ സമൂഹത്തിലേക്ക് ഇറങ്ങിചെന്ന് മനുഷ്യരുടെ ജീവിത വൈരുദ്ധ്യങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ഒരോ പ്രദേശത്തിന്റെയും മതപരമായും ആചാരപരമായും പ്രത്യേകതകൾ പഠിച്ചു മനസ്സിലാക്കുകയും ചെയ്തതിനു ശേഷമേ സാഹിത്യരചനയിൽ ഏർപ്പെടുന്നുള്ളൂ. അതുകൊണ്ട് തന്നെ ഇവരുടെ കൃതികളിൽ ജീവിതത്തെക്കുറിച്ചുള്ള അതിശയോക്തി നിറഞ്ഞ ആവിഷ്കരണം കാണാൻ കഴിയില്ല. ജീവിതത്തെക്കുറിച്ച് സ്വപ്നം കാണുകയല്ല; ഭൗതികമായ എല്ലാ യാഥാർത്ഥ്യങ്ങളെയും അനാവരണം ചെയ്യുകയാണ് റിയലിസ്റ്റുകൾ. അവർ

എപ്പോഴും ശ്രദ്ധിച്ചിരുന്നത് സമൂഹത്തിലേക്കും സമൂഹത്തിൽ എപ്പോഴും ഉണ്ടാകുന്ന പരിവർത്തനങ്ങളിലുമാണ്. അതുകൊണ്ടാണ് റിയലിസത്തെ ബഹുമുഖ സ്വഭാവമുള്ള സാഹിത്യമെന്ന് വിശേഷിപ്പിക്കുന്നത്. സാഹിത്യത്തെ സ്വപ്നലോകത്തു നിന്നും ഭൂമിയുടെ പരുക്കൻ യാഥാർത്ഥ്യത്തിലേക്ക് ഇവർ ഇറക്കിക്കൊണ്ടു വന്നു. ജീവിതത്തിന്റെ മനോഹാരിതയിലല്ല; അസ്വമത്വങ്ങളും ദുരിതങ്ങളും നിറഞ്ഞ അസുഖകരമായ യാഥാർത്ഥ്യങ്ങളിലാണ് ഇവർ ശ്രദ്ധപതിപ്പിച്ചത്. പൗഡറിട്ട് മൂടിവച്ച, അറപ്പുളവാക്കുന്ന മുറിവുകൾ തുറന്ന് കാണിക്കാൻ പോകുകയാണെന്ന് റിയലിസ്റ്റിക് എഴുത്തുകാർ പ്രഖ്യാപിച്ചത് അവരുടെ സാഹിത്യവീക്ഷണത്തിന്റെ ഉദാഹരണമാണ്.

▶ റിയലിസം ബഹുമുഖ സ്വഭാവമുള്ള സാഹിത്യം

സമൂഹത്തിന്റെ പ്രതിഫലനമാണ് കല എന്ന ചിന്താഗതിയിലൂടെയാണ് റിയലിസം പ്രചാരം നേടിയത്. അന്നത്തെ സാമൂഹികസ്ഥിതി ഈ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പാശ്ചാത്യലോകത്ത് വ്യവസായിക വിപ്ലവം ശക്തി പ്രാപിച്ചപ്പോൾ അത് അന്നത്തെ മനുഷ്യർക്ക് വലിയ സ്വപ്നങ്ങളാണ് നൽകിയത്. ഗ്രാമങ്ങളിൽ നിന്നു പോലും മനുഷ്യർ വലിയ സ്വപ്നങ്ങളുമായി വ്യവസായ നഗരങ്ങളിലേക്ക് കുടിയേറി. പക്ഷേ വ്യവസായത്തിന്റെ വളർച്ച ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരത്തെ കൂടുതൽ വർദ്ധിപ്പിക്കുകയും ഇടത്തരക്കാരെ കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളിയിടുകയും ചെയ്തു. വ്യവസായിക വിപ്ലവത്തിനു മുന്നിൽ പരാജയപ്പെട്ടവരുടെ ജീവിതം ആവിഷ്കരിക്കുന്നത് കൊണ്ടാണ് കേസരി എ ബാലകൃഷ്ണപിള്ള 'പരാജയപ്രസ്ഥാന'മെന്ന് റിയലിസത്തെ വിശേഷിപ്പിക്കുന്നത്. റിയലിസ്റ്റിക് കലാകാരന്മാരുടെ വീക്ഷണം സാമൂഹിക സ്വഭാവം ഉള്ളതു കൊണ്ടാണ് കേസരി 'ചുറ്റും നോക്കി പ്രസ്ഥാനം' എന്ന മറ്റൊരു പേരും നല്കിയത്. ഇവരുടെ കൃതികളിൽ ഒരിക്കലെങ്കിലും എഴുത്തുകാരൻ നേരിട്ട് സംസാരിക്കുകയോ കഥാപാത്രങ്ങളുടെ ഭാഗമായിമാറികൊണ്ട് വികാരപ്രകടങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. പ്രപഞ്ചസൃഷ്ടാവായ ഈശ്വരൻ പ്രപഞ്ചത്തിൽ സർവ്വവ്യാപിയാണെങ്കിലും നേരിട്ടു പ്രത്യക്ഷപ്പെടുന്നില്ല. അതുപോലെ റിയലിസ്റ്റിക് എഴുത്തുകാർ ഒരിക്കലും സാഹിത്യകൃതികളിൽ പ്രത്യക്ഷരാകരുതെന്ന് ഫ്രഞ്ച് എഴുത്തുകാരനായ ഫ്ളോബേർ അഭിപ്രായപ്പെടുന്നുണ്ട്.

▶ റിയലിസം പരാജയ പ്രസ്ഥാനം

ഫ്രഞ്ച് സാഹിത്യത്തിൽ ആരംഭിച്ച റിയലിസം ടോൾസ്റ്റോയിയുടെയും മാക്സിം ഗോർക്കിയുടെയും സാഹിത്യരചനകളിലൂടെ ലോകപ്രസിദ്ധി നേടുകയുണ്ടായി. ഇംഗ്ലീഷ് സാഹിത്യത്തിൽ ജോർജ്ജ് എലിയറ്റിന്റെയും നോർവീജിയൻ സാഹിത്യത്തിൽ ഇബ്സന്റെയും (Hentrik Ibsen) രചനകളിലൂടെ ഈ സാഹിത്യപ്രസ്ഥാനം ഒരു മഹാപ്രസ്ഥാനമായി മാറി. പ്രകൃതിയേയും സമൂഹത്തേയും യഥാതഥമായി അവതരിപ്പിക്കുക എന്നതിൽ കവിഞ്ഞ് കലയ്ക്ക് യാതൊരു ഉദ്ദേശവും ഇല്ലെന്ന് റിയലിസ്റ്റുകൾ വിശ്വസിച്ചു. ക്രമേണ പച്ചയായ ജീവിതം കാണുക, അതിനെ പച്ചയ്ക്ക് അവതരിപ്പിക്കുക എന്നത് റിയലിസത്തിന്റെ സത്തയായി മാറി. മലയാളത്തിൽ പി. കേശവദേവ്, തകഴി, പൊൻകുന്നം വർക്കി, ലളിതാംബിക അന്തർജ്ജനം എന്നിവരുടെ രചനകൾ ഉദാഹരണമാണ്.

▶ യഥാതഥ അവതരണം

## ക്രിട്ടിക്കൽ റിയലിസം (Critical Realism)

ടോൾസ്റ്റോയി, ആന്റൺ ചെക്കോവ് (Anton Chekov), ബൽസാക്ക് എന്നിവരുടെ കൃതികളിലെ റിയലിസത്തെയാണ് ക്രിട്ടിക്കൽറിയലിസം എന്ന് വിശേഷിപ്പിക്കുന്നത്. റിയലിസം ജീവിതത്തെ വസ്തുനിഷ്ഠമായി ആവിഷ്കരിക്കുമ്പോൾ ക്രിട്ടിക്കൽ റിയലിസം ജീവിതയാഥാർത്ഥ്യങ്ങളെ വിമർശനാത്മകമായി സമീപിക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന സകല ദുരാചാരങ്ങളെയും ഇവർ സാഹിത്യകൃതികളിലൂടെ രൂക്ഷമായി വിമർശിക്കുന്നു. റഷ്യൻവിപ്ലവത്തിന് തൊട്ടുമുമ്പുള്ള സമൂഹത്തിലെ അസമത്വങ്ങളെ രൂക്ഷമായി വിമർശിക്കുന്ന സാഹിത്യരചനകളാണ് ടോൾസ്റ്റോയിയുടെ നോവലുകൾ. അതുപോലെതന്നെ ആന്റൺ ചെകോവിന്റെ ചെറുകഥകളും നാടകങ്ങളും ഇത്തരമൊരവസ്ഥയുടെ പ്രതിഫലനങ്ങളായിരുന്നു. ഫ്രാൻസിലെ പ്രഭുവർഗ്ഗത്തിന്റെ എല്ലാ ക്രൂരതകളും തുറന്നുകാട്ടുന്ന രചനകളാണ് ബൽസാക്കിന്റെ രചനകൾ. ഇവർ സമൂഹത്തിലെ അസമത്വങ്ങളും ക്രൂരതകളും ദുരാചാരങ്ങളും അതിന്റെ എല്ലാ തീവ്രതയോടും കൂടി കൃതിയിൽ അവതരിപ്പിക്കുന്നു. നിലവിലുള്ള സാമൂഹിക വ്യവസ്ഥയ്ക്കെതിരെയുള്ള തുറന്ന യുദ്ധമായിരുന്നു ക്രിട്ടിക്കൽറിയലിസം.

- ജീവിതയാഥാർത്ഥ്യങ്ങളെ വിമർശനാത്മകമായി സമീപിക്കുന്നു

## സോഷ്യലിസ്റ്റ് റിയലിസം (Socialist Realism)

മാർക്സിയൻ തത്വശാസ്ത്രമാണ് വിപ്ലവത്തിന്റെ വിജയത്തെ പ്രകീർത്തിക്കുന്ന സോഷ്യലിസ്റ്റ് റിയലിസമെന്ന റിയലിസ്റ്റിക് പ്രസ്ഥാനത്തിന് പ്രേരണയായിത്തീർന്നത്. മാക്സിം ഗോർക്കിയാണ് ഈ പ്രസ്ഥാനത്തിലെ ഏറ്റവും മികച്ച എഴുത്തുകാരൻ. അദ്ദേഹത്തിന്റെ 'അമ്മ' ('The Mother') എന്ന നോവൽ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ വേദപുസ്തകം എന്ന പേരിലാണ് അറിയപ്പെടുന്നത്. രചനയിൽ പ്രധാനമായും മൂന്ന് ഘടകങ്ങളുണ്ടായിരിക്കണമെന്ന് ഇവർ വാദിക്കുന്നു.

- സാമൂഹപുരോഗതിക്ക് അനിയോജ്യമായ വിധം മനുഷ്യനെ സൃഷ്ടിക്കാൻ മഹത്തായ കലയ്ക്ക് കഴിയും

1. രചനകൾ യാഥാർത്ഥ്യസ്വഭാവം ഉൾക്കൊള്ളുന്നതായിരിക്കണം.
2. തൊഴിലാളിവർഗ്ഗ പ്രാതിനിധ്യ സ്വഭാവമുണ്ടായിരിക്കണം.
3. കഥാനായകൻ മാതൃകാപുരുഷനായിരിക്കണം.

സോവിയറ്റ് യൂണിയനിലെ അംഗീകൃത രചനാരീതിയായിരുന്നു സോഷ്യലിസ്റ്റ് റിയലിസം. കല മനുഷ്യജീവിതത്തിൽ നേരിട്ട് സ്വാധീനം ചെലുത്തുമെന്നും സമൂഹത്തെ ശരിയായ ദിശയിൽ സഞ്ചരിപ്പിക്കാൻ ഇത് ഉപകരിക്കുമെന്നും ഈ പ്രസ്ഥാനം വിശ്വസിച്ചു. സമൂഹത്തിന്റെ പുരോഗതിക്ക് അനുയോജ്യമായ വിധത്തിൽ മനുഷ്യനെ സൃഷ്ടിക്കാൻ മഹത്തായ കലയ്ക്ക് കഴിയും. മാക്സിം ഗോർക്കി 1933-ൽ എഴുതിയ 'സോഷ്യലിസ്റ്റ് റിയലിസം' എന്ന ലേഖനത്തിൽ ഈ ആശയം അവതരിപ്പിക്കുന്നുണ്ട്. ഇതിൽ നാല് മാർഗ്ഗനിർദേശങ്ങൾ അദ്ദേഹം നൽകുന്നുണ്ട്

1. തൊഴിലാളികൾക്ക് മനസ്സിലാക്കാൻ കഴിയുന്നതായിരിക്കണം കല.
2. ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ആവിഷ്കരിക്കണം.
3. റിയലിസം ഉപയോഗിക്കണം.

4. സ്റ്റേറ്റിന്റെയും കമ്മ്യൂണിസത്തിന്റെയും ലക്ഷ്യങ്ങളെ പിന്തുണയ്ക്കണം.

▶ സോഷ്യലിസ്റ്റ് റിയലിസം

കല സമൂഹത്തെ സേവിക്കുമ്പോൾ മാത്രമാണ് പ്രയോജനകരമാകുന്നതെന്ന് ഇവർ വിശ്വസിക്കുന്നു. കല സാമൂഹിക പ്രാധാന്യം നേടണമെങ്കിൽ അടിയന്തര പ്രാധാന്യമുള്ള സാമൂഹിക വിഷയങ്ങളെ ആവിഷ്കരിക്കണം. മാത്രമല്ല, അതിന് പരിഹാരം നിർദ്ദേശിക്കുകയും വേണം.

▶ മലയാള ഗദ്യവും സോഷ്യലിസ്റ്റ് റിയലിസവും

മലയാള ഗദ്യസാഹിത്യത്തിൽ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ സ്വാധീനം വ്യക്തമാണ്. തകഴിയുടെ തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി തുടങ്ങിയ നോവലുകൾ ഉദാഹരണം. പീഢിതവർഗം ഉയർത്തെഴുന്നേൽക്കുന്നതിന്റെ ശംഖൊലി ഈ നോവലുകളിലുണ്ട്. തകഴിയുടെ ചെറുകഥകളിലും കേശവദേവിന്റെ ഓടയിൽ നിന്ന്, ബഷീറിന്റെ ബാല്യകാലസഖി തുടങ്ങിയ നോവലുകളിലും സോഷ്യലിസ്റ്റ് റിയലിസത്തിന്റെ സ്വാധീനം കാണാം. തോപ്പിൽ ഭാസി, എസ്.എൽ. പുരം സദാനന്ദൻ തുടങ്ങിയവരുടെ നാടകത്തിൽ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ സ്വാധീനം കാണാം. കെ. ദാമോദരന്റെ 'പാട്ടബാക്കിയും' വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്നും അരങ്ങത്തേക്കും' ഈ ഗണത്തിൽപെടുത്താം.

## ഇമേജിസം (Imagism)

ഇമേജ് എന്ന പദം 'IMAGO' എന്ന ലാറ്റിൻപദത്തിൽനിന്ന് ഉണ്ടായതാണ്. സാദൃശ്യം എന്നാണ് ഈ പദത്തിന്റെ അർത്ഥം. അദൃശ്യമായതിനെ ദൃശ്യമാക്കിത്തീർക്കാനുള്ള പ്രേരണയാണ് ബിംബകല്പനയ്ക്കുള്ളത്. 'നിമിഷനേരത്തിലുദിക്കുന്ന ബൗദ്ധിക വൈകാരിക സംയുക്ത'മെന്ന് എസ്രാ പൗണ്ട് (Ezra Pound) ബിംബത്തെ നിർവചിക്കുന്നു. കെ.പി. അപ്പന്റെ അഭിപ്രായത്തിൽ "ഇന്ദ്രിയ സംവേദനക്ഷമമായ വാങ്മയ ചിത്രങ്ങളാണ് ബിംബങ്ങൾ"(കലഹവും വിശ്വാസവും - കെ.പി. അപ്പൻ, ഡി.സി. ബുക്സ് പു.150) ഉചിതമായ ബിംബങ്ങളുടെ സഹായത്തോടെ കവിതയിലെ ആശയം പ്രകടിപ്പിക്കാനും വായനക്കാരിൽ അനുഭൂതിയുളവാക്കാനും കഴിയും. വാക്കുകളുടെ ധാരാളിത്തത്തിൽ നിന്നും കവിതയെ രക്ഷപ്പെടുത്താനും ബിംബങ്ങൾക്ക് കഴിയും. എഴുത്തുകാർ അവർ മനസ്സിലാക്കിയ ലോകത്തെ വാങ്മയ ചിത്രങ്ങളാക്കി മാറ്റുന്ന രചനാസമ്പ്രദായം എന്ന നിലയിൽ ബിംബകല്പനകൾക്ക് വലിയ പ്രാധാന്യമുണ്ട്. അത്തരത്തിൽപ്പെട്ട ബിംബങ്ങളെകുറിച്ച് നിരൂപകർ പറയാറുണ്ട്.

▶ ലോകത്തെ വാങ്മയ ചിത്രമാക്കിമാറ്റുന്ന രചനാ സമ്പ്രദായം

1. ദൃശ്യബിംബം 2. ശ്രാവ്യബിംബം 3. ഗന്ധബിംബം 4. സ്പർശബിംബം 5. രസനബിംബം.

സിംബലിസത്തിനു എതിരെ രൂപം കൊണ്ടതാണ് ഇമേജിസം എന്നു പറയാറുണ്ട്. ഇമേജിസത്തിന്റെ തുടക്കം ടി.ഇ. ഹ്യൂമന്റെ (T.E. Hulme) രചനകളിലൂടെയാണ് പുറത്തുവന്നത്. റിച്ചാർഡ് അൾഡിങ്ടൺ (Richard Aldington), ഹിൽഡാ ഡൂലിറ്റിൽ (Hilda Doolittle)തുടങ്ങിയവരാണ് ഇമേജിസത്തിന് ആദ്യകാലസംഭാവനകൾ നൽകിയവർ. 1915-17 കാലത്ത് ആമി ലോവൽ (Amy Lowell) പ്രസിദ്ധീകരിച്ച 'ഏതാനം ഇമേ

ജിസ്റ്റ് കവികൾ' (Some imagist Poets) എന്ന കാവ്യ സമാഹാരത്തിന്റെ അവതാരിക ഇമേജിസത്തിന്റെ മാനിഫെസ്റ്റോ ആയി മാറി. എന്നാൽ ഈ പ്രസ്ഥാനം ശക്തി പ്രാപിച്ചത് എസ്രാ പൗണ്ട്, ടി.എസ്. എലിയറ്റ് എന്നിവരുടെ രചനകളിലൂടെയാണ്. ആവിഷ്ക്കാരത്തിൽ എന്തെങ്കിലും സംഭാവന ചെയ്യാത്ത വാക്കിനെ ഉപേക്ഷിക്കുക, താളത്തെ സംബന്ധിച്ചിടത്തോളം ഛന്ദസ്സിനെക്കാൾ സംഗീതാത്മക പദസമുച്ചയത്തെ പരിഗണിക്കുക എന്നിവയായിരുന്നു ഇമേജിസത്തിന്റെ നിയമങ്ങൾ. അനുഭവങ്ങൾ ശക്തമായും വ്യക്തമായും അഭിസംക്രമിപ്പിക്കാൻ ഇമേജുകൾക്ക് കഴിയുമെന്ന് ഈ പ്രസ്ഥാനത്തിൽപ്പെട്ടവർ വിശ്വസിക്കുന്നു. ഒരോ വാക്കും ഒരോ ചിത്രമായി ഇവർ പരിഗണിക്കുന്നു. ലോകത്തിലെ ഏതു വസ്തുവും എഴുത്തുകാരന് ഇമേജുകളാക്കി രൂപപ്പെടുത്താൻ കഴിയും.

- അനുഭവങ്ങൾ ശക്തമായും വ്യക്തമായും അഭിസംക്രമിപ്പിക്കുന്നു

## സിംബലിസം (Symbolism)

Symbolum എന്ന ലാറ്റിൻപദത്തിൽനിന്നാണ് Symbol എന്ന പദത്തിന്റെ നിഷ്പത്തി. ഫ്രാൻസിലാണ് ഈ പ്രസ്ഥാനം രൂപം കൊണ്ടത്. അടയാളങ്ങളിലൂടെയും സൂചനകളിലൂടെയും അർത്ഥം ധ്വനിപ്പിക്കുന്ന രീതിയാണ് സിംബലിസം. കലയിലെ പ്രതീകാത്മകത പ്രസ്ഥാനമായി ഇത് അറിയപ്പെടുന്നു. സ്വാഭാവികതയ്ക്കും യാഥാർത്ഥ്യത്തിനും എതിരായിരുന്നു ഈ പ്രസ്ഥാനം. കലയ്ക്കു വേണ്ടിയുള്ള കല എന്ന ആശയമാണ് ഇവർ അവതരിപ്പിച്ചത്. ജീൻ മോസ് (Jean Moreas) അണ് സിംബോളിസ്റ്റ് മാനിഫസ്റ്റോ തയ്യാറാക്കിയത്. ചാൾസ് ബോഡ്ലെയർ (Charles Baudelaire), സ്റ്റീഫൻ മല്ലാർമെ (Stephane Mallarme), പോൾ വെർലയ്ൻ (Paul Verlaine) എന്നിവർ കവിതയിലൂടെ ഈ പ്രസ്ഥാനത്തെ ജനകീയവൽകരിച്ചു. മല്ലാർമെ സിംബലിസ്റ്റുകളുടെ പ്രചാരകനായി അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ Divagations (1897) പ്രസ്ഥാനത്തിന്റെ സൗന്ദര്യശാസ്ത്ര കൃതിയായി അറിയപ്പെടുന്നു. ലോകം ഒരു ചിഹ്ന സംവിധാനമാണെന്ന് ഇവർ വിശ്വസിക്കുന്നു. റഷ്യയിൽ അലക്സാണ്ടർ ബ്ലോക്കാണ് (Alexander Blok) ഈ പ്രസ്ഥാനത്തിലെ മികച്ച കവിയായി അറിയപ്പെടുന്നത്. പ്രകൃതിയിൽ നിന്നാണ് എഴുത്തുകാർ പൊതുവേ പ്രതീകങ്ങൾ സ്വീകരിക്കുന്നത്. പ്രതീകങ്ങളുടെ ഉപയോഗം മനുഷ്യസംസ്കാരം ആരംഭിച്ചകാലം മുതലേ ഉണ്ടായിരുന്നു. സാധാരണ മനുഷ്യവ്യവഹാരങ്ങളിലും ഭാഷയിലും പ്രകടിപ്പിക്കാൻ പ്രയാസമുള്ള ആശയങ്ങളും വികാരങ്ങളും സംക്ഷിപ്തമായും അർത്ഥപൂർണ്ണമായും പ്രകടിപ്പിക്കാൻ പ്രതീകങ്ങൾ സഹായിക്കുന്നു. പ്രതീകം ഒരു വസ്തുവാകാം, ഒരു വ്യക്തിയോ പ്രവൃത്തിയോ ആകാം. ഒരു നോട്ടമോ ആംഗ്യമോ ആകാം. പരമ്പരാഗത കാവ്യസങ്കല്പങ്ങൾക്കെതിരെയുള്ള കലാപമായിരുന്നു സിംബലിസം. പ്രമേയത്തിന്റെ ഘടനയിൽനിന്നും കവിതയെ ഇവർ മോചിപ്പിച്ചു. മനുഷ്യന്റെ ആന്തരിക ജീവിതത്തിന്റെ നിഗൂഢതകളിലേക്കും അവനിൽ അന്തർലീനമായ രഹസ്യങ്ങളിലേക്കും സിംബലിസ്റ്റുകൾ സഞ്ചരിച്ചു. കൃത്യമായ അർത്ഥം വിശദീകരിക്കാൻ പലപ്പോഴും കഴിയാത്തവിധം ഇവർ കവിതയെ നവീനമായ ഒരർത്ഥത്തിലേക്ക് അടുപ്പിച്ച് നിർത്തി. കലയുടെ മേൽക്കോയ്മയെ ഇവർ അംഗീകരിച്ചു. ഭൗതികലോകത്തിന്റെ അർത്ഥത്തിനു മീതെ മറ്റൊരു അർത്ഥമുണ്ടെന്ന് ഇവർ വിശദമാക്കി. ഫ്രാൻസിലും ബെൽജീയത്തിലും കവിതയിൽ ആരംഭിക്കുകയും പിന്നീട് ബ്രിട്ടൺ,

> ▶ കലയുടെ മേൽ ക്കോയ്മയെ അം ഗീകരിച്ചു

ജർമ്മനി, പോളണ്ട്, റഷ്യ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ വ്യാപിക്കുകയും ചെയ്ത സിംബലിസ്റ്റ് പ്രസ്ഥാനം കൊളോണിയൽ വ്യവസ്ഥയുടെ സ്വാധീനം മൂലം ഏഷ്യയിലും ആഫ്രിക്കയിലും വ്യാപിക്കുകയുണ്ടായി: സിംബലിസത്തിൽ ടാഗോറാണ് ഭാരതീയകവികളിൽ പ്രമുഖൻ. ആശാന്റെ വീണപൂവ്, ജി. ശങ്കരക്കുറുപ്പിന്റെ സൂര്യകാന്തി എന്നിവ സിംബോളിക് കവിതകളായി കരുതപ്പെടുന്നു.

## ഇംപ്രഷനിസം (Impressionism)

19-ാം നൂറ്റാണ്ടിലാണ് ഇംപ്രഷനിസം ഉടലെടുക്കുന്നത്. പാരീസ് ആസ്ഥാനമായുള്ള ഒരു കൂട്ടം കലാകാരന്മാരിൽനിന്നാണ് ഈ പ്രസ്ഥാനത്തിന്റെ ആശയം രൂപപ്പെടുന്നത്. പരമ്പരാഗതരീതിയോട് ഇവർ ശക്തമായ എതിർപ്പ് രേഖപ്പെടുത്തി. ഇംപ്രഷനിസം എന്ന വാക്കിനർത്ഥം അനുഭൂതിചിത്രണം എന്നാണ്. വസ്തുവിന്റെ ബാഹ്യരൂപം മനസ്സിൽ ഉളവാക്കുന്ന പ്രതികരണത്തിന് (ഇംപ്രഷന്) പ്രാധാന്യം കൊടുക്കുന്നത് കൊണ്ടാണ് ഇംപ്രഷനിസം എന്ന പേര് ലഭിച്ചത്. 1892 ൽ ഫ്രഞ്ച് ചിത്രകാരനായ ക്ലോഡ് മോനെറ്റ് (Claude Monet) സൂര്യോദയത്തെ ആസ്പദമാക്കി വരച്ച ഒരു ചിത്രത്തിൽ നിന്നാണ് ഈ പ്രസ്ഥാനത്തിന്റെ തുടക്കം എന്ന് പറയാം. ഉദിച്ചുയരുന്ന സൂര്യന്റെ ഇളം മഞ്ഞ പ്രകാശം ജലാശയത്തിന്റെ ഉപരിതലത്തിൽ വിന്യസിക്കുന്ന വർണ്ണ വൈവിധ്യത്തിന്റെ മാസ്മരികപ്രഭയാണ് അദ്ദേഹം ചിത്രീകരിച്ചത്. ഇംപ്രഷനിസത്തിന്റെ പിതാവായി ഇദ്ദേഹം അറിയപ്പെടുന്നു. ഈ പദം ആദ്യമായി ഉപയോഗിച്ചതും ക്ലോഡ് മോനെറ്റ് ആണ്. സാഹിത്യം, സംഗീതം, നാടകം, ചിത്രകല എന്നീ മേഖലകളിൽ ഈ പ്രസ്ഥാനം ഏറെ സ്വാധീനം ചെലുത്തി. വസ്തുവിനെയല്ല; അത് മനസ്സിൽ സൃഷ്ടിക്കുന്ന അനുഭൂതികളാണ് ഇവർ ആവിഷ്കരിച്ചത്. ഒരു ദൃശ്യമോ, ഒരാശയമോ തന്റെ മനസ്സിൽ അനുഭൂതികൾ വാക്കുകളായോ വരകളായോ വർണ്ണങ്ങളായോ ഇവർ ചിത്രീകരിച്ചു. അതായത് വസ്തുവിനും വിഷയത്തിനുമല്ല മറിച്ച് വ്യക്തിയും അയാളുടെ മാനസികാവസ്ഥയ്ക്കുമാണ് പ്രാധാന്യം നൽകിയത്. ഒരു സവിശേഷ മുഹൂർത്തത്തിൽ ഒരു വസ്തുത എങ്ങനെ അനുഭൂതിയായി എന്നാണ് ഇംപ്രഷനിസ്റ്റ് വിവരിക്കുന്നത്. വസ്തുവിന്റെ മൂർത്തരൂപത്തിൽ നിന്നും ആദർശരൂപത്തിലേക്കുള്ള പ്രയാണമായി ഇംപ്രഷനിസത്തെ കാണാം. അതുകൊണ്ടു തന്നെ ഇത് റിയലിസത്തിനും എക്സ്പ്രഷനിസത്തിനും ബദലാണ്. മനസ്സിനെ മാത്രമാണ് ഇവർ പ്രമാണമായി അംഗീകരിക്കുന്നത്. കഥാപാത്രത്തിന്റെ മാനസിക ജീവിതത്തിനാണ് ഇവർ ശ്രദ്ധനൽകുന്നത്. വെർജീനയ വുൾഫിന്റെ (Virginia Woolf) കൃതികൾ ഉദാഹരണങ്ങളാണ്. ആധുനികകലയിലെ മഹത്തായ പ്രസ്ഥാനമായിട്ടാണ് ഇംപ്രഷനിസം അറിയപ്പെടുന്നത്. ചിത്രകലയിലാണ് ഈ പ്രസ്ഥാനം കൂടുതലായി ശ്രദ്ധയൂന്നിയത്. വെളിച്ചത്തിനായുള്ള തിരയൽ എന്നൊരു അർത്ഥം കൂടി ഇതിനുണ്ട്. നിലവിലിരുന്ന എല്ലാ ചിത്രകലാസങ്കേതങ്ങളെയും അവർ വിഗണിച്ചു. ലഘുവും ലളിതവുമായ രേഖകൾ ക്രമരഹിതമായി വിന്യസിക്കുന്ന രീതിയാണ് ഇംപ്രഷനിസ്റ്റ് ചിത്രകാരിൽ കാണുന്നത്. റെനോയുടെ Dance at Le moulin de la Galette (1876) ആൽഫ്രഡ് സിസ്‌ലിയുടെ View of the Saint Martin (1870) മേരികസാറ്റിന്റെ Lydia Leaning on her Arms (1879) ബെർത്തെമോരിസോറ്റിന്റെ Reading

> ▶ വസ്തുവിന്റെ മൂർത്തരൂപത്തിൽ നിന്നും ആദർശ രൂപത്തിലേക്കുള്ള പ്രയാണം

തുടങ്ങയവ ശ്രദ്ധേയ ഇംപ്രഷനിസ്റ്റ് ചിത്രങ്ങളാണ്. വിൻസന്റ് വാൻ ഗോഗിന്റെ ചിത്രങ്ങളിലും ഇംപ്രഷനിസത്തിന്റെ സ്ഫുരണങ്ങൾ ദൃശ്യമാണ്.

സംഗീതം, ശില്പകല, സാഹിത്യം, സിനിമ തുടങ്ങിയ കലാമേഖലകളിലും ഇംപ്രഷനിസം സ്വാധീനം ചെലുത്തി. ബോദ്‌ലയർ, മല്ലാർമെ, റിംബോഡ് വെർലയ്ൻ എന്നീ സിംബലിസ്റ്റ് കവികളിൽ ഇംപ്രഷനിസത്തിന്റെ സ്വാധീനം പ്രകടമാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ജോസഫ് കോൺറാഡ്, ഫോർഡ് മഡോക്സ്, വെർജീനിയവൂൾഫ്, ഡി.എച്ച്. ലോറൻസ് എന്നീ എഴുത്തുകാർ ഇംപ്രഷനിസത്തെ പിൻതുടർന്നവരാണ്.

▶ എല്ലാ കലാമേഖലകളിലും സ്വാധീനം ചെലുത്തി

ഇംപ്രഷനിസ്റ്റുകൾ എന്തിനേയും ആത്മനിഷ്ഠമായി സമീപിച്ച് അവതരിപ്പിക്കുന്നവരായതിനാൽ അവരുടെ രചനകളിൽ എഴുത്തുകാരന്റെ സവിശേഷമായ അഭിരുചി, സൗന്ദര്യശാസ്ത്രപരമായ പക്ഷപാതം എന്നിവയുടെ സാന്നിധ്യം പ്രബലമാണ്. 'The adventures of the soul among masterpieces" എന്നാണ് അനറ്റോള ഫ്രാൻസ് ഇംപ്രഷനിസ്റ്റ് വിമർഷനത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. സാഹിത്യത്തിൽ ഇംപ്രഷണിസത്തെ ഹെർമൻദാർ Subjective naturalism എന്ന് വിശേഷിപ്പിച്ചു. നാചറിലിസവും ഇംപ്രഷനിലിസവും യഥാതഥമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇംപ്രഷനലിസത്തിൽ വസ്തുതലത്തിലല്ല മറിച്ച് മനസ്സിന്റെ തലത്തിലാണ് യാഥാർത്ഥ്യപ്രതീതി. ബുദ്ധി കൊണ്ടോ യുക്തി കൊണ്ടോ വിശദീകരിക്കാൻ സാധിക്കുന്നൊരു യാഥാർത്ഥ്യമല്ല അത്. ഈ യാഥാർത്ഥ്യത്തിന്റെ ആവിഷ്കാരം അംഗീകൃത സാഹിത്യ നിയമങ്ങളുടെ പരിധിക്കു പുറത്താണ്. വ്യക്തിമനസ്സിന്റെ നിയമങ്ങളാണ് പ്രമാണം.

▶ സൗന്ദര്യപരമായ പക്ഷപാതം
▶ വ്യക്തിമനസിന്റെ നിയമങ്ങളാണ് പ്രമാണം

ഇംപ്രഷനിസ്റ്റുകളുടെ ഏറ്റവും സാധാരണമായ പശ്ചാത്തലം പ്രകൃതി ദൃശ്യങ്ങളാണ് (ലാൻസ്കേപ്പ്) ഒരു ആധുനിക നഗരത്തിന്റെ ദൈനംദിന ജീവിതത്തിന്റെ ബഹുമുഖ ചിത്രം ആദ്യമായി സൃഷ്ടിച്ചത് ഇംപ്രഷനിസ്റ്റുകളാണ്. ഭൂപ്രകൃതിയുടെ മൗലികതയും അതിൽ വസിക്കുന്ന ആളുകളുടെ രൂപവും അവരുടെ ജീവിതരീതിയും ജോലിയും വിനോദവുമെല്ലാം ഇംപ്രഷനിസ്റ്റുകൾ പകർത്തി. ചുറ്റുപാടുമുള്ള ദൈനംദിനജീവിതത്തിന്റെ മതിപ്പ് പ്രകടിപ്പിക്കുന്നതിനുള്ള വിവിധ മാർഗങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് ഇംപ്രഷനിസ്റ്റുകൾ അവരുടെ രചനകളിൽ സാമൂഹിക പ്രശ്നങ്ങളോ തത്വചിന്തയോ സ്പർശിക്കാൻ ശ്രമിച്ചില്ല. ഇംപ്രഷനിസ്റ്റുകളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യം അവർ കണ്ടതിന്റെ മതിപ്പ് അറിയിക്കുക, ജീവിതത്തിന്റെ ഒരു ചെറിയ നിമിഷം ക്യാൻവാസിൽ പകർത്തുക എന്നതായിരുന്നു. ഈ രീതിയിൽ ഇംപ്രഷനിസ്റ്റുകൾ ഫോട്ടോഗ്രാഫർമാരോട് സാമ്യമുള്ളവരായിരുന്നു. ഇതിവൃത്തം അവർക്ക് കാര്യമായിരുന്നില്ല. കലാകാരന്മാർ അവരുടെ രചനകളുടെ ഉള്ളടക്കം അവരുടെ ചുറ്റുമുള്ള ജീവിതത്തിൽ നിന്നും സ്വീകരിക്കുകയുണ്ടായി. അവർ ശാന്തമായ തെരുവുകൾ, സായാഹ്ന കഫേകൾ, ഗ്രാമീണ പ്രകൃതിദൃശ്യങ്ങൾ, നഗരകെട്ടിടങ്ങൾ എന്നിവ വരച്ചു. വെളിച്ചത്തിന്റെയും നിഴലിന്റെയും പ്രാധാന്യം അവരുടെ ചിത്രങ്ങളിൽ ഉണ്ടായിരുന്നു. പ്രകൃതിദത്തമായ വെളിച്ചത്തിൽ വസ്തുക്കളെ കാണാനാണ് അവർ

ഇഷ്ടപ്പെട്ടത്. ചിത്രകലയിൽ ശക്തിപ്രാപിച്ച ഇംപ്രഷനിസം സംഗീതത്തിലും സാഹിത്യത്തിലും സ്വാധീനം ചെലുത്തുകയുണ്ടായി. ഒരു കഥാപാത്രത്തിന്റെ ആത്മനിഷ്ഠമായ വീക്ഷണത്തെ ആസ്പദമാക്കിയാണ് ഇംപ്രഷനിസ്റ്റ് രചനകൾ രൂപപ്പെട്ടത്. കഥാപാത്രത്തിന്റെ അനുഭവങ്ങൾക്കാണ് ഇവിടെ പ്രാധാന്യം. കഥാപാത്രത്തിന്റെ സങ്കീർണ്ണതകൾ കൈകാര്യം ചെയ്യുന്നവയാണ് പ്രസിദ്ധമായ ഇംപ്രഷനിസ്റ്റ് രചനകൾ. കഥാപാത്രങ്ങളോ രചനകളോ യാഥാർത്ഥ്യത്തിന്റെ ആത്മനിഷ്ഠ വീക്ഷണകോണിൽ നിന്ന് ചിത്രീകരിക്കുമ്പോൾ ഇംപ്രഷനിസ്റ്റ് സാഹിത്യം രൂപം കൊള്ളുന്നു.

- സംഗീതത്തിലും സാഹിത്യത്തിലും സ്വാധീനം ചെലുത്തി

## എക്സ്പ്രഷനിസം (Expressionism)

എക്സ്പ്രസ് എന്ന ലത്തീൻപദത്തിൽനിന്നാണ് എക്സ്പ്രഷനിസം രൂപപ്പെട്ടത്. അഭിവ്യക്തിവാദം, അഭിവ്യഞ്ജനവാദം എന്നീ പേരുകളിൽ ഇതറിയപ്പെടുന്നു. ചിത്രകലയിലാണ് ഈ പ്രസ്ഥാനം ആരംഭിക്കുന്നത്. ഭൗതിക യാഥാർത്ഥ്യത്തെക്കാൾ വൈകാരികാനുഭവത്തിൽ അർത്ഥം പ്രകടിപ്പിക്കാൻ എക്സ്പ്രഷനിസ്റ്റ് കലാകാരന്മാർ ശ്രദ്ധിച്ചു. അഗെസ്റ്റ് ഹെർവെ എന്ന കലാകാരൻ പാരീസിൽ നടത്തിയ പെയിന്റിംഗിലാണ് ഈ ചിന്ത ആദ്യമായി പ്രത്യക്ഷപ്പെട്ടത്. 1910 ൽ ആരംഭിച്ച 'ദെർസ്റ്റം' (Der Sturm)എന്ന ആനുകാലിക പ്രസിദ്ധീകരണം എക്സ്പ്രഷനിസത്തിന് പ്രചാരം നല്കി. ഹെർബട്ട് റീഡിന്റെ (Herbert Read) അഭിപ്രായത്തിൽ 'പ്രകൃതിയിലെ വസ്തുസത്യങ്ങളെയോ അവയെ അവലംബിച്ചുള്ള പൊതുധാരണകളേയൊ അല്ല, കലാകാരന്റെ ആത്മനിഷ്ഠമായ വികാരങ്ങളെ ചിത്രീകരിക്കാൻ ശ്രമിക്കുന്ന കലയാണ് എക്സ്പ്രഷനിസം.' ഒരു വസ്തു ചിത്രകാരനിൽ സൃഷ്ടിക്കുന്ന വികാരങ്ങളെയും അതിൽ ഉണ്ടാകുന്ന വ്യാപകമായ ഉത്കണ്ഠകളെയും ചിത്രീകരിക്കാനാണ് എക്സ്പ്രഷനിസ്റ്റുകൾ ശ്രമിക്കുന്നത്. ഇവർ പ്രാധാനമായും നാല് കാര്യങ്ങൾക്കാണ് ശ്രദ്ധനൽകിയത്.

1. വസ്തുക്കളെ ഘടകങ്ങളായി കാണുക എന്ന രീതി വിട്ട് ഒന്നിച്ച് കാണുന്ന രീതി.
2. വർണ്ണത്തിലെയും ചിന്തയിലെയും പ്രധാനമായ കറുപ്പ്, വെളുപ്പ് എന്നതിന് പകരം നിഴലും വെളിച്ചവും എന്നതിനോടോപ്പം വെളിച്ചവും വസ്തുവും എന്ന ബന്ധം.
3. ചരിത്രത്തെയും ഭൂതകാലത്തെയും കൈവിട്ട് പ്രാദേശികത്വത്തെയും വർത്തമാനകാലത്തെയും സ്വീകരിക്കണമെന്ന ആശയം.
4. പ്രകൃതിയുടെ നിഗൂഢതയെയും പ്രകൃതിയോടുള്ള കാല്പനികാവിഷ്കാരത്തെയും തള്ളിക്കളഞ്ഞ് ആത്മാവിഷ്കാരത്തിന് പ്രാധാന്യം നല്കി.

- കലാകാരന്റെ ആത്മനിഷ്ഠമായ വികാരങ്ങളെ ചിത്രീകരിക്കുന്നു

ചിത്രകല, കവിത എന്നിവയെക്കാളുമുപരി നാടകമാണ്. എക്സ്പ്രഷനിസത്തോട് കൂടുതൽ അടുത്ത് നിന്നത്. ലൂയി പിരാന്റലോയുടെ (Luigi Pirandello) നാടകങ്ങൾ ഉദാഹരണങ്ങളാണ്. മലയാളത്തിൽ പുളി

▶ നാടകം എക്സ്പ്രഷനിസത്തോട് അടുത്തുനിന്നു

മാന പരമേശ്വരപിള്ളയുടെ 'സമത്വവാദിയാണ്' ഈ വിഭാഗത്തിൽപ്പെടുന്ന ആദ്യ നാടകം. കാഫ്കയുടെ നോവലുകളും ഈ വിഭാഗത്തിൽപ്പെടുന്നു.

വ്യക്തിപരവും ആത്മനിഷ്ഠവുമായ വീക്ഷണത്തിനാണ് എക്സ്പ്രഷനിസം പ്രാധാന്യം നൽകുന്നത്. ഭൗതികയാഥാർത്ഥ്യങ്ങളെക്കാൾ വൈകാരികാനുഭവത്തിന്റെ അർത്ഥം പ്രകടിപ്പിക്കാൻ ഇവർ ശ്രമിച്ചു. സാഹിത്യം, സിനിമ, നാടകം, നൃത്തം എന്നിവയിലെല്ലാം എക്സ്പ്രഷനിസം സ്വാധീനം ചെലുത്തി. മേരി വിഗ്മാൻ, പിന ബൗഷ് (Pina Baush) എന്നിവരായിരുന്നു നൃത്തമേഖലയിലെ പ്രധാനികൾ. എറിക് ഹെക്കൽ ശില്പകലയിൽ ഈ പ്രസ്ഥാനത്തെ നന്നായി ഉപയോഗിച്ചു. ചലച്ചിത്രമേഖലയിൽ റോബർട്ട് വീൻ, പോൾ വെഗെനർ എന്നിവർ പ്രശസ്തരായിരുന്നു. ചലച്ചിത്രത്തിലെ 'സിനിമാറ്റിക് ശൈലികളെ' വിവരിക്കാൻ എക്സ്പ്രഷനിസത്തെ ഉപയോഗപ്പെടുത്തുകയുണ്ടായി. ജേക്കബ് വാൻ ഹോഡിസ്, വാൾട്ടർ റൈനർ, ജോർജ്ജ് ഹേം എന്നിവർ കവിതയിൽ എക്സ്പ്രഷനിസ്റ്റ് രീതികൾ നന്നായി പ്രയോഗിച്ചു. ടി.എസ്. എലിയറ്റിനെപ്പോലുള്ളവരും ഈ ശൈലിയെ ഉപയോഗപ്പെടുത്തിയിരുന്നു. സംഗീതത്തിന്റെ പരമ്പരാഗത ഭാവങ്ങളെ ഒഴിവാക്കുന്നതിന് വേണ്ടി എക്സ്പ്രഷനിസത്തെ ഉപയോഗിക്കുകയുണ്ടായി. സാഹിത്യത്തിന്റെയും ഇതര കലകളുടെയും മേഖലകളിൽ സുപ്രധാനമായ സാന്നിധ്യമറിയിക്കാൻ എക്സ്പ്രഷനിസത്തിന് കഴിഞ്ഞിട്ടുണ്ട്.

▶ വ്യക്തിപരവും ആത്മനിഷ്ഠവുമായ വീക്ഷണം

## Summarised Overview

ക്ലാസിക്കൽ മാർക്സിയൻ വിമർശനം, അതിന്റെ പ്രാരംഭഘട്ടത്തിൽ, ഒരു മാർക്സിസ്റ്റ് ലെൻസിലൂടെ സമൂഹത്തെയും സാമ്പത്തികശാസ്ത്രത്തെയും സംസ്കാരത്തെയും മനസ്സിലാക്കുന്നതിനുള്ള അടിസ്ഥാനതത്വങ്ങൾ സ്ഥാപിക്കുന്നു. സാമ്പത്തികസാഹചര്യങ്ങൾ ബോധത്തെയും സാമൂഹിക ചലനാത്മകതയെയും എങ്ങനെ രൂപപ്പെടുത്തുന്നു എന്ന് ഊന്നിപ്പറയുന്ന, മേൽപുര വ്യക്തമാക്കിയതുപോലെ, പ്രതിഫലന അടിത്തറയുടെ ലെൻസിലൂടെ ഇത് സാമൂഹികഘടനകളെയും ബന്ധങ്ങളെയും സൂക്ഷ്മമായി പരിശോധിക്കുന്നു. ഈ വിമർശനാത്മക സമീപനം ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പരമ്പരാഗതവ്യാഖ്യാനങ്ങളെ വെല്ലുവിളിക്കുന്നു. മനുഷ്യന്റെ അനുഭവങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും രൂപപ്പെടുത്തുന്നതിൽ ഭൗതിക സാഹചര്യങ്ങളുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു.

സോവിയറ്റ് യൂണിയന്റെ സാഹചര്യവുമായി പൊരുത്തപ്പെടുമ്പോൾ മാർക്സിൽ നിന്നുള്ള ഉൾക്കാഴ്ചകൾ ഉൾക്കൊള്ളുന്ന ഒരു പ്രത്യേക ശാഖയായി സോവിയറ്റ് മാർക്സിസം ഉയർന്നുവരുന്നു. ഗ്രാംഷി, ലൂക്കാച്ച് തുടങ്ങിയ ചിന്തകർ അവതരിപ്പിച്ച ആശയങ്ങൾ മാർക്സിസ്റ്റ് ചിന്തയെ കൂടുതൽ സമ്പന്നമാക്കുന്നു. റിയലിസം, വിമർശനാത്മക റിയലിസം, സോഷ്യലിസ്റ്റ് റിയലിസം എന്നിവയെക്കുറിച്ചുള്ള ആശയങ്ങൾ പര്യവേക്ഷണം ചെയ്യുന്നു. ഈ ചട്ടക്കൂടുകൾ പവർ ഡൈനാമിക്സ്, ആധിപത്യ പ്രത്യയശാസ്ത്രങ്ങളെ ശാശ്വതമാക്കുന്നതിനോ വെല്ലുവിളിക്കുന്നതിനോ ഉള്ള സംസ്കാരത്തിന്റെ പങ്ക് എന്നിവയുടെ സങ്കീർണ്ണതകളിലേക്ക് ആഴ്ന്നിറങ്ങുന്നു. ഇത് സാമൂഹിക മാറ്റത്തെയും പ്രതിരോധത്തെയും കുറിച്ച് സൂക്ഷ്മമായ ധാരണ നൽകുന്നു.

പ്രതീകാത്മകത, ഇംപ്രഷനിസം, എക്സ്പ്രഷനിസം എന്നിവയുൾപ്പെടെയുള്ള ഇമേജിസം, സമൂഹത്തിന്റെ സാംസ്കാരിക ഉൽപ്പാദനം പരിശോധിച്ചുകൊണ്ട് മാർക്സിസ്റ്റ് വിമർശനത്തിന്

മറ്റൊരു വീക്ഷണം ചേർക്കുന്നു. കലാപരമായ ആവിഷ്കാരങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ, ഈ സമീപനം അടിസ്ഥാനപരമായ സാമൂഹിക ബന്ധങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ, പോരാട്ടങ്ങൾ എന്നിവ കണ്ടെത്തുന്നു. കലയിലെ പ്രതീകാത്മകതയെയും സൗന്ദര്യാത്മക തിരഞ്ഞെടുപ്പുകളെയും വിച്ഛേദിക്കുന്നതിലൂടെ, അത് സാംസ്കാരിക രൂപങ്ങളിൽ ഉൾച്ചേർത്ത വർഗതാൽപ്പര്യങ്ങളും പിരിമുറുക്കങ്ങളും വെളിപ്പെടുത്തുന്നു, ആത്യന്തികമായി സമൂഹത്തെയും സംസ്കാരത്തെയും കുറിച്ചുള്ള സമഗ്രമായ മാർക്സിസ്റ്റ് വിമർശനത്തിന് സംഭാവന നൽകുന്നു.

## Assignments

1. മാർക്സിയൻ വിമർശനപദ്ധതിയെക്കുറിച്ച് ഉപന്യസിക്കുക.
2. മാർക്സിയൻ ദർശനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ചിന്താപദ്ധതിയെക്കുറിച്ച് വിശകലനം ചെയ്യുക.
3. ഗ്രാംഷിയൻ ചിന്തകളുടെ സ്വാധീനത്തെപ്പറ്റി ചർച്ച ചെയ്യുക.
4. ക്രിട്ടിക്കൽറിയലിസം, സോഷ്യലിസ്റ്റ് റിയലിസം എന്ന് കലാപ്രവർത്തനത്തെ ലൂക്കാച്ച് വിഭജിച്ചതിന് ലക്ഷ്യം എന്ത്?
5. ഒരു സാഹിത്യപ്രസ്ഥാനം എന്ന നിലയിൽ റിയലിസത്തിന്റെ മേന്മകളെ അപഗ്രഥിക്കുക.
6. സിംബലിസം കലയിലെ പ്രതീകാത്മക പ്രസ്ഥാനമാണ്. വിലയിരുത്തുക.
7. ആധുനികകലയിലെ മഹത്തായ പ്രസ്ഥാനം എന്ന് ഇംപ്രഷനിസത്തെ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനം - വിശദമാക്കുക
8. സാഹിത്യത്തിന്റെ ഇതരമേഖലകളിലെ എക്സ്പ്രഷനിസ്റ്റ് സ്വാധീനത്തെ വിലയിരുത്തുക.

## Suggested Reading


1. എസ്. നൗഷാദ്, ഡി.വി. അനിൽ കുമാർ, പാശ്ചാത്യസാഹിത്യസിദ്ധാന്തം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പന്മന രാമചന്ദ്രൻനായർ, നിയോക്ലാസിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Reference


1. രവീന്ദ്രൻ(എഡി) കലാവിമർശനം മാർക്സിസ്റ്റ് മാനദണ്ഡം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
3. വില്യം ഹെൻഡ്രിഹഡ്സ് സാഹിത്യപഠനത്തിന് ഒരു ആമുഖം, വസന്തൻ എസ്.കെ (വിവ), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. എം. അച്യുതൻ, പാശ്ചാത്യസാഹിത്യദർശനം, എൻ.ബി.എസ്. കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 4

# ആധുനിക വിമർശനപദ്ധതികൾ

## Learning Outcomes

- മനോവിജ്ഞാനീയമെന്തെന്നു മനസ്സിലാക്കുന്നു
- ആദ്യ ഗദ്യമാതൃകകളിൽ തമിഴ് ഭാഷയുടെ സ്വാധീനം കണ്ടെത്തുന്നു
- സ്ത്രീവാദചിന്തകളുടെ രാഷ്ട്രീയം ഗ്രഹിക്കുന്നു
- മനോവിജ്ഞാനീയ സാധ്യതകൾ മനസ്സിലാക്കുന്നു
- മിഷനറിമാരുടെ സംഭാവനകൾ തിരിച്ചറിയുന്നു

## Background

അറിവ്, ധാരണ, വികാരം, പ്രചോദനം സാമൂഹിക ഇടപെടൽ തുടങ്ങിയ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യ മനസ്സിനെയും പെരുമാറ്റത്തെയും കുറിച്ചുള്ള പഠനമാണ് മനഃശാസ്ത്രം (സൈക്കോളജി). പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പരീക്ഷണാത്മക മനഃശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കപ്പെടുന്ന വിൽഹം വുണ്ട് (Wilhelm wundt), ഫങ്ഷണലിസത്തിനു തുടക്കമിട്ടു വില്യം ജയിംസ് എന്നിവർ മനഃശാസ്ത്രപഠനത്തിൽ പ്രാരംഭം കുറിച്ചു. ആത്മപരിശോധനയിലൂടെയും പരീക്ഷണാത്മക രീതികളിലൂടെയും മനുഷ്യബോധത്തിന്റെ ഘടന മനസ്സിലാക്കുന്നതിൽ വുണ്ടിന്റെ പ്രവർത്തനം ശ്രദ്ധ കേന്ദ്രീകരിച്ചു. മനുഷ്യമനസ്സിന്റെ ആഴങ്ങളിലേക്ക് ഉറ്റുനോക്കി, അതിന്റെ നിഗൂഢതകൾ പാളികളായി അനാവരണം ചെയ്യുന്ന മനഃശാസ്ത്രം, അതിന്റെ പ്രാരംഭഘട്ടത്തിൽ, അജ്ഞാത പ്രദേശം പര്യവേക്ഷണം ചെയ്യുന്നതിന് തുല്യമായിരുന്നു. വിൽഹെം വുണ്ട്, വില്യം ജെയിംസ് തുടങ്ങിയ പണ്ഡിതർ മനുഷ്യന്റെ പെരുമാറ്റവും അറിവും മനസ്സിലാക്കുന്നതിനുള്ള അടിത്തറ പാകി. സങ്കീർണ്ണമായ ഒരു പ്രഹേളിക മനസ്സിലാക്കുന്നതുപോലെയായിരുന്നു അത്, നായ്ക്കളുമായുള്ള പാവ്‌ലോവിന്റെ (Ivan Pavlov) പ്രശസ്തമായ പരീക്ഷണങ്ങൾ മുതൽ അബോധമനസ്സിനെക്കുറിച്ചുള്ള ഫ്രോയിഡിന്റെ വിപ്ലവ സിദ്ധാന്തങ്ങൾ വരെ, ഓരോ വെളിപ്പെടുത്തലും പര്യവേക്ഷണത്തിന്റെയും ധാരണയുടെയും പുതിയ വഴികൾ തുറന്നു.

ഒരിക്കൽ നിശബ്ദമായിരുന്ന ശബ്ദങ്ങൾ സാമൂഹിക മാനദണ്ഡങ്ങളെയും അസമത്വങ്ങളെയും വെല്ലുവിളിക്കാൻ ഐക്യത്തോടെ ഉയർന്നുവന്നതിന്റെ ഒരു ദൃഷ്ടാന്തമാണ് സ്ത്രീവാദം (Feminism). ലിംഗസമത്വത്തിനായി പരിശ്രമിക്കുന്ന വ്യക്തികളുടെ പുനരുജ്ജീവനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും തെളിവാണ് ഫെമിനിസ്റ്റ് ചിന്തയുടെ ആദ്യഘട്ടം. 18 ഉം 19 ഉം നൂറ്റാണ്ടുകളിൽ ഉയർന്നു വന്ന സ്ത്രീവാദ ചിന്തയുടെ ആദ്യഘട്ടങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങളുടെയും അവസരങ്ങളുടെയും അഭാവം, വോട്ടവകാശം, വിദ്യാഭ്യാസം, നിയമപരമായ സമത്വം എന്നിവയ്ക്കായി വാദിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. മേരി വോൾസ്റ്റോൺക്രാഫ്റ്റിന്റെ (Mary Wollstonecraft) 'എ വിൻഡിക്കേഷൻ ഓഫ് ദി റൈറ്റ്സ് ഓഫ് വുമൺ' എന്ന ഗ്രന്ഥവും സോജോർണർ ട്രൂത്തിന്റെ (Sojourner Truth) ശക്തമായ 'ഞാൻ ഒരു സ്ത്രീയല്ലേ?' (Ain't I A Woman?) പ്രസംഗവും സ്ത്രീവാദചിന്തയുടെ പ്രാരംഭഘട്ടത്തിലെ ശക്തമായ പ്രതിഫല

നങ്ങളാണ്. ഇവ ഭാവി തലമുറയ്ക്ക് സ്ത്രീകളുടെ അവകാശങ്ങൾക്കും ശാക്തീകരണത്തിനും വേണ്ടി പോരാടാൻ വഴിയൊരുക്കി. അവരുടെ ധൈര്യവും കാഴ്ചപ്പാടും കൂടുതൽ സമഗ്രവും തുല്യവുമായ ഒരു സമൂഹത്തിനായി വാദിക്കാൻ പ്രചോദനമായി. സ്ത്രീകളുടെ സ്വയംഭരണത്തിനും സമത്വത്തിനുവേണ്ടി വാദിച്ചുകൊണ്ട് ഫെമിനിസത്തിന്റെ പില്ക്കാല തരംഗങ്ങളിലേക്ക് അടിത്തറയിട്ടു.

## Keywords

മനോവിജ്ഞാനീയം - സ്ത്രീവാദചിന്തകൾ - ഗദ്യത്തിന്റെ വികാസം - മിഷനറിമാരുടെ സംഭാവന

## Discussion

### മനോവിജ്ഞാനീയം (Psychology): പൂർവ്വഘട്ടം

ചിത്തവൃത്തികളെയും അതിൽ ജനിക്കുന്ന വികാരങ്ങളെയും കുറിച്ച് വിശകലം ചെയ്യുന്ന പഠനശാഖയാണ് മനോവിജ്ഞാനീയം. മനോവൃത്തികളെ വിവരിക്കുന്ന ശാസ്ത്രമായി മനോവിജ്ഞാനീയം അറിയപ്പെടുന്നു. മനഃശാസ്ത്രസിദ്ധാന്തങ്ങൾ ഉപയോഗിച്ചുകൊണ്ട് കൃതിയെയും എഴുത്തുകാരനെയും വായനക്കാരനെയും അപഗ്രഥിക്കുന്ന രീതിയാണിത്. സ്വാമിവിവേകാനന്ദനെപ്പോലുള്ള തത്വജ്ഞാനികൾ മനോവിജ്ഞാനീയത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ 'മനോവിജ്ഞാനീയത്തിന്റെ പ്രാധാന്യം' എന്ന ലേഖനം ഉദാഹരണം (വിവേകാനന്ദസാഹിത്യം സർവ്വസ്വം - നാലാംഭാഗം). ആ ലേഖനത്തിൽ വിവേകാനന്ദൻ പറയുന്നു 'മനസ്സിന്റെ കൊടും ചുഴറ്റുകളെ തടഞ്ഞു നിർത്താനും അതിനെ ഇച്ഛയുടെ പിടിക്കടിപ്പെടുത്താനും അങ്ങനെ അതിന്റെ ഹിംസ ശാസനത്തിൽ നിന്ന് നമ്മെ മോചിപ്പിക്കാനും നമ്മെ പഠിപ്പിക്കുന്നത് മനോവിജ്ഞാനീയമാണ്. മനോവിജ്ഞാനീയം ശാസ്ത്രങ്ങളുടെ ശാസ്ത്രമാണ്. അതിനെ കൂടാതെ സർവ്വശാസ്ത്രങ്ങളും മറ്റു സർവ്വവിജ്ഞാനവും സാരരഹിതമാകുന്നു.'' ആദ്യകാലത്തുതന്നെ മനോവിജ്ഞാനീയം ശ്രദ്ധനേടിയ ഒരു നിരൂപണ പദ്ധതിയായി രൂപപ്പെട്ടുവന്നിരുന്നു. ശാസ്ത്രങ്ങളുടെ ശാസ്ത്രമായി ഇതിനെ വിശേഷിപ്പിക്കുന്നത് ഈ പദ്ധതിയുടെ പ്രാധാന്യത്തിന്റെ തെളിവാണ്. സൈക്കോളജി എന്ന പേരിൽ ഇത് അറിയപ്പെടുന്നതിനുമുൻപ് തന്നെ ഭാരതീയ ഋഷിമാർ മനസ്സിനെ പഠിപ്പിക്കുകയും ബോധത്തെ സമഗ്രമായി നവീകരിച്ച് പുതിയ മനുഷ്യനെ സൃഷ്ടിക്കുന്ന മനോവിശ്ലേഷണ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. സൈക്കോളജി എന്ന വാക്കിൽ ഒതുക്കി നിർത്താവുന്നതല്ല അവരുടെ മനോവിജ്ഞാനീയം. ബോധശാസ്ത്രം എന്ന പേരായിരിക്കും കൂടുതൽ ഉചിതം. ഈ വിദ്യയെതന്നെയാണ് 'ആത്മവിദ്യ' എന്ന് നൂറ്റാണ്ടുകളിലായി ഭാരതീയർ വിളിച്ചത്. ഭാരതീയന് ആത്മവിദ്യയും ബോധശാസ്ത്രവും രണ്ടല്ല. മനുഷ്യന്റെ എല്ലാ വൈജ്ഞാനിക പ്രവർ

▶ മനോവൃത്തികളെ വിവരിക്കുന്ന ശാസ്ത്രം

ത്തനങ്ങളുടെയും അധിഷ്ഠാന വിദ്യയാണ് ഇത്. ഭാരതീയ മനഃശാസ്ത്രം എന്ന കൃതിയിൽ ഗുരുനിത്യചൈതന്യയതി ഈ വിവരങ്ങൾ കൃത്യമായി വിശദീകരിക്കുന്നുണ്ട്. ഭാരതീയരുടെ പ്രാചീനമായ ജ്ഞാനപദ്ധതിയാണ് പിൽക്കാലത്ത് സൈക്കോളജി എന്ന പഠനമേഖലയായി രൂപപ്പെട്ടതെന്ന വാദം കൂടുതൽ പഠനം അർഹിക്കുന്ന ഒന്നാണ്.

ഫ്രോയിഡിന്റെ ചിന്താപദ്ധതികൾക്കനുസരിച്ച് പാശ്ചാത്യസാഹിത്യത്തിൽ രൂപപ്പെട്ട ഒരു ചിന്താപദ്ധതിയാണ് മനോവിജ്ഞാനീയം. സാഹിത്യകാരന്റെ എഴുത്തിന് പ്രേരണയായിത്തീർന്നതെന്തെന്ന അന്വേഷണമാണ് മനോവിജ്ഞാനീയ പദ്ധതിയിലുള്ളത്. വാസ്തവത്തിൽ എഴുത്തുകാരന്റെ മനസ്സിലേക്കുള്ള തീർത്ഥാടനമാണ് ഈ ചിന്താരീതി. ഫ്രോയിഡിനെ മനസ്സിന്റെ വിഭജനം നടത്താൻ സഹായിച്ചത് തന്റെ സമകാലീകരായ എഴുത്തുകാരുടെ സൃഷ്ടികളാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അടിച്ചമർത്തിയ ലൈംഗികതുടെ ഉദാത്തവൽക്കരണം മൂലമാണ് ഒരു വ്യക്തി കലാപ്രവർത്തനത്തിൽ ഏർപ്പെടുന്നത്. മനസ്സിന്റെ ഉള്ളറയിലേക്ക് ആഴ്ന്നിറങ്ങി അവിടെ നടക്കുന്ന സൂക്ഷ്മപ്രവർത്തനങ്ങളെയും വികാരങ്ങളെയും ഏറ്റവും ശക്തവും വ്യക്തവുമായ രീതിയിൽ അവതരിപ്പിക്കുന്നവയാണ് മാനസികാപഗ്രഥന രചനകൾ. സമൂഹത്തിന്റെ ബോധമനസ്സ് വിലകല്പ്പിക്കുന്നതെല്ലാം ഇവിടെ ആവിഷ്കരിക്കപ്പെടുന്നു. അഗമ്യഗമനം, സ്വവർഗ്ഗരതി, രതിവൈകൃതങ്ങൾ തുടങ്ങിയവയെല്ലാം ഇവിടെ സൂക്ഷ്മമായ രീതിയിൽ ആവിഷ്കരിക്കുന്നു. അതുകൊണ്ടു തന്നെ മനോവിജ്ഞാനീയ വിഭാഗത്തിൽപ്പെടുന്ന കൃതികൾ പലപ്പോഴും വിവാദങ്ങൾക്ക് കാരണമായിട്ടുണ്ട്. ഫ്രോയിഡിന്റെ ചിന്താപദ്ധതികൾക്കനുസരിച്ചാണ് ഇവിടെ കൃതികൾ വിലയിരുത്തുന്നത്. മനസ്സിന്റെ നിഗൂഢ സഞ്ചാരങ്ങൾ കലാസൃഷ്ടിയാകുന്നത് എങ്ങനെയെന്ന് ഇവിടെ നിരീക്ഷണ വിധേയമാകുന്നു. യുങ്, അഡ്ലർ (Alfred Adler), ലക്കാൻ (Jacques Lacan), റിച്ചാർഡ്സ് (Richard Gross) എന്നിവരുടെ ചിന്തകളും ഈ പഠനപദ്ധതിയിൽ ഉപയോഗിക്കുന്നുണ്ട്. മനസ്സിന് മൂന്ന് അറകളുണ്ടെന്ന് ഫ്രോയിഡ് കരുതുന്നു.

▶ എഴുത്തുകാരന്റെ മനസ്സിലേക്കുള്ള തീർത്ഥാടനം

1. അവബോധം (Conscious)
2. പൂർവ്വ ബോധം (Subconscious)
3. ഉപരി ബോധം (Unconscious)

ഈ മൂന്ന് അറകൾ മൂന്ന് മാനസ്സിക ശക്തികളെ പ്രതിനിധീകരിക്കുന്നു.

| | | |
|---|---|---|
| അവബോധം | - | ഇദ്ദ് |
| പൂർവ്വ ബോധം | - | ഈഗോ |
| ഉപരിബോധം | - | സൂപ്പർ ഈഗോ |

ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ (Id, Ego, Superego) എന്നിവ ജീവിതാഭിനിവേശത്തോടും മരണാഭിമുഖ്യത്തോടും ബന്ധപ്പെട്ടുകിടക്കുന്നു. ചലനാത്മക ശക്തിയുടെ ഉറവിടമാണിത്. ഈഡിപ്പസ് കോപ്ലക്സ്, ഇലക്ട്രാ

കോംപ്ലക്സ് (Oedipus Complex, Electra Complex) എന്നിവയുടെ ഉറവിടവും ഇദ്ദ് ആണ്. വൈയക്തിക നിലപാടിന്റെ തലമാണിത്. ഇദ്ദി ലെ സാമൂഹിക വിരുദ്ധപ്രവണതകളെ നിയന്ത്രിക്കുന്നത് ഈഗോ ആണ്. വ്യക്തിയെ സമൂഹമായി ബന്ധിപ്പിക്കുന്നു ബാഹ്യലോകമാണ് ഇവിടെ പ്രധാനം. ഒരേ സമയം സൂപ്പർ ഈഗോയ്ക്കും ഇദ്ദിനും മധ്യത്തിൽ നിൽക്കുന്നു. മനസ്സാക്ഷിക്കാണ് പ്രാധാന്യം. എന്ത് സ്വീകരിക്കണം എന്ത് അമർത്തണം എന്ന് തീരുമാനിക്കുന്നത് സൂപ്പർ ഈഗോ ആണ്. ഇതിന്റെ വ്യാപാരബോധത്തിലല്ല, അബോധത്തിലാണ്. ഈഗോയെ വിമർശിക്കുന്നു. ഇദ്ദ് ധർമ്മേതരമെങ്കിൽ സൂപ്പർ ഈഗോ അമിത ധർമ്മതല്പരമാണ്.

▶ വ്യക്തിയെ സമൂഹവുമായി ബന്ധിപ്പിക്കുന്നു

ഇരുപതാം നൂറ്റാണ്ടിന്റെ ഉപലബ്ധിയെന്ന് വിശേഷിപ്പിക്കാവുന്ന മനോവിജ്ഞാനീയം സാഹിത്യ നിർമ്മാണപ്രക്രിയയിലെ ചില ഘടനകങ്ങളെ അപഗ്രഥിക്കാനും എഴുത്തുകാരുടെ വ്യക്തിത്വത്തെയും ജീവിതത്തെയും ചില തലങ്ങളിൽനിന്നും പഠനവിധേയമാക്കാനും അവരുടെ സൃഷ്ടികളെ പഠനവിധേയമാക്കാനും കഥാപാത്രങ്ങളുടെ മനസ്സിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാനും സഹായിക്കുന്നു. ഓരോ വ്യക്തിമനസ്സും ഒരു സമൂഹത്തിന്റെ മനസ്സിന്റെ അംശമാണ് എന്നാണ് യുങിന്റെ മനഃശാസ്ത്രം സിദ്ധാന്തിക്കുന്നത്. ആദിപ്രരൂപ നിരൂപണം (Archetypal Psychology). മനോവിജ്ഞാനീയ നിരൂപണത്തിന്റെ ഭാഗമാണ്. വ്യക്തിപരമെന്ന് പരിനിഷ്ഠിതത്വത്തിൽനിന്ന് സമൂഹ പരിനിഷ്ഠിതത്വത്തിലേക്ക് വികസിക്കുന്ന ഒരു വിചിന്തന പദ്ധതിയാണ് ആർക്കിടൈപ്പൽ നിരൂപണമെന്ന് ഡോ. എം. ലീലാവതി അഭിപ്രായപ്പെടുന്നുണ്ട്. സാഹിത്യത്തിലെ ആദിരൂപങ്ങളെ പറ്റി പഠിക്കുന്ന ആദ്യത്തെ ആധികാരികഗ്രന്ഥം ബോഡ്കിന്റെ (Maud Bodkin) Archetypal Patterns in Poetry ആണ്. സാമൂഹ്യ നരവംശശാസ്ത്രം, മനശാസ്ത്രം എന്നീ രണ്ടു വിജ്ഞാനശാഖകളിൽനിന്നുള്ള സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പഠനം നിർവഹിച്ചിരിക്കുന്നത്. നോർത്ത്റോപ്പ് ഫ്രൈ എഴുതിയ The Archetypes of Literature ഈ വിഭാഗത്തിൽപ്പെടുന്ന മികച്ച കൃതിയാണ്. ഡോ. എം. ലീലാവതിയുടെ ആദിപ്രരൂപങ്ങൾ മലയാളത്തിൽ ഇത്തരത്തിലുള്ള മികച്ച രചനയാണ്.

▶ ഓരോ വ്യക്തിമനസ്സും ഒരു സമൂഹത്തിന്റെ മനസ്സിന്റെ അംശം

## സ്ത്രീവാദം – ആരംഭഘട്ടം (First Wave of Feminism)

'ലിംഗസമത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ അവകാശത്തിനുവേണ്ടിയുള്ള വാദം' എന്നാണ് ഓക്സ്ഫോർഡ് ഡിക്ഷനറി ഫെമിനിസത്തെ നിർവചിക്കുന്നത്. 17-ാം നൂറ്റാണ്ടിലെ ലാറ്റിനമേരിക്കൻ കവിയായ സിസ്റ്റർ ജുവാനയുടെ രചനകളിൽ ഫെമിനിസത്തിന്റെ സ്വഭാവം പ്രകടമായിരുന്നു. ഫ്രഞ്ച് വിപ്ലവം സ്ത്രീവാദചിന്തകൾക്ക് ശക്തി പകർന്ന രാഷ്ട്രീയ സമരമായിരുന്നു. ഇംഗ്ലണ്ടിൽ 17-ാം നൂറ്റാണ്ടിൽ ആവിർഭവിച്ച പ്രൊട്ടസ്റ്റന്റുമതം സ്ത്രീപക്ഷചിന്തകൾക്ക് കാരണമായിട്ടുണ്ട്. 1642-ൽ 400 സ്ത്രീകൾ ഒപ്പിട്ട ഒരു നിവേദനം പൊതുസഭയിൽ നൽകിയതാണ് അതിൽ പ്രധാന സംഭവം. കുടുംബത്തിനുള്ളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളായിരുന്നു ആ നിവേദനത്തിന്റെ ഉള്ളടക്കം. 1792-ൽ മേരി വുൾസ്റ്റോൺക്രാഫ്റ്റ് Vindication of the Rights of women എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. സ്

ത്രീയെ സ്വതന്ത്രവ്യക്തിത്വമായി അംഗീകരിക്കണം എന്ന വാദത്തിനാണ് ഈ ഗ്രന്ഥം മുൻതൂക്കം നൽകിയത്. ആശയപ്രകടനത്തിനും സാഹിത്യരചനയ്ക്കും സ്വാതന്ത്ര്യമില്ലാതിരുന്ന സ്ത്രീകളെ പൊരുതുന്ന മനസ്സുള്ളവരാക്കിമാറ്റുവാൻ ഈ കൃതിയ്ക്ക് കഴിഞ്ഞു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം സ്ത്രീകളുടെ സാമൂഹികജീവിതത്തിലും പ്രകടമാകണമെന്ന് വുൾസ്റ്റോൺക്രാഫ്റ്റ് നിർദ്ദേശിച്ചു. ഫെമിനിസ്റ്റ് ചിന്താപദ്ധതിയിലെ ഗൗരവപൂർണ്ണമായ ആദ്യരചനയാണ് 'Vindication of the Rights of women' എന്ന് നിരൂപകർ അഭിപ്രായപ്പെടുന്നുണ്ട്. 1845-ൽ മാർഗരറ്റ് ഫുള്ളർ രചിച്ച '18-ാം നൂറ്റാണ്ടിലെ സ്ത്രീ' (Women in the Nineteenth Century) എന്ന കൃതി ഈ മേഖലയിലെ മികച്ച രചനയാണ്. പുരുഷനോടൊപ്പം ചിന്തിക്കാനും പ്രവർത്തിക്കാനും സ്ത്രീകൾക്കും കഴിയുമെന്ന് മാർഗരറ്റ് ഫുള്ളർ പ്രഖ്യാപിച്ചു. വ്യവസ്ഥകൾക്കെതിരെ പൊരുതുവാനും പുതിയ ആശയങ്ങൾ നിർവഹിക്കാനും പ്രതിരോധിക്കാനും പ്രതിഷേധിക്കാനുമുള്ള കരുത്തും സ്ത്രീകൾക്കുണ്ടെന്ന് ഈ കൃതി തെളിയിച്ചു. 1869-ൽ പ്രസിദ്ധീകരിച്ച ജോൺ സ്റ്റുവർട്ട് മില്ലിന്റെ 'The Subjection of Women' ഈ മേഖലയിലെ മികച്ച രചനയാണ്. സ്ത്രീകളുടെ വിദ്യാഭ്യാസരീതിയാണ് ഈ കൃതിയുടെ പ്രധാന ആശയം.

▶ സ്ത്രീപക്ഷ ചിന്തകൾ

## സ്ത്രീവാദ ചിന്തകൾ പൂർവ്വഘട്ടം (Feminism: First Wave)

സ്ത്രീകളുടെ സമത്വത്തിന് വേണ്ടി വാദിക്കുകയും അവരുടെ അവകാശത്തിന് വേണ്ടി പോരാടുകയും ചെയ്യുന്ന പ്രസ്ഥാനമാണ് സ്ത്രീവാദം. ഇംഗ്ലീഷിൽ ഫെമിനിസം എന്നാണ് ഈ പ്രസ്ഥാനത്തെ വിശേഷിപ്പിക്കുന്നത്. ഫെമിനിസത്തിന് പെണ്ണെഴുത്ത് എന്ന പരിഭാഷയാണ് സച്ചിദാനന്ദൻ നൽകുന്നത്. ഈ പ്രസ്ഥാനത്തിന്റെ ചരിത്രത്തെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം. ഒന്നാംഘട്ടം പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലും രണ്ടാംഘട്ടം 1960കൾ മുതൽ 90കൾ വരെ മൂന്നാം ഘട്ടം 90കൾ മുതൽ ഇക്കാലം വരെയുള്ള ചരിത്രം. സ്വത്താവകാശം, തുല്യപങ്കാളിത്തം, വിദ്യാഭ്യാസം, സമ്മതിദാനാവകാശം തുടങ്ങിയ നിയമപരമായ അവകാശങ്ങൾക്കുവേണ്ടിയും രാഷ്ട്രീയ അവകാശങ്ങൾക്കു വേണ്ടിയും സ്ത്രീവാദ പ്രവർത്തകർ സജീവമായി പൊരുതുകയാണ്. ഒന്നാംഘട്ടത്തിലെ പ്രധാനസമരം സമ്മതിദാനവകാശത്തിനു വേണ്ടിയുള്ള സമരമായിരുന്നു. 1918 ലെ പൗരപ്രാതിനിത്യനിയമമനുസരിച്ച് മുപ്പത് വയസ്സ് പ്രായമുള്ള കുടുംബിനികളായ സ്ത്രീകൾക്ക് സമ്മതിദാനാവകാശം ഉറപ്പാക്കി. 1928 ൽ ഇരുപത്തൊന്ന് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ സ്ത്രീകൾക്കും സമ്മതിദാനാവകാശം ഉറപ്പാക്കി. അമേരിക്കൻ ഐക്യനാടുകളിലാണ് ഇത്തരത്തിലുള്ള സമരം രൂപപെട്ടത്. അമേരിക്കൻ ഭരണഘടനയുടെ പത്തൊൻപതാം ഭേദഗതി നിലവിൽ വന്നതോടെ അമേരിക്കയിൽ ഒന്നാം തരംഗ സ്ത്രീവാദം അവസാനിച്ചതായി കണക്കാക്കുന്നു. രണ്ടാം തരംഗം സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളെ ശക്തമായി എതിർക്കുകയും അതിനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുകയും ചെയ്തു. ഫ്രഞ്ച് എഴുത്തുകാരിയും തത്വചിന്തകയുമായ സിമോൺ ദി

- ഫെമിനിസത്തിന് പെണ്ണെഴുത്ത് എന്ന സംജ്ഞ നല്കിയത് സച്ചിദാനന്ദൻ

ബുവർ (Simon De Beauvoir) ആണ് ഇതിനു നേതൃത്വം നൽകിയത്. അവരുടെ 'സെക്കന്റ് സെക്സ്' (Second Sex) ഈ വിഭാഗത്തിൽപ്പെട്ട മികച്ച കൃതിയാണ്. അടിച്ചമർത്തപ്പെട്ട സ്ത്രീകളുടെ വിഹ്വാലതകളും പ്രതികരണങ്ങളും ഈ കൃതിയിലൂടെ ആവിഷ്ക്കരിക്കപ്പെട്ടു. വാസ്തത്തിൽ സ്ത്രീവാദചിന്തയുടെ ഒരു ധാർമ്മിക വിപ്ലവമായിരുന്നു ഈ കൃതി. സ്ത്രീയെ അന്യയാക്കുന്ന സാമൂഹിക പരിസരങ്ങളെ ഈ കൃതി നിശിതമായി വിമർശിച്ചു.

ബെറ്റി ഫ്രീഡന്റെ(Betty Frieden) ദി ഫെമിനിയൻമിസ്റ്റിക് (The Feminine Mystique) ഈ വിഭാഗത്തിലെ മികച്ച കൃതിയാണ്. വ്യക്തിപരമായതെല്ലാം രാഷ്ട്രതന്ത്രപരമാണ് എന്ന മുദ്രാവാക്യം ഉയർത്തിയത് ബെറ്റി ഫ്രീഡന്റെ നേതൃത്വത്തിൽ രൂപം കൊണ്ട അമേരിക്കൻ വനിതാ ദേശീയ സംഘടനയാണ്. സ്ത്രീപുരുഷ ബന്ധത്തിന്റെ സമത്വം അതിലൂടെ ലഭ്യമാകുന്ന സമ്പൂർണ്ണ മാനുഷികതയുമാണ് സ്ത്രീവാദം മുന്നോട്ടുവയ്ക്കുന്നത്. ലിംഗവ്യത്യാസത്തിന്റെ പേരിൽ സ്ത്രീ അനുഭവിക്കേണ്ടിവരുന്ന അനീതികൾക്കും അസമത്വത്തിനും വ്യക്തിപരവും സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയവുമായ എല്ലാ വിവേചനങ്ങൾക്കും എതിരെ നടത്തുന്ന എല്ലാ സമരരൂപങ്ങളും സ്ത്രീവാദത്തിന്റെ ഭാഗമാണ്. ഉദാരസ്ത്രീവാദം (Liberal Feminism), തീവ്രസ്ത്രീവാദം (Radical Feminism), മാർക്സിസ്റ്റ് ഫെമിനിസം (Marxist feminism), സാമൂഹ്യ സ്ത്രീവാദം (Social Feminism), ബ്ലാക്ക് ഫെമിനിസം (Black Feminism) എന്നിങ്ങനെ വിവിധതരത്തിൽ സ്ത്രീവാദ ചിന്തകളെ വേർതിരിക്കുന്നുണ്ട്. നവോത്ഥാന ചിന്താപദ്ധതി രൂപപ്പെടുത്തിയ സ്വതന്ത്ര ചിന്തയുടെയും യുക്തി വിചാരത്തിന്റെയും അടിസ്ഥാനത്തിലാണ് ഉദാരസ്ത്രീവാദം രൂപം കൊണ്ടത്. മേരി വുൾസ്റ്റൺക്രാഫ്റ്റും, ഹാരിയറ്റ് ടെയ്‌ലറും ഈ വാദത്തിന്റെ പ്രചാരകരാണ്. സ്ത്രീയുടെ മേലുള്ള പുരുഷന്റെ അധികാരഘടനയെ ചോദ്യം ചെയ്യുന്നവരാണ് റാഡിക്കൽഫെമിനിസ്റ്റുക്കൾ. സ്ത്രീകളുടെ വളർച്ചയ്ക്ക് തടസ്സമായ കുടുംബ-സാമൂഹ്യബന്ധങ്ങളെ ഇവർ നിരാകരിക്കുന്നു. സ്വതന്ത്രവും സമത്വവും ചൂഷണത്തിൽ നിന്നുള്ള മോചനവും ചൂഷിതർക്കെതിരെയുള്ള ശക്തമായ പ്രതിരോധവും അടിസ്ഥാന പ്രമാണങ്ങളായി സ്വീകരിച്ചിട്ടുള്ള സ്ത്രീപക്ഷ ചിന്തയാണ് മാർക്സിസ്റ്റ് ഫെമിനിസം. കുടുംബജീവിതത്തിലേക്കും സ്ത്രൈണാനുഭാവങ്ങളിലേക്കും വ്യക്തി ബന്ധങ്ങളിലേക്കും കടന്നു ചെല്ലുന്ന സ്ത്രീവാദമാണ് സാമൂഹ്യ സ്ത്രീവാദം. കറുത്ത വർഗ്ഗക്കാരായ സ്ത്രീകൾ നടത്തുന്ന സ്ത്രീവിമോചന സമരമാണ് ബ്ലാക്ക് ഫെമിനിസം.

- കറുത്തവർഗക്കാരായ സ്ത്രീകൾ നടത്തുന്ന സ്ത്രീ വിമോചനസമരം ബ്ലാക്ക് ഫെമിനിസം

## ഗദ്യത്തിന്റെ വികാസം

### ഗദ്യസാഹിത്യം

സാഹിത്യചരിത്രത്തിൽ ചിന്തയുടെ വളർച്ചയും കൂടുതൽ അറിയാനുള്ള താല്പര്യവും ഗദ്യത്തിന്റെ ആവിർഭാവത്തിനു കാരണമായി. മനുഷ്യന്റെ സാമൂഹിക വളർച്ച, വൈജ്ഞാനികവികാസം എന്നിവ ഗദ്യവളർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തമായി പറയുക എന്നർത്ഥമുള്ള 'ഗദ' ധാതുവിൽ നിന്നാണ് 'ഗദ്യം' എന്ന പദമുണ്ടായതെന്നു പറയുന്നു. സംസ്കൃതത്തിൽ ഗദ്യസാഹിത്യത്തിന്റെ ആദിരൂപം കാണു

ഗദ്യസാഹിത്യം

ന്നത് കൃഷ്ണയജുർവേദത്തിലെ തൈത്തരീയ സാഹിത്യത്തിലാണ്. ഇംഗ്ലീഷിൽ പ്രോസ്സ് എന്ന് ഗദ്യത്തെ പറയുന്നു. പാശ്ചാത്യർ വർണ നാത്മകം, വ്യാഖ്യാനപരം, ഭാവോദ്ബോധകം എന്നിങ്ങനെ ഗദ്യത്തെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

▶ ചെപ്പേടുകളും മലയാള ഗദ്യവും

പ്രാചീന ഭാരതീയ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ഗദ്യത്തേക്കാൾ പ്രാധാന്യം പദ്യത്തിനായിരുന്നു. എന്നാൽ അന്നും വ്യവഹാരഭാഷം ഗദ്യം തന്നെയായിരുന്നു. മലയാളഭാഷയാകട്ടെ അതിന്റെ ഉല്പത്തി മുതൽ തന്നെ സംസാരത്തിന് ഗദ്യം ഉപയോഗിച്ചിരുന്നു. എന്നാൽ സാഹിത്യത്തിന് ഗദ്യം പ്രയോജനപ്പെടുത്തിയിരുന്നില്ല. ശിലാശാസനകൾ, ചെമ്പുപട്ടയങ്ങൾ, ഓലക്കരണങ്ങൾ തുടങ്ങിയവയാണ് മലയാളത്തിന്റെ ലിഖിത രൂപത്തിലുള്ള ആദ്യ ഗദ്യമാതൃകകൾ. ഇവയിൽ തമിഴ്ഭാഷയുടെ സ്വാധീനമാണ് ഏറെയും ഉണ്ടായിരുന്നത്. ചേരരാജാക്കന്മാരുടെ ചില ചെപ്പേടുകളാണ് മലയാള ഗദ്യത്തിന്റെ ആദ്യകാല മാതൃകകൾ. ഇവയിൽ ഏറ്റവും പ്രാചീന ശാസനം രാജശേഖര ചക്രവർത്തിയുടെ വാഴപ്പള്ളി ശാസനമാണ്. കൊല്ലവർഷാരംഭമാണ് ഇതിന്റെ കാലമെന്ന് വിശ്വസിക്കുന്നു. വട്ടെഴുത്താണ് ഇതിലെ ഭാഷാരീതി. തൃക്കാക്കര ശാസനം തുടങ്ങിയവയാണ് മലയാള ഗദ്യമാതൃകകൾ കണക്കാക്കുന്ന മറ്റ് ശാസനങ്ങൾ.

▶ ആദ്യ ഗദ്യകൃതി ഭാഷാകൗടലീയം

സാഹിത്യവുമായി ബന്ധപ്പെട്ട് നിരീക്ഷിക്കുമ്പോൾ ഏറെ പ്രാധാന്യമർഹിക്കുന്ന ആദ്യ മലയാള ഗദ്യകൃതിയാണ് ഭാഷാകൗടലീയം. ചാണക്യന്റെ അർത്ഥശാസ്ത്രത്തിന്റെ പരിഭാഷയാണിത്. ക്രിസ്തുവർഷം 1125നും 1175നും ഇടയ്ക്ക് രചിച്ചുവെന്നു കരുതുന്ന ഈ ഗ്രന്ഥത്തിന്റെ കർത്താവാരെന്ന് തീർച്ചയില്ല. ചെന്തമിഴിന്റെയും സംസ്കൃതത്തിന്റെയും സ്വാധീനം ഈ കൃതികളിൽ കാണാം. പുരാണ കാവ്യങ്ങൾ ഗദ്യരൂപത്തിലെഴുതാനുള്ള ശ്രമവും ഇക്കാലത്ത് നടന്നിരുന്നതായി കാണാം. മഹാഭാരതത്തിലെ ഭഗവദൂതിനെ അടിസ്ഥാനമാക്കിയുള്ള ദൂതവാക്യം ഇതിൽ പ്രമുഖമാണ്. ക്രിസ്തുവർഷം പതിനാലാം ശതകത്തിലാണീ ഗ്രന്ഥം രചിച്ചതെന്ന് വിശ്വസിക്കുന്നു. 1538-ലെ തിരുവന്തളി രേഖ, 1558-ലെ അരിയിട്ടുവാഴ്ച രേഖ, ലോകനാർകാവ് ഗ്രന്ഥവരി മുതലായവ ഉത്തരകേരളത്തിലെ ഗദ്യരീതിയുടെ വികാസം മനസിലാക്കാൻ സഹായിക്കുന്നു. പതിനേഴാം ശതകത്തോടെ മലയാളഗദ്യത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം വളരെവേഗം വർദ്ധിച്ചു. അംബരീഷോപാഖ്യാനം, നളോപാഖ്യാനം, ദേവീമാഹാത്മ്യം എന്നീ ഗ്രന്ഥങ്ങൾ ഇതിനുദാഹരണമാണ്.

## മലയാള ഗദ്യത്തിന് മിഷനറിമാരുടെ സംഭാവന

പോർച്ചുഗീസുകാരുടെ വരവോടെ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സാഹിത്യചരിത്രത്തിൽ പുതിയൊരധ്യായം ഉണ്ടായി. അവരെ തുടർന്നുവന്ന ഡച്ചുകാരുടെയും ഇംഗ്ലീഷുകാരുടെയും ലക്ഷ്യം വ്യാപാരമായിരുന്നു. എങ്കിലും അവർ സംസ്കാരിക സാമൂഹിക രംഗത്തും ശ്രദ്ധ ചെലുത്താൻ തുടങ്ങി. വ്യാപാരത്തോടൊപ്പം മതപ്രചാരണവും മലയാള സാഹിത്യത്തിന് വമ്പിച്ച നേട്ടമുണ്ടാക്കി. അവർ ഇവിടെ സ്ഥാപിച്ച വിദ്യാലയങ്ങൾ സാംസ്കാരിക കേന്ദ്രങ്ങളായും മാറി. കൊ

ല്ലത്തും കൊച്ചിയിലും അമ്പലപ്പുഴയിലും കോട്ടയത്തും മിഷനറിമാർ അച്ചടിശാലകൾ സ്ഥാപിച്ചു. ക്രിസ്തീയ തത്വം, ക്രിസ്തീയ വണക്കം എന്നിവയായിരുന്നു അവിടെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ. ഇക്കാലത്തുതന്നെയുണ്ടായ കൃതികളാണ് കേരളചരിതം, കേരളോത്പത്തി എന്നിവ. വളരെ സ്വതന്ത്രമായ ഒരു ഗദ്യശൈലി കാണിക്കുന്ന പുസ്തകങ്ങളാണിവ. കേരള ഗദ്യസാഹിത്യത്തിന് വഴിയൊരുക്കുന്നതിൽ മിഷനറിമാർ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. എന്നാൽ അതോടൊപ്പം എടുത്തുപറയേണ്ടുന്ന ഒന്ന് കേരളത്തിൽ ഒരു ഏകീകൃത മലയാള ഭാഷയ്ക്ക് രൂപം നൽകിയത് മാർത്താണ്ഡവർമ്മയുടെ കീഴിലുള്ള തിരുവിതാംകൂർ ഏകീകരണമായിരുന്നുവെന്നതാണ്.

- മിഷനറിമാർ അച്ചടിശാലകൾ സ്ഥാപിച്ചു

മലയാളഭാഷയുടെ വളർച്ചയിൽ ഏറ്റവുമധികം സംഭാവനകൾ നൽകിയ വൈദേശികനാണ് അർണോസ് പാതിരി. 18-ാം നൂറ്റാണ്ടിൽ അദ്ദേഹം മലയാളം പോർച്ചുഗീസ് നിഘണ്ടു എന്ന വ്യാകരണഗ്രന്ഥം രചിച്ചു. കേരളത്തിലെ കത്തോലിക്കരുടെ മെത്രാനായിരുന്ന റവ. ഫാദർ ആഞ്ചലോ ഫ്രാൻസിസ് രചിച്ച വ്യാകരണഗ്രന്ഥവും ക്ലെമന്റ് പാതിരി രചിച്ച മലയാളനിഘണ്ടുവും മലയാള ഗദ്യത്തിന് സഹായകമായി തീർന്നു. പൗലിനിയോസ് പാതിരിയാണ് മലയാള ഗദ്യസാഹിത്യത്തെ പോഷിപ്പിച്ച മറ്റൊരാൾ. മലയാള ലിപിയിൽ ആദ്യം അച്ചടിച്ച കൃതി സംക്ഷേപവേദാർത്ഥമാണ്. ക്ലമന്റ് പാതിരി എഴുതിയ ഈ കൃതി റോമിലാണ് അച്ചടിച്ചത്. ഇംഗ്ലീഷ് ഭാഷയുടെ പ്രചാരം, വ്യാകരണം, നിഘണ്ടു തുടങ്ങിയ പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും പ്രചാരവും മലയാള ഗദ്യസാഹിത്യ പുരോഗതിയെ സഹായിച്ച ക്രൈസ്തവ പുരോഹിതന്മാരുടെ ഈ പ്രവർത്തനങ്ങൾ മലയാളസാഹിത്യത്തിൽ മൗലിക പരിവർത്തനം നടത്തി. ഈശോസഭക്കാർ വൈപ്പിൻ കോട്ടയിൽ സ്ഥാപിച്ച സെമിനാരിയിലാണ് ആദ്യം മലയാളം പഠിപ്പിച്ചത്. റോസിന്റെ നിയമാവലി എന്ന ഗദ്യകൃതിയുടെ കർത്താവായ ഫ്രാൻസിസ് റോസയാണ് മലയാളത്തിൽ പാണ്ഡിത്യം നേടിയ ആദ്യ വിദേശമലയാള മിഷനറി. മതപ്രചരണത്തിനുള്ള ഉപാധിയായിരുന്നു വിദേശമിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെങ്കിലും സാമൂഹിക കാര്യങ്ങൾ മലയാളത്തിൽ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളുമുണ്ടായിട്ടുണ്ട്. അത്തരത്തിലൊന്നാണ് ഡോ. കരിയാറ്റിൽ ഔസേപ്പ് കത്തനാർ രചിച്ച വേദതർക്കം. വിദേശമിഷനറിമാരുടെ ആഗമനത്തോടെയാണ് ഗദ്യസാഹിത്യം പുരോഗമിക്കാൻ തുടങ്ങിയത്. എന്നാൽ 18-ാം നൂറ്റാണ്ടിനുശേഷമാണ് ശരിയായരീതിയിലുള്ള ഗദ്യവളർച്ച ആരംഭിക്കുന്നത്.

- അർണോസ് പാതിരിയുടെ വ്യാകരണ ഗ്രന്ഥം
- മിഷനറിമാരുടെ ആഗമന ഗദ്യസാഹിത്യം പുരോഗമിച്ചു

## പത്തൊമ്പതാം നൂറ്റാണ്ടിൽ രൂപംകൊണ്ട ആധുനികവീക്ഷണം

ഒരു യുഗസംക്രമണം കഴിഞ്ഞു നിൽക്കുകയാണ് നാം. സ്വീകാര്യവും അതിലേറെ അസ്വീകാര്യവുമായ ഒട്ടേറെ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചതാണ് ഇരുപതാം ശതകം. അതിന്റെ ആദ്യ പകുതിയെ അടയാളപ്പെടുത്തുന്നത് രണ്ടുലോക യുദ്ധങ്ങളാണ്. ഇതേ കാലയളവിലാണ് സാങ്കേതികവിദ്യയുടെ രംഗത്തും സൈദ്ധാന്തിക മേഖലയിലും മാനവചരിത്രത്തിലെ ഏറ്റവും വിപ്ലവകരമായ മുന്നേറ്റങ്ങൾ നടന്നത്. സാങ്കേതികവിദ്യയുടെ മുന്നേറ്റം ലോകത്തെയാകെ ഒരു ചെറുഗ്രാമ

മെന്ന പോലെ കൈക്കുമ്പിളിലൊതുക്കാവുന്ന പ്രദേശമായി ചുരുങ്ങി. സൈദ്ധാന്തിക രംഗത്തെ പ്രവണതകൾ മൂന്നുനൂറ്റാണ്ടിലേറെക്കാലം ലോകഗതിയെ നിയന്ത്രിച്ചിരുന്ന വിചാരധാരകളെ ചോദ്യം ചെയ്യുവാനും അവയുടെ സാധുതയെ വെല്ലുവിളിക്കുവാനും പോന്നവയായിരുന്നു. കോളനികൾ നഷ്ടമായതോടെ യൂറോപ്യൻ രാഷ്ട്രങ്ങളുടെ വിശേഷിച്ചും ഇംഗ്ലണ്ടിന്റെ പ്രതാപം നഷ്ടപ്പെട്ടു. സാമ്പത്തിക രംഗവും ഈ കാലയളവിൽ പുനഃസംഘാടനത്തിനു വിധേയമാകുവാൻ നിർബന്ധിതമായി. സാങ്കേതിക വിദ്യയുടെ വികാസം, ഉത്പാദന മേഖലയിൽ സൃഷ്ടിച്ച നവീകരണം, കോളനികളുടെ നഷ്ടം, അടിക്കടി സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾ, എല്ലാം പുനഃസംഘാടനത്തിനുകാരണമായി. ലോകബാങ്ക്, അന്താരാഷ്ട്രനാണയനിധി എന്നീ സാമ്പത്തിക സ്ഥാപനങ്ങളും പുതുതായി രൂപം കൊണ്ട ബഹുരാഷ്ട്ര കോർപ്പറേഷനുകളും ഈ പുനഃസംഘാടനത്തിന്റെ പ്രധാനഘടകങ്ങളായിരുന്നു. യുദ്ധാനന്തരലോകത്ത് മുതലാളിത്തം ഒരു പുതിയ രൂപം കൈക്കൊള്ളുകയായിരുന്നു. രാഷ്ട്രപുനർനിർമ്മാണത്തിലേർപ്പെട്ടിരുന്ന പഴയ കോളനി രാഷ്ട്രങ്ങൾക്ക് അവ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനും നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാനും പുതിയ സാമ്പത്തിക സംവിധാനം ഒരുക്കിയ ധനസഹായം നിരസിക്കുവാൻ ത്രാണിയുണ്ടായിരുന്നില്ല. ചൂഷണത്തിന്റെ പുതിയ മാതൃകകൾ രൂപപ്പെടുകയായിരുന്നു. മൂലധനം ദേശീയാതിർത്തികൾക്കപ്പുറത്തേക്ക് സ്വതന്ത്രമായി സഞ്ചരിക്കുന്ന, സ്വച്ഛന്ദമായി വിഹരിക്കുന്ന ഒരു പുതിയ കാലഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു.

▶ മുതലാളിത്തം ചൂഷണത്തിന്റെ പുതിയ മാതൃകകൾ

രാഷ്ട്രീയമായി യൂറോപ്യൻകോളനിവാഴ്ച അവസാനിച്ചുവെങ്കിലും സാമ്രാജ്യത്വശക്തികൾ തങ്ങളുടെ പഴയകോളനികളെ ചൂഷണം ചെയ്യുവാനും അവരുടെ സാമ്പത്തിക മേൽക്കോയ്മ തുടർന്നു കൊണ്ടുപോകുവാനും പുതിയ മാർഗങ്ങൾ അന്വേഷിക്കുകയായിരുന്നു. യുദ്ധാനന്തര കാലഘട്ടം ക്ഷേമരാഷ്ട്രങ്ങൾ കെട്ടിപ്പടുക്കുവാൻ ദേശീയ ഭരണകൂടങ്ങൾ നടത്തിയ തീവ്രയത്നങ്ങളുടെ കാലമായിരുന്നു. മൂലധന സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിന്റെ ഏറ്റവും നല്ല ഘട്ടങ്ങളിലൊന്നായി ഇതിനെ പരിഗണിക്കാവുന്നതാണ്. ഭരണകൂടങ്ങൾ പരമാധികാര സ്വയംഭരണസ്ഥാപനങ്ങളെന്ന നിലയിൽ സാമ്പത്തിക പുരോഗതിയ്ക്കു വേണ്ടി പ്രവർത്തിച്ചിരുന്ന ഏജൻസികളായിരുന്നു. അതുകൊണ്ട് തന്നെ മതം, വംശീയത, ഭാഷ തുടങ്ങിയ സങ്കല്പനങ്ങളോട് ഉണ്ടായിരുന്നതിനേക്കാളധികം കൂറും വിശ്വാസവും ജനങ്ങൾക്ക് ഭരണകൂടങ്ങളോടുണ്ടായിരുന്നു. അറുപതുകൾ അവസാനിക്കുന്നതോടെ ഈ സ്ഥിതിയിൽ മാറ്റം വന്നു. സാങ്കേതിക രംഗത്തുണ്ടായ അത്ഭുതകരമായ മുന്നേറ്റങ്ങളുടെ ഫലങ്ങൾ സാമ്പത്തികമായി വിവർത്തനം ചെയ്യുന്നതിൽ സ്വകാര്യ മുതലാളിത്തകുത്തകകൾ വിജയിച്ചു.

▶ ഭരണകൂടങ്ങൾ സാമ്പത്തിക പുരോഗതിക്കു വേണ്ടി പ്രവർത്തിച്ചിരുന്ന ഏജൻസികളായിരുന്നു

യൂറോപ്യൻ കോളനി വാഴ്ചയുടെ പ്രത്യക്ഷവും അക്രമാസക്തവുമായ സാമ്രാജ്യത്വവാദത്തിന് പകരം പരോക്ഷവും സാംസ്കാരികവുമായ അധിനിവേശത്തിന്റെ പുതിയ രൂപങ്ങളാണ് എഴുപതുകളുടെ ആരംഭത്തോടെ രൂപപ്പെടുന്ന നവകൊളോണിയലിസത്തിൽ പ്രകടമാകുന്നത്. നവകൊളോണിയലിസത്തിന്റെ നൂതനമായ സാങ്കേതിക

വിദ്യയിലൂടെ യൂറോപ്യർ കോളനികളുമായുള്ള ബന്ധത്തെ പരിഷ്കരിക്കുകയും പഴയ സാമ്രാജ്യത്വ നിയന്ത്രണങ്ങൾക്കുപകരം വിപണിയുടെ കടന്നുകയറ്റത്തിലൂടെ പുതിയ നിയന്ത്രണങ്ങൾ അടിച്ചേല്പിക്കുകയും ചെയ്യുന്നു. കോളനിവൽക്കരണത്തിന്റെ ഈ പുതിയ രൂപത്തിലൂടെയാണ് മൂന്നാംലോകരാഷ്ട്രങ്ങളുടെ പരിവർത്തനവും വികസിത യൂറോപ്യൻ രാഷ്ട്രങ്ങളിലെ ഉപഭോഗസമൂഹത്തിന്റെ സാമ്പത്തിക മാനേജ്മെന്റും. കമ്പോളത്തിന് വിട്ടുകൊടുക്കുക എന്ന ആശയത്തിലധിഷ്ഠിതമാണ് ഉദാരവൽക്കരണം. മൂലധനത്തിന്റെയും ചരക്കുകളുടെയും സേവനങ്ങളുടെയും സ്വതന്ത്രമായ ഒഴുക്ക് സാധ്യമാക്കുവാൻ തക്ക രീതിയിലുള്ള നയങ്ങൾ രൂപപ്പെടുത്തുവാൻ ഭരണകൂടങ്ങളെ നിർബന്ധിക്കുന്നതാണ് ആഗോളവൽക്കരണം.

- കമ്പോളത്തിന് വിട്ടുകൊടുക്കുക എന്ന ആശയത്തിലധിഷ്ഠിതമാണ് ഉദാരവത്ക്കരണം

സാങ്കേതികവിദ്യയുടെ വൻകുതിപ്പിന്റെയും ആഗോളവൽക്കരണപ്രക്രിയകളുടെയും ഫലമായി സാമ്പത്തിക രംഗത്ത് ഘടനാപരമായ പുനഃസംഘാടനങ്ങൾ ഉണ്ടായിട്ടുണ്ട്. ഉല്പാദനശക്തികളിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ചാണ് ഒരു സമൂഹം കാർഷിക സമൂഹമെന്നോ വ്യാവസായിക സമൂഹമെന്നോ വ്യാവസായികോത്തരസമൂഹമെന്നോ വിശേഷിപ്പിക്കപ്പെടുന്നത്. വ്യാവസായികോത്തര സമൂഹത്തിന്റെ സവിശേഷതകൾ പ്രൊഫഷണലുകളും സാങ്കേതിക വിദഗ്ദരും നിയന്ത്രിക്കുന്ന ഒരു വിജ്ഞാന സമൂഹത്തെയാണ് വ്യാവസായികോത്തര സമൂഹമെന്ന് വിശേഷിപ്പിക്കപ്പെടുന്നത്. കമ്പ്യൂട്ടറുകൾ, വിവരസാങ്കേതികവിദ്യ, സേവനവ്യവസായം, വിപണനം, പരസ്യവ്യവസായം, മാധ്യമവ്യവസായം എന്നിങ്ങനെയുള്ള മേഖലകളിൽ വൈദഗ്ധ്യം നേടിയ പുതിയൊരു ടെക്നോക്രാസി സമൂഹനിയന്ത്രണത്തിൽ മേൽകൈ നേടാൻ തുടങ്ങി. തുടർന്നാണ് ഡാനിയൽ ബെല്ലിനെപ്പോലുള്ള സാമൂഹ്യശാസ്ത്രജ്ഞർ ഉല്പാദന ശക്തികളുടെ മേധാവിത്വം അവസാനിപ്പിച്ചു എന്ന് പ്രഖ്യാപിച്ചത്. പുതിയ പ്രവണതയോടൊപ്പം ചേർക്കാവുന്ന മറ്റൊന്ന് ഫിനാൻസ് ക്യാപ്പിറ്റൽ എന്ന സാമ്പത്തിക വിദഗ്ധർ വിശേഷിപ്പിക്കുന്ന മൂലധനത്തിന്റെ വമ്പിച്ച വികാസമാണ്. ഓഹരി വിപണിയും, ഊഹക്കച്ചവടവും ധനവിപണിയും ഉൾപ്പെടുന്നതാണ് ഫിനാൻസ് ക്യാപ്പിറ്റൽ. വളരെ ലളിതമായി പറഞ്ഞാൽ ഉല്പാദന മേഖലയിൽ പണം നിക്ഷേപിക്കാതെ അല്ലെങ്കിൽ പണം ഉല്പന്നങ്ങളിൽ മാറ്റി അവയിൽ നിന്നും വീണ്ടും പണം ഉല്പാദിപ്പിക്കാതെ പണത്തിൽ നിന്നും പണം ഉല്പാദിപ്പിക്കുന്നതാണ് ഫിനാൻസ് ക്യാപിറ്റൽ. സാമ്പത്തികോത്പാദനത്തിലും തൊഴിൽദാനത്തിലും പരമ്പരാഗതമായി വ്യാവസായിക മേഖലയ്ക്കുണ്ടായിരുന്ന മേധാവിത്വം നഷ്ടപ്പെടുകയും മേൽക്കാണിച്ച വിഭാഗങ്ങളുൾക്കൊള്ളുന്ന സേവനമേഖല അത് കൈയടക്കുകയും ചെയ്യുമ്പോഴാണ് സമൂഹം വ്യാവസായികോത്തര മാകുന്നത്.

- പണം ഉല്പാദിപ്പിക്കാതെ പണത്തിൽ നിന്നും പണം ഉല്പാദിപ്പിക്കുന്ന ഫിനാൻസ് ക്യാപിറ്റൽ

## Summarised Overview

മനഃശാസ്ത്രത്തിന്റെ മേഖലയിൽ, പ്രത്യേകിച്ച് അതിന്റെ ആദ്യഘട്ടങ്ങളിൽ, സ്ത്രീപക്ഷ ചിന്തകളുടെ പര്യവേക്ഷണം മനുഷ്യന്റെ പെരുമാറ്റത്തെയും സാമൂഹിക ചലനാത്മകതയെയും വിശകലനം ചെയ്യുന്ന ഒരു സുപ്രധാന ലെൻസായി ഉയർന്നുവന്നു. ലിംഗപരമായ അസമത്വങ്ങളുടെ അംഗീകാരത്തിലും സമത്വത്തിനായുള്ള പോരാട്ടത്തിലും വേരൂന്നിയ മനഃശാസ്ത്രത്തിലെ ഫെമിനിസ്റ്റ് വീക്ഷണങ്ങൾ പരമ്പരാഗത മാതൃകകളെ വെല്ലുവിളിക്കാനും വ്യക്തിഗത അനുഭവങ്ങളിൽ ലിംഗഭേദത്തിന്റെ സ്വാധീനം പ്രകാശിപ്പിക്കാനും ശ്രമിച്ചു. ഈ ഇന്റർഡിസിപ്ലിനറി സമീപനം മനഃശാസ്ത്രഗവേഷണത്തിനുള്ളിൽ വൈവിധ്യമാർന്ന വീക്ഷണങ്ങൾ പരിഗണിക്കേണ്ടതിന്റെ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുക മാത്രമല്ല, വിവിധ സാമൂഹിക-സാംസ്കാരിക സന്ദർഭങ്ങൾക്കുള്ളിലെ മനുഷ്യന്റെ വിജ്ഞാനത്തിന്റെയും പെരുമാറ്റത്തിന്റെയും സങ്കീർണ്ണതകളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിനും വഴിയൊരുക്കി.

അതേ സമയം, പത്തൊൻപതാം നൂറ്റാണ്ടിലെ ഗദ്യത്തിന്റെ വികാസവും ആധുനികതയുടെ ആവിർഭാവവും സാഹിത്യ ആവിഷ്കാരത്തിലും സാംസ്കാരിക സംവേദനത്തിലും ആഴത്തിലുള്ള മാറ്റം അടയാളപ്പെടുത്തി. വ്യാവസായികവൽക്കരണം, നഗരവൽക്കരണം, മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക മാനദണ്ഡങ്ങൾ എന്നിവ കൊണ്ടുവന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളുമായി എഴുത്തുകാർ പിടിമുറുക്കുമ്പോൾ, ആധുനികജീവിതത്തിന്റെ സങ്കീർണ്ണതകൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള ശക്തമായ മാധ്യമമായി ഗദ്യം മാറി. മോഡേണിസ്റ്റ് സാഹിത്യം, രൂപം, ശൈലി, ആഖ്യാനരീതികൾ എന്നിവ ഉപയോഗിച്ചുള്ള പരീക്ഷണത്തിന്റെ സവിശേഷതയാണ്. രചയിതാക്കൾക്ക് പരമ്പരാഗത കഥപറച്ചിൽ കൺവെൻഷനുകളെ വെല്ലുവിളിക്കുന്നതിനും മനുഷ്യബോധത്തിന്റെയും ആത്മനിഷ്ഠാനുഭവത്തിന്റെയും സൂക്ഷ്മമായ ചിത്രീകരണങ്ങൾ വാഗ്ദാനം ചെയ്യുന്നതിനും ഇത് വേദിയൊരുക്കി.

പരസ്പരബന്ധിതമായ ഈ തീമുകളുടെ ഒരു പരിശോധനയിലൂടെ, മനഃശാസ്ത്രം, സാഹിത്യം, സമൂഹം എന്നിവ തമ്മിലുള്ള ചലനാത്മകമായ ഇടപെടലുകളെ അവയുടെ വികാസത്തിന്റെ ആദ്യഘട്ടങ്ങളിൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആധുനികതയുടെ പശ്ചാത്തലത്തിൽ മനഃശാസ്ത്രത്തിലെ ഫെമിനിസ്റ്റ് വീക്ഷണങ്ങളോടും ഗദ്യത്തിന്റെ പരിണാമത്തോടും വിമർശനാത്മകമായി ഇടപഴകുന്നതിലൂടെ, പത്തൊൻപതാം നൂറ്റാണ്ടിലെ ബൗദ്ധിക ഭൂപ്രകൃതിയെ രൂപപ്പെടുത്തിയ അന്തർലീനമായ പിരിമുറുക്കങ്ങളും വൈരുദ്ധ്യങ്ങളും നവീകരണങ്ങളും കണ്ടെത്തുന്നു. ആത്യന്തികമായി, ഈ ആശയങ്ങളുടെ ശാശ്വതമായ പ്രസക്തിയും മനുഷ്യസ്വഭാവം, സ്വത്വം, സാമൂഹികമാറ്റം എന്നിവയെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തിനായുള്ള അവയുടെ പ്രത്യാഘാതങ്ങളും പ്രതിഫലിപ്പിക്കാൻ ഈ പര്യവേക്ഷണം നമ്മെ ക്ഷണിക്കുന്നു.

## Assignments

1. മനോവിജ്ഞാനീയം പൂർവ്വഘട്ടത്തെ വിമർശന വിധേയമാക്കുക.
2. ആർക്കീടൈപ്പൽ നിരൂപണത്തെക്കുറിച്ച് ഉപന്യസിക്കുക.
3. ഫെമിനിസ്റ്റ് ചിന്താരീതിയെ പറ്റി വിലയിരുത്തുക.
4. ഗദ്യവികാസത്തിന്റെ ചരിത്രത്തെ അപഗ്രഥിക്കുക.
5. ഗദ്യവികാസത്തിൽ മിഷണറിമാരുടെ സംഭാവനകൾ വിശദീകരിക്കുക.

6. ആധുനിക വീക്ഷണത്തെക്കുറിച്ച് അപഗ്രഥിക്കുക.
7. ആഗോളവൽക്കരണത്തെക്കുറിച്ച് ഉപന്യസിക്കുക.
8. സ്ത്രീവാദത്തെക്കുറിച്ചുള്ള ആരംഭ, പൂർവ്വഘട്ടങ്ങളെ ചർച്ച ചെയ്യുക.

## Suggested Reading


1. ജാൻസി ജെയിംസ്(എഡി.), ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എം. അച്യുതൻ, പാശ്ചാത്യസാഹിത്യദർശനം, എൻ.ബി.എസ്, കോട്ടയം.
3. ഡോ. എം. ലീലാവതി, ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Reference


1. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
2. കെ.എം. തരകൻ, പാശ്ചാത്യസാഹിത്യദർശനം, ഡി.സി. ബുക്സ്, കോട്ടയം.
3. സി.ബി. സുധാകരൻ, നവസിദ്ധാന്തങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
4. എസ്. നൗഷാദ്, ഡി.വി. അനിൽകുമാർ, പാശ്ചാത്യസാഹിത്യ സിദ്ധാന്തം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# പഠനാപഗ്രഥന സമീപനങ്ങൾ

# BLOCK-04

## Block Content

Unit 1 - നവവിമർശനം

Unit 2 - ടി. എസ്. എലിയറ്റ്, ഫ്രോയിഡ്, സി. ജി യുങ് എന്നിവരുടെ സാഹിത്യസംഭാവനകൾ

Unit 3 - സർറിയലിസം, മോഡണിസം, റഷ്യൻ ഫോർമലിസം

Unit 4 - മാനകഭാഷയും കാവ്യഭാഷയും ഘടനാവാദവും

# Unit 1

# നവവിമർശനം

## Learning Outcomes

- നവവിമർശനത്തെക്കുറിച്ച് സാമാന്യധാരണ ലഭിക്കുന്നു
- വിംസാറ്റ്, ബെയർഡ്സിലി എന്നിവരെക്കുറിച്ച് സവിശേഷമായ അറിവ് നേടുന്നു
- ഐ.എ റിച്ചാർഡ്സിന്റെ കാവ്യചിന്തകൾ മനസ്സിലാക്കാൻ കഴിയുന്നു.
- ക്ലോസ് റീഡിംങിന്റെ സവിശേഷതകൾ വ്യക്തമാകുന്നു.
- പാഠാപഗ്രഥന സമീപനം വ്യക്തമാകുന്നു
- ആധുനിക മനോവിജ്ഞാനീയത്തെപ്പറ്റി ഗ്രഹിക്കുന്നു
- നാഡീ വിജ്ഞാനീയത്തിന്റെ സാധ്യതകൾ വിലയിരുത്തുന്നു

## Background

പാഠാപഗ്രഥനത്തിലൂടെ, അർത്ഥത്തിന്റെ വിവിധ പാളികൾ അനാവരണം ചെയ്യാനും ഭാഷയുടെ സൂക്ഷ്മതകൾ അറിയാനും അങ്ങനെ സാഹിത്യകൃതികളുടെ സമ്പന്നമായ ശൈലിയിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലാനും കഴിയുന്നു. സാഹിത്യം എന്നത് പുതിയത് പലതും കണ്ടെത്താൻ കാത്തിരിക്കുന്ന ഒരു നിധിശേഖരമാണ്. നവവിമർശനം ഈ നിധിയെ പ്രകാശിപ്പിക്കുന്നു, സാഹിത്യഗ്രന്ഥങ്ങളുടെ സൗന്ദര്യത്തെയും സങ്കീർണ്ണതയെയും വിലമതിക്കാൻ സഹായിക്കുന്നു. 1920 കളിൽ ശക്തിയാർജ്ജിക്കുകയും തുടർന്ന് എല്ലാ നിരൂപണരീതികളെയും അടിസ്ഥാനപരമായി സ്വാധീനിക്കുകയും ചെയ്യുന്ന ഒന്നാണ് 'നവവിമർശനം' (Newcriticism). സൂക്ഷമവായനയ്ക്കും(close reading) പാഠാപഗ്രഥനത്തിനും ഊന്നൽ കൊടുക്കുന്ന നവവിമർശനം ഭാഷാപഗ്രഥനത്തെ മൂല്യനിർണ്ണയത്തിലുള്ള മുഖ്യ ഉപാധിയായി കാണുന്നു. രചയിതാവിന്റെ ഉദ്ദേശ്യങ്ങൾ ചരിത്രപരമായ സന്ദർഭങ്ങൾ തുടങ്ങിയവ കാവ്യാപഗ്രഥനത്തിൽ പരിഗണിക്കേണ്ടതില്ലെന്നും കൃതിയെ മാത്രം പഠനവിധേയമാക്കുകയാണ് വേണ്ടതെന്നുമാണ് നവവിമർശകരുടെ അഭിപ്രായം. ബാഹ്യഘടകങ്ങൾ മാറ്റിവച്ച് വാക്കുകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രേരിപ്പിക്കുന്നു. ഈ അപഗ്രഥനരീതി വാചകത്തിൽ തന്നെ ഇഴചേർന്ന അർത്ഥത്തിന്റെ സങ്കീർണ്ണമായ പാളികൾ അനാവരണം ചെയ്യാൻ ശ്രദ്ധിക്കുന്നു. വാചകവിശകലനം ഒരു കുറ്റാന്വേഷകൻ ആകുന്നത് പോലെയാണ്. അർത്ഥത്തെയും പ്രാധാന്യത്തെയും കുറിച്ചുള്ള സൂചനകൾക്കായി ഓരോ വാക്കിലൂടെയും ഓരോ വാചകത്തിലൂടെയും തിരയുന്നു. വാചകം സൂക്ഷ്മമായി പരിശോധിക്കുന്നത് മറഞ്ഞിരിക്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കുന്നു, പ്രതീകാത്മകത അനാവരണം ചെയ്യുന്നു, രചയിതാവിന്റെ കരകൗശലത്തെ അഭിനന്ദിക്കുന്നു. ഇത് ഒരു രഹസ്യകോഡ് അൺലോക്ക് ചെയ്യുന്നതുപോലെയാണ്, അവിടെ ഓരോ സാഹിത്യ ഉപകരണവും ഭാഷാ തിരഞ്ഞെടുപ്പും പുതിയ ഉൾക്കാഴ്ചകൾ വെളിപ്പെടുത്താൻ സാധ്യതയുണ്ട്.

സാഹിത്യത്തെ വ്യാഖ്യാനിക്കുന്നതിലെ രണ്ട് ചതിക്കുഴികൾക്കെതിരെ മുന്നറിയിപ്പ് നൽകുന്ന ബുദ്ധിമാനായ മാർഗ്ഗദർശകരാണ് വിംസാറ്റും ബിയർഡ്സ്ലിയും. രചയിതാവിന്റെ ഉദ്ദേശ്യങ്ങളെയോ നമ്മുടെ വൈകാരിക പ്രതികരണങ്ങളെയോ മാത്രം ആശ്രയിക്കരുതെന്നും വാചകത്തിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അതിനെ സ്വയം സംസാരിക്കാനും അതിന്റെ അന്തർലീനമായ അർത്ഥം വെളിപ്പെടുത്താനും അനുവദിക്കണമെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. ജോൺ ക്രോ റാൻസം സാഹിത്യവിമർശനത്തിലെ ഒരു ഉന്നത വ്യക്തിത്വമായി നിലകൊള്ളുന്നു. കവിതയെക്കുറിച്ചും വാചകവിശകലനത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകൾ പണ്ഡിതന്മാർക്ക് വഴിയൊരുക്കി, കാവ്യകൃതികളുടെ അർത്ഥത്തിന്റെ പാളികളിലേക്ക് ആഴത്തിൽ പര്യവേക്ഷണം നടത്താൻ പ്രേരിപ്പിച്ചു. ഭാഷാശാസ്ത്രത്തെയും മനഃശാസ്ത്രത്തെയും ബന്ധപ്പെടുത്തിക്കൊണ്ട് സാഹിത്യവിമർശനത്തിന് ഐ എ റിച്ചാർഡ്സിന്റെ നല്കിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. സൂക്ഷ്മമായ വായനയ്ക്കും ചോദ്യങ്ങളും താരതമ്യങ്ങളും സമന്വയിപ്പിക്കുന്നതിനും അദ്ദേഹം നൽകിയ ഊന്നൽ കവിതയുമായുള്ള സജീവ ഇടപെടലിനെ പ്രോത്സാഹിപ്പിച്ചു, ആധുനിക മനശ്ശാസ്ത്രത്തിന്റെ സഹായത്തോടെ കവിതയുടെ മൂല്യം ശാസ്ത്രീയമായി നിർണ്ണയിക്കാൻ ശ്രമിച്ചു. സൗന്ദര്യാത്മകമായ വികാരം തമ്മിലുളവാക്കുന്നത് വിരുദ്ധ ചോദനകളുടെ തുലനാവസ്ഥയാണ് എന്ന് സ്ഥാപിച്ചു.

സാഹിത്യം മനസ്സിലാക്കുന്നതിനും ഇന്ദ്രിയങ്ങളെ സംയോജിപ്പിക്കുന്നതിനും ഒരു മൾട്ടിസെൻസറി അനുഭവം സൃഷ്ടിക്കുന്നതിനും സിനസ്തേഷ്യ ഒരു പുതിയ മാനം നൽകുന്നു. വാക്കുകളിലൂടെ മാത്രമല്ല, സംവേദനങ്ങളുടെ ഒരു സിംഫണിയിലൂടെയും സാഹിത്യത്തെ മനസ്സിലാക്കാൻ ഇത് അനുവദിക്കുന്നു. ആധുനിക മനഃശാസ്ത്രത്തിലൂടെയും ന്യൂറോ സയൻസ് ദർശനങ്ങളിലൂടെയും സാഹിത്യം പര്യവേക്ഷണം ചെയ്യാനുള്ള സാധ്യത ഇന്ന് നമുക്കുണ്ട്. നമ്മുടെ മനസ്സുകൾ സാഹിത്യകൃതികളെ എങ്ങനെ വീക്ഷിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള പുതിയ ഉൾക്കാഴ്ചകൾ ഈ ശാഖകൾ നൽകുന്നു, ഇത് മനുഷ്യാനുഭവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ സമ്പന്നമാക്കുന്നു.

## Keywords

നവ വിമർശനം - പാഠാപഗ്രഥന സമീപനം - ഇന്റൻഷണൽ ഫാലസി - അഫക്റ്റിവ് ഫാലസി - സിനേസ്തസിസ് - ആധുനിക മനോവിജ്ഞാനീയം - നാഡീവിജ്ഞാനീയം

## Discussion

### നവവിമർശനം-ന്യൂ ക്രിട്ടിസിസം

ടി.എസ്. എലിയറ്റ്, ഐ.എ. റിച്ചാർഡ്സ് എന്നിവരുടെ സാഹിത്യചിന്തകളാണ് നവവിമർശനത്തിന്റെ അടിസ്ഥാനം. സാഹിത്യ നിരൂപണലോകത്ത് ഒരു പുതിയ ചിന്തയ്ക്ക് അടിസ്ഥാനം നൽകിയ ആശയലോകം നവനിരൂപണത്തിനുണ്ടായിരുന്നു. ടി.എസ്.എലിയറ്റിന്റെ Traditional and Individual Talent, Hamlet and His Problems, ഐ.എ. റിച്ചാർഡ്സിന്റെ Practical Criticism, The Principles of Literary Criticism, The Meaning of Meaning എന്നീ കൃതികൾ നവവിമർശത്തിന്റെ അടി

സ്ഥാനരേഖകളാണ്. ഇതിനെതുടർന്ന് 1941 ൽ ജോൺ ക്രോ റാൻസം (John Crowe Ransom) ന്യുക്രിട്ടിസിസം എന്ന കൃതി പ്രസിദ്ധീകരിച്ചു. ഇതോടുകൂടി നവവിമർശനം ഒരു നിരൂപണ പ്രസ്ഥാനമായി ശ്രദ്ധനേടി. സാഹിത്യത്തിന്റെ മേഖലയിൽനിന്നും എല്ലാ വിമർശന രീതികളെയും ന്യുക്രിട്ടിസിസം മാറ്റി നിർത്തി. ജീവചരിത്രപരമായ വിമർശനം, മനശാസ്ത്രപരമായ വിമർശനം, സൗന്ദര്യാത്മകമായ വിമർശനം എന്നിങ്ങനെയുള്ള രീതികൾ ഉപയോഗിച്ച് സാഹിത്യത്തെ പഠനവിധേയമാക്കുന്ന സമ്പ്രദായത്തോട് റാൻസം കടുത്ത എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി. സാഹിത്യവിമർശനത്തിൽ ഇത്തരം നിരൂപണരീതികൾക്ക് യാതൊരു പ്രസക്തിയുമില്ലെന്ന് അദ്ദേഹം വാദിച്ചു. ഐ.എ റിച്ചാർഡ്, എംപസൺ, അയൻറേറ്റ്, ബ്ലാക്ക്മർ, ക്ലിയാന്ത് ബ്രൂക്കസ് എന്നിവർ നവവിമർശകർ എന്ന നിലയിൽ പേരുകേട്ടവരാണ്.

▶ സാഹിത്യത്തിന്റെ മേഖലയിൽനിന്നും എല്ലാ വിമർശനരീതികളെയും ന്യുക്രിട്ടിസിസം മാറ്റി നിർത്തി

1930-കളിൽ കോംബ്രിഡ്ജ് വിമർശനരംഗത്തെ, ഉന്നതനിലവാരത്തിലുള്ള ഒരു അക്കാദമിക് കേന്ദ്രമാക്കുന്നതിൽ ഐ.എ.റിച്ചാർഡ്സ് വഹിച്ച പങ്ക് വിലപ്പെട്ടതാണ്. അവിടുത്തെ അധ്യാപകനായിരുന്ന റിച്ചാർഡ്സ് നവവിമർശനത്തിന് സൈദ്ധാന്തിക അടിത്തറ നൽകുന്നതിൽ വിജയിച്ചു. നവവിമർശനത്തിൽ ടി.എസ്.എലിയറ്റിന്റെ സ്ഥാനം നിർണായകമാണ്. പരമ്പരാഗത സാഹിത്യനിരൂപണത്തെ പ്രശ്നാധിഷ്ഠിതമായി ആധുനികവൽക്കരിച്ചവതരിപ്പിക്കുകയാണ് എലിയറ്റ് ചെയ്തത്. ജെയിംസ് ജോയ്സ്, എസ്രാപൗണ്ട്, ടി.എസ്. എലിയറ്റ് തുടങ്ങിയവർ വ്യവസ്ഥാപിത നിരൂപണത്തെ എതിർക്കുന്നവരാണ്. ഇവരുടെ ദൃഷ്ടിയിൽ ആധുനിക രചനാരീതിയുമായി കരാറിലേർപ്പെടുന്ന ഒരു പുതിയ നിരൂപണസങ്കല്പം ഉണ്ടാകേണ്ടതാണ്. റിച്ചാർഡ്സിന്റെതന്നെ സിദ്ധാന്തങ്ങളിൽ നിന്നെടുത്ത ആശയങ്ങൾ വഴി കവിതയെ ഇദ്ദേഹം സൂക്ഷ്മമായി അപഗ്രഥിച്ചിരിക്കുന്നു. നവീന നിരൂപകരെ രൂപഭദ്രതാവാദികൾ എന്നും വിളിക്കാറുണ്ട്. എന്നാൽ ഇവർ റഷ്യൻ രൂപഭദ്രതാ വാദികളിൽ നിന്നും തികച്ചും വ്യത്യസ്തരാണ്. റഷ്യൻ രൂപഭദ്രതാവാദികൾ അർത്ഥത്തിന് വലിയ പ്രാധാന്യം നൽകുന്നില്ല. അവർ പുനർനിർമ്മിക്കാൻ ശ്രമിക്കുന്നത് ഉള്ളടക്കമാണ്. അതുവഴി വായനക്കാരന്റെ പതിവ് കാഴ്ച്ചപ്പാടുകളെ അപ്രസക്തമാക്കുന്നു. എന്നിരുന്നാലും റഷ്യൻ രൂപഭദ്രതാവാദികളെപ്പോലെ നവവിമർശകർ രൂപവും ഉള്ളടക്കവും സാഹിത്യത്തിൽ വേറിട്ടു നിൽക്കുന്നുവെന്ന വാദത്തെ നിഷേധിക്കുന്നു. അവർ താല്പര്യം കാട്ടുന്നത് അർത്ഥത്തിലാണ്. 1951-ൽ പ്രസിദ്ധീകരിച്ച 'ദ് ഫോർമലിസ്റ്റ് ക്രിട്ടിക്ക്' എന്ന ലേഖനത്തിലൂടെ രൂപം തന്നെയാണ് അർത്ഥം എന്ന് ക്ലിയാന്ത് ബ്രൂക്ക്സ് അവകാശപ്പെടുന്നു.

▶ റഷ്യൻ രൂപഭദ്രതാവാദികൾ ഉള്ളടക്കത്തെയാണ് പുനർനിർമ്മിക്കാൻ ശ്രമിച്ചത്

നവീന നിരൂപകർ ഒരു സാഹിത്യകൃതിയുടെ അർത്ഥം പരാവർത്തനം ചെയ്യുന്നതിനെ എതിർക്കുന്നു. സാഹിത്യപരമായ അർഥത്തെ ഒരിക്കലും സ്വതന്ത്രമായി ഒരു കൃതിയുടെ രൂപം ഉപയോഗിച്ച് ചർച്ച ചെയ്യാനാവില്ല. പരമ്പരാഗതരീതിയനുസരിച്ച് താളം, വൃത്തം, ഘടന, സാഹിത്യരൂപം എന്നിവയെ അടിസ്ഥാനമാക്കിയാണ് രൂപം നിശ്ചയിക്കുന്നത്. എന്നാൽ നവീന നിരൂപണത്തിൽ രൂപമെന്നത് എല്ലാ വസ്തുക്കളുടെയും നൈസർഗികമായ കൂടിച്ചേരലാണ്. നിരൂപണത്തിന്റെ കർത്തവ്യം ഇതിനെ പുറത്തേക്ക് കൊണ്ടുവരികയെന്നതാണ്. വൈരുദ്ധ്യാത്മകതയും വ്യത്യസ്തതയുമൊക്കെ സംഗമിക്കുന്ന രൂപഭദ്രതാവാദ

ത്തിലേക്ക് നവവിമർശനരംഗത്തുള്ളവർക്ക് കൂടുതൽ താത്പര്യം തോന്നാൻ അവരുടേതായ സാംസ്കാരിക കാരണങ്ങളുണ്ട്. യാഥാസ്ഥിതിക പ്രവണതകളെ ഇവർ ശക്തമായി എതിർത്തിരുന്നു. ടി.എസ്.എലിയറ്റിന്റെ ദി വെയ്സ്റ്റ് ലാൻഡ് മികച്ച കൃതിയായി ഇവർ കരുതുന്നു. വി.കെ വിംസാറ്റ് ആണ് നവീനനിരൂപകരിലെ പ്രധാനി. ഇദ്ദേഹം പ്രധാനമായി അറിയപ്പെടുന്നത് രണ്ട് കൃതികളിലൂടെയാണ്. ഇവ ബെയർഡ്സലിയുമായി ചേർന്നെഴുതിയതാണ്. 'ദി ഇന്റൻഷണൽ ഫാലസി', 'ദി അഫക്റ്റീവ് ഫാലസി' എന്നിവയാണ് കൃതികൾ. ഈ രണ്ട് കൃതികളുടെയും ലക്ഷ്യം നവീനനിരൂപണത്തെ ന്യായീകരിക്കുകയെന്നതാണ്. പ്രേഷകരുടെയോ എഴുത്തുകാരന്റെയോ പ്രതികരണമല്ല നവവിമർശകർ ലക്ഷ്യമാക്കിയത്. ഇവർ സ്വീകരിച്ച മാർഗം കൂടുതൽ സൂക്ഷ്മമാണ്. ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യങ്ങൾക്കും ചരിത്രപരമായ സാഹചര്യങ്ങൾക്കും കാവ്യാപഗ്രഥനത്തിൽ പ്രസക്തിയില്ലെന്ന് ഇവർ വാദിച്ചു.

- നവവിമർശകർ യഥാസ്ഥിതിക പ്രവണതകളെ എതിർത്തു

## പാഠാപഗ്രഥന സമീപനം

നവനിരൂപണം മുന്നോട്ട് വച്ചത് പാഠാപഗ്രഥന സമീപനമാണ്. ഇതര വിജ്ഞാനശാഖകളുമായി പാഠത്തെ ബന്ധപ്പെടുത്തി അവതരിപ്പിക്കാതെ പാഠത്തെ മാത്രം അപഗ്രഥന വിധേയമാക്കുന്ന സമീപനമാണിത്. പാഠമാണ് പ്രധാനം. അതിലെ ആശയത്തെ അപഗ്രഥനവിധേയമാക്കി കണ്ടെത്തുകയാണ് വിമർശനം ചെയ്യേണ്ടത്. പാഠത്തെ മാത്രം അപഗ്രഥനവിധേയമാക്കുമ്പോൾ വായനക്കാരന് ലഭിക്കുന്നത് കവിതയിലെ ഭാഷ മാത്രമാണ്. നവവിമർശനം കാവ്യത്തെ ഒരു ഭാഷാവസ്തുവായിട്ടാണ് നിരീക്ഷിച്ചത്. അതായത് കാവ്യത്തെ ഭാഷശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് അപഗ്രഥിക്കേണ്ടത്. ഇതര സാഹിത്യവിജ്ഞാനങ്ങൾ ഉപയോഗിച്ചല്ല പഠനവിധേയമാക്കേണ്ടത്. നവവിമർശകരുടെ അഭിപ്രായത്തിൽ മനഃശാസ്ത്ര സിദ്ധാന്തങ്ങൾക്കനുസരിച്ച് നിരൂപകർ കാവ്യത്തെ വിശകലനം ചെയ്യുമ്പോൾ മനഃശാസ്ത്രപരമായ കാവ്യസവിശേഷതകൾ മാത്രമാണ് ലഭിക്കുക. അതിനു സാഹിത്യവുമായി യാതൊരു ബന്ധവും കാണില്ല. ഇതിലൂടെ കവിതയുടെ അന്ത:സത്ത കൃത്യമായി ഗ്രഹിക്കാൻ കഴിയില്ല. വാസ്തവത്തിൽ അതൊരു മനഃശാസ്ത്രലേഖനമായി ചുരുങ്ങിപ്പോകും. പാഠത്തെ മുൻനിർത്തിയുള്ള സൂക്ഷ്മമായ അപഗ്രഥനമാണ് നവവിമർശനം മുന്നോട്ട് വച്ചത്. സാഹിത്യത്തിന് അതിന്റേതായ പ്രാധാന്യം ലഭിക്കുക എന്ന ആശയത്തിനുവേണ്ടിയാണ് റാൻസം വാദിച്ചത്. കവിത എന്ന ഭാഷാ വസ്തുവിന്റെ അർത്ഥത്തെ സമഗ്രമായി പിഴിഞ്ഞെടുക്കുന്നതാണ് യുക്തിപൂർവ്വമായ വിമർശനമെന്ന് റാൻസം പറഞ്ഞു. അതിലൂടെ കവിതയുടെ മുഴുവൻ അർത്ഥസാധ്യതകളും പുറത്തുവരും.

- കവിതയുടെ അർത്ഥത്തെ സമഗ്രമായി പിഴിഞ്ഞെടുക്കുന്നതാണ് യുക്തിപൂർവ്വമായ വിമർശനം

## സൂക്ഷ്മവായന (ക്ലോസ് റീഡിംങ്)

പാഠാപഗ്രഥനം സാധ്യമാകണമെങ്കിൽ കവിത ശ്രദ്ധാപൂർവ്വം വായിക്കണം. അലസമായ വായനയിലൂടെ ഒരു കൃതിയെ സമഗ്രമായി അപഗ്രഥിക്കാനോ വിശദീകരിക്കാനോ കഴിയില്ല. സൂക്ഷ്മമായ വായനയാണ് ഒരോ കൃതിയും ആവശ്യപ്പെടുന്നത്. എന്നാൽ പലപ്പോഴും കൃതികൾക്ക് അത് ലഭിക്കാറില്ല. സൂക്ഷ്മമായ വായനയിലൂടെ കൃതിയെ സമീപിച്ച് അതിന്റെ അർത്ഥത്തെ കണ്ടെത്താൻ ശ്രമിക്കുന്നതിനെയാണ് ക്ലോസ് റീഡിംഗ് എന്നു പറയുന്നത്. ഒരോ കൃതിയും ഗാഢമായ വായനയ്ക്ക്

വിധേയമാകണം. കവി ഉപയോഗിക്കുന്ന ആശയലോകം തികവുറ്റ രീതിയിൽ മനസ്സിലാക്കണമെങ്കിൽ ഇത്തരമൊരു വായന ആവശ്യമാണ്. ധാരാളം ചിഹ്നങ്ങൾ രചനാവേളയിൽ കവി ഉപയോഗപ്പെടുത്തും. അതിന്റെ അർത്ഥ സാധ്യതകൾ തെളിഞ്ഞു വരുന്നത് ക്ലോസ് റീഡിംഗിലൂടെ മാത്രമായിരിക്കും. കവിതയിലെ ഏതെങ്കിലും ഒരു ഭാഗം മാത്രം വിശദീകരിക്കുന്ന രീതി നല്ലതല്ല. എല്ലാ ഭാഗങ്ങളെയും സമഗ്രമായി വായനയ്ക്ക് വിധേയമാക്കണം. ഒരു ഭാഗവും ഉപേക്ഷിക്കാൻ പാടില്ല. സൂക്ഷ്മമായ വായന നടത്തുമ്പോൾ കവിതയിൽ നിന്നും നവീനമായ അർത്ഥവും ആശയവും വായനക്കാരന് ലഭിക്കും. കവിതയുടെ ശക്തിയും ചൈതന്യവും തിരിച്ചറിയുന്നത് സൂക്ഷ്മമായവായനയിലൂടെയാണ്. കവിതയിൽ ചില വാക്കുകൾക്ക് മാത്രമാണ് ആശയത്തെ അവതരിപ്പിക്കാൻ കഴിയുക എന്ന നിരീക്ഷണത്തോട് നവവിമർശനം യോജിക്കുന്നില്ല. കവിതയിലെ എല്ലാ വാക്കുകൾക്കും അർത്ഥം ഉൽപ്പാദിപ്പിക്കാൻ കഴിയും. കവിതയിലെ എല്ലാ വാക്കുകൾക്കും ഉന്നതമായ അർത്ഥത്തെ പകരാൻ കഴിയും. അത് കണ്ടെത്താൻ നിരൂപകർക്ക് കഴിയണം. ക്ലോസ് റീഡിംങ് പ്രയോജനപ്പെടുന്നത് ഇവിടെയാണ്.

> ▶ കവിതയുടെ ശക്തിയും ചൈതന്യവും തിരിച്ചറിയുന്നത് സൂക്ഷ്മമായ വായനയിലൂടെയാണ്

എന്നാൽ പല വിമർശകരും ഈ രീതിയോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു. നാരങ്ങാ പിഴിഞ്ഞെടുക്കുന്ന രീതിയോടാണ് ഇതിനെ പലരും ഉപമിക്കുന്നത്. കവിതയെ പിഴിഞ്ഞെടുത്ത് അർത്ഥം പുറത്തു കൊണ്ടുവരുന്ന രീതിയോട് പലർക്കും എതിർപ്പുണ്ടായിരുന്നു. കവിത നൽകുന്നത് അർത്ഥം മാത്രമാണ് എന്ന സമീപനം ഇവിടെയുണ്ട്. അർത്ഥം അറിയാൻ വേണ്ടി മാത്രമാണ് കവിത വായിക്കുന്നത് എന്ന രീതി ഈ വിമർശന സമീപനത്തിലുണ്ടെന്ന് ചിലർ വാദിക്കുന്നു. കവിതയുടെ ആത്മാവിലേക്ക് എത്തിച്ചേരാനുള്ള പലമാർഗ്ഗങ്ങളിൽ ഒന്ന് മാത്രമാണ് അർത്ഥം എന്നാണ് വിമർശകരുടെ വാദം. കവിത അർത്ഥത്തെ ഉല്പാദിപ്പിക്കുന്ന ഒരു ഉപകരണമല്ലെന്ന് ഇവർ വാദിക്കുന്നു.

> ▶ കവിതയുടെ ആത്മാവിലേക്ക് എത്തിച്ചേരാനുള്ള പലമാർഗ്ഗങ്ങളിൽ ഒന്ന് മാത്രമാണ് അർത്ഥം

## വിംസാറ്റ് (Wimsatt)

വില്യം കുർട്സ് വിംസാറ്റ് ജൂനിയർ (നവംബർ 17, 1907 – ഡിസംബർ 17, 1975) ഒരു അമേരിക്കൻ ഇംഗ്ലീഷ് പ്രൊഫസറും സാഹിത്യ സൈദ്ധാന്തികനും നിരൂപകനുമായിരുന്നു. ഒരു കലാസൃഷ്ടി രൂപപ്പെടുത്തുന്നതിനുള്ള ഒരു എഴുത്തുകാരന്റെ ഉദ്ദേശ്യങ്ങളുടെ പ്രാധാന്യത്തെ ചോദ്യം ചെയ്യുന്നതിനായി മൺറോ ബെയർഡ്സ്‌ലിയുമായി ചേർന്ന് അദ്ദേഹം വികസിപ്പിച്ച ഇന്റൻഷനൽ ഫാലസി (Intentional fallacy) എന്ന ആശയവുമായി വിംസാറ്റ് ബന്ധപ്പെട്ടിരിക്കുന്നു.

> ▶ മൺറോ ബെയർഡ്സ്‌ലിയുമായി ചേർന്ന് വിംസാറ്റ് വികസിപ്പിച്ച ആശയമാണ് ഇന്റൻഷനൽ ഫാലസി

## ബെയർഡ്സലി (Beardlsy)

നവനിരൂപണമേഖലയിൽ പ്രവർത്തിച്ച രണ്ട് പ്രതിഭാശാലികളായിരുന്നു വിംസാറ്റും ബെയർഡ്സ്‌ലിയും അമേരിക്കക്കാരനായ വിംസാറ്റ് മികച്ച സൈദ്ധാന്തികനും നിരൂപകനുമായിരുന്നു. അരിസ്റ്റോട്ടിൽ, ടി. എസ്. എലിയറ്റ് തുടങ്ങിയ എഴുത്തുകാരുടെ കൃതികൾ അദ്ദേഹത്തെ സ്വാധീനിക്കുകയുണ്ടായി. 1954 ൽ പ്രസിദ്ധീകരിച്ച 'ദി വെർബൽ ഐക്കൺ' എന്ന കൃതിയിലാണ് വിംസാറ്റ് തന്റെ ആശയങ്ങൾ അവതരിപ്പിച്ചത്.

> ▶ 'ദി വെർബൽ ഐക്കൺ' എന്ന കൃതി

## ഇന്റൻഷണൽ ഫാലസി

വിംസാറ്റും ബേർഡ്സ്‌ലിയും ചേർന്ന് രചിച്ച ലേഖനമാണ് ഇന്റെൻഷനൽ ഫാലസി. ഒരു വായനക്കാരൻ എഴുത്തുകാരന്റെ രചനകളിലെ ഉദ്ദേശ്യങ്ങൾ അനുമാനിക്കാൻ ശ്രമിക്കുന്നതിലൂടെ സാഹിത്യകൃതിയെ ശരിയായി വിലയിരുത്താൻ കഴിയില്ല എന്ന ആശയമാണ് ഇന്റൻഷനൽ ഫാലസിയുടെ അടിസ്ഥാന തത്വം. 1946 ലാണ് വിംസാറ്റും ബേർഡ്സിലിയും ഈ ലേഖനം പൂർത്തീകരിക്കുന്നത്. ലിയനാർഡോ ഡാവിഞ്ചിയുടെ ജനപ്രിയചിത്രമായ മൊണാലിസയുടെ ചിരിയുടെ അർഥം വിശകലനം ചെയ്യാൻ ശ്രമിക്കുന്നതാണ് ഇന്റൻഷണൽ ഫാലസിയുടെ ഉദാഹരണം. ചിത്രത്തിലെ സ്ത്രീ പുഞ്ചിരിക്കുന്നത് ചിത്രകാരൻ ഉദ്ദേശിച്ചിരുന്നോ ഇല്ലയോ എന്നതിനെക്കുറിച്ച് ധാരാളം ചർച്ചകൾ നടക്കുന്നു. ചിലർ ഇതിനെ കുസൃതിയോ നിഗൂഢമോ ആയ പുഞ്ചിരിയാണെന്ന് കരുതുന്നു. ചിലർ ഇതിനെ പരിഹാസ്യമായ പുഞ്ചിരിയാണെന്നും കരുതുന്നു. ഇതിനപ്പുറവും കൂടുതൽ വ്യഖ്യാനങ്ങളുണ്ട്. എഴുത്തുകാരന്റെ ഉദ്ദേശ്യങ്ങളിലൂടെ എഴുത്തുകാരന്റെ സൃഷ്ടിയെ വിലയിരുത്താൻ വായനക്കാരൻ ശ്രമിക്കരുത് എന്നാണ് ഈ ലേഖനത്തിന്റെ സാരാംശം. (Its premise is that readers cannot and should not attempt to evaluate an author's work through the authors' intentions when reading lierature, specifically poetry). ഒരു എഴുത്തുകാരൻ ഒരു കൃതി പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അത് സമൂഹത്തിന്റേതാണെന്ന് വിംസാറ്റ് ഉറപ്പിച്ചു പറയുന്നു. പ്രസ്തുത കൃതിയെ പൊതുജനം മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യുമ്പോൾ എഴുത്തുകാരന്റെ ഉദ്ദേശ്യം ഇനി പ്രധാനമല്ല എന്ന് അർഥം. ഇന്റൻഷണൽ ഫാലസി പല സാഹിത്യ സിദ്ധാന്തങ്ങൾക്കും വഴിയൊരുക്കി. ഈ ലേഖനം പ്രസിദ്ധീകരിച്ച് കുറച്ചുവർഷങ്ങൾക്ക് ശേഷം 'എഴുത്തുകാരന്റെ മരണം' എന്ന ആശയം വന്നു. റോളാങ് ബാർത്താണ് (Roland Barthes)ഈ ആശയം അവതരിപ്പിച്ചത്. ഒരു എഴുത്തുകാരനും യഥാർത്ഥമായ യാതൊന്നും സൃഷ്ടിക്കാൻ കഴിയില്ലെന്നും അയാൾ എഴുതുന്നതെന്തും മുമ്പുണ്ടായിരുന്ന ആശയങ്ങളും വാക്കുകളും സമാഹരിച്ചതിന്റെ ഫലമാണെന്നും അതുകൊണ്ട് അവർക്ക് സ്വന്തം രചനയുടെ അർത്ഥം തീരുമാനിക്കാൻ കഴിയില്ലെന്നും ഈ ചിന്ത ഉറപ്പിച്ചുപറയുന്നു.

> ▶ സാഹിത്യകൃതിയെ ശരിയായി വിലയിരുത്താൻ കഴിയില്ല എന്ന ആശയമാണ് ഇന്റെൻഷനൽ ഫാലസിയുടെ അടിസ്ഥാന തത്വം

## അഫക്ടീവ് ഫാലസി

വിംസാറ്റും ബേർഡ്സിലും ചേർന്ന് രചിച്ച മറ്റൊരു ലേഖനമാണ് അഫക്ടീവ് ഫാലസി. ഇന്റൻഷനൽ ഫാലസി രചിച്ചതിനുശേഷമാണ് ഈ ലേഖനം പ്രസിദ്ധീകരിക്കുന്നത്. 1949 ലാണ് ഇതിന്റെ പ്രസിദ്ധീകരണം. വിംസാറ്റിന്റെ ലേഖനങ്ങളുടെ സമാഹാരമായ ദി വെർബൽ ഐക്കണലിൽ അഫക്ടീവ് ഫാലസി എന്ന ആശയം അവതരിപ്പിക്കുന്നുണ്ട്. എല്ലാത്തരം വിമർശനങ്ങളെയും പരാമർശിക്കാൻ വിംസാറ്റ് ഈ പദം ഉപയോഗിച്ചു. വൈകാരികമായ ചിന്തയുടെ അടിസ്ഥാനത്തിൽ ഒരു വായനക്കാരൻ കൃതിയെ വിലയിരുത്തുന്ന തെറ്റായ പ്രവണതയെ സൂചിപ്പിക്കുന്നതിനു വേണ്ടിയാണ് അഫക്ടീവ് ഫാലസി എന്ന ആശയം വിംസാറ്റും ബേർഡ്സിലിയും അവതരിപ്പിച്ചത്. സാഹിത്യത്തെ, അതിന്റെ വൈകാരിക ആശയങ്ങളെ മുൻനിർത്തിയുള്ള നിരൂപണം, നിഗൂഢതയിലേയ്ക്കും ആത്മനിഷ്ഠതയിലേക്കും നയിക്കുമെന്ന് അവർ പ്രസ്താ

വിച്ചു. എന്നാൽ പല നിരൂപകരും ഈ ആശയത്തോട് അനുകൂലമായി പ്രതികരിച്ചില്ല. ഒരു കവിതയുടെ മൂല്യനിർണയത്തിൽ നിന്ന് വൈകാരികമായ ആശയവിനിമയവും പ്രതികരണവും വേർതിരിക്കാനാവില്ലെന്ന് പല നിരൂപകരും അഭിപ്രായപ്പെട്ടു. സാഹിത്യവിമർശനം വസ്തുനിഷ്ഠവും തത്വാധിഷ്ഠിതവുമായിരിക്കണം  എന്നാണ് വിംസാറ്റിന്റെ അഭിപ്രായം.

- കൃതിയെ വിലയിരുത്തുന്ന തെറ്റായ പ്രവണതയെ സൂചിപ്പിക്കുന്നതാണ് അഫക്റ്റീവ് ഫാലസി

## ജോൺ ക്രോവ് റാൻസം

അമേരിക്കൻ വിദ്യാഭ്യാസപണ്ഡിതനും നിരൂപകനും കവിയും ഉപന്യാസകാരനുമായിരുന്ന ജോൺ ക്രോവ് റാൻസം. നവനിരൂപണത്തിൻെറ പ്രധാനപ്പെട്ട വക്താക്കളിൽ ഒരാളായി അദ്ദേഹം അറിയപ്പെടുന്നു. വളരെ പ്രസിദ്ധമായ കെനിയൻ റിവ്യൂവിന്റെ ആദ്യത്തെ എഡിറ്ററായിരുന്നു ജോൺ ക്രോവ് റാൻസം. 1973 ലെ സാഹിത്യത്തിന്റെ നോബൽ സമ്മാനം അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. ദൈവത്തെക്കുറിച്ചുള്ള കവിതകൾ എന്ന സമാഹാരം ഏറെ ശ്രദ്ധിക്കപ്പെട്ടു. നിരൂപണത്തെ കൂടുതൽ ജനകീയമാക്കുന്നതിനു വേണ്ടി 'ദ ഫ്യൂജിറ്റീവ്' (The Fugitive) എന്ന പേരിൽ ഒരു ജേർണൽ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. അമേരിക്കൻ മോഡേണിസ്റ്റ് കവികളെ ഈ പ്രസിദ്ധീകരണം ഏറെ സ്വാധീനിച്ചിരുന്നു. ജോൺ ക്രോവ് റാൻസത്തിന്റെ കവിതകളെ വിചിത്രമായ രചനകളായാണ് നിരൂപകൻ വിശേഷിപ്പിക്കുന്നത്. കാർഷിക സംസ്കാരത്തെ ഇഷ്ടപ്പെട്ട എഴുത്തുകാരനായിരുന്നു അദ്ദേഹം. ആധുനിക വ്യവസായിക മുതലാളിത്തം മനുഷ്യരഹിതമായ ഒരു ശക്തിയാണെന്ന് അദ്ദേഹം വിശ്വസിച്ചു.

- കവിതകൾ വിചിത്രമായ രചനകൾ

ഒരു കാർഷിക സാമ്പത്തിക മാതൃകയാണ് അദ്ദേഹം മുന്നോട്ട് വച്ച ആശയം. കവിതകൾപോലെ അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനങ്ങളിലും ചില വിചിത്രരീതികളുണ്ടായിരുന്നു. എഴുതാൻ പുതിയ വിഷയങ്ങളൊന്നും തനിക്കില്ലെന്ന് വിശ്വസിച്ചുകൊണ്ട് തന്റെ മുൻകവിതകൾ പുനഃപരിശോധിക്കുന്ന കാവ്യപ്രവർത്തനത്തിൽ മുഴുകുകയായിരുന്നു അദ്ദേഹം. 1916 നും 1927 നും ഇടയിൽ പ്രസിദ്ധീകരിച്ച കവിതകളെ അടിസ്ഥാനമാക്കിയാണ് ഒരു കവി എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രശസ്തി. റാൻസമിന്റെ കവിതകൾ മഞ്ഞുപോലെ മൃദുവും വായുപോലെ പ്രകാശവുമാണെന്നും അതിലെ പദപ്രയോഗം മാന്ത്രികമാണെന്നും നിരൂപകർ അഭിപ്രായപ്പെടുന്നുണ്ട്. ജീവിതത്തിന്റെ വിരോധാഭാസം പ്രകടമാകുന്ന കവിതകളാണ് അദ്ദേഹം കൂടുതലായി എഴുതിയത്. 'ദി ന്യൂ ക്രിട്ടിസിസം' എന്ന പേരിൽ തന്റെ ലേഖനങ്ങളുടെ സമാഹാരം അദ്ദേഹം പ്രസിദ്ധീകരിച്ചു. വിമർശനം കൂടുതൽ ശാസ്ത്രീയവും കൃത്യവും വ്യവസ്ഥാപിതവുമായിരിക്കണമെന്ന് അദ്ദേഹം പറയുകയുണ്ടായി. ഭാഷാപാണ്ഡിത്യം, ചരിത്രപരമായ പാണ്ഡിത്യം, വ്യക്തിപരമായ പ്രതികരണങ്ങൾ എന്നിവ സാഹിത്യനിരൂപണത്തെ സ്വാധീനിക്കരുതെന്ന് അദ്ദേഹം പ്രസ്താവിച്ചു. നിരൂപകർ കൃതിയെ സൗന്ദര്യാത്മക വസ്തുവായി കാണണമെന്നും അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ പല ആശയങ്ങളും പിൽക്കാലത്ത് നവനിരൂപണത്തിന് അടിത്തറ നൽകുകയുണ്ടായി.

- നിരൂപകർ കൃതിയെ സൗന്ദര്യാത്മക വസ്തുവായി കാണണമെന്ന് ജോൺ ക്രോവ് റാൻസം വാദിച്ചു

## കവിതയുടെ മൂല്യനിർണ്ണയവും പാഠാപഗ്രഥനവും

കവിതയുടെ മൂല്യനിർണ്ണയത്തിനും പാഠാപഗ്രഥനത്തിനും പാശ്ചാത്യ വിമർശകർ നിരവധി സിദ്ധാന്തങ്ങളും രീതികളും ആവിഷ്കരിച്ചു. പുതിയ സാഹിത്യവിമർശനം ഒരു കലാസൃഷ്ടിയുടെ അന്തർലീനമായ മൂല്യത്തിൽ ഊന്നിപ്പറയുകയും വ്യക്തിഗത സൃഷ്ടിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. ഒരു കൃതിയുടെ വ്യാഖ്യാനത്തിൽ ചരിത്രപരമോ ജീവചരിത്രപരമോ ആയ അറിവുകളോ അനുഭവങ്ങളോ കൊണ്ടുവരുന്ന വിമർശനാത്മക സമ്പ്രദായത്തെ പുതിയ സാഹിത്യവിമർശനം എതിർത്തിരുന്നു, ടി.എസ്. എലിയറ്റ്, റോബർട്ട് പെൻ വാറൻ, വില്യം എംപ്സൺ, ജോൺ ക്രോ റാൻസം, ഐ.എ. റിച്ചാർഡ്സ് എന്നിവരായിരുന്നു പുതിയ തരം വിമർശനപദ്ധതികളെ പരീക്ഷിച്ച എഴുത്തുകാർ അരിസ്റ്റോട്ടിലിന്റെ കാവ്യശാസ്ത്രത്തോളം പഴക്കമുള്ള ടെക്സ്റ്റിന്റെ സൂക്ഷ്മമായ വിശകലന വായനയാണ് പുതിയ വിമർശനാത്മക സമീപനത്തിൽ ഉപയോഗിക്കുന്ന പ്രാഥമിക സാങ്കേതികത. എന്നിരുന്നാലും, പുതിയ വിമർശകർ ഈ രീതിയിലേക്ക് പരിഷ്കരണങ്ങൾ അവതരിപ്പിച്ചു. ഇംഗ്ലീഷ് നിരൂപകരായ ഐ.എ. റിച്ചാർഡ്സ് (പ്രാക്ടിക്കൽ ക്രിട്ടിസിസം, 1929), വില്യം എംപ്സൺ (ഏഴുതരം അവ്യക്തത, 1930) എന്നിവരുടെതാണ് പാരമ്പര്യത്തിലെ ആദ്യകാല കൃതികൾ. 'പാരമ്പര്യവും വ്യക്തിഗത പ്രതിഭയും' (1917), "ഹാംലെറ്റും അവന്റെ പ്രശ്നങ്ങളും' (1919) എന്നീ വിമർശനാത്മക ലേഖനങ്ങളിലൂടെ ഇംഗ്ലീഷ് കവി ടി.എസ്. എലിയറ്റും സംഭാവനകൾ നൽകി. പ്രചാരത്തിന്റെ തുടക്കത്തിൽ പ്രസ്ഥാനത്തിന് ഒരു പേരില്ലായിരുന്നു. ജോൺ ക്രോ റാൻസമിന്റെ ദി ന്യൂ ക്രിട്ടിസിസം (1941), സാഹിത്യത്തോടുള്ള ഈ അടിസ്ഥാനപരമായ ഭാഷാ സമീപനതത്വങ്ങളെ സ്വതന്ത്രമായ രീതിയിൽ സംഘടിപ്പിച്ച ഒരു കൃതിയാണ്. പുതിയ വിമർശനവുമായി ബന്ധപ്പെട്ട മറ്റ് വ്യക്തികളിൽ ക്ലീൻത്ത് ബ്രൂക്ക്സ്, ആർപി ബ്ലാക്ക്മർ, റോബർട്ട് പെൻ വാറൻ, ഡബ്ല്യൂ. കെ. വിംസാറ്റ്, ജൂനിയർ എന്നിവരും ഉൾപ്പെടുന്നു. എന്നിരുന്നാലും അവരുടെ നിർണായക പ്രഖ്യാപനങ്ങളിൽ റാൻസം, റിച്ചാർഡ്സ്, എംപ്സൺ എന്നിവരും വ്യത്യസ്തമാണ്, 1970-കളോടെ ആംഗ്ലോ-അമേരിക്കൻ സാഹിത്യനിരൂപണത്തിന്റെ പ്രബലമായ രീതിയായി പുതിയ വിമർശനം മറഞ്ഞിരുന്നു.

> ▶ ടെക്സ്റ്റിന്റെ സൂക്ഷ്മമായ വിശകലനവായനയാണ് പുതിയ വിമർശനാത്മക സമീപനത്തിൽ ഉപയോഗിക്കുന്നത്

മറ്റൊരു തരത്തിലുള്ള ഭാഷയിലും പ്രകടിപ്പിക്കാൻ കഴിയാത്ത ഒരു പ്രത്യേക തരം പ്രഭാഷണമായിരുന്നു കവിത. ഇത് ശാസ്ത്രത്തിന്റെയോ തത്ത്വചിന്തയുടെയോ ഭാഷയിൽ നിന്ന് ഗുണപരമായി വ്യത്യാസപ്പെട്ടിരുന്നു, പക്ഷേ അത് തുല്യമായ അർത്ഥങ്ങൾ നൽകി. അത്തരം നിരൂപകർ കാവ്യാത്മകചിന്തയുടെയും ഭാഷയുടെയും ഗുണങ്ങളെ നിർവചിക്കാനും ഔപചാരികമാക്കാനും തുടങ്ങി, വാക്കുകളുടെ അർത്ഥവും അനുബന്ധമൂല്യങ്ങളും, ആലങ്കാരികഭാഷയുടെ ഒന്നിലധികം പ്രവർത്തനങ്ങൾ- ചിഹ്നം, രൂപകം, ചിത്രം എന്നിവയിൽ പ്രത്യേക ഊന്നൽ നൽകി അടുത്ത വായനയുടെ സാങ്കേതികത ഉപയോഗിക്കുന്നു. കവിതയുടെ രൂപവും ഉള്ളടക്കവും വേർതിരിക്കാനാവില്ല, കാരണം ഒരു കവിതയുടെ പ്രത്യേക രീതിയിലുള്ള ഭാഷ, അത് വായിക്കുന്നതിന്റെ, ആസ്വദിക്കുന്നതിന്റെ അനുഭവം, അതിന്റെ പരിഹരിക്കപ്പെടാത്ത അന്ത:സംഘർഷങ്ങൾ, പിരിമുറുക്കങ്ങൾ എന്നിവ ഉൾപ്പെടെ, കവിതയുടെ അർത്ഥം അഥ

> ▶ കാവ്യാത്മകചിന്തയുടെയും ഭാഷയുടെയും ഗുണങ്ങളെ നിർവചിക്കാനും ഔപചാരികമാക്കാനും നവ വിമർശകർ തുടങ്ങി

വാ ആസ്വാദനതലം തൽഫലമായി പുനർവായനയ്ക്കും കവിതയുടെ ഭാഷയുടെ ഉള്ളടക്കത്തെ മാറ്റിമറിക്കാനുമുള്ള സാധ്യത കാട്ടിത്തരുന്നു. ബ്രൂക്ക്സ് തന്റെ ദി വെൽ റൂട്ട് ഉർണിൽ (1947) ആവിഷ്കരിച്ച 'ദി പാര ഫ്രേസിന്റെ പാഷണ്ഡത എന്ന വാക്യത്തിൽ വ്യക്തമാക്കിയ ഒരു വീക്ഷ ണമാണിത്.

ഇംഗ്ലീഷ് നിരൂപകനും കവിയും അദ്ധ്യാപകനുമായിരുന്ന ഐ. എ. റിച്ചാർഡ്സ് കവിതാവായനയുടെ പുതിയ രീതി വികസിപ്പിക്കുന്നതിൽ വളരെയധികം സ്വാധീനം ചെലുത്തിയ വ്യക്തിയായിരുന്നു. അദ്ദേഹം പുതിയ നിരൂപണ രീതിയിലേക്ക് വായനക്കാരെ നയിച്ചു, അത് വായന ക്കാരുടെ പ്രതികരണവിമർശനത്തിന്റെ ചില രൂപങ്ങളെയും സ്വാധീനി ച്ചു. സാഹിത്യ വിമർശനത്തിന്റെ തത്വങ്ങൾ (1924) പ്രാക്ടിക്കൽ ക്രിട്ടിസി സം (1929) എന്നീ ഗ്രന്ഥങ്ങളിൽ തന്റെ വിമർശനരീതി വികസിപ്പിക്കാൻ അദ്ദേഹം ഉപയോഗിച്ച കമ്പാനിയൻ വാല്യങ്ങളായിരുന്നു. പിന്നീടുള്ള രണ്ടെണ്ണം പരീക്ഷണാത്മക പെഡഗോഗിയെ അടിസ്ഥാനമാക്കിയു ള്ളതാണ്: റിച്ചാർഡ്സ് വിദ്യാർത്ഥികൾക്ക് കവിതകൾ നൽകുകയും അതിൽ ശീർഷകങ്ങളും രചയിതാക്കളുടെ പേരുകളും നീക്കം ചെയ്യുക യും തുടർന്ന് അവരുടെ പ്രതികരണങ്ങൾ അവരുടെ 'അടുത്ത വായന' കഴിവുകൾ വികസിപ്പിക്കുകയും ചെയ്തിരുന്നു. വായനക്കാരുടെ വിശ കലനശക്തി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു രീതിയായ 'പ്രായോഗിക വി മർശനത്തിന് 'ഈ വൈദഗ്ധ്യം നയിക്കുന്ന സൈദ്ധാന്തിക തത്വങ്ങൾ ആവിഷ്കരിക്കുന്നതിനും സാഹിത്യത്തിന്റെ അടുത്ത വായനയെ മു ന്നോട്ട് കൊണ്ടുപോകുന്നതിനും റിച്ചാർഡ്സ് കൂടുതൽ പ്രാധാന്യം നൽകി. സാഹിത്യരൂപങ്ങൾക്കൊപ്പം മനഃശാസ്ത്രവും തത്വചിന്തയും ഗ്രഹിച്ച റിച്ചാർഡ്സ്, കവിത ആസ്വാദകരിൽ ചികിത്സാപരമായ പ്രവർ ത്തനം നിർവ്വഹിക്കുന്നു, വൈവിധ്യമാർന്ന മാനുഷികപ്രേരണകളെ പൂർണ്ണമായി, സൗന്ദര്യാത്മകമായി ഏകോപിപ്പിച്ച് എഴുത്തുകാരനെയും വായനക്കാരനെയും അവരുടെ മാനസിക ആഹ്ളാദം നിലനിർത്താൻ സഹായിക്കുന്നു. ആസ്വാദനത്തിന്റെ ഏറ്റവും വലിയതലത്തിലേക്ക് കവിതയ്ക്ക് എഴുത്തുകാരനെയും വായനക്കാരനെയും കൊണ്ടെത്തി ക്കാൻ കഴിയുമെന്ന് അദ്ദേഹം വിലയിരുത്തുന്നു.

> ▶ കവിതാവായനയുടെ പുതിയ രീതി വികസിപ്പിക്കുന്നതിൽ വളരെയധികം സ്വാധീനം ചെലുത്തിയ വ്യക്തിയായിരുന്നു ഐ. എ. റിച്ചാർഡ്സ്

## ഐ.എ. റിച്ചാർഡ്സ്

പുതിയ സാഹിത്യനിരൂപണ പദ്ധതിയ്ക്ക് അടിസ്ഥാനമായ ആശ യങ്ങൾ അവതരിപ്പിച്ച സാഹിത്യനിരൂപകനും അധ്യാപകനുമായിരു ന്നു ഐ.എ റിച്ചാർഡ്. സി.കെ. ഓഗ്ഡനും ഐ എ റിച്ചാർഡും ചേർ ന്ന് രചിച്ച The meaning of Meaning: A study of the Influence of Language on Thought and of the Science of Symbolism എന്ന കൃ തിയിലൂടെയാണ് നൂതനമായ ചിന്തകൾ അവതരിപ്പിച്ചത്. Principles of Literary Criticism, Practical Criticism തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാനകൃതികളാണ്. ശാസ്ത്രത്തിന്റെ ആരാധകനായ റിച്ചാർഡ്സൻ കവിതയെ സംബന്ധിക്കുന്ന പുതിയ ആശയലോകത്തിന് നേതൃത്വം നൽകി. ആധുനിക മനശാസ്ത്രത്തിന്റെ സഹായത്തോടെ ശാസ്ത്രീയ മായി കവിതയുടെ മൂല്യം നിർണയിക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

> ▶ ശാസ്ത്രീയമായി കവിതയുടെ മൂല്യം നിർണയിക്കാനാണ് ശ്രമിച്ചത്

സൗന്ദര്യത്തെക്കുറിച്ചും കലയുടെ മൗലിക സ്വഭാവത്തെക്കുറിച്ചും കലകൾ ആസ്വാദകരിൽ ഉളവാക്കുന്ന പ്രതികരണ വിശേഷങ്ങളെക്കുറിച്ചും അവയുടെ സാംസ്കാരികമൂല്യത്തെക്കുറിച്ചും വിശദീകരിക്കുന്ന സാഹിത്യ വിമർശനതത്വങ്ങൾ ഏറെ പ്രശസ്തമായ കൃതിയാണ്. സൗന്ദര്യം എന്നാൽ എന്തെന്നു വ്യക്തമായി മനസ്സിലാക്കുന്നതിനുവേണ്ടി നടത്തിയ അന്വേഷണത്തിന്റെ ഫലമാണ് 'സൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാനം' എന്ന കൃതി. സൗന്ദര്യം എന്ന പദത്തിന് വിവിധ ചിന്തകന്മാർ നൽകിയിട്ടുള്ള പതിനാറ് നിർവചനങ്ങൾ റിച്ചാർഡ്സ് ആദ്യമായി ഈ ഗ്രന്ഥത്തിൽ ക്രോഡീകരിക്കുന്നു. എന്നാൽ ഈ നിർവചനങ്ങളെയെല്ലാം തിരസ്കരിച്ചുകൊണ്ട് ആനന്ദകരമായതെന്തും സുന്ദരമാണ് എന്ന ജോർജ് സന്താനയുടെ നിർവചനത്തെയാണ് റിച്ചാർഡ്സൻ അനുകൂലിച്ചത്. സൈക്കോളജി ഓഫ് ബ്യൂട്ടി എന്ന ഗ്രന്ഥത്തിൽ സൗന്ദര്യാനുഭവത്തിന്റെ സാമാന്യമായ അവസ്ഥ എന്നതു കൊണ്ട് വിരുദ്ധശക്തികളുടെ തുലനാവസ്ഥയെയാണ് സൂചിപ്പിച്ചിട്ടുള്ളത് അതിനെ ഉദ്ധരിച്ചുകൊണ്ട് സൗന്ദര്യാത്മക വികാരം നമ്മിൽ ഉണ്ടാക്കുന്നത് വിരുദ്ധചോദനങ്ങളുടെ തുലനാവസ്ഥയാണെന്ന് സ്ഥാപിക്കുന്നുണ്ട്. ഈ മാനസികഭാവത്തെയാണ് 'സിനേസ്തസിസ്' എന്ന് റിച്ചാർഡ്സ് വിവരിക്കുന്നത്.

> ▶ സൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാനം എന്ന കൃതി

## സിനേസ്തേസിസ്

സമനിലയിൽ ക്രമം തെറ്റിക്കിടക്കുന്ന ചോദനകളെ സമീകരിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് കവിതയുടെ മൂല്യം. നമ്മുടെ ചോദനകൾ എപ്പോഴും ക്രമംതെറ്റിയും വിരുദ്ധമായും പ്രവർത്തിക്കുന്നതുകൊണ്ട് മനസ്സിന് ആയാസമുണ്ടാകുന്നു. എന്നാൽ സൗന്ദര്യാസ്വാദനവേളയിൽ സിനേസ്തസിസ് എന്ന അവസ്ഥയ്ക്ക് വിധേയമാകുന്നു. അപ്പോൾ വിരുദ്ധചോദനകൾക്ക് രഞ്ജനയും തുലനാവസ്ഥയും കിട്ടുന്നു. ചോദനകളുടെ ഈ തുലനാവസ്ഥ മാനസികമായ ഒരു സ്തംഭനമല്ല. ക്രിയോന്മുഖമായ ഒരു പ്രശാന്തതയാണ്. എന്നാൽ, ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രേരണ അതിനില്ല. കാവ്യാസ്വാദനവേളയിൽ സിരാപടലങ്ങളിലുണ്ടാകുന്ന ഈ സമീകരണം ക്രിയോന്മുഖമായ മാനസികാവസ്ഥ സൃഷ്ടിക്കുന്നു എന്നതിൽ കവിഞ്ഞാൽ സത്വരമായ ബാഹ്യക്രിയയിലേക്ക് നയിക്കുന്നില്ല. സാഹിത്യ വിമർശനതത്ത്വങ്ങളിൽ സിനേസ്തസിസ് എന്ന പദം അദ്ദേഹം ഉപയോഗിക്കുന്നില്ല. അതിനുപകരമായി രണ്ടു പദങ്ങൾ ഉപയോഗിക്കുന്നു. ഇൻക്ലൂഷൻ, സിന്തസിസ് എന്നിവ. നിസ്സർഗചോദനങ്ങളുടെ ഏകഭാവവും സമവായവുമാണ് ഈ പദങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. പരപക്വമായ ഒരു മാനസിക സമനിലയാണ് ഇതിന്റെ ഫലം.

> ▶ സൗന്ദര്യാസ്വാദനവേളയിൽ സിനേസ്തസിസ് എന്ന അവസ്ഥയുണ്ടാകുന്നു

ഭാഷാപ്രയോഗം രണ്ട് തലത്തിലുണ്ടെന്ന് റിച്ചാർഡ്സ് സൂചിപ്പിക്കുന്നുണ്ട്. ശാസ്ത്രീയ പ്രയോഗം, വൈകാരികമായ പ്രയോഗം എന്നിവയാണിവ. നിശ്ചിതമായ അർത്ഥത്തെ മാത്രം ഉണർത്തി ആശയപ്രകാശനം നിർവഹിക്കുന്നതിനുവേണ്ടി ഭാഷയെ ഉപയോഗിക്കുന്നതാണ് ശാസ്ത്രീയമായ പ്രയോഗം. വായനക്കാരിൽ വികാരങ്ങളെയും ചില പ്രത്യേക മനോഭാവങ്ങളെയും ഉണർത്തിവിടാൻ പര്യാപ്തമാകുമാറ് ഭാഷ പ്രയോഗിക്കുമ്പോൾ അത് വൈകാരികമായ പ്രയോഗമാകും.

> ▶ ഭാഷാപ്രയോഗം, ശാസ്ത്രീയ പ്രയോഗം,വൈകാരികമായ പ്രയോഗം എന്നിങ്ങനെ

ഇങ്ങനെ വൈകാരികമായി പ്രയോഗിക്കപ്പെടുന്ന പദങ്ങളുടെ സഞ്ചയം അത്യന്തം സങ്കീർണ്ണങ്ങളായ പ്രതികരണങ്ങളാണ് ഒരാസ്വാദകനിൽ ഉണർത്തുന്നത്. ആ പ്രതികരണങ്ങളുടെ ആകെത്തുകയാണ് ആസ്വാദനം. സങ്കീർണ്ണമായ ഈ ദ്രുത പ്രക്രിയയെ അനുക്രമമായ ആറു ഘട്ടങ്ങളായി അദ്ദേഹം വിവരിക്കുന്നു. വിഷ്വൽ സെൻസേഷൻസ്, ടൈഡ് ഇമേജറി, ഫ്രീ ഇമേജറി, റെഫറൻസ്, ഇമോഷൻസ്, ആറ്റിട്യൂഡ് എന്നിവയാണ് ആ ആറ് ഘട്ടങ്ങൾ.

## മനോവിജ്ഞാനീയം

പാശ്ചാത്യസാഹിത്യത്തിൽ ഫ്രോയിഡിന്റെ ചിന്താപദ്ധതികൾക്കനുസരിച്ച് രൂപപ്പെട്ട ഒരു ചിന്താപദ്ധതിയാണ് മനോവിജ്ഞാനീയം. സാഹിത്യകാരന്റെ എഴുത്തിന് പ്രേരണയായിത്തീർന്നതെന്തെന്ന അന്വേഷണമാണ് മനോവിജ്ഞാനീയ പദ്ധതിയിലുള്ളത്. വാസ്തവത്തിൽ എഴുത്തുകാരന്റെ മനസ്സിലേക്കുള്ള തീർത്ഥാടനമാണ് ഈ ചിന്താരീതി. ഫ്രോയിഡിനെ മനസ്സിന്റെ വിഭജനം നടത്താൻ സഹായിച്ചത് തന്റെ സമകാലീകരായ എഴുത്തുകാരുടെ സൃഷ്ടികളാണ്. മനസ്സിന്റെ ഉള്ളറയിലേക്ക് ആഴ്ന്നിറങ്ങി അവിടെ നടക്കുന്ന സൂക്ഷ്മ പ്രവർത്തനങ്ങളെയും വികാരങ്ങളെയും ഏറ്റവും ശക്തവും വ്യക്തവുമായ രീതിയിൽ അവതരിപ്പിക്കുന്നവയാണ് മാനസികാപഗ്രഥന രചനകൾ. സമൂഹത്തിന്റെ ബോധമനസ്സ് വിലകല്പിക്കുന്നതെല്ലാം ഇവിടെ ആവിഷ്കരിക്കപ്പെടുന്നു. അഗമ്യഗമനം, സ്വവർഗ്ഗരതി, രതിവൈകൃതങ്ങൾ തുടങ്ങിയവയെല്ലാം ഇവിടെ സൂക്ഷമമായ രീതിയിൽ ആവിഷ്കരിക്കുന്നു. അത് കൊണ്ടു തന്നെ മനോവിജ്ഞാനീയ വിഭാഗത്തിൽപ്പെടുന്ന കൃതികൾ പലപ്പോഴും വിവാദങ്ങൾക്ക് കാരണമായിട്ടുണ്ട്. ചിത്തവൃത്തികളെയും അതിൽ ജനിക്കുന്ന വികാരങ്ങളെയും കുറിച്ച് വിശകലം ചെയ്യുന്ന പഠനശാഖയാണ് മനോവിജ്ഞാനീയം. മനോവൃത്തികളെ വിവരിക്കുന്ന ശാസ്ത്രമായി മനോവിജ്ഞാനീയം അറിയപ്പെടുന്നു. മനഃശാസ്ത്രസിദ്ധാന്തങ്ങൾ ഉപയോഗിച്ചുകൊണ്ട് കൃതിയെയും എഴുത്തുകാരനെയും വായനക്കാരനെയും അപഗ്രഥിക്കുന്ന രീതിയാണിത്.

> ▶ മനോവൃത്തികളെ വിവരിക്കുന്ന ശാസ്ത്രം മനോവിജ്ഞാനീയം

സാഹചര്യകൃതമായ അനർത്ഥങ്ങളെ മനശ്ശാസ്ത്രവിജ്ഞാനം കൊണ്ടുണ്ടായ സംസ്കാരത്തിലൂടെ അപഗ്രഥിക്കാൻ ആധുനിക മലയാളകവികൾ ശ്രമിച്ചതിനെ ലീലാവതി പഠനവിധേയമാക്കുന്നുണ്ട്. "കവിയുടെ കരു എന്നും മനുഷ്യമനസ്സായതുകൊണ്ട് ഉള്ളിന്റെ ഉള്ളറകളിലേക്കൂളിയിടുന്ന ഭാവനയിലൂടെ, സാമാന്യ മനസ്സുകളെ എന്ന പോലെ അസാമാന്യ(abnormal)മനസ്സുകളെയും അവർ കണ്ടെത്തുന്നു. മറ്റുചില ശാസ്ത്രവിഭാഗങ്ങളിലെന്നപോലെ സംസൃഷ്ടി (inventions) യില്ല മനശ്ശാസ്ത്രത്തിൽ; അനാച്ഛാദനങ്ങ (discoveries) ളേയുള്ളൂ. അതിനാൽ ഒരു മനശ്ശാസ്ത്രസിദ്ധാന്തം, സിദ്ധാന്തരൂപത്തിലാവിഷ്കൃതമാവുന്നതിന് അനവധികാലം മുമ്പുതന്നെ, അതിലടങ്ങിയിട്ടുള്ള സത്യത്തെ കവി അവതരിപ്പിച്ചു കഴിഞ്ഞിട്ടുണ്ടെന്നുവരാം. പുതിയ സിദ്ധാന്തങ്ങൾ ആസ്വാദകന് പുതിയ വെളിച്ചം നല്കാറുണ്ടെന്നു മാത്രം. മനശ്ശാസ്ത്രവിജ്ഞാനം പഴയ കാവ്യങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ നല്കാൻ സഹായിക്കുന്നുണ്ട് (മേഘദൂതിനും ഷേക്സ്പിയർ നാടകങ്ങൾക്കും മറ്റുമുള്ള ആധുനികവ്യാഖ്യാനങ്ങൾ നോക്കുക). ആ വിജ്ഞാനത്തെ

> ▶ മനശാസ്ത്രവിജ്ഞാനം പഴയ കാവ്യങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ നല്കാൻ സഹായിക്കുന്നുണ്ട്

അവലംബിച്ച് പുതിയ കവിതകൾ രചിക്കാനും കഴിയും. ഈ നിലപാടിൽനിന്നാണ് ലീലാവതി പഠനം നടത്തിയിരിക്കുന്നത്. ബധിരതയുടെ മനോമണ്ഡലത്തെ അപഗ്രഥിച്ചിരിക്കുന്നതിനാൽ അക്കിത്തത്തിന്റെ 'മാധവിക്കുട്ടി'യിൽ മനോവിജ്ഞാനീയത്തിന്റെ സ്വാധീനശക്തി ലീലാവതി കണ്ടെത്തുന്നുണ്ട്.

ജിയുടെ 'ശ്വസിക്കുന്ന പട്ടട'യിൽ ചുറ്റുപാടുകളുടെ നിരോധനാജ്ഞകൾ വകവയ്ക്കാതെ വിലക്കപ്പെട്ട മേഖലകളിൽ സഞ്ചരിക്കുന്ന മനസ്സിന്റെ സ്വച്ഛന്ദതയെ കവി അനാവരണം ചെയ്യുന്നുണ്ട്. മാംസനിബദ്ധമായ ലോകസദാചാര നിയമങ്ങളുടെ അർത്ഥശൂന്യതയെപ്പറ്റിയും നിയന്ത്രണാധീതമായ മനോവ്യാപാരങ്ങളുടെ അനിവാര്യതയെപ്പറ്റിയുമുള്ള നിർമ്മമമായ ചിന്തകളിലേക്കും അനുവാചകൻ എത്തിച്ചേരുന്നു. ചിത്തവൃത്തികളെ അപഗ്രഥിക്കുന്ന ഈ കവിതയെ, ബോധമനസ്സിന്റെ പ്രവർത്തനത്തിനുമാത്രം നിരക്കുന്ന തരത്തിലുള്ള സങ്കല്പങ്ങളെക്കൊണ്ട് അളന്നാൽ ശരിയാവില്ല എന്നാണ് ലീലാവതി പറയുന്നത്. സിദ്ധാർത്ഥൻ ബുദ്ധനായി തിരിച്ചുവന്നപ്പോൾ യശോദയുടെ വൈകാരികമണ്ഡലത്തിലുണ്ടായ സംഘട്ടനങ്ങളെ ചിത്രണം ചെയ്യുന്ന കവിതയായ 'യശോധര'യിലും കവിയുടെ വിഷയസമീപനം മനശ്ശാസ്ത്രപരമാണ്. രക്തിയും വിരക്തിയും തമ്മിലുള്ള സംഘട്ടനത്തെ ആദ്യം മനഃശ്ശാസ്ത്രപരമായും പിന്നീട് തത്വശാസ്ത്രപരമായും കവിതയിൽ അപഗ്രഥിച്ചിരിക്കുന്നതായി ലീലാവതി കണ്ടെത്തുന്നു.

- യശോധര എന്ന കവിതയിലും കവിയുടെ സമീപനം മനഃശ്ശാസ്ത്രപരമാണ്

## ആധുനിക മനോവിജ്ഞാനീയം

### ആധുനിക മനോവിജ്ഞാന മേഖലയുടെ വളർച്ച ഇന്ത്യയിൽ (Development of Psychology in India)

മാനസികപ്രവർത്തനങ്ങളെക്കുറിച്ചും മാനുഷിക അവ ബോധത്തിന്റെ പ്രതിഫലനങ്ങളെക്കുറിച്ചുള്ള ഇന്ത്യൻ ദാർശനികപാരമ്പര്യം അതിശക്തമാണ്. ഇതുമാത്രമല്ല, മനുഷ്യന്റെ ബോധാവസ്ഥ, ശരീരവും മനസ്സും തമ്മിലുള്ള ബന്ധം, മറ്റു മാനസികപ്രവർത്തനങ്ങളായ കോഗ്നിഷൻ, ശ്രദ്ധ, യുക്തിചിന്ത, മിഥ്യാബോധം തുടങ്ങിയവയെ പറ്റിയെല്ലാം ആഴത്തിലുള്ള പഠനം നടന്നിട്ടുണ്ട്. നിർഭാഗ്യവശാൽ ഇന്ത്യൻ പാരമ്പര്യത്തിലെ ദാർശനിക വേരുകൾ ഇന്ത്യയിലെ ആധുനിക മനശ്ശാസ്ത്രവികാസത്തെ സ്വാധീനിച്ചിട്ടില്ല. ഇന്ത്യയിലെ മനശ്ശാസ്ത്ര മേഖലയുടെ വികസനം ഇപ്പോഴും പാശ്ചാത്യ മന:ശാസ്ത്രപാരമ്പര്യത്തെ അടിസ്ഥാനമാക്കി തുടരുകയാണ്. എന്നാൽ, ശാസ്ത്രീയപഠനങ്ങളിലൂടെ ഭാരതീയ ദാർശനികപാരമ്പര്യങ്ങളിലെ പല വാദങ്ങളുടെയും സത്യമൂല്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇന്ത്യൻ മനശ്ശാസ്ത്രത്തിന്റെ ആധുനികയുഗം കൽക്കത്ത സർവകലാശാലയിലെ തത്വശാസ്ത്ര വിഭാഗത്തിൽ ആരംഭിച്ചു. ഇവിടെ പരീക്ഷണാത്മക മനശ്ശാസ്ത്രത്തിന്റെ ആദ്യ പാഠ്യപദ്ധതിക്ക് തുടക്കം കുറിച്ചു. ഇവിടെത്തന്നെ ആദ്യത്തെ മനശ്ശാസ്ത്ര പരീക്ഷണശാലയും 1915-ൽ സ്ഥാപിക്കപ്പെട്ടു. കൽക്കത്ത യൂണിവേഴ്സിറ്റിയിൽ 1916-ൽ മനശ്ശാസ്ത്രത്തിന്റെ ആദ്യത്തെ വകുപ്പും 1938ൽ പ്രായോഗിക മനഃശാസ്ത്രം (Applied psychology) മറ്റൊരു വകുപ്പും തുടങ്ങി.

- ഇന്ത്യയിലെ മനശാസ്ത്ര മേഖലയുടെ വികസനം

കൽക്കത്ത യൂണിവേഴ്സിറ്റിയിലെ ആധുനിക പരീക്ഷണാത്മക മന:ശാസ്ത്ര സംരംഭത്തെ സ്വാധീനിച്ചത് ഇന്ത്യൻ ശാസ്ത്രജ്ഞനായ ഡോ. എൻ.എൻ. സെൻഗുപ്ത (Dr. N. N Senguptha) ആയിരുന്നു. പരീക്ഷണാത്മക മനശ്ശാസ്ത്രത്തിൽ വുണ്ടിന്റെ (Wind) കീഴിൽ അമേരിക്കയിൽ നിന്നു പരിശീലനം നേടിയ അദ്ദേഹത്തിന്റെ സംഭാവനകൾ സ്തുത്യർഹമാണ്. ഫ്രോഡിയൻ സൈക്കോ അനാലിസിസിൽ വിദഗ്ധപരിശീലനം നേടിയ പ്രൊഫ. ജി. ബോസും (Prof G. Bose) ഇന്ത്യയിലെ മനശ്ശാസ്ത്ര വികസനത്തിന് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രൊഫ. ബോസ്, 1922 ൽ ഇന്ത്യൻ സൈക്കോളജിക്കൽ അസോസിയേഷൻ (Indian Psychological Association) എന്ന സംഘടന രൂപീകരിച്ചു. മൈസൂർ യൂണിവേഴ്സിറ്റിയിലും പട്ന യൂണിവേഴ്സിറ്റിയിലും വന്ന വകുപ്പുകളാണ് തുടർന്നു വന്ന മനശ്ശാസ്ത്രത്തിലെ ഗവേഷണത്തിന്റെയും പഠനത്തിന്റെയും ആദ്യകാല കേന്ദ്രങ്ങൾ. ഇത്തരത്തിലുള്ള തുടക്കങ്ങളിലൂടെ ആധുനിക മന:ശാസ്ത്രം ഇന്ത്യയിലെ ഒരു ശക്തമായ പഠനമേഖലയായി വളർന്നു. ഭുവനേശ്വറിലുള്ള ഉത്ക്കൽ (Utkal) യൂണിവേഴ്സിറ്റിയും അലഹബാദ് യൂണിവേഴ്സിറ്റിയുമാണ് യു.ജി.സി. അംഗീകൃതമായ രണ്ടു 'മികവിന്റെ കേന്ദ്രങ്ങൾ' (Center for excellence). നിലവിൽ എഴുപതോളം യൂണിവേഴ്സിറ്റികൾ മനശ്ശാസ്ത്രപഠന കോഴ്സുകൾ നൽകിവരുന്നു.

> ▶ മനശാസ്ത്ര പഠന കോഴ്സുകൾ

1986 ൽ ദുർഗാനന്ദ് സിൻഹ (Durganand Sinha) പ്രസിദ്ധീകരിച്ച പുസ്തകമായ സൈക്കോളജി ഇൻ എ തേർഡ് വേൾഡ് കൺട്രി : ദ ഇന്ത്യൻ എക്സ്പീരിയൻസ്' (Psy chology in a Third World Coutnry: The Indian Experience) എന്ന കൃതിയിൽ ഇന്ത്യയിലെ ആധുനിക മനശ്ശാസ്ത്രത്തിന്റെ ചരിത്രത്തെ ഒരു സാമൂഹ്യശാസ്ത്രത്തിന്റെ നാലു ഘട്ടങ്ങളായി കാണിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, ഇന്ത്യൻ സ്വാതന്ത്ര്യം വരെയാണ് ആദ്യത്തെ ഘട്ടം. ഈ സമയം പരീക്ഷണാത്മക മനശ്ശാസ്ത്രത്തിന്റെയും ഇതുസംബന്ധിച്ച ഗവേഷണത്തിന്റെയും തുടക്കകാലമായിരുന്നു. ഈ കാലയളവിൽ, പാശ്ചാത്യ രാജ്യങ്ങളിൽ മനശ്ശാസ്ത്രം ശക്തമായി വളർന്നുകൊണ്ടിരുന്നു. 1960 വരെയുള്ള രണ്ടാം ഘട്ടത്തിൽ, വിവിധ ശാഖയുള്ള മനശ്ശാസ്ത്രത്തിന്റെ വിപുലീകരണമാണു നടന്നത്.

> ▶ സൈക്കോളജി ഇൻ എ തേർഡ് വേൾഡ് കൺട്രി : ദ ഇന്ത്യൻ എക്സ്പീരിയൻസ്

ഈ ഘട്ടത്തിൽ, ഇന്ത്യയിലെ മനഃശാസ്ത്രജ്ഞന്മാർ, പാശ്ചാത്യ മനശ്ശാസ്ത്രത്തെ ഇന്ത്യൻ പശ്ചാത്തലവുമായി ബന്ധപ്പെടുത്തി ഇന്ത്യൻ മനഃശാസ്ത്ര മേഖലയ്ക്ക് ഒരു 'സ്വത്വം' ഉണ്ടാക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഇന്ത്യൻ സാഹചര്യത്തെ മനസ്സിലാക്കാൻ പാശ്ചാത്യ ആശയങ്ങൾ ഉപയോഗിച്ചുകൊണ്ട് അവർ ഇതു പ്രാവർത്തികമാക്കാൻ ശ്രമിച്ചു. എന്നാൽ, 1960കളുടെ അവസാനത്തിലുണ്ടായ പ്രശ്നപരിഹാര ഗവേഷണ ഘട്ടത്തിൽ, ഇന്ത്യൻ മനശ്ശാസ്ത്രം ഇന്ത്യൻ സമൂഹത്തിൽ പ്രസക്തമായിത്തീർന്നു. മനശ്ശാസ്ത്രജ്ഞർ ഇന്ത്യൻ സമൂഹത്തിന്റെ പ്രശ്നങ്ങൾ അഭിമുഖീകരിച്ച് അവയെ പരിഹരിക്കുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കൂടാതെ, ഇന്ത്യൻ സാമൂഹിക പശ്ചാത്തലത്തിൽ, പാശ്ചാത്യ മനശ്ശാസ്ത്രത്തിന്റെ പരിമിതികൾ മനസ്സിലാക്കി. അമിതമായ ആശയത്വത്തിന്റെ മുൻനിരയിൽ നിന്നിരുന്ന മനശ്ശാസ്ത്രജ്ഞർ ഗവേഷണത്തിന്റെ പ്രാധാന്യം കൂടി ഊന്നിപറഞ്ഞതോടെ ഈ മേഖല

> ▶ ഇന്ത്യൻ മനഃശാസ്ത്ര മേഖലയ്ക്ക് ഒരു സ്വത്വം

യിലും പഠനങ്ങൾ ആരംഭിച്ചു. ഇന്ത്യയിലെ മനഃശാസ്ത്രത്തിന്റെ പുതിയ സ്വത്വത്തിനായുള്ള തിരച്ചിൽ, 1970 കളുടെ അവസാനത്തോടെ ആരംഭിച്ച തദ്ദേശീയവൽക്കരണ ഘട്ടത്തിലേക്കു നയിച്ചു. അക്കാലത്ത് നിലവിലുണ്ടായിരുന്ന മനശ്ശാസ്ത്രത്തിന്റെ പാശ്ചാത്യ ചട്ടക്കൂടിനെ തള്ളിപ്പറഞ്ഞതിനാൽ, ഇന്ത്യൻ മനശ്ശാസ്ത്രത്തിന്റെ സാംസ്കാരികമായും സാമൂഹികമായും പ്രസക്തമായ ഒരു ചട്ടക്കൂടിന്റെ വികസനവും, ജനങ്ങളുടെ ഇടയിൽ അവയുടെ അറിവു സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയും ഇന്ത്യൻ മനഃശാസ്ത്രജ്ഞർ ഊന്നിപ്പറഞ്ഞു. നമ്മുടെ പുരാതനഗ്രന്ഥങ്ങളെയും തിരുവെഴുത്തുകളെയും അടിസ്ഥാനമാക്കിയുള്ള പരമ്പരാഗത ഇന്ത്യൻ മനഃശാസ്ത്ര സമീപനങ്ങൾ വികസിപ്പിക്കാനുള്ള ചില ശ്രമങ്ങളിലും ഈ മാറ്റങ്ങൾ പ്രതിഫലിച്ചു. ഈ ഘടകം ഇന്ത്യൻ സാംസ്കാരിക പശ്ചാത്തലത്തിൽനിന്ന് ഉദ്ഭവിച്ച സ്വദേശി മനഃശാസ്ത്രത്തിന്റെ വികസനം കൊണ്ട് ശ്രദ്ധേയമാണ്. ഇന്ത്യൻ മനഃശാസ്ത്രം ലോകമെമ്പാടുമുള്ള മനഃശാസ്ത്ര മേഖലയ്ക്ക് കാര്യമായ സംഭാവനകൾ നൽകുന്നുണ്ട്. നമ്മുടെ സ്വന്തം സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ വേരൂന്നിയിട്ടുള്ള മനഃശാസ്ത്ര തത്വങ്ങൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യം ഈ കാലയളവിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ന്യൂറോ ബയോളജിക്കൽ ആരോഗ്യശാസ്ത്രം ഉൾപ്പെടുന്ന പുതിയ ഗവേഷണ പഠനങ്ങളും നടക്കുന്നു. വൈവിധ്യമാർന്ന തൊഴിൽ മേഖലകളിൽ ഇപ്പോൾ മനഃശാസ്ത്രം നാം ഉപയോഗിക്കുന്നു. പ്രത്യേക പ്രശ്നങ്ങളുള്ള കുട്ടികളുമായി മാത്രമല്ല, ആശുപത്രികളിൽ ക്ലിനിക്കൽ മനഃശാസ്ത്ര വിദഗ്ധരും മാനവശേഷി വിഭാഗം, പരസ്യവിഭാഗം, കോർപറേറ്റ് സ്ഥാപനങ്ങൾ, കായികമേഖല, ഐ.ടി. മേഖല എന്നിവിടങ്ങളിലും മനഃശാസ്ത്രജ്ഞർ തങ്ങളുടെ സാന്നിധ്യം അറിയിക്കുന്നു.

> ▶ മനശാസ്ത്രത്തിന്റെ പുതിയ തലങ്ങൾ

**ആധുനിക മനോവിജ്ഞാനീയത്തിന്റെ പരിണാമത്തിലെ ചില നാഴികക്കല്ലുകൾ**

- 1879 ൽ വില്യം വുണ്ട് (Wilhelm Wundt) ലിഗിൽ (Leipzig) ആദ്യത്തെ മനശ്ശാസ്ത്ര പരീക്ഷണശാല സ്ഥാപിച്ചു.
- 1890 ൽ വില്യം ജെയിംസ് (William James), 'പ്രിൻസിപ്പിൾസ് ഓഫ് സൈക്കോളജി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.
- 1895 ൽ ഫങ്ഷണലിസം (Functionalism) എന്ന ഒരു സമീപനം മനഃശാസ്ത്രത്തിൽ നിലവിൽ വന്നു.
- 1900 ൽ സിഗ്മണ്ട് ഫ്രോയിഡ് (Sigmund Freud) മനോവിശ്ലേഷണം (Psycho analysis) വികസിപ്പിച്ചു.
- 1904 ൽ പ്രതികരണങ്ങൾ ഉണ്ടാകുന്നതിനെപ്പറ്റിയുള്ള തത്വങ്ങൾ മനസ്സിലാക്കുന്നതിലേക്കു നയിച്ച, ദഹനേന്ദ്ര വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള പഠനത്തിന് ഇവാൻ പാവ്ലോവിന് (Ivan Pavlov) നോബൽ സമ്മാനം ലഭിച്ചു.
- 1905 ൽ ബിനേയും (Binet) സൈമണും (Simon) ചേർന്ന് ഇന്റലിജൻസ് ടെസ്റ്റ് വികസിപ്പിച്ചു.
- 1916 ൽ കൽക്കത്ത സർവകലാശാലയിൽ, ആദ്യ മനഃശാസ്ത്ര വിഭാഗം സ്ഥാപിക്കപ്പെട്ടു.
- 1920 ൽ ജർമനിയിൽ, ജെസ്റ്റാർട്ട് മനഃശാസ്ത്രം (Gestalt psychology) ജന്മം കൊണ്ടു.

- 1922 ൽ ഇന്ത്യൻ സയൻസ് കോൺഗ്രസ് അസോസിയേഷനിൽ മനഃശാസ്ത്രം ഉൾപ്പെടുത്തി.
- 1924 ൽ ഇന്ത്യൻ സൈക്കോളജിക്കൽ അസോസിയേഷൻ സ്ഥാപിക്കപ്പെട്ടു.
- 1924 ൽ ജോൺ ബി. വാട്സൺ (John B, Watson), പിന്നീട് ബിഹേവിയറിസത്തിന് അടിസ്ഥാനമായി മാറിയ 'ബിഹേവിയറിസം' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.
- 1928 ൽ എൻ. എൻ. സെൻഗുപ്ത (N.N. Sengupta), രാധാകമൽ മുഖർജി (Radhakamal Mukerjee) എന്നിവർ സാമൂഹ്യ മനഃശാസ്ത്രത്തിലെ ആദ്യത്തെ പാഠപുസ്തകം പ്രസിദ്ധീകരിച്ചു (London: Allen & Unwin).
- 1949 ൽ സൈക്കോളജിക്കൽ റിസർച്ച് വിങ് ഓഫ് ദി ഡിഫൻസ് സയൻസ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ സ്ഥാപിക്കപ്പെട്ടു.
- 1951 ൽ ഹ്യൂമനിസ്റ്റിക്ക് മനഃശാസ്ത്രജ്ഞൻ കാൾ റോജേഴ്സ് (Carl Rogers) ക്ലൈന്റ് സെന്റേഡ് തെറാപ്പി (Client-Cetnred Therapy) പ്രസിദ്ധീകരിച്ചു.
- 1953 ൽ ബി.എഫ്. സ്കിന്നർ (B.F. Skinner) 'സയൻസ് ആൻഡ ഹ്യൂമൺ ബിഹേവിയർ (Science and Human Behaviour) എന്നിവ പ്രസിദ്ധീകരിച്ചു.
- 1954ൽ ഹ്യൂമനിസ്റ്റിക്ക് മനശ്ശാസ്ത്രജ്ഞൻ എബ്രഹാം മാസ്ലോവ് (Abraham Maslow), 'മോട്ടിവേഷൻ ആൻഡ് പേഴ്സണാലിറ്റി പ്രസിദ്ധീകരിച്ചു.
- 1954 ൽ അലഹബാദിൽ ബ്യൂറോ ഓഫ് സൈക്കോളജി സ്ഥാപിച്ചു.
- 1955 ൽ ബാംഗളൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ സയൻസ് ആൻഡ് ന്യൂറോ സയൻസസ് (NIMHANS) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസ് സ്ഥാപിതമായി.
- 1962ൽ റാഞ്ചിയിൽ ഹോസ്പിറ്റൽ ഫോർ മെന്റൽ ഡിസീസസ് സ്ഥാപിച്ചു.
- 1973 ൽ മുൻ അനുഭവങ്ങളോ പഠനമോ ഇല്ലാതെ, മൃഗങ്ങൾക്ക് ജന്മനായുള്ള പ്രത്യേക സ്വഭാവശൈലികളെപ്പറ്റിയുള്ള പഠനത്തിന് കോൻറാഡ് ലോറൻസ് (Konard Lorenz), നിക്കോ ടിൻബെർഗൻ (Niko Tinbergen) എന്നിവർക്ക് നോബൽ സമ്മാനം ലഭിച്ചു.
- 1978 ൽ ഡിസിഷൻ മേക്കിങ് (Decision making) എന്ന വിഷയത്തിലെ പഠനത്തിന് ഹെർബർട്ട് സൈമൺ (Herbert Simon) നോബൽ സമ്മാനം നേടി.
- 1981 ൽ കാഴ്ചശക്തിക്ക് കാരണമായ തലച്ചോറിലെ കോശങ്ങളെ പറ്റിയുള്ള ഗവേഷണത്തിന് ഡേവിഡ് ഹുബലും (David Hubel) ടോറ്റെൻ വെയ്സലും (Torsten Wiesel) നോബൽ സമ്മാനം നേടി.
- 1981 ൽ സ്പ്ളിറ്റ് ബ്രയിൻ (Split Brain) ഗവേഷണത്തിന് റോജർ സ്പെറിക്ക് (Roger Sperry) നോബൽ സമ്മാനം ലഭിച്ചു.

- 1989 ൽ നാഷണൽ അക്കാദമി ഓഫ് സൈക്കോളജി (NAOP) ഇന്ത്യ സ്ഥാപിച്ചു.
- 1997 ൽ ഹരിയാനയിലെ ഗുർഗാവുണിൽ നാഷണൽ ബ്രെയിൻ റിസർച്ച് സെന്റർ (NBRC) സ്ഥാപിതമായി
- 2002 ൽ ഒരു അനിശ്ചിതത്വ ഘട്ടത്തിൽ മനുഷ്യന്റെ വിലയിരുത്തലും (Judgment) തീരുമാനമെടുക്കലും (Decision making) എങ്ങനെയാണെന്ന് പഠിച്ച ഗവേഷണത്തിന് ഡാനിയൽ കാമാൻ (Daniel Kahneman) നോബൽ സമ്മാനം ലഭിച്ചു.
- 2005 ൽ സാമ്പത്തികസ്വഭാവത്തിലെ സംഘർഷവും സഹകരണവും മനസ്സിലാക്കുന്നതിന് ഗെയിം തിയറി ഉപയോഗിക്കുന്ന പഠനത്തിന് തോമസ് ഷെല്ലിങ് (Thomas Schelling) നോബൽ സമ്മാനം കരസ്ഥമാക്കി.

## Summarised Overview

പാഠാപഗ്രഥനത്തിനും സൂക്ഷവായനയ്ക്കും ഊന്നൽ നൽകുന്ന ഒരു സാഹിത്യ സിദ്ധാന്തമായ നവവിമർശനം സാഹിത്യവ്യാഖ്യാനം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. വിംസാറ്റും ബേർഡ്സ്ലിയും മുൻകൈയെടുത്ത സൂക്ഷ്മവായനാ രീതിയാണ് അതിന്റെ കാതലായിരിക്കുന്നത്. നവവിമർശനം കൃതിയുടെ ബാഹ്യ ഘടകങ്ങളേക്കാൾ അതിന്റെ ആന്തരിക ഗുണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ സമീപനം ആധികാരിക ഉദ്ദേശ്യത്തിന്റെ സ്വാധീനത്തെ നിരാകരിക്കുന്നു. പാഠം അതിന്റെ അർത്ഥത്തിലും വ്യാഖ്യാനത്തിലും സ്വതന്ത്രമായി നിൽക്കണമെന്ന് സ്ഥാപിക്കുന്നു. പുതിയ നിരൂപണത്തിലെ പ്രമുഖനായ ജോൺ ക്രോ റാൻസം, പാഠാപഗ്രഥനത്തിലൂടെ കവിതയെ വിലയിരുത്തേണ്ടതിന്റെ പ്രാധാന്യം അടിവരയിടുന്നു.പാഠത്തിന്റെ ഔപചാരിക ഘടകങ്ങളോടും ഭാഷാ സങ്കീർണതകളോടും ഇടപഴകാൻ ഈ നിരൂപകർ  വായനക്കാരെ പ്രേരിപ്പിച്ചു.

സാഹിത്യനിരൂപണത്തിന്റെ മേഖലയിൽ, സിനസ്തേഷ്യ പോലുള്ള ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഐ.എ. റിച്ചാർഡ്സ് കാര്യമായ സംഭാവന നൽകി. ഭാഷയ്ക്കുള്ളിലെ ഇന്ദ്രിയാനുഭവങ്ങളുടെ സമന്വയമായ സിനസ്തേഷ്യ, ധാരണയുടെ ആഴം വർധിപ്പിച്ചുകൊണ്ട് ഒരു ബഹുമുഖരീതിയിൽ കവിതയെ പര്യവേക്ഷണം ചെയ്യാൻ വായനക്കാരെ ക്ഷണിക്കുന്നു. കൂടാതെ, പുതിയ വിമർശനത്തിൽ അന്തർലീനമായ ചോദ്യങ്ങളുടെയും താരതമ്യങ്ങളുടെയും സമന്വയം വിശകലനപ്രക്രിയയെ സമ്പന്നമാക്കുന്നു, സങ്കീർണ്ണമായ വാചകസൂക്ഷ്മതകളിലേക്ക് ആഴ്ന്നിറങ്ങാനും വാചകത്തിനുള്ളിൽ തന്നെ ബന്ധങ്ങൾ വരയ്ക്കാനും വായനക്കാരെ പ്രോത്സാഹിപ്പിക്കുന്നു. ഈ മൂല്യനിർണ്ണയ രീതി ഗ്രാഹ്യത്തെ ആഴത്തിലാക്കുക മാത്രമല്ല, സാഹിത്യകൃതികളിൽ അന്തർലീനമായ സങ്കീർണ്ണതകളോട് കൂടുതൽ ആഴത്തിലുള്ള സ്ഥാനം വളർത്തുകയും ചെയ്യുന്നു.

സൈക്കോ-ന്യൂറോകോഗ്നിറ്റീവ് സയൻസസിലെ ആധുനിക മുന്നേറ്റങ്ങൾ സാഹിത്യ വ്യാഖ്യാനത്തിന് അടിസ്ഥാനമായ സംവിധാനങ്ങളിൽ പുതിയ വെളിച്ചം വീശുന്നു. ഈ വീക്ഷണങ്ങളെ സമന്വയിപ്പിക്കുന്നതിലൂടെ, നവ വിമർശനം വികസിക്കുന്നു. വായനക്കാർ വൈജ്ഞാനികവും വൈകാരികവുമായ തലങ്ങളിൽ പാഠങ്ങളുമായി എങ്ങനെ ഇടപഴകുന്നു എന്നതിനെക്കുറിച്ചുള്ള സമ്പന്നമായ ധാരണ നൽകുന്നു. പരമ്പരാഗത വാചക വിശകലനത്തിന്റെയും സമകാലിക വൈജ്ഞാനിക ഉൾക്കാഴ്ചകളുടെയും സമന്വയത്തിലൂടെ, നവവിമർശനം സാഹിത്യത്തെ വിമർശനാത്മകമായി വിലമതിക്കാൻ ശക്തമായ ഒരു ചട്ടക്കൂട് പ്രദാനം ചെയ്യുന്നത് തുടരുന്നു, സാഹിത്യ വ്യാഖ്യാനത്തിലെ വിശകലന കാഠിന്യവും മനഃശാസ്ത്രപരമായ ധാരണയും തമ്മിലുള്ള വിടവ് നികത്തുന്നു.

## Assignments

1. നവവിമർശനം സാഹിത്യനിരൂപണത്തിൽ വരുത്തിയ മാറ്റങ്ങൾ അപഗ്രഥിക്കുക.
2. ഐ.എ. റിച്ചാർഡ്സന്റെ നിരൂപണ ചിന്തകളുടെ അടിസ്ഥാന ആശയങ്ങൾ സംഗ്രഹിക്കുക.
3. ഇന്റൻഷണൽ ഫാലസി, അഫക്റ്റീവ് ഫാലസി എന്നിവ വിശദീകരിക്കുക.
4. പാഠാപഗ്രഥസമീപനത്തിന്റെ പ്രത്യേകതകകൾ വിവരിക്കുക.
5. സിനസ്തസിസ് എന്ന ആശയലോകത്തെ വിശദമാക്കുക.
6. ആധുനിക മനോവിജ്ഞാനീയത്തെപ്പറ്റി അപഗ്രഥിക്കുക.
7. നാഡീ വിജ്ഞാനീയത്തിന്റെ വിശദീകരണ സാധ്യതകൾ കണ്ടെത്തുക.
8. നവവിമർശകരുടെ കാഴ്ചപ്പാടിൽ കവിതയുടെ മൂല്യനിർണ്ണയവും പാഠാപഗ്രന്ഥവും വിലയിരുത്തുക.
9. കൃതികളിലെ മനഃശാസ്ത്രസമീപനത്തെക്കുറിച്ചുള്ള ഡോ.എം. ലീലാവതിയുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

## Suggested Reading


1. എം. അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, എൻ.ബി.എസ് കോട്ടയം
2. വി.സി. ശ്രീജൻ, അർത്ഥാന്തരന്യാസം, കറന്റ് ബുക്സ്, തൃശ്ശൂർ
3. പി. ഗോവിന്ദപ്പിള്ള, മാർക്സിസ് സൗന്ദര്യശാസ്ത്രം, ഉത്ഭവവും വളർച്ചയും, സംഘപ്രസാധന, തിരുവനന്തപുരം.


## Reference


1. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി ബുക്സ്, കോട്ടയം
2. രവീന്ദ്രൻ (എഡി.) കലാവിമർശനം, മാർക്സിസ്റ്റ് മാനദണ്ഡം, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം
3. എസ്. നൗഷാദ്, ഡി.വി. അനിൽകുമാർ, പാശ്ചാത്യസാഹിത്യ സിദ്ധാന്തം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഡോ.എം. ലീലാവതി, ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# Unit 2 ടി.എസ്. എലിയറ്റ്, ഫ്രോയിഡ്, സി.ജി. യുങ് എന്നിവരുടെ സാഹിത്യ സംഭാവനകൾ

## Learning Outcomes

- ടി.എസ്. എലിയറ്റ്, ഫ്രോയിഡ്, സി.ജി. യുങ് എന്നിവരുടെ സാഹിത്യ സംഭാവനകളെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- മനോവിജ്ഞാനത്തെക്കുറിച്ച് സവിശേഷമായ അറിവ് നേടുന്നു
- ആർക്കിടൈപ്പ്, മിത്ത് എന്നിവയെക്കുറിച്ചുള്ള സാമാന്യധാരണ ലഭിക്കുന്നു
- സ്വപ്നവും കലയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു
- ഇദ്, ഈഗോ, സൂപ്പർ ഈഗോ  എന്നിവയെ മനസ്സിലാക്കുന്നു

## Background

ആധുനിക മനഃശാസ്ത്രത്തിന്റെ പ്രതിഷ്ഠാപകരെന്ന് വിശേഷിപ്പിക്കാവുന്ന സിഗ്മണ്ട് ഫ്രോയിഡ്, സി.ജെ. യുങ് എന്നിവരുടെ മനോവിശകലന പദ്ധതി സകല വൈജ്ഞാനിക വ്യവഹാരങ്ങളെയും ആഴത്തിൽ സ്വാധീനിച്ചു. മനുഷ്യ മനസ്സിന്റെ ആഴങ്ങളിൽ മറഞ്ഞിരിക്കുന്ന മേഖലകൾ പര്യവേക്ഷണം ചെയ്യുന്ന ഇദ്, ഈഗോ, സൂപ്പർഈഗോ എന്നിവയെക്കുറിച്ചുള്ള തന്റെ സിദ്ധാന്തങ്ങളിലൂടെ ഫ്രോയിഡ് മനസ്സിന്റെ സങ്കീർണ്ണമായ പ്രവർത്തനത്തെ അനാവരണം ചെയ്യുന്നു. സ്വപ്നങ്ങളിലൂടെയും കലയിലൂടെയും അദ്ദേഹം ബോധത്തിന്റെ പാളികളെ മായ്ച്ചുകളയുകയും ചിന്തകളെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്ന പ്രാഥമിക ശക്തികളെ വെളിപ്പെടുത്തുകയും ചെയ്യുന്നു. അബോധമനസ്സിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകൾ വിപ്ലവകരമാണ്.

സംസ്കാരങ്ങളിലും കാലഘട്ടങ്ങളിലും പ്രതിധ്വനിക്കുന്ന പുരാവസ്തുക്കളുടെയും ഐതിഹ്യങ്ങളുടെയും വിശാലമായ കലവറയായ കൂട്ടായ അബോധാവസ്ഥയെ അടിസ്ഥാനമാക്കിയുള്ള യുങിനെ നിരീക്ഷണങ്ങൾ സാഹിത്യാപഗ്രഥനത്തെ നിർണായകമായി സ്വാധീനിച്ചു. യുങ് അവതരിപ്പിച്ച ഈ സാർവത്രിക ചിഹ്നങ്ങൾ നമ്മുടെ ആത്മാക്കളുടെ ആഴങ്ങളിലേക്ക് ഇറങ്ങിചെല്ലുകയും സ്വയം കണ്ടെത്തലിലേക്കും ജ്ഞാനോദയത്തിലേക്കുമുള്ള പാതയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. സാഹിത്യത്തിന്റെ ഘടനയെയും പ്രവർത്തനത്തെയും കുറിച്ച് അഗാധമായ നിരീക്ഷണങ്ങൾ നൽകിക്കൊണ്ട് നോർത്രോപ്പ് ഫ്രൈ സാഹിത്യ സിദ്ധാന്തത്തിന്റെ മഹത്തായ ഛായാചിത്രത്തിൽ ഒരു തിളക്കമാർന്ന വ്യക്തിയായി ഉയർന്നുവരുന്നു. ഐതിഹ്യത്തെയും പുരാവസ്തുക്കളെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ സൂക്ഷ്മമായ ഉൾക്കാഴ്ചകൾ മനുഷ്യാനുഭവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ സമ്പന്നമാക്കുന്നു, കഥപറച്ചിലിന്റെ നിഗൂഢതകളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ നമ്മെ ക്ഷണിക്കുന്നു.

ജാക്വസ് ലാക്കന്റെ(Jacques Lacan)മനഃശാസ്ത്ര വിശകലന സിദ്ധാന്തങ്ങൾ മനസ്സിനെക്കുറിച്ചുള്ള നമ്മുടെ പര്യവേക്ഷണത്തിനും ഭാഷയും സാഹിത്യവുമായുള്ള ബന്ധത്തിനും മറ്റൊരു

തലം ചേർക്കുന്നു. കണ്ണാടി സ്റ്റേജ്, സിംബോളിക് ഓർഡർ, റിയൽ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ സ്വത്വത്തെയും അർത്ഥത്തിന്റെ നിർമ്മാണത്തെയും കുറിച്ചുള്ള നമ്മുടെ ധാരണയെ വെല്ലുവിളിക്കുന്നു. ഒരു ലക്കാനിയൻ കാഴ്ചപ്പാടിലൂടെ കൃതികൾ പരിശോധിക്കുന്നത് വാചകങ്ങളുടെ അജ്ഞാത അടിത്തറ വെളിപ്പെടുത്തും.

## Keywords

ഒബ്ജക്റ്റീവ് കോറിലേറ്റീവ് - മനോവിജ്ഞാനീയം -ആർക്കിടൈപ്പ്-സിഗ്മണ്ട് ഫ്രോയിഡ് - ഇദ്, ഈഗോ സൂപ്പർ ഈഗോ - കലക്ടീവ് അൺകോൺഷ്യസ് - മിത്ത് - നോർ ത്രോപ് ഫ്രൈയുടെ നിരീക്ഷണങ്ങൾ

## Discussion

### ടി.എസ്. എലിയറ്റ്

- The West Land തരിശുഭൂമി എന്ന പേരിൽ വിവർത്തനം

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രശസ്തനായ കവിയായി ലോകം അംഗീകരിച്ച ടി. എസ്. എലിയറ്റ് ആംഗ്ലോ-അമേരിക്കൻ എഴുത്തുകാരനാണ്. 1888 സെപ്റ്റംബർ 26 ന് അമേരിക്കയിലെ മിസൗറിയിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. 1922 ൽ രചിച്ച The West Land എന്ന കൃതിയിലൂടെയാണ് അദ്ദേഹം പ്രശസ്തനായത്. ആധുനിക യൂറോപ്യൻ സംസ്കാരത്തിന്റെ അധ:പതനത്തെയും പ്രാചീന സംസ്കാരത്തിന്റെ മഹിമയും വെളിപ്പെടുത്തിയ കൃതിയാണ് The West Land. ഡോ. കെ. അയ്യപ്പപ്പണിക്കർ തരിശുഭൂമി എന്ന പേരിൽ ഇത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. 1948 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ടി. എസ്. എലിയറ്റിന് ലഭിച്ചു. സാഹിത്യ നിരൂപകൻ, കവി, നാടകകൃത്ത്, എഡിറ്റർ എന്നീ നിലകളിൽ ടി.എസ്. എലിയറ്റ് ഇന്ന് ഓർമ്മിക്കപ്പെടുന്നു. എലിയറ്റിന്റെ കവിതകൾ ഒരു തലമുറയിലെ എഴുത്തുകാരിൽ ശാശ്വതമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇന്ന്, അദ്ദേഹം മോഡേണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവായി കണക്കാക്കപ്പെടുന്നു, കൂടാതെ അദ്ദേഹത്തിന്റെ മികച്ച കൃതികളായ 'ദി വേസ്റ്റ് ലാൻഡ്', 'ദ ഹോളോ മെൻ' എന്നിവ വായനക്കാരെ കഴിഞ്ഞ 150 വർഷത്തിൽ ഏറ്റവും സ്വാധീനിച്ച രചനകളാണ്. ടി.എസ്. എലിയറ്റിന്റെ കവിതകൾ ആത്മീയത, ആധുനിക കാലത്തെ ഉത്കണ്ഠകൾ, നിരാശ, മാനുഷിക അനുഭവം, ആധുനിക സമൂഹത്തിലെ പരമ്പരാഗതമൂല്യങ്ങളുടെ നഷ്ടം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

#### പാരമ്പര്യവും നിർവൈയക്തികതയും

കാലഘട്ടത്തിന്റെ അഭിരുചിയെ തിരുത്തുകയും വ്യാഖ്യാനിക്കുകയുമാണ് ഒരു വിമർശകന്റെ ദൗത്യം എന്ന് പ്രഖ്യാപിച്ച ടി.എസ്. എലിയറ്റ് സാഹിത്യത്തിൽ കാല്പനിക വിരുദ്ധ സമീപനം പുലർത്തിയ കവിയും നിരൂപകനുമായിരുന്നു. അദ്ദേഹത്തിന്റെ Traditional and the Individual

Talent എന്ന കൃതിയിൽ കവിതയെക്കുറിച്ചുള്ള കാല്പനിക വിരുദ്ധ ചിന്തകൾ വ്യാപിച്ചു കിടക്കുന്നു. പാശ്ചാത്യ സാഹിത്യ വിമർശന രംഗത്ത് ഏറെ വിവാദങ്ങൾക്കും എതിർപ്പുകൾക്കും വിധേയമായ Theory of Impersonality എന്ന ആശയം അദ്ദേഹം ഈ കൃതിയിലാണ് അവതരിപ്പിച്ചത്. കവിത വികാരങ്ങളുടെ അനർഗള പ്രവാഹമാണ്. അത് കവിയുടെ വ്യക്തിത്വത്തിന്റെ ശുദ്ധമായ ആവിഷ്കാരമാണെന്ന കാല്പനിക വിശ്വാസത്തെ എലിയറ്റ് ഈ സിദ്ധാന്തത്തിലൂടെ എതിർത്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വികാരത്തിന്റെ കെട്ടഴിച്ചുവിടലല്ല, വികാരങ്ങളിൽ നിന്നുള്ള രക്ഷപെടലാണ് കവിത. (Poetry is not the expression of personality but an escape from personality). ഇങ്ങനെ കാവ്യരചനയിലൂടെ വികാരങ്ങളിൽ നിന്നും വ്യക്തിപരമായ താത്പ്പര്യങ്ങളിൽ നിന്നും രക്ഷപെടുന്ന കവി ദേശീയ പാരമ്പര്യത്തിന്റെ ഭാഗമായിതീരുകയാണെന്ന് എലിയറ്റ് അഭിപ്രായപ്പെടുന്നു. ദേശീയ പാരമ്പര്യം എന്നത് മനുഷ്യൻ ഇന്നുവരെ ആർജ്ജിച്ചെടുത്ത സാമൂഹ്യ സംസ്കാരത്തിന്റെയും സാഹിത്യസംസ്കാരത്തിന്റെയും ആകെത്തുകയാണ്. ഈ സംസ്കാരമാണ് കവി കവിതയിലൂടെ പകർത്തേണ്ടത്. അപ്പോൾ കവിത കവിയുടെയും ആസ്വാദകന്റെയും ലോകത്തുനിന്ന് മുഴുവൻ ജനതയുടെയും വികാരമായി മാറുന്നു. എലിയറ്റിന്റെ സങ്കല്പത്തിലെ ചരിത്രബോധം ഈ വിശാലമായ കാഴ്ചപ്പാടിനെ ഉൾക്കൊള്ളുന്നു. ചരിത്ര ബോധത്തിൽ സ്വന്തം നാടിന്റെ സാഹിത്യവും ഹോമർ തൊട്ട് ഇങ്ങോട്ടുള്ള പാശ്ചാത്യസാഹിത്യവും അടങ്ങിയിരിക്കുന്നു. യൂറോപ്യൻ സാഹിത്യത്തെക്കുറിച്ച് ആഴമേറിയ ധാരണ ഉണ്ടായിരിക്കുന്നതിന് ഗ്രീക്കും ലാറ്റിനും അറിഞ്ഞിരിക്കുകയും വേണം. ഇതെല്ലാം കൂടിച്ചേർന്നതാണ് പാരമ്പര്യത്തെക്കുറിച്ചുള്ള എലിയറ്റിന്റെ സങ്കൽപം.

> ▶ വികാരങ്ങളിൽ നിന്നുള്ള രക്ഷപെടലാണ് കവിത

## കവിഹൃദയം ഒരു രാസത്വരകം

കവിഹൃദയം ഒരു രാസത്വരകമാണെന്ന സിദ്ധാന്തവും ടി.എസ് എലിയറ്റ് ആവിഷ്കരിക്കുന്നുണ്ട്. സ്വയം ഒരു മാറ്റവും കൂടാതെ രാസപ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്ന വസ്തുവാണ് രാസത്വരകം പരീക്ഷണശാലയിൽ സൾഫ്യൂറിക്കാസിഡ് ഉണ്ടാക്കുന്നതിന് സൾഫർ ഡയോക്സൈഡും ഓക്സിജനും ആവശ്യമാണ്. എന്നാൽ അവയോടൊപ്പം പ്ലാറ്റിനത്തിന്റെ സ്വാധീനം കൂടി ഇല്ലെങ്കിൽ ആസിഡ് ഉണ്ടാകില്ല. രാസപ്രക്രിയയ്ക്ക് വിധേയമാകാതെ രാസപ്രവർത്തനത്തെ ത്വരിതപ്പെടുത്തുക മാത്രമാണ് പ്ലാറ്റിനം ചെയ്യുന്നത്. അതുകൊണ്ട് പ്ലാറ്റിനം രാസത്വരകമാണ്. ഇതുപോലെ കവി ഹൃദയവും ഒരു രാസത്വരകം ആണെന്ന് എലിയേറ്റ് അഭിപ്രായപ്പെടുന്നു. ദേശീയ പാരമ്പര്യത്തിന്റെയും മനുഷ്യ സംസ്കാരത്തിന്റെയും ഭാഗമായി മാറിയിട്ടുള്ള കവി നിർമ്മാണ വേളയിൽ വ്യക്തിപരമായ സങ്കുചിത വലയങ്ങളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുന്നു. വ്യത്യസ്തമായ വികാരങ്ങളെ രാസപ്രക്രിയ എന്നപോലെ കവിതയാക്കി മാറ്റുന്ന കവിഹൃദയത്തിന് ഒരു മാറ്റവും സംഭവിക്കുന്നില്ല എന്നാണ് എലിയറ്റ് അഭിപ്രായപ്പെടുന്നത്.

> ▶ എലിയേറ്റിന്റെ അഭിപ്രായത്തിൽ കവി ഹൃദയം ഒരു രാസത്വരകമാണ്

## വസ്തുസംയോജകം (The Objective Correlative)

എലിയെറ്റിന്റെ ഏറ്റവും മികച്ച സംഭാവനയാണ് ഒബ്ജക്റ്റീവ് കോറിലേറ്റീവ്. ഷേക്സ്പിയറുടെ ഹാംലറ്റ് എന്ന നാടകം കലാപരമായ

ഒരു പരാജയമാണെന്ന് വാദിക്കുന്ന ഒരു പ്രബന്ധത്തിലാണ് ഈ പദം അദ്ദേഹം ഉപയോഗിക്കുന്നത്. ഈ പദം ആദ്യം ഉപയോഗിച്ചത് താനല്ല; വാഷിംഗ്ടൺ ഇൻവിനാണെന്ന് ഏലിയേറ്റ് തന്നെ സമ്മതിച്ചിട്ടുണ്ട്. കലയുടെ രൂപത്തിൽ ഒരു വികാരം ആവിഷ്കരിക്കുവാനുള്ള ഒരേയൊരു മാർഗം ഈ ഒബ്ജക്റ്റീവ് കോറിലേറ്റീവ് കണ്ടെത്തുക എന്നുള്ളതാണ്. വികാരത്തെ പ്രകാശിപ്പിക്കുന്നതിന് ഉതകുന്ന സംഭവശൃംഖലകൾ, കഥാപാത്രങ്ങൾ ബാഹ്യ വസ്തുക്കൾ, ബിംബങ്ങൾ എല്ലാം ഇതിലടങ്ങിയിരിക്കുന്നു എന്ന് ഏലിയേറ്റ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഹാംലെറ്റ് നാടകത്തിലെ പ്രധാന വികാരം രാജകുമാരന് അമ്മയോട് തോന്നുന്ന വിദ്വേഷമാണ്. ഈ വികാരത്തെ ആവിഷ്കരിക്കുന്നതിൽ രൂപശില്പം തകർന്നുപോയി. ഹാംലെറ്റിലെ ശക്തമായ വികാരങ്ങളെ താങ്ങുന്നതിന് ആ ദുരന്ത നാടകത്തിലെ രൂപ ശിൽപ്പത്തിന് കഴിയാതെ പോകുന്നു. അതിനാൽ രൂപത്തിന്റെ മൂശ ഉടഞ്ഞു പോകുന്നു. അതുകൊണ്ട് നാടകം കലാപരമായ ഒരു പരാജയമാണെന്ന് എലിയേറ്റ് അഭിപ്രായപ്പെടുന്നു. കലാകാരൻ അയാൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന വികാരങ്ങൾക്ക് അനുസൃതമായി ഒബ്ജക്റ്റീവ് കോറിലേറ്റിവിനെ കണ്ടെത്തണം. അങ്ങനെ കണ്ടെത്തി അവതരിപ്പിക്കുമ്പോൾ മാത്രമേ ഒരു കലാസൃഷ്ടി അതിന്റെ ലക്ഷ്യം നേടുകയുള്ളൂ. ഭാരതീയമായ രസസൂത്രത്തിലെ വിഭാവം, എലിയെറ്റിന്റെ ഒബ്ജക്റ്റീവ് കോർറിലേറ്റീവ് ആയി ചേർന്നുനിൽക്കുന്നുവെന്ന് പല നിരൂപകന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്തും മൂർത്തമായി ആവിഷ്കരിക്കുക എന്ന മുണ്ടശ്ശേരിയുടെ വാക്കുകളിൽ (നാടകാന്തം കവിത്വം) പൗരസ്ത്യവും പാശ്ചാത്യവുമായ ഈ സങ്കല്പങ്ങൾ തന്നെയാണ് സമന്വയിക്കുന്നത്

▶ കലാകാരൻ ഒബ്ജക്റ്റീവ് കോറിലേറ്റിവിനെ കണ്ടെത്തണം

ഒബ്ജക്റ്റീവ് കോറിലേറ്റീവ് എന്നത് എല്ലാ വിഭാഗങ്ങളിലെയും എഴുത്തുകാർ സാധാരണയായി ഉപയോഗിക്കുന്ന ഒരു സാഹിത്യ വാദമാണ്. സാഹിത്യത്തിലെ വസ്തുനിഷ്ഠമായ പരസ്പരബന്ധത്തിന്റെ നിർവചനം വായനക്കാരിൽ നിന്ന് ഉദ്ദേശിച്ച വൈകാരിക പ്രതികരണം ഉന്നയിക്കുന്ന ഇമേജുകൾ, പ്രവർത്തനങ്ങൾ അല്ലെങ്കിൽ സാഹചര്യങ്ങളുടെ ഒരു കൂട്ടമാണ്. 'വസ്തുനിഷ്ഠം' ('സാർവത്രിക' അല്ലെങ്കിൽ 'ആപേക്ഷികം' എന്നർത്ഥം) 'പരസ്പരം' ('പരസ്പരം' അല്ലെങ്കിൽ 'അനുയോജ്യമായത്' എന്നർത്ഥം) രചയിതാക്കളിൽ നിന്നാണ് പദാവലി ഉടലെടുത്തത്. വൈകാരികമോ മനഃശാസ്ത്രപരമോ ആയ അനുകരണനത്തിലൂടെയും വായനക്കാരിൽ എങ്ങനെ അനുഭവപ്പെടുന്നു എന്ന് നേരിട്ട് പറയുന്നതിലൂടെയും വിവരങ്ങൾ കൈമാറുന്നതിനുള്ള ചട്ടക്കൂടായി ചില രീതികൾ ഉപയോഗിക്കുന്നു. വസ്തുനിഷ്ഠമായ പരസ്പരബന്ധം സാധാരണയായി ഒരൊറ്റ ഘടകമല്ല, മറിച്ച് വൈകാരിക പ്രതികരണം പ്രകടിപ്പിക്കുന്നതിനോ അറിയിക്കുന്നതിനോ ഉപയോഗിക്കുന്ന ഘടകങ്ങളുടെ സങ്കീർണ്ണമായ ഒരു വെബ് ആണ്.

▶ വസ്തുനിഷ്ഠമായ പരസ്പരബന്ധം ഒരൊറ്റ ഘടകമല്ല

ഒബ്ജക്റ്റീവ് കോറിലേറ്റീവ് എന്ന പദം ആദ്യമായി പ്രത്യക്ഷപ്പെട്ടത് 1840-ൽ നിരൂപകനായ വാഷിംഗ്ടൺ ആൾസ്റ്റണിന്റെ "ലെക്ചേഴ്സ് ഓൺ ആർട്ട്" എന്ന ലേഖനത്തിലാണ്. കവിയും നിരൂപകനുമായ ടി. എസ്. എലിയറ്റാണ് 1919-ലെ തന്റെ ലേഖനമായ "ഹാംലെറ്റും അവന്റെ പ്രശ്നങ്ങളും"(Hamlet and hisProblems)എന്ന ലേഖനത്തിലാണ് ഈ വാദം ആദ്യമായി പ്രയോഗിച്ചത്. ഷേക്സ്പിയറിന്റെ നാടകീയമായ മാസ്റ്റർപീ

> ▶ 'ലെക്ചേഴ്സ് ഓൺ ആർട്ട്' എന്ന പുസ്തകത്തിലൂടെ ഒബ്ജക്റ്റീവ് കോറിലേറ്റീവ്

സ് ഹാംലെറ്റിലേക്ക് കണ്ണുതിരിച്ചുകൊണ്ടാണ് എലിയറ്റ് വാദിക്കുന്നത്, നാടകം വസ്തുനിഷ്ഠമായ പരസ്പരബന്ധം അതിന്റെ നേട്ടത്തിനായി ഉപയോഗിക്കുന്നതിൽ പരാജയപ്പെടുന്നു, പകരം പരസ്പര വിരുദ്ധമായ ഒരു സങ്കീർണ്ണമായ ഉദ്ദേശ്യങ്ങളും വികാരങ്ങളും അവതരിപ്പിക്കുകയും വായനക്കാരിൽ ഉദ്ദേശിച്ച പ്രതികരണം നേടുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു എന്ന് തന്റെ പ്രബന്ധത്തിൽ എലിയറ്റ് എഴുതുന്നു:

## നിരൂപണധർമ്മത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

നിരൂപണ ധർമ്മത്തെക്കുറിച്ച് കൃത്യവും സൂക്ഷ്മവുമായ ധാരാളം നിരീക്ഷണങ്ങൾ ടി.എസ്. എലിയേറ്റ് നടത്തുകയുണ്ടായി അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കവിതയുടെ സ്വഭാവം വിശകലനം ചെയ്യുകയും കാവ്യ മേന്മകൾ കണ്ടു പിടിക്കുകയും ചെയ്യുക എന്നത് നിരൂപകന്റെ പ്രാഥമിക പ്രവർത്തനമാണ്. നല്ല കവിതയെ തെരഞ്ഞെടുക്കാനും മോശമായതിനെ തള്ളിക്കളയാനുമുള്ള കഴിവാണ് വിമർശനത്തിന്റെ പ്രഥമതത്വം. കവിത ആസ്വദിക്കാനും മനസ്സിലാക്കാനും ഉള്ള കഴിവ് നിരൂപകന് ഉണ്ടായിരിക്കണം സ്വന്തം കാലഘട്ടത്തിന്റെ കലാപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നിരൂപകന് കഴിയണം. കവികളായ നിരൂപകർക്കാണ് ഇത് സാധിക്കുക എന്ന എലിയേറ്റ് അഭിപ്രായപ്പെടുന്നു താൻ സാഹിത്യത്തിൽ ഒരു ക്ലാസ്സിസ്റ്റും രാഷ്ട്രതന്ത്രങ്ങളിൽ രാജഭരണവാദിയും വിശ്വാസത്തിൽ കത്തോലിക്കനും ആണെന്ന് വാദിച്ച ടി. എസ് എലിയേറ്റ് വിമർശനത്തിലെ ക്രമരാഹിത്യത്തിനെതിരെ ജാഗ്രതയോടെ പ്രവർത്തിച്ച നിരൂപകനായിരുന്നു.

> ▶ സ്വന്തം കാലഘട്ടത്തിന്റെ കലാപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നിരൂപകന് കഴിയണം

## മനോവിജ്ഞാനീയം

മനശാസ്ത്രസിദ്ധാന്തങ്ങൾ ഉപയോഗിച്ചുകൊണ്ട് കൃതിയേയും എഴുത്തുകാരനെയും വായനക്കാരനേയും സമഗ്രമായി അപഗ്രഥിക്കുന്ന നിരൂപണരീതിയാണ് മനോവിജ്ഞാനീയ വിമർശനം. എഴുത്തുകാരന്റെ മനസ്സിനെയാണ് പ്രധാനമായും മനോവിജ്ഞാനീയ നിരൂപണം ലക്ഷ്യം വെക്കുന്നത്. ഫ്രോയിഡിന്റെയും സി.ജി. യുങിന്റെയും മനഃശാസ്ത്ര ദർശനങ്ങളാണ് ഈ നിരൂപണ രീതി പ്രധാനമായും ആശ്രയിക്കുന്നത്. The Interpretation of Dreams എന്ന കൃതിയും ഡാവിഞ്ചിയെ കുറിച്ചുള്ള നിരീക്ഷണങ്ങളും കലാസൃഷ്ടികളെ അപഗ്രഥിക്കാൻ വിമർശകന് മനഃശാസ്ത്രപരമായ മാനദണ്ഡങ്ങൾ നൽകി. ആദ്യമനഃശാസ്ത്ര വിമർശകൻ ഏണസ്റ്റ് ജോണാണ്. അദ്ദേഹം ഇഡിപ്പസ് കോംപ്ലക്സ് എന്ന സിദ്ധാന്തം ഉപയോഗിച്ച് നടത്തിയ മനഃശാസ്ത്ര വിമർശനമാണ് The Eddipus Complex as an Explanation of Hamlet's Mystery. ഇതിൽ ഫ്രോയിഡിന്റെ മനഃശാസ്ത്ര ദർശനങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. എഡ്മണ്ട് വിൽസൺ, എഫ്. ലൂക്കാസ്, കെൺസറാസ് ഐക്ക്, ഐ.എ. റിച്ചാർഡ് തുടങ്ങിയവർ ഫ്രോയിഡിന്റെ ദർശനം അനുകരിച്ചും ജെയിംസ് നോർത്ത്രോപ്പ് ഫ്രെ, മോസസ് ബോഡ്കിൻ തുടങ്ങിയവർ യുങിന്റെ ദർശനം അനുസരിച്ചും സാഹിത്യ വിമർശനങ്ങൾ നടത്തിയവരാണ്. മലയാളത്തിൽ എം.എൻ. വിജയൻ ഫ്രോയിഡിന്റെയും എം. ലീലാവതി യുങിന്റെയും സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയ വിമർശകരാണ്.

> ▶ ആദ്യമനഃശാസ്ത്ര വിമർശകൻ ഏണസ്റ്റ് ജോണാണ്

## സിഗ്മണ്ട് ഫ്രോയിഡ്

ലോകപ്രശസ്തനായ മനഃശാസ്ത്രജ്ഞനാണ് സിഗ്മണ്ട് ഫ്രോയിഡ്. മനശാസ്ത്രത്തിന്റെ പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ഒരു രോഗിയും ഒരു മനഃശാസ്ത്ര വിദഗ്ധനും തമ്മിലുള്ള അഭിമുഖത്തിലൂടെ മനോരോഗം ചികിത്സിക്കുന്ന മാനസിക അപഗ്രഥനം അഥവാ മനോവിശ്ലേഷണം എന്ന മനഃശാസ്ത്ര ശാഖയ്ക്ക് അദ്ദേഹം തുടക്കം കുറിച്ചു. മനസ്സിന് അബോധം എന്നൊരു വശം ഉണ്ടെന്ന് ആദ്യമായി കണ്ടെത്തിയ വ്യക്തിയാണ് ഫ്രോയിഡ്. അദ്ദേഹത്തിന്റെ സ്വപ്നങ്ങളുടെ വ്യാഖ്യാനം ഈ രംഗത്തെ ഏറ്റവും പ്രശസ്തമായ കൃതിയാണ്. സ്വപ്നങ്ങൾ ആഗ്രഹപൂർത്തീകരണങ്ങളാണെന്ന അദ്ദേഹത്തിന്റെ വിശകലനം, മനോരോഗ കാരണങ്ങളുടെയും മനസ്സിൽ അന്തർലീനമായ അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെയും വിശകലനത്തിന് ഉതകുന്ന അടിസ്ഥാന മാതൃകകളുടെ രൂപീകരണത്തിന് സഹായിച്ചു. ഈ അടിസ്ഥാനത്തിലാണ് ഫ്രോയിഡ് അബോധ മനസ്സിനെ കുറിച്ചുള്ള തന്റെ സിദ്ധാന്തങ്ങൾക്ക് രൂപം നൽകിയത്. മനഃശാസ്ത്രത്തെ അന്ധവിശ്വാസങ്ങളിൽ നിന്ന് വേർപെടുത്തി ഒരു ശാസ്ത്രശാഖയാക്കി വളർത്തിയതിലും മനോരോഗ ചികിത്സയെ വൈദ്യശാസ്ത്രത്തിന്റെ ഒരു പ്രത്യേക വിഭാഗം ആയി ഉയർത്തിയതിലും അദ്ദേഹം മുഖ്യപങ്ക് വഹിച്ചു. ഫ്രോയിഡിന്റെ കൃതികൾ സമകാലീന പാശ്ചാത്യ ചിന്തയെയും ജനകീയ സംസ്കാരത്തെയും സ്വാധീനിച്ചിട്ടുണ്ട്.

▶ ഫ്രോയിഡിന്റെ സ്വപ്നങ്ങളുടെ വ്യാഖ്യാനം എന്ന കൃതി

## ഇദ്, ഈഗോ, സൂപ്പർ ഈഗോ

മനുഷ്യമനസ്സിന്ന് ഇദ്, ഈഗോ, സൂപ്പർ ഈഗോ എന്നിങ്ങനെ മൂന്ന് ഭാവങ്ങളുള്ളതായി ആധുനിക മനശ്ശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ സിഗ്മണ്ട് ഫ്രോയിഡ് സിദ്ധാന്തിക്കുന്നു.

### ഇദ്

ഒരാളുടെ വ്യക്തിത്വത്തെ പ്രതിനിധാനം ചെയ്യുന്ന സ്ഥിരഘടകമായിട്ടാണ് ഇദ് നിർവചിക്കപ്പെടുന്നത്. ഈ ഘടകം മനുഷ്യന്റെ ആഹ്ലാദതത്വത്താൽ ("pleasure principle"). നിയന്ത്രിക്കപ്പെടുന്നു. ഫ്രോയിഡ് ഈ തത്വം ആവിഷ്കരിച്ച ആദ്യകാലങ്ങളിൽ ഇദിന്റെ ചാലകശക്തി ലൈംഗിക ജന്മവാസനകൾ മാത്രമാണ് എന്ന് വിശ്വസിച്ചിരുന്നു. എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം മനുഷ്യന്റെ മരണബോധവും ഈ ഭാവത്തിന് ഊർജ്ജം നൽകുന്നതായി അദ്ദേഹം കണ്ടെത്തി. ആഹ്ലാദതത്വത്തിന് കീഴിൽ പ്രവർത്തിക്കുന്ന വാസനകളുടെ പൂരണത്തിനു വേണ്ടി ഇദ് നിലകൊള്ളുന്നു. അബോധം അഥവാ ഇദ് പ്രാകൃതവും യുക്തിരഹിതവും ആണ്. അതിന് മൂല്യങ്ങൾ അറിയില്ല, നന്മതിന്മകൾ അറിയില്ല, സദാചാരം അറിയില്ല. കാലത്തെക്കുറിച്ച് ഇദ് അറിയുന്നില്ല. ഇതു വഴി മനുഷ്യ മനസ്സെന്ന പ്രതിഭാസത്തെ കൂടുതൽ വിശദീകരിക്കാൻ അദ്ദേഹത്തിന്നു സാധിച്ചു.

▶ ഇദ് വാസനകളുടെ പൂരണത്തിനു വേണ്ടി നിലകൊള്ളുന്നു

ശാരീരിക ആവശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും, വൈകാരിക പ്രേരണകളുടെയും ആഗ്രഹങ്ങളുടെയും, പ്രത്യേകിച്ച് ആക്രമണോത്സുകതയുടെയും ലൈംഗികാസക്തിയുടെയും അബോധാവസ്ഥയിലുള്ള ഉറവിടമായി ഫ്രോയിഡ് ഇദിനെ വിഭാവനം ചെയ്തു. ഇദ് ആനന്ദത

ത്വം അനുസരിച്ചാണ് പ്രവർത്തിക്കുന്നത് - പ്രേരണയുടെയും ആഗ്രഹത്തിന്റെയും ഉടനടി സംതൃപ്തി നൽകുന്ന മാനസിക ശക്തി. ഫ്രോയിഡ് ഇദിനെ 'നമ്മുടെ വ്യക്തിത്വത്തിന്റെ ഇരുണ്ട, അപ്രാപ്യമായ ഭാഗം എന്ന് വിശേഷിപ്പിച്ചു. ഇദിനെക്കുറിച്ചുള്ള ധാരണ സ്വപ്നങ്ങളുടെയും ന്യൂറോട്ടിക് ലക്ഷണങ്ങളുടെയും വിശകലനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു, മാത്രമല്ല അത് അഹംഭാവവുമായുള്ള വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിവരിക്കാൻ കഴിയൂ. ഇദിന് ഓർഗനൈസേഷനോ കൂട്ടായ ഇച്ഛാശക്തിയോ ഇല്ല: അത് ആനന്ദതത്വത്തിന് അനുസൃതമായി ഡ്രൈവുകളുടെ സംതൃപ്തിയിൽ മാത്രം ബന്ധപ്പെട്ടിരിക്കുന്നു. സാധാരണ ബോധപൂർവമായ ജീവിതത്തിന്റെ യുക്തിയും അനുമാനങ്ങളും ഇത് വിസ്മരിക്കുന്നു: 'വിരുദ്ധമായ പ്രേരണകൾ പരസ്പരം റദ്ദാക്കാതെ, അടുത്തടുത്തായി നിലനിൽക്കുന്നു. വികസനപരമായി, ഇദ് അഹംബോധത്തിന് മുമ്പാണ്. സോമാറ്റിക് ഓർഗനൈസേഷനിൽ അന്തർലീനമായതും ആനന്ദതത്വത്താൽ മാത്രം നിയന്ത്രിക്കപ്പെടുന്നതുമായ ജനനസമയത്ത് ഉള്ള അടിസ്ഥാന സഹജമായ ഡ്രൈവുകൾ ഇദിൽ അടങ്ങിയിരിക്കുന്നു. വ്യതിരിക്തമായ ഒരു ഇദ് ആയിട്ടാണ് മാനസിക ഉപകരണം ആരംഭിക്കുന്നത്, അതിന്റെ ഒരു ഭാഗം പിന്നീട് ഒരു ഘടനാപരമായ 'അഹം' ആയി വികസിക്കുന്നു, യാഥാർത്ഥ്യത്തിന്റെ തത്വം കണക്കിലെടുക്കുന്ന സ്വയം എന്ന ആശയം. ഇദിൽ എല്ലാ സഹജമായ പ്രേരണകളും ഉൾപ്പെടുന്നതിനാൽ, വിനാശകരമായ സഹജാവബോധം, അതുപോലെ ഇറോസ് അല്ലെങ്കിൽ ജീവിത സഹജാവബോധം എന്നിവ ഇദിന്റെ ഭാഗമായി കണക്കാക്കപ്പെടുന്നു.

> ▶ സാധാരണ ബോധപൂർവമായ ജീവിതത്തിന്റെ യുക്തിയും അനുമാനങ്ങളും ഇദ് വിസ്മരിക്കുന്നു

### ഈഗോ

വ്യക്തിത്വത്തിന്റെ ഉപരിതലത്തെയാണ് ഈഗോ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. യുക്തിയുടെ മണ്ഡലമാണിത്. യാഥാർത്ഥ്യത്തോട് ചേർന്ന് നിന്ന് ബാഹ്യലോക ചിത്രങ്ങൾ സ്വരൂപിക്കുന്നത് ഈഗോ ആണ്. യഥാർത്ഥ്യ തത്വമാണ് ഈഗോയെ നിയന്ത്രിക്കുന്നത്. ആഹ്ലാദതത്വത്തെ നിഷ്കാസനം ചെയ്തു, തൽസ്ഥാനത്ത് യാഥാർത്ഥ്യത്തെ പ്രതിഷ്ഠിക്കുന്നതിലാണ് ഈഗോയുടെ ശ്രമം. ഇദിൽനിന്നാണ് ഈഗോ ഊർജം സംഭരിക്കുന്നത്. ഈദ് എവിടെയുണ്ടോ അവിടെ ഈഗോയും ഉണ്ട് എന്ന് ഫ്രോയിഡ് പറയുന്നു. ജീവിതാനുഭവങ്ങളിലൂടെ വികാസം പ്രാപിക്കുന്ന ഈഗോയാണ് ഒരാളുടെ പെരുമാറ്റ രീതികൾക്ക് അടിസ്ഥാനം.

> ▶ യാഥാർത്ഥ്യത്തിലധിഷ്ഠിതമാണ് ഈഗോ

ഈഗോ യാഥാർത്ഥ്യ തത്വമനുസരിച്ച് പ്രവർത്തിക്കുന്നു. ഈദിന്റെ ഡ്രൈവുകൾ പലപ്പോഴും സാമൂഹിക യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തതിനാൽ, അഹം അതിന്റെ ഊർജം നയിക്കാനും ആ യാഥാർത്ഥ്യത്തിന്റെ അനിവാര്യതകൾക്ക് അനുസൃതമായി അതിന്റെ ആവശ്യങ്ങൾ നിറവേറ്റാനും ശ്രമിക്കുന്നു. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ, ഇദിനും യാഥാർത്ഥ്യത്തിനും ഇടയിലുള്ള മധ്യസ്ഥൻ എന്ന നിലയിലുള്ള അഹം പലപ്പോഴും 'ഇദിന്റെ (അബോധാവസ്ഥ) കമാൻഡുകൾ അതിന്റേതായ മുൻകൂർ യുക്തിസഹീകരണങ്ങളാൽ മറയ്ക്കാൻ ബാധ്യസ്ഥനാണ്. ഐഡി കർക്കശവും വഴങ്ങാത്തതുമായി തുടരുമ്പോഴും യാഥാർത്ഥ്യത്തെ ശ്രദ്ധിക്കാൻ.' യഥാർത്ഥത്തിൽ, ഫ്രോയിഡ് അഹം എന്ന

പദം സ്വയം അർത്ഥമാക്കാൻ ഉപയോഗിച്ചു, എന്നാൽ പിന്നീട് അത് വിപുലീകരിച്ച്, വിധി, സഹിഷ്ണുത, യാഥാർത്ഥ്യ പരിശോധന, നിയന്ത്രണം, ആസൂത്രണം, പ്രതിരോധം, വിവരങ്ങളുടെ സമന്വയം, ബൗദ്ധിക പ്രവർത്തനം, മെമ്മറി തുടങ്ങിയ മാനസിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി. ലോകത്തെക്കുറിച്ചുള്ള ചിന്തകളും വ്യാഖ്യാനങ്ങളും അടിസ്ഥാനമാക്കിയുള്ള സംഘടനാതത്വമാണ് അഹം. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ, 'ബാഹ്യലോകത്തിന്റെ നേരിട്ടുള്ള സ്വാധീനത്താൽ പരിഷ്ക്കരിച്ച ഇദിന്റെ ഭാഗമാണ് അഹം. അഹം യുക്തിയെന്നും സാമാന്യബുദ്ധിയെന്നും വിളിക്കപ്പെടുന്നതിനെ പ്രതിനിധീകരിക്കുന്നു,

- ഇദിനും യാഥാർത്ഥ്യത്തിനും ഇടയിലുള്ള മധ്യസ്ഥൻ

## സൂപ്പർ ഈഗോ

മനസ്സാക്ഷിയുടെ തലമാണ് സൂപ്പർ ഈഗോ. ലക്ഷണമൊത്ത മനുഷ്യനായി ഒരാളെ രൂപപ്പെടുത്തി എടുക്കുന്നത് സൂപ്പർ ഈഗോയാണ്. ആഗ്രഹങ്ങളെ പരിമിതിയിലേക്ക് മാറ്റി നിർത്തുകയാണ് സൂപ്പർ ഈഗോയുടെ മുഖ്യധർമ്മം. മനുഷ്യ സ്വഭാവത്തെക്കുറിച്ച് പവിത്രമായ സങ്കല്പങ്ങൾ സൂപ്പർ ഈഗോയിൽ ഉണ്ട്. അത് അസാധ്യമായി തീരുമ്പോൾ ഈഗോയെ സൂപ്പർ ഈഗോ കുറ്റബോധം കൊണ്ട് ശിക്ഷിക്കും. സന്മാർഗിക തത്വത്തിന്റെ അടിസ്ഥാനത്തിലാണ് സൂപ്പർ ഈഗോ പ്രവർത്തിക്കുന്നത്. എല്ലാത്തരം ജന്മവാസനകൾക്കും സൂപ്പർ ഈഗോ കടിഞ്ഞാൺ ഇടുന്നു. മനുഷ്യമനസ്സിന്റെ സഞ്ചാരങ്ങളെ കുറിച്ച് ഗഹനമായ പഠനം നടത്താനുള്ള അദ്ദേഹത്തിന്റെ ആഗ്രഹമാണ് ലോകത്തിന്റെ മാനസിക പഠനങ്ങളെ കീഴ് മേൽ മറിച്ചത്. മനുഷ്യന്റെ മാനസിക വികാസഘട്ടങ്ങളുടെ കേന്ദ്രം ലൈംഗികതയാണെന്ന് ഫ്രോയിഡ് വിലയിരുത്തി. ഈഡിപ്പസ്, ഇലക്ട്രാകോംപ്ലക്സുകളിലൂടെ മനുഷ്യന്റെ സൈക്കോ സെക്ഷ്വൽ ഘടകങ്ങളെ അദ്ദേഹം വിശദമായി വിലയിരുത്തി. ആൺകുട്ടികൾക്ക് അമ്മയോടും പെൺകുട്ടികൾക്ക് അച്ഛനോടും തോന്നുന്ന പ്രത്യേക വികാരങ്ങളെ ഈഡിപ്പസ്, ഇലക്ട്രാകോംപ്ലക്സുകളിലൂടെ ഫ്രോയിഡ് വിശദീകരിച്ചു. ലോകത്തെ മാറ്റിമറിച്ച ചിന്തകളുടെ ഉടമസ്ഥൻ ആയിരുന്ന ഫ്രോയിഡ് ജീവിച്ചിരുന്ന ഘട്ടത്തിൽ അദ്ദേഹത്തെ ഒരിക്കൽ പോലും ആരും പരിഗണിച്ചിരുന്നില്ല. 13 തവണയാണ് ഫ്രോയിഡ് നോബൽ സമ്മാനത്തിന് നാമനിർദ്ദേശം ചെയ്യപ്പെട്ടത്. ശാസ്ത്രീയമായ തെളിവുകളുടെ അഭാവം ചൂണ്ടിക്കാണിച്ച് അദ്ദേഹത്തിന് നോബൽ സമ്മാനം നിരസിക്കപ്പെട്ടു. ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖലയായി മനഃശാസ്ത്രം മാറിക്കഴിഞ്ഞപ്പോൾ ലോകം കടപ്പെട്ടിരിക്കുന്നത് ഈ മഹാദാർശനികനോടാണ്.

- ഈഡിപ്പസ്, ഇലക്ട്രാകോംപ്ലക്സുകൾ

സൂപ്പർ ഈഗോ സാംസ്കാരിക നിയമങ്ങളുടെ ആന്തരികവൽക്കരണത്തെ പ്രതിഫലിപ്പിക്കുന്നു, പ്രധാനമായും മാതാപിതാക്കളിൽ നിന്നും മാത്രമല്ല മറ്റ് അധികാര വ്യക്തികളിൽ നിന്നും പൊതു സാംസ്കാരിക ധാർമ്മികതയിൽ നിന്നും ആഗിരണം ചെയ്യപ്പെടുന്നു. ഫ്രോയിഡ് തന്റെ സൂപ്പർ ഈഗോ എന്ന ആശയം വികസിപ്പിച്ചെടുത്തത് ഈഗോ ആദർശത്തിന്റെയും 'അഹം' ആദർശത്തിൽ നിന്നുള്ള നാർസിസിസ്റ്റിക് സംതൃപ്തി ഉറപ്പാക്കുന്ന ദൗത്യം നിർവ്വഹിക്കുന്ന പ്രത്യേക മാനസിക ഏജൻസിയുടെയും ഒരു മുൻകാല സംയോജനത്തിൽ നിന്നാണ് നമ്മൾ അതിനെ 'മനസ്സാക്ഷി' എന്ന് വിളിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം

സൂപ്പർ ഈഗോയെ 'മാതാപിതാക്കളുടെ ഏജൻസിയുമായുള്ള തിരിച്ചറിയലിന്റെ വിജയകരമായ ഉദാഹരണം' എന്ന് വിശേഷിപ്പിക്കാം, ഒരു കുട്ടിയുടെ സൂപ്പർ-ഈഗോ യഥാർത്ഥത്തിൽ അതിന്റെ മാതാപിതാക്കളുടെ മാതൃകയിലല്ല, മറിച്ച് മാതാപിതാക്കളുടെ സൂപ്പർ-ഈഗോയുടെ മാതൃകയിലാണ് നിർമ്മിച്ചിരിക്കുന്നത്; അതിൽ നിറയുന്ന ഉള്ളടക്കങ്ങൾ ഒന്നു തന്നെയാണ്, ഇത് പാരമ്പര്യത്തിന്റെയും എല്ലാ കാലത്തെയും പ്രതിരോധിക്കുന്ന മൂല്യനിർണ്ണയങ്ങളുടെയും വാഹനമായി മാറുന്നു, അത് ഈ രീതിയിൽ തലമുറകളിലേക്ക് പ്രചരിക്കുന്നു.

- സൂപ്പർഈഗോ തലമുറകളിലേക്ക് പ്രചരിക്കുന്നു

സൂപ്പർ ഈഗോ പൂർണതയെ ലക്ഷ്യമിടുന്നു. പ്രധാനമായും വ്യക്തിത്വ ഘടനയുടെ ഭാഗമാണ്. എന്നാൽ പൂർണ്ണമായും അബോധാവസ്ഥയിലല്ല. അതിൽ വ്യക്തിയുടെ ഈഗോ ആദർശങ്ങൾ, ആത്മീയ ലക്ഷ്യങ്ങൾ, 'മനസ്സാക്ഷി' എന്ന് വിളിക്കപ്പെടുന്ന മാനസിക ഏജൻസി എന്നിവ ഉൾപ്പെടുന്നു. അത് ഡ്രൈവുകൾ, ഫാന്റസികൾ, എന്നിവയെ വിമർശിക്കുകയും നിരോധിക്കുകയും ചെയ്യുന്നു. അങ്ങനെ സൂപ്പർഈഗോ ഇദ്ന് വിരുദ്ധമായി പ്രവർത്തിക്കുന്നു. അഹത്തെ സാമൂഹികമായി സ്വീകാര്യമായ പെരുമാറ്റത്തിലേക്ക് പരിമിതപ്പെടുത്താൻ പ്രവർത്തിക്കുന്ന ഒരു ആന്തരിക സംവിധാനമാണിത്, അതേസമയം ഇദ് കേവലം തൽക്ഷണ ആത്മസംതൃപ്തി തേടുന്നു. സൂപ്പർ ഈഗോയും ഈഗോയും രണ്ട് പ്രധാന ഘടകങ്ങളുടെ ഫലമാണ്. കുട്ടിയുടെ നിസ്സഹായാവസ്ഥയും ഈഡിപ്പസ് കോംപ്ലക്സും. ഈഡിപ്പസ് കോംപ്ലക്സിന്റെ പിരിച്ചുവിടൽ വേളയിൽ, കാസ്ട്രേഷൻ ഭയന്ന് അമ്മയെ ഒരു പ്രണയവസ്തുവായി നിലനിർത്തുന്നതിൽ പരാജയപ്പെട്ടതിനെത്തുടർന്ന്, പിതൃരൂപവുമായുള്ള തിരിച്ചറിയൽ പ്രക്രിയയിലൂടെ ഇത് രൂപം കൊള്ളുന്നു.

- സൂപ്പർഈഗോ പൂർണതയെ ലക്ഷ്യമിടുന്നു

## സ്വപ്നവും കലയും

സ്വപ്നങ്ങൾ ആഗ്രഹപൂർത്തീകരണങ്ങളാണെന്ന് ഫ്രോയിഡ് സിദ്ധാന്തിക്കുന്നു. സ്വപ്നത്തിന്റെ യഥാർത്ഥ സ്രഷ്ടാവ് അബോധമനസ്സാണ്. എല്ലാ സ്വപ്നങ്ങളും ആഗ്രഹപൂർത്തീകരണത്തിന് വേണ്ടി നിലകൊള്ളുന്നു. ലോകചരിത്രത്തെ മാറ്റിമറിച്ച ആദ്യ 10 പുസ്തകങ്ങളിൽ ഒന്ന് ഫ്രോയിഡിന്റെ സ്വപ്നങ്ങളെ കുറിച്ചുള്ള വ്യാഖ്യാനം എന്ന കൃതിയായിരുന്നു. സ്വപ്നം, ദിവാസ്വപ്നം തുടങ്ങി മനുഷ്യന്റെ വ്യത്യസ്തങ്ങളായ ചിന്തകൾക്ക് നമ്മുടെ ജീവിതത്തിൽ അർത്ഥങ്ങൾ ഉണ്ടെന്ന് ഫ്രോയിഡ് ശാസ്ത്ര ലോകത്തോട് വിളിച്ചുപറഞ്ഞു. അബോധശക്തികളും അടങ്ങാത്ത ആഗ്രഹങ്ങളുമാണ് മനുഷ്യനെ നിരന്തരം സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്നതെന്ന് ഫ്രോയിഡ് പറയുന്നു. ആഗ്രഹപൂർത്തീകരണത്തിന്റെ പ്രതിബിംബങ്ങളായിട്ടാണ് മനുഷ്യനിൽ സ്വപ്നങ്ങൾ പ്രവർത്തിക്കുന്നത്. ഒരു സ്വപ്നത്തിന് രണ്ട് ഉള്ളടക്കങ്ങളുണ്ടാവും. ഒന്ന് പ്രകടമായതും മറ്റൊന്ന് അതിൽ മറഞ്ഞിരിക്കുന്നതും. ഇവ രണ്ടും കണ്ടെത്താൻ മനോവിശകലന വിദഗ്ധന് സാധിക്കുമെന്ന് ഫ്രോയിഡ് തെളിയിക്കുന്നു. ഓരോ മനുഷ്യന്റെയും അബോധ മനസ്സിൽ നടക്കുന്ന ചിന്താപ്രക്രിയകളെ കുറിച്ച് അറിയാനുള്ള വാതിലായി അദ്ദേഹം സ്വപ്നങ്ങളെ കണ്ടു. സ്വപ്നത്തിന്റെ യഥാർത്ഥ സ്രഷ്ടാവ് അബോധമനസ്സാണ്. ഗൂഢമായ സ്വപ്നങ്ങളാണ് സെൻസറി ഇമേജുകളായും വിഷ്വൽ ഇമേജുകളായും വെളിപ്പെടുന്നത്. കലാനിർമ്മാണ പ്രവർത്തനവും സ്വ

- ഗൂഢമായ സ്വപ്നങ്ങളാണ് സെൻസറി ഇമേജുകളായും വിഷ്വൽ ഇമേജുകളായും വെളിപ്പെടുന്നത്

പ്നതുല്യമാണ്. വാസ്തവത്തിൽ കല ഒരു രക്ഷപ്പെടലാണ്. കലാസൃഷ്ടിയായി വിവർത്തനം ചെയ്യപ്പെടുന്ന സ്വപ്നമാണ് കലാകാരന്റേത്. ഒരു മാനസികരോഗി മെനയുന്ന സങ്കല്പവും കലാകാരന്റെ സൃഷ്ടിയും സമാനമാണ്. മാനസിക രോഗിയും സ്വപ്നദർശിയും സ്വപ്നലോകത്ത് കഴിയുന്നവരാണ്. കലാകാരന് സ്വന്തം സ്വപ്നങ്ങൾക്ക് മേൽ പൂർണ നിയന്ത്രണം ഉണ്ടായിരിക്കും.

## സി.ജി. യുങ്

▶ അനലറ്റിക്കൽ സൈക്കോളജിയുടെ പിതാവ്

ലോകപ്രശസ്ത ചിന്തകനും മഃനശാസ്ത്രജ്ഞനുമായിരുന്ന സി.ജി. യുങ്. അനലറ്റിക്കൽ സൈക്കോളജിയുടെ പിതാവായി അദ്ദേഹം അറിയപ്പെടുന്നു. സിഗ്മണ്ട് ഫ്രോയിഡിനു ശേഷം ഈ മേഖലയിൽ ഏറ്റവും പ്രശസ്തനായ മനശാസ്ത്രജ്ഞൻ യുങാണ്. മനസ്സിന് മൂന്ന് ഭാഗങ്ങളുണ്ടെന്ന് യുങ് പറയുന്നു. അഹം, വൈയക്തികതാ ബോധം, സഞ്ചിതാവബോധം എന്നിവയാണ് അവ. ബോധമനസ്സാണ് അഹം. ഓർമ്മകളും അടിച്ചമർത്തപ്പെട്ട വികാരങ്ങളും അടിഞ്ഞു കൂടികിടക്കുന്ന അബോധ മനസ്സാണ് വൈയക്തികതാ ബോധം. മനുഷ്യന് പൊതുവായിട്ടുള്ളതാണ് സഞ്ചിതാവബോധം. ഇത് എല്ലാ മനുഷ്യരിലും ഉണ്ടെന്ന് യുങ് പറയുന്നു. സംസ്കൃതം ഉൾപ്പെടെ നിരവധി ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി.

അദ്ദേഹത്തിന്റെ കൃതികൾ സാഹിത്യലോകത്ത് ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഹെർമ്മൻ ഹൈസ്സെയെ പോലുള്ള എഴുത്തുകാർ ഉദാഹരണമാണ്. Man And His Symbols, Memories, Dreams, Reflections, The Undiscovered Self, Modern Man in Search of a Soul, Psychology of the Unconscious എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. The Archetypes and the collective Unconscious അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രചനയാണ്. എല്ലാ സ്ത്രീകളുടെയും അവബോധ മനസ്സിൽ പുരുഷത്വവും എല്ലാ പുരുഷന്മാരുടെയും മനസ്സിൽ സ്ത്രീത്വവുമുണ്ടെന്ന് യുങ് പറയുന്നു. അനിമസ്, അനിമ എന്നീ പദങ്ങളാണ് ഈ ആശയത്തിനായി യുങ് ഉപയോഗിച്ചത്. കൂടാതെ സൃഷ്ടി അവബോധം, സാർവ ലൗകിക അവബോധം എന്നീ ആശയങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. മനുഷ്യമനസ്സിനെ നൂറ്റാണ്ടുകളായി രൂപപ്പെട്ട നദീതീരത്തോടാണ് അദ്ദേഹം ഉപമിച്ചത്.

▶ അനിമസ്, അനിമ എന്നീ പദങ്ങൾ

ഒരു സ്വിസ് സൈക്യാട്രിസ്റ്റും സൈക്കോ അനലിസ്റ്റും ആയിരുന്നു സി.ജി. യുങ്. അദ്ദേഹം അനലിറ്റിക്കൽ സൈക്കോളജി സ്ഥാപിച്ചു. അദ്ദേഹം ഒരു മികച്ച എഴുത്തുകാരനും ചിത്രകാരനും ലേഖകനുമായിരുന്നു. അദ്ദേഹത്തിന്റെ 'ആത്മകഥ' ഓർമ്മകൾ, സ്വപ്നങ്ങൾ, പ്രതിഫലനങ്ങൾ എന്നിവയിലൂടെ ഏറ്റവും കൂടുതൽ അറിയപ്പെടുന്നു. സൈക്യാട്രി, നരവംശശാസ്ത്രം, പുരാവസ്തുശാസ്ത്രം, സാഹിത്യം, തത്ത്വചിന്ത, മനഃശാസ്ത്രം, മതപഠനം എന്നീ മേഖലകളിൽ യുങിന്റെ പ്രവർത്തനങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. മാനുഷിക മനഃശാസ്ത്രത്തെക്കുറിച്ചുള്ള അവരുടെ സംയുക്ത കാഴ്ചപ്പാടിന് പരമപ്രധാനമായ ഒരു നീണ്ട കത്തിടപാടുകൾ നടത്തി, മനോവിശ്ലേഷണത്തിന്റെ സ്ഥാപകനായ സിഗ്മണ്ട് ഫ്രോയിഡുമായി സൗഹൃദം വളർത്തിയെടുക്കാൻ, സ്വാധീനമുള്ള ഒരു മനസ്സായി യുങ് സ്വയം സ്ഥാപിച്ചു. ചരിത്രത്തിലെ ഏറ്റവും സ്വാധീന

മുള്ള മനഃശാസ്ത്രജ്ഞരിൽ ഒരാളായാണ് യുങ് പരക്കെ കണക്കാക്കപ്പെടുന്നത്. മനോവിശ്ലേഷണത്തിൽ നിന്ന് വേറിട്ടുനിൽക്കുന്ന ഒരു സമഗ്രമായ സംവിധാനമെന്ന നിലയിൽ യുങിന്റെ വിശകലന മനഃശാസ്ത്രം സ്ഥാപിക്കപ്പെട്ടു. അനലിറ്റിക്കൽ സൈക്കോളജിയുടെ കേന്ദ്ര സങ്കൽപ്പങ്ങളിൽ വ്യക്തിത്വമാണ്-ഓരോ വ്യക്തിയുടെയും ബോധപൂർവവും അബോധാവസ്ഥയിലുള്ളതുമായ ഘടകങ്ങളിൽ നിന്ന് സ്വയം വേർതിരിക്കുന്ന ആജീവനാന്ത മനഃശാസ്ത്ര പ്രക്രിയ. മനുഷ്യവികസനത്തിന്റെ പ്രധാന ദൗത്യമായി യുങ് അതിനെ കണക്കാക്കി. സമന്വയം, ആർക്കിടൈപ്പൽ പ്രതിഭാസങ്ങൾ, കൂട്ടായ അബോധാവസ്ഥ, മനഃശാസ്ത്ര സമുച്ചയം, ബഹിരാകാശവും അന്തർമുഖത്വവും എന്നിവയുൾപ്പെടെ അറിയപ്പെടുന്ന ചില മനഃശാസ്ത്രപരമായ ആശയങ്ങൾ അദ്ദേഹം സൃഷ്ടിച്ചു. ഒരു കലാകാരൻ, കരകൗശല വിദഗ്ധൻ, നിർമ്മാതാവ്, സമർത്ഥനായ എഴുത്തുകാരൻ കൂടിയായിരുന്നു യുങ്.

> ▶ വ്യക്തിത്വമാണ് ആജീവനാന്ത മനഃശാസ്ത്ര പ്രക്രിയ

## കലക്റ്റിവ് അൺകോൺഷ്യസ്(Collective Unconsious)

സി.ജി. യുങ് ആണ് ഈ ആശയം അവതരിപ്പിച്ചത്. അബോധമനസ്സിനെയും അതിലെ ആശങ്ങളെയുമാണ് ഈ പദം സൂചിപ്പിക്കുന്നത്. ലോകമെമ്പാടുമുള്ള പുരാണങ്ങളിൽ സമാനമായ ഉള്ളടക്കം സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാൻ കലക്റ്റീവ് അൺകോൺഷ്യസ് സഹായിക്കുന്നു. വ്യക്തികളുടെ ജീവിതത്തിൽ അഗാധമായ സ്വാധീനം ചെലുത്തുവാൻ ഇത് സഹായിക്കുന്നു. മഹാനായ മനുഷ്യൻ, ജ്ഞാനിയായ വൃദ്ധൻ തുടങ്ങിയ കഥാപാത്രങ്ങൾ മിക്ക രചനകളിലും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. കലക്റ്റിവ് അൺകോൺഷ്യസ് എന്ന പദം ആദ്യമായി പ്രത്യക്ഷ്യപ്പെട്ടത് യുങ്ങിന്റെ 'അബോധാവസ്ഥയുടെ ഘടന' എന്ന ലേഖനത്തിലാണ്.

> ▶ അബോധാവസ്ഥയുടെ ഘടന എന്ന ലേഖനം

സി.ജി. യുങ് സമഷ്ടി മനസ്സ് എന്ന സത്തയെപ്പറ്റി പഠനം നടത്തുംവരെ പാശ്ചാത്യ ലോകത്ത് മതാവബോധം, മിത്തോളജി തുടങ്ങിയവയ്ക്ക് വ്യക്തി മനഃശാസ്ത്രേതരമായ വ്യാഖ്യാന പദ്ധതികൾ ഉണ്ടായിരുന്നില്ല. സമഷ്ടി മനസ്സ് എന്ന സങ്കല്പവും സമൂഹസത്തയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പരമാത്മാ-ജീവാത്മാ സങ്കല്പവും അതിലധിഷ്ഠിതമായ ദർശനങ്ങളും പ്രാചീനഭാരതത്തിൽ വികസിച്ചിരുന്നെങ്കിലും മനഃശാസ്ത്രാധിഷ്ഠിതമായ ദർശനങ്ങളെ അപ്രകാരമെന്ന് തിരിച്ചറിയാൻ സഹായിക്കുന്ന വ്യാഖ്യാനപദ്ധതികൾ വികസിച്ചിരുന്നില്ലെന്ന് ലീലാവതി പറയുന്നു. സമഷ്ടിയുടെ അബോധചേതസ്സിനെ യുങ് കലക്റ്റിവ് അൺകോൺഷ്യസ് എന്നുപറയുന്നു, വ്യക്തിയുടെ അബോധതലത്തിന് വ്യക്തിപരം, സാമൂഹികം എന്ന രണ്ട് മാനങ്ങളുണ്ട്. അനാദിയായ സർഗാനുഭൂതികളുടെ സഞ്ചിത സാരസത്തകൾ വർഗസ്മൃതിയിൽ വർത്തിക്കുന്നു. ഓരോ വ്യക്തിയും ഈ മൗലിക സത്തകളുടെ ആകരമായ വർഗസ്മൃതി ചേതസ്സിൽ വഹിക്കുന്നു. അനാദിയായ സമഷ്ടിചേതസ്സിൽ വർത്തിക്കുന്ന സാകാരവും നിരാകാരവുമായ സത്തകളെയാണ് ആദിരൂപങ്ങൾ എന്നു വിളിക്കുന്നത്.

> ▶ സാകാരവും നിരാകാരവുമായ സത്തകളെ ആദിരൂപങ്ങൾ എന്നു വിളിക്കുന്നു

### ആർക്കിടൈപ്പ് (Archetype)

ഒരു വസ്തുവിന്റെ അടിസ്ഥാന സ്വഭാവങ്ങളെ ആവിഷ്ക്കരിക്കുന്ന ദൈവികമായ ദാർശനിക സങ്കല്പമാണ് ആർക്കിടൈപ്പുകളെന്ന്

> ▶ മനുഷ്യന്റെയുള്ളിൽ ഉറങ്ങിക്കിടക്കുന്ന അബോധബിംബങ്ങളാണ് ആർക്കിടൈപ്പുകൾ

പറയാറുണ്ട്. യുങിന്റെ അഭിപ്രായത്തിൽ ലോകത്തെവിടയുമുള്ള മനുഷ്യമനസ്സിൽ രൂഢമൂലമായ സമഷ്ടി ബോധതലമുള്ള ആശയങ്ങളും ചിന്തയുടെ രൂപമാത്രകളുമാണ് ആർക്കിടൈപ്പുകൾ. മനുഷ്യന്റെയുള്ളിൽ ഉറങ്ങിക്കിടക്കുന്ന അബോധബിംബങ്ങളാണ് ആർക്കിടൈപ്പുകൾ എന്നും യുങ് പ്രസ്താവിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ മനസ്സിൽ അനാദികാലം മുതൽക്കേയുള്ള അനുഭൂതികൾ ഉറങ്ങിക്കിടക്കുന്നുണ്ട്. ആ അനുഭൂതികളെ ആത്മാവിൽ നിന്നും നീക്കിക്കളയാൻ സാധ്യമല്ല. അവ ആർക്കിടൈപ്പുകളായി രൂപപ്പെടുന്നു.

ഒരു പ്രത്യേക ആർക്കിടൈപ്പിൽ നിന്നും ഒന്നിലേറേ പുരാവൃത്തങ്ങളുണ്ടാകുന്നു. വീരനായകനു/രക്ഷകാ ബിംബം എന്ന ആർക്കിടൈപ്പിനെ കേന്ദ്രമാക്കി ലോകമെമ്പാടും എത്രയോ പുരാവൃത്തങ്ങൾ രൂപമെടുത്തിരിക്കുന്നു. മാതൃബിംബ ആർക്കിടൈപ്പിൽ നിന്നാണ് ഈജിപ്തിലും ഇന്ത്യയിലും അമ്മ ദൈവസങ്കല്പങ്ങളെക്കുറിച്ചുള്ള പുരാവൃത്തങ്ങളുണ്ടായിട്ടുള്ളത്. മാതൃ ബിംബത്തിൽ നിന്നും എത്രയെത്ര പുരാവൃത്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഗ്രീക്ക് മിത്തോളജിയിലെ ഉർവ്വരതാ ദേവതയായ 'സിറസ്' ഉദാഹരണം. ഋതു പരിവർത്തനങ്ങളും ജനിമൃതികളും സംബന്ധിക്കുന്ന എല്ലാ പുരാവൃത്തങ്ങളും 'ആവൃത്തി' എന്ന ഏക ആർക്കിടൈപ്പിൽ നിന്നും ഉണ്ടായതാണ്. ആർക്കിടൈപ്പുകൾ അടിസ്ഥാനപരമായി മനുഷ്യൻ പിറവിയെടുത്തതു മുതൽ ഉണ്ടായ അനുഭവങ്ങൾ രൂപം കൊടുത്ത ലക്ഷ്യങ്ങളെ പ്രതിനിധീകരിക്കുന്നവയുമാണ്. അബോധതലത്തിൽ രൂപപ്പെട്ട ഇത്തരം ബിംബങ്ങൾ മിത്തുകളെ സ്വാധീനിക്കുന്നു. ആർക്കിടൈപ്പുകളില്ലാതെ മിത്തുകളുടെ നിലനിൽപ് സാധ്യമല്ല. പ്ലേറ്റോയുടെ കാലത്തു തന്നെ ആർക്കിടൈപ്പുകളെ കുറിച്ചുള്ള അന്വേഷണം നടക്കുന്നുണ്ട്. 17ാം നൂറ്റാണ്ടിൽ തോമസ് ബ്രൌണും ബേക്കണും തങ്ങളുടെ രചനകളിൽ ആർക്കിടൈപ്പ് എന്ന പദം ഉപയോഗിച്ച് കാണുന്നുണ്ട്.

> ▶ ആർക്കിടൈപ്പുകളില്ലാതെ മിത്തുകളുടെ നിലനില്പ് സാധ്യമല്ല

ആർക്കിടൈപ്സ് ആൻഡ് കളക്ടീവ് അൺകോൺഷ്യസ് എന്ന കൃതിയിലൂടെയാണ് സി. ജി. യുങ് ആർക്കിടൈപ്പുകളെ (ആദ്യരൂപങ്ങൾ) കുറിച്ച് വിശദമായി പ്രതിപാദിച്ചത്. അദ്ദേഹം സൃഷ്ടിമനസ് എന്ന സത്തയെക്കുറിച്ച് പഠനം നടത്തുന്നതുവരെ പാശ്ചാത്യ ലോകത്ത് മിത്തോളജിക്ക് വ്യാഖ്യാനങ്ങൾ ഉണ്ടായിരുന്നില്ല. സമഷ്ടിയുടെ അബോധ ചേതസ്സിന് യുങ് Collective unconscious എന്ന പേരു കൊടുത്തു. അനാദിയായ ചേതസ്സിൽ വർത്തിക്കുന്ന സകാരവും നിരാകാരവുമായ സത്തകളെയാണ് ആദിപ്രരൂപങ്ങൾ (Archetypes) എന്ന് വിളിക്കുന്നത്. ഗ്രീക്ക് ഭാഷയിൽ 'Original pattern' എന്നർത്ഥമുള്ള പദത്തിൽ നിന്നാണ് ഈ പദം ഉണ്ടായത്. മനുഷ്യമനസ്സിൽ നിലനിൽക്കുന്ന ചില മൂല മാതൃകകളാണ് ആദിപ്രരൂപങ്ങൾ.

> ▶ Original pattern എന്നർത്ഥമുള്ള പദത്തിൽ നിന്നാണ് ആദിപ്രരൂപങ്ങൾ ഉണ്ടായത്

ഫ്രോയിഡ് മനുഷ്യമനസ്സിനെ ബോധം/ അബോധം എന്നിങ്ങനെ വിഭജിച്ചപ്പോൾ സമൂഹത്തിനും മനസ്സുണ്ടെന്ന് വിശദീകരിച്ചു. സമൂഹമനസ്സിന് വ്യക്തി മനസ്സിൽ എന്നപോലെ ബോധം/ അബോധം ഉണ്ടെന്ന് അദ്ദേഹം സ്ഥാപിച്ചു. ഈ സാമൂഹ്യ ബോധത്തിന്റെ (collective unconscious) ഉൽപ്പന്നങ്ങളാണ് ആദിപ്രരൂപങ്ങൾ. സമൂഹ മനസ്സിന്റെ അബോധത്തിലുള്ള ചില പാറ്റേണുകളാണ് അവയുടെ ഉള്ളടക്കം നിർണ്ണയിക്കുന്നത്.

ഐതിഹ്യങ്ങൾ, പുരാവൃത്തങ്ങൾ, നാടോടി കഥകൾ, സ്വപ്നങ്ങൾ, വീരഗാഥകൾ എന്നിവയിൽ എല്ലാം ഈ പാറ്റേണുകൾ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട് psychology and religion എന്ന ഗ്രന്ഥത്തിൽ സി.ജി. യുങ് ആദിപ്രരൂപങ്ങൾക്ക് കൃത്യമായ വ്യാഖ്യാനം കൊടുക്കുന്നുണ്ട്. പുരാവൃത്തങ്ങളുടെ ഘടകങ്ങളെന്ന നിലയ്ക്ക് ലോകത്തെമ്പാടുമുള്ള വിവിധ ജനതകളുടെ ഇടയിൽ പ്രചരിക്കുന്നവയും അതേസമയം അബോധ ചേതസ്സിന്റെ മണ്ണിൽ വേരുന്നിയ വൈയക്തികോത്പന്നങ്ങളുമായി പ്രത്യക്ഷപ്പെടുന്നവയും സാമൂഹിക സ്വഭാവമുള്ളവയുമായ രൂപങ്ങളും പ്രതീകങ്ങളുമാണ് ആദിപ്രരൂപങ്ങൾ.

▶ psychology and religion എന്ന ഗ്രന്ഥത്തിൽ ആദിപ്രരൂപ വ്യാഖ്യാനം

## മിത്ത് (Myth)

ഒരു പ്രാക്തന സമൂഹത്തിന്റെ സ്വത്വവും വിശ്വാസങ്ങളും അടിസ്ഥാന ആശയങ്ങളും മിത്ത് എന്ന സങ്കല്പത്തിൽ ഉൾക്കൊള്ളുന്നു. മിത്ത് എന്ന പദത്തിന് കെട്ടുകഥ, പുരാവൃത്തം, എന്നൊക്കെയാണ് അർത്ഥം. അമാനുഷരായ കഥാപാത്രങ്ങളെയും അലൗകിക പ്രതിഭാസങ്ങളെയും ഉൾക്കൊള്ളുന്ന ആഖ്യാനങ്ങളാണ് മിത്തുകൾ എന്നറിയപ്പെടുന്നത്. മിത്തുകൾ കൽപ്പന കഥകൾ മാത്രമല്ലെന്നും അവ യാഥാർത്ഥ്യത്തിന്റെ ഗൂഢാർത്ഥമാണ് ഉൾക്കൊള്ളുന്നതെന്നും ഒരു വാദം ഉണ്ട്. മിത്തോസ് (Mathos) എന്ന യവനഭാഷാ പദത്തിൽ നിന്നുമാണ് മിത്ത് എന്ന പദത്തിന്റെ ഉല്പ്പത്തി. ഹെറാ ക്ലീറ്റസും(Heraclitus) സെനോഫാനസും(Xenophanes) മിത്തിന്, കുട്ടികൾക്കും ലളിത മനസ്സുള്ളവർക്കും യോജിക്കുന്ന നിസ്സാരമായ കഥകൾ എന്നൊരു അർത്ഥം കല്പിക്കുന്നുണ്ട്. മനുഷ്യന് വിശദീകരിക്കുവാനാകാത്ത അതിഭൗതികതയുടെ ഒരു തലം മിത്തുകളെ നിഷേധിച്ചിരുന്നില്ല. മിത്ത് എന്ന പദത്തിന് ഏറ്റവും യോജിച്ച അർത്ഥം സത്യമോ അസത്യമോ അല്ലാത്തത് എന്നതാണെന്ന് ചിലർ വാദിക്കുന്നുണ്ട്. ശാസ്ത്രം കൊണ്ടോ യുക്തി കൊണ്ടോ നിർവ്വചിക്കാൻ കഴിയാത്തതാണ് മിത്തുകൾ.

▶ സത്യമോ അസത്യമോ അല്ലാത്തത് മിത്ത്

മിത്ത് എന്ന ആശയത്തിന്റെ വിശദീകരണമാണ് മിത്തോളജി. 'യാഥാർത്ഥത്തിൽ നടന്നത്' എന്നു വിശ്വസിച്ചിരുന്ന പ്രാചീനകഥകളുടെ ഒരു വ്യവസ്ഥാപിത രൂപത്തെയാണ് മിത്തോളജി എന്നു വിളിക്കുന്നത്. മിത്തുകളുടെ സ്വാധീനമില്ലാത്ത ഒരു ജനത ലോകത്ത് എങ്ങും കാണാൻ കഴിയില്ല. ആദിമ മനുഷ്യന്റെ തത്ത്വചിന്തയാണ് മിത്തുകളിൽ കാണുന്നതെന്ന് നരവംശശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. മിത്തുകൾ വെറും ചരിത്രങ്ങളല്ല, പ്രകൃതി ചരിത്രങ്ങളാണെന്ന് വാദിക്കുന്നവരുണ്ട്. മിത്തുകൾ പ്രകൃതിഭാവനകളെ കുറിച്ചുള്ള അന്യാപദേശങ്ങളാണെന്ന് അവർ വാദിക്കുന്നു. വില്യം റോബിൻസനാണ് ഇത്തരം ഒരാശയം മുന്നോട്ട് വച്ചത്. ആദിമനുഷ്യൻ മന്ത്രവാദങ്ങളിലും മറ്റ് ആഭിചാരങ്ങളിലും വിശ്വസിച്ചിരുന്നു. കാലപ്പഴക്കത്തിൽ വിശ്വാസം നഷ്ടമായപ്പോൾ തന്റെ കഴിഞ്ഞകാല മന്ത്രവാദങ്ങൾ ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനായി നടത്തപ്പെട്ടവയാണെന്നു ന്യായീകരിക്കുന്നതിനായി മിത്തുകൾ കണ്ടെത്തുകയായിരുന്നുവെന്ന് ഫ്രേസർ(Frazer)അഭിപ്രായപ്പെടുന്നുണ്ട്. എൻസൈക്ലോപീഡിയ ഡിക്ഷണറി പ്രകാരം അജ്ഞാതവും ഭാഗികമായെങ്കിലും പരമ്പരാഗതവുമായ പ്രത്യക്ഷത്തിൽ ബന്ധിപ്പിക്കുന്ന കഥകളോ കെട്ടുകഥകളോ ആണ് മിത്തുകൾ.

▶ മിത്ത് എന്ന ആശയത്തിന്റെ വിശദീകരണമാണ് മിത്തോളജി

## നോർത്രോപ് ഫ്രൈയുടെ നിരീക്ഷണങ്ങൾ

ആദിപ്രരൂപ നിരൂപണരീതിയെ കൃത്യമായി സാങ്കേതിക പദാവലികളിൽ സിദ്ധാന്തവൽക്കരിച്ച് സാഹിത്യത്തിൽ ആദ്യമായി പ്രയോഗക്ഷമമാക്കിയത് നോർത്രോപ് ഫ്രൈ ആണ്. The Archetypes of Literature- 20th Century എന്ന കൃതിയിലൂടെയാണ് അദ്ദേഹം ഇത് സാധ്യമാക്കിയത് ആദിപ്രരൂപ നിരൂപണത്തെ ഒരു സാഹിത്യകൃതി അപഗ്രഥിക്കാനുള്ള മികച്ച ഉപാധി എന്ന നിലയിലേക്ക് ഉയർത്താൻ നോർത്രോപ്ഫ്രൈയുടെ പ്രവർത്തനങ്ങൾ സഹായിച്ചു. വില്യം ബ്ലേക്കിന്റെ കവിതകളുടെ നിരൂപണകൃതിയായ 'Fearful Symmetry' എന്ന കൃതിയിലൂടെ ഫ്രൈ പ്രശസ്തനായി. 'അനാട്ടമി ഓഫ് ക്രിട്ടിസിസം' എന്ന കൃതിയാണ് സാഹിത്യ നിരൂപണ സിദ്ധാന്തത്തിൽ അദ്ദേഹത്തിന്റെ മികവ് തെളിയിച്ചത്. ഏറ്റവും മഹത്തായ ക്ലാസിക്കുകൾ എന്ന നിരീക്ഷണത്തിൽ പ്രാകൃത സൂത്രവാക്യങ്ങൾ (Primitive formulas) സാഹിത്യത്തിന് വാക്കുകളുടെ ക്രമം നൽകുന്നുവെന്ന് പറഞ്ഞു. വാക്കുകളുടെ ക്രമമാണ് വായനക്കാരെ കൃതിയിലേക്ക് അടുപ്പിക്കുന്നത്. കൃതിയോട് ഭാവനാത്മകമായി പ്രതികരിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുന്നത് ഈ ഘടകമാണ്.

▶ അനാട്ടമി ഓഫ് ക്രിട്ടിസിസം

സാമൂഹിക സന്ദർഭത്തിലെയും വിപുലമായ കാഴ്ചപ്പാടിലേക്കും സാഹിത്യകൃതിയെ വിശകലനം ചെയ്യാൻ സഹായിക്കുന്നത് വാക്കുകളുടെ ക്രമമാണ്. ഫ്രൈ ഈ പ്രാകൃത സൂത്രവാക്യങ്ങളെ സാമ്പ്രദായിക മിത്തുകളും രൂപകങ്ങളുമായി (Conventional myths and metaphors) തിരിച്ചറിയുന്നു. അദ്ദേഹം ഇതിനെ പുരാവൃത്തങ്ങൾ എന്ന് വിശേഷിപ്പിക്കുന്നു. വാക്കുകളുടെ ഒരു ക്രമമായിട്ടാണ് പുരാവൃത്തങ്ങൾ സാഹിത്യത്തിൽ നിലനിൽക്കുന്നത്. പ്രത്യയശാസ്ത്രപരമായ വ്യവസ്ഥയിലല്ല കേവലമായിട്ടുള്ള ഭാവനയിലാണ് ഇത് വേരാഴ്ത്തിയിട്ടുള്ളത്. സാഹിത്യകൃതിയെ സാങ്കൽപ്പികമായി വിലയിരുത്തുവാൻ ഇത് സഹായിക്കുന്നു. സാഹിത്യകൃതിയെ ഏതെങ്കിലും പ്രത്യയശാസ്ത്രപരമായ സ്ഥാനത്തു നിന്നും വിശകലനം ചെയ്യുന്നതിനേക്കാൾ നല്ലത് സാഹിത്യത്തിന്റെ മേഖലയിൽ നിന്നു തന്നെ അതിന്റെ അന്തസത്ത തിരിച്ചറിയുന്നതാണ്.

▶ വാക്കുകളുടെ ഒരു ക്രമമായിട്ടാണ് പുരാവൃത്തങ്ങൾ നിലനിൽക്കുന്നത്

## Summarised Overview

ടി.എസ്. എലിയറ്റ്(T.S. Eliot) വിശദീകരിച്ചതുപോലെ, പാരമ്പര്യം, ധർമ്മം, വ്യക്തിത്വമില്ലായ്മ എന്നീമേഖലയിലേക്ക് പഠന സാമഗ്രികൾ കടന്നുപോകുന്നു. സാംസ്കാരിക പൈതൃകത്തിന്റെയും വ്യക്തിഗത സ്വത്വത്തിന്റെയും ഒരു ടേപ്പ് നെയ്തെടുക്കുന്ന എലിയറ്റിന്റെ പര്യവേക്ഷണം മനുഷ്യന്റെ അസ്തിത്വത്തിന്റെ സങ്കീർണ്ണമായ സൂക്ഷ്മതകൾക്ക് ദിശാബോധം നൽകുന്നു. വികാരങ്ങളെയും അനുഭവങ്ങളെയും മൂർത്തമായ ചിഹ്നങ്ങളാക്കി മനുഷ്യാവസ്ഥയെ ആഴത്തിൽ മനസ്സിലാക്കാൻ പ്രാപ്തമാക്കുന്ന ഒരു സാഹിത്യ ഉപകരണമായ ഒബ്ജക്റ്റീവ് കോറിലേറ്റീവ് എന്ന ആശയമാണ് അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ കേന്ദ്രബിന്ദു. എലിയറ്റിന്റെ സമീപനം വിമർശനാത്മകമായ അഭിനന്ദനം ക്ഷണിച്ചുവരുത്തുന്നു, പാരമ്പര്യത്തിന്റെയും വ്യക്തിപരമായ ധാർമ്മികതയുടെയും പരസ്പരബന്ധത്തെക്കുറിച്ച് ചിന്തിക്കാൻ വായനക്കാരെ ക്ഷണിക്കുന്നു,

ആത്യന്തികമായി അർത്ഥത്തിനും സ്വത്വത്തിനും വേണ്ടിയുള്ള കാലാതീതമായ അന്വേഷ ണത്തെ പ്രകാശിപ്പിക്കുന്നു.

കൂടാതെ, ഫ്രോയിഡിന്റെയും യുങിന്റെയും അടിസ്ഥാനസിദ്ധാന്തങ്ങളുമായി സമാന്ത രമായി വരച്ച് എലിയട്ടിന്റെ പ്രവർത്തനത്തിന്റെ മനഃശാസ്ത്രപരമായ അടിസ്ഥാനങ്ങളെ പ ഠന സാമഗ്രികൾ സൂക്ഷ്മമായി പരിശോധിക്കുന്നു. മനോവിശ്ലേഷണത്തിന്റെ വീക്ഷണത്തി ലൂടെ, ഉപബോധ മണ്ഡലത്തെക്കുറിച്ചുള്ള എലിയറ്റിന്റെ പര്യവേക്ഷണം മനുഷ്യപ്രകൃതിയു ടെ സങ്കീർണ്ണതകളെക്കുറിച്ചുള്ള അഗാധമായ ധ്യാനമായി ഉയർന്നുവരുന്നു. ഫ്രോയിഡിന്റെ മാനസികാവസ്ഥയുടെ ത്രികക്ഷി ഈദ്, ഈഗോ, സൂപ്പർഈഗോ-എലിയറ്റിന്റെ ആന്തരിക സംഘട്ടനങ്ങളോടും സാമൂഹിക പ്രതീക്ഷകളോടും പൊരുത്തപ്പെടുന്ന കഥാപാത്രങ്ങളുടെ ചിത്രീകരണത്തിൽ അനുരണനം കണ്ടെത്തുന്നു. അതുപോലെ, ജംഗിന്റെ കൂട്ടായ അബോ ധാവസ്ഥയെയും ആർക്കിടൈപ്പിനെയും കുറിച്ചുള്ള ആശയങ്ങൾ എലിയറ്റിന്റെ തീമാറ്റിക് ടേ പ്പ്സ്ട്രിയെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തെ സമ്പന്നമാക്കുന്നു, ഇത് മനുഷ്യാനുഭവങ്ങളുടെ സാർവത്രികതയും മിഥ്യയുടെ ശാശ്വത ശക്തിയും വ്യക്തമാക്കുന്നു.

കൂടാതെ, നോർത്രോപ് ഫ്രൈയെപ്പോലുള്ള പണ്ഡിതന്മാരുടെ വിമർശനാത്മക വീക്ഷണ ങ്ങളുമായി പഠന സാമഗ്രികൾ ഇടപഴകുന്നു, അവരുടെ ഉൾക്കാഴ്ചകൾ സാഹിത്യ വ്യവ ഹാരത്തിൽ എലിയട്ടിന്റെ ശാശ്വതമായ പ്രസക്തിയിലേക്ക് വെളിച്ചം വീശുന്നു. ഫ്രൈയുടെ നിരീക്ഷണങ്ങൾ സാഹിത്യം, സംസ്കാരം, മിത്ത് എന്നിവ തമ്മിലുള്ള സഹജീവി ബന്ധത്തെ അടിവരയിടുന്നു. പാരമ്പര്യത്തിന്റെയും ആധുനികതയുടെയും എലിയട്ടിന്റെ മജിസ്റ്റീരിയൽ സംയോജനത്തെ പ്രകാശിപ്പിക്കുന്നു. എലിയറ്റിന്റെ കൃതികളുടെ സമഗ്രമായ പരിശോധനയി ലൂടെ, വൈവിധ്യമാർന്ന വിമർശനാത്മക ലെൻസുകളാൽ, പഠനസാമഗ്രികൾ തലമുറകളിലൂ ടെ വായനക്കാരിൽ പ്രതിധ്വനിക്കുന്ന പാരമ്പര്യം, ധർമ്മം, വ്യക്തിത്വമില്ലായ്മ എന്നിവയുടെ കാലാതീതമായ തീമുകൾക്ക് അഗാധമായ വിലമതിപ്പ് നൽകുന്നു.

## Assignments

1. ടി.എസ്. എലിയറ്റിന്റെ നിരൂപണരീതിയുടെ സവിശേഷതകൾ വിമർശനാത്മകമായി അപഗ്രഥിക്കുക.
2. മനോവിജ്ഞാനീയ വിമർശനത്തിന്റെ അടിസ്ഥാനതത്വങ്ങൾ വിശകലനം ചെയ്യുക.
3. സ്വപ്നവും കലയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഫ്രോയിഡിന്റെ നിരീക്ഷണ ങ്ങൾ വിശദമാക്കുക.
4. ആദിപ്രരൂപങ്ങളും സാഹിത്യവും തമ്മിലുള്ള ബന്ധം വിവരിക്കുക.
5. നിരൂപണധർമ്മത്തെക്കുറിച്ചുള്ള ടി.എസ് എലിയറ്റിന്റെ അഭിപ്രായങ്ങൾ ക്രോഡീകരി ക്കുക.
6. നോർ ത്രോപ് ഫ്രെയുടെ നിരൂപണ നിരീക്ഷണങ്ങളെപ്പറ്റി അപഗ്രഥിക്കുക
7. ആർക്കിടൈപ്പുകളെപ്പറ്റി സി.ജി. യുങിന്റെ വിലയിരുത്തലുകളെ ക്രോഡീകരിക്കുക
8. സിഗ്മണ്ട് ഫ്രോയിഡിന്റെ അഭിപ്രായത്തിൽ ഇദ്, ഈഗോ, സൂപ്പർ ഈഗോ എന്നിവ യെക്കുറിച്ച് വിലയിരുത്തുക.

## Suggested Reading


1. എം. അച്യുതൻ, പാശ്ചാത്യസാഹിത്യദർശനം, എൻ.ബി.എസ്, കോട്ടയം.
2. കെ.എം. അനിൽ, സാംസ്കാര നിർമ്മിതി, പ്രോഗ്രസ്സ് ബുക്സ്, കോഴിക്കോട്.
3. എസ്. നൗഷാദ്, പാശ്ചാത്യ സാഹിത്യസിദ്ധാന്തം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. രവീന്ദ്രൻ (എഡി) കലാവിമർശനം, മാർക്സിസ്റ്റ് മാനദണ്ഡം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനനന്തപുരം.


## Reference


1. ഡോ.എം. ലീലാവതി, ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
3. ചാത്തനാത്ത് അച്യുതനുണ്ണി, സാഹിത്യമീമാംസ താരതമ്യപരിപ്രേക്ഷ്യം, കറന്റ് ബുക്സ്, തൃശ്ശൂർ
4. വി.സി. ശ്രീജൻ, അർത്ഥാന്തരന്യാസം, കറന്റ് ബുക്സ്, തൃശ്ശൂർ
5. എം. ലീലാവതി, സാഹിത്യനിരൂപണത്തിലെ ദിശാബോധം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

# സർറിയലിസം, മോഡേണിസം, റഷ്യൻ ഫോർമലിസം

## Learning Outcomes

- പാശ്ചാത്യനിരൂപണത്തിന്റ സവിശേഷതകൾ മനസ്സിലാക്കുന്നു.
- ഫ്രാങ്ക് ഫർട്ട്(Frankfurt) സ്കൂളിന്റെ ചരിത്രപരമായ പ്രാധാന്യത്തെക്കുറിച്ച് ധാരണ നൽകുന്നു
- റഷ്യൻ ഫോർമിലസത്തിന്റെ(Russian Formalism) പ്രത്യേകതകൾ പഠനവിധേയമാകുന്നു
- പ്രാഗ് സ്കൂളിന്റെ (Prague School) പ്രാധാന്യം പഠനവിധേയമാകുന്നു
- ഭാഷാശാസ്ത്രത്തിന്റെ പാശ്ചാത്യവഴികളെക്കുറിച്ച് സാമാന്യധാരണ നേടുന്നു

## Background

ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലുണ്ടായ നിരവധി സാമൂഹിക പരിണാമത്തോടനുബന്ധമായി രൂപം കൊണ്ട കലാസാഹിത്യപ്രസ്ഥാനങ്ങളിലൊന്നാണ് സർറിയലിസം (Surrealism). ഉന്നതമായ യാഥാർത്ഥ്യം നേടിയെടുക്കുന്നതിന് മനസ്സിനെ യുക്തിയുടെ നിയന്ത്രണത്തിൽ നിന്നും സ്വതന്ത്രമാക്കണമെന്നു പ്രഖ്യാപിച്ചുകൊണ്ട് മനുഷ്യനെ യന്ത്രമാക്കാൻ ശ്രമിക്കുന്ന സകല നിയമങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യ പ്രഖ്യാപനമെന്ന നിലയിലാണ് സർറിയലിസം ആവിർഭവിച്ചത്. അബോധമനസിന്റെ ശക്തി അഴിച്ചു വിടാനും, സ്വപ്നങ്ങൾ, ഫാന്റസികൾ, മനുഷ്യാനുഭവത്തിന്റെ യുക്തിരഹിതമായ വശങ്ങൾ എന്നിവ അപ്രഗ്രഥനം ചെയ്യുവാനും സർറിയലിസം ശ്രമിച്ചു

മനുഷ്യ അസ്തിത്വത്തിന്റെ സങ്കീർണ്ണതകൾ പരിശോധിക്കുന്ന ഒരു ദാർശനിക പ്രസ്ഥാനമാണ് അസ്തിത്വവാദം. ജീൻ-പോൾ സാർത്രെ (Jean PaulSartre), ആൽബേർട്ട് കാമ്യു എന്നിവരെപ്പോലുള്ള ചിന്തകർ ജീവിതത്തിന്റെ അസംബന്ധത്തെ നേരിടാൻ വെല്ലുവിളിക്കുകയും അർത്ഥശൂന്യമെന്ന് തോന്നുന്ന ഒരു ലോകത്ത് അർത്ഥം കണ്ടെത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അസ്തിത്വവാദം നമ്മൾ ആരാണ്? നമ്മളെന്തിനാണ് ഇവിടെ? അസ്തിത്വ ശൂന്യതയെ നാം എങ്ങനെ മറികടക്കും? തുടങ്ങിയ അടിസ്ഥാനപരമായ ചോദ്യങ്ങൾ ഉയർത്തുന്നു.

പരമ്പരാഗത മാനദണ്ഡങ്ങളെ തകർത്ത് നവീകരണത്തെ സ്വീകരിച്ച വിപ്ലവപ്രസ്ഥാനമായ മോഡേണിസത്തിന്റെ തരംഗത്തിലേക്കുള്ള യാത്രയായിരുന്നു പിന്നീട്. വിർജീനിയ വൂൾഫിന്റെ(Verginia Woolf) ബോധത്തിന്റെ പ്രവാഹം മുതൽ ജെയിംസ് ജോയ്സിന്റെ (James Joyce) പരീക്ഷണാത്മകഗദ്യം വരെയുള്ള സമ്പ്രദായങ്ങളെ, മോഡേണിസ്റ്റ് എഴുത്തുകാർ ധിക്കരിക്കാൻ ധൈര്യപ്പെട്ടു, ഇത് ഇരുപതാം നൂറ്റാണ്ടിൽ സാഹിത്യ പര്യവേക്ഷണത്തിന് വഴിയൊരുക്കി.

സാഹിത്യത്തിന്റെയും കലയുടെയും സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ മാനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്ന വാൾട്ടർ ബെഞ്ചമിൻ, തിയോഡോർ അഡോർണോ തുടങ്ങിയ പണ്ഡിതരുടെ നേതൃത്വത്തിലുള്ള ഫ്രാങ്ക്ഫർട്ട് സ്കൂളിൽ സാഹിത്യത്തെ കേവലം വിനോദമായി മാത്രമല്ല, മറിച്ച് സമൂഹത്തിന്റെ അഭിലാഷങ്ങളുടെയും ഉത്കണ്ഠകളുടെയും പ്രതിഫലനമായി

കാണാൻ ആഹ്വാനം ചെയ്തു.

റഷ്യൻ സാഹിത്യസൈദ്ധാന്തികർ, സാഹിത്യ ഗ്രന്ഥങ്ങളുടെ സങ്കീർണ്ണമായ ഘടനയിലേക്ക് കടന്നു ചെന്നു. വിക്ടർ ഷ്ക്ലോവ്സ്കിയെപ്പോലുള്ള വിമർശകർ അപകീർത്തിപ്പെടുത്തലിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു. പരിചിതമായതിനെ ഒരു പുതിയ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള തീവ്രശ്രമങ്ങൾ നടത്തുന്നു. ഫോർമലിസ്റ്റുകൾ വിശകലന സമ്പ്രദായത്തിലൂടെ വാക്കുകളുടെ ഉപരിതലത്തിൽ മറഞ്ഞിരിക്കുന്ന കലാപരമായ കഴിവുകൾ അനാവരണം ചെയ്യുന്നു. പരമ്പരാഗത രൂപങ്ങൾക്കപ്പുറം കലയെക്കുറിച്ചുള്ള ധാരണ വിപുലീകരിക്കാനാണ് ആശയവാദം പ്രേരണനല്കിയത്. ഇത് സർഗ്ഗാത്മകതയുടെ അതിരുകളെ വെല്ലുവിളിക്കുകയും കലയുടെ നിർവചനത്തെ തന്നെ ചോദ്യം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഭാഷാശാസ്ത്രത്തിലേക്കുള്ള വഴിയിൽ, ഘടനാപരമായ ഭാഷാശാസ്ത്രത്തിലെ മുൻനിര പ്രവർത്തനങ്ങൾ ഭാഷയെയും ആശയവിനിമയത്തെയുംക്കുറിച്ചുള്ള ധാരണയിൽ വിപ്ലവം സൃഷ്ടിച്ചു. റോമൻ ജേക്കബ്സണെപ്പോലുള്ള(Roman Jacobson) പണ്ഡിതർ, ഭാഷയുടെ സങ്കീർണ്ണമായ അവസ്ഥകളെ വിശകലനം ചെയ്യുന്നതിലൂടെ, മനുഷ്യന്റെ ഇടപെടലിനെയും ആവിഷ്കാരത്തെയും രൂപപ്പെടുത്തുന്ന അടിസ്ഥാന സംവിധാനങ്ങൾ കൂടി തുറന്നുകാട്ടുന്നു. ഭാഷാപഠനങ്ങളിൽ ഏർപ്പെടുകയോ ഭാഷാകേന്ദ്രീകൃത പരിപാടികളിൽ പങ്കെടുക്കുകയോ ചെയ്യുന്നത് മനുഷ്യ ആശയവിനിമയത്തിന്റെ സങ്കീർണ്ണതകളെക്കുറിച്ച് ആഴത്തിലുള്ള അറിവ് നേടാൻ സഹായിക്കും.

സാഹിത്യത്തിലെ ആവർത്തിച്ചുള്ള വിഷയമായ അന്യവൽക്കരണം വ്യക്തിയും സമൂഹവും തമ്മിലുള്ള അസ്തിത്വപരമായ അകൽച്ച വിശകലനം ചെയ്യുന്നു. കാൾ മാർക്സിനെ (Carl Marx) യും ജോർജ്ജ് ലൂക്കാക്സിനെയും (George Lucas) പോലുള്ള ചിന്തകരുടെ കൃതികളിലൂടെ, ആധുനിക ജീവിതത്തിൽ വ്യാപിക്കുന്ന അന്യവൽക്കരണ ശക്തികളെ വിശകലനം ചെയ്യാനാകും, വ്യാവസായികവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും സങ്കീർണ്ണതകളിൽ നിന്നും മാനവികത വീണ്ടെടുക്കാനുള്ള ശ്രമങ്ങളും അതിലൂടെ സംജാതമാകും. സാഹിത്യത്തിലൂടെയോ സിനിമയിലൂടെയോ കലയിലൂടെയോ അന്യവൽക്കരണവുമായി മല്ലിടുന്ന കൃതികൾ കണ്ടെത്താൻ ശ്രമിക്കുന്നത് മനുഷ്യാവസ്ഥയെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടു പ്രദാനം ചെയ്യും.

മിഖായേൽ ബക്തിനും(Mikkhail Bakhtin) ഔപചാരികതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനവും ശൈലിയും കാവ്യശാസ്ത്രവും ഭാഷ, സംസ്കാരം, പ്രത്യയശാസ്ത്രം എന്നിവ തമ്മിലുള്ള ചലനാത്മക പരസ്പരബന്ധത്തിലേക്ക് വെളിച്ചം വീശുന്നു. ഡയലോഗിസത്തിനും(Dialogism) പോളിഫോണിക്കും (Pollyphony) ബക്തിൻ നൽകുന്ന ഊന്നൽ സാഹിത്യഗ്രന്ഥങ്ങൾക്കുള്ളിലെ ശബ്ദങ്ങളുടെ വൈവിധ്യത്തെ സ്വീകരിക്കാൻ പ്രേരിപ്പിക്കും. ജാൻ മുകാസോവ്സ്കിയെപ്പോലുള്ള (Jan Mukarovsky) പ്രാഗ്സ്കൂൾപണ്ഡിതർ സാഹിത്യപ്രവർത്തനത്തിലും ഘടനയിലും ശ്രദ്ധകേന്ദ്രീകരിച്ച് സാഹിത്യവിമർശനത്തിൽ വിപ്ലവം സൃഷ്ടിച്ചു. സാഹിത്യ ഉപകരണങ്ങളും സാങ്കേതികതകളുടെ സങ്കീർണ്ണതകളും പരിശോധിക്കുന്നതിലൂടെ, സാഹിത്യ ആവിഷ്കാരത്തെ നിയന്ത്രിക്കുന്ന അടിസ്ഥാനതത്വങ്ങൾ മനസിലാക്കുന്നതിനുള്ള ഒരു പരിശീലനവും പ്രാഗ്സ്കൂൾ വാഗ്ദാനം ചെയ്യുന്നു.

## Keywords

ആന്ദ്രേബ്രട്ടൻ-ഫ്രാങ്ക് ഫർട്ട് സ്ക്കൂൾ-വാൾട്ടർ ബഞ്ചമിൻ-ഷ്ക്ലോവ്സ്കി-പ്രാഗ്സ്ക്കൂൾ-മുകറോവസ്കി-പുര:ക്ഷേപണം-സർറിയലിസം-അസ്തിതവാദം-മോഡേണിസം-റഷ്യൻ ഫോർമലിസം.

## Discussion

# സർറിയലിസം (Surrealism)

1924 ൽ ആന്ദ്രേബ്രട്ടൻ(Andre Berton) രചിച്ച 'സർറിയലിസ്റ്റിക് മാനിഫെസ്റ്റോ'യാണ് സർറിയലിസത്തിന് ആരംഭം കുറിച്ചത്. സ്ക്കൂൾറിയലിസം എന്ന പേരിലും ഇത് അറിയപ്പെടുന്നു. ആബോധമനസ്സിനെ ഭാവനയുടെ ആവിഷ്കരണോപാധിയായി സ്വീകരിക്കുകയും യുക്തിയുടെയും ഔപചാരികതയുടെയും ആത്മനിയന്ത്രണത്തിന്റെയും വലയിൽ നിന്നും കലയെ മോചിപ്പിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ചിത്രകലയിലാണ് ഈ പ്രസ്ഥാനം ആദ്യം പ്രത്യക്ഷപ്പെട്ടത്. ദാദായിസത്തിന്റെ(Dadaism) തുടർച്ചയായി ഈ പ്രസ്ഥാനത്തെ പലരും പരിഗണിക്കുന്നുണ്ട്. പ്രക്ഷുബ്ധമായ കാലത്തെ സൂചിപ്പിക്കാനാണ് 'ദാദ' എന്ന പദം ഉപയോഗിച്ചത്. ഫ്രോയിഡിന്റെ (Freud) മനശാസ്ത്രസിദ്ധാന്തങ്ങൾ സർറിയലിസത്തിന് അടിത്തറ നൽകുകയുണ്ടായി. ഫ്രോയിഡിന്റെ സിദ്ധാന്തത്തിലെ രണ്ട് അടിസ്ഥാന തത്വങ്ങൾ ഇവർ സ്വീകരിച്ചു. 1. ഘനീകരണം (Condensation) 2. സ്ഥാനഭ്രംശം (Displacement) എന്നിവയാണവ. വ്യത്യസ്തചിന്തകളിലൂടെ ആവിഷ്കരണത്തിനായി ഒരു ബിംബത്തെ സ്വീകരിക്കുന്നതാണ് ഘനീകരണം. പ്രത്യക്ഷത്തിൽ പരസ്പരബന്ധമില്ലാത്ത ചിന്തകളുടെ സമന്വയമാണ് സ്ഥാനഭ്രംശം. മനസ്സിനെ പ്രതീകങ്ങളിൽ കൂടി ആവിഷ്കരിക്കുന്ന പ്രക്രിയയാണ് സർറിയലിസം. ഇത് ഒരു തരം നിഗൂഢവത്കരണമാണ്. അടുക്കും ക്രമമുമില്ലാത്ത ഒരു തരം നിഗൂഢഭാഷ ഇവർ ഉപയോഗിക്കുന്നു. അതുകൊണ്ടു തന്നെ സർറിയലിസത്തിൽപ്പെട്ട പല കലാസൃഷ്ടികളും ആശയവിനിമയത്തിന് എളുപ്പം വഴങ്ങുന്നവയല്ല.

> ▶ മനസ്സിനെ പ്രതീകങ്ങളിൽ കൂടി ആവിഷ്കരിക്കുന്ന പ്രക്രിയയാണ് സർറിയലിസം

"ചിന്തയുടെ യഥാർത്ഥ രൂപത്തിലുള്ളതും വാക്കുകളിലൂടെയോ എഴുത്തിലൂടെയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ ആവിഷ്കൃതമാക്കുന്ന സ്വയം പ്രേരിത രചനയാണ് സർറിയലിസം'' എന്നാണ് ആന്ദ്രേബ്രട്ടൻ ഈ പ്രസ്ഥാനത്തെ നിർവചിക്കുന്നത്. അബോധമനസ്സിന്റെ സഞ്ചാരങ്ങൾ, സ്വപ്നങ്ങൾ, വിചാരങ്ങൾ, ബിംബങ്ങൾ എന്നിവ സർറിയലിസത്തിലൂടെ ആവിഷ്കൃതമാക്കുന്നു. ലളിതമായ വിചാരങ്ങൾക്കും വ്യക്തികൾക്കുമപ്പുറം വ്യത്യസ്തമായ ആവിഷ്കരണോപാധികളാണ് ഇവർ സ്വീകരിച്ചത്. മനോവികാരങ്ങളുടെ മറയില്ലാത്ത ആവിഷ്കാരമാണ് സർറിയലിസം എന്നു പറയാം. കേസരി എ. ബാലകൃഷ്ണപിള്ളയുടെ അഭിപ്രായത്തിൽ "ചിന്തയുടെ തലങ്ങളെ വാക്കുകൾ മുഖേനയോ എഴുത്തുമുഖേനയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ പ്രകാശിപ്പിക്കുവാനുദ്ദേശിച്ച് അത് മനസ്സിന് പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിച്ച് കൊടുക്കുന്നു. യുക്തിയുടെ മറ്റൊരു നിയന്ത്രണവും കൂടാതെ സുന്ദരകലാതത്വങ്ങളുടെയും സാന്മാർഗ്ഗികതത്വങ്ങളുടെയും പിടിയിൽ നിന്ന് ഒഴിഞ്ഞുമുള്ള ചിന്തയുടെ പ്രകാശനമാണിതെന്നും ബാഹ്യപ്രേരണകൾക്കും യുക്തിക്കും വശപ്പെടാത്ത ഉപബോധമനസ്സിനെ അതിന്റെ പോക്കിന് വിടുന്നതിൽ നിന്നു ജനിക്കുന്ന ഒരു കലാകൃതിയാണ് സർറിയലിസ്റ്റു കൃതിയെന്നു പറയാവുന്നതാണ്" (കേസരിയുടെ സാഹിത്യ വിമർശനങ്ങൾ, എസ്.പി.എസ് ,കോട്ടയം) അബോധമനസ്സിന്റെ ആവിഷ്കരണത്തിലൂടെ വ്യക്തിസത്തയുടെ യാഥാർത്ഥ്യം കണ്ടെത്താമെന്ന് ഇവർ വിശ്വസിക്കുന്നു. റിയ

> ▶ യാഥാർത്ഥ്യം അബോധമനസ്സിലാണ് കുടികൊള്ളുന്നതെന്ന നിരീക്ഷണം

ലിസം അവതരിപ്പിച്ച യാഥാർത്ഥ്യത്തിന്റെ ലോകത്തെ ഇവർ മറികടന്നു. യാഥാർത്ഥ്യം അബോധമനസ്സിലാണ് കുടികൊള്ളുന്നതെന്ന നിരീക്ഷണമാണ് ഇവർ നടത്തിയത്.

നിയതമായ രൂപമോ ഘടനയോ സർറിയലിസ്റ്റിക് സൃഷ്ടികൾക്കില്ലെന്നു പറയാം. മനസ്സിന്റെ സ്വാഭാവികനില തെറ്റിയവരാണ് സർറിയലിസ്റ്റിക് കലാകാരന്മാരെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നുണ്ട്. സാൽവദോർ ദാലിയുടെ 'പെർസിസ്റ്റൻസ് ഒഫ് മെമ്മറി', ജോൺ മിറോയുടെ 'പോർട്രയിറ്റ് ഓഫ് എ യങ് ഗേൾ', റെനെമാർഗ്രറ്റിന്റെ 'ദിസ് ഈസ് നോട്ട് എ പൈപ്പ്', 'ദ ആർട്ട് ഓഫ് കൺവർസേഷൻ', ജോസഫ് കോണലിന്റെ 'റഡാർ അസ്ട്രോണമി' എന്നിവ സർറിയലിസ്റ്റ് കലകളുടെ ഉദാത്തമാതൃകകളാണ്. ലൂയിസ് ബ്യൂനെൽ സൽവദോർ ദാലിയുമായി ചേർന്നു തയ്യാറാക്കിയ Un Chien Anda Lou എന്ന സിനിമ ഈ വിഭാഗത്തിൽപ്പെടുന്നു. സാഹിത്യത്തിലും ചിത്രകലയിലും ചലച്ചിത്രത്തിലും ഫോട്ടോഗ്രാഫിയിലും ഈ പ്രസ്ഥാനം വളരെ സജീവമായിരുന്നു. എഴുത്തുകാരിൽ ജെയിംസ് ജോയ്സ്, ഡോറോത്തി റിച്ചാർഡ്സൻ, വെർജീനിയ വുൾഫ്, ഗെർട്രൂഡ് സ്റ്റയിൻ തുടങ്ങിയവർ ഉദാഹരണങ്ങളാണ്.

- ▶ മനോവികാരങ്ങളുടെ മറയില്ലാത്ത ആവിഷ്കാരമാണ് സർറിയലിസം

## ആന്ദ്രേബ്രട്ടൻ (Andre Breton)

ഫ്രഞ്ച് കവിയും നിരൂപകനും സർറിയലിസ്റ്റിക് പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ ആന്ദ്രേബ്രട്ടൻ കവിതയെയും അതിന്റെ സർഗാത്മക സാധ്യതകളെയും മനസ്സിലാക്കുന്നതിൽ ശ്രദ്ധിച്ചു. യുക്തിസഹമായ ചിന്തയുടെ അതിർവരമ്പുകൾ മറികടന്ന് അബോധമനസ്സിലേക്ക് സ്പർശിക്കാനുള്ള ശക്തിയിലാണ് കവിതയുടെ യഥാർത്ഥസത്ത സ്ഥിതി ചെയ്യുന്നത്. എന്ന വിശ്വാസത്തിലാണ് ബ്രട്ടന്റെ കാവ്യാത്മക ദർശനം വേരൂന്നിയത്. സർറിയലിസം എന്ന ആശയമായിരുന്നു ബ്രട്ടൻറെ കാവ്യശാസ്ത്രത്തിന്റെ അടിസ്ഥാനം. കവിതയോടുള്ള ബ്രട്ടൻറെ സമീപനത്തെ  സിഗ്മൺ ഫ്രോയിഡിന്റെ കൃതികളും അബോധമനസ്സിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളും വളരെയേറെ സ്വാധീനിച്ചു. സർറിയലിസ്റ്റിക് കവിതയുടെ സൃഷ്ടിക്കായി ബ്രട്ടൺ വാദിച്ച പ്രധാന സാങ്കേതികതകളിലൊന്ന് 'യാന്ത്രിക എഴുത്ത്' ആയിരുന്നു. ബ്രട്ടന്റെ കാവ്യാത്മദർശനം സ്വപ്നങ്ങളുടെയും അബോധാവസ്ഥകളുടെയും ലോകത്തേക്കുള്ള ഒരു പിൻവാങ്ങൽ മാത്രമായിരുന്നില്ല. മറിച്ച് മനുഷ്യാനുഭാവത്തിന്റെ സങ്കീർണ്ണതകളുമായും വൈരുദ്ധ്യങ്ങളുമായും ഇടപഴകുന്നതിനുള്ള ഒരു മാർഗമായിരുന്നു. ബ്രട്ടന്റെ കാവ്യാത്മകതയിൽ വിപ്ലവകരവും പരിവർത്തനാത്മകവുമായ ചൈതന്യം നിറഞ്ഞിരുന്നു എന്നും മനസ്സിലാക്കാം.

- ▶ ബ്രട്ടൺ വാദിച്ച പ്രധാന സാങ്കേതികതകളിലൊന്ന് 'യാന്ത്രിക എഴുത്ത്' ആയിരുന്നു

## അസ്തിത്വവാദം (Existentialism)

സോറൻ കീർക്കഗാർഡ് (Soren Kierkegaard) അസ്തിത്വവാദ ചിന്തയ്ക്ക് അടിസ്ഥാനം നൽകിയത്. ഇത് ഒരു കലാപ്രസ്ഥാനമല്ലെന്നും ഒരു പ്രത്യേക ജീവിത വീക്ഷണമാണെന്നും നിരൂപകർ അഭിപ്രായപ്പെടുന്നു. വൈപരീത്യങ്ങളും  തിന്മകളും നിറഞ്ഞതുമായ ലോകത്തിൽ താൻ ഒറ്റപ്പെട്ടവനാണെന്ന് കീർക്കഗാർഡ് പ്രഖ്യാപിച്ചു. ദുസ്സഹമായ ആ അനുഭവത്തെ ജയിക്കേണ്ടതെങ്ങനെ എന്നായിരുന്നു അദ്ദേഹം ചി

ന്തിച്ചത്. അസ്തിത്വവാദത്തിന് രണ്ട് വിഭാഗങ്ങളുണ്ട്. ഒന്ന് ക്രിസ്ത്യൻ എക്സിസ്റ്റൻഷ്യലിസം. പ്രപഞ്ചോത്പത്തി ഈശ്വരനിൽ നിന്നാണ് ഉണ്ടായതെന്ന് എന്നാണ് ഒന്നാം വിഭാഗക്കാർ വാദിക്കുന്നത്. മനുഷ്യന് മുകളിൽ അയാളെ സംരക്ഷിക്കുന്ന ശക്തിയായി ദൈവം എന്നൊരാളില്ല എന്ന് രണ്ടാം വിഭാഗവും വിശ്വസിക്കുന്നു. എന്നാൽ രണ്ട് വിഭാഗക്കാരും വിശ്വസിക്കുന്ന ചില കേന്ദ്രതത്ത്വങ്ങളുണ്ട്. മനുഷ്യനെക്കുറിച്ച് ഒരു നിർവചനമോ, മനുഷ്യപ്രകൃതിയെക്കുറിച്ച് ഒരു തീർപ്പോ ആരും ഉണ്ടാക്കിയിട്ടില്ല. മനുഷ്യൻ ആദ്യം ജീവിക്കുന്നു; ജീവിച്ചുകൊണ്ട് എന്തെങ്കിലുമായിത്തീരുന്നു; തന്നത്താൻ നിർവചിക്കുന്നു. ഇതാണ് "Existence Precedes essence" എന്ന മുദ്രാവാക്യത്തിന്റെ അർത്ഥം. സ്വയം എന്തായി തീരുന്നുവോ അതാണ് മനുഷ്യൻ. അയാൾക്ക് കല്ലിനെക്കാൾ, മരത്തെക്കാൾ മഹത്ത്വമുണ്ടെന്ന് അസ്തിത്വവാദികൾ വാദിക്കുന്നു. സ്വയം നിർവചിക്കുന്ന, പ്രവർത്തിച്ച് സ്വയം പൂർത്തീകരിക്കുന്ന ഒരു പദ്ധതിയാണ് മനുഷ്യൻ. എന്തായിത്തീർന്നാലും അതിന്റെ മുഴുവൻ ഉത്തരവാദിത്വം അയാൾക്ക് തന്നെയാണ്. എന്നാൽ തന്റെ ഉള്ളിലേക്ക് വലിഞ്ഞിരുന്നാൽ താനാകുന്ന പദ്ധതി പൂർത്തികരിക്കാനാവില്ല. അതിന് അവൻ ബഹിർമുഖനാകണം. ഇതിനാണ് സാർത്ര് 'എക്സിസ്റ്റൻഷ്യലിസ്റ്റ് ഹ്യുമനിസം' എന്ന് പറയുന്നത് .ആസ്വാദകന്റെ സ്വാതന്ത്ര്യമാണ് സാഹിത്യത്തിന്റെ ലക്ഷ്യവും മൂല്യവുമെന്ന് ഇവർ വാദിക്കുന്നു.

> ▶ സ്വയം നിർവ്വചിക്കുന്ന, പ്രവർത്തിച്ച് സ്വയം പൂർത്തിയാക്കുന്ന ഒരു പദ്ധതിയാണ് മനുഷ്യൻ

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമാണ് ഈ പ്രസ്ഥാനം ഉടലെടുത്തത്. വ്യക്തിത്വത്തിനും സ്വതന്ത്ര ഇച്ഛയ്ക്കും പ്രാധാന്യം നൽകുകയും യുക്തിയേക്കാൾ ഇച്ഛയ്ക്ക് മുൻതൂക്കം നൽകുകയുമാണ് ഈ പ്രസ്ഥാനം. ഇച്ഛാനുസരണം വിധിയെ നിയന്ത്രിക്കാൻ കഴിയുമെന്ന് ഇവർ വിശ്വസിക്കുന്നു. ജർമ്മനിയിൽ ഉടലെടുത്ത ഈ പ്രസ്ഥാനം ലോകത്താകമാനമുള്ള എഴുത്തുകാരെ സ്വാധീനിക്കുകയുണ്ടായി. മനുഷ്യന്റെ അസ്തിത്വത്തെ ഇവർ അംഗീകരിക്കുന്നു. ഭാവിയെക്കുറിച്ച് മുൻകൂട്ടി അറിയാൻ കഴിയുമെന്ന വാദത്തെ ഇവർ നിരാകരിക്കുന്നുണ്ട്. പ്രപഞ്ചം അർത്ഥശൂന്യമാണെന്ന് വാദിക്കുന്നതോടൊപ്പം സാന്മാർഗിക മൂല്യങ്ങളെ ഇവർ നിഷേധിക്കുകയും ചെയ്യുന്നു. പ്രകൃതിനിയമങ്ങളുടെയും ചരിത്രസംഭവങ്ങളുടെയും മുൻപിൽ നിസ്സഹായത പ്രകടമാക്കുന്ന മനുഷ്യന്റെ ചിന്തകൾക്കെതിരെയാണ് ഈ പ്രസ്ഥാനം രൂപംകൊണ്ടത്. യുക്തിയാണ് യഥാർത്ഥമായിട്ടുള്ളതെന്ന ഹെഗലിന്റെ(Hegel) ദർശനത്തെ അസ്തിത്വവാദികൾ ചോദ്യം ചെയ്യുന്നുണ്ട് കീർക്കെഗാർഡ് (Kierkegaard) സാർത്ര് (Sartre), കാമ്യൂ (Camus), നീത്ഷെ (Nietzsche), കാഫ്ക (Kafka) എന്നിവരുടെ ചിന്തകൾ എക്കാലത്തും പ്രസക്തമായി നിലക്കൊള്ളുന്നു. ശാസ്ത്രീയമായി അവൻ ചിന്തിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്ന വ്യക്തിയാണെന്നും അതുകൊണ്ടുതന്നെ ദുഃഖിതനാണെന്നും അസ്തിത്വവാദം സമർത്ഥിക്കുന്നു. ആൽബേർ കാമ്യൂവിന്റെ അപരിചിതൻ എന്ന നോവലിൽ ഈ ആശയം പ്രകടമാണ്. കാഫ്കെയുടെ രൂപാന്തരണം എന്ന നോവൽ അസ്തിത്വവാദദർശനത്തിന്റെ മികച്ച ഉദാഹരണമാണ്.

> ▶ ഇച്ഛാനുസരണം വിധിയെ നിയന്ത്രിക്കാൻകഴിയുമെന്ന് ഇവർ വിശ്വസിക്കുന്നു

## മോഡേണിസം (Modernism)

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തുടങ്ങി ഇരുപതാം നൂറ്റാണ്ടിൽ ഒരു സാഹിത്യപ്രസ്ഥാനമായി വളർന്ന, ഇന്നും സ്വാധീനം

നിലനിർത്തുന്ന ഒന്നായി ആധുനികതയെ കണക്കാക്കാം. സവിശേഷസ്വഭാവമുള്ളസാഹിത്യവും സാഹിത്യനിരൂപണവും ഉൾകൊള്ളുന്ന ഒന്നാണ് മോഡേണിസം. ഇരുപതാം നൂറ്റാണ്ടിലെ പ്രശസ്ത എഴുത്തുകാരായ സാർത്ര്, കാഫ്ത, അൽ ബേർ കാമ്യു, ഷെനെ, ജെയിംസ് ജോയ്സ് തുടങ്ങി ഒട്ടേറെപ്പേർ ആധുനിക എഴുത്തുകാരുടെ കൂട്ടത്തിൽപ്പെടും. ഫെഡറിക് നീത്ഷെയുടെ 'ദൈവം മരിച്ചു' (God is Dead) എന്ന പ്രഖ്യാപനം ആധുനികചിന്തകളെ വ്യാപകമാക്കാൻ സഹായിച്ചു. സമൂഹത്തിൽ വ്യക്തിയുടെ പ്രാധാന്യം കൂടുതൽ ചർച്ചചെയ്യപ്പെടുകയുണ്ടായി. ഇപ്പോൾ പുതിയത് എന്നർത്ഥം വരുന്ന modernus എന്ന ലാറ്റിൻപദത്തിൽ നിന്നാണ് modernism രൂപപ്പെട്ടത്. 'Modern' എന്ന പദത്തിനൊപ്പം ism എന്ന പ്രത്യയം കൂട്ടിച്ചേർത്താണ് 'modernism' ഉണ്ടായത്. പ്രാചീനരീതികളിൽ നിന്നും വ്യത്യസ്തമായത് എന്നാണ് Modern എന്ന പദത്തിന്റെ അർത്ഥം. 'Ism' എന്നാൽ മുൻഗണന എന്നർത്ഥം. പുതിയകാലത്തെ സാഹിത്യത്തെ മോഡേണിസം എന്ന പദം കൊണ്ട് അർത്ഥമാക്കാം. മലയാളത്തിൽ ആധുനികതാവാദം എന്നാണ് ഈ പ്രസ്ഥാനത്തെ വിശേഷിപ്പിക്കുന്നത്. ആധുനികം എന്ന സാമാന്യമായ അർത്ഥം മുതൽ ആധുനീകരണം (Modernization) വഴി നിലവിൽവന്ന ഭൗതികപരിസരത്തെയും പ്രബുദ്ധതാപരമായ ആധുനികത്വത്തിന്റെ (enlightenment modernity) അടിസ്ഥാനമായിത്തീർന്ന ആശയഅവബോധക്രമങ്ങളെയും കലയിലും സാഹിത്യത്തിലും മറ്റുമായി നിലവിൽ വന്ന ആധുനികതാവാദം/ആധുനികതാപ്രസ്ഥാനം (Modernism) എന്ന പ്രവണതയെയും 'ആധുനികത' എന്ന വാക്കുകൊണ്ട് സൂചിപ്പിച്ചു വരുന്നുണ്ട്. (സുനിൽ പി. ഇളയിടം, സൂത്രവാക്കുകൾ (പുറം. 61).റൊമാന്റിസത്തിനും റിയലിസത്തിനും എതിരായിട്ടാണ് ഇത് രൂപം കൊണ്ടത്. പാരമ്പര്യത്തെ ഇവർ പൂർണ്ണമായി തിരസ്ക്കരിച്ചു. അസ്തിത്വവാദമാണ് (Existentialism) ആധുനികതയ്ക്ക് അടിസ്ഥാനമായത്. സത്തയല്ല അസ്തിത്വമാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രധാനം എന്ന സാർത്രിന്റെ പ്രഖ്യാപനം ആധുനികതയ്ക്ക് ദാർശനികമായ മാനം നൽകി. ആധുനിക ജീവിതാവസ്ഥകൾക്ക് മുന്നിൽ സ്വത്വപ്രതിസന്ധി നേരിടുന്ന വർത്തമാന കാല മനുഷ്യനെ അവതരിപ്പിക്കുകയായിരുന്നു ആധുനികർ. ഒറ്റപ്പെട്ടവരും ഏകാകികളും ആധുനികസാഹിത്യത്തിൽ മുഖ്യകഥാപാത്രങ്ങളായി. പ്രതിഷേധിക്കുന്നവരും പ്രതികരിക്കുന്നവരും മോഡേണിസത്തെ കൂടുതൽ ശക്തിപ്പെടുത്തി പാരമ്പര്യത്തെയും മതപരമായ അനുഷ്ഠാനങ്ങളെയും വിമർശനാത്മകമായി പരിശോധിക്കുന്ന സമീപനം ആധുനികതയുടെ പ്രത്യേകതയാണ്.

- അസ്തിത്വവാദമാണ് ആധുനികതയ്ക്ക് അടിസ്ഥാനമായത്

മതേതരത്വവും മാനവികതയും പുലർത്തുന്നവരാണ് ആധുനികർ. സമൂഹത്തിലെ ദുഷിച്ച പ്രവണതകളോട് ഇവർ കലഹിച്ചു. അതുകൊണ്ടുതന്നെ ഇവർക്ക് പലരോടും പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. കലഹമായിരുന്നു ആധുനികത ഉയർത്തിയ പ്രധാന മുദ്രാവാക്യം. ജനങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങളെ സൂക്ഷ്മമായി വിലയിരുത്താൻ ഇവർക്ക് സാധിച്ചിട്ടുണ്ട്. നഗരബദ്ധമായ ഒരു ലാവണ്യദർശനമാണ് ആധുനികതാവാദത്തിനുള്ളത് നഗരജീവിതത്തിന്റെ സന്നിദ്ധതകളും ആകുലതകളും വ്യത്യസ്തരൂപങ്ങളിൽ ആധുനികകലയിൽ ആവിഷ്കൃതമാകുന്നു. ആസ്തിത്യ വ്യഥയോടൊപ്പം അന്യവല്ക്കരണം, അപമാനവീകരണം തുടങ്ങിയവയും

അവ പ്രകടമാകുന്നു. പൂർവഭിന്നമായ ഒരു നൂതനാബോധം രൂപത്തിലും ഭാഷാശൈലിയിലും പ്രതിഫലിക്കുന്നതാണ് ആധുനികകല എന്ന് സ്റ്റീഫൻ സ്പെൻസർ അഭിപ്രായപ്പെടുന്നു. പഴയകാല പ്രവണതകളെയെല്ലാം ഉപേക്ഷിക്കുകയും നൂതനമായ ആശയശൈലി സ്വീകരിക്കുകയും ചെയ്തു. ഭാഷാപ്രയോഗം, ആവിഷ്കാരം, ഇവയിലെല്ലാം നവീനമായ പ്രവണതകൾ കടന്നു വന്നു. ഹെന്റി ജയിംസിന്റെ The Ambassadors, (ദി അംബാദിസേഴ്സ്), കോൺറാഡിന്റെ Nostroma (നോസ്ട്രോമ), ടി.എസ്. എലിയറ്റിന്റെ The Waste Land (ദി വേസ്റ്റ്ലാന്റ്), ജയിംസ് ജോയ്സിന്റെ Ulysses (യുളിസസ്) എന്നിവ ഈ വിഭാഗത്തിൽപ്പെടുന്ന പ്രധാനകൃതികളാണ്. പാശ്ചാത്യസാഹിത്യത്തിൽ ആയിരത്തിത്തൊള്ളായിരത്തിമുപ്പതോടുകൂടി ആധുനികത അവസാനിച്ചതായി കരുതുന്നു. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനം വരെ സാഹിത്യത്തിലെ ആധുനികത നിലനിന്നതായി അഭിപ്രായപ്പെടുന്നവരുമുണ്ട്.

- കലഹമായിരുന്നു ആധുനികത ഉയർത്തിയ പ്രധാനമുദ്രാവാക്യം

## വിമർശനം (Frankfurt School)

### ഫ്രാങ്ക്ഫർട്ട് സ്കൂൾ

നവ-മാർക്സിസ്റ്റ് സാമൂഹിക സിദ്ധാന്തം, സാമൂഹിക ഗവേഷണം, തത്വചിന്ത എന്നിവയുടെ ഒരു വിദ്യാലയമാണ് ഫ്രാങ്ക്ഫർട്ട് സ്കൂൾ. ഇരുപതാം നൂറ്റാണ്ടിലെ മുതലാളിത്ത സമൂഹത്തെയും നാസിസം പോലുള്ള പ്രതിലോമരാഷ്ട്രീയത്തെയും വിശദീകരിക്കാൻ നിലവിലുള്ള സാമൂഹിക സിദ്ധാന്തത്തിന് കഴിയില്ലെന്ന് ഫ്രാങ്ക്ഫർട്ട് സൈദ്ധാന്തികർ അഭിപ്രായപ്പെട്ടു. മാർക്സിസത്തിലെ യാഥാസ്ഥിതികമായ പല നിലപാടുകളേയും ഈ അക്കാദമിക് സമൂഹം വിമർശിച്ചു. 1920 കളിൽ ഫ്രാങ്ക്ഫർട്ടിൽ (ജർമ്മനി) ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ച് ആണ് പിന്നീട് ഫ്രാങ്ക്ഫർട്ട് സ്കൂൾ എന്ന പേരിൽ പ്രശസ്തമായിത്തീർന്നത്. ഒരു ജർമ്മൻ സർവ്വകലാശാലയിലെ ആദ്യത്തെ മാർക്സിസ്റ്റ് ഗവേഷണകേന്ദ്രമായിരുന്നു ഇത്. മാർക്സിസത്തിന്റെ വ്യത്യസ്തപ്രവണതകളെ സമന്വയിപ്പിക്കാനും പ്രായോഗികമായ തത്വചിന്തയിലേക്ക് മാർക്സിസ്ററ് ചിന്തയെ ലയിപ്പിക്കാനും ഫ്രാങ്ക്ഫർട്ട് സ്കൂൾ ശ്രമിച്ചു. 1930 കളിലാണ് ഫ്രാങ്ക്ഫർട്ട് സ്കൂൾ സാംസ്കാരിക-ആശയവിനിമയ പഠനങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയത്. സാങ്കേതിക വിദ്യയിലും സംസ്കാരത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുകയായിരുന്നു ഇവർ. സാമൂഹിക നിയന്ത്രണത്തിന്റെയും ആധിപത്യത്തിന്റെയും ഉപകരണങ്ങളായി സാങ്കേതികവിദ്യകൾ മാറുന്നതെങ്ങനെയെന്നും ഇവർ സ്ഥാപിക്കുകയുണ്ടായി. നാസികൾ സമൂഹത്തെ കീഴടക്കാൻ ബഹുജനസംസ്കാരത്തെ എങ്ങനെയാണ് ഉപയോഗിച്ചതെന്നും ഇവർ ഉദാഹരണസഹിതം വ്യക്തമാക്കി.

- പ്രായോഗികമായ തത്വചിന്തയിലേക്ക് മാർക്സിസ്ററ് ചിന്തയെ ലയിപ്പിക്കാനും ഫ്രാങ്ക്ഫർട്ട് സ്കൂൾ ശ്രമിച്ചു

അഡോർണോ (Adorno), വാൾട്ടർ ബഞ്ചമിൻ (Walter Benjamin) ഹെർബർട്ട് മാർക്സ് (Herbert Marcuse) എറിക് ഫ്രോം (Erich Fromm) ഹാബർമാസ് (Habermas) എന്നിവരാണ് ഫ്രാങ്ക്ഫർട്ട് സ്കൂളിലെ പ്രധാന വക്താക്കൾ. സിനിമ, ജനപ്രിയസംസ്കാരം, റേഡിയോ, ടെലിവിഷൻ മറ്റ് തരത്തിലുള്ള ബഹുജന സംസ്കാരം ഉൾപ്പെടുന്ന മാധ്യമസംസ്കാരത്തെക്കുറിച്ചുള്ള ആധികാരികമായ പഠനം നടത്തിയത് അഡോർണോയാണ്. മാധ്യമനിർമ്മാണം വൻകിട കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന

വാണിജ്യവിനോദത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം വാദിച്ചു. സോപ്പ് ഓപ്പറകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ ശ്രദ്ധേയങ്ങളാണ്. വിപ്ലവത്തിന്റെ ഉപകരണമാകേണ്ട തൊഴിലാളിവർഗങ്ങളിൽ ബഹുജന സംസ്കാരത്തിന്റെ സ്വാധീനത്തെക്കുറിച്ചും ഉപഭോക്തൃസമൂഹം രൂപപ്പെട്ട് വരുന്നതിനെക്കുറിച്ചും ഫ്രാങ്ക്ഫർട്ട് സൈദ്ധാന്തികർ നിരവധി പഠനങ്ങൾ നടത്തി. 1941-ൽ ഹെർബർട്ട് മാർക്സ് എഴുതിയ 'ആധുനിക സാങ്കേതികവിദ്യയുടെ ചില സാമൂഹിക പ്രത്യാഘാതങ്ങൾ' എന്ന ലേഖനത്തിൽ സാങ്കേതികവിദ്യ സാമൂഹികബന്ധങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. മുതലാളിത്ത ലോകത്ത് സംഗീതത്തിന് വരുന്ന ഭാവപ്പകർച്ചകളെ ദാർശനികമായി അഡോർണോ വിലയിരുത്തുന്നുണ്ട്. Aesthetic Theory, Authoritarian Personality, Television as Ideology, Prologue to Television തുടങ്ങിയ അദ്ദേഹത്തിന്റെ രചനകൾ ഇന്നും വളരെ പ്രസക്തമായി നിലകൊള്ളുന്നു.

▶ മാധ്യമസംസ്കാരത്തെക്കുറിച്ചുള്ള ആധികാരികമായ പഠനം നടത്തിയത് അഡോർണോയാണ്

1930-ൽ ഹോർക്കീമർ (Horhkeimer) എഴുതിയ Traditional and Critical Theory എന്ന ലേഖനം ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ അടിസ്ഥാന പ്രമാണമായി കരുതുന്നു. ഈ ലേഖനത്തിൽ ഹോക്കമീർ പ്രത്യക്ഷവാദത്തിന്റെ വൈരുദ്ധ്യത്തെ വൈരുദ്ധ്യാത്മകസിദ്ധാന്തത്തിലൂടെ തുറന്നുകാണിച്ചു. മാർക്സിസത്തെ വിമർശനാത്മക സിദ്ധാന്തത്തിൻറെ പ്രാഥമികരൂപമായാണ് ഫ്രാങ്ക്ഫർട്ട് ചിന്തകർ മനസ്സിലാക്കിയത്. അവരുടെ വിമർശനസിദ്ധാന്തം തൊഴിലാളിവർഗ്ഗവിമോചനത്തിൽ ഉറച്ചുവിശ്വസിച്ചു. എന്നാൽ തൊഴിലാളി വർഗ്ഗത്തിന് കൽപ്പിക്കുന്ന ഈ പദവി ഹോക്കീമർ വിമർശനാത്മകമായിട്ടാണ് സമീപിച്ചത്. വിമർശനചിന്തയ്ക്കു മാത്രമേ തൊഴിലാളികളെ യഥാർത്ഥ വിപ്ലവത്തിലേയ്ക്ക് നയിക്കാൻ കഴിയൂവെന്ന് ഹോക്കീമർ പറഞ്ഞു. തൊഴിലാളിവർഗ്ഗവും അതുവഴി കമ്മ്യൂണിസ്റ്റ് പാർട്ടികളും സാമൂഹികവിപ്ലവത്തിൽ പങ്കാളികളാകുമെന്ന പ്രത്യാശ വാൾട്ടർ ബെഞ്ചമിനുണ്ടായിരുന്നു. യാന്ത്രിക പുനരുത്പാദനത്തെക്കുറിച്ചും ആൾക്കൂട്ട സംസ്കാരത്തെക്കുറിച്ചും കൂടുതൽ പഠനം നടത്തിയത് വാൾട്ടർ ബഞ്ചമിനാണ്. സിദ്ധാന്തങ്ങൾക്ക് മേൽക്കോയ്മ കിട്ടുന്ന പഠനങ്ങളാണ് ഫ്രാങ്ക്ഫർട്ട് സ്കൂളിൽ നടന്നത്.

▶ വിമർശനചിന്തയ്ക്കു മാത്രമേ തൊഴിലാളികളെ യഥാർത്ഥ വിപ്ലവത്തിലേയ്ക്ക് നയിക്കാൻ കഴിയൂ

## വാൾട്ടർ ബെഞ്ചമിൻ

ജർമ്മനിയിലെ സാംസ്കാരിക വിമർശകനും എഴുത്തുകാരനുമാണ് വാൾട്ടർ ബെഞ്ചമിൻ. ലോകപ്രശസ്തമായ ഫ്രാങ്ക്ഫർട്ട് സ്കൂളുമായി ഇദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. ഇമ്മാനുവൽ കാന്റ്, ജോഹാൻ പോൺ ഗോഫെ, ഫ്രെഡറിക് ഹോൾഡെർലിൻ എന്നിവരുടെ കൃതികളിലെ വിപുലമായ വായനയിൽ നിന്നാണ് ബെഞ്ചമിൻ തന്റെ നിരൂപണരീതികൾ വികസിപ്പിച്ചെടുത്തത്. 1934 ൽ പ്രസിദ്ധീകരിച്ച The Author as Producer എന്ന പ്രബന്ധത്തിൽ മാർക്സിയൻ നിരൂപണത്തിന്റെ ചരിത്രത്തിലെ വഴിത്തിരിവിന് കാരണമായ ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ഒരു സവിശേഷ ചരിത്രസന്ദർഭത്തിലെ ഉൽപാദനബന്ധങ്ങൾക്കകത്ത് കലാവസ്തു നിലകൊള്ളുന്നതെങ്ങനെയെന്ന ചോദ്യമാണ് അദ്ദേഹം ഉന്നയിച്ചത്. ഉൽപാദന ബന്ധങ്ങൾ, ഉൽപാദന ഉപാധികൾ, ഉൽപാദന സാമഗ്രികൾ തുടങ്ങിയവയെല്ലാം കലയുടെ മണ്ഡലത്തിന് പുറത്ത് നിലകൊള്ളുന്ന ഭൗതികയാഥാർത്ഥ്യവും കല ഇവയോടെല്ലാം വിനിമയ

▶ മാർക്സിയൻ നിരൂപണത്തിന്റെ ചരിത്രത്തിലെ വഴിത്തിരിവിന് കാരണമായ ചോദ്യങ്ങൾ അദ്ദേഹം ഉന്നയിക്കുന്നു

ബന്ധം പുലർത്തുന്ന അവബോധ-അനുഭൂതിലോകവും എന്ന നിലയ്ക്കുള്ള പരമ്പരാഗതമായ വിലയിരുത്തലുകളെയുമാണ് അദ്ദേഹം ഇതുവഴി തിരുത്തിയതെന്ന് സുനിൽ പി. ഇളയിടം എഴുതുന്നുണ്ട്.

കലാനിർമ്മാണം പ്രാഥമികമായും ഒരു ഉൽപാദന പ്രവർത്തനമാണെന്ന് ബെഞ്ചമിൻ വ്യക്തമാക്കി. സാമ്പത്തിക അടിത്തറയുമായി ഏറ്റവും നേർത്ത ബന്ധം പുലർത്തുന്ന നിർമ്മിതിയാണ് കല. പക്ഷെ അപ്പോൾപ്പോലും അത് ഒരു ഉൽപാദന വ്യവസ്ഥയ്ക്കകത്ത്, ഒരു ഉൽപന്നം എന്ന നിലയിൽത്തന്നെ നിലകൊള്ളുന്നു എന്നാണ് വാൾട്ടർ ബെഞ്ചമിൻ വ്യക്തമാക്കിയത്. പലതരം ഉൽപാദനങ്ങളിൽ ഒന്നു തന്നെയാണ് കലാപരമായ ഉൽപാദനവും. പിൽക്കാല മാർകിസ്റ്റ് വിമർശനങ്ങൾക്ക് കാരണമായ പല ആശയങ്ങളുടെയും ആരംഭം വാൾട്ടർ ബെഞ്ചമിന്റെ നിരീക്ഷണങ്ങളിലുണ്ടായിരുന്നു. ആപത്തിന്റെ കാലത്ത് മനസ്സിലൂടെ മിന്നിമറയുന്ന ഓർമ്മകളെ കയ്യെത്തിപ്പിടിക്കലാണ് ചരിത്രജ്ഞാനമെന്ന് ബെഞ്ചമിൻ ഓർമ്മിപ്പിക്കുന്നുണ്ട്. ചരിത്രത്തെക്കുറിച്ചും ഓർമ്മകളെക്കുറിച്ചുമുള്ള ഏറ്റവും സൂക്ഷമമായ ഒരു നിരീക്ഷണമാണിത്. ശത്രു വിജയിക്കുകയാണെങ്കിൽ, മരിച്ചവർക്കുപോലും അവനിൽ നിന്നു രക്ഷപ്പെടാനാവില്ലെന്നും അവന്റെ വിജയങ്ങൾക്ക് അറുതി വന്നിട്ടില്ലെന്നും ദൃഢമായി വിശ്വസിക്കുന്ന ഒരു ചരിത്രകാരനുമാത്രമേ ചരിത്രത്തിലെ ചാരം മൂടികിടക്കുന്ന പ്രതീക്ഷയുടെ കനലുകളെ വിപ്ലവജ്വാലയായി ഊതിക്കത്തിക്കാനാകൂ എന്നും ബെഞ്ചമിൻ പറയുന്നുണ്ട്.

> ▶ കലാനിർമ്മാണം പ്രാഥമികമായും ഒരു ഉൽപാദന പ്രവർത്തനമാണെന്ന് ബെഞ്ചമിൻ

## അഡോണോ (Theodore Adorno)

ഫ്രാങ്ക്ഫർട്ട് സ്കൂളിലെ പ്രമുഖചിന്തകനായിരുന്നു തിയോഡോർ അഡോണോ. Kierkegaard: Construction of the Aesthetic, composing for the films, Philosophy of new music, The Authoritarian personality, sound figures, Notes to Literature എന്നിവയാണ് പ്രധാന കൃതികൾ. സാമൂഹിക ശാസ്ത്രവുമായി ബന്ധപ്പെട്ട ക്രിട്ടിക്കൽ തിയറിയുടെ പ്രധാനവക്താക്കളിൽ ഒരാളാണ് അഡോണോ. കലയും കമ്പോളവും തമ്മിലുള്ള അനിവാര്യബന്ധത്തെക്കുറിച്ചുള്ള അഡോണോയുടെ വാദങ്ങൾ ഏറെ ശ്രദ്ധേയമാണ്. കല കച്ചവടവസ്തു കൂടിയാണ് എന്നല്ല; കല കച്ചവടവസ്തുവാണ് എന്നു അദ്ദേഹം പറഞ്ഞുവച്ചു. അതുപോലെ ഏതൊരു കലാസൃഷ്ടിയും ചെയ്യാതെ/നടക്കാതെപോയ ഒരു കുറ്റകൃത്യമാണെന്ന് അഡോണോ നിരീക്ഷിക്കുന്നുണ്ട് (Every work of art is an uncommitted crime). വാൾട്ടർ ബെന്യാമിന്റെ പ്രിയ ശിഷ്യനായിരുന്ന അഡോണോ കവിതയെക്കുറിച്ച് ഒരു പ്രധാന വാചകം എഴുതിയിട്ടുണ്ട്. ഹിറ്റലർ ജൂതരെ കൊന്നൊടുക്കിയ പ്രാധാനപ്പെട്ടൊരു കോൺസൻട്രേഷൻ ക്യാമ്പിനെ അനുസ്മരിച്ച് അദ്ദേഹം പറഞ്ഞു. "ഓഷ് വിറ്റ്സിനു ശേഷം ലോകത്ത് കവിത സാധ്യമല്ല'' ഓഷ് വിറ്റ്സ് എന്ന കൂട്ടക്കുരുതിയ്ക്ക് മനുഷ്യത്വം നൽകിയ ഏറ്റവും നല്ല സമാശ്വാസമാണ് ഈ വാചകം. ഈ വാചകത്തിൽ ചരിത്രത്തിന്റെ ക്രൂരതകൾ മുഴുവൻ തെളിഞ്ഞ് കാണാം.

> ▶ കല കച്ചവട വസ്തു കൂടിയാണ് എന്നല്ല; കല കച്ചവട വസ്തുവാണ്

കൂട്ടമരണങ്ങൾ, യുദ്ധങ്ങൾ, കെടുതികൾ, അധികാരപ്രയോഗങ്ങൾ, ഒറ്റ മനുഷ്യന്റെ വേദനകൾ, ഏകാന്തത, എല്ലാം നിറഞ്ഞ അഡോണയുടെ "സംഗീതത്തിലെ ആരാധനാസ്വഭാവത്തെക്കുറിച്ചും കേൾവിയുടെ അധ:പതനത്തെക്കുറിച്ചും" (on the fetish character in music and the

Regression of Listening) എന്ന പ്രബന്ധം ഏറെ ശ്രദ്ധേയമായിരുന്നു. പാശ്ചാത്യസമൂഹത്തിലെ പ്രധാനപ്പെട്ട സൗന്ദര്യാത്മക ഉപലബ്ധിയായ സംഗീതത്തിന്റെ അവതരണത്തെയും സ്വീകാര്യതയെയും മുതലാളിത്തം മാറ്റിമറിക്കുന്നതിനെക്കുറിച്ച് അഡോണോ കൃത്യമായ നിരീക്ഷണം നടത്തിയിരുന്നു. അമേരിക്കയിലെ ദിവ്യവും പ്രൗഢവുമായ സമകാലീന സംഗീതം ചരക്കുകളുടെ പരസ്യപ്രചാരണമാണ് നിർവ്വഹിക്കുന്നതെന്നും അഡോണോ വാദിച്ചു. കേൾവിക്കാരെ ആകർഷിക്കാൻ ക്ലാസിക്കൽ സംഗീതത്തെ അശ്ലീലമാക്കുകയാണ്. കേൾവിയെ അധ:പതനമാക്കിയിരിക്കുന്നു. 1948 ൽ ഹോക്ഹൈമറുമായി ചേർന്ന് ഡയലറ്റിക് ഓഫ് എൻലൈറ്റ്മെന്റ് എന്ന പുസ്തകം അദ്ദേഹം രചിച്ചു. പരസ്യവ്യവസായവും വാണിജ്യപരമായ അനിവാര്യതകളും, ചലച്ചിത്രങ്ങൾ, റേഡിയോ പരിപാടികൾ, വർത്തമാന പത്രങ്ങൾ എന്നിവയിലൂടെ സാംസ്കാരികോൽപ്പാദനത്തെ നിയന്ത്രിക്കുന്നു. ഇത് കൺസ്യൂമർ ക്യാപ്പിറ്റലസത്തിലേക്ക് നയിക്കുന്നുവെന്നുമാണ് ഈ പുസ്തകം പറയുന്നത്.

> ▶ ഡയലറ്റിക് ഓഫ് എൻലൈറ്റ്മെന്റ്

## ബ്രഹ്ത് (Bertolt Brecht)

"ഒരു നഗരത്തിൽ അനീതി നടന്നാൽ സൂര്യാസ്തമയത്തിനു മുൻപ് അവിടെ കലാപമുണ്ടാകണം. ഇല്ലെങ്കിൽ ഇരുട്ടും മുൻപ് ആ നഗരം കത്തിത്തീരണം-ബ്രഹ്തിന്റെ വാക്കുകളാണിവ. കലാപകാരിയായ കലാകാരനായിരുന്ന് ബ്രഹത്. കവി, നാടകകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായിരുന്നു അദ്ദേഹം. ജർമ്മൻകാരനായ ബ്രഹ്തിന്റെ ലോകത്തിന്റെ സാഹിത്യ ചിന്തകളെ ഗണ്യമായ സ്വാധീനിക്കുകയുണ്ടായി. ഷേക്സ്പിയർ, മോളിയേ, സൊഫോക്ലിസ് എന്നിവരുടെ നാടകങ്ങൾ അദ്ദേഹം വിവർത്തനം ചെയ്യുകയുണ്ടായി.ബ്രഷ്റ്റിന്റെ ഏറ്റവും പ്രശസ്തമായ നാടകമാണ് അമ്മ. എപ്പിക് തീയറ്റർ എന്ന സങ്കല്പം അവതരിപ്പിച്ചത് ബ്രഹ്താണ്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് എപ്പിക് തീയറ്റർ എന്ന ആശയം രൂപംകൊണ്ടത്. പരമ്പരാഗതമായ വ്യവസ്ഥകളെ ലംഘിച്ചു കൊണ്ടാണ് ബ്രഹത് നാടകചിന്തകൾ സൃഷ്ടിച്ചത്. കഥ പറയുന്ന രീതിയ്ക്ക് ബ്രഹ്ത് പ്രാധാന്യം നൽകിയിരുന്നു. എപ്പിക് തീയറ്ററിന് പ്രധാനമായും മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കും.

> ▶ കലാപകാരിയായ കലാകാരനായിരുന്നു ബ്രഹത്

## എപ്പിക് തീയറ്റർ (Thought of Epic theater)

എപ്പിക് തീയറ്ററിന്റെ ഉള്ളടക്കം രാഷ്ട്രീയമായിരിക്കണം. രാഷ്ട്രീയ പ്രബുദ്ധ ജനങ്ങൾക്ക് പകർന്നു കൊടുക്കുക നാടകത്തിന്റെ ലക്ഷ്യമായിരിക്കണം. ഇതിനായി മാർക്സിസറ്റ് കാഴ്ചപ്പാടുകൾക്ക് പ്രാധാന്യം നൽകുന്ന സമീപനമാണ് അദ്ദേഹം സ്വീകരിച്ചത്. ജനങ്ങളെ സാമ്പത്തികമായി വേർതിരിക്കുന്ന വ്യവസ്ഥകളോട് വിമർശനാത്മകമായി പ്രതികരിക്കുന്നവയാണ് എപ്പിക് തീയറ്റർ. ചൂഷണത്തിനെതിരെ ജനങ്ങളെ സംഘടിപ്പിക്കുക എന്നതും നാടകത്തിന്റെ ലക്ഷ്യമായിരുന്നു. ഇതിനായി പ്രേക്ഷകരെ ബോധവൽക്കരിക്കേണ്ടതുണ്ട്. സമൂഹത്തെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകൾ, പരിസരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ചൂഷണത്തിന് ആസ്പദമായ സംഭവങ്ങൾ എന്നിവ ഉള്ളടക്കത്തിൽ ഉണ്ടാക്കണം. സമൂഹത്തിന്റെ മാറ്റത്തിലാണ് നാടകം പ്രധാനമായും ശ്രദ്ധകേന്ദ്രീകരിക്കേണ്ടത്.

> ▶ എപ്പിക് തീയറ്ററിന്റെ ഉള്ളടക്കം രാഷ്ട്രീയമായിരിക്കണം

### എലിനേഷൻ ഇഫക്റ്റ് (Alienation Effect)

എപ്പിക് നാടകത്തിന്റെ പ്രധാന ലക്ഷ്യമാണിത്. നാടകത്തെ നാടകമായി മാത്രം കാണുക. കഥാപാത്രങ്ങളുടെ വൈകാരിക പ്രകടങ്ങളിൽ പ്രേക്ഷകർ മുഴുകാതിരിക്കുക. പ്രേക്ഷകൻ തന്റെ ഐഡന്റിറ്റി കളയാതെ സൂക്ഷിക്കണം. പ്രേക്ഷകർ കഥാപാത്രത്തിൽ നിന്നും അകന്നു നിൽക്കണം. കഥാപാത്രത്തിന്റെ ഭാഗമായി പ്രേക്ഷകർ മാറാൻ പാടില്ല. സ്റ്റേജിൽ നടക്കുന്ന സംഭവങ്ങൾ നാടകത്തിലേത് മാത്രമാണെന്ന് പ്രേക്ഷകർ മനസ്സിലാക്കണം. ഈ ചിന്ത എപ്പോഴും പ്രേക്ഷകന് ഉണ്ടായിരിക്കണം. കഥാപാത്രവും പ്രേക്ഷകനും രണ്ടു ഭാഗത്താണ് നിലയുറപ്പിക്കേണ്ടത്.

- പ്രേക്ഷകർ തങ്ങളുടെ ഐഡന്റിറ്റി കളയാതെ സൂക്ഷിക്കണം

### സ്റ്റേജ് എലമെൻസ് (Stage Elements)

സ്റ്റേജിന്റെ ഘടനാ, മ്യൂസിക്, ഗാനം എന്നിവ എപ്പിക് തീയറ്റർ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. നാടകം അഭിനയം മാത്രമാണെന്ന് ബോധ്യപ്പെടുത്തുന്ന വിധത്തിലായിരിക്കണം സ്റ്റേജിന്റെ ഘടന സംവിധാനം ചെയ്യേണ്ടത്. നാടകം റിയാലിറ്റിയല്ല എന്ന് അവ ബോധ്യപ്പെടുത്തണം. വൈകാരികമായ ഭാവങ്ങളെ ഉത്തേജിപ്പിക്കുന്ന വിധത്തിലുള്ളതാകരുത് സംഗീതം. ലിറിക്സും മ്യൂസിക്കും തമ്മിൽ ബന്ധമുണ്ടാകാൻ പാടില്ലെന്നും പറയുന്നുണ്ട്. ലൈറ്റിന്റെ ക്രമീകരണം മറ്റ് നാടകങ്ങളുടെ അവതരണ രീതിയിൽ നിന്നും വ്യത്യസ്തമാക്കണം. സംഗീതവും പ്രകാശവിതാനവും അമിതമാകാൻ പാടില്ല. പ്രേക്ഷകനും കഥാപാത്രവും തമ്മിലുള്ള ബന്ധത്തെ ദൃഢപ്പെടുത്തുന്ന രീതിയിലാകരുത് സ്റ്റേജിന്റെ ഘടന.

- നാടകം റിയാലിറ്റിയല്ല

## ഫോർമലിസം (Formalism)

വളരെ പ്രശസ്തമായ ഒരു സാഹിത്യനിരൂപണ സിദ്ധാന്തമാണ് ഫോർമലിസം. രൂപത്തിന് പ്രാധാന്യം നൽകുന്ന നിരൂപണ സിദ്ധാന്തമാണിത്. കാല്പനിക പ്രസ്ഥാനവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളോടുള്ള എതിർപ്പിൽ നിന്നാണ് ഫോർമലിസം ശക്തി പ്രാപിച്ചത്. വ്യക്തി കേന്ദ്രിതമായിരുന്നു കാല്പനിക പ്രസ്ഥാനം. കലാകാരനും അദ്ദേഹത്തിന്റെ സൃഷ്ടിപരമായ ഔന്നത്യത്തിനുമായിരുന്നു കാല്പനിക പ്രസ്ഥാനത്തിൽ, പാഠത്തേക്കാൾ പ്രാധാന്യമുണ്ടായിരുന്നത്. പാഠത്തിന് വലിയ പ്രാധാന്യമുണ്ടായിരുന്നില്ല. എന്നാൽ ഫോർമലിസത്തിൽ പാഠത്തിന് പ്രാധാന്യം വർദ്ധിച്ചു. രണ്ട് തരത്തിൽപ്പെട്ട ഫോർമലിസ്റ്റ് നിരൂപണരീതിയുണ്ട്. റഷ്യൻ വിപ്ലവത്തെത്തുടർന്ന് സോവിയറ്റ് റഷ്യയിൽ രൂപം കൊണ്ട റഷ്യൻ ഫോർമലിസമാണ് അതിലൊന്ന്. ആഗ്ലോ അമേരിക്കൻ നവീനനിരൂപണമാണ് രണ്ടാമത്തേത്. ബാഹ്യമായ യാതൊരു ഘടകങ്ങളുമായും ബന്ധപ്പെടാതെ നിൽക്കുന്ന ഒരു സ്വാതന്ത്ര്യാസ്തിത്വം കൃതിക്കുണ്ട് എന്നാണ് റഷ്യൻ ഫോർമലിസം പറയുന്നത്. ഗ്രന്ഥ കർത്താവും അയാളുടെ ജീവിത സാഹചര്യങ്ങളും ഒന്നമല്ല; ഗ്രന്ഥമെന്ന വാങ്മയം മാത്രമാണ് പഠനീയം എന്ന് ഫോർമലിസ്റ്റുകൾ ശഠിച്ചതായി എം.ലീലാവതി എഴുതുന്നുണ്ട് (ഡോ.എം.ലീലാവതി, സാഹിത്യനിരൂപത്തിലെ ദിശാബോധം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ). റഷ്യയിൽ ഉദയംകൊണ്ട ഈ സാഹിത്യനിരൂപണശാഖ കലാപരമായും സൗന്ദര്യാത്മകവുമായ അവബോധത്തിന്റെ പ്രത്യേക രൂപസംവേദനമാണെന്ന് വാദിച്ചു.

- ഫോർമലിസത്തിൽ പാഠത്തിനായിരുന്നു പ്രാധാന്യം

സാഹിത്യത്തെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും ഫോർമലിസം സഹായിച്ചു. അതായത് സാഹിത്യത്തെ മനസ്സിലാക്കുന്ന രീതിയിൽ വിപ്ലവകരമായ മാറ്റം വരുത്താൻ ഫോർമലിസ്റ്റുകൾക്ക് കഴിഞ്ഞു. കൃതിയിലെ പ്രത്യയശാസ്ത്രപരമായ ഘടകങ്ങൾ, ചരിത്രപരമായ താത്പര്യം, രചയിതാവിന്റെ മാനസികാവസ്ഥ എന്നിവയ്ക്ക് മുൻതൂക്കം ലഭിച്ചിരുന്ന വായനാരീതി ഫോർമലിസ്റ്റുകൾ ഉപേക്ഷിച്ചു. പാഠത്തെയും എഴുത്തുകാരന്റെ കലാപരമായ തന്ത്രങ്ങളെയും വായനയുടെ കേന്ദ്രതലമാക്കി ഫോർമലിസ്റ്റുകൾ മാറ്റി. റിയലിസം ഉള്ളടക്കത്തിന് പ്രാധാന്യം നൽകിയപ്പോൾ ഫോർമലിസം ഘടനയ്ക്കാണ് മുൻതൂക്കം നൽകിയത്.

- ഫോർമലിസം ഘടനയ്ക്ക് മുൻതൂക്കം നല്കി

## റഷ്യൻ ഫോർമലിസം (Russian Formalism)

വിക്ടർഷ്ക്ലോവ്സ്കി (Victor Shklovsky), റോമൻ ജാക്കോബ്സൺ(Roman Jacobson), ബോറിസ്തുക്കൻബാം എന്നിവരാണ് റഷ്യൻ ഫോർമലിസത്തിന്റെ വക്താക്കൾ. റഷ്യൻ വിപ്ലവത്തിന് മുൻപ് ഈ സിദ്ധാന്തം പ്രചരിച്ചു തുടങ്ങി 1917ൽ ഷ്ക്ലോവ്സ്കി പ്രസിദ്ധീകരിച്ച് 'ആർട്ട് ആസ് ടെക്നിക് എന്ന പ്രബന്ധമാണ് റഷ്യൻ ഫോർമലിസത്തിന്റെ മാനിഫെസ്റ്റോ. 1960 കളിൽ റഷ്യൻ ഫോർമലിസ്റ്റുകളുടെ സിദ്ധാന്തങ്ങൾ വ്യാപകമായി പ്രചരിച്ചു. വർഗ്ഗരഹിത സമൂഹത്തിന്റെയും സോഷ്യലിസത്തിന്റെയും സ്ഥാപനത്തിനും വളർച്ചയ്ക്കും മുന്നേറ്റത്തിനും പ്രേരകമാവുന്ന ഉള്ളടക്കത്തിന് പ്രാധാന്യം നൽകുന്ന സാഹിത്യരചനകളെ ഇവർ പ്രോത്സാഹിച്ചു, കല കലയ്ക്കു വേണ്ടി എന്ന് വാദിക്കുന്ന ശുദ്ധകലാവാദികളെ ഇവർ വിമർശിച്ചു. വസ്തുക്കൾ ഉളവാക്കുന്ന സംവേദനങ്ങളെയാണ് സാഹിത്യം ആവിഷ്ക്കരിക്കേണ്ടത്. കലയുടെ മാർഗ്ഗം വസ്തുക്കൾക്ക് അപരിചിതത്വം, അല്ലെങ്കിൽ അപൂർവ്വതവരുത്തുകയാണ്. ഇത് ആസ്വാദനത്തിൽ പ്രയാസം സൃഷ്ടിക്കും. കാരണം ഈ അനുഭവം സൗന്ദര്യാത്മകവും അനന്യ ലക്ഷ്യവുമാണ്. സാഹിത്യത്തിൽ കലാത്മകത കുറയുന്തോറും ഈ പ്രയാസം കുറയും കൃതിയുടെ അർത്ഥബോധനം വിപുലവുമാകും. ഷ്കോവ്സ്കി ഇത് വ്യക്തമാക്കുന്നുണ്ട്. റൊട്ടിയും വെണ്ണയും കഴിക്കുന്ന കുട്ടിയെ വണ്ണക്കയ്യൻ എന്നു വിളിച്ചാൽ ചമൽക്കാരമൊന്നുമില്ലാത്ത പ്രയോഗമാകും. ഇവിടെ കൈയും വെണ്ണയും യാഥാർത്ഥ്യങ്ങളാണ്. റിയലിസ്റ്റിക് ആയ ഇത്തരം പ്രയോഗത്തെ മെറ്റോണിമിക് (metonymic) എന്ന് വിശേഷിപ്പിക്കുന്നു. കണ്ണടയെടുത്ത് കളിക്കുന്ന കുട്ടിയുടെ കൈയിൽ നിന്ന് അത് വീണു പോകുമ്പോഴാണ് വെണ്ണക്കയ്യൻ എന്ന് വിളിക്കുന്നതെങ്കിൽ അത് രൂപകല്പനാധിഷ്ഠിതമായ (metaphoric) കാവ്യഭാഷയാകും അവിടെ വെണ്ണയില്ല, കൈയേ ഉള്ളു.

- വസ്തുക്കൾ ഉളവാക്കുന്ന സംവേദങ്ങളെയാണ് സാഹിത്യം ആവിഷ്കരിക്കേണ്ടത്

ഏറ്റവും കുറഞ്ഞ വാക്കുകളിലൂടെ പ്രകടമാക്കുമ്പോഴാണ് ചിന്ത അർത്ഥവത്തായിത്തീരുന്നതെന്ന ഹെർബർട്ട് സ്പെൻസറുടെ(Herbert Spencer) സിദ്ധാന്തത്തെ ഷ്ക്ലോവ്സ്കി വിമർശിക്കുന്നുണ്ട്. ഈ നിയമം കാവ്യഭാഷയിൽ തികച്ചും അസ്ഥാനത്താണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. സാഹിത്യം ജീവിതാനുകരണമാണ് സാഹിത്യം വികാരാവിഷ്ക്കാരമാണ് എന്നൊക്കെയുള്ള സിദ്ധാന്തങ്ങളെയും റഷ്യൻ ഫോർമലിസ്റ്റുകൾ അംഗീകരിക്കുന്നില്ല. സാഹിത്യത്തിന്റെ സ്ഥിരവും പ്രാണദൂതവുമായ ധർമ്മം സാഹിതീയത മാത്രമാണ്, അത് അനന്യ ലക്ഷ്യമാണ് എന്നാണ് അവരുടെ വാദം. സാഹതീയത കൈവരുത്തുന്നതിനുള്ള ഉപായങ്ങൾ എക്കാല

- സാഹിത്യത്തിന്റെ സ്ഥിരവും പ്രാണദൂതവുമായ ധർമ്മം സാഹിതീയതയാണ്

ത്തും ഒരേ വിധത്തിലായിരിക്കില്ല. ചരിത്രഗതിയിൽ അവയും യാന്ത്രികങ്ങളായിത്തീരുമെന്നും അവർ വാദിക്കുന്നുണ്ട്.

## ഷ്ക്ലോവ്സ്കി (Victor Shklovsky)

റഷ്യൻ ഫോർമലിസത്തിന്റെ പ്രധാന വ്യക്താവായിരുന്നു ഷ്ക്ലൊവ്സ്കി. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട സാഹിത്യ സാംസ്കാരിക സൈദ്ധാന്തികരിൽ ഒരാളായി അദ്ദേഹം അറിയപ്പെടുന്നു. ഡേവിഡ് ബെല്ലോസിന്റെ അഭിപ്രായത്തിൽ കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും സജീവവും ആദരണീയനുമായ വ്യക്തികളിൽ ഒരാളാണ് ഷ്ക്ലൊവ്സ്കി. മാക്സിം ഹോർക്കി(Maxim Gorky), ടോൾസ്റ്റോയ് (Tolstoy) തുടങ്ങിയ എഴുത്തുകാരെക്കുറിച്ച് നിരവധി ലേഖനങ്ങളും അദ്ദേഹം എഴുതി. ഐസൻസ്റ്റീന്റെ അടുത്ത സുഹൃത്തായ ഷ്ക്ലൊവ്സ്കിയുടെ ചലച്ചിത്രത്തെക്കുറിച്ചുള്ള പ്രധാന കൃതിയാണ് 'സാഹിത്യവും സിനിമാട്ടോഗ്രാഫിയും'. ഐൻസ്റ്റീന്റെ ജീവിതത്തെക്കുറിച്ച് വിപുലമായ ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. നിരവധി സോവിയറ്റ് സിനിമകളിൽ തിരക്കഥാകൃത്തായും അദ്ദേഹം പ്രവർത്തിച്ചു.'മൂന്നാം ഫാക്ടറി' എന്ന കൃതിയിൽ അദ്ദേഹം തന്റെ സിനിമാജീവിതത്തെ വിവരിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ റഷ്യൻ സാംസ്കാരിക ജീവിതത്തിലെ ഏറ്റവും ആകർഷകമായ വ്യക്തികളിൽ ഒരാളായി അദ്ദേഹം അറിയപ്പെടുന്നു. കലയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിർവചനം ഏറെ പ്രശസ്തമാണ്. സർഗ്ഗാത്മകതയുടെ പ്രക്രിയ അനുഭവിക്കുന്നതിനുള്ള ഒരു ഉപാധിയാണ് കല. ഷ്ക്ലൊവ്സ്കി സാഹിത്യത്തിൽ അറിയപ്പെടുന്നത് അപരിചിതവത്കരണം (Defamiliarization) എന്ന ആശയം അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ്. പ്രേക്ഷകർക്ക് പൊതുവായ കാര്യങ്ങൾ അപരിചിതമോ വിചിത്രമോ ആയ രീതിയിൽ അവതരിപ്പിക്കുന്നതിനുള്ള കലാപരമായ സാങ്കേതികതയാണ് അപരിചിതവത്കരണം.

> ▶ സർഗ്ഗാത്മകതയുടെ പ്രക്രിയ അനുഭവിക്കുന്നതിനുള്ള ഒരു ഉപാധിയാണ് കല

## അപരിചിതവത്ക്കരണം

ഷ്ളോവ്സ്കിയുടെ ആശയമാണ് അപരിചിതവൽക്കരണം (defamiliarisation). കവിതയോ കവിതയിലെ ഭാഷാപ്രയോഗമോ എല്ലായ്പ്പോഴും അനുവാചകന് പരിചിതമായ ഒരു അനുഭവമായിരിക്കരുതെന്ന് അദ്ദേഹം സമർത്ഥിച്ചു. എപ്പോഴും അത് അപരിചിതമായിരിക്കണം. കവിത എപ്പോഴും അപൂർവ്വ വസ്തുവായിരിക്കണം. പരിചിതമായ ഭാഷയെ അപരിചിതമാക്കാനുള്ള ശേഷിയാണ് കവിതയുടെ തന്ത്രം. കവിതയ്ക്ക് പുതിയ ഘടനയിലൂടെ മാത്രമെ പുതിയ അനുഭവങ്ങളെ ആവിഷ്ക്കരിക്കാൻ കഴിയൂ. ഫ്രോയിഡിന്റെ uncanny എന്ന ആശയത്തോട് ഇതിന് ബന്ധമുണ്ട്. ഈ ആശയത്തിന്റെ പശ്ചാത്തലത്തിൽ അപരിചിതവത്ക്കരണം വീണ്ടും വായിക്കപ്പെടുകയുണ്ടായി. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ നമുക്ക് പരിചിതമായ സംഭവങ്ങൾ ചിലപ്പോൾ ഭയപ്പെടുത്തുന്നതുപോലെ തോന്നും. പരിചിതമായ വീട്ടിൽ കുറെക്കാലങ്ങൾക്ക് ശേഷം താമസിക്കാനായി എത്തുമ്പോൾ ഭയപ്പെടുത്തുന്ന അനുഭവം ഉണ്ടാകാറുണ്ടല്ലോ. അപ്പോൾ വീട് uncanny ആയിമാറുന്നു. ഭാഷ പരിചിതമായ ഒന്നാണ് പക്ഷെ അത് കവിതയിലൂടെ ആവിഷ്ക്കരിക്കപ്പെടുമ്പോൾ നമുക്ക് അപരിചിതമായ ഒന്നായി മാറണം. പുതിയ അനുഭവങ്ങൾ ഇങ്ങനെ ആവിഷ്ക്കരിക്കാൻ കഴിയും. പരിചിതമായ ഭാഷ അപരിചിതമായി മാറുന്ന അവസ്ഥയാണ് അപരിചിതവത്ക്കരണം.

> ▶ ഭാഷ കവിതയിലൂടെ ആവിഷ്കരിക്കുമ്പോൾ അപരിചിതമായി മാറുന്നു

## റോമൻ യാക്കോബ്സൺ (Roman Jakobson)

ഘടനാവാദത്തെ ഒരു ദർശനം എന്ന നിലയിലും പ്രയോഗം എന്ന നിലയിലും വികസിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച ഭാഷശാസ്ത്ര ജ്ഞനും സാഹിത്യചിന്തകനുമാണ് യക്കോബ്സൺ. ഭാഷാശാസ്ത്രരം ഗത്ത് അദ്ദേഹം സ്വനിമസിദ്ധാന്തം വികസിപ്പിച്ചെടുക്കുകയും റഷ്യൻ ഫോർമലിസത്തിന്റെ അടിത്തറ വിപുലമാക്കുകയും ചെയ്തു. 1942 ലാ ണ് യാക്കോബ്സൺ സ്വനിമസിദ്ധാന്തം അവതരിപ്പിച്ചത്. ഭാഷയിൽ അർത്ഥവ്യത്യാസം സൃഷ്ടിക്കുന്നത് സ്വനിമങ്ങളാണെന്ന് ഈ സിദ്ധാന്തം വ്യക്തമാക്കുന്നു. അർത്ഥവ്യത്യാസത്തിനുശേഷിയുണ്ടെങ്കിലും സ്വനിമ ത്തിന് സ്വന്തമായി സൂചകത്വമില്ല. സൂചകമുണ്ട് എന്നാൽ സൂചിതമില്ല എന്നതാണിതിന്റെ സവിശേഷത. സ്വനിമ വിജ്ഞാനവുവുമായി ബന്ധ പ്പെട്ട നിരവധി കൃതികൾ അദ്ദേഹം രചിച്ചു. ആധുനിക സാഹിത്യസി ദ്ധാന്തത്തിന് യാക്കോബ്സൻ രണ്ട് പ്രധാന സംഭാവനകൾ നൽകുക യുണ്ടായി.

▶ ഭഷയിൽ അർത്ഥ വ്യത്യാസം സൃഷ്ടിക്കുന്നതാ ണ് സ്വനിമം

1. കലാസൃഷ്ടി പകർന്നുനല്കുന്ന വാചികസന്ദേശത്തെ ഭാഷശാ സ്ത്രസിദ്ധാന്തങ്ങൾ ഉപയോഗിച്ച് നിർവ്വചിക്കാൻ ശ്രമിച്ചു.
2. രൂപകം, ഉപാദാനം എന്നീ ഭാഷാസങ്കല്പങ്ങൾ ഉപയോഗിച്ച് സാ ഹിത്യഭാഷയുടെ സവിശേഷതകളെ വ്യാഖ്യാനിച്ചു.

ഭാഷകസമൂഹം ഭാഷക്കുള്ളിൽ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന ചില ഇടപെടലുകളാണ് രൂപകം/ഉപാദനം (metaphor, metonymy) എന്നീ പേരുകളിൽ നിരീക്ഷിക്കപ്പെട്ടിട്ടുള്ളത്. സാദൃശ്യപരമായ ഭാഷാ തകരാറിന് രൂപകവും ഉപദാനപരമായ തകരാറിന് മെറ്റോണി മിയും തീർത്തും അന്യമായിരിക്കും എന്ന് യാക്കോബ്സൺ നിരീക്ഷി ക്കുന്നു. ഭാഷയിൽ തിരഞ്ഞെടുപ്പിലൂടെയും കൂട്ടിച്ചേർക്കലിലൂടെയുമാ ണ് ഭാഷാ വ്യവഹാരങ്ങൾ നടക്കുന്നത്. selection and combination എന്നാണ് ഈ സങ്കല്പനങ്ങൾക്ക് പിന്നിലുള്ള തത്വം. രൂപകത്തിൽ ഒരു പദത്തിന് പകരം മറ്റൊരു പദം പ്രയോഗിക്കുകയാണ് ചെയ്യുന്നത്. ജീവിതത്തിനു പകരം സാഗരം എന്ന പദം പ്രയോഗിക്കുന്നത് ജീവിത ത്തിന്റെ മിക്ക സവിശേഷതകളും പ്രകാശിപ്പിക്കാൻ കഴിയുന്ന ഒരാശയം എന്ന നിലയിലാണ്. എന്നാൽ ഉപാദാനത്തിൽ പൂർണ്ണമായ ഒന്നിനെ അതിന്റെ ഒരു ഭാഗം കൊണ്ടു പ്രതിനിധീകരിക്കുന്ന രീതിയാണുള്ളത്. ആതായത് കുന്തം സൈനികനെ പ്രതിനിധീകരിക്കുന്നു.

▶ രൂപകത്തിൽ ഒരു പദത്തിനു പകരം മറ്റൊരു പദം ഉപ യോഗിക്കുന്നു

സൊസ്യൂറിന്റെ ആശയങ്ങളോട് പലപ്പോഴും വിയോജിക്കുന്ന സമീ പനമാണ് യാക്കോബ്സൺ സ്വീകരിച്ചത്. ഭാഷയുടെ ധർമ്മപരവും വ്യ വസ്ഥാപരവും ചരിത്രപരവുമായ സവിശേഷതകളെ അദ്ദേഹം പരിഗ ണിക്കുന്നുണ്ട്. ഭാഷാപരിണാമത്തെ കേവലം യാദൃശ്ചികത മാത്രമായി കണക്കാക്കുകയും ഭാഷയെ കാലത്തിൽ നിന്നടർത്തിമാറ്റി പഠിക്കു കയും ചെയ്യുന്ന സമീപനത്തോട് യാക്കോബ്സൺ യോജിക്കുന്നില്ല. ഭാഷപരിണാമത്തെ ഭാഷവ്യവസ്ഥയുടെതന്നെ പരിണാമമായി കാണു കയാണ് അദ്ദേഹം. സൊസ്യൂറിന്റെ സൂചക - സൂചിത ബന്ധത്തെയും അദ്ദേഹം നിരാകരിക്കന്നു.

▶ ഭാഷാ പരിണാമത്തെ ഭാഷാ വ്യവസ്ഥയുടെ തന്നെ ഭാഗമായി കരുതുന്നു

# ശൈലി

## കാവ്യാത്മകധർമ്മം

ഭാഷാശാസ്ത്രജ്ഞനായ റോമൻ ജേക്കബ്സൺ വികസിപ്പിച്ചെടുത്ത 'ജേക്കബ്സോണിയൻ' മോഡൽ ഭാഷയുടെ വിവിധ പ്രവർത്തനങ്ങൾ മനസ്സിലാക്കാനുള്ള സമഗ്രമായ ചട്ടക്കൂടാണ്. ഭാഷ ആറു പ്രാഥമികപ്രവർത്തങ്ങൾ നിറവേറ്റുന്നുവെന്ന് യാക്കോബ്സൺ നിർദ്ദേശിച്ചു. സന്ദർഭത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, വിലാസക്കാരനിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത്, വിലാസവും വിലാസവും തമ്മിലുള്ള സമ്പർക്കത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. കോഡിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത്, സന്ദേശത്തിൽ തന്നെ ശ്രദ്ധകേന്ദ്രീകരിക്കുന്നത് എന്നിങ്ങനെ ആറുവിധം. ഇതിൽ ഏറെ ശ്രദ്ധയാകർഷിച്ച ഒന്നാണ് സന്ദേശത്തിൽത്തന്നെ ശ്രദ്ധകേന്ദ്രീകരിച്ച കാവ്യാത്മക പ്രവർത്തനം. സന്ദേശത്തിന്റെ രൂപം, ഘടന, കലാപരമായ ആവിഷ്കാരം എന്നിവയിലേക്കുള്ള ഉയർന്ന ശ്രദ്ധയാണ് ഭാഷയുടെ കാവ്യാത്മക പ്രവർത്തനം. വാചകത്തിന്റെ കലാപരവും ആവിഷ്കാരപരവുമായ ഗുണങ്ങളുമായി ആഴത്തിൽ ഇഴുകിച്ചേരുന്ന മനുഷ്യന്റെ മനസ്സ് ഭാഷയുടെ സൗന്ദര്യാത്മക ഗുണങ്ങളെ എങ്ങനെ മനസ്സിലാക്കുന്നു എന്നറിയാൻ സൈക്കോളജി, ഭാഷാശാസ്ത്രം, ന്യൂറോ സയൻസ് എന്നീ മേഖലകളെ ആശ്രയിക്കുന്നു. കാവ്യാനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള വൈജ്ഞാനിക സംവിധാനങ്ങൾ അന്വേഷിക്കുന്നതിലൂടെ ഭാഷയെയും അറിവിനെയും ഭാഷാസൗന്ദര്യത്തെയും കുറിച്ചുള്ള അന്വേഷണത്തിന് വെളിച്ചം വീശാൻ സാധിക്കുന്നു. ഭാഷയുടെ കാവ്യാത്മകപ്രവർത്തനം ഒരു സാഹിത്യകൃതിയുടെ സൗന്ദര്യാത്മക ഗുണങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കവിതയുടെ സൗന്ദരാത്മകഗുണങ്ങൾ മനുഷ്യ മനസ്സ് എങ്ങനെ മനസ്സിലാക്കുന്നുവെന്നും അതിനെക്കുറിച്ച് എങ്ങനെ പ്രതികരിക്കുന്നുവെന്നും കാവ്യശാസ്ത്രം പരിശോധിക്കുന്നുണ്ട്. കാവ്യാനുഭവത്തിന്റെ വൈജ്ഞാനികമായ അടിത്തറ മനസ്സിലാക്കുന്നതോടെ പണ്ഡിതന്മാർക്ക് സാഹിത്യകലയുടെ ശക്തിയേയും അതിന്റെ സങ്കീർണ്ണതയേയും കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച നേടാൻ കഴിയും.

> ▶ ഭാഷയുടെ കാവ്യാത്മകപ്രവർത്തനം ഒരു സാഹിത്യകൃതിയുടെ സൗന്ദര്യാത്മക ഗുണങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു

കവിതയിൽ രൂപകത്തിന്റെയും മറ്റ് ആലങ്കാരിക ഭാഷയുടെയും പങ്കിലേക്കുള്ള ശ്രദ്ധയെക്കുറിച്ചായിരുന്നു യാക്കോബ്സൺ അടുത്തതായി ചിന്തിച്ചത്. ഒരു കവിതയിൽ ഉപയോഗിച്ചിരിക്കുന്ന നിർദ്ദിഷ്ട രൂപകവും പ്രതീകാത്മകവുമായ ഘടനകളെ വിശകലനം ചെയ്യുന്നതിലൂടെ യാക്കോബ്സൺ അർത്ഥവും അടിസ്ഥാന വൈജ്ഞാനിക പ്രക്രിയകളും അനാവരണം ചെയ്യാൻ ശ്രമിച്ചു. 'ഭാഷാശാസ്ത്രവും കാവ്യശാസ്ത്രവും' എന്ന യാക്കോബ്സന്റെ ഉപന്യാസം സാഹിത്യ പഠന മേഖലയിൽ ശാശ്വതമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഘടനാവാദം, സെമിയോട്ടിക്സ്, വൈജ്ഞാനിക കാവ്യശാസ്ത്രം ഉൾപ്പെടെ വിവിധ വിമർശനാത്മകസമീപനങ്ങളുടെ വികസനത്തിൽ അദ്ദേഹത്തിന്റെ ആശയങ്ങൾ കടന്നുകൂടിയിട്ടുണ്ടെന്ന് മനസിലാക്കാം.

## മിഖായേൽ ബക്തിന്റെ ഫോർമലിസ്റ്റ് വിമർശനം (Mikhael Bakhtin)

ഇരുപതാം നൂറ്റാണ്ടിലെ സ്വാധീനമുള്ള റഷ്യൻ പണ്ഡിതനും സൈ

ദ്ധാന്തികനുമായിരുന്നു മിഖായേൽ ബക്തിൻ. അദ്ദേഹത്തിന്റെ ഹിറ്റി റോഗ്ലോസിയ, പോളിഫോണി(Polyphony), ഡയലോഗിസം(Dialogism) എന്നീ ആശയങ്ങൾ ഏറെ ചർച്ച ചെയ്യപ്പെട്ടു. ഔപചാരികമായ ഭാഷ ഭാഷയുടെ സൗന്ദര്യാത്മകഗുണത്തെ അവഗണിച്ചുവെന്ന് ഹെറ്റ റോഗ്ലോസിയ എന്ന ആശയത്തിലൂടെ അദ്ദേഹം പറഞ്ഞു. ആധികാരികശബ്ദത്തോടൊപ്പം ഒന്നിലധികം ആഖ്യാനശബ്ദങ്ങളുടെ അസ്തിത്വമാണ് പോളിഫോണി. വ്യത്യസ്തമായ അഖ്യാനശബ്ദങ്ങളെക്കുറിച്ച് പഠിക്കാൻ സംഗീതത്തിൽ നിന്നാണ് പോളിഫോണി എന്ന പദം അദ്ദേഹം കടമെടുത്തത്. ദസ്തയേവ്സ്കിയുടെ(Dastoevsky) നോവലുകളെക്കുറിച്ചുള്ള പഠനത്തിലാണ് ബഹുസ്വരത എന്ന ആശയത്തെ അദ്ദേഹം അവതരിപ്പിച്ചത്. റഷ്യൻ ഫോർമലിസത്തിന്റെ വിമർശകനായിരുന്നു ബക്തിൻ. ഒരു സാഹിത്യ കൃതിയുടെ രൂപത്തിന് പ്രാധാന്യം നൽകുന്ന വിമർശനാത്മക സമീപനമാണ് ഫോർമലിസം. ഒരു കൃതിയിലൂടെ അവതരിപ്പിക്കുന്ന ഉള്ളടക്കത്തെയും സാമൂഹിക യാഥാർത്ഥ്യങ്ങളെയും അപേക്ഷിച്ച് സാഹിത്യ വിശകലനത്തിൽ രൂപത്തെ തെരഞ്ഞെടുക്കണമെന്ന് ഫോർമലിസ്റ്റുകൾ വാദിച്ചു. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ സമീപനമാണ് ബക്തൻ സ്വീകരിച്ചത്. കൃതിയുടെ സാമൂഹിക യാഥാർത്ഥ്യങ്ങളെ അവഗണിക്കുന്നതിനെ അദ്ദേഹം വിമർശിച്ചു. ഒരു മാർക്സിസ്റ്റ് ചിന്തകൻ എന്ന നിലയിൽ, ഭാഷയെ അതിന്റെ സാമൂഹിക രാഷ്ട്രീയ സന്ദർഭങ്ങളിൽ നിന്നും നീക്കം ചെയ്യാൻ കഴിയില്ലെന്ന് അദ്ദേഹം വാദിച്ചു.

> ▶ സാഹിത്യ കൃതിയുടെ രൂപത്തിന് പ്രാധാന്യം നല്കുന്നു

## പ്രാഗ് സ്കൂൾ (Prague School)

1920 ൽ സ്ഥാപിതമായ ഭാഷാപരമായ ചിന്തയുടെയും വിശകലനത്തിന്റെയും സ്കൂളാണ് പ്രാഗ്സ്കൂൾ. വില്യം മാത്യേഷ്യസ് (vilem Mathesius) ആണ് സ്ഥാപകൻ. റോമൻ യാക്കോബ്സൺ ഈ സ്കൂളിലെ പ്രമുഖനായിരുന്നു. ഈ സ്കൂളിലെ ഭാഷ ശാസ്ത്രജ്ഞർ ഭാഷയ്ക്കുള്ളിലെ മൂലകങ്ങളുടെ പ്രവർത്തനം, ഭാഷാഘടകങ്ങളുടെ പരസ്പര വൈരുദ്ധ്യം എന്നിവയെ പഠനവിധേയമാക്കി. പ്രാഗ്സ്കൂൾ നരവംശ ശാസ്ത്രത്തെ സ്വാധീനിക്കുകയുണ്ടായി. നിക്കോളായ് ട്രബറ്റ്സ്ക്കോയ് (Nikolai Trubetzkoy)റോമൻ ജക്കോബസൺ(Roman Jakobson), റെനെവെല്ലക്(Rene Wellek), ജാൻമുകറോവ്സ്കി(Jan Mukaravsky) എന്നിവരാണ് ഈ ചിന്താധാരയിലെ പ്രമുഖർ. ഭാഷ ഒരു ഭൗതികസത്തയാണ് എന്നതാണ് ഇവരുടെ അടിസ്ഥാന പ്രമാണം. ഭാഷയ്ക്കുള്ളിലെ ഘടകങ്ങളുടെ പ്രവർത്തനം, ഒരോ ഘടകങ്ങളും തമ്മിലുള്ള വ്യതിരക്തത, വ്യതിരക്തമായ ഘടകങ്ങൾ ഐക്യപ്പെട്ട് രൂപപ്പെടുന്ന ഭാഷാഘടന തുടങ്ങിയ വിഷയങ്ങളിലാണ് ഇവർ ഊന്നൽ കൊടുക്കുന്നത്. ഘടനാവാദത്തിനും റഷ്യൻ രൂപഭദ്രതാവാദത്തിനും ആധാരമായത് ഇവരുടെ ചിന്തകളാണ്. ഭാഷാശാസ്ത്രത്തെയും സാഹിത്യനിരൂപണത്തെയും ബന്ധിപ്പിക്കുന്ന ശൈലീവിജ്ഞാനവും ചിഹ്ന ശാസ്ത്രവും പ്രാഗ് പാഠശാലകളുടെ ഉല്പന്നങ്ങളാണ്. മുക്റോവ്സ്കിയുടെ പുര:ക്ഷേപണ സിദ്ധാന്തം (forgrounding) ഷ്ളോവ്സ്കിയുടെ അപരിചിതവൽക്കരണം (de-familarisation) എന്നിവ ഈ പാഠശാലയുടെ സംഭാവനകളായി പരിഗണിക്കാം.

> ▶ ഭാഷ ഒരു ഭൗതിക സത്തയാണ്

## മുകറോവ്സ്കി (Mukarovsky)

ഫെർഡിനാന്റ് സൊസ്യൂറിന്റെ ആശയങ്ങളിൽ ആകൃഷ്ടനായി സാഹി

ത്യനിരൂപണരംഗത്തേക്ക് പ്രവേശിച്ച വ്യക്തിയാണ് മകറോവ്സ്കി. കൃതികളിലെ ഭാഷയെ സംബന്ധിക്കുന്ന പഠനങ്ങളിലാണ് അദ്ദേഹം ശ്രദ്ധ ചെലുത്തിയത്. സാഹിത്യം, ഭാഷ, സൗന്ദര്യശാസ്ത്രം എന്നീ മേഖലകളിലാണ് അദ്ദേഹം കൂടുതൽ താത്പര്യം കാട്ടിയത്. ജേക്കബ്സണുമായി താരതമ്യപ്പെടുത്താവുന്ന സാഹിത്യത്തിന്റെ ഘടനാപരമായ സിദ്ധാന്തത്തിൽ മുകറോവ്സ്കിയ്ക്ക് അഗാധമായ സ്വാധീനമുണ്ടായിരുന്നു. പ്രാഗിലെ സർവ്വകലാശാലയിൽ ഭാഷാശാസ്ത്രവും സൗന്ദര്യശാസ്ത്രവും പഠിപ്പിക്കുകയായിരിക്കുന്നു അദ്ദേഹം. അക്കാലത്തെ പ്രധാനപ്പെട്ട പല പ്രസിദ്ധീകരണങ്ങളിലും അദ്ദേഹം എഡിറ്ററായി പ്രവർത്തിച്ചിരുന്നു. ഭാഷാശാസ്ത്രത്തിലാണ് അദ്ദേഹം കൂടുതൽ ശ്രദ്ധ നൽകിയതെങ്കിലും കാവ്യശാസ്ത്രത്തിന്റെ മേഖലകളിലും തന്റെ ഗവേഷണ മനസ്സിനെ അദ്ദേഹം വ്യാപരിപ്പിച്ചു. സാഹിത്യകൃതിയെ സങ്കീർണമായ ഒരു രൂപമായി മനസിലാക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. സ്വയംഭരണ പ്രവർത്തനവും ആശയവിനിമയ പ്രവർത്തനവുമാണ് കലാസൃഷ്ടിയുടെ രണ്ട് സവിശേഷതകളെന്ന് അദ്ദേഹം പറയുന്നു. പുരഃക്ഷേപണം അദ്ദേഹം അവതരിപ്പിച്ച പ്രധാന ആശയമാണ്.

> ▶ സാഹിത്യകൃതിയെ സങ്കീർണമായ ഒരു രൂപമായി മനസിലാക്കുക

## പുരഃക്ഷേപണം

കാവ്യഭാഷയെ അസാധാരണമാക്കാൻ കവി സൃഷ്ടിക്കുന്ന കാവ്യതന്ത്രമാണ് പുരഃക്ഷേപണം. പുരഃക്ഷേപണം എന്ന വാക്കിന് മുൻവയ്ക്കൽ, വാസ്തവീകരണം എന്നീ അർത്ഥങ്ങൾ നൽകുന്നുണ്ട്. ഭാഷയുടെ മാനകരൂപത്തിൽ നിന്നും സാമൂഹികമോ ഭാഷാപരമോ ആയി സംഭവിക്കുന്ന വ്യതിയാനമാണ് പുര:ക്ഷേപണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണഭാഷയിൽ പതിവില്ലാത്ത സഹസ്ഥിതി സംബന്ധമാണ് പുര:ക്ഷേപണത്തിന് ആധാരം. സാമാന്യത്തിൽ നിന്നും സവിശേഷതയെ സൃഷ്ടിക്കുന്ന ശൈലിയുടെ ഈ ആധാരതത്വത്തെ പുര:ക്ഷേപണം എന്ന് വ്യവഹരിച്ചത് റഷ്യൻ ഫോർമലിസത്തിന്റെ വക്താവായ യാൻ മുകറോവ്സ്കിയാണ്. നിത്യവ്യവഹാരഭാഷയിൽ നിന്ന് കാവ്യ ഭാഷയിലേക്കുള്ള പരിവർത്തനത്തിൽ കവി വരുത്തുന്ന മനഃപൂർവ്വമായ ഭാഷാവ്യതിയാനമായി പുരഃക്ഷേപണത്തെ കാണുന്നു. ആശയത്തിനു പ്രാധാന്യം നൽകുന്നതിനും അനുവാചകശ്രദ്ധയെ ആകർഷിക്കുന്നതിനുമായി കവി പ്രയോഗിക്കുന്ന ഭാഷയുടെ രചനാകൗശലമാണിത്. ഭാഷയുടെ സ്വാഭാവികക്രമത്തിൽ നിന്ന് ഭിന്നമാണെങ്കിലും ആശയപ്രകാശത്തെ കൂടുതൽ ബോധവൽക്കരിക്കുന്നതിന് പുരഃക്ഷേപണം കൊണ്ട് സാധിക്കുന്നു.

> ▶ സാധാരണ ഭാഷയിൽ പതിവില്ലാത്ത സഹസ്ഥിതി സംബന്ധമാണ് പുരഃക്ഷേപണത്തിന് ആധാരം

പുരഃക്ഷേപണത്തിന് കവിതയിൽ സ്വീകരിക്കുന്ന രചനാതന്ത്രങ്ങൾ വിഭിന്നമാണ്. ഭാഷയുടെ സവിശേഷതകൾക്കനുസരിച്ച് കവി സാധ്യമാകുന്ന ആവിഷ്കരണോപാധികൾക്കൊപ്പം തന്നെ അനുവാചകരുടെ വായനാനുഭവങ്ങളും പുരഃക്ഷേപണത്തെ സ്വാധീനിക്കാറുണ്ട് എന്നും നിരീക്ഷണമുണ്ട്. സാമാന്യ ഭാഷയിൽ നിന്ന് വ്യതിചലിക്കുന്ന ധാരാളം സവിശേഷതകളെ കവി പ്രയോഗിച്ചാണ് പുര:ക്ഷേപണം സാധ്യമാക്കുന്നത്. പ്രമേയം, പ്രതിപാദ്യം, ഭാഷാ വ്യവഹാരങ്ങൾ, പാഠപരം, അന്തർവ്യക്തിപരം, ആശയപരം ഇവയെല്ലാം പുരഃക്ഷേപണത്തിലധിഷ്ഠിതമാണ്. സാധാരണം എന്നതിനേക്കാൾ അസാധാരണം എന്നതിനാണ് കാവ്യഭാഷയിൽ പ്രാധാന്യം. വ്യാകരണനിയമങ്ങൾ കാവ്യഭാഷയിൽ പാലിക്കണമെന്നില്ല. സാമാന്യഭാഷയിൽ ഉപയോഗിക്കാത്ത പദങ്ങൾ

> ▶ വാസ്തവത്തിൽ സാമാന്യ ഭാഷയുടെ ക്രമലംഘനമാണ് പുരഃക്ഷേപണം

കവിതയിൽ ധാരാളം ഉപയോഗിക്കാറുണ്ട്. വാസ്തവത്തിൽ സാമാന്യ ഭാഷയുടെ ക്രമലംഘനമാണ് പുരഃക്ഷേപണം. ഐക്യം, താളം എന്നിവ പുരഃക്ഷേപണത്തിന്റെ പ്രധാന ഘടകങ്ങളാണ്.

### ഐക്യം

ഐക്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കവിതയിലെ ഭാഷാഘടകങ്ങൾ തമ്മിലുള്ള യോജിപ്പാണ്. വാക്കും അർത്ഥവും തമ്മിലുള്ള ചേർച്ച തന്നെയാണിത്. കവിതയുടെ ഭാവത്തെ വാക്കുകളിലൂടെ അവതരിപ്പിക്കുന്ന അവസ്ഥയാണ് ഐക്യം. കവിതയുടെ എല്ലാ തലങ്ങളെയും അത് സ്പർശിക്കുന്നു. കവിതയുടെ അർത്ഥബോധ ക്ഷമതയുടെ പഠനത്തിന് ഐക്യം അനിവാര്യമാണ്. കാവ്യത്തിന്റെ ആസ്വാദ്യതയെ വർദ്ധിപ്പിക്കാനും സാധിക്കുന്നു.

- വാക്കും അർത്ഥവും തമ്മിലുള്ള ചേർച്ച

'എന്റെയല്ലെന്റെയല്ലീക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ,

എന്ന വരികളിൽ ആവർത്തിക്കുന്ന വാക്കുകൾ ഐക്യത്തിന് കാരണമാകുന്നു.

### താളം

കവിതയുടെ ഭാവരസങ്ങളെ ഉന്നിദ്രമാകുന്ന സവിശേഷതയാണ് താളം. കവിത ആസ്വാദനകിൽ എത്തിച്ചേരുന്നതിൽ താളം പ്രധാന പങ്കുവഹിക്കുന്നുണ്ട്. കവിതയെ കവിതയാക്കുന്ന അടിസ്ഥാന ഘടകങ്ങളിലൊന്ന് താളമാണ്. കവിയുടെ മനസ്സിൽ ആദ്യം രൂപം കൊള്ളുന്നത് താളമാണെന്ന് പറയാറുണ്ട്. അതാണ് വാക്കുകളിലൂടെ പുറത്തേക്ക് വരുന്നത്. കവിതയുടെ ആകർഷകത്വത്തിന് നിദാനവും താളമാണ്. രൂപരാഹിത്യത്തിൽ നിന്നും താളാത്മകമായ രീതിയിൽ രൂപങ്ങളെ വാർത്തെടുക്കലാണ് സൃഷ്ടി. കവിതയിലെ പ്രതിപാദ്യവുമായി അത് അത്ര മാത്രം ബന്ധപ്പെട്ടുകിടക്കുന്നു. താളത്തിന്റെ സ്വാതന്ത്ര വിനിയോഗത്തിന് കവിതയിൽ സ്വാതന്ത്ര്യമുണ്ട്. കവിതയുടെ ജീവനും ചൈതന്യവുമാണ് അതിലെ താളം.

- കവിതയുടെ ജീവനും ചൈതന്യവുമാണ് അതിലെ താളം

### ഡീവിയേഷൻ ഫ്രം ദ നോം (Deviation from the Norm)

നിത്യജീവിത സമ്പ്രദായങ്ങളിൽ നിന്ന് വ്യതിചലിച്ച് കവികൾ പാരമ്പര്യേതരവും അപ്രതീക്ഷിതവുമായ രീതിയിൽ ഭാഷ ഉപയോഗിക്കാൻ ശ്രമിക്കുന്നതാണ് കവിതപഠനത്തിൽ വ്യതിയാനം എന്ന വാക്കിനുള്ള പ്രസക്തി. സാധാരണ ആശയവിനിമയ രീതികളെയും ഘടനേയും വെല്ലുവിളിക്കുകയോ അട്ടിമറിക്കുകയോ ചെയ്യുന്ന രീതിയിൽ കവികൾ പലപ്പോഴും ഭാഷ ഉപയോഗിക്കുന്നു എന്ന തിരിച്ചറിവാണ് വ്യതിയാനം എന്ന സങ്കൽപം കൊണ്ട് അർത്ഥമാക്കുന്നത്. അപ്രതീക്ഷിത അലങ്കാരങ്ങൾ ഉപയോഗിക്കുക. വാക്യഘടനയിലും വ്യാകരണത്തിലും കൃത്രിമത്വം വരുത്തുക, പദാവലികൾ ഒരു പ്രത്യേക രീതിയിൽ കൂട്ടിച്ചേർക്കുക. ഇങ്ങനെ ഭാഷയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന എല്ലാം വ്യതിയാനത്തിൽ ഉൾപ്പെടുത്താം. പരിചിതമായ ഭാഷാരീതികൾ ഉപയോഗിക്കാതെയിരുന്നാൽ അത് മറഞ്ഞിരിക്കുന്ന സത്യങ്ങൾ വെളിപ്പെടുത്തുകയും

- ഭാഷയുടെ കാവ്യാത്മക പ്രവർത്തനം നിർവചിക്കുന്നത് കവിതയുടെ സന്ദേശത്തെ ആശ്രയിച്ചാണ്

പുതിയ വഴികൾ കാണാനും മനസിലാക്കാനും പ്രേരിപ്പിക്കുമെന്നും ഷ്ക്ളോവ്സ്കിയെ പോലെയുള്ള പണ്ഡിതർ അഭിപ്രായപ്പെട്ടു. ഭാഷാ ശാസ്ത്രജ്ഞനും സാഹിത്യസൈദ്ധാന്തികനുമായ റോമൻ ജേക്കബ് സൺൻറെ അഭിപ്രായത്തിൽ ഭാഷയുടെ കാവ്യാത്മക പ്രവർത്തനം നിർവചിക്കുന്നത് ആശയപരമായ വശത്തേക്കാൾ, കവിതയുടെ സന്ദേശം എന്ന അംശത്തെ ആശ്രയിച്ചാണ്.

- വിമർശനാത്മക സമീപനങ്ങളുടെ ആവിർഭാവം കവിതാപഠനത്തിലെ വ്യതിയാനത്തിന്റെ പ്രസക്തി വർധിപ്പിച്ചു

മനഃശാസ്ത്രപരവും വൈജ്ഞാനികവുമായ പ്രക്രിയകൾ മനസ്സിലാക്കാൻ ശ്രമിച്ച കോഗ്നിറ്റിവ് പൊയറ്റിക്സ്, സ്റ്റൈലിസ്റ്റിക്സ് തുടങ്ങിയ സമീപകാല വിമർശനാത്മക സമീപനങ്ങളുടെ ആവിർഭാവം കവിതാപഠനത്തിലെ വ്യതിയാനത്തിന്റെ പ്രസക്തി വർധിപ്പിച്ചു. കാവ്യഗ്രന്ഥങ്ങളിലെ ഭാഷാപരമായ വ്യതിയാനത്തിന്റെ പങ്ക് പരിശോധിക്കുന്നതിലൂടെ നിരൂപകരും സൈദ്ധാന്തികരും രൂപവും അർത്ഥവും തമ്മിലുള്ള സങ്കീർണ്ണമായ പരസ്പരബന്ധത്തിലേക്ക് ശ്രദ്ധചെലുത്തുകയാണ് ചെയ്തത്.

## Summarised Overview

ആന്ദ്രേബ്രട്ടന്റെ സർറിയലിസ്റ്റിക് മാനിഫെസ്റ്റോയാണ് സർറിയലിസത്തിന് തുടക്കം കുറിച്ചത്. ചിത്രകലയിലാണ് ഈ പ്രസ്ഥാനം ആദ്യം പ്രത്യക്ഷപ്പെട്ടത്. ഫ്രോയിഡിന്റെ മനഃശാസ്ത്രസിദ്ധാന്തങ്ങൾ സർറിയലിസത്തിന്റെ വരവിന് കാരണമായി. ഘനീകരണം, സ്ഥാനഭ്രംശം എന്നീ ഫ്രോയിഡിന്റെ സിദ്ധാന്തങ്ങളെ സർറിയലിസ്റ്റുകൾ സ്വീകരിച്ചു. റിയലിസം അവതരിപ്പിച്ച യാഥാർത്ഥ്യത്തിന്റെ ലോകത്തെ ഇവർ മറികടന്നു. സാഹിത്യത്തിലും ചിത്രകലയിലും ചലച്ചിത്രത്തിലും ഫോട്ടോഗ്രാഫിയിലും ഈ പ്രസ്ഥാനം വളരെ സജീവമായിരുന്നു. അസ്തിത്വവാദ ചിന്തയ്ക്ക് അടിസ്ഥാനമായത് സോറൻകീർക്ക ഗാർഡിന്റെ വാദങ്ങളാണ്. ഒന്നാം ലോക മഹായുദ്ധത്തിന് ശേഷമാണ് ഈ പ്രസ്ഥാനം രൂപംകൊണ്ടത്. വ്യക്തിത്വത്തിനും സ്വാതന്ത്ര്യേച്ഛയ്ക്കും പ്രാധാന്യം നൽകുന്നുണ്ട് ഈ പ്രസ്ഥാനത്തിൽ. പ്രപഞ്ചം അർത്ഥശൂന്യമാണെന്ന് വാദിക്കുന്നതോടൊപ്പം സാന്മാർഗികമൂല്യങ്ങളെ ഇവർ നിഷേധിക്കുകയും ചെയ്യുന്നുണ്ട്. പുതിയകാലത്തെ സാഹിത്യത്തെ മോഡേണിസം എന്ന പദം കൊണ്ട് വിളിക്കാം. ആധുനികവാദം എന്നാണ് ഇത് അറിയപ്പെടുന്നത്. ഒറ്റപ്പെട്ടവരും ഏകാകികളും ആധുനികസാഹിത്യത്തിന്റെ മുഖ്യകഥാപാത്രങ്ങളായി മാറി. കലഹമായിരുന്നു ആധുനികത ഉയർത്തിയ പ്രധാന മുദ്രാവാക്യം.

ഫ്രാങ്ക്ഫർട്ട് സ്കൂൾ ജർമ്മനിയിലെ സർവകലാശാലകളിൽ ആദ്യത്തെ മാർക്സിയൻ ഗവേഷണകേന്ദ്രമാണ്. മാർക്സിസത്തെയും വിമർശനാത്മകചിന്തയുടെ പ്രാഥമികരൂപമായാണ് കാണുന്നത്. യന്ത്രങ്ങളെപ്പോലെ മനുഷ്യനെയും കൈകാര്യം ചെയ്യാൻ കഴിയും എന്ന കാഴ്ചപ്പാടായ സൈന്റിസത്തെ ഫ്രാങ്ക്ഫർട്ട് സ്കൂൾ വിമർശിക്കുന്നുണ്ട്. ഫ്രാങ്ക്ഫർട്ട് സ്കൂളുമായി ബന്ധമുള്ള സംസ്കാരിക വിമർശകനും എഴുത്തുകാരനുമാണ് വാൾട്ടർ ബെഞ്ചമിൻ. കലാനിർമ്മാണം പ്രാഥമികമായും ഒരു ഉത്പാദന പ്രവർത്തനമാണെന്ന് ബെഞ്ചമിൻ വ്യക്തമാക്കി. ആപത്തിന്റെ കാലത്ത് മനസ്സിലൂടെ മിന്നിമറയുന്ന ഓർമ്മകളെ കയ്യെത്തിപിടിക്കലാണ് ചരിത്രജ്ഞാനമെന്നും കുറിച്ച് വയ്ക്കുന്നുണ്ട്. ഫ്രാങ്ക്ഫർട്ട് സ്കൂളിലെ പ്രമുഖചിന്തകനായിരുന്നു തിയോഡോർ അഡോണോ. പാശ്ചാത്യസമൂഹത്തിലെ പ്രധാനപ്പെട്ട സൗന്ദര്യാത്മക ഉപലബ്ധി

യായ സംഗീതത്തിന്റെ അവതരണത്തെയും സ്വീകാര്യതെയും മുതലാളിത്തം മാറ്റി മറിക്കുന്നതിനെക്കുറിച്ച് അഡോണോ കൃത്യമായ നിരീക്ഷണം നടത്തിയിരുന്നു. കലാപകാരിയായ കലാകാരനായിരുന്നു ബ്രഹ്ത്. എപ്പിക് തീയറ്റർ എന്ന സങ്കൽപം അവതരിപ്പിച്ചത് ബ്രഹ്ത്താണ്. ചൂഷണത്തിനെതിരെ ജനങ്ങളെ സംഘടിപ്പിക്കുക എന്നത് നാടകത്തിന്റെ ലക്ഷ്യമായിരുന്നു. വളരെ പ്രസിദ്ധമായ ഒരു സാഹിത്യസിദ്ധാന്തമാണ് ഫോർമലിസം. കാല്പനിക പ്രസ്ഥാനത്തിൽ പാഠത്തിന് വലിയ പ്രാധാന്യം ഉണ്ടായിരുന്നില്ല. എന്നാൽ ഫോർമലിസത്തിൽ പാഠത്തിന് വളരെയേറെ പ്രാധാന്യം സിദ്ധിച്ചു. റഷ്യൻ ഫോർമലിസത്തിൽ വർഗ്ഗരഹിത സമൂഹത്തിന്റെയും സോഷ്യലിസത്തിന്റെയും സ്ഥാപനത്തിനും വളർച്ചയ്ക്കും മുന്നേറ്റത്തിനും പ്രേരകമാകുന്ന ഉള്ളടക്കത്തിന് പ്രാധാന്യം നൽകുന്ന സാഹിത്യരചനകളെ പ്രോത്സാഹിപ്പിച്ചിരുന്നു. സാഹിത്യം വികാരാവിഷ്കാരമാണ് എന്ന സിദ്ധാന്തത്തെയും റഷ്യൻ ഫോർമലിസ്റ്റുകൾ അംഗീകരിക്കുന്നില്ല. റഷ്യൻ ഫോർമലിസത്തിന്റെ പ്രധാനവ്യക്തിയായിരുന്നു ഷ്ക്ലോവ്സ്കി. സർഗ്ഗാത്മകഥയുടെ പ്രക്രിയ അനുഭവിക്കുന്നതിനുള്ള ഒരു ഉപാധിയായി കലയെ കണക്കാക്കുന്നുണ്ട് അദ്ദേഹം. അദ്ദേഹത്തിന്റെ ആശയമാണ് അപരിചിതവത്കരണം.

ഘടനാവാദത്തെ ഒരു ദർശനം എന്ന നിലയിലും പ്രയോഗം എന്ന നിലയിലും വികസിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച ഭാഷാ ശാസ്ത്രജ്ഞനാണ് റോമൻ യാക്കോബ്സൺ. അദ്ദേഹത്തിന്റെ സ്വനിമസിദ്ധാന്തത്തിൽ ഭാഷയിൽ അർത്ഥവ്യത്യാസം സൃഷ്ടിക്കുന്നത് സ്വനിമങ്ങളാണെന്ന് വ്യക്തമാക്കുന്നു. സൊസ്യൂറിന്റെ ആശയങ്ങളോട് പലപ്പോഴും വിയോജിക്കുന്ന സമീപനമാണ് യാക്കോബ്സൺ സ്വീകരിച്ചത്. ഇരുപതാം നൂറ്റാണ്ടിലെ സ്വാധീനമുള്ള മറ്റൊരു പണ്ഡിതനാണ് മിഖായേൽ ബക്തിൻ. അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ആശയങ്ങളാണ് ഹിറ്ററോഗ്ലോസിയ, പോളിഫോണി, ഡയലോഗിസം എന്നിവ. ദസ്തയോവസ്കിയുടെ നോവലുകളെക്കുറിച്ചുള്ള പഠനത്തിലാണ് ബഹുസ്വരത എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചത്.

ഭാഷാപരമായ ചിന്തയുടെയും വിശകലനത്തിന്റെയും സ്കൂളാണ് പ്രാഗ്സ്കൂൾ. ഭാഷ ഒരു ഭൗതികസത്തയാണ് എന്നതാണ് ഇവരുടെ അടിസ്ഥാനപ്രമേയം. ഭാഷാശാസ്ത്രത്തെയും സാഹിത്യനിരൂപണത്തെയും സംബന്ധിക്കുന്ന ശൈലിവിജ്ഞാനവും ചിഹ്നശാസ്ത്രവും പ്രാഗ് പാഠശാലകളുടെ ഉത്പ്പന്നങ്ങളാണ്. സൊസ്യൂറിന്റെ ആശയങ്ങളിൽ ആകൃഷ്ടനായി സാഹിത്യ നിരൂപണരംഗത്തേക്ക് പ്രവേശിച്ച വ്യക്തിയാണ് മുഖറോവ്സ്കി. സാഹിത്യകൃതിയെ സങ്കീർണ്ണമായ ഒരു രൂപമായി മനസ്സിലാക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം അവതരിപ്പിച്ച പ്രധാന ആശയമാണ് പുര:ക്ഷേപണം. ഭാഷയുടെ മാനകരൂപത്തിൽ നിന്നും സാമൂഹികമോ ഭാഷാപരമോ ആയി സംഭവിക്കുന്ന വ്യതിയാനമാണ് പുര:ക്ഷേപണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഐക്യം താളം എന്നിവ പുര:ക്ഷേപണത്തിന്റെ പ്രധാന ഘടകങ്ങളാണ്.

## Assignments

1. സർറിയലിസത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക.
2. സർറിയലിസത്തെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
3. അസ്തിത്വവാദത്തിന്റെ ചരിത്രപരമായ പ്രാധാന്യം വിശദമാക്കുക.
4. ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ സംഭാവനകൾ പഠനവിധേയമാക്കുക.
5. പുര:ക്ഷേപണം എന്തെന്ന് വ്യക്തമാക്കി ഘടകങ്ങളെ വിലയിരുത്തുക.
6. റഷ്യൻ ഫോർമലിസത്തിന്റെ പ്രത്യേകതകൾ അപഗ്രഥിക്കുക.

7. ഷ്ക്ലോവ്സ്കി, റോമൻയാക്കോബ്സൻ എന്നിവരെ പരിചയപ്പെടുത്തുക.
8. പ്രാഗ് സ്കൂളിനെക്കുറിച്ച് വിവരിക്കുക.
9. എപ്പിക് തീയറ്ററിന്റെ ഘടകങ്ങളെപ്പറ്റി ചർച്ചചെയ്യുക
10. മോഡേണിസത്തിന്റെ പ്രത്യേകതകൾ വിലയിരുത്തുക.

## Suggested Reading


1. എം. അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, എൻ.ബി.എസ്, കോട്ടയം.
2. പി. ഗോവിന്ദപിള്ള, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം, ഉത്ഭവവും വളർച്ചയും, സംഘപ്രസാധന, തിരുവനന്തപുരം.
3. ഇ.എം.എസ്, പി. ഗോവിന്ദപിള്ള, ഗ്രാംഷിയൻ വിചാര വിപ്ലവം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
4. കെ.എം. അനിൽ, സാംസ്കാര നിർമ്മിതി, പ്രോഗ്രസ്സ് ബുക്സ്, കോഴിക്കോട്.
5. എസ്. നൗഷാദ്, പാശ്ചാത്യ സാഹിത്യ സിദ്ധാന്തം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. കേസരിയുടെ സാഹിത്യ വിമർശനങ്ങൾ, എസ്.പി.സി.എസ് കോട്ടയം.


## Reference


1. ചാത്തനാത്ത് അച്ചുതനുണ്ണി, സാഹിത്യമീമാംസ താരതമ്യ പരിപ്രേക്ഷ്യം, കറന്റ് ബുക്സ്, തൃശ്ശൂർ
2. രവീന്ദ്രൻ (എഡി) കലാവിമർശനം, മാർക്സിസ്റ്റ് മാനദണ്ഡം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനനന്തപുരം.
3. വി.സി. ശ്രീജൻ, അർത്ഥാന്തരന്യാസം, കറന്റ് ബുക്സ്, തൃശ്ശൂർ
4. എം. ലീലാവതി, സാഹിത്യനിരൂപണത്തിലെ ദിശാബോധം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
5. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 4

# മാനകഭാഷയും കാവ്യഭാഷയും ഘടനാവാദവും

## Learning Outcomes

- മാനകഭാഷയും കാവ്യഭാഷയും തമ്മിലുള്ള ബന്ധം വിശകലനവിധേയമാക്കുന്നു
- ഘടനാവാദത്തെ (Structuralism) പരിചയപ്പെടുത്തുന്നു
- സൊസ്സ്യൂർ, ലെവിസ്ട്രോസ് എന്നിവരുടെ സംഭാവനകൾ വിശകലനം ചെയ്യുന്നു
- സിന്റാഗ്മാറ്റിക് (Syntagmatic) ഘടനാവാദം, പാരഡിഗ്മാറ്റിക് (Paradigmatic) ഘടനാവാദം ഇവയെക്കുറിച്ചുള്ള സാമാധ്യധാരണ തേടുന്നു
- ഘടനാവാദവും മിത്തും തമ്മിലുള്ള ബന്ധം പഠനവിധേയമാക്കുന്നു

## Background

ഭാഷയെ ഒരു വിശാലമായ സമുദ്രമായി ചിന്തിക്കുന്നു, അതിന്റെ ശാന്തമായ ഉപരിതലത്തിന് സമാനമായ സ്റ്റാൻഡേർഡ് മാനക ഭാഷയും ജീവന്റെ നിഗൂഢമായ ആഴങ്ങളായി കാവ്യാത്മക ഭാഷയും നിലനിൽക്കുന്നു. ആശയവിനിമയത്തിനായി നാം ഉപയോഗിക്കുന്ന ദൈനംദിന ഉപകരണമാണ് സ്റ്റാൻഡേർഡ് ഭാഷ, വ്യക്തവും നേരായതുമാണ്, താളാത്മക തരംഗങ്ങൾ കരയിലേക്ക് ഒഴുകുന്നത് പോലെ, സ്ഥിരവും പ്രവചനാതീതവുമാണ്. മറുവശത്ത്, കാവ്യാത്മകഭാഷ സർഗ്ഗാത്മകതയുടെയും ഭാവനയുടെയും മേഖലയാണ്. അവിടെയാണ് വാക്കുകൾ സജീവമാകുന്നത്, അർത്ഥത്തിന്റെ സങ്കീർണ്ണമായ മെലഡികൾ സൃഷ്ടിക്കുന്നു. അതിശയകരമായ ജീവികളും കണ്ടെത്താതെ മറഞ്ഞിരിക്കുന്ന നിധികളും അധിവസിക്കുന്ന സമുദ്രത്തിന്റെ നിഗൂഢമായ ആഴങ്ങളായി അതിനെ ചിത്രീകരിക്കുക. കാവ്യാത്മക ഭാഷ നമ്മുടെ ഇന്ദ്രിയങ്ങളെ ഉത്തേജിപ്പിക്കുകയും വികാരങ്ങൾ ഉണർത്തുകയും നമ്മുടെ മനസ്സിൽ ഉജ്ജ്വലമായ ഭൂപ്രകൃതികൾ വരയ്ക്കുകയും ചെയ്യുന്നു.

പ്രോപ്പിയൻ (Proppian) സിന്റാഗ്മാറ്റിക് ഘടനാവാദം ഉപയോഗിച്ച് ആഖ്യാനങ്ങളുടെ വാസ്തുവിദ്യയെക്കുറിച്ച് നമുക്ക് ആഴത്തിൽ പരിശോധിക്കാം. റഷ്യൻ നാടോടിശാസ്ത്രജ്ഞനായ വ്ളാഡിമിർ പ്രോപ്പ് (Valdimir Propp) ആഖ്യാനപ്രവർത്തനങ്ങൾ എന്നറിയപ്പെടുന്ന ആവർത്തിച്ചുള്ള പാറ്റേണുകൾ വെളിപ്പെടുത്തുന്നതിനായി യക്ഷിക്കഥകളെ വിശകലനം ചെയ്തു. ഈ ഫംഗ്ഷനുകൾ ഒരു പസിലിന്റെ (Puzzle) ഭാഗങ്ങൾ പോലെയാണ്, കഥാഗതി രൂപപ്പെടുത്തുന്നതിന് ഇവയെ കൂട്ടിച്ചേർക്കുന്നു. നായകൻ ഒരു അന്വേഷണം ആരംഭിക്കുന്നത് മുതൽ വില്ലൻ സംഘർഷം ഉണർത്തുന്നത് വരെ, ഓരോ പ്രവർത്തനവും ആഖ്യാനത്തിന്റെ പുരോഗതിക്ക് സംഭാവന നൽകുന്നു. ഓരോ തരംഗവും സമുദ്രത്തിന്റെ പ്രൗഢഗംഭീരമായ ഉയർച്ചയ്ക്കും ഒഴുക്കിനും സംഭാവന നൽകുന്നതുപോലെ, ഓരോ ആഖ്യാനപ്രവർത്തനവും കഥയെ മുന്നോട്ട് നയിക്കുന്നു, വഴിയിൽ നമ്മുടെ ഭാവനയെ പിടിച്ചെടുക്കുന്നു.

ഘടനാവാദത്തിന്റെ മേഖലയിലെ ഉന്നതവ്യക്തിത്വമായ ക്ലോഡ് ലെവി-സ്ട്രോസ്സിൽ (Claud Levi Strauss) നമുക്ക് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കാം. ഒരു വിദഗ്ദ്ധവാസ്തുശില്പിയെപ്പോലെ, ലെവി-സ്ട്രോസ് മനുഷ്യചിന്തയുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനഘടനകൾ കണ്ടെ

ത്തി. ലോകത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കുന്ന മറഞ്ഞിരിക്കുന്ന പാറ്റേണുകൾ അദ്ദേഹത്തിന്റെ കൃതി അനാവരണം ചെയ്തു, മനുഷ്യവിജ്ഞാനത്തിന്റെ സാർവത്രിക വ്യാകരണം വെളിപ്പെടുത്തി. ഐതിഹ്യങ്ങളുടെ വിശകലനത്തിലൂടെ, വൈവിധ്യമാർന്ന സംസ്കാരങ്ങളിലുടനീളം പ്രതിധ്വനിക്കുന്ന കാലാതീതമായ പ്രമേയങ്ങളും ആശയങ്ങളും ലെവി-സ്ട്രോസ് തുറന്നുകാട്ടി. നക്ഷത്രരാശികൾ അവരുടെ പുരാതനകഥകളാൽ രാത്രി ആകാശത്തെ മൂടുന്നതുപോലെ, ഐതിഹ്യങ്ങൾ അവരുടെ ശാശ്വതജ്ഞാനം ഉപയോഗിച്ച് മനുഷ്യ അനുഭവത്തെ പ്രകാശിപ്പിക്കുന്നു.

## Keywords

മാനകഭാഷ - കാവ്യഭാഷ-സിന്റാഗ്മാറ്റിക് - പാരഡിഗ്മാറ്റിക് - ഘടനാവാദം- ലെവിസ്ട്രോസ്-മിത്ത് - പ്രോപിയൻ സിന്റാഗ്മാറ്റിക് - ആഖ്യാന വ്യാകരണം

## Discussion

### മാനകഭാഷയും കാവ്യഭാഷയും (Standard and Poetic Languages)

ആശയവിനിമയത്തിനുള്ള ഏറ്റവും സമഗ്രമായ ഉപാധിയാണ് ഭാഷ. ഭാഷയാണ് മനുഷ്യനെ മറ്റ് ജീവികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ആശയവിനിമയം ചില മനുഷ്യേതര ജീവികളിലും നടക്കാറുണ്ട്. എങ്കിലും സങ്കീർണ്ണമായ ഒരു ആശയവിനിമയ ഉപാധി മനുഷ്യനുമാത്രം സ്വന്തമാണ്. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ മാനസികാനുഭവങ്ങളുടെ പ്രതിനിധീകരണമാണ് ഭാഷണം. നോം ചോംസ്കിയുടെ (Nom Chosky) അഭിപ്രായത്തിൽ മനുഷ്യമനസ്സിലെ അന്തർഗതസ്വഭാവങ്ങളും നമ്മുടെ വർഗ്ഗത്തിന്റെ ജനിതക സിദ്ധിയും ഉൾക്കൊള്ളുന്ന പ്രാപഞ്ചിക നിയമങ്ങളുടെ ഒരു സവിശേഷഗുണമാണ് ഭാഷ. ഭാഷയിലൂടെ മാത്രമല്ല മനുഷ്യൻ ആശയവിനിമയം നടത്തുന്നത്. ഭാവപ്രകടനം, ആംഗ്യം, അടയാളം, ഉപകരണം തുടങ്ങിയവയിലൂടെയും മനുഷ്യൻ ആശയവിനിമയം നടത്തുന്നു.

► മാനസികാനുഭവങ്ങളുടെ പ്രതിനിധീകരണമാണ് ഭാഷണം

#### മാനകഭാഷ

ഒരു ഭാഷയ്ക്ക് അനേകം ഭാഷാഭേദങ്ങളുണ്ടായിരിക്കും. അത് ആശയസംവേദനത്തിൽ തടസ്സം സൃഷ്ടിക്കും. ഇതിനുള്ള ശാശ്വതമായ പരിഹാരമാണ് മാനകഭാഷ. എല്ലാവർക്കും ഉൾക്കൊള്ളാൻ കഴിയുന്ന, എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന ഭാഷാസ്വരൂപമാണ് മാനകഭാഷ. കേരളത്തിലെ തൃശ്ശൂർക്കാർ സംസാരിക്കുന്നതും തിരുവനന്തപുരത്തുകാർ സംസാരിക്കുന്നതും വ്യത്യസ്തമായിട്ടാണ്. എന്നാൽ ഇരുകൂട്ടർക്കും മനസ്സിലാകുന്ന ഒരു ഭാഷ കേരളത്തിലുണ്ട് അതാണ് മാനകഭാഷ. ഗ്രന്ഥങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, സർക്കാർ സം

വിധാനങ്ങൾ എന്നിവയിലൂടെ കൈകാര്യം ചെയ്യപ്പെടുന്ന ഭാഷയാണിത്. മാനകം എന്നാൽ അടിസ്ഥാന മാതൃക, വൈവിധ്യങ്ങൾക്കെല്ലാം ആധാരമായ മൗലികരൂപം, സാമാന്യമായി സ്വീകാര്യമായ പ്രയോഗം എന്നെല്ലാം അർത്ഥം. ഔപചാരിക ഭാഷയും വരമൊഴിയും മാനകഭാഷയോട് അടുത്തു നിൽക്കുന്നു. പഠനമാധ്യമം മാനകഭാഷയാണ്. ഒരു ഭാഷയിൽ വ്യാകരണം രചിക്കുമ്പോൾ അതിന് ഉപയോഗിക്കുന്നത് ആ ഭാഷയിലെ മാനകഭാഷയാണ്. മനുഷ്യന്റെ ബോധപൂർവ്വമായ ഇടപെടൽ കൊണ്ടാണ് മാനകഭാഷ ഉണ്ടാകുന്നതെന്ന് ഹഡ്സൺ (Richard Hudson) പറയുന്നു. വ്യവഹാരഭാഷയുടെ ഏകീകരണത്തെ ലക്ഷ്യം വച്ച് സൃഷ്ടിക്കുന്ന ഒന്നായി മാനകഭാഷയെ കണക്കാക്കാം.

> ▶ എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന ഭാഷാ സ്വരൂപമാണ് മാനകഭാഷ

ഭാഷാപരമായ സാമൂഹിക വൃത്തികളിൽ ഏറ്റവും പ്രധാനപ്പെട്ടത് മാനകീകരണം (standardisation) ആണ്. ശരിയായ പ്രയോഗത്തിൽ നിർവ്വഹിക്കുന്ന ഔപചാരിക വ്യവസ്ഥകളുടെ സ്വീകരണവും ക്രോഡീകരണവും ഒരു ഭാഷാസമൂഹത്തിൽ നിർവ്വഹിക്കപ്പെടുന്നതിനെയാണ് മാനകീകരണം എന്നു പറയുന്നത്. ഗ്രന്ഥങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലൂടെ ബോധപൂർവ്വം കൈകാര്യം ചെയ്യപ്പെടുന്നതിലൂടെ ഭാഷാഭേദങ്ങൾ ക്രോഡീകരിക്കപ്പെട്ട് മാനകഭാഷയാകുന്നു. മാനകഭാഷ വിശേഷവ്യവഹാരത്തിനാണ് കൂടുതലായും ഉപയോഗപ്പെടുന്നത്. വിദ്യാലയങ്ങളിൽ അധ്യാപന മാധ്യമമായി ഉപയോഗിക്കുന്നത് മാനകഭാഷയാണ്. ഭാഷാശുദ്ധിയെ കുറിച്ചുള്ള സങ്കല്പത്തിന്റെ അടിസ്ഥാനം മാനകഭാഷയായിരിക്കും. ആശയവിനിമയം എന്ന ലക്ഷ്യത്തിന് വേണ്ടി മാത്രം ഉപയോഗിക്കുന്നതും ഭാഷാസമൂഹത്തിലെ എല്ലാവർക്കും സ്വീകാര്യമായതും സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം സംഭവിക്കാത്തതും പ്രയോക്താക്കൾ ശുദ്ധപ്രയോഗം എന്നു കരുതുന്നതും ഔപചാരിക സന്ദർഭങ്ങളിൽ സാമാന്യമായി ഉപയോഗിച്ചു വരുന്നതുമായ ഭാഷാരീതിയാണ് മാനകഭാഷ. ഭാഷയിലെ തെറ്റും ശരിയും നിർണ്ണയിക്കുന്നത് മാനകഭാഷയുടെ അടിസ്ഥാനത്തിലാണ്. ഒരു ഭാഷയ്ക്കുള്ളിലെ ഏത് ഭാഷാഭേദത്തിൽപ്പെട്ടവർക്കും തമ്മിൽ ആശയവിനിമയം സാധ്യമാക്കുന്നതും മാനകഭാഷയാണ്. വ്യവഹാരഭാഷയുടെ ഏകീകരണം ലക്ഷ്യം വച്ച് സൃഷ്ടിക്കുന്ന ഒന്നാണ് മാനകഭാഷ. നാടൻപ്രയോഗങ്ങളും വാക്കുകളും മാനകഭാഷയിൽ നിന്നും ഒഴിഞ്ഞു നിൽക്കും. ഔചിത്യം നോക്കിയാണ് വക്താവ് ഇവിടെ പദങ്ങൾ പ്രയോഗിക്കുക.

> ▶ ഏത് ഭാഷാഭേദത്തിൽപ്പെട്ടവർക്കും തമ്മിൽ ആശയ വിനിമയം സാധ്യമാക്കുന്നതാണ് മാനകഭാഷ

## കാവ്യഭാഷ

കാവ്യഭാഷ മാനകഭാഷയാകണമെന്നില്ല. അലങ്കരിക്കപ്പെട്ട ഒരു ഭാഷാക്രമമാണ് കാവ്യഭാഷയ്ക്കുള്ളത്. അനുഭൂതികളെ ആവിഷ്കരിക്കുന്നതിന് ഉചിതമായ ഭാഷ വേണം. അതിനായി കവികൾ നിത്യോപയോഗത്തിലുള്ള ഭാഷയിൽ നിന്നും ഉചിതമായ പദങ്ങൾ കണ്ടെത്തുന്നു. അതിനായി നിലവിലുള്ള ഭാഷാനിയമങ്ങളിൽ നിന്നുപോലും കവികൾ മാറി നടക്കാറുണ്ട്. കവി തന്നെ ചിലപ്പോൾ ഭാഷാനിയമങ്ങൾ സൃഷ്ടിച്ചെന്നു വരും. ജനതയുടെ പൊതുഭാഷ തന്നെയാണ് സാഹിത്യകാരനും ഉപയോഗിക്കുന്നത്. എന്നാൽ സമൂഹഭാഷ ഉപയോഗിക്കാൻ അയാളുടെ അഹം (Ego) അനുവദിക്കുന്നില്ല. അതുകൊണ്ട് പൊതുഭാഷയ്ക്കുള്ളിൽ തന്റേതായ ഭാഷ സൃഷ്ടിക്കുവാൻ എഴുത്തുകാരൻ ശ്രമിക്കുന്നു.

അതിനാൽ സാഹിത്യകാരൻ സമൂഹഭാഷ ഉപയോഗിക്കുന്നില്ല എന്നു പറയാം. നമുക്ക് പരിചയമുള്ള പദങ്ങൾ കൊണ്ടു തന്നെ അയാൾ പുതിയ ചേരുവ (combination) ഉണ്ടാക്കുന്നു. അപ്പോൾ അവയിലൂടെ വികാരത്തിന്റെ വൈദ്യുതി പ്രവാഹം കടന്നു വരുന്നു. നിഘണ്ടുക്കളിൽ മരിച്ചു കിടക്കുന്ന പദങ്ങൾ ഉയർത്തെഴുന്നേൽക്കുന്നു. 'അസാധാരണ ഭാഷ എഴുതുവാൻ വിധിക്കപ്പെടുന്നവനാണ് കവി എന്നു പറയുന്നത് ഇതു കൊണ്ടാണ്'. (ഡോ.ബി.വി.ശിവകുമാർ, കടലിൽ തങ്ങിയ കാന്തഭൂമി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്). കാവ്യത്തെ സൗന്ദര്യാത്മമാകുന്നത് കാവ്യഭാഷയാണ്. സാമാന്യഭാഷയുടെ സ്വാഭാവികതയ്ക്ക് കവി മനപൂർവ്വം മാറ്റം വരുത്തുകയാണ്. ഏറ്റവും ഉചിതമായ പദം, ബിംബം, താളം എന്നിവ കവി ഉപയോഗിക്കുന്നു. ഡിവൈൻ കോമഡി എഴുതിയ ദാന്തെയുടെ അഭിപ്രായത്തിൽ കവിത നൈസർഗികമായ വ്യാപാരമായതിനാൽ അതു മാതൃഭാഷയിൽ തന്നെയാവണം. കൂടാതെ നാട്ടുഭാഷയുടെ വിശിഷ്ട പദരൂപമാണ് കവിതയിൽ വ്യക്തമാക്കേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

- അസാധാരണ ഭാഷ എഴുതുവാൻ വിധിക്കപ്പെടുന്നവനാണ് കവി

അനുഭൂതികളെ ആവിഷ്കരിക്കാൻ വേണ്ട ഉചിതമായ ഭാഷയുടെ അന്വേഷണം എല്ലാക്കാലത്തും കവികളെ അലട്ടിയിരുന്നു. ഉചിതമായ പദം കണ്ടെത്തുക എന്നത് എല്ലാക്കാലത്തും കവികൾക്ക് ബാധ്യതയായിരുന്നു. പദങ്ങളെ മനോഹരമായി തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നതാണ് കവിത. അർത്ഥപൂർണ്ണമായ വാക്കുകളായിരിക്കണം അവ. ഏതു പദം വേണമെന്ന് തീർച്ചപ്പെടുത്താൻ കഴിയാത്ത മനസ്സ് ഊയലാടിക്കൊണ്ടിരിക്കുന്നിടത്തോളം കവി പദം വെയ്ക്കുകയുമെടുക്കുകയും ചെയ്തു കൊണ്ടിരിക്കുമെന്ന് വാമനൻ പറയുന്നുണ്ട്. വ്യവഹാര ഭാഷയിൽ നിന്നും അകലം പാലിക്കുന്ന ഭാഷയാണ് കവി പലപ്പോഴും ഉപയോഗിക്കുന്നത്. കവിതയിലെ ഭാഷ കവിയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. വൈയക്തികമായ കാഴ്ചപ്പാടുകൾ കവിതയിൽ പ്രതിഫലിക്കുമെന്നത് തീർച്ചയാണ്. കാവ്യഭാഷാസങ്കല്പങ്ങൾക്കും കാവ്യനിയമങ്ങൾക്കും കലോചിതമായ മാറ്റങ്ങൾ സംഭവിക്കും. എന്നാൽ കവിയുടെ ശൈലി വ്യക്തിഗതമായി നിലനിൽക്കും. രൂപത്തിലെയും ഭാവത്തിലെയും വ്യത്യാസങ്ങൾ ഒരോ കാലത്തെയും കാവ്യഭാഷയിൽ പ്രതിഫലിക്കും. എങ്കിലും ഒരു കവി തന്റെ സ്വത്വത്തെ നില നിർത്തുന്നത് കാവ്യഭാഷയിലൂടെയാണ്.

- കവിതയിലെ ഭാഷ കവി വ്യക്തിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു

## ഘടനാവാദം (Structralism)

ഇരുപതാം നൂറ്റാണ്ടിലെ സാഹിത്യവിമർശനത്തിൽ ഏറ്റവും സ്വാധീനം ചെലുത്താൻ കഴിഞ്ഞ വൈജ്ഞാനിക മേഖലയാണ് ഭാഷാശാസ്ത്രം. സാഹിത്യവിമർശനത്തിനുപരിയായി ഇതര സാംസ്കാരിക പഠനങ്ങളിലും ആഴത്തിൽ സ്വാധീനം ചെലുത്താൻ ഈ വിജ്ഞാനശാഖയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഫെർഡിനാന്റ് ഡി സൊസ്സ്യൂറാണ് (Ferdinand de saussure)ഘടനാവാദം എന്ന ആശയം അവതരിപ്പിച്ചത്. സാമാന്യഭാഷാശാസ്ത്രത്തിൽ ഒരു കോഴ്സ് (A course in general Linguistics) എന്ന കൃതിയിൽ സ്വയം അർത്ഥരഹിതമായ ലോകത്തെ അർത്ഥപൂർണ്ണതയിൽ കണ്ടെത്താനുള്ള ശ്രമമാണ് ഘടനാവാദം. ഭാഷയിലെ ഒരോ പദവും അർത്ഥപൂർണ്ണമായ ഒരോ യൂണിറ്റാണെന്ന പരമ്പരാഗത സങ്കൽപങ്ങൾക്കു മേലാണ് അദ്ദേഹം അവതരിപ്പിച്ച പുതിയ കാഴ്ചപ്പാട്. ഭാഷാരൂപങ്ങളുടെ

സ്വതന്ത്രമായ നിലനിൽപ്പിന്റെ സ്ഥാനത്ത് പരസ്പരപൂരകമായ പ്രതിഭാസമായി അവയെ പഠനവിധേയമാക്കി എന്നതാണ് ഭാഷാപഠനത്തിലെ സൊസ്സ്യൂറിന്റെ സംഭാവന. ഹെർബർട്ട് സ്പെൻസറുടെ ജീവശാസ്ത്രത്തിൽ നിന്നും കടമെടുത്ത ഒരു പദമാണ് ഘടനയെന്നത് (Structure). വീക്കോയുടെയും (Giambattista Vico) ജീൻപിയാഷെയുടെയും (Jean Piaget) സങ്കൽപങ്ങൾ ഘടനാസങ്കൽപത്തെ ബലപ്പെടുത്തി. അതിനെ സമഗ്രമായ ഒരു ഭാഷാശാസ്ത്ര സങ്കൽപമായി രൂപപ്പെടുത്തിയത് സൊസ്സ്യൂർ ആയിരുന്നു. സൊസ്സ്യൂറിന്റെ സാമാന്യഭാഷാശാസ്ത്രപദ്ധതിയിലെ ഘടന എന്ന പദം ഭാഷാശാസ്ത്രത്തിലർത്ഥമാക്കുന്നത് വ്യവസ്ഥയുടെ ഘടന എന്ന അർത്ഥത്തിലാണ്. അതായത് ഭാഷാഘടനയെ സൃഷ്ടിക്കാൻ വേണ്ടി പരസ്പര സഹവർത്തിത്വത്തിലധിഷ്ഠിതമായി ഒരു പ്രത്യേക ഭാഷയിലെ ഘടകങ്ങൾ എപ്രകാരം വിന്യസനം ചെയ്യപ്പെട്ടിരിക്കുന്നു എന്ന അന്വേഷണം കൂടിയാണിത്.

> ▶ ഒരു പ്രത്യേക ഭാഷയിലെ ഘടകങ്ങൾ എപ്രകാരം വിന്യാസനം ചെയ്യപ്പെട്ടിരിക്കുന്നു

മനുഷ്യബോധത്തിനു വിഷയമാകുന്ന ലോകത്തിന്റെ ഘടനകളെപ്പറ്റിയുള്ള പഠനമാണ് ഘടനാവാദം. ചിഹ്നങ്ങളുടെ (Signs) വ്യവസ്ഥയായ ഭാഷയിലൂടെയാണ് ഈ ഘടനകൾ നിർമ്മിക്കുന്നത്. ഭാഷയെ പരസ്പരബന്ധിതമായി നിൽക്കുന്ന മൂലകങ്ങളുടെ സമഗ്രതയിൽ വീക്ഷിക്കുക, ആ ബന്ധനങ്ങൾ വിശകലം ചെയ്യുന്നതിലൂടെ അവയുടെ ഘടനാപരമായ വ്യാപ്തിയും പ്രസക്തിയും നിർദ്ധാരണം ചെയ്യുക എന്നതാണ് ഘടനാവാദത്തിന്റെ രീതിശാസ്ത്രം. അർത്ഥമെന്ത് എന്നല്ല അർത്ഥം സാദ്ധ്യമാക്കുന്നത് എങ്ങനെ എന്നാണ് ഘടനാവാദം ശ്രദ്ധിക്കുന്നത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഭാഷയിലൂടെയാണ് എല്ലായാഥാർത്ഥ്യങ്ങളും സ്വീകരിക്കപ്പെടുന്നത് എന്നതിനാൽ ഭാഷയുടെ ഘടന പരിശോധിക്കപ്പെടേണ്ടതാണെന്ന് ഘടനാവാദികൾ കരുതുന്നു.

> ▶ അർത്ഥം സാദ്ധ്യമാക്കുന്നത് എങ്ങനെ എന്നാണ് ഘടനാവാദം ശ്രദ്ധിക്കുന്നത്

ഒരു സാമൂഹിക സ്ഥാപനമെന്ന നിലയിലാണ് ഭാഷയെ സൊസ്സ്യൂർ വിശദമാക്കുന്നത്. അതിനാൽ സാമൂഹിക ജീവിതത്തിന്റെ ഭാഗമെന്ന നിലയിൽ ചിഹ്നങ്ങളുടെ പ്രസക്തിയെ പഠിക്കുന്ന ശാസ്ത്രം കൂടിയാണിത്. ചിഹ്നവിജ്ഞാനീയത്തിലെ നിയമങ്ങൾ ഭാഷാശാസ്ത്രത്തിന്റെ നിയമങ്ങൾ കൂടിയാണ്. വസ്തു, വികാരം, വിചാരം മുതലായവയെ സൂചിപ്പിക്കുന്ന ഒരു സങ്കല്പവും (concept) അതിനെ സൂചിപ്പിക്കുന്ന ഒരു ശബ്ദബിംബവും (sound image) ചേർന്നതാണ് ഒരു ചിഹ്നം. ശബ്ദ ബിംബത്തിനു സൂചകം (signifier) എന്നും അത് ലക്ഷ്യം വയ്ക്കുന്ന സങ്കല്പനത്തിന് സൂചിതം (signified) എന്നും പേര് നൽകി. സൊസ്യൂർ പേരു നല്കിവൃക്ഷം എന്ന ആശയവും വൃക്ഷമെന്ന പദമുണ്ടാക്കുന്ന ശബ്ദബിംബവും (the signifier) തമ്മിലുള്ള ഘടനാത്മക ബന്ധം കൂടിച്ചേർന്ന് വൃക്ഷമെന്ന ഭാഷാശാസ്ത്ര ചിഹ്നത്തെ (sign) സൃഷ്ടിക്കുന്നു. ഭാഷയെന്ന ആശയാവിഷ്കരണ ദ്യോതകമായ ചിഹ്നവ്യവസ്ഥയുണ്ടാകുന്നത് ഇങ്ങനെയാണ്.

> ▶ ശബ്ദബിംബത്തിന് രൂപകം എന്നും പറയുന്നു

സൂചക-സൂചിത ബന്ധം സ്വേച്ഛാപരമാണ് (Arbitrary).അത് സ്വാഭാവികമായി വികസിച്ചുവരുന്ന ഒരു ബന്ധമല്ല. സൂചിത സൂചക ബന്ധം സാങ്കേതികമായ ഒന്നാണ്. ഒരു ഭാഷയിൽ പ്രസക്തമാകുന്ന പദം മറ്റൊരു ഭാഷയിൽ പ്രസക്തമാകാതെ വരുന്നത് അതുകൊണ്ടാണ്. ഭാഷയെന്ന സമഗ്രപ്രതിഭാസത്തിന്റ അടിസ്ഥാനപരമായ രണ്ടു തലങ്ങളിലേക്ക് സൊസ്സ്യൂർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. അവ ഭാഷ (Langue) ഭാഷണം (parole) എന്നീ സങ്കല്പങ്ങളാണ്. ഭാഷ അഥവാ ലാങ്ങു എന്നാൽ

> ▶ ഭാഷയുടെ പ്രതിഭാസത്തിന്റെ അടിസ്ഥാനപരമായ രണ്ടു തലങ്ങളാണ് ഭാഷ, ഭാഷണം

ഒരു ഭാഷയുടെ ഘടകങ്ങളായ ചിഹ്നങ്ങളെയും പ്രവർത്തനങ്ങളെയും നിർണ്ണയിക്കുന്ന നിയമങ്ങളുടെ ആകെത്തുകയായ വ്യവസ്ഥയെന്നാണ് സൊസ്സ്യൂർ ഉദ്ദേശിക്കുന്നത്. ഭാഷണം അഥവാ പരോൾ എന്നത് ഒരോ മനുഷ്യനും നടത്തുന്ന സംസാരരൂപേണയുള്ള ഭാഷയുടെ ആവിഷ്കാരമാണ്.

ഭാഷാപഠനത്തിന് വരമൊഴി രേഖകളെ മാത്രം ആശ്രയിക്കുന്ന പരമ്പരാഗത ഭാഷാപണ്ഡിതന്മാരുടെ രീതിയെ സൊസ്സ്യൂർ നിരാകരിച്ചു. പകരം വാമൊഴിയെ അടിസ്ഥാമാക്കി വേണം ഭാഷാ പഠനം തുടങ്ങേണ്ടതെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. പരമ്പരാഗത ഭാഷാ പഠനത്തിന്റെ സാമ്പ്രദായിക മാർഗ്ഗങ്ങളെയും അദ്ദേഹം തിരസ്കരിച്ചു. ഭാഷാപഠനത്തിൽ രണ്ട് വ്യത്യസ്ത സമീപനങ്ങളുണ്ടെന്ന് അദ്ദേഹം വാദിച്ചു. ഏകകാലികവും (synchronic) ബഹുകാലികവുമായ (diachronic) സമീപനങ്ങളാണവ. ഭാഷയുടെ ചരിത്രപരമായ പഠനമാണ് ബഹുകാലികം. ഒരു പ്രത്യേക ഭാഷയെ ഒരു പ്രത്യേക കാലത്തിൽ മാത്രം പ്രതിഷ്ഠിച്ച് പഠിക്കുന്ന സമീപനമാണ് ഏകകാലിമായ പഠനം. ഈ രീതിയിൽ പഠിച്ചാൽ മാത്രമേ ഭാഷാവ്യവസ്ഥയെ രൂപപ്പെടുത്തിയിട്ടുള്ള ഘടനാപരമായ അംശങ്ങളെ ശരിയായി തിരിച്ചറിയാൻ കഴിയുകയുള്ളൂ.

▶ വാമൊഴിയെ അടിസ്ഥാമാക്കി ഭാഷാപഠനം തുടങ്ങണം

## ഏകകാലികവും ബഹുകാലികവും (Synchronic and Diachronic)

ഘടനാവാദത്തെ ഇതരവിജ്ഞാന ശാഖകളുമായി ബന്ധപ്പെടുത്തി നിരൂപകർ അവതരിപ്പിച്ചിട്ടുണ്ട്. പുരാവൃത്തങ്ങളുടെ പഠനത്തിൽ ലെവിസ്ട്രോസ്സും റഷ്യൻ നാടോടികഥകളുടെ പഠനത്തിൽ പ്രോപ്പും ഡക്കാമറോൺ കഥകളുടെ അപഗ്രഥനത്തിൽ തൊദറോവും (Tzvetan Todorov) ആഖ്യാനശാസ്ത്ര പഠനത്തിൽ ലക്കാനും കാവ്യപഠനങ്ങളിൽ ജക്കോബ്സനും (Roman Jakobson) ഘടനാവാദത്തെയാണ് പ്രധാനമായും ആശ്രയിച്ചത്. ഭർത്തൃഹരിയുടെ സ്ഫോട സിദ്ധാന്തത്തിന് ഘടനാവാദവുമായുള്ള ബന്ധം നിരൂപകർ വിശദീകരിക്കുന്നുണ്ട്. അഖണ്ഡാർത്ഥബോധത്തിലൂടെ സ്ഫുടിച്ചു വരുന്നതാണ് അർത്ഥബന്ധമായ സ്ഫോടമെന്ന് ഭർത്തഹരി വിശദമാക്കുന്നു. ഭാഷയുടെ സാമൂഹികമായ ഉപയോഗത്തിലൂടെ മാത്രമേ അതു ലഭിക്കുകയുള്ളൂ. സൊസ്സ്യൂറിന്റെ ഭാഷാശാസ്ത്രത്തിലെ സൂചക-സൂചിത ബന്ധങ്ങൾ തന്നെയാണ് ഭർതൃഹരിയുടെ സിദ്ധാന്തത്തിലെ ശബ്ദാർത്ഥ ബന്ധവും. വാക്യത്തിലെ ശബ്ദങ്ങൾക്ക് സമഗ്രമായ വാക്യാർത്ഥ പ്രതീതി നൽകുവാൻ കഴിയില്ല എന്നും അഖണ്ഡമായ വാക്യാർത്ഥബോധത്തിലൂടെ മാത്രമേ അർത്ഥപ്രതീതി ഉണ്ടാവുകയുള്ളു എന്നും ഭർതൃഹരി വിശദമാക്കുന്നതുതന്നെയാണ് ആധുനിക ഭാഷാശാസ്ത്രത്തിലെ ഘടനാത്മക ചിന്തയുമെന്ന് ഡോ.വി. രാജീവ് എഴുതുന്നുണ്ട്. (നവനിരൂപണം-സിദ്ധാന്തവും പ്രയോഗവും, പുറം:31) ഘടനാവാദവും സ്ഫോടകസിദ്ധാന്തവും സമഗ്രതയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

▶ സൊസ്യൂറും ഭർതൃഹരിയും

## സിന്റാഗ്മാറ്റിക് ഘടനാവാദവും പാരാഡിഗ്മാറ്റിക് ഘടനാവാദവും

ഭാഷയിലെ ചിഹ്നങ്ങൾ അഥവാ പദങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം നിലനിൽക്കുന്നത് രണ്ട് തലങ്ങളിലായിട്ടാണെന്നാണ് സൊ

സ്യൂർ കണ്ടെത്തിയിട്ടുള്ളത്. അവയെ സംയോജനകാത്മകതലമെന്നും (Syntagmatic) സാദൃശ്യാത്മകതല (Paradigmatic)മെന്നും അദ്ദേഹം വിളിക്കുന്നു. നാമങ്ങൾ, സർവ്വനാമങ്ങൾ തുടങ്ങിയ ഘടനാപരമായി തുല്യതയുള്ള പദങ്ങൾ തമ്മിലുള്ള ബന്ധമാണ് സാദൃശ്യാത്മകതലത്തിലുള്ളത്. പുഴ, നദി, സമുദ്രം, കായൽ എന്നിങ്ങനെയുള്ള പദങ്ങൾ തമ്മിൽ പല പ്രകാരത്തിലുള്ള സാദൃശ്യബന്ധങ്ങളുമുണ്ട്. ഒരു വാക്യഘടനയിൽ വരുമ്പോൾ ഇവയെ മാറിമാറി ഉപയോഗിക്കാൻ കഴിയും. പുഴ വറ്റി എന്നിടത്ത് കടൽ വറ്റി എന്നെഴുതാൻ കഴിയുന്നതിനാൽ ഈ പദങ്ങൾക്കു തമ്മിൽ ഘടനാപരമായ തുല്യതയുണ്ടെന്ന് പറയാം. ഇംഗ്ളീഷിലാണെങ്കിൽ a, an, the എന്നിവ തുല്യതയുള്ള ഒരേ ഗണത്തിൽപ്പെട്ട പദങ്ങളാണെങ്കിലും തിരഞ്ഞെടുപ്പിന് നിബന്ധനകളുണ്ട്. സാദൃശ്യാത്മകതലത്തിലുള്ള ഭാഷാഘടകങ്ങളെ ഒന്നിനുപകരം മറ്റൊന്ന് എന്ന മട്ടിൽ അടുക്കിപ്പെറുക്കിവെയ്ക്കാമെന്നതിനാൽ ഇതിനെ ഭാഷാഘടനയുടെ ലംബതലം (Vertical axis) എന്ന് വിളിക്കാം. ഭാഷാഘടകങ്ങളെ രേഖീയമായി, അനുക്രമമായി മാത്രം ബന്ധിപ്പിക്കാൻ കഴിയുന്ന തലത്തെയാണ് സംയോജനാത്മകതലമെന്ന് പറയുന്നത്. ചിഹ്നങ്ങൾ മുൻപിൽ ക്രമത്തിൽ കണ്ണിചേർക്കപ്പെടുന്നത് ഭാഷയിലെ ഈ തിരശ്ചീനതലത്തിലാണ്. ഭാഷയിൽ ആകാംഷ, വർണ്ണവിന്യാസം എന്നൊക്കെ വിളിക്കുന്നത് ഇതിനെയാണ്. പദതലമെന്നും (Horizontal axis) വ്യാകരണതലമെന്നും സാമാന്യമായി പറയാവുന്ന ഒരു സങ്കല്പമാണിത്. സാദൃശ്യാത്മകതലത്തിലും സംയോജനാത്മകതലത്തിലും ഉള്ള പരസ്പര ബന്ധത്തിലൂടെയാണ് ഭാഷയുടെ സിസ്റ്റം രൂപപ്പെടുന്നത്. സാദൃശ്യാത്മകതലത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പും സംയോജനാത്മകതലത്തിലുള്ള കൂട്ടിച്ചേർക്കലും വഴിയാണ് ഭാഷാഘടന രൂപപ്പെടുന്നത്. എങ്കിലും ഓരോ ഭാഷയിലും ഈ തെരഞ്ഞെടുപ്പിനും കൂട്ടിച്ചേർക്കലിനും സംയോജനപരമായ നിയന്ത്രണങ്ങൾ ഉണ്ട്. അതുകൊണ്ടാണ് ഓരോ ഭാഷയുടെയും വ്യാകരണനിയമങ്ങൾ തികച്ചും വ്യത്യസ്തമായിരിക്കുന്നത്.

▶ സംയോജനാത്മക തലം, സാദൃശ്യാത്മകതലം

## ആഖ്യാനവ്യാകരണം (Narrative Grammar)

തത്വചിന്തകൻ, സമൂഹശാസ്ത്രജ്ഞൻ, സ്ട്രക്ചറലിസ്റ്റ് സാഹിത്യനിരൂപകൻ എന്നീ നിലകളിൽ പ്രശസ്തനായ ചിന്തകനാണ് തോദറോവ്. (Tzvetan Todorov) സാഹിത്യചിന്തകളിൽ കാര്യമായ സ്വാധീനം ചെലുത്തിയ നിരവധി പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. വ്യാകരണത്തിന്റെ യുക്തി ഉപയോഗിച്ച് ആഖ്യാനത്തിന് വ്യക്തമായ ഘടന നിർമ്മിച്ച നിരൂപകനാണ് അദ്ദേഹം. മൂന്ന് മാനങ്ങളിൽ അദ്ദേഹം ആഖ്യാനങ്ങളെ വിശദീകരിക്കുന്നു.

1. ആഖ്യാന മാത്രകളെ ബന്ധിപ്പിക്കുന്നവയെ സംബന്ധിച്ചത്
2. ആഖ്യാനത്തിലെ ലോകവും ആഖ്യാനം പ്രതിനിധാനം ചെയ്യുന്ന ലോകവും തമ്മിലുള്ള ബന്ധം കേന്ദ്രീകരിച്ചത്.
3. വാക്യങ്ങൾ ചേർന്ന് വായിക്കാവുന്ന ഭാഷാപരമായത് (Linguistic)

പ്രസ്തുത മൂന്ന് മാനങ്ങളിൽ ആദ്യവിഭാഗത്തെ മാത്രമേ പ്രോപ്പ് കൈകാര്യം ചെയ്യുന്നുള്ളൂ. ഇത് കൂടാതെ പ്രാഥമികമായ ചില അക്ഷ

തല മാനങ്ങളും ശ്രദ്ധിക്കപ്പെടേണ്ടതാണെന്ന് തോദ റോവ് പ്രസ്താവിക്കുന്നു. പ്രാഥമികമായ മറ്റു ചില ഘടകങ്ങളാണ് താഴെ പറയുന്നവ. സംഭവങ്ങളെക്കുറിച്ചുള്ള ആഖ്യാന പ്രസ്താവനകളാണ് അവയിൽ ആദ്യത്തേത്. അവ ചേർന്ന് പ്രസ്താവന ശ്രേണികൾ ഉണ്ടാകുന്നു. അവയെ ലഘു ആഖ്യാനങ്ങൾ എന്ന് വിളിക്കാം. ഈ ലഘു ആഖ്യാനങ്ങൾ വീണ്ടും യോജിച്ച് ബൃഹദാഖ്യായികൾ ഉണ്ടാകുന്നു. അവയുടെ ചില നിയോജക ഘടകങ്ങളാണ് സംജ്ഞാനാമങ്ങൾ അഥവാ കഥാപാത്രങ്ങൾ. കഥാഘടനയുടെ പരിപ്രേക്ഷ്യത്തിൽ നിന്ന് ആഖ്യാനത്തെ ശ്രദ്ധിച്ചാൽ സംജ്ഞാനാമങ്ങൾക്ക് പ്രത്യേകിച്ച് സഹജസ്വഭാവങ്ങളില്ലെന്ന് തോന്നും. അവയെ ഗുണങ്ങളോടും സംഭവങ്ങളോടും ബന്ധിപ്പിക്കുന്നു. വിശ്ലേഷണങ്ങൾ അവസ്ഥകളെ അഭിവ്യഞ്ജിപ്പിക്കുന്നു, ഗുണത്തെ സൂചിപ്പിക്കുന്നു, കൂടാതെ അവസ്ഥകളെക്കുറിച്ചുള്ള ബോധം നൽകുന്നു. ക്രിയകൾ സംബന്ധിച്ച് തോദറോവ് പലതും പറയാനുണ്ട്. അവ സംഭവങ്ങളെ വിശദീകരിക്കാൻ സഹായിക്കുന്നു. അധർമങ്ങൾ ചെയ്യിക്കുന്നു ശിക്ഷിക്കുന്നു.

> ▶ ക്രീയകൾ സംഭവങ്ങളെ വിശദീകരിക്കാൻ സഹായിക്കുന്നു. അധർമങ്ങൾ ചെയ്യിക്കുന്നു. ശിക്ഷിക്കുന്നു

## തോദറോവിന്റെ ആഖ്യാനഘടന (Narrative Theory)

തോദറോവിന്റെ ആഖ്യാനവ്യാകരണം വ്യാഖ്യാനിക്കുന്നത് പല ബഹുലകങ്ങളിലാണ്. എന്ത് സംഭവിച്ചു? എന്നത് സൂചക ബഹുലകമാണ് (indicate mode) സാമൂഹികമായ ലക്ഷണപ്രകാരം 'എന്ത് സംഭവിക്കാൻ പ്രതിബന്ധമാണ്' എന്നത് പ്രതിബന്ധതാ ബഹുലകം. എന്താണ് കഥാപാത്രങ്ങൾ സംഭവിക്കാൻ ആഗ്രഹിക്കുന്നത് എന്നത് പ്രതീക്ഷാ ബഹുലകം. ഒന്നു സംഭവിക്കുന്നുവെങ്കിൽ മറ്റൊന്നു സംഭവിക്കും എന്നത് വ്യവസ്ഥാ വിധേയബഹുലകമാണ്. ഒന്നു സംഭവിക്കുന്നതുപോലെ മറ്റൊന്നു സംഭവിക്കുകയാണെങ്കിൽ അത് പ്രവചിത ബഹുലകമാണ്. ഒരു കഥാപാത്രത്തെ തെറ്റായി ധരിക്കുന്ന സാഹചര്യം മായമയബഹുലകമാണ്. വ്യാകരണത്തിന്റെ യുക്തി ഉപയോഗിച്ച് കൊണ്ട് തോദറോവ് കൃതികളെ പഠിക്കാൻ ശ്രമിച്ചത് വേണ്ടത്ര ഫലം കിട്ടാതെ പോയി. മാത്രമല്ല ആഖ്യാനത്തെ സംബന്ധിച്ച് പല അബദ്ധങ്ങളെയും വെളിച്ചത്തുകൊണ്ടുവരാൻ ഈ വ്യാകരണം സഹായിച്ചു. എന്തായാലും ഭാഷാശാസ്ത്രം ഭാഷയ്ക്ക് ഒരു വ്യാകരണം നിർമ്മിച്ചത് പോലെ ആഖ്യാനശാസ്ത്രം ആഖ്യാനത്തിനും ഒരു വ്യാകരണം സൃഷ്ടിക്കാൻ പര്യാപ്തമാണ്.

> ▶ ആഖ്യാന ശാസ്ത്രം ആഖ്യാനത്തിനും ഒരു വ്യാകരണം സൃഷ്ടിക്കാൻ പര്യാപ്തമാണ്

## ക്ലോദ് ലെവിസ്ട്രോസ് (Claude Levi - Strauss)

ഘടനാവാദത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് മിത്തുകൾ, അനുഷ്ഠാനങ്ങൾ, വാമൊഴി വഴക്കങ്ങൾ എന്നിവയെ സമഗ്രമായി പഠനവിധേയമാക്കിയ പണ്ഡിതനാണ് ലെവിസ്ട്രോസ്. റോമൻ യാക്കോബ്സൺ (Roman Jakobson) എന്ന ഭാഷാശാസ്ത്രജ്ഞന്റെ പ്രഭാഷണങ്ങളെ ഇഷ്ടപ്പെട്ട ലെവിസ്ട്രോസ് ഘടനാപരമായ ആശയങ്ങൾ ഉപയോഗിച്ച് നരവംശശാസ്ത്ര പഠനത്തിന് ഒരു പുതിയ രീതിശാസ്ത്രം നിർമ്മിച്ചു. യാക്കോബ്സന്റെ സ്വനിമസിദ്ധാന്തവും (Phoneic theory) സൊസ്സ്യൂറിന്റെ ചിഹ്നശാസ്ത്രവും (Sign theory) ലെവിസ്ട്രോസിനെ സ്വാധീനിച്ചു. കൂടാതെ ഘടനാവാദത്തിന്റെ ഒരു ഭാഗമായി അദ്ദേഹം ആഖ്യാന ശാസ്ത്രത്തെ വികസിപ്പിക്കുകയും ചെയ്തു.

> ▶ നരവംശ ശാസ്ത്ര പഠനത്തിന് ഒരു പുതിയ രീതിശാസ്ത്രം നിർമ്മിച്ചു

പ്രത്യക്ഷ വസ്തുക്കൾക്ക് പകരം അവയെ സാധ്യമാക്കുന്ന വ്യവസ്ഥയ്ക്ക് ഊന്നൽ നൽകുകയാണ് ഘടനാവാദത്തിന്റെ രീതിശാസ്ത്രം. ഒരു പ്രത്യേക വ്യവസ്ഥയ്ക്കുള്ളിൽ മാത്രമാണ് പ്രത്യക്ഷ വസ്തുക്കൾക്ക് ഒരു പ്രത്യേകമായ അർത്ഥം കിട്ടുന്നത്. ആയതിനാൽ അർത്ഥത്തിനല്ല അർത്ഥോൽപാദനത്തെ സാധ്യമാക്കുന്ന വ്യവസ്ഥയ്ക്കാണ് പ്രാധാന്യം ലഭിക്കുക. സംസ്കാരത്തെ സാധ്യമാക്കുന്ന വ്യവസ്ഥയെ കണ്ടെത്തുക എന്നതായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നരവംശശാസ്ത്രത്തിന്റെ ലക്ഷ്യം. മനുഷ്യൻ സൃഷ്ടിച്ച സംസ്കാരരൂപങ്ങളുടെ ഘടനയെ നിർദ്ധാരണം ചെയ്യുന്നതിലൂടെ മനുഷ്യമനസ്സിന്റെ സാർവ്വലൗകികസ്വഭാവത്തിലേക്ക് എത്തിച്ചേരാനാകുമെന്നാണ് ലെവിസ്ട്രോസ് കരുതുന്നത്. ഈ ലക്ഷ്യപൂർത്തിക്കു വേണ്ടിയുള്ള ഒരു പദ്ധതി എന്ന നിലയിലാണ് അദ്ദേഹം ഘടനാവിശകലനരീതിയെ വികസിപ്പിച്ചെടുത്തത്.

▶ മനുഷ്യ മനസ്സിന്റെ സാർവ്വ ലൗകിക സ്വഭാവങ്ങളിലേക്കുള്ള കടന്നുചെല്ലൽ

ഭാഷാശാസ്ത്രപഠനത്തിന് ഘടനാവാദം നൽകിയ ഒരു പരികല്പനയാണ് ദ്വന്ദ്വപ്രതിയോഗം അഥവാ ബൈനറി ഓപ്പോസിഷൻ (Binary Opposition). ഒരു സംഗതിയുടെ വ്യത്യയം വിവൃതമാകുന്നത് ആ സംഗതി അതിനു തികച്ചു വിപരീതമായ ഒന്നിനോട് ബന്ധപ്പെടുത്തുമ്പോഴാണ്. കറുപ്പിനെ വെളുപ്പിനെതിരായി കാണുമ്പോൾ മാത്രമാണ് കറുപ്പിന് കറുപ്പും വെളുപ്പിന് വെളുപ്പും എന്ന വ്യത്യസ്തങ്ങളായ സവിശേഷതകൾ വെളിപ്പെട്ട് കിട്ടുക. മനുഷ്യൻ ലോകത്തെ മനസ്സിലാക്കുന്നതോ തിരിച്ചറിയുന്നതോ ഇത്തരത്തിൽ സംഗതികളെ ദ്വന്ദ്വപ്രതിയോഗികളായിട്ടാണെന്നതിനാൽ ഘടനാദർശനത്തിലെ ഏറ്റവും അടിസ്ഥാനപരമായ പരികല്പനയാണിത്.

▶ ഘടനാദർശനത്തിലെ അടിസ്ഥാനപരമായ പരികല്പന- ദ്വന്ദ്വ പ്രതിയോഗം

ലെവിസ്ട്രോസിന്റെ കുടുംബവ്യവസ്ഥ വിശകലനം വിവാദപരമായിരുന്നു. വിവാഹ നിയമങ്ങളെയും കുടുംബവ്യവസ്ഥകളെയും ഒരുതരം ഭാഷയായിട്ടാണ് അദ്ദേഹം കരുതിയിരുന്നത്. വ്യവസ്ഥ എന്ന നിലയിൽ ഭാഷയിൽ പദങ്ങളും അർത്ഥങ്ങളും വിനിമയം ചെയ്യപ്പെടുകയാണ്. സമൂഹമെന്ന വ്യവസ്ഥയിൽ കുടുംബങ്ങൾ, വംശങ്ങൾ, ഗോത്രങ്ങൾ എന്നിവർക്കിടയിൽ ആശയവിനിമയത്തിന്റേതായ ഉപാധി എന്ന നിലയിലാണ് സ്ത്രീകളുടെ വിനിമയം നടക്കുന്നത്. പരസ്പര വിനിമയത്തിനുള്ള ഉപാധിയായി ഇവിടെ സ്ത്രീ പരിഗണിക്കപ്പെടുന്നു. സ്ത്രീകളുടെ വിവാഹത്തിലൂടെയാണ് ഈ വിനിമയം നിർവ്വഹിക്കുന്നത്. വിവാഹ നിയമത്തിലൂടെയാണ് കുടുംബവ്യവസ്ഥ രൂപപ്പെടുന്നത്. അച്ഛൻ-അമ്മ, അമ്മ-മകൾ, അച്ഛൻ-മകൻ, സഹോദരൻ-സഹോദരി, ഭാര്യ-ഭർത്താവ് എന്നിങ്ങനെയുള്ള ദ്വന്ദ്വപ്രതിയോഗങ്ങളുടെ നിർമ്മിതിയിലൂടെയാണ് കുടുംബവ്യവസ്ഥയുടെ ചട്ടക്കൂട് രൂപപ്പെട്ടിട്ടുള്ളത്. കുടുംബം എന്ന വ്യവസ്ഥയുമായി ബന്ധപ്പെട്ടു നിൽക്കുമ്പോൾ മാത്രമേ ബന്ധങ്ങളെക്കുറിക്കുന്ന സംജ്ഞകൾക്ക് സ്വന്തമായി അർത്ഥവും നിലനിൽക്കുകയുള്ളു. അതുകൊണ്ട് അവ അർത്ഥത്തിന്റെ കാര്യത്തിൽ ഭാഷാചിഹ്നങ്ങളെപ്പോലെ സ്വേച്ഛാപരമാണെന്ന് (arbitrary) പറയാം. ദ്വന്ദ്വങ്ങളിലധിഷ്ഠിതമായി മനുഷ്യമനസ്സ് ലോകത്തെ മനസ്സിലാക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നതിന്റെ ഉദാഹരണമാണ് ലെവിസ്ട്രോസിന് കുടുംബബന്ധങ്ങൾ.

▶ കുടുംബബന്ധത്തെക്കുറിച്ച് ലെവിസ്ട്രോസിന്റെ ദർശനം

## മിത്തുവിശകലനം

Myth and meaning, Mythologiques എന്നീ കൃതികളിലാണ് മിത്തുകളെക്കുറിച്ചുള്ള തന്റെ പുതിയ ആശയം അദ്ദേഹം അവതരിപ്പിച്ചത്. മിത്തുകളുടെ ഉപരിതലത്തിലല്ല, ആഴങ്ങളിലാണ് ലെവിസ്ട്രോസ് ശ്രദ്ധ വെച്ചത്. മിത്തുകളുടെ ഒരു ഗഹനവ്യാകരണം കണ്ടെത്തുകയാണ് അദ്ദേഹം ചെയ്തത്. മിത്തുകൾക്കിടയിലെ വൈരുദ്ധ്യങ്ങളെ ഏകോപിക്കുന്നതായ അടിസ്ഥാനഘടനയെ വെളിയിൽ കൊണ്ടുവരിക എന്നതായിരുന്നു ലക്ഷ്യം. സ്ഥലകാലതീതമായി മനുഷ്യമനസ്സിലും ചിന്താരീതിയിലും അന്തർലീനമായിരിക്കുന്ന ഘടനാപരമായ സാമാന്യതയെ കണ്ടെത്താൻ ഇതു സഹായിക്കും. വിവിധ പ്രദേശക്കാരുടെ ഇടയിൽ പ്രചാരത്തിലുള്ള മിത്തുകൾ തമ്മിൽ ഉപരിതലത്തിൽ പലവിധത്തിലുള്ള വ്യത്യസ്തകൾ ഉണ്ടെങ്കിലും അവയ്ക്കിടയിൽ അവയെ ഏകോപിപ്പിക്കുന്നതായ ഒരു പൊതുഘടകമുണ്ട്. ആ പൊതുഘടകം അവയെ ഉല്പാദിപ്പിക്കുന്ന പ്രജനകമൂശ (Generative matrix) യാണ്. എല്ലാ മിത്തുകളുടെയും ഘടനകൾ ഉരുത്തിരിഞ്ഞിട്ടുള്ളത് ഒരേ പ്രജനകമൂശയിൽ നിന്നാണ്. ഈ ആന്തരിക ഘടനകളെപ്പറ്റിയുള്ള അന്വേഷണമാണ് ലെവിസ്ട്രോസിന്റെ ചിന്താലോകം. പുരാവൃത്തങ്ങളെ ഘടനാപരമായ അപഗ്രഥത്തിന് വിധേയമാക്കുകയായിരുന്നു അദ്ദേഹം. 1955 ൽ ലെവിസ്ട്രോസ് പ്രസിദ്ധീകരിച്ച മിത്തുകളുടെ ഘടനാത്മകപഠനം (The Structural Study of Myth) എന്ന പ്രബന്ധം പുരാവൃത്തപഠനത്തിൽ വളരെ ശ്രദ്ധേയമാണ്.

> ▶ മിത്തുകൾ ഏകോപിപ്പിക്കുന്ന പൊതുഘടകം-പ്രജനകമൂശയാണ്

സൊസ്യൂർ ഭാഷാശാസ്ത്രത്തിലാവിഷ്കരിച്ച (Mythology) ഘടനാത്മക വിശകലനരീതി പുരാവൃത്തപഗ്രഥനത്തിലേക്കും വ്യാപിപ്പിക്കുകയാണ് ലെവിസ്ട്രോസ് ചെയ്തത്. പ്രാചീനവും ആധുനികവും പ്രകൃതവും നാഗരികവുമായ എല്ലാ മാനുഷിക മാനസിക വൃത്തികളും ഘടനാത്മക വിശകലനത്തിലൂടെ ഫലപ്രദമായി വിശദീകരിക്കാനാവുമെന്ന് ലെവിസ്ട്രോസ് ചൂണ്ടിക്കാണിക്കുന്നു. ഭാഷപോലെതന്നെ പുരാവൃത്തങ്ങളും ഒരുപാട് അർത്ഥനിയാമകങ്ങളായ അടിസ്ഥാന കഥാമാത്രകൾ (constituent units) കൊണ്ട് സൃഷ്ടിച്ചെടുക്കുന്ന ഒരു വ്യവസ്ഥയാണ്. ലെവിസ്ട്രോസ് എഴുതുന്നു. 'The myth will be treated as an orchestra score would be if it were unwittingly considered as a unilinear series; our task is to re-establish the correct arrangement' സ്വനിമങ്ങളും രൂപിമങ്ങളും വാക്യങ്ങളും ഭാഷയുടെ ഘടന നിർണയിക്കുന്നതുപോലെ പുരാവൃത്തങ്ങൾ രൂഢകാരങ്ങളാൽ (gross constituents) നിർണയിക്കപ്പെടുന്നുണ്ടെന്ന് ലെവിസ്ട്രോസ് സമർത്ഥിക്കുന്നു. ഈ അടിസ്ഥാന മാത്രകളെ മിത്തീം (mytheme) എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. ലെവിസ്ട്രോസിന്റെ ഘടനാത്മക വിശകലനരീതി പലരും പിന്തുടരുന്നുണ്ട്. യൂജിൻ ഡോർഫിൻമാൻ (Eugene Dorfman) എന്ന പണ്ഡിതൻ 'നരീം' (Narreme) എന്ന അടിസ്ഥാന ഏകകത്തെ പറ്റിയും അലൻഡൻഡിസ് 'മോട്ടി ഫീ' എന്ന ഏകകത്തെപ്പറ്റിയും പരാമർശിക്കുന്നതിൽ ലെവിസ്ട്രോസിയൻ മാതൃകയുടെ സ്വാധീനമുണ്ട്.

> ▶ പുരാവൃത്തങ്ങളും അർത്ഥനിയമകങ്ങളായ അടിസ്ഥാനകഥാമാത്രകൾ കൊണ്ട് സൃഷ്ടിച്ചെടുക്കുന്ന വ്യവസ്ഥയാണ്

## Summarised Overview

ആശയവിനിമയത്തിനുള്ള ഏറ്റവും സമഗ്രമായ ഉപാധിയാണ് ഭാഷ. ഭാഷ മനുഷ്യനെ മറ്റു ജീവികളിൽ നിന്നും വ്യത്യസ്തമാക്കുന്നു. എല്ലാവർക്കും ഉൾക്കൊള്ളാൻ കഴിയുന്ന, എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന ഭാഷാസ്വരൂപമായ മാനകഭാഷയെക്കുറിച്ച് ചർച്ചചെയ്യുന്നു. ഒരു ഭാഷയിൽ വ്യാകരണം രചിക്കുമ്പോൾ അതിനുപയോഗിക്കുന്നത് മാനകഭാഷയാണ്. മാനകഭാഷ വിശേഷവ്യവഹാരത്തിനാണ് കൂടുതലായും ഉപയോഗിക്കുന്നത്. ഒരു ഭാഷയ്ക്കുള്ളിലെ ഏതു ഭാഷാഭേദത്തിൽപ്പെട്ടവർക്കും തമ്മിൽ ആശയവിനിമയം സാധ്യമാക്കുന്നതും മാനകഭാഷയാണ്. കാവ്യഭാഷയുടെ കാര്യമാണെങ്കിൽ കാവ്യത്തെ സൗന്ദര്യാത്മകമാക്കുന്നത് കാവ്യഭാഷയാണ്. പദങ്ങളെ മനോഹരമായി തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്നതാണ് കവിത. ഘടനാവാദം എന്ന ആശയം ആദ്യം അവതരിപ്പിച്ചത് ഫെർഡിനാന്റ് ഡി. സൊസ്യൂർ ആണ്. മനുഷ്യബോധത്തിന് വിധേയമാകുന്ന ലോകത്തിന്റെ ഘടനകളെപ്പറ്റിയുള്ള പഠനമാണ് ഘടനാവാദം. അർത്ഥമെന്ത് എന്നല്ല അർത്ഥം സാധ്യമാക്കുന്നത് എങ്ങനെ എന്നാണ് ഘടനാവാദം ശ്രദ്ധിക്കുന്നത്. സാമൂഹിക ജീവിതത്തിന്റെ ഭാഗമെന്ന നിലയിൽ ചിഹ്നങ്ങളുടെ പ്രസക്തിയെ പഠിക്കുന്ന ശാസ്ത്രമാണ് ചിഹ്നവിജ്ഞാനീയം. ഭാഷയെന്ന സമഗ്ര പ്രതിഭാസത്തിന്റെ അടിസ്ഥാനപരമായ രണ്ട് തലങ്ങളിലേക്ക് സൊസ്യൂർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. ഭാഷ ഭാഷണം എന്നീ രണ്ടു സങ്കല്പനങ്ങളെക്കുറിച്ചും വിശദീകരിച്ചിരിക്കുന്നു. ഭാഷാപഠനത്തിൽ രണ്ട് വ്യത്യസ്ത സമീപനങ്ങളുണ്ടെന്ന് സൊസ്യൂർ വാദിച്ചു. ഏകകാലികവും ബഹുകാലികവുമായ സമീപനങ്ങളാണവ. ഘടനാവിജ്ഞാനത്തെ ഇതര വിജ്ഞാനശാഖകളുമായി ബന്ധപ്പെടുത്തിയും നിരൂപകർ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സൊസ്യൂറിന്റെ ഭാഷാശാസ്ത്രത്തിലെ സൂചക-സൂചിത ബന്ധങ്ങൾ തന്നെയാണ് ഭർതൃഹരിയുടെ സിദ്ധാന്തത്തിലെ ശബ്ദാർത്ഥ ബന്ധവും.

ഒരു വാക്യത്തിലെ ഘടകപദങ്ങൾ തമ്മിലുള്ള അർത്ഥപരമായ ബന്ധമാണ് സിന്റാഗ്മാറ്റിക് ഘടനാവാദം. നാമങ്ങൾ, സർവ്വനാമങ്ങൾ തുടങ്ങിയ ഘടനാപരമായി തുല്യതയുള്ള പദങ്ങൾ തമ്മിലുള്ള ബന്ധമാണ് സാദൃശ്യാത്മകതലത്തിലുള്ളത്. വ്യാകരണത്തിന്റെ യുക്തി ഉപയോഗിച്ച് ആഖ്യാനത്തിന് വ്യക്തമായ ഘടന നിർമ്മിച്ച നിരൂപകനാണ് തോദറോവ്. ഘടനാപരമായ ആശയങ്ങൾ ഉപയോഗിച്ച് നരവംശശാസ്ത്ര പഠനത്തിന് ഒരു പുതിയ രീതിശാസ്ത്രം നിർമ്മിച്ചത് ക്ലോഡ് ലെവിസ്ട്രാസ് ആണ്. പ്രത്യക്ഷ വസ്തുക്കൾക്ക് പകരം അവയെ സാധ്യമാക്കുന്ന വ്യവസ്ഥയ്ക്ക് ഊന്നൽ നൽകുകയാണ് ഘടനാവാദത്തിന്റെ രീതിശാസ്ത്രം. മനുഷ്യർ സൃഷ്ടിച്ച സംസ്കാരരൂപങ്ങളുടെ ഘടനയെ നിർദ്ധാരണം ചെയ്യുന്നതിലൂടെ മനുഷ്യമനസ്സിന്റെ സാർവ്വലൗകിക സ്വഭാവത്തിലേക്ക് എത്തിച്ചേരാനാവുമെന്നാണ് ലെവിസ്ട്രോസ് കരുതുന്നത്. ലെവിസ്ട്രോസിന്റെ കുടുംബ വ്യവസ്ഥ വിശകലനവും വിവാദപരമായിരുന്നു. പുരാവൃത്തങ്ങളെ അപഗ്രഥിക്കുന്നതിലേക്കും ലെവിസ്ട്രോസ് ശ്രദ്ധിച്ചിരുന്നു.

സ്റ്റാൻഡേർഡ് ഭാഷ വ്യക്തവും കൃത്യവുമായ ആവിഷ്കാരത്തിനുള്ള അടിത്തറ നൽകുന്നു, അതേസമയം കാവ്യഭാഷ സാധാരണതയെ മറികടന്ന് ഭാവനയുടെയും വികാരത്തിന്റെയും മേഖലകളിലേക്ക് കടന്നുചെല്ലുന്നു. പ്രോപ്പിയൻ സിന്റാഗ്മാറ്റിക് സ്ട്രക്ചറലിസത്തിന്റെ ലെൻസിലൂടെ, കഥപറച്ചിലിനെ നിയന്ത്രിക്കുന്ന അന്തർലീനമായ വ്യാകരണം കണ്ടെത്തുന്നതിലൂടെ, പരസ്പരബന്ധിതമായ ഘടകങ്ങളുടെ ചലനാത്മക സംവിധാനങ്ങളായി ഈ പാഠത്തിൽ വിശകലനം ചെയ്യുന്നു. വ്ളാഡിമിർ പ്രോപ്പ് തുടക്കമിട്ട ഈ സമീപനം, സംസ്കാരങ്ങളിലും വിഭാഗങ്ങളിലും ഉടനീളമുള്ള ആഖ്യാനങ്ങളെ രൂപപ്പെടുത്തുന്ന സാർവത്രിക പാറ്റേണുകളെ പ്രകാശിപ്പിക്കുന്നു.

പാരഡിഗ്മാറ്റിക് സ്ട്രക്ചറലിസത്തിലൂടെ ആഖ്യാനസിദ്ധാന്തത്തിന് ക്ലോഡ് ലെവി-സ്ട്രോസിന്റെ സംഭാവന കഥപറച്ചിലിനെക്കുറിച്ചുള്ള നമ്മുടെ ധാരണയെ കൂടുതൽ സമ്പന്നമാക്കുന്നു. ആഖ്യാനങ്ങൾക്കുള്ളിലെ അടിസ്ഥാന ഘടനകളും സാംസ്കാരിക ചിഹ്നങ്ങളും പരിശോധിക്കുന്നതിലൂടെ, അർത്ഥത്തിന്റെയും പ്രാധാന്യത്തിന്റെയും ആഴത്തിലുള്ള പാളികൾ കണ്ടെത്തുന്നു. രൂപവും ഉള്ളടക്കവും തമ്മിലുള്ള സങ്കീർണ്ണമായ ഇടപെടലിലേക്ക് വെളിച്ചം വീശിക്കൊണ്ട് വിവരണങ്ങളെ നിയന്ത്രിക്കുന്ന അടിസ്ഥാന ഘടനകളെ തിരിച്ചറിയേണ്ടതിന്റെ പ്രാധാന്യം ലെവി-സ്ട്രോസിന്റെ കൃതി ഊന്നിപ്പറയുന്നു. മാത്രമല്ല, സാംസ്കാരിക അർത്ഥത്തിന്റെയും കൂട്ടായ ബോധത്തിന്റെയും ശേഖരങ്ങളായി ആഖ്യാനങ്ങളെ മനസ്സിലാക്കുന്നതിനുള്ള ശക്തമായ ചട്ടക്കൂട് പുരാണ വിശകലനം (Mythology) പ്രദാനം ചെയ്യുന്നു. കഥകളുടെ പ്രതീകാത്മക മാനങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിലൂടെ, സംസ്കാരങ്ങളിലും തലമുറകളിലും പ്രതിധ്വനിക്കുന്ന കാലാതീതമായ തീമുകളും ആർക്കിടൈപ്പുകളും കണ്ടെത്തുന്നു. ആഖ്യാന വിശകലനത്തോടുള്ള ഈ സമഗ്രമായ സമീപനം, ലോകത്തെയും നമ്മളെയുംകുറിച്ചുള്ള ഗ്രാഹ്യത്തിന് കഥകൾ രൂപപ്പെടുത്തുന്ന ആഴത്തിലുള്ള വഴികൾ വെളിപ്പെടുത്തുന്നു, മനുഷ്യാനുഭവത്തിലെ ഭാഷയുടെയും കഥപറച്ചിലിന്റെയും ശാശ്വതശക്തിയെ ഉയർത്തിക്കാട്ടുന്നു. സാരാംശത്തിൽ, സ്റ്റാൻഡേർഡ് ഭാഷാ, കാവ്യാത്മക ഭാഷ, പ്രോപ്പിയൻ സിന്റാഗ്മാറ്റിക് സ്ട്രക്ചറലിസം, ക്ലോഡ് ലെവി-സ്ട്രോസിന്റെ പാരഡിഗ്മാറ്റിക് സ്ട്രക്ചറലിസം, മിത്തോളജിക്കൽ അനാലിസിസ് എന്നിവയെക്കുറിച്ചുള്ള പഠനം മാനുഷിക ആവിഷ്കാരത്തിന്റെ സമ്പന്നമായ കാഴ്ച്ചപ്പാടുകളും നമ്മുടെ കൂട്ടായ്മ രൂപപ്പെടുത്തുന്നതിൽ ആഖ്യാനത്തിന്റെ അഗാധമായ പ്രാധാന്യവും അനാവരണം ചെയ്യുന്നു.

## Assignments

1. മാനകഭാഷയും കാവ്യഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ വിശകലനം ചെയ്യുക.
2. ഭാഷാശാസ്ത്രപഠനത്തിന്റെയും ഘടനാവാദത്തിന്റെയും പ്രസക്തി ചർച്ച ചെയ്യുക
3. സിന്റാഗ്മാറ്റിക് ഘടനാവാദം, പാരഡിഗ്മാറ്റിക് ഘടനാവാദം - പരിചയപ്പെടുത്തുക
4. ഘടനാവാദവും സ്ഫോടസിദ്ധാന്തവും തമ്മിലുള്ള സാദൃശ്യങ്ങൾ വിലയിരുത്തുക.
5. ഭർതൃഹരിയുടെ സ്ഫോടസിദ്ധാന്തത്തിന്റെ സാധ്യതകൾ വിലയിരുത്തുക.
6. ഭാഷയെ സൊസ്യൂർ വിലയിരുത്തുന്നത് ചർച്ച ചെയ്യുക.
7. ഏകകാലികം ബഹുകാലികം എന്നിവ പരിചയപ്പെടുത്തുക.
8. ലെവിസ്ട്രോസ് ഘടനാവാദ നിരൂപണത്തിന് നൽകിയ സംഭാവനകൾ വിശദീകരിക്കുക.
9. ഘടനാവാദത്തിൽ മിത്തിന്റെ പഠനസാധ്യതകൾ വിലയിരുത്തുക.
10. തോദറോവിന്റെ ആഖ്യാനവ്യാകരണ വ്യാഖ്യാനം വിശദീകരിക്കുക.

## Suggested Reading


1. എം. അച്യുതൻ, പാശ്ചാത്യസാഹിത്യ ദർശനം, പാശ്ചാത്യസാഹിത്യ ദർശനം, എൻ.ബി.എസ്, കോട്ടയം.
2. കെ.എം. തരകൻ, പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം, എസ്.പി.സി.എസ്, കോട്ടയം.
3. വി. രാജീവ്, നവനിരൂപണം - സിദ്ധാന്തവും പ്രയോഗവും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. Terry Eagteton and Drew Milne Edi, Marxist literacy theory; AReader Black well Publishing 1996.


## Reference


1. ഡോ. ഡി. മായ, പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എസ്. നൗഷാദ്, ഡി.വി. അനിൽകുമാർ, പാശ്ചാത്യസാഹിത്യ ദർശനം: ആധാര രചനകളുടെ പരിഭാഷയും പഠനവും വാല്യം-1, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. പ്രൊഫ. കെ.എം. തരകൻ, ആധുനിക സാഹിത്യ ദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
4. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Model Question Paper Sets for the Third Semester Courses of the M.A. Malayalam Language and Literature Programme

SGOU

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………...............

Name : ………………...

**THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE SPECIFIC ELECTIVE- M21ML01DE - മാധ്യമപഠനം**

( CBCS - PG )

**MODEL QUESTION PAPER- SET- A**

2023-24 - **Admission Onwards**

Time: 3 Hours Max Marks: 70

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. ഫോർത്ത് എസ്റ്റേറ്റ് എന്ന ആശയം എന്താണെന്ന് വ്യക്തമാക്കുക.
2. രേഖാമൂലമുള്ള ആശയവിനിമയത്തിന് അഞ്ച് ഉദാഹരണങ്ങൾ എഴുതുക.
3. വിഷ്വൽ കമ്മ്യൂണിക്കേഷൻ എന്നാലെന്ത്?
4. ഡിജിറ്റൽ ആശയവിനിമയ രീതിയെക്കുറിച്ച് കുറിപ്പെഴുതുക.
5. ഹോട്ട്ആൻഡ്കൂൾ മീഡിയ എന്ന ആശയത്തെക്കുറിച്ച് കുറിപ്പെഴുതുക.
7. അച്ചടി മാധ്യമ രംഗത്ത് ഹെർമൻ ഗുണ്ടർട്ട് നൽകിയ സംഭാവകൾ എന്തെല്ലാം?
8. പത്രപ്രവർത്തനത്തിന്റെ അഞ്ച്ഘട്ടങ്ങൾ വിശദമാക്കുക.

**(5X2 = 10 Marks)**

## SECTION - B

**II. ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. ബഹുജനസമ്പർക്ക മാധ്യമങ്ങളെക്കുറിച്ച് സംഗ്രഹിച്ച് കുറിപ്പെഴുതുക.
10. ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് സഹായിച്ച ആദ്യകാല സാഹിത്യമാസികകളെക്കുറിച്ച് കുറിപ്പെഴുതുക.
11. ആഗോള വിനിമയ ശൃംഖല എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? വിശദമാക്കുക.
12 സത്യാനന്തരകാലഘട്ടത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
13. വാർത്തകളുടെ അഞ്ച് അരിപ്പകൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുക?
14. മക്ലൂഹന്റെ മാധ്യമ സങ്കൽപ്പസിദ്ധാന്തങ്ങൾ വിവരിക്കുക.
15. തിയോഡോർ അഡോർണോയുടെ മാധ്യമ നിലപാട് വിലയിരുത്തുക
16. ടെലിവിഷന്റെ അധികാരത്തെയും സാങ്കേതികവിദ്യയെയും കുറിച്ചുള്ള ഷിബു മുഹമ്മദിന്റെ കാഴ്ചപ്പാടുകൾ വിവരിക്കുക.
17. മൊബൈൽ ആപ്പുകളെക്കുറിച്ച് കുറിപ്പെഴുതുക.
18. സ്മാർട്ട്ഫോണുകളുടെ സാധ്യതകളെക്കുറിച്ച് വിവരിക്കുക.

**(6×5=30 Marks)**

SGOU

## SECTION - C

**III.ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക**

19. വെർച്വൽ വിനിമയ രംഗത്തെ വിജ്ഞാനപ്രദവും വിനോദകരവുമായ സാധ്യതകളെന്തെല്ലാം - വിലയിരുത്തുക.
20. ഡിജിറ്റൽ മുതലാളിത്തത്തിന്റെ രാഷ്ട്രീയ സമ്പദ്ഘടനയെക്കുറിച്ച്ഉപന്യാസം തയ്യാറാക്കുക.
21. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്വാധീനം ചെലുത്തിയ ടെലിവിഷന്റെ ചരിത്രം വിവരിക്കുക.
22. അച്ചടിയുടെ ചരിത്രവും മലയാളത്തിലെ ആദ്യകാല പത്രമാസികകളും - ഉപന്യാസം തയ്യാറാക്കുക.
22. നവമാധ്യമങ്ങളും അഭിപ്രായസ്വാതന്ത്ര്യവും - ഉപന്യാസം തയ്യാറാക്കുക.

**(2×15=30Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : ……...........**

## THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION
## DISCIPLINE SPECIFIC ELECTIVE- M21ML01DE -മാധ്യമപഠനം

**(CBCS - PG)**

**MODEL QUESTION PAPER- SET- B**

2023-24 - **Admission Onwards**

---

**Time: 3 Hours** **Max Marks: 70**

## SECTION A

**I. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

1. ഫോർത്ത് എസ്റ്റേറ്റ് എന്ന ആശയം എന്താണെന്ന് വ്യക്തമാക്കുക.
2. രേഖാമൂലമുള്ള ആശയവിനിമയത്തിന് അഞ്ച് ഉദാഹരണങ്ങൾ എഴുതുക.
3. വിഷ്വൽ കമ്മ്യൂണിക്കേഷൻ എന്നാലെന്ത്?
4. ഡിജിറ്റൽ ആശയവിനിമയരീതിയെക്കുറിച്ച് കുറിപ്പെഴുതുക.
5. ഹോട്ട് ആൻഡ് കൂൾമീഡിയ എന്ന ആശയത്തെക്കുറിച്ച് കുറിപ്പെഴുതുക.
7. അച്ചടി മാധ്യമ രംഗത്ത് ഹെർമൻ ഗുണ്ടർട്ട് നൽകിയ സംഭാവകൾ എന്തെല്ലാം?
8. പത്രപ്രവർത്തനത്തിന്റെ അഞ്ച് ഘട്ടങ്ങൾ വിശദമാക്കുക.

**(5X2 = 10 Marks)**

## SECTION B

**II. ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

9. ബഹുജനസമ്പർക്ക മാധ്യമങ്ങളെക്കുറിച്ച് സംഗ്രഹിച്ച് കുറിപ്പെഴുതുക.
10. ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് സഹായിച്ച ആദ്യകാല സാഹിത്യമാസികകളെക്കുറിച്ച് കുറിപ്പെഴുതുക.
11. ആഗോള വിനിമയ ശൃംഖല എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? വിശദമാക്കുക.

12 സത്യാനന്തരകാലഘട്ടത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
13. വാർത്തകളുടെ അഞ്ച് അരിപ്പകൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുക?
14. മക്‌ലൂഹന്റെ മാധ്യമ സങ്കൽപ്പസിദ്ധാന്തങ്ങൾ വിവരിക്കുക.
15. തിയോഡോർ അഡോർണോയുടെ മാധ്യമ നിലപാട് വിലയിരുത്തുക.
16. ടെലിവിഷന്റെ അധികാരത്തെയും സാങ്കേതികവിദ്യയെയും കുറിച്ചുള്ള ഷിബു മുഹമ്മദിന്റെ കാഴ്ചപ്പാടുകൾ വിവരിക്കുക.
17. മൊബൈൽ ആപ്പുകളെക്കുറിച്ച് കുറിപ്പെഴുതുക.
18. സ്മാർട്ട്ഫോണുകളുടെ സാധ്യതകളെക്കുറിച്ച് വിവരിക്കുക.

**(6x5=30 Marks)**

## SECTION C

**III.ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

19.വെർച്വൽ വിനിമയ രംഗത്തെ വിജ്ഞാനപ്രദവും വിനോദകരവുമായ സാധ്യതകളെന്തെല്ലാം - വിലയിരുത്തുക.
20.ഡിജിറ്റൽ മുതലാളിത്തത്തിന്റെ രാഷ്ട്രീയ സമ്പദ്ഘടനയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
21. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്വാധീനം ചെലുത്തിയ ടെലിവിഷന്റെ ചരിത്രം വിവരിക്കുക.
22.അച്ചടിയുടെ ചരിത്രവും മലയാളത്തിലെ ആദ്യകാല പത്രമാസികകളും - ഉപന്യാസം തയ്യാറാക്കുക.
22.നവമാധ്യമങ്ങളും അഭിപ്രായസ്വാതന്ത്ര്യവും - ഉപന്യാസം തയ്യാറാക്കുക.

**(2x15= 30 Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : ………..........**

**THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION**
**DISCIPLINE SPECIFIC ELECTIVE- M21ML02DE -** ചലച്ചിത്ര പഠനം

**(CBCS - PG)**

**MODEL QUESTION PAPER- SET- A**

2023-24 - **Admission Onwards**

**Time: 3 Hours** **Max Marks: 70**

---

## SECTION A

**I. ഏതെങ്കിലും അഞ്ച്ചോദ്യത്തിന്അരപ്പുറത്തിൽ ഉത്തരമെഴുതുക.**

1. ഇറ്റാലിയൻ നിയോറിയലിസത്തിന്റെ പ്രത്യേകതകളെന്തെല്ലാം?
2. സിനിമയിലെ വിവിധതരം ഷോട്ടുകൾ ഏതെല്ലാം?
3. മലയാളത്തിലെ ആദ്യകാല ചലച്ചിത്ര നിരൂപണങ്ങളെക്കുറിച്ചെഴുതുക?
4. ഡോക്യുമെന്ററി നിർമ്മാണത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?
5. സിനിമയിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങളും ബിംബങ്ങളും ഏതെല്ലാം?
6. സിനിമയിലെ മൊണ്ടാഷ്തിയറി എന്നാലെന്ത്?
7. തിരക്കഥാഘടനയെപ്പറ്റി വിവരിക്കുക
8. ഓഥർതിയറി (രചയിതാ സിദ്ധാന്തം) എന്നാലെന്ത്?

**(5X2 = 10 Marks)**

## SECTION B

**'II. ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

9. ഫ്രഞ്ച്ന്യൂവേവ്സിനിമകളുടെ സ്വാധീനം ചലച്ചിത്രരംഗത്തിൽ എത്തരത്തിലാണ് അടയാളപ്പെടുത്തിയിരിക്കുന്നത്?
10. സിനിമയിലെ ഫെമിനിസ്റ്റ്കാഴ്ചപ്പാടുകളെയും അടയാളപ്പെടുത്തലുകളെയും പറ്റി വിവരിക്കുക
11. ന്യൂജനറേഷൻ ( നവതലമുറ ) സിനിമകളുടെ സവിശേഷതകൾ വിലയിരുത്തുക ?
12. മലയാള സിനിമയിൽ ഭാവുകത്വപരിണാമം അടയാളപ്പെടുത്തിയ ചിത്രങ്ങൾ ഏതെല്ലാം?
13. അനുവർത്തന (adaptation ) സിനിമയെന്ന നിലയിൽ 'ചെമ്മീൻ' എന്ന ചലച്ചിത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

14.ആദ്യകാല സ്ത്രീപക്ഷസിനിമയെന്ന നിലയിൽ ആദാമിന്റെ വാരിയെല്ല് എന്ന സിനിമയെക്കുറിച്ചു വിവരിക്കുക?

15. മലയാള ചലച്ചിത്രഗാനരചനയുടെ ചരിത്രം പരിശോധിക്കുക

16. ചലച്ചിത്ര നിർമ്മാണത്തിലെ സാങ്കേതിക വശങ്ങളെപ്പറ്റി ചർച്ച ചെയ്യുക?

17. സിനിമയുടെ പ്രത്യയശാസ്ത്രത്തെക്കുറിച്ച് കെ. രവീന്ദ്രന്റെ അഭിപ്രായമെന്ത്?

18. സിനിമ അരങ്ങിന്റെ ഭാഷയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

**(6x5=30 Marks)**

## SECTION C

**III.ഏതെങ്കിലും രണ്ടു ചോദ്യത്തിനുന്നു പുറത്തിൽ ഉത്തരമെഴുതുക.**

19. മലയാള സിനിമയും ഇതര കലകളുമായുള്ള ബന്ധത്തെക്കുറിച്ചുിശകലനം ചെയ്യുക

20. മലയാളത്തിലെ അനുവർത്തന സിനിമകളെ അപഗ്രഥനാത്മാ വിലയിരുത്തുന്നു

21. അന്താരാഷ്ട്രതലത്തിൽ മലയാളസിനിമയ്ക്കുള്ളസ്ഥാനം വിലയിരുത്തുക

22. മലയാളത്തിലെ മധ്യവർത്തിസിനിമകളിലെ ജനപ്രിയതയെയും താരോദയത്തെയും പറ്റി വിലയിരുത്തുക

**(2×15=30Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ...................**

**Name : ……..........**

**THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION**
**DISCIPLINE SPECIFIC ELECTIVE- M21ML02DE - ചലച്ചിത്ര പഠനം**

**(CBCS - PG)**

**MODEL QUESTION PAPER- SET- B**

**2023-24 - Admission Onwards**

**Time: 3 Hours** **Max Marks: 70**

---

## SECTION A

**I. ഏതെങ്കിലും അഞ്ച്ചോദ്യത്തിന്അരപ്പുറത്തിൽ ഉത്തരമെഴുതുക.**

1. കഥാചിത്രങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
2. ആനിമേഷൻ ചിത്രങ്ങളെക്കുറിച്ച്കുറിപ്പെഴുതുക ?
3. മൈസ്എൻ സീൻ എന്നാലെന്ത്?
4. വീക്ഷണകോൺ എന്നാലെന്ത്?
5. ഫ്രഞ്ചു ന്യൂവേവ്സിനിമകളെക്കുറിച്ച്കുറിപ്പെഴുതുക?
6. സിനിമയിലെ എഡിറ്റിംഗ്സങ്കേതങ്ങളെക്കുറിച്ച്വിവരിക്കുക?
7. സിനിമയിൽഐസൻസ്റ്റീന്റെ സംഭാവനകളെന്തെല്ലാം?
8. സിനിമയിലെ എക്സ്പ്രഷനിസത്തെപ്പറ്റി വിവരിക്കുക?

**(5X2 = 10 Marks)**

## SECTION B

**II. ഏതെങ്കിലും ആറു ചോദ്യത്തിന്ഒരു പുറത്തിൽ ഉത്തരമെഴുതുക.**

9. സിനിമയുടെ സാഹിത്യം എന്ന നിലയിൽ തിരക്കഥയുടെസ്ഥാനമെന്ത്?
10. ചലച്ചിത്രത്തിന്റെ ഭാഷയെപ്പറ്റി വിജയകൃഷ്ണന്റെ വിലയിരുത്തലുകൾ എന്തെല്ലാം?
11. ജനപ്രിയ സിനിമയുടെ ആവിർഭാവവും ആദ്യകാല ചരിത്രവും വിവരിക്കുക?
12. നിശബ്ദ ചിത്രങ്ങളുടെ ചരിത്രത്തെക്കുറിച്ചു വിവരിക്കുക?
13. മലയാളത്തിന്റെ സ്ത്രീപക്ഷ സിനിമകളെക്കുറിച്ചു വിവരിക്കുക?
14. ന്യൂജനറേഷൻ സിനിമയുടെ എന്തെല്ലാം സവിശേഷതകൾ 'മഹേഷിന്റെ പ്രതികാരം' എന്ന ചിത്രത്തിൽ പ്രകടമാണ്- ചർച്ച ചെയ്യുക?
15. ചലച്ചിത്രവും സംഗീതവും തമ്മിൽ ഏതെല്ലാം തരത്തിലാണ് ബന്ധപ്പെട്ടിരിക്കുന്നത്?
16. മലയാളസിനിമയിൽ വർണങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുക?

17. മലയാള സിനിമാചരിത്രത്തിന്റെ ഉദയവും വികാസപരിണാമങ്ങളും അപഗ്രഥിക്കുക?
18. സിനിമാസാഹിത്യമെന്ന നിലയിൽ മലയാള ചലച്ചിത്രനിരൂപണശാഖയെക്കുറിച്ച് വിശദീകരിക്കുക

**(6x5=30 Marks)**

## SECTION C

**III.ഏതെങ്കിലും രണ്ടു ചോദ്യത്തിന്മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

19. ലോക സിനിമ മുതൽ ഇന്ത്യൻ സിനിമ വരെയുള്ള അനുവർത്തന ചരിത്ര (adaptation) ത്തെക്കുറിച്ചു വിലയിരുത്തുക
20. എല്ലാക്കാലത്തും ഭാവുകത്വപരിണാമങ്ങൾ അടയാളപ്പെടുത്തുന്ന ചലച്ചിത്രങ്ങൾ രൂപം കൊണ്ടിട്ടുണ്ട്- മലയാള സിനിമയുടെ രൂപപരിണാമങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുക
21. മലയാള സിനിമയിലെ അക്കാദമികമായ നിരൂപണമേഖലയെക്കുറിച്ച്പ്രതിപാദിക്കുക
22. മലയാളത്തിലെ ന്യൂജനറേഷൻ സിനിമകളുടെ പ്രത്യേകതകൾ വിലയിരുത്തുക

**(2×15=30Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : ……...........**

**THIRD SEMESTER MA MALAYALAM LANGUAGE AND LITERATURE EXAMINATION**
**DISCIPLINE SPECIFIC ELECTIVE- M21ML03DE - ഫോക്‌ലോർ**

**(CBCS - PG)**

**MODEL QUESTION PAPER- SET- A**

2023-24 - **Admission Onwards**

**Time: 3 Hours** **Max Marks: 70**

---

## SECTION A

**I. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപുറത്തിൽ ഉത്തരമെഴുതുക.**

1. അനുഷ്ഠാന സിദ്ധാന്തം എന്നാലെന്ത്?
2. പ്രായോഗിക ഫോക്‌ലോർ - കുറിപ്പെഴുതുക?
3. മുടിയേറ്റിലെ വേഷവിധാനങ്ങൾ എന്തെല്ലാം ?
4. ഫോക് ലോറിസം എന്നാലെന്ത്?
5. മന്നാൻ വർഗത്തിന്റെ കലാരൂപത്തെക്കുറിച്ച് എഴുതുക?
6. ഫോക്‌ലോർ പഠനത്തിന്റെ പ്രസക്തി എന്ത്?
7. ഫോക്‌ലോറും സാഹിത്യവും തമ്മിലുള്ള ബന്ധം എന്ത്?
8. മുഖാമുഖ രീതി എന്ത്?

**(5X2 = 10 Marks)**

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. നാടോടി കഥകൾ സമാഹരിച്ച് വിലയിരുത്തുക?
10. ഫോക്‌ലോർ പഠനത്തിൽ ഫീൽഡ് വർക്കിന്റെ പ്രാധാന്യം എന്തെന്ന് ചർച്ച ചെയ്യുക ?
11. മുടിയേറ്റ്,പടയണി, തെയ്യം, തിറ തുടങ്ങിയ രംഗകലകളെക്കുറിച്ച് വിലയിരുത്തുക?
12. ഫോക്‌ലോറിന്റെ ചരിത്രപശ്ചാത്തലം വിശദമാക്കുക?
13. നാടോടി നാടകങ്ങളെ കുറിച്ച് വിലയിരുത്തുക ?
14. ഫോക്‌ലോറിസവും പ്രായോഗിക ഫോക്‌ലോറും തമ്മിലുള്ള വൈജാത്യങ്ങൾ വിലയിരുത്തുക ?

15. കൂട്ടായ്മയുടെ സ്വത്യമായി മാറാൻ ഫോക്‌ലോറിന് കഴിയുന്നതെങ്ങനെയെന്ന് വിശദമാക്കുക?
16. എല്ലാ പഠന മേഖലയിലും നാട്ടറിവുകൾ ചെന്നുചേരേണ്ടതാണെന്ന അഭിപ്രായത്തിന്റെ പ്രസക്തി വിലയിരുത്തുക ?
17. വിവിധ ഫോക്‌ലോർ സിദ്ധാന്തങ്ങളെ കുറിച്ച് എഴുതുക?
18. നാടൻ ചൊല്ലുകളെ ശേഖരിച്ച് അപഗ്രഥിക്കുക?

**(6x5=30 Marks)**

## SECTION C

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക**

19. നിങ്ങളുടെ പ്രദേശത്തെ നാടൻപാട്ടുകളും നാടോടി കഥകളും വിശ്വാസങ്ങളും ശേഖരിച്ച് അപഗ്രഥിക്കുക. ?
20. യക്ഷഗാനത്തെ കുറിച്ച് ഉപന്യസിക്കുക?
21. ഫോക് ലോറും സാഹിത്യവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നത് ഏപ്രകാരമെന്ന് വിശദമാക്കുക?
22. ഫോക് ലോറിലെ മാറുന്ന പ്രവണതകളെ കുറിച്ച് അപഗ്രഥിക്കുക?

**(2×15=30Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : ……...........**

**THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION**
**DISCIPLINE SPECIFIC ELECTIVE- M21ML03DE - ഫോക്‌ലോർ**

**(CBCS - PG)**

**MODEL QUESTION PAPER- SET- B**

2023-24 - **Admission Onwards**

**Time: 3 Hours** **Max Marks: 70**

---

## SECTION A

**I. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപുറത്തിൽ ഉത്തരമെഴുതുക.**

1. കൂട്ടായ്മയുടെ സ്വന്തമായി മാറാൻ ഫോക്‌ലോറിന് കഴിയുന്നതെങ്ങനെ?
2. രംഗാവതരണ സിദ്ധാന്തം എന്നാലെന്ത്?
3. തദ്ദേശ സംസ്കാര സംരക്ഷണത്തിന് ഫോക്‌ലോർ സഹായകമാകുന്നതെങ്ങനെ?
4. മറക്കലിന്റേയും മറയ്ക്കലിന്റേയും കഥയാണ് ആധുനികതയുടെ ജ്ഞാന ചരിത്രമെന്ന് ഇ.പി. രാജഗോപാൽ പറയാനുള്ള കാരണമെന്ത്?
5. ഓണത്തെക്കുറിച്ചുള്ള അഞ്ച് നാടൻ ചൊല്ലുകൾ എഴുതുക?
6. വ്യാപന സിദ്ധാന്തംഎന്നാലെന്ത്?
7. ഫോക്‌ലോർ പഠനത്തിൽ ചോദ്യാവലിക്കുള്ള പ്രാധാന്യം എന്ത്?
8. ഗദ്ദിക എന്നാലെന്ത്?

**(5X2 = 10 Marks)**

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. ഫോക്‌ലോർ ഇതര വിഷയങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
10. യക്ഷഗാനത്തെക്കുറിച്ച് വിവരിക്കുക?
11. സ്വന്തം ദേശത്ത് നിലവിലുള്ള നാടോടി പാട്ടുകളെക്കുറിച്ച് എഴുതുക?
12. പഴഞ്ചൊല്ലുകളെക്കുറിച്ച് ഉപന്യസിക്കുക?
13. നാട്ടുചരിത്രത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക?
14. ഫോക് ആർകൈവ്സ് എന്തെന്ന് വിശദീകരിക്കുക ?
15. നാട്ടുവിജ്ഞാനം എന്തെന്ന് വിശദീകരിക്കുക

SGOU

16. തദ്ദേശസംസ്കാര സംരക്ഷണത്തിന് ഫോക്ലോർ സഹായകമാകുന്നതെങ്ങനെ?
17. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ആരാധനാ രീതികളെക്കുറിച്ച് എഴുതുക ?
18. കേരളം ജ്ഞാന കാര്യത്തിൽ തന്റേടുള്ളതാണെന്ന് മറ്റു ദേശക്കാർക്കും രാജ്യക്കാർക്കും ബോധ്യപെടുമായിരുന്നു - ഈ അഭിപ്രായം സാധൂകരിക്കുക?

**(6x5=30 Marks)**

## SECTION C

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക**

19. ഗോത്രരംഗകലകളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക ?
20. വിവിധആരാധനരീതികളെ കുറിച്ച് വിശദീകരിക്കുക?
21. കാർഷികവൃത്തിയുമായി ബന്ധപെട്ടആരാധനാരീതികളെ കുറിച്ച് വിവരണം തയ്യാറാക്കുക?
22. കടങ്കഥകൾഎന്നാലെന്ത്? നിത്യജീവിതവുമായി ബന്ധപ്പെ.ട്ട കടങ്കഥകളെ കുറിച്ച് വിശദീകരിക്കുക?

**(2×15=30Marks)**

SGOU

SREENARAYANAGURU OPEN UNIVERSITY

QP CODE: ………  Reg. No : ....................

Name : ……..............

THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION

DISCIPLINE SPECIFIC ELECTIVE- M21ML04DE -

സൈബർ സംസ്കാരവും മലയാളവും

(CBCS - PG)

MODEL QUESTION PAPER- SET- A

2023-24 - Admission Onwards

Time: 3 Hours  Max Marks: 70

---

## SECTION A

**I. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപുറത്തിൽ ഉത്തരമെഴുതുക.**

1. ഇ -സാക്ഷരതയുടെ ആവശ്യകത എന്ത്?
2. വെർച്ച്വൽ റിയാലിറ്റി എന്നാലെന്ത് ?
3. ഇൻസ്ക്രിപ്റ്റ് കീബോർഡിനെക്കുറിച്ച് കുറിപ്പെഴുതുക.
4. ഹാഷ്ടാഗിനെക്കുറിച്ച് കുറിപ്പെഴുതുക.
5. ആശയവിനിമയത്തിൽ ഇമോജികൾക്കുള്ള പങ്കെന്ത്?
6. നെറ്റിക്വെറ്റ്- കുറിപ്പെഴുതുക?
7. മീം - എന്നാലെന്ത്?
8. ഹാക്കർ സംസ്കാരം - കുറിപ്പെഴുതുക?

**(5X2 = 10 Marks)**

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ച് കുറിപ്പെഴുതുക.
10. ക്രൗഡഡ് സോളിറ്റ്യൂഡ് എന്നാലെന്ത്?
11. മൾട്ടിമീഡിയയുടെ പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുക?
12. ബെഞ്ചമിൻ ബെയ്‌ലിയും ഹെർമ്മൻ ഗുണ്ടർട്ടും മലയാളലിപിപരിഷ്കരണത്തിന് നൽകിയ സംഭാവനകൾ എന്തെല്ലാം?
13. ജാതിവ്യവസ്ഥയുടെ അർത്ഥ ശൂന്യത ക്ലാസ്സ് വാർ എന്ന കഥയിൽ പ്രകടമാകുന്നതെങ്ങനെയെന്ന് വിശദമാക്കുക?

14. വിവിധ ഫോണ്ട് എൻകോഡിങ്ങ് സമ്പ്രദായങ്ങളെ കുറിച്ച് വിവരിക്കുക?
15. വിക്കിപീഡിയ അറിവിന്റെയും വിജ്ഞാനത്തിന്റെയും വ്യാപനത്തിൽ വഹിച്ച പങ്ക് വിശദീകരിക്കുക?
16. സൈബർഫെമിനിസത്തെക്കുറിച്ച് വിവരിക്കുക.
17. സ്വയം പ്രസാധനത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാം?
18. സാഹിത്യ-സർഗാത്മക പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിൽ സൈബറിടം വഹിച്ച പങ്ക് വിശകലനം ചെയ്യുക?

**(6x5=30 Marks)**

## SECTION C

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക**

19. നവസാങ്കേതിക വിദ്യ അച്ചടിരംഗത്ത് കൊണ്ടു വന്ന പരിഷ്കാരങ്ങൾ വിവരിക്കുക?
20. സൈബർ ആവിഷ്കാരങ്ങളുടെ വ്യതിരിക്ത സവിശേഷതകളായി മനോജ് കുറൂർ ചൂണ്ടി കാട്ടുന്ന നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക?
21. അറിവിന്റെ ജനാധിപത്യവത്കരണത്തിന് സിറ്റിസൺ ജേണലിസം സഹായകമാകുന്നതെങ്ങനെയെന്ന് സോദാഹരണം വിശദീകരിക്കുക?
22. സമൂഹമാധ്യമങ്ങളുടെ സാധ്യതകളും പരിമിതികളും വിശദീകരിക്കുക.

**(2×15=30Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ...................**

**Name : ……..............**

**THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION**
**DISCIPLINE SPECIFIC ELECTIVE- M21ML04DE -**

സൈബർ സംസ്കാരവും മലയാളവും

**(CBCS - PG)**

**MODEL QUESTION PAPER- SET- B**

2023-24 - **Admission Onwards**

**Time: 3 Hours** **Max Marks: 70**

---

## SECTION A

**I. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപുറത്തിൽ ഉത്തരമെഴുതുക.**

1. ചാറ്റ് ജി. പി.റ്റിയെക്കുറിച്ച് കുറിപ്പെഴുതുക.
2. ക്ലൗഡ് കമ്പ്യൂട്ടിംഗിനെക്കുറിച്ച് കുറിപ്പെഴുതുക
3. എന്താണ്വിഷ്വൽ ഇഫക്റ്റുകൾ?
4. ടിറ്ററിനെക്കുറിച്ച് കുറിപ്പെഴുതുക.
5. എന്താണ് ജിസ്റ്റ് കീബോർഡ് ?
6. യൂണികോഡ് ഘട്ടത്തിന്റെ പ്രത്യേകതകൾ എന്ത്?
7. വിക്കിലീക്സിന്റെ പ്രവർത്തനങ്ങൾ വിവരിക്കുക?
8. മീം – എന്നാലെന്തെന്ന് വിശദമാക്കുക?

**(5X2 = 10 Marks)**

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. നിത്യജീവിതത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുക.?
10. മെഷീൻ ലേർണിംങ്, ഇമേജ് റെക്കഗ്നിഷൻ, നാച്വറൽ ലാംഗ്വേജ് പ്രൊസസിംഗ് എന്നിവ എന്താണെന്ന് വ്യക്തമാക്കുക?
11. ആസ്കിയെക്കുറിച്ച് കുറിപ്പെഴുതുക
12. ഇ – സാക്ഷരതയുടെ ആവശ്യകതയെന്തെന്ന് ചർച്ച ചെയ്യുക?
13. സമൂഹമാധ്യമങ്ങൾ സാമൂഹിക പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതെങ്ങനെയെന്ന്

SGOU

വിശദീകരിക്കുക?

14. സാമ്പ്രദായിക കഥ പറച്ചിലിന്റെ ഘടന പൊളിച്ചെഴുതുന്ന കഥയാണ് ആദിമധ്യാന്തം - ചർച്ച ചെയ്യുക.
15. ഇ-ബുക്ക് പ്രസാധനം പ്രസാധനമേഖലയിലെ ജനാധിപത്യവത്കരണത്തെ ത്വരിതപ്പെടുത്തിയതെങ്ങനെ - അപഗ്രഥിക്കുക?
16. മലയാളത്തിലെ വ്യത്യസ്ത കീബോർഡുകളെ പരിചയപ്പെടുത്തുക ?
17. മലയാളിയുടെ ബ്ലൂ ജീവിതത്തെ കുറിച്ചുള്ള സി.എസ്. വെങ്കിടേശ്വരന്റെ നിരീക്ഷണങ്ങൾ വിശദമാക്കുക?
18. വിക്കിപീഡിയ അറിവിന്റേയും വിജ്ഞാനത്തിന്റേയും വ്യാപനത്തിൽ വഹിച്ച പങ്കിനെ കുറിച്ച് വിവരിക്കുക?

**(6x5=30 Marks)**

## SECTION C

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക**

19. ഗോത്രരംഗകലകളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക ?
20. വിവിധആരാധനരീതികളെ കുറിച്ച് വിശദീകരിക്കുക?
21. കാർഷികവൃത്തിയുമായി ബന്ധപെട്ടആരാധനാരീതികളെ കുറിച്ച് വിവരണം തയ്യാറാക്കുക?
22. കടങ്കഥകൾഎന്നാലെന്ത്? നിത്യജീവിതവുമായി ബന്ധപ്പെ.ട്ട കടങ്കഥകളെ കുറിച്ച് വിശദീകരിക്കുക?

**(2×15=30Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : ……..............**

## THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION
## DISCIPLINE CORE -M21MLO9DC - ഇന്ത്യൻ സാഹിത്യസിദ്ധാന്തങ്ങൾ

**(CBCS - PG)**
**MODEL QUESTION PAPER- SET- A**

**2023-24 - Admission Onwards**

**Time: 3 Hours** **Max Marks: 70**

---

## SECTION A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

1. അഭിവ്യക്തിവാദം എന്നാൽ എന്ത്?
2 നാടകത്തിലെ പഞ്ചസന്ധികൾ ഏവ?
3 . മുക്തകങ്ങൾക്ക് മലയാള സാഹിത്യത്തിലുള്ള സ്ഥാനമെന്ത്?
4 . മാർഗം, ദേശി എന്നിവയെക്കുറിച്ച് ഒരു കുറിപ്പെഴുതുക?
5. ഉപമ- ഉൽപ്രേക്ഷ അലങ്കാരങ്ങൾ താരതമ്യം ചെയ്യുക?
6. രീതിയും ഗുണവും തമ്മിലുള്ള ബന്ധമെന്ത്?
7. നാട്യശാസ്ത്രത്തിന്റെ സവിശേഷതകൾ എന്താണ്?
8. ഗുണീഭൂതവ്യംഗ്യം എന്നാൽ എന്ത്?

**(5X2 = 10 Marks)**

## SECTION B

**II ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. ലക്ഷണയുടെ വിഭാഗങ്ങൾ ഏതൊക്കെയാണ് വിശദമാക്കുക?
10. അരബിന്ദോയുടെ കലാദർശനം ചുരുക്കി വിവരിക്കുക?
11. ഭാരതീയ സാഹിത്യ സിദ്ധാന്തത്തിന്റെ പൂർവ്വസ്വഭാവം വിലയിരുത്തുക?
12. സാമ്യോക്തി വിഭാഗത്തിൽപ്പെട്ട അലങ്കാരങ്ങളെക്കുറിച്ച് ഉപന്യസിക്കുക?
13. ഭാഷാഭൂഷണം എന്ന അലങ്കാരശാസ്ത്രഗ്രന്ഥത്തെ വിലയിരുത്തുക?
14. കാവ്യഹേതുക്കളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക?

15. മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ എന്നിവ വിവരിക്കുക?
16. വക്രോക്തിഭേദങ്ങൾ വിശദീകരിക്കുക?
17. കവി, കാവ്യം, കവിത്വം എന്നിവ പാശ്ചാത്യസാഹിത്യത്തിൽ നിർവചിച്ചിരിക്കുന്നത് എപ്രകാരമെന്ന് വിശകലനം ചെയ്യുക?
18. രസനിഷ്പത്തി വ്യാഖ്യാനങ്ങൾ വിവരിക്കുക?

**(6x5=30 Marks)**

## SECTION C

**III ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്ന് പുറത്തിൽ ഉത്തരം എഴുതുക**

19. ഐന്തിണയെ മുൻനിറുത്തി തിണസങ്കല്പത്തിന്റെ സമകാലികപ്രസക്തി വിവരിക്കുക?
20. മലയാള സാഹിത്യത്തിലെ ഫെമിനിസ്റ്റ് പ്രവണതകളെ കുറിച്ച് അപഗ്രഥിക്കുക?
21. സംസ്കൃതവൃത്തങ്ങൾ ഭാഷാവൃത്തങ്ങൾ ഇവയുടെ സവിശേഷതകൾ വിവരിക്കുക?
22. ധ്വനി എന്നാൽ എന്ത്? ധ്വനിയെക്കുറിച്ചുള്ള വിവിധ നിർവ്വചനങ്ങൾ ക്രോഡീകരിക്കുക?

**(2×15=30Marks)**

SGOU

SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ...................

Name : …….............

THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION
DISCIPLINE CORE -M21MLO9DC - ഇന്ത്യൻ സാഹിത്യസിദ്ധാന്തങ്ങൾ

(CBCS - PG)
MODEL QUESTION PAPER- SET- B

2023-24 - Admission Onwards

Time: 3 Hours Max Marks: 70

## SECTION A

I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക

1. രസവിഘ്നങ്ങൾ ഏതെല്ലാം ?
2. വ്യഞ്ജനാവ്യാപാരം എന്നാൽ എന്ത്?
3. വ്യക്തി വിവേകത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക?
4. കവിതയിൽ വൃത്തത്തിനുള്ള സ്ഥാനമെന്ത്?
5. ഖണ്ഡകാവ്യം എന്നാൽ എന്ത്?
6. തൊൽക്കാപ്പിയത്തെക്കുറിച്ച് കുറിപ്പെഴുതുക
7. രസസൂത്രമെഴുതി വ്യാഖ്യാനിക്കുക?
8. ഭട്ടലൊല്ലടന്റെ ഉത്പത്തിവാദം എന്ത് ?

(5X2 = 10 Marks)

## SECTION B

II ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക

9. ശാന്തരസത്തെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക?
10. പൗരസ്ത്യസാഹിത്യത്തിൽ ജൈനബുദ്ധമതമീമാംസാതത്വങ്ങൾ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് വിശദമാക്കുക?
11. അനുമാന സിദ്ധാന്തത്തെക്കുറിച്ച് കുട്ടികൃഷ്ണമാരാരുടെ അഭിപ്രായം വിലയിരുത്തുക?
12. കാവ്യ പ്രയോജനത്തെപ്പറ്റി സംസ്കൃതാചാര്യന്മാരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക?
13. അർത്ഥാലങ്കാരങ്ങൾ, ശബ്ദാലങ്കാരങ്ങൾ എന്നിവ എന്തെന്ന് വിവരിക്കുക?
14. സാഹിത്യ ചിന്തയിലെ ദ്രാവിഡധാരയെക്കുറിച്ച് വിശദീകരിക്കുക?

15. വാമനന്റെ രീതി സിദ്ധാന്തം നിർവചിക്കുക?
16. നാട്യശാസ്ത്രത്തെ പിൻതുടർന്നുണ്ടായധനഞ്ജയന്റെ ദശരൂപകങ്ങൾ വിവരിക്കുക?
17. പാശ്ചാത്യവും പൗരസ്ത്യവുമായ ശൈലീ പദ്ധതിയെ നിരൂപിക്കുക?
18. കിളിപ്പാട്ടു വൃത്തങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?

**(6x5=30 Marks)**

## SECTION C

**III ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്ന് പുറത്തിൽ ഉത്തരം എഴുതുക**

19 പ്രധാനപ്പെട്ട ഭാരതിയ ആലങ്കാരികന്മാരെയും കൃതികളെയും പരിചയപ്പെടുത്തുക.?
20. സാഹിത്യത്തെക്കുറിച്ച് ഗാന്ധിജിയുടെയും ടാഗോറിന്റെയും ദർശനങ്ങൾ ചുരുക്കി വിവരിക്കുക?
21. സാഹിത്യ ദർശനത്തിലെ അടിസ്ഥാന സകല്പങ്ങൾ വിലയിരുത്തുക ?
22. രസസിദ്ധാന്തത്തെക്കുറിച്ച് ഉപന്യസിക്കുക?

**(2×15=30Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : ……..............**

## THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION
## DISCIPLINE CORE -M21ML10DC- വൈദേശിക സാഹിത്യ സിദ്ധാന്തങ്ങൾ

**(CBCS - PG)**
**MODEL QUESTION PAPER- SET- A**

**2023-24 - Admission Onwards**

**Time: 3 Hours** **Max Marks: 70**

---

### SECTION A

I. **ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

1. കഥാഴ്സിസ് എന്നാലെന്ത്?
2. നെഗ്രിറ്റ്യൂഡ് എന്ന പദം കൊണ്ട് വിവക്ഷിക്കുന്നതെന്ത്?
3. ഗ്രാൻഡ് സ്റ്റൈൽ എന്ന സങ്കല്പം വിശദമാക്കുക ?
4. ഡോ.സാമുവൽ ജോൺസണിന്റെ ജീവചരിത്രങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ എന്തെല്ലാം?
5. നികഷോപല സിദ്ധാന്തം വിശദമാക്കുക?
6. അടിത്തറ - മേല്പുര സിദ്ധാന്തം എന്ത്?
7. സൂക്ഷ്മ വായന (ക്ലോസ് റീഡിംഗ് ) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
8. ഈദ്, ഈഗോ, സൂപ്പർ ഈഗോ വിശദമാക്കുക?

**(5X2 = 10 Marks)**

### SECTION B

II. **ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

9. പ്ലേറ്റോയുടെ അനുകരണ വാദത്തെക്കുറിച്ച് ചർച്ച ചെയ്യുക?
10. പ്രാചീന ചൈനീസ്, അറബി, ജാപ്പനീസ് കാവ്യ സങ്കല്പത്തെ വിശദീകരിക്കുക?
11. കാല്പനിക വിമർശനത്തിന്റെ അപചയ കാരണങ്ങളെന്തൊക്കെയെന്ന് ചർച്ച ചെയ്യുക?
12. മാർക്സിയൻ വിമർശന പദ്ധതിയെ വിവരിക്കുക?
13. നവവിമർശനം സാഹിത്യ നിരൂപണത്തിൽ വരുത്തിയ മാറ്റങ്ങൾ വിവരിക്കുക ?
14. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന കാരണങ്ങൾ അപഗ്രഥിക്കുക?

15. മാർക്സിസത്തെക്കുറിച്ചുള്ള ലൂക്കാച്ചിന്റെ നിരീക്ഷണങ്ങൾ വിശദീകരിക്കുക?
16. ഇന്റൻഷനൽ ഫാലസിയും അഫക്റ്റീവ് ഫാലസിയും വിശദീകരിക്കുക ?
17. ഗദ്യത്തിന്റെ വളർച്ചയ്ക്ക് മിഷനറിമാരുടെ സംഭാവനകൾ ക്രോഡീകരിക്കുക?
18. ലിറിക്കൽ ബാലഡ്സിന്റെ മുഖവുരയിൽ പറയുന്ന സൃഷ്ടി പ്രക്രിയയുടെ ആറു ഹേതുക്കൾ വിശദീകരിക്കുക ?

**(6x5=30 Marks)**

## SECTION C

III. **ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്ന് പുറത്തിൽ ഉത്തരമെഴുതുക.**

19. പ്ലേറ്റോയുടെയും അരിസ്റ്റോട്ടലിന്റെയും കലാ ചിന്തകളെ താരതമ്യാത്മകമായി വിലയിരുത്തുക?
20. നിയോക്ലാസിക്കൽ വിമർശനം സാഹിത്യ നിരൂപണത്തിൽ ചെലുത്തിയ സ്വാധീനം ചർച്ച ചെയ്യുക?
21. സ്വപ്നവും കലയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഫ്രോയിഡിന്റെ നിരീക്ഷണങ്ങൾ അപഗ്രഥിക്കുക?
22. ഭാഷാശാസ്ത്ര പഠനത്തിൽ ഘടനാവാദത്തിന്റെ പ്രസക്തി വിശകലനം ചെയ്യുക?

**(2×15=30Marks)**

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ....................**

**Name : ………..........**

## THIRD SEMESTER M. A. MALAYALAM LANGUAGE AND LITERATURE EXAMINATION
## DISCIPLINE CORE -M21ML10DC- വൈദേശിക സാഹിത്യ സിദ്ധാന്തങ്ങൾ

**(CBCS - PG)**
**MODEL QUESTION PAPER- SET- B**

**2023-24 - Admission Onwards**

**Time: 3 Hours** **Max Marks: 70**

---

## SECTION A

**I. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക**

1. ഹൈക്കു എന്ന കാവ്യ രൂപത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
2. പുര:ക്ഷേപണം എന്നാലെന്ത്?
3. കല ആദർശവത്കരണമാണ് എന്നു പറയുന്നതിന്റെ യുക്തികൾ എന്ത്?
4. ഗ്രാൻഡ് സ്റ്റൈൽ എന്ന സങ്കൽപം വിശദമാക്കുക?
5. കല ക്രൈസ്തവമായിരിക്കണം എന്ന് ടോൾസ്റ്റോയി പറയുന്നതിന്റെ കാരണമെന്ത്?
6. ഐ.എ റിച്ചാർഡ്സിന്റെ സിനേസ്തേസിസ് എന്ന ആശയം എന്ത്?
7. സൂക്ഷ്മ വായന (ക്ലോസ് റീഡിംഗ് ) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
8. ആർക്കിടൈപ്പ് എന്നാലെന്ത്?

**(5X2 = 10 Marks)**

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

9. അരിസ്റ്റോട്ടലിന്റെ ദുരന്തനാടകസങ്കൽപം ചർച്ച ചെയ്യുക?
10. ഷേക്സ്പിയറെക്കുറിച്ചുള്ള ഡോ.സാമുവൽ ജോൺസന്റെ നിരീക്ഷണങ്ങൾ വിവരിക്കുക?
11. കാല്പനിക വിമർശനത്തിന്റെ അപചയ കാരണങ്ങളെന്തൊക്കെയെന്ന് ചർച്ച ചെയ്യുക?
12. മാർക്സിയൻ വിമർശന പദ്ധതിയിലെ അടിത്തറ - മേല്പുര എന്ന സങ്കല്പം വിവരിക്കുക?

13. ഇമാജിനേഷൻ,ഫാൻസി ഇവയ്ക്ക് കോളറിഡ്ജ് നൽകുന്ന നിർവചനം വിശദമാക്കുക?
14. കല ആദർശവത്കരണമാണ് എന്ന് പറയുന്നതിന്റെ കാരണങ്ങൾ വിവരിക്കുക?
15 സ്ത്രീവാദചിന്തയുടെ പ്രാരംഭഘട്ടത്തെ അടയാളപ്പെടുത്തുക?
16. ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ സംഭാവനകൾ വിവരിക്കുക ?
17. ആധുനിക വിമർശന പദ്ധതിയുടെ അടിസ്ഥാനഘടകങ്ങൾ ചർച്ച ചെയ്യുക?
18. ഫാർമലിസത്തെ സംബന്ധിച്ച മിഖായേൽ ബക്തിന്റെ നിരീക്ഷണങ്ങൾ പരിശോധിക്കുക?

**(6x5=30 Marks)**

## SECTION C

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്ന് പുറത്തിൽ ഉത്തരമെഴുതുക.**

19. നെഗ്രിറ്റ്യൂഡ് പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സമകാല പ്രസക്തിയും ചർച്ച ചെയ്യുക?
20. മാതൃഭാഷയുടെ പ്രാധാന്യവും ദാന്തെയുടെ ചിന്തകളും ഉപന്യസിക്കുക?
21. ഭാഷാശാസ്ത്ര പഠനത്തിൽ ഘടനാവാദത്തിന്റെ പ്രസക്തി വിശകലനം ചെയ്യുക?
22. ക്ലാസിക്കൽ മാർക്സിയൻ വിമർശനപദ്ധതി പരിചയപ്പെടുത്തി ഗ്രാംഷിയുടെയും, ലൂക്കാച്ചിന്റെയും നിരീക്ഷണങ്ങൾ വിവരിക്കുക ?

**(2×15=30Marks)**

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres

### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

# വൈദേശിക സാഹിത്യസിദ്ധാന്തങ്ങൾ

COURSE CODE: M21ML10DC

SGOU

YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-967271-6-1

9 788196 727161